# സുഗതകുമാരിയുടെ കവിതകളിലെ
# കൃഷ്ണസങ്കല്പം

കാലിക്കറ്റ് സർവ്വകലാശാലയിൽ
ഡോക്ടർ ഓഫ് ഫിലോസഫി ബിരുദത്തിനുവേ
സമർപ്പിക്കുന്ന പ്രബന്ധം


**സ്മിതാദാസ് ടി.വി.**


[illegible]
[illegible]
[illegible]
[illegible]

# സത്യപ്രസ്താവന

ഈ പ്രബന്ധം ഇതിനുമുൻപ് ഏതെങ്കിലും പരീക്ഷയ്ക്കോ ബിരുദത്തിനോ, അസോസിയേറ്റ്ഷിപ്പിനോ, അതുപോലുള്ള മറ്റേതെങ്കിലും ടൈറ്റിലിനോ എഴുതപ്പെട്ടതല്ല എന്ന് ഇതിനാൽ സാക്ഷ്യപ്പെടുത്തുന്നു.

തണ്ണീർക്കോട്
-07-2008.

**സ്മിതാദാസ്.ടി. വി.**

**ഡോ. എൻ. എം. നമ്പൂതിരി**
ഗവേഷണഗൈഡ്
മലയാളവിഭാഗം
ശ്രീ നീലകണ്ഠ ഗവ: സംസ്കൃത കോളേജ്
പട്ടാമ്പി.

## സാക്ഷ്യപത്രം

കാലിക്കറ്റ് സർവ്വകലാശാലയിൽ പി.എച്ച്.ഡി യോഗ്യതാ പരീക്ഷയ്ക്കുവേി സമർപ്പിച്ച **''സുഗതകുമാരിയുടെ കവിതകളിലെ കൃഷ്ണസങ്കല്പം''** എന്ന ഈ പ്രബന്ധം **സ്മിതാദാസ്. ടി. വി.** എന്റെ നിർദ്ദേശമനുസരിച്ച് നിർവ്വഹിച്ച ഗവേഷണത്തിന്റെ രേഖയാണെന്ന് ഇതിനാൽ സാക്ഷ്യപ്പെടുത്തുന്നു.

പട്ടാമ്പി
**01** .07.2008

**ഡോ. എൻ. എം. നമ്പൂതിരി**

# കൃതജ്ഞത

*ഗവേഷണത്തിന്റെ പ്രാരംഭഘട്ടത്തിൽ എനിക്ക് മാർഗ്ഗനിർദ്ദേശമേകിയ ഡോ. കെ. ഉണ്ണികൃഷ്ണനെ ഞാൻ ആദരപൂർവ്വം സ്മരിക്കുന്നു.*

*ഡോ. എൻ. എം. നമ്പൂതിരിയോടുള്ള കൃതജ്ഞത വാക്കുകളിലൊതുക്കുക വയ്യ. ആദരപൂർവ്വം നമസ്കരിക്കുക മാത്രം ചെയ്യുന്നു. ഗവേഷണം നിന്നുപോകുമെന്ന ഒരു ഘട്ടത്തിൽ തുണയായി വന്ന ഡോ. എൻ. അനിൽകുമാറിനോടും (കേരളവർമ്മ കോളേജ്) കെ. രാധാകൃഷ്ണനോടും (എൻ. എസ്. എസ്. ഒറ്റപ്പാലം) ഞാൻ കടപ്പെട്ടിരിക്കുന്നു.*

*എന്നെ സഹായിക്കുകയും പ്രോത്സാഹിപ്പിക്കുകയും ചെയ്ത പട്ടാമ്പി കോളേജിലെ മുൻ അദ്ധ്യാപകരായിരുന്ന ഡോ. ബി. വി. ശശികുമാർ, എം. പി. വാസുദേവൻ, പി. ഗംഗാധരൻ എന്നിവരോടും എസ്. അഴഗിരി, മറ്റ് ലൈബ്രറി ജീവനക്കാർ, മലയാളം ഡിപ്പാർട്ട്മെന്റ് അദ്ധ്യാപകർ എന്നിവരോടും ഞാൻ കൃതജ്ഞത രേഖപ്പെടുത്തുന്നു.*

*എന്റെ പരിശ്രമത്തിന് എല്ലാവിധ അനുഗ്രഹവും സ്വാതന്ത്ര്യവും തന്ന പ്രിയ കവയിത്രി സുഗതകുമാരിയോടും ഞാനെന്റെ നന്ദി അറിയിക്കുന്നു.*

# ഉള്ളടക്കം


| | പുറം |
|---|---|
| **ആമുഖം** | 1 — 9 |
| അദ്ധ്യായം ഒന്ന്<br>**കൃഷ്ണസങ്കല്പവും ഭാരതീയ സംസ്ക്കാരവും** | 10 — 34 |
| അദ്ധ്യായം ര്<br>**ഭക്തിസങ്കല്പവും ഭാരതീയ ഭക്തിസാഹിത്യവും** | 35 — 76 |
| അദ്ധ്യായം മൂന്ന്<br>**ഭക്തിസാഹിത്യം മലയാളത്തിൽ** | 76 — 112 |
| അദ്ധ്യായം നാല്<br>**കൃഷ്ണസങ്കല്പത്തിന്റെ വിഭിന്നാവിഷ്ക്കാരം** | 113 — 153 |
| അദ്ധ്യായം അഞ്ച്<br>**സുഗതകുമാരിയുടെ കവിതകളിലെ കൃഷ്ണസങ്കല്പാവിഷ്ക്കാരം** | 154 — 270 |
| **ഉപസംഹാരം** | 271 — 273 |
| **ഗ്രന്ഥസൂചി** | 274 — 281 |

# ആമുഖം

കൃഷ്ണസങ്കല്പം ഭാരതീയ സംസ്ക്കാരവുമായി ബന്ധപ്പെട്ടിരിക്കുന്നു. ഭക്തിയുടെ തലത്തിൽ നിന്നാണ് കൃഷ്ണൻ രൂപം പ്രാപിച്ചുവരുന്നത്. പ്രകൃതിശക്തികളെ ആരാധിച്ച ആദിമമനുഷ്യന്റെ ആരാധനാസമ്പ്രദായങ്ങളിൽ കാലക്രമേണ മാറ്റങ്ങൾ വന്നു. പുതിയ ഗോത്രക്കാരെ ഉൾക്കൊപ്പോൾ സ്വന്തമായ മന്ത്രങ്ങളും ശാസ്ത്രങ്ങളുമുള്ള പുതിയ വിഭാഗങ്ങൾ രൂപപ്പെട്ടു. അതിലൊന്നാണ് വൈഷ്ണവ സമ്പ്രദായം. വൈഷ്ണവ സമ്പ്രദായത്തിലെ ആരാധനാമൂർത്തിയാണ് കൃഷ്ണൻ. നിത്യനൂതനമായ ഒരു ആദിബിംബപ്രരൂപം കൂടിയാണത്.

ആവർത്തനത്തിന്റെ വിരസതയില്ലാതെ കാലങ്ങളായി ഭാരതീയ സാഹിത്യം കൃഷ്ണനെ ആവിഷ്ക്കരിക്കുന്നു. ''ഇന്ത്യൻ മതങ്ങളിലെ ബിംബാരാധനയും പ്രകൃത്യാരാധനയും ഇന്ത്യൻ സാഹിത്യത്തിലെ ബിംബകല്പനയുമായി നേരിട്ടു ബന്ധപ്പെട്ടിരിക്കുന്നു.''[1] പ്രാഥമികമായി പാരമ്പര്യത്തിന്റെ അനുരണനമാണ് സാഹിത്യം. ഭാരതീയ പാരമ്പര്യത്തിന്റെ അനുഷ്ഠാനവിധികളിൽ ഉപയോഗിച്ചിരുന്ന ബിംബങ്ങൾ ഭക്തിപ്രസ്ഥാനത്തിന്റെ ഭാഗമായി ഇന്ത്യയിലുടനീളം പുനരുജ്ജീവിച്ചു. മലയാളത്തിൽ എഴുത്തച്ഛന്റേയും പൂന്താനത്തിന്റേയും കവിതകളിലൂടെ കൃഷ്ണൻ വ്യത്യസ്ത ഭാവങ്ങളോടെ ജനമനസ്സുകളിൽ സ്ഥാനം നേടി.

കൃഷ്ണഭക്തി കൃത്രിമമായി സങ്കലനം ചെയ്തുാക്കിയതാണെന്ന് ഡി. ഡി. കൊസാംബി അഭിപ്രായപ്പെടുന്നു. ''കൃഷ്ണനെ നാരായണനുമായി സാത്മീകരിക്കുന്നത് തുടക്കത്തിൽ വ്യത്യസ്തമായിരുന്ന ആരാധനാസമ്പ്രദായങ്ങളെ ഒന്നാക്കി ഗണിച്ചുകൊാണെന്നും അദ്ദേഹത്തിന് അഭിപ്രായമു്.''[2] യാഥാർത്ഥ്യം എന്താണെങ്കിലും ഭാരതത്തിലെ ആരാധനാമൂർത്തികളിൽ പ്രഥമസ്ഥാനം കൃഷ്ണനുതന്നെയാണ്. പല രൂപഭാവങ്ങളിൽ കൃഷ്ണൻ ആരാധിക്കപ്പെടുന്നു. വെണ്ണക്കണ്ണനായും ഇടയബാലനായും ഗോപീകാമുകനായും ചക്രധാരിയായും യുദ്ധനിപുണനായും ഒരേ ജനത ഒരേ സമയം കൃഷ്ണനെ പ്രകീർത്തിക്കുന്നു. ഭാരതീയ സംസ്ക്കാരത്തെ ഏറെ സ്വാധീനിച്ചിട്ടുള്ള ബിംബകല്പനയാണിത്. പുരുഷോത്തമനോടുള്ള അപരിമേയമായ ഭക്തി എന്നതിനേക്കാൾ മധുരഭക്തിയുടെ മാർഗ്ഗമാണ് കൃഷ്ണാരാധനയിൽ സ്വീകരിക്കുന്നത്.

---

1 നാരായണക്കുറുപ്പ്. പി. കാവ്യബിംബം ഹിന്ദിയിലും മലയാളത്തിലും (തിരുവനന്തപുരം, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, 1988), പുറം. 48.

2 കൊസാംബി. ഡി. ഡി. മിത്ത് & റിയാലിറ്റി. ഇന്ത്യൻ സംസ്ക്കാരത്തിന്റെ രൂപീകരണത്തെക്കുറിച്ചുള്ള പഠനങ്ങൾ (കോഴിക്കോട്: സൈലൻസ് ദി പ്രിന്റിംഗ് പീപ്പിൾ 1999) പുറം.57.

ഭാരതത്തിലെ വൈഷ്ണവസാഹിത്യം രാധാ–മാധവപ്രണയകഥകൾകൊു സമ്പുഷ്ടമാണ്. മഹാരാഷ്ട്രത്തിലെ വിട്ഠല ഭക്തി, ദക്ഷിണേന്ത്യയിലെ ആഴ്വാർമാരുടെ ഭക്തി എന്നിവയെല്ലാം ഈ വിഭാഗത്തിൽപ്പെടുന്നു. മലയാളത്തിൽ ഏതാ് എല്ലാ കവികളും കൃഷ്ണസങ്കല്പം ആവിഷ്ക്കരിക്കുന്നു്. പരമാത്മാവായും മകനായും, കാന്തനായും, കാമുകനായും, ദാർശനികനായും ചിലപ്പോൾ ഒരു കുടുംബാംഗമായും കൃഷ്ണനെക്കുറിച്ച് എഴുതിയിട്ടു്. മധുരഭക്തിയുടെ മാർഗവും ചിലർ സ്വീകരിക്കുന്നു. ആധുനിക മലയാളകവിതകളിൽ കൃഷ്ണസങ്കല്പം കൂടുതലായാവിഷ്ക്കരിച്ചിരിക്കുന്നത് സുഗതകുമാരിയാണ്. അവരുടെ കവിതകളിലെ കൃഷ്ണസങ്കല്പത്തെ വിവിധ തലങ്ങളിൽവെച്ച് പരിശോധിക്കുകയാണ് ഗവേഷണത്തിന്റെ ലക്ഷ്യം.

### ഗവേഷണത്തിന്റെ പ്രസക്തി

ഭാരതീയ ക്ഷേത്രകലകളിലും സാഹിത്യത്തിലും കൃഷ്ണൻ നിറഞ്ഞുനില്ക്കുന്നു. സാഹിത്യത്തിന്റെ ആദ്യപടിയായ നാടൻപാട്ടുകളും കൃഷ്ണനെ അവതരിപ്പിക്കുന്നു്. മോഹിനിയാട്ടം തുടങ്ങിയ നൃത്തരൂപങ്ങളിൽ കൃഷ്ണകഥയ്ക്ക് പ്രചാരമു്. കഥകളിയിലും കൃഷ്ണൻ കഥാപാത്രമാവുന്നു. പൂർണ്ണമായും കൃഷ്ണകഥയാണ് കൃഷ്ണനാട്ടത്തിൽ പറയുന്നത്. രാധാ–മാധവ പ്രണയമാണ് അഷ്ടപദിയിലെ പ്രതിപാദ്യം. ഭാഗവതത്തിൽ വിഷ്ണുവിന്റെ പൂർണ്ണാവതാരമായ കൃഷ്ണനെ വാഴ്ത്തുന്നു. ഗീതയിലെ സർവ്വ പ്രധാനമായ തത്ത്വം പരബ്രഹ്മമാണ്. സമസ്ത ജഗത്തിന്റെയും ചൈതന്യമാണ് പരമാത്മാവായ ശ്രീകൃഷ്ണൻ. ഭാഗവതത്തിലേയും ഗീതയിലെയും കൃഷ്ണനിൽനിന്നു വ്യത്യസ്തനാണ് മഹാഭാരതത്തിലെ കൃഷ്ണൻ. യുദ്ധം ആസൂത്രണം ചെയ്യുന്നതും നിയന്ത്രിക്കുന്നതും കൃഷ്ണനാണ്. കൃഷ്ണൻ കേന്ദ്രമാകുന്ന ഈ കൃതികൾക്ക് പൊതുവായൊരു പ്രത്യേകതയു്. ജീവാത്മാവും പരമാത്മാവും തമ്മിലുള്ള ബന്ധമാണ് ഇതിലെ പ്രതിപാദ്യം. ഈ പ്രത്യേകത കവികളെ, പ്രത്യേകിച്ച് ആധുനികകവികളെ സ്വാധീനിച്ചിട്ടു്. മലയാളകവിതയിൽ വിവിധ കവികൾ വിവിധ രൂപഭാവങ്ങളോടെ കൃഷ്ണനെ പുനരാവിഷ്ക്കരിക്കുന്നു. കൃഷ്ണസങ്കല്പം കവികളിലും അതുവഴി സമൂഹചേതനയിലും ചെലുത്തിയ സ്വാധീനം പഠനാർഹമാണ്.

ഭക്തിപ്രസ്ഥാന കാലഘട്ടത്തിൽ കൃഷ്ണനെ മോക്ഷദായകനായി ചിത്രീകരിച്ചു. അമ്പാടിമണിക്കുട്ടനായും ഗോപികാരമണനായും ചെറുശ്ശേരി കൃഷ്ണന് വിവിധ ഭാവങ്ങൾ കല്പിച്ചുകൊടുത്തു. ശ്രീകൃഷ്ണചരിതം മണിപ്രവാളത്തിൽ കുഞ്ചൻ നമ്പ്യാർ കൃഷ്ണനെ ഗാർഹസ്ഥ്യത്തിന്റെ തലത്തിൽ അവതരിപ്പിക്കുന്നു. ഇക്കാലഘട്ടത്തിൽ കൃഷ്ണ സങ്കല്പം പല രീതിയിൽ ഉപയോഗപ്പെടുത്തിയിട്ടു്.

ഭരണവിഷയങ്ങളിൽ ഭക്തി ചൂഷണം ചെയ്യപ്പെടുന്നതും കൃഷ്ണൻ അതിനുള്ള ഉപകരണമാവുന്നതും കാണാം. കൃഷ്ണസങ്കല്പത്തെക്കുറിച്ചുള്ള പഠനത്തിൽ ഈ ആശയം പ്രാധാന്യമർഹിക്കുന്നു.

മലയാള കവിതയിൽ കാല്പനിക പ്രസ്ഥാനത്തിന്റെ സ്വാധീനം പ്രകടമാകുന്ന കാലഘട്ടത്തിൽ കൃഷ്ണൻ കാല്പനിക പ്രതീകമെന്ന നിലയിൽ കവിതയ്ക്കു വിഷയമായി. വൈകാരികാനുഭവത്തിന് ബാഹ്യരൂപം കൊടുക്കാൻ പറ്റിയ ബിംബം കണ്ടെത്തുകയാണ് കാല്പനികകവിയുടെ ലക്ഷ്യം. ഇരുപതാം നൂറ്റാിൽ പ്രചാരം നേടിയ കാല്പനിക പ്രസ്ഥാനം പുതിയ ബിംബങ്ങൾ കണ്ടെത്തുന്നതിനേക്കാൾ ശ്രദ്ധിച്ചത് ബിംബങ്ങൾക്ക് പുതിയ അർത്ഥാരോപണം നടത്താനായിരുന്നു. ഇത്തരത്തിലൊരു ബിംബമായി കൃഷ്ണനെ കാല്പനികകവികൾ എങ്ങനെയെല്ലാം കല്പിക്കുന്നു എന്ന അന്വേഷണത്തിന് പ്രസക്തിയു്.

കവികൾ പലപ്പോഴും ആദിപ്രരൂപങ്ങളെ ബിംബവിന്യാസത്തിന്റെ ഭാഗമായി കൈക്കൊള്ളുന്നു. അമൂർത്തവും ഭാവനയിലധിഷ്ഠിതവുമാണ് ആദിരൂപം. ഇന്ത്യൻ പാരമ്പര്യത്തിലെ പ്രധാനപ്പെട്ട ആദിരൂപമാണ് കൃഷ്ണൻ. മാനവജീവിതത്തിന്റെ വ്യത്യസ്തങ്ങളായ അവസ്ഥാഭേദങ്ങൾ ആവിഷ്ക്കരിക്കാൻ പലപ്പോഴും കവികൾ ആദിപ്രരൂപത്തെ ഉപയോഗിക്കുന്നു. ആദിപ്രരൂപത്തിനു വരുന്ന വ്യാഖ്യാനഭേദങ്ങൾ ജനമനസ്സുകളിൽ അവയ്ക്കുള്ള സ്വാധീനം തെളിയിയ്ക്കുന്നു. വീരനായകനായും ശിശു പ്രരൂപമായും രക്ഷക പ്രരൂപമായും കൃഷ്ണനെ അവതരിപ്പിക്കുന്നു. ഇത്തരമൊരന്വേഷണവും കൃഷ്ണസങ്കല്പത്തെക്കുറിച്ചുള്ള പഠനത്തിൽ സംഗതമാണ്.

### പൂർവ്വകാല പഠനങ്ങൾ

മലയാളകവിതയിലെ കൃഷ്ണസങ്കല്പത്തെക്കുറിച്ച് വിപുലമായ പഠനങ്ങൾ നടന്നിട്ടില്ല. ആധുനിക കവികളിൽ പലരും കൃഷ്ണനെ പ്രതീകമായി ഉപയോഗിച്ചിട്ടു്. സുഗതകുമാരിയുടെ ഭൂരിപക്ഷം കവിതകളിലും ''കൃഷ്ണസംസ്ക്കാരം'' കടന്നുവരുന്നു്. ഇവ ഏതെങ്കിലും ഒരു ഭാവത്തിൽ മാത്രം രചിക്കപ്പെട്ടവയല്ല. ഭക്തിപാരമ്പര്യവും ആദിരൂപങ്ങളുടെ സ്വാധീനവും കവിതകളിൽ കാണുന്നു്. കവയിത്രി സ്വയം പലതായി സങ്കല്പിക്കുന്നു. കൂടാതെ കാല്പനിക കവിതകളുടെ സവിശേഷതകളും സുഗതകുമാരി കൃഷ്ണനിലൂടെ ആവിഷ്ക്കരിക്കുന്നു.

സുഗതകുമാരിയുടെ കവിതാസമാഹാരങ്ങളുടെ അവതാരികകളാണ് അവരുടെ കവിതകളെക്കുറിച്ചു നടന്നിട്ടുള്ള പ്രധാന പഠനങ്ങൾ. കെ. എം. തരകന്റെ

അന്വേഷണപഥങ്ങളിൽ[3] സുഗതകുമാരിയുടെ കൃഷ്ണസംസ്ക്കാരത്തെക്കുറിച്ച് ഒരു പഠനമുണ്ട്. ''വ്യാവഹാരിക ലോകത്തിന്റെ എല്ലാ മേഖലകളിലും സുഗതകുമാരി കൃഷ്ണചൈതന്യം അനുഭവിച്ചറിയുന്നു'' എന്ന് തരകൻ പറയുന്നു. ആലംബം അന്വേഷിക്കുന്ന സ്ത്രീ മനസ്സാണ് തരകൻ സുഗതകുമാരിയുടെ കൃഷ്ണകവിതക ളിൽ കണ്ടെത്തുന്നത്.

അക്ബർ കക്കട്ടിൽ എഴുതിയ 'സർഗ സമീക്ഷ'[4] യിൽ സുഗതകുമാരി യുമായുള്ള അഭിമുഖം കൂടി ഉൾപ്പെടുത്തിയ ലഘുപഠനമുണ്ട്. സുഗതകുമാരിക്കവിത യെക്കുറിച്ച് അദ്ദേഹം നടത്തുന്ന പ്രധാന നിരീക്ഷണങ്ങൾ ഇപ്രകാരമാണ്. (1) അപൂർണ്ണതയനുഭവിക്കുന്ന മനുഷ്യജീവിതത്തിന്റെ പ്രതിഫലനം സുഗതകുമാരി യിലുണ്ട്. (2) ആധുനിക മനുഷ്യന്റെ സ്വകാര്യജീവിതം കവിതകൾക്കു പശ്ചാത്തലമാ വുന്നു (3) അനശ്വര പ്രേമത്തിനു നേർക്ക് കൈനീട്ടി നിൽക്കുന്ന ഇന്ത്യൻ സ്ത്രീത്വം കവിതയ്ക്ക് വിഷയമാക്കുന്നു (4) ആർഷഭാരതദർശനങ്ങൾ ഉയർത്തിപ്പിടിക്കുന്നവ യാണ് സുഗതകുമാരിക്കവിതകൾ.

കൃഷ്ണകവിതകൾക്ക് വിഷ്ണുനാരായണൻ നമ്പൂതിരി എഴുതിയ അവതാ രികയും[5] രാധയെവിടെ എന്ന ദീർഘകവിതയ്ക്ക് ഡോ. എം. ലീലാവതി എഴുതിയ അവതാരിക[6]യുമാണ് സുഗതകുമാരിയുടെ കൃഷ്ണസങ്കല്പത്തെക്കുറിച്ചന്വേഷി ക്കുന്ന പ്രധാനപ്പെട്ട പഠനങ്ങൾ. വേദങ്ങളിൽ വിവക്ഷിക്കുന്ന സാകല്യചേതന യുടെ കാലാനുസൃതമായ മാറ്റങ്ങൾ അവതാരികയിൽ വിഷ്ണുനാരായണൻ നമ്പൂ തിരി ചൂണ്ടിക്കാട്ടുന്നു. വേദകാലം മുതൽ ആധുനിക കാലംവരേയ്ക്ക് കൃഷ്ണകഥ പ രശ്ശതം ഭാഷകളിൽ പരശ്ശതം കഥാഭേദങ്ങളോടെ പറഞ്ഞുകഴിഞ്ഞിരിക്കുന്നു. ആദി ബിംബപ്രരൂപങ്ങളുടെ ആവർത്തനം ആനന്ദാനുഭവമാണെന്ന് അദ്ദേഹം പറയുന്നു. പ്രതിസന്ധിയുടെ ഓരോ കാലഘട്ടത്തിലും ആ പ്രരൂപങ്ങളിൽനിന്ന് ഓരോന്ന് മാന വസമൂഹത്തിന്റെ രക്ഷയ്ക്കെത്തുന്നു. വിഷ്ണുനാരായണൻ നമ്പൂതിരിയുടെ അഭി പ്രായത്തിൽ സുഗതകുമാരിയുടെ കവിതകളിലെ കൃഷ്ണൻ മോചനത്തിന്റെ വാഗ്ദാനമാണ്.

രാധാ-കൃഷ്ണ പ്രണയത്തെ ആദിപ്രതീകാത്മകമായ ഭാവസത്തയുടെ തല ത്തിലാണ് ഡോ. എം. ലീലാവതി വിശകലനം ചെയ്യുന്നത്. രാധാകൃഷ്ണകഥയുടെ പ്രാഗ്രൂപമാണ് ഉമാ-മഹേശ്വരബന്ധമെന്ന് അവർ സൂചിപ്പിക്കുന്നു. തന്നത്താൻ

[3] തരകൻ. കെ. എം. അന്വേഷണപഥങ്ങൾ, കോട്ടയം: എൻ. ബി. എസ്, 1993.
[4] അക്ബർ കക്കട്ടിൽ, സർഗ സമീക്ഷ, കോട്ടയം: ഡി. സി. ബുക്സ്, 1993.
[5] സുഗതകുമാരി, കൃഷ്ണകവിതകൾ, അവതാരിക വിഷ്ണുനാരായണൻ നമ്പൂതിരി, കോട്ടയം: ഡി. സി. ബുക്സ്, 1996.
[6] രാധയെവിടെ? അവതാരിക ഡോ. എം. ലീലാവതി, കോട്ടയം: ഡി. സി. ബുക്സ്, 1995.

മറന്ന് പ്രേമപാത്രവുമായി സായൂജ്യം പ്രാപിക്കുകയെന്ന പ്രേമദർശനമാണ് രു കഥയിലും കത്തെിയിരിക്കുന്നത്. അഹം മാഞ്ഞ് പരമാത്മാവിൽ വിലയം പ്രാപിക്കുന്ന ജീവാത്മാവിനെ ഇവിടെ പ്രതീകവൽക്കരിച്ചിരിക്കുന്നു. വർത്തമാനകാലത്തോടും കവിത ബന്ധപ്പെട്ടിരിക്കുന്നു. എം. ലീലാവതിയുടെ അഭിപ്രായത്തിൽ ''സാമാന്യ ജനതയുടെ മനസ്സിലാണ് സുഗതകുമാരി രാധയ്ക്ക് സ്ഥാനം നൽകിയിരിക്കുന്നത്.''

എസ്. ഗുപ്തൻനായർ[7], എൻ. വി. കൃഷ്ണവാര്യർ[8], ബാലാമണിയമ്മ[9], ജി. ശങ്കരക്കുറുപ്പ്[10], എൻ. കൃഷ്ണപിള്ള[11], എം. ലീലാവതി[12], കെ. പി.ശങ്കരൻ[13], കെ. രാമചന്ദ്രൻനായർ[14] എന്നിവരും സുഗതകുമാരിയുടെ കവിതകളെക്കുറിച്ച് പഠനം നടത്തിയിട്ടു്. സമഗ്രമായ പഠനം എന്നതിനേക്കാൾ സൂക്ഷ്മമായ ആസ്വാദനങ്ങളാണിവ. കൃഷ്ണസങ്കല്പാവിഷ്ക്കാരത്തെക്കുറിച്ച് ഇവയിലൊന്നും കാര്യമായ പരാമർശങ്ങളില്ല.

**ഗവേഷണരീതി**

സംഘകാലം മുതൽ ആധുനിക കാലഘട്ടം വരെ കൃഷ്ണസങ്കല്പം ഏതെല്ലാം തരത്തിൽ ആവിഷ്ക്കരിച്ചുവെന്ന് അന്വേഷിക്കാൻ ശ്രമിച്ചിട്ടു്. ഇതിനായി സംഘകാലത്തെ അധിദേവതാസങ്കല്പം, വൈഷ്ണവസാഹിത്യം, മധുരഭക്തി, ഭക്തിസങ്കല്പം, എന്നിവയും ആധുനികകവിതയും വിശകലനം ചെയ്തിട്ടു്. കൃഷ്ണസങ്കല്പത്തിന്റെ സാഹിത്യപരവും സാമൂഹികവുമായ അംശങ്ങൾക്ക് പ്രാധാന്യം കൊടുത്തുകൊാണ് പഠനം നടത്തിയിരിക്കുന്നത്. കൃഷ്ണസങ്കല്പത്തിന്റെ ഗാർഹസ്ഥ്യതലവും നിരീക്ഷിക്കപ്പെട്ടിട്ടു്.

സുഗതകുമാരിയുടെ ഒരു വിഭാഗം കവിതകൾ കൃഷ്ണസങ്കല്പാധിഷ്ഠിതമാണ്. പരിസ്ഥിതി/പ്രകൃതിയും സ്ത്രീയുമാണ് കവിതകളിൽ കടന്നുവരുന്ന മറ്റു പ്രധാന വിഷയങ്ങൾ. കൃഷ്ണകവിതകളും രാധയെവിടെ എന്ന ദീർഘകാവ്യവും സൂക്ഷ്മപഠനത്തിനു വിധേയമാക്കിയിട്ടു്. മറ്റു സമാഹാരത്തിലെ കവിതകളെക്കുറിച്ചും സാമാന്യമായ പഠനം നടത്തിയിട്ടു്.

കൃഷ്ണനെ പ്രേമഭക്തിയുടെ തലത്തിൽ ആവിഷ്ക്കരിച്ചിട്ടു്. കൂടാതെ കാമുകനായും ബാലഗോപാലനായും പാപമോചകനായും കൃഷ്ണനെ അവതരിപ്പി

---

[7] അവതാരിക– പാതിരാപ്പൂക്കൾ, കോട്ടയം: എൻ. ബി. എസ്, 1967.
[8] അവതാരിക– പാവം മാനവഹൃദയം, കോട്ടയം: എസ്.പി.സി.എസ്., 1968.
[9] അവതാരിക– മുത്തുച്ചിപ്പി, കോഴിക്കോട്: മാതൃഭൂമി പബ്ലിക്കേഷൻസ്, 1961.
[10] അവതാരിക– സ്വപ്നഭൂമി, കോട്ടയം: എസ്.പി.സി.എസ്.
[11] അവതാരിക– രാത്രിമഴ, കോട്ടയം: എൻ.ബി.എസ്., 1982.
[12] അവതാരിക– പാവം അമ്പലമണി, കോട്ടയം: എസ്.പി.സി.എസ്., 1981.
[13] അവതാരിക– കുറിഞ്ഞിപ്പൂക്കൾ, കോട്ടയം: ഡി.സി. ബുക്സ്, 1995.
[14] അവതാരിക– തുലാവർഷപ്പച്ച, കോട്ടയം: ഡി.സി. ബുക്സ്, 1991.

ക്കുന്നു്. വ്യത്യസ്തഭാവങ്ങളുള്ള കവിതകളെ വിശകലനം ചെയ്ത് അവയിലൊരു ഏകത നിലനിൽക്കുന്നുവെന്ന് നിർദ്ധാരണം ചെയ്തെടുത്തിട്ടു്. മനുഷ്യജീവിതത്തിന്റെ അവസ്ഥാവിശേഷങ്ങളാണ് കൃഷ്ണനിലുള്ളതെന്നും നിരീക്ഷിക്കപ്പെട്ടിരിക്കുന്നു. ഭാവനാപ്രധാനമായ സുഗതകുമാരിക്കവിതകളുടെ അടിസ്ഥാനം ഭാരതീയ ജീവിതദർശനമാണെന്നും അവ പ്രകൃതിയോട് നിത്യമായ ആദരവും സ്നേഹവും പുലർത്തുന്നവയാണെന്നും മനസ്സിലാക്കാൻ കഴിഞ്ഞിട്ടു്.

കൃഷ്ണനോടൊപ്പം പ്രാധാന്യമർഹിക്കുന്ന കഥാപാത്രമാണ് രാധ. രാധയ്ക്ക് ഭിന്നമുഖങ്ങളു്. ജീവാത്മാവ്, അവഗണിക്കപ്പെടുന്ന സ്ത്രൈണചേതന, അമൃതമായ പ്രേമം തേടിയുഴലുന്ന സ്ത്രീത്വം, ജീവിതത്തിനൊരാലംബം തേടുന്ന ശരാശരി ഇന്ത്യൻ സ്ത്രീ, പ്രേമത്തിനുമുൻപിലല്ലാതെ എവിടെയും തലകുനിക്കാത്ത അഭിമാനിനി തുടങ്ങിയവ അതിൽ ചിലതുമാത്രം. ഈ പഠനത്തിൽ രാധയുടെ വ്യക്തിത്വവിശകലനം നടത്തിയിട്ടു്.

കവിതകളെ മനോവിജ്ഞാനീയത്തിന്റെ വെളിച്ചത്തിൽ വിശകലനം ചെയ്യുന്ന സമ്പ്രദായം നിലവിലു്. ഇത്തരം പഠനങ്ങൾ കവിതയുടെ പുതിയ ആസ്വാദനതലങ്ങളെ അനാവരണം ചെയ്യുന്നു. ഏറ്റവും പുതിയ മനഃശാസ്ത്രസങ്കല്പനങ്ങളുടെ അടിസ്ഥാനത്തിൽ വിശകലനം ചെയ്യേതാണ് രാധ/ഗോപിക എന്ന കഥാപാത്രം. ഇവിടെ സർവ്വസാധാരണമായ ചില മാനസികസവിശേഷതകളെക്കുറിച്ചുമാത്രം സൂചിപ്പിക്കുന്നു.

കൃഷ്ണകവിതകളൊഴികെയുള്ളവയെയും സാമാന്യനിരീക്ഷണം നടത്തിയിട്ടു്. ഇതിഹാസപുരാണാദികളിൽ നിന്നാർജ്ജിച്ച സംസ്ക്കാരവും മിത്തുകളും പ്രാഗ്സ്മരണകളും ആധുനിക രീതിയിൽ പുനരാവിഷ്ക്കരിക്കാൻ അവർക്കു കഴിഞ്ഞിട്ടു്.

കൃഷ്ണനെ കാല്പനിക പ്രതീകമെന്ന നിലയിലും ആദിപ്രരൂപമെന്നനിലയിലും വ്യാഖ്യാനിക്കാൻ ശ്രമിച്ചിട്ടു്. കൃഷ്ണസങ്കല്പത്തിന്റെ പശ്ചാത്തലത്തെക്കുറിച്ചറിയാൻ ഭാഗവതം, ഭാരതം, ഭഗവദ്ഗീത എന്നിവയും മധുരഭക്തിയുടെ തലത്തെക്കുറിച്ചറിയാൻ വൈഷ്ണവസാഹിത്യകൃതികളും ഉപയോഗപ്പെടുത്തിയിരിക്കുന്നു.

**പ്രബന്ധസ്വരൂപം**

സുഗതകുമാരിയുടെ കവിതകളിലെ കൃഷ്ണസങ്കല്പത്തെക്കുറിച്ചു നടത്തിയ പഠനം അഞ്ച് ഭാഗങ്ങളാക്കി വിഭജിച്ചിരിക്കുന്നു. ഭാരതീയ പാരമ്പര്യത്തിലും സംസ്ക്കാരത്തിലും കൃഷ്ണസങ്കല്പം ചെലുത്തിയ സ്വാധീനം സുഗതകുമാ

രിക്കവിതയിലു്. ഈ പാരമ്പര്യത്തെക്കുറിച്ചുള്ള അന്വേഷണമാണ് ഒന്നാം ഭാഗം. ഒരേ സത്തയുടെ ഭിന്നാവിഷ്ക്കാരങ്ങളായ രാമനും കൃഷ്ണനും ജനമനസ്സുകളിൽ ചെലുത്തിയ സ്വാധീനവും അതിൽ കൃഷ്ണസങ്കല്പത്തിനുായ പ്രാധാന്യവും മനസ്സിലാക്കാനാണ് ഒന്നാം അദ്ധ്യായത്തിൽ ശ്രമിച്ചിട്ടുള്ളത്.

ഭക്തിസങ്കല്പവും മധുരഭക്തിയുമാണ് രാം അദ്ധ്യായത്തിന്റെ വിഷയം. മധുരഭക്തിക്കു വിഷയമാവുന്നത് പ്രധാനമായും കൃഷ്ണസങ്കല്പമാണ്. വൈഷ്ണവ സാഹിത്യത്തിലെ കൃതികളേറെയും ഈ വിഭാഗത്തിലുൾപ്പെടുന്നു.

മലയാളസാഹിത്യത്തിലെ രാമ–കൃഷ്ണ ആഖ്യാനങ്ങളാണ് മൂന്നാം അദ്ധ്യായത്തിൽ പരാമർശിക്കുന്നത്. ഭക്തിപ്രസ്ഥാനത്തിന്റെ പ്രചരണം എന്ന നിലയ്ക്കല്ല ഇതിഹാസപുരാണങ്ങളുടെ പുനരാഖ്യാനം, അവയുടെ പ്രചാരം എന്ന തലത്തിലാണ് മലയാളത്തിലെ ഭക്തി സാഹിത്യകൃതികൾ രൂപപ്പെട്ടിരിക്കുന്നത്.

ഭക്തിസാഹിത്യത്തിന്റെ പ്രാധാന്യം കുറഞ്ഞതിനുശേഷം വരുന്ന കവികൾ കൃഷ്ണനെ ആദിപ്രരൂപമെന്ന നിലയിൽ ആവിഷ്ക്കരിച്ചു. മലയാളത്തിലെ ഏതാെല്ലാ ആധുനികകവികളും കൃഷ്ണസങ്കല്പം ഉപയോഗിച്ചിട്ടു്. കൃഷ്ണനെന്ന ആദിപ്രരൂപത്തെക്കുറിച്ചുള്ള അന്വേഷണമാണ് നാലാം അദ്ധ്യായത്തിന്റെ ഉള്ളടക്കം.

സുഗതകുമാരിയുടെ കൃഷ്ണബിംബാവിഷ്ക്കാരത്തിന്റെ വിവിധതലങ്ങൾ. രചനാസവിശേഷതകൾ, ബിംബകല്പന, ഗീതഗോവിന്ദത്തിന്റെ സ്വാധീനം, രാധയുടെ വ്യക്തിത്വവിശകലനം, സുഗതകുമാരിക്കവിതയുടെ പശ്ചാത്തലം, കൃഷ്ണനെന്ന കാല്പനികപ്രതീകം തുടങ്ങിയവ അഞ്ചാം അദ്ധ്യായത്തിൽ വിശദീകരിക്കുന്നു. ശേഷം ഉപസംഹാരവും നിരീക്ഷണങ്ങളും അവതരിപ്പിക്കുന്നു.

# അദ്ധ്യായം 1

# കൃഷ്ണസങ്കല്പവും ഭാരതീയ സംസ്ക്കാരവും

1.1. രാമ–കൃഷ്ണ സങ്കല്പവും ഭാരതീയ ജനതയും

1.2. കൃഷ്ണസങ്കല്പം

1.3. ഗർഗ്ഗഭാഗവതം– കൃഷ്ണസങ്കല്പത്തിന്റെ നൂതനാവിഷ്ക്കാരം

1.4. കൃഷ്ണസങ്കല്പത്തിലെ ജീവിത ദർശനവും ഭഗവദ്ഗീതയും

1.5. നൃത്തഗീതാദി കലകളിലെ കൃഷ്ണസങ്കല്പസ്വാധീനം

അദ്ധ്യായം 1

# കൃഷ്ണസങ്കല്പവും ഭാരതീയ സംസ്ക്കാരവും

ഭാരതീയ പൈതൃകത്തിന്റെ അവിഭാജ്യഘടകമാണ് കൃഷ്ണൻ. പൗരാണിക മഹത്വത്തിന്റെയും നവീന കാല്പനികസൗന്ദര്യത്തിന്റെയും സമന്വിതരൂപമായി കൃഷ്ണസങ്കല്പം ഭാരതീയ മനസ്സുകളിൽ നിലനില്ക്കുന്നു.

സംസ്കാരം, സാഹിത്യം, ജീവിതസമ്പ്രദായം, ഭാഷ, ആചാരം എന്നിങ്ങനെ സമസ്ത മേഖലകളിലും ഭാരതത്തിന്റെ നാനാത്വം പ്രകടമാണ്. ഇതോടൊപ്പം തന്നെ ആന്തരമായ ഏകതയും കത്തൊം. ഏകതയുടെ അടിസ്ഥാനം അന്വേഷിച്ചു പോകുമ്പോൾ എത്തിച്ചേരുന്നത് ഇന്ത്യയിലെ ഇതിഹാസപുരാണാദികളിലും നാട്യശാസ്ത്രത്തെ അവലംബമാക്കിയുള്ള ദൃശ്യകലാപാരമ്പര്യത്തിലും രൂപഭാവങ്ങളിൽ ഏകതയുള്ള സംഗീതകലാപാരമ്പര്യത്തിലുമാണ്. ഇവയെല്ലാം കൂടിച്ചേർന്നതാണ് ഒരു ജനതയുടെ സാംസ്ക്കാരിക പാരമ്പര്യം. ഇതിൽ ഇതിഹാസപുരാണാദികൾക്കുള്ള പങ്ക് വളരെ കൂടുതലാണ്.

ഒരു ജനതയുടെ അബോധമണ്ഡലത്തിൽ ചില ആദിപ്രരൂപങ്ങൾ നിസ്സാരമല്ലാത്ത പ്രഭാവം പുലർത്തുന്നതായി കാണാം. ഭാരതീയരെ സംബന്ധിച്ച് രാമനും കൃഷ്ണനുമാണ് ഇപ്രകാരമുള്ള ആദിപ്രരൂപം. ഭാരതസംസ്ക്കാരത്തിന്റെ ഏകതയായി വർത്തിക്കുന്ന ആദിപ്രരൂപങ്ങൾക്ക് സമൂഹചേതനയിൽ സ്ഥിരപ്രതിഷ്ഠ നൽകാൻ രാമായണഭാരതേതിഹാസങ്ങളും ഭാഗവതാദിപുരാണങ്ങളും വലിയ പങ്കു വഹിച്ചു. ഇന്ത്യയിലെ ഏതു പ്രാദേശികസംസ്ക്കാരത്തിലും ഈ സ്വാധീനം പ്രകടമാണ്. ഇന്ത്യയിലെ നാനാദേശങ്ങളിലുള്ള ശില്പങ്ങൾ, ചിത്രങ്ങൾ, നൃത്തം, സംഗീതം, സാഹിത്യം ഇവയിലെല്ലാം രാമ–കൃഷ്ണസ്വാധീനം തെളിഞ്ഞുകാണാം. തികച്ചും പ്രാദേശികമായ നൃത്തം, നാടൻപാട്ടുകൾ എന്നിവയിലും രാമനും കൃഷ്ണനും കടന്നുവരുന്നു്. ഇന്ത്യയിലെ നിരക്ഷരർക്കുപോലും ഇവരുടെ കഥകൾ പരിചിതമാണ്.

## 1.1. രാമ–കൃഷ്ണസങ്കല്പവും ഭാരതീയ ജനതയും

ഒരേ സത്തയുടെ (വിഷ്ണുവിന്റെ) രു രൂപങ്ങളാണിവർ എന്ന വിശ്വാസം ഭാഗവതപുരാണത്തിന്റെയും അതിനെ ഉപജീവിച്ചെഴുതിയ മറ്റു കാവ്യങ്ങളുടെയും പ്രചാരത്തിലൂടെ ഭാരതമനസ്സിൽ രൂഢമൂലമായി. ഇരുവരുടെയും ജീവിതകാലവും സാഹചര്യങ്ങളും ആദർശങ്ങളും വിഭിന്നമായിരുന്നു. ഒരേ സത്തയുടെ അവതാരങ്ങളാണെങ്കിലും അവർ ജനമനസ്സുകളെ സ്വാധീനിച്ചത് വ്യത്യസ്തരീതിയിലാണ്. ഈ ര് അവതാരരൂപങ്ങളെ താരതമ്യം ചെയ്യുക എളുപ്പമല്ലെങ്കിലും പിൽക്കാലത്ത് കൃഷ്ണസങ്കല്പത്തിനുായ പ്രാധാന്യത്തെക്കുറിച്ചു മനസ്സിലാക്കാൻ ചില കാര്യങ്ങളിലുള്ള താരതമ്യം ആവശ്യമാണ്. ഇത്തരം താരതമ്യങ്ങൾ പണ്ഡിതന്മാരുടെ വ്യത്യസ്തനിരീക്ഷണങ്ങളാണെന്ന് ഓർമ്മിക്കാം.

ആദർശശുദ്ധിയിലും സത്യസന്ധതയിലും പിതൃഭക്തിയിലും അവസാനവാക്കാണ് ശ്രീരാമൻ.[1] ത്യാഗത്തിന്റെ പരമോന്നത മാതൃകയുമാണ്. ധർമ്മനിഷ്ഠയ്ക്കും പുരോഹിതൻമാരുടെ ഉപദേശത്തിനും സ്ഥാനം കൊടുത്തു. സത്യധർമ്മാദികൾക്കുവേി ജീവിതക്ലേശങ്ങളെ സന്തോഷത്തോടെ സ്വീകരിച്ചു. സർവ്വസൗഭാഗ്യങ്ങളും സർവ്വസമ്പത്തും സർവ്വൈശ്വര്യവും ഇതിനുവേി ത്യജിക്കാനും അദ്ദേഹം മടിച്ചില്ല. ശാന്തശീലനെങ്കിലും വീരപുരുഷൻ തന്നെയാണു രാമൻ. കോടിക്കണക്കിനു ശത്രുസൈന്യത്തെ ഒരൊറ്റ ശരം കൊവസാനിപ്പിക്കാൻ അദ്ദേഹത്തിനു കഴിഞ്ഞു. സത്യം പാലിക്കുന്നതിനായി കിരീടവും പ്രജാഹിതം മാനിക്കാൻ ധർമ്മപത്നിയേയും ഉപേക്ഷിച്ചു. രാമന്റെ ത്യാഗം, സ്നേഹം, വീരം ഇവയെല്ലാം സാധാരണക്കാരുടെ മനസ്സിൽ അദ്ദേഹത്തോട് ആദരവും ഭക്തിയും വളർത്തുന്നു. ഒരു അകലം വിട്ടുനിന്ന് രാമനെ ആരാധിക്കുന്ന, ആദരവോടെ നമിക്കുന്ന മനസ്സാണ് ഒരു ശരാശരി ഭാരതീയന്റേത്.

രാമനെപ്പോലെ സമ്പൂർണ്ണനായ ആദർശശാലിയല്ല കൃഷ്ണൻ. പ്രവർത്തനശൈലിയിലും സാരമായ വ്യത്യാസമു്. ഇഷ്ടജനങ്ങളുടെ ശ്രേയസ്സിനുവേി കൃഷ്ണൻ ലീലാരൂപേണ പല അദ്ഭുതങ്ങളും കാണിക്കുന്നു. ചില സന്ദർഭങ്ങളിൽ കപടമാർഗ്ഗങ്ങൾ സ്വീകരിക്കാനും കൃഷ്ണൻ മടിക്കുന്നില്ല. ആയുധമെടുക്കില്ലെന്ന് ശപഥം ചെയ്ത കൃഷ്ണൻ ചക്രായുധമെടുക്കുന്നതും ദ്രോണാചാര്യരെ നിർവീര്യനാക്കാൻ ധർമപുത്രരേക്കൊ് 'അശ്വത്ഥാമാഹത: കുഞ്ജരഃ' എന്നു പറയിക്കുന്നതും ജയദ്രഥവധത്തിന് അർജ്ജുനനെ സഹായിക്കാൻ ചക്രായുധത്താൽ സൂര്യനെ മറച്ചതും, കർണ്ണനെ കൊല്ലാൻ കൂട്ടുനിൽക്കുന്നതും ചില ഉദാഹരണങ്ങൾ മാത്രം. മലയാളകവിതയിൽ രാമപുരത്തുവാര്യരെപ്പോലുള്ള കവികൾ

---

[1] അദ്ധ്യാത്മരാമായണം കിളിപ്പാട്ട്.

ഉത്തരം സന്ദർങ്ങളിൽ കൃഷ്ണനെ ന്യായീകരിക്കുന്നു.[2] ശ്രീകൃഷ്ണന്റെ അവതാര മഹത്ത്വം മനസ്സിലാക്കിക്കൊുതന്നെയാവാം അദ്ദേഹം ഇപ്രകാരം പറയുന്നത്.

''കൃതികൾക്ക് നെടുംതപസ്സിനാം
ക്ഷിതിവാസം സ്വസുഖത്തിനല്ലതാൻ''.[3]

എന്ന രാമന്റെ വിശ്വാസപ്രമാണവും കപടലോകത്ത് കാപട്യം കൊേ നേട്ടങ്ങളുാകൂ എന്ന കൃഷ്ണന്റെ വിശ്വാസപ്രമാണവും താരതമ്യം ചെയ്യുമ്പോൾ കൃഷ്ണൻ കാലഘട്ടത്തിന്റെ സ്വഭാവം ഉൾക്കൊള്ളുന്നു എന്നു കാണാം.[4] മര്യാദാപൂരുഷോത്തമനായ രാമൻ ഇതിഹാസപുരുഷനായി, ഈശ്വരനായി ഭാരതീയചേതനയിൽ സ്ഥാനം നേടിയപ്പോൾ കൃഷ്ണൻ അവർക്ക് സഖാവായി. കൈകോർത്തുപിടിച്ച് ഏതു രഹസ്യവും പറയാവുന്ന കൂട്ടുകാരനായി. അർജ്ജുനന്റെ സുഹൃദ്ഭാവവും രാധയുടെ പ്രണയാതുരതയും യശോദയുടെ മാതൃവാത്സല്യവും അക്രൂരന്റെ ഭക്തിയും അവർ കൃഷ്ണനോടു പ്രകടിപ്പിച്ചു. ഭാരതം ക ഉദാത്ത പ്രണയം രാധാ കൃഷ്ണന്മാരുടേതാണ്. നരനാരായണന്മാരുടെ ഏകത്വം ഭാരതത്തിന്റെ മഹത്ത്വമായി. ദ്രൗപദിക്ക് കൃഷ്ണനോടുള്ള ഭാവമാണ് സ്ത്രീപുരുഷസൗഹൃദത്തിന്റെ ഏറ്റവും തിളക്കമുള്ള ഭാവം. അയൽവീട്ടിൽനിന്ന് പാലും വെണ്ണയും മോഷ്ടിക്കുന്ന, ഉരലിൽ കെട്ടിയിടപ്പെട്ട, സ്വമാതുലഹന്താവായ, സുഹൃത്തിന്റെ തേരു തെളിക്കാൻ തയ്യാറാവുന്ന ഈശ്വരൻ ഭാരതത്തിന്റേതുമാത്രമാണ്. ഇവിടെ ഈശ്വരൻ ഏതു മാർഗ്ഗത്തിലൂടെയും പ്രാപ്തനാവുന്നു.

## 1.2 കൃഷ്ണസങ്കല്പം

ഭക്തിയുടെ തലത്തിൽനിന്നാണ് കൃഷ്ണൻ രൂപം പ്രാപിച്ചുവരുന്നത്. വേദങ്ങളിലെയും ഉപനിഷത്തുക്കളിലെയും പുരാണങ്ങളിലെയും ഉയർന്ന തത്ത്വങ്ങൾക്ക് കഥാരസം പകർന്ന് വ്യാസൻ വളർത്തിയെടുത്തതാണ് കൃഷ്ണസങ്കല്പം. വേദങ്ങളിലെ പ്രതിപാദ്യത്തോളം പഴക്കം കൃഷ്ണസങ്കല്പത്തിനുായിരിയ്ക്കണം. ''ആംഗിരസ: കൃഷ്ണ: ഋഷി: അശ്വിനൗദേവതാ''[5] എന്നിങ്ങനെ ഒരു മന്ത്രകർത്താ

---

[2] വീരോദാരത്വവും നല്ല നേരും നടിച്ചെന്നേരവും
ശ്രീരാമന്റെ കൂട്ടിരുന്നാലൊരുകാര്യവും
തീരുന്ന കാലമല്ലിപ്പോഴെന്നായിട്ടിരിക്കും കൃഷ്ണൻ
തീരറ്റ കാപട്യം കൊു കളിച്ചതെല്ലാം.
രാമപുരത്തുവാര്യർ- കുചേലവൃത്തം വഞ്ചിപ്പാട്ട് (കോട്ടയം, എസ്.പി.സി.എസ്., 1985)

[3] കുമാരനാശാൻ - ചിന്താവിഷ്ടയായ സീത.

[4] കുചേലവൃത്തം വഞ്ചിപ്പാട്ട്

[5] ഋഗ്വേദം, 8.14.13.

വായി കൃഷ്ണന്റെ പേർ ഋഗ്വേദത്തിൽ പരാമർശിക്കുന്നു്. ഋഗ്വേദത്തിൽത്തന്നെ മറ്റൊരിടത്ത് അംശുമതി എന്ന നദിയുടെ തീരത്ത് വലിയൊരു സേനയോടുകൂടി ഇന്ദ്രനെ നേരിടാൻ ഒരുങ്ങിനിൽക്കുന്ന കൃഷ്ണനെപ്പറ്റി പറയുന്നു്.[6] ദേവകിപുത്രനും ആംഗിരസകുലത്തിൽ പിറന്നവനുമായ കൃഷ്ണനെപ്പറ്റി ഛാന്ദോഗ്യോപനിഷത്തിൽ പറയുന്നു.[7] ഈ സങ്കല്പങ്ങളുടെയെല്ലാം സമന്വയം വ്യാസന്റെ ശ്രീകൃഷ്ണചിത്രണത്തിലു്.

ശ്രീകൃഷ്ണന്റെ സമഗ്രവും സുന്ദരവുമായ ചിത്രം ആദ്യമായി കാണുന്നത് ഭാഗവതത്തിലാണ്. ഭാരതത്തിന്റെ സംസ്കാരത്തിലേക്ക് കൃഷ്ണൻ കടന്നുവരുന്നത് ഭാഗവതത്തിലൂടെയാണ്. കൃഷ്ണന്റെ ലീലാവിനോദങ്ങൾക്ക് ആദ്ധ്യാത്മികതയുടെ മാനം നൽകുന്ന കല്പനകൾ ഭാഗവതപുരാണത്തിലു്. കംസാന്തകനും ഭക്തവത്സലനും ഒരു ജനപദത്തിന്റെ സ്രഷ്ടാവും വ്യവസ്ഥാപകനും അതിന്റെ തകർച്ചയുടെ സാക്ഷിയും യോഗേശ്വരനുമായ കൃഷ്ണനെ ഭാഗവത്തിതൽ കാണാം. കൃഷ്ണന്റെ മാനുഷാകാരത്തേയും ദൈവാകാരത്തേയും അടുത്തടുത്ത് ആവിഷ്കരിക്കുകയും ദൈവാകാരത്തെ മഹത്വവൽക്കരിക്കുകയുമാണ് ഭാഗവതകർത്താവ് ചെയ്യുന്നത്. മഹാഭാരതം, ഹരിവംശം, വിഷ്ണുപുരാണം, പത്മപുരാണം, കൂർമ്മപുരാണം, ബ്രഹ്മപുരാണം തുടങ്ങിയവയെല്ലാം കൃഷ്ണകഥ ഉൾക്കൊള്ളുന്നു. എങ്കിലും പിൽക്കാലത്തുായ കൃഷ്ണകഥകൾക്കെല്ലാം ആധാരമാവുന്നത് അവതാരമാഹാത്മ്യം വിവരിക്കുന്ന, അവതാരം മുതൽ സ്വർഗ്ഗാരോഹണം വരെയുള്ള കൃഷ്ണകഥ വിവരിക്കുന്ന ഭാഗവതം തന്നെയാണ്.

## കൃഷ്ണസങ്കല്പത്തിന്റെ പൂർണ്ണത

പൂർണ്ണാവതാരമാണ് കൃഷ്ണൻ. വാസുദേവൻ, സങ്കർഷണൻ, പ്രദ്യുമ്നൻ, അനിരുദ്ധൻ എന്ന നിലയിൽ നാലു വ്യൂഹങ്ങളും നവരസങ്ങളും അദ്ഭുതവീര്യങ്ങളും ആരിൽ കാണുന്നുവോ അവരെ പൂർണ്ണാവതാരങ്ങളെന്നു പറയുന്നു.[8] വിഷ്ണുവിന്റെ പൂർണ്ണാവതാരമായതുകൊുമാത്രമല്ല കൃഷ്ണൻ പൂർണ്ണാവതാരമായത്. അറിവിന്റെയും സൗന്ദര്യത്തിന്റേയും ബുദ്ധികൂർമ്മതയുടെയും രാജ്യതന്ത്രജ്ഞതയുടേയും കാരുണ്യത്തിന്റേയും സ്നേഹത്തിന്റെയും പൂർണ്ണത കൃഷ്ണസങ്ക

6 ഋഗ്വേദം, 8.85.13.

7 ഛാന്ദോഗ്യോപനിഷത്ത് 3.6. വ്യാഖ്യാനം മൃഢാനന്ദ (പുറനാട്ടുകര ശ്രീരാമകൃഷ്ണമഠം, 1982)

8 നാരായണ പിഷാരടി കെ.പി., അവതാരിക. ഗർഗ്ഗസംഹിത– മലയാള പരിഭാഷ, നിത്യഭാരതി ബുക്സ് ചെങ്ങന്നൂർ, 2002.
ഗർഗ്ഗസംഹിത 'പരിപൂർണ്ണതമൻ' എന്ന സങ്കല്പം അവതരിപ്പിക്കുന്നു്. ഗോലോകനായകനായ രാധാപതി ശ്രീകൃഷ്ണനാണ് പരിപൂർണ്ണതമൻ. ഇത് ഗർഗ്ഗസംഹിതയിൽ മാത്രമുള്ളതാണ്.

ല്പത്തിലാണ്. പൗരാണിക മഹത്ത്വത്തിന്റേയും നവീന കാല്പനിക സൗന്ദര്യത്തിന്റെയും സമന്വയം പൂർണ്ണത നേടുന്നതും കൃഷ്ണനിലാണ്.

മനുഷ്യനും പ്രകൃതിയും തമ്മിലുള്ള ഐക്യത്തിന്റെ ചിത്രം കൃഷ്ണനിലു്. വനമാലയും പീലിയും ഓടക്കുഴലും ചേർന്ന രൂപം പ്രകൃതിയോടു ചേർന്നു നില്ക്കുന്നു. പക്ഷിമൃഗാദികളും വൃക്ഷലതാദികളും കൃഷ്ണന്റെ ഓടക്കുഴൽ നാദത്തിൽ ലയിച്ചുനിൽക്കുന്നു. കൃഷ്ണൻ വനാന്തരങ്ങളിൽ കാലി മേച്ചുനടക്കുന്നു. കൃഷ്ണൻ മധുരവിട്ടുപോകുമ്പോൾ ഗോക്കളും പ്രകൃതിയും വിമൂകമാവുന്നു.

ബാലഭാവത്തിന്റെ പൂർണ്ണതയും കൃഷ്ണസങ്കല്പത്തിൽത്തന്നെ.[9] ബാലമനസ്സുകളെ ആകർഷിക്കാനുള്ള ശക്തി കൃഷ്ണകഥയ്ക്കു്. നിഷ്കളങ്കനായ ഒരു ഗ്രാമീണബാലന്റെ ചിത്രവും കണ്ണനിലു്. കാട്ടിൽ കാലി മേയ്ക്കാൻ പോവുന്നത്, ഗുരുപത്നിക്കായി വിറകു ശേഖരിക്കുന്നത്, വനഭോജനം നടത്തുന്നത് തുടങ്ങിയവ ഉദാഹരണം.

## കൃഷ്ണസങ്കല്പത്തിന്റെ വർത്തമാനകാല പ്രസക്തി

മാനുഷിക മൂല്യങ്ങളുടെ ശോഷണം സംഭവിക്കുമ്പോഴെല്ലാം കൃഷ്ണാവതാരം തന്റെ ഈശ്വരീയശക്തിയുപയോഗിക്കുന്നുന്നെു കാണാം. ശിശുവിനെ കൊല്ലുക എന്ന നീചകർമ്മം ചെയ്യാനുദ്യുക്തരായവരെല്ലാം നിഗ്രഹിക്കപ്പെടുന്നു. മുലയൂട്ടുക എന്ന മഹത്കർമ്മം ചെയ്തിനാൽ അതിനെ മാനിച്ച് പൂതനയ്ക്കു മോക്ഷപ്രാപ്തിയും നൽകുന്നു. ജീവജാലങ്ങളുടെ കുടിവെള്ളത്തിൽ വിഷം കലർത്തുന്ന കാളിയനെ കൃഷ്ണൻ വെറുതെ വിടുന്നില്ല. സ്വസഹോദരിയെ തുറുങ്കിലടയ്ക്കുകയും അവളുടെ സന്താനങ്ങളെ നിർദ്ദയം വധിക്കുകയും ചെയ്ത പുരുഷന് മരണത്തിലും കുറഞ്ഞ ശിക്ഷയില്ല. മനുഷ്യരിലെന്നപോലെ ദേവന്മാരിൽ ഒരിക്കലും ഗർവ്വം, അസൂയ, മാത്സര്യം എന്നിവയുായിക്കൂടാ. അങ്ങിനെയുായതിന്റെ ഫലമാണ് അതിവൃഷ്ടി ചെയ്യിച്ച ഇന്ദ്രനും ഗോക്കളേയും ഗോപന്മാരെയും ഒളിപ്പിച്ച ബ്രഹ്മാവും അനുഭവിക്കേിവന്നത്. ഒരു സ്ത്രീക്ക് സംഭവിക്കാവുന്ന ഏറ്റവും വലിയ അപമാനത്തിന് വിധേയയായ പാഞ്ചാലിക്ക് ആലംബമാവുന്നത് കൃഷ്ണനാണ്. സഭാമദ്ധ്യത്തിൽ വെച്ച് വസ്ത്രാക്ഷേപം ചെയ്യപ്പെട്ട പാഞ്ചാലിയുടെ ചേലകൾ ഒടുങ്ങിയതേയില്ല. പ്രത്യക്ഷപ്പെടാതെ മായാശക്തികൊ് കൃഷ്ണനവളെ രക്ഷിച്ചു. വർത്തമാനകാല സമൂഹത്തിൽ കൃഷ്ണസങ്കല്പത്തിന്റെ പ്രസക്തി വർദ്ധിക്കുന്നു എന്നർത്ഥം.

---

[9] കൃഷ്ണഗാഥ

കാലാതീതനായ കൃഷ്ണനെക്കുറിച്ച് ഒരു ആധുനിക എഴുത്തുകാരൻ ഇപ്രകാരം പറയുന്നു. ''കൃഷ്ണനെ കാലത്തിനു തളച്ചിടാനാവില്ല. മനുഷ്യഭാവനകൾക്ക് അതീതനാണ് ഈ അനശ്വര പ്രതിഭാസം. വ്യത്യസ്തതലങ്ങളുള്ള വ്യക്തിത്വത്തിന്റെ ദാർശനികവും സാർവ്വലൗകികവുമായ വിതാനത്തിൽ വിലയിരുത്തിയാലേ കൃഷ്ണനെ ഉൾക്കൊള്ളാനാകൂ. കൃഷ്ണന്റെ ഓടക്കുഴൽ നാദം പ്രപഞ്ചത്തിന്റെ അനശ്വരസംഗീതമാണ്. എല്ലാ വിരുദ്ധഭാവങ്ങളും കൃഷ്ണനിൽ സമ്മേളിക്കുന്നു. മയിൽപ്പീലിയിലെ വിചിത്രവർണ്ണങ്ങളെന്നപോലെ കൃഷ്ണനിൽ സമസ്ത ജീവിതഭാവങ്ങളും പ്രതിഫലിക്കുന്നു. തലമുറകളിൽ നിന്ന് തലമുറകളിലേക്ക് ഒഴുകിയെത്തിയ അമൃതധാരയാണ് കൃഷ്ണൻ. കൃഷ്ണയുഗം അവസാനിക്കുന്നില്ല.''[10]

## 1.3 ഗർഗ്ഗഭാഗവതം- കൃഷ്ണസങ്കല്പത്തിന്റെ നൂതനാവിഷ്ക്കാരം

ഭാരതീയരുടെ പ്രണയസങ്കല്പത്തിന്റെ പൂർണ്ണതയാണ് രാധാകൃഷ്ണസങ്കല്പം. കൃഷ്ണകഥ സമഗ്രമായവതരിപ്പിക്കുന്നത് ഭാഗവതമാണെങ്കിലും അതിനു മുൻപും കൃഷ്ണകഥ വർണ്ണിക്കപ്പെട്ടിട്ട്.[11] കൃഷ്ണന്റെ ബാല്യകാലകർമ്മങ്ങൾക്ക് പൗരോഹിത്യം വഹിക്കുകയും രാമകൃഷ്ണന്മാരുടെ ജാതകം ഗണിക്കുകയും ചെയ്ത ഗർഗ്ഗ മഹർഷി, ഗർഗ്ഗസംഹിത എന്ന പേരിൽ ഒരു പുരാണം നിർമ്മിച്ചിട്ട്. ബ്രഹ്മപുരാണാദികളിലുള്ള എല്ലാ കഥകളും ഗർഗ്ഗസംഹിതയിലു്. അതേസമയം അവയിലില്ലാത്ത ധാരാളം കഥകളും ഗർഗ്ഗസംഹിതയിൽ ഉൾച്ചേർന്നിട്ട്.[12] ഭാഗവതത്തിൽ കേവല സൂചനകൾ മാത്രമുള്ള പല കഥകളും ഗർഗ്ഗസംഹിതയിൽ വികാസം പ്രാപിക്കുന്നു. ഇതിലെ കൃഷ്ണകഥ വിപുലമാണ്. മനോമോഹനമായ പുതിയൊരു ലോകം ഗർഗ്ഗസംഹിതയിൽ ആവിഷ്ക്കരിക്കുന്നു ഗോലോകം. സ്വർഗ്ഗത്തേക്കാളും വൈകുണ്ഠത്തേക്കാളും മണിദ്വീപത്തേക്കാളും സംവിധാനഭംഗിയോടുകൂടിയ നിലയിലാണ് ഗോലോകം വിഭാവനം ചെയ്യപ്പെട്ടിരിക്കുന്നത്. ഇവിടെ രാധാസമേതനായ കൃഷ്ണൻ വിളങ്ങുന്നു.

ഗർഗ്ഗസംഹിത, ഗഹനങ്ങളായ ശാസ്ത്രസിദ്ധാന്തങ്ങളെ ഒഴിവാക്കി കൃഷ്ണകഥ മാത്രം സ്വീകരിച്ചിരിക്കുന്നു. കഥാരസത്തിനും ഭക്തിക്കും മാത്രമാണ്

---

10 വീരേന്ദ്രകുമാർ എം. പി. ഹൈമവതഭൂവിൽ, കൃഷ്ണയുഗം അവസാനിക്കുന്നില്ല. മാതൃഭൂമി ബുക്സ്, 2007.

11 ബ്രഹ്മപുരാണം, വിഷ്ണുപുരാണം, ഹരിവംശം.

12 രാധാമാധവകഥ, ഗോലോകവർണ്ണനം, ഗോപീയൂഥങ്ങൾ, കൃഷ്ണകഥയോടു ബന്ധപ്പെട്ട സകലരുടേയും ജന്മാന്തരകഥകൾ തുടങ്ങിയവ.

പ്രാധാന്യം. കൃഷ്ണന്റെ കുടുംബവുമായി അടുത്ത ബന്ധമുള്ളയാളായിരുന്നു ഗർഗ്ഗമഹർഷി. ദേവകി-വസുദേവ വിവാഹത്തിനു പൗരോഹിത്യം വഹിച്ചത് ഗർഗ്ഗ മഹർഷിയാണെന്നു ഗർഗ്ഗസംഹിത സൂചിപ്പിക്കുന്നു.[13] രാധയുടെയും അനേകം ഗോപിയൂഥങ്ങളുടേയും കഥകളും അവരുടെ ജന്മാന്തരകഥകളും ഗർഗ്ഗസംഹിത യിൽ വിശദീകരിക്കുന്നു. ജന്മാന്തരകഥനം ഗർഗ്ഗസംഹിതയുടെ മാത്രം സവിശേഷ തയാണ്.

അംശാവതാരം, അംശാംശാവതാരം, ആവേശാവതാരം, കലാവതാരം, പ ൂർണ്ണാവതാരം, പരിപൂർണ്ണതമാവതാരം എന്നിങ്ങനെ ആറ് അവതാരങ്ങളെക്കുറിച്ച് ഗർഗ്ഗസംഹിതയിൽ പറയുന്നു.[14] ഇതിൽ ആറാമത്തേത് ഗർഗ്ഗസംഹിതയിൽ മാത്രമേ യുള്ളൂ. ഗോലോകത്തിൽ വിരാജിക്കുന്ന അസംഖ്യബ്രഹ്മാണ്ഡപതിയായ ശ്രീകൃ ഷ്ണൻ മാത്രമാണ് പരിപൂർണ്ണതമൻ.[15] പരിപൂർണ്ണതമനായ കൃഷ്ണന്റെ ലോക ത്തെക്കുറിച്ച് വർണ്ണിക്കുന്നു. ഗോവർദ്ധനപർവ്വതവും വിരജാനദിയും വൃന്ദാ വനവും ഗോപികമാരും, ഗോവൃന്ദങ്ങളും കല്പവൃക്ഷങ്ങളും രാസമണ്ഡലങ്ങളും വിളങ്ങുന്ന ലോകം. അതിന്റെ മധ്യത്തിൽ മുപ്പത്തിര് ഉപവനങ്ങളോടുകൂടിയതും മതിലുകളാലും കിടങ്ങുകളാലും ആവരണം ചെയ്യപ്പെട്ടതുമായ ഒരു നിജനികു ഞ്ജം, പടർന്നു പന്തലിച്ച അക്ഷയവടാങ്കണം. ചന്ദ്രമണ്ഡലാകാരങ്ങളായ ഗുളോ പ്പുകൾ നിറഞ്ഞ വിതാനങ്ങൾ, പുഷ്പമന്ദിരങ്ങൾ, കാറ്റിലാടുന്ന കൊടിക്കൂറ കൾ, നാനാലങ്കാര ഭൂഷിതകളായ ഗോപസുന്ദരിമാർ, ഗോക്കളും കാളകളും കാള ക്കിടാങ്ങളും നിജനികുഞ്ജത്തിന്റെ മധ്യത്തിൽ ജ്യോതിർമണ്ഡലം, അതിൻനടു വിൽ ഷോഡശ ദളപത്മം, അതിന്മീതേ അഷ്ടദളപത്മം, അതിനുമീതേ മൂന്നു സോപാനമുള്ള രത്നഖചിതമായ സിംഹാസനം. അതിൽ ശ്രീകൃഷ്ണനും രാ ധയും വാഴുന്നു. അവരെ സേവിച്ചുകൊ് എട്ടു സഖികളേയും എട്ടുസഖാക്കളേയും കാണാം. വെൺകൊറ്റക്കുടകളും ആലവട്ടങ്ങളും വെഞ്ചാമരങ്ങളും ചലിക്കുന്നു. ഈ ഗോലോകത്തിലെ എൺപത്തിനാലു നാഴിക വിസ്താരമുള്ള പ്രദേശം ഭൂമി

---

13 'ഗർഗ്ഗന്നു കാണായ് നൃപദേവനാഹുകൻ
ശ്വഫൽകി കംസാദികൾ സേവചെയ്തതായ്'- ശ്ലോകം. 4.
'ഗർഗൻ നൃപന്നേകിയനുഗ്രഹങ്ങളെ'- ശ്ലോകം. 6
'ഗർഗേച്ഛകൊു വസുദേവനു തന്റെ പുത്രി-
ദാനം വിവാഹവിധിപോലെ നടത്തി വേഗം.
വൈദ്യമഠം ചെറിയനാരായണൻ നമ്പൂതിരി, ഗർഗ്ഗഭാഗവതം മലയാള പരിഭാഷ, അദ്ധ്യായം 9, വസുദേവവിവാഹ വർണ്ണനം (ചെങ്ങന്നൂർ, നിത്യഭാരതി പ്രസ്, 2008).

14 അംശാശമംശമാവേശം കലാപൂർണ്ണമിതിങ്ങനെ
വ്യാസാദ്യരാറു ചൊല്ലുന്നു പരിപൂർണ്ണതയോടുമേ.

15 'വസുദേവങ്കലാവേശിച്ചറിഞ്ഞെത്തി പരാൽപരൻ'
അതേ പുസ്തകം, പുറം 68.
പരിപൂർണ്ണതമൻ പരാൽപരൻ
കളവേണുസ്വനവാദ്യതൽപരൻ, പുറം 71.

യിൽ വന്നവതരിച്ചുവെന്നും അതാണ് ഭൂമിയിലെ ഗോകുലപ്രദേശമെന്നും ഗർഗ്ഗസംഹിതയിൽ വിവരിക്കുന്നു.

ഒൻപതു ഖണ്ഡങ്ങളായി ശ്രീകൃഷ്ണകഥ വിസ്തരിച്ചു പറഞ്ഞിരിക്കുന്നു.[16] കൃഷ്ണപ്രണയിനിയായ രാധയും വിശദമായി ആവിഷ്ക്കരിക്കപ്പെട്ടിട്ടു്. കവികളും കലാകാരന്മാരും ഭാവനാവിലാസത്തോടെ ചിത്രീകരിച്ച രാധാമാധവകഥയുടെ ഉറവിടം ഗർഗ്ഗസംഹിതയായിരിക്കണം. കൃഷ്ണകഥ വിസ്തരിച്ചുപറയുന്ന ഹരിവംശം, വിഷ്ണുപുരാണം, ബ്രഹ്മപുരാണം ഇവയിലൊന്നും രാധയെക്കുറിച്ചു പരാമർശമില്ല.[17] ശ്രീകൃഷ്ണകഥയുടെ ആധികാരികമായ മൂലഗ്രന്ഥം എന്നു വിളിക്കുന്ന ഭാഗവതം ദശമസ്കന്ധത്തിൽ രാസക്രീഡ വർണ്ണിക്കുന്നുങ്കിലും ഗോലോകവും രാധയുമില്ല.[18] ഗർഗ്ഗഭാഗവതമാകട്ടെ രാധാകൃഷ്ണന്മാരെക്കുറിച്ചു വാചാലമാവുന്നു.

ഗർഗ്ഗഭാഗവതം രാധയ്ക്ക് പരമപ്രാധാന്യം കൊടുക്കുന്നു്. മായയ്ക്കും ശക്തിക്കും പ്രകൃതിക്കുമൊപ്പമാണ് രാധാദേവിയുടെ സ്ഥാനം. സംഹിതാമാഹാത്മ്യം എന്ന ഒന്നാമദ്ധ്യായത്തിൽത്തന്നെ ''രാധാമാധവ മാഹാത്മ്യം ഏറെ വർണിച്ചുചൊൽവതാം'', ''രാധേശനായ ഗോപാലകൃഷ്ണന്റെ ചരിതാമൃതം'', ''രാധാമാധവസംബന്ധഗർഗ്ഗസംഹിത'' എന്നിങ്ങനെ കൃഷ്ണനൊപ്പം രാധയ്ക്കും പ്രാധാന്യമുന്നെു സൂചിപ്പിക്കുന്ന പരാമർശങ്ങളു്.

രാധാകൃഷ്ണപ്രേമം ഗോലോകഖണ്ഡത്തിലും വൃന്ദാവനഖണ്ഡത്തിലും വിവരിക്കുന്നു്. പൂർണ്ണതാസങ്കല്പം രാധയിലും കടന്നുവരുന്നു.

''പരൻ ശ്രീകൃഷ്ണനായ് നാലു പത്നിമാരതി ശോഭിതർ
ലീല, ഭൂ വിരജാ ശ്രീയും എന്നിപ്പേരിലറിഞ്ഞീടും
ഇന്നാലുപേർ ചേർന്നത്രേ നികുഞ്ജത്തിങ്കൽ രാധയിൽ
അങ്ങനെപ്പൂർണ്ണയായ് രാധയെന്നോതുന്നു മനീഷികൾ''

എന്നിങ്ങനെ സ്വയം പൂർണ്ണയാണ് ഗർഗ്ഗസംഹിതയിലെ രാധ. രാധാകൃഷ്ണപ്രേമവർണ്ണനമെന്ന പതിനാറാം അദ്ധ്യായത്തിൽ രാധയുടേയും കൃഷ്ണന്റെയും വിവാഹരംഗം വർണ്ണിക്കുന്നു.

''എന്നിട്ടെണീറ്റാവിധിയഗ്നിദേവനെ

[16] ഗോലോകഖണ്ഡം, വൃന്ദാവനഖണ്ഡം, ഗിരിജാഖണ്ഡം, മാധുര്യഖണ്ഡം, മഥുരാഖണ്ഡം, ദ്വാരകാഖണ്ഡം, വിശ്വജിത് ഖണ്ഡം, ബലഭദ്രഖണ്ഡം, വിജ്ഞാനഖണ്ഡം.

[17] നാരായണ പിഷാരടി. കെ. പി., അവതാരിക, ഗാർഗ്ഗഭാഗവതം.

[18] അനയാരാധിതോ നൂനം ഭഗവാൻ ഹരിരീശ്വര
യന്നോ വിഹായ ഗോവിന്ദ: പ്രീതോ യാമനയദ്രഹ'
(ഭാഗവതം 10.30.20) എന്നിങ്ങനെ ഭാഗവതത്തിൽ –
പ്രിയതരയായ ഒരു ഗോപികയെപ്പറ്റി പരാമർശമു്.

കത്തിച്ചു കുണ്ഡത്തിലതിന്നു മുന്നിലായ്
നിന്നാവിവാഹക്രിയ വേതാംവിധം
ബ്രഹ്മാവു ചെയ്യിച്ചവിടത്തിൽ നിന്നുപോൽ''

രാധാകൃഷ്ണപ്രേമത്തിന്റെ അതിമനോഹരവർണ്ണനകൾ ഗർഗ്ഗഭാഗവതത്തിലു്. പ ിൽക്കാലത്ത് ജയദേവകവിയെപ്പോലുള്ള വൈഷ്ണവകവികളെ ഈ വർണ്ണനകൾ സ്വാധീനിച്ചു.

## ഗർഗ്ഗഭാഗവതത്തിലെ ഗാർഹസ്ഥ്യതലം

ഭാഗവതത്തിൽനിന്നു വിഭിന്നമായ പല ആശയതലങ്ങൾ ഗർഗ്ഗഭാഗവതത്തിൽ കത്തൊം. അതിലൊന്നാണ് കൃഷ്ണന്റെ ഗൃഹസ്ഥാശ്രമതലം. ഭാഗവതം ഒരു സ്കന്ധത്തിൽ കൃഷ്ണകഥ വിവരിച്ചപ്പോൾ ഗർഗ്ഗസംഹിതയിൽ കൃഷ്ണകഥ മാത്രം വിഷയമാവുന്നു.

''പലേ കൃഷ്ണചരിത്രങ്ങൾ വിചിത്രങ്ങൾ നിറഞ്ഞവ
പന്തീരായിര പദ്യങ്ങൾ സുധപോൽ ഹൃദ്യമായവ''

എന്ന് കാവ്യാരംഭത്തിൽ പറയുന്നു്.

''രാധാമാധവസംബന്ധ ഗർഗ്ഗസംഹിത'' എന്നാണ് ഗർഗ്ഗഭാഗവതത്തെ വിശേഷിപ്പിച്ചിരിക്കുന്നത്.[19]

ആദ്യഖണ്ഡത്തിൽത്തന്നെ രാധികാജന്മവർണ്ണനവും രാധാകൃഷ്ണപ്രേമവർണ്ണനയും രാധാകൃഷ്ണവിവാഹവർണ്ണനയും നടത്തിയിട്ടു്.[20] ഗൃഹസ്ഥാശ്രമധർമ്മത്തിന്റെ തലത്തിലാണ് ഗർഗ്ഗസംഹിത ഊന്നൽ കൊടുക്കുന്നത് എന്നതിന്റെ സൂചന ഇതിലു്.

''രാധാമാധവസംബന്ധ ഗർഗ്ഗസംഹിത'' എന്ന പരാമർശത്തിൽ തുല്യതാസങ്കല്പം കടന്നുവരുന്നു്. സ്ത്രീപുരുഷന്മാർ യജമാനനും യജമാനപത്നിയുമായി നടത്തേ യാഗം തന്നെയാണ് ഗൃഹമേധം. കൃഷ്ണന്റെ പതിനാറായിരത്തെട്ട് പത്നിമാരെക്കുറിച്ചും ഇതിൽ പരാമർശമു്.[21] ഇവരേക്കാൾ പ്രധാനമായ സ്ഥാനമാണ് രാധയ്ക്കു നൽകുന്നത്. ഗൃഹമേധത്തിനായൊരുങ്ങുന്നവർക്കുവേ മാനസികൈക്യത്തിന്റെ സൂചനയാണിത്.

ഒരേസമയം പതിനാറായിരത്തെട്ട് ഭാര്യമാർക്കൊപ്പവും കൃഷ്ണനെ കാണുന്നു എന്ന സങ്കല്പം ഗൃഹസ്ഥാശ്രമത്തിന്റെ അനന്തമായ സൂക്ഷ്മഭാവങ്ങളെ

---

19 കേൾക്കൂ ദേവി വിസ്തരിക്കാം മാഹാത്മ്യം പാപമറ്റിടും
രാധാമാധവസംബന്ധ ഗർഗ്ഗസംഹിത സൂക്ഷ്മമായ്, അദ്ധ്യായം 1.

20 രാധികാ ജന്മവർണ്ണം, 1.8., രാധാകൃഷ്ണപ്രേമവർണ്ണനം, വിവാഹവർണ്ണനം. 1.16.

21 ദ്വാരകാഖണ്ഡം, അദ്ധ്യായം 16.17.

ഉൾക്കൊള്ളുന്നു. ഇതിൽ ഇണക്കവും പിണക്കവും പരിഭവവും ജീവിതത്തിലെ മറ്റെല്ലാ ഭാവങ്ങളും ഉൾപ്പെടുന്നു. സ്വർഗാരോഹണത്തെക്കുറിച്ച് ഗർഗ്ഗസംഹിത പ രാമർശിച്ചിട്ടില്ല. പുത്രപൗത്രാദികളൊത്ത് വാഴുന്ന ദ്വാരകതന്നെയാണ് സ്വർഗം.[22] പു ത്രനേയും പുത്രഭാര്യയേയും യഥോചിതം വീട്ടിലേക്കാനയിക്കുന്ന പിതാവിനെ യാണ് ഗർഗ്ഗഭാഗവതം കാണിച്ചുതരുന്നത്.[23]

ഇതേ ആശയം രാസക്രീഡയിലും കത്തൊം. അനേകം ഗോപിമാർ അനേകം മനുഷ്യാവസ്ഥകളുടേയും കൃഷ്ണൻ അതിനെയെല്ലാം ഉൾക്കൊ് ഗൃഹസ്ഥാശ്രമം നയിക്കുന്ന മനുഷ്യന്റേയും പ്രതീകമാവാം. ജീവിതത്തിൽനിന്ന് അനേകമനേകം അനുഭവങ്ങൾ നേടുന്ന, അതെല്ലാം നേരിട്ട് അതിൽ നിന്നു പാഠ ങ്ങൾ ഉൾക്കൊള്ളുന്ന, പക്വതയാർന്ന മനുഷ്യമാതൃകയാവാം ഗർഗ്ഗഭാഗവതത്തി ലൂടെ വിഭാവനം ചെയ്തത്. അതുകൊാവാം ഒന്നിലേറെ സന്ദർഭങ്ങളിൽ രാസ ക്രീഡ വർണ്ണിക്കുന്നത്.[24] ഇങ്ങനെ അനുഭവങ്ങളിൽനിന്ന് അറിവുനേടിയ വ്യക്തി യാണ് പ്രതിസന്ധിയിൽ തളർന്നു പോകുന്ന തന്റെ സുഹൃത്തിനെ ഉപദേശിക്കുന്ന ത്.[25]

ഇപ്രകാരം കൃഷ്ണനെ മാനുഷികഭാവത്തിൽ ചിത്രണം ചെയ്തത് പ ിൽക്കാല സാഹിത്യത്തെ സ്വാധീനിച്ചിട്ടു്. മലയാളസാഹിത്യത്തിലെ കൃഷ്ണഗാഥ, ശ്രീകൃഷ്ണചരിതം മണിപ്രവാളം തുടങ്ങിയവയിൽ ഈ സ്വാധീനം പ്രകടമാണ്. ഒരേ സത്തയുടെ രവതാരങ്ങളായ രാമനും കൃഷ്ണനും ഒരേ വിധത്തിലല്ല ഭാര തീയ സമൂഹത്തിൽ സ്വീകരിക്കപ്പെട്ടത്. പരിപൂർണ്ണതമൻ എന്ന സങ്കല്പത്തിലധി ഷ്ഠിതമായ ഗർഗ്ഗസംഹിതയുടെ സ്വാധീനം കൃഷ്ണസങ്കല്പത്തിന്റെ പ്രാധാന്യ ത്തിനു വഴിവെച്ചിരിക്കാം.

പിതൃഭക്തി, സത്യപാലനം തുടങ്ങി രാമനുള്ള മഹത്ത്വങ്ങൾ സാധാരണ ജന ങ്ങൾക്ക് പെട്ടെന്ന് ഉൾക്കൊള്ളാനോ അനുകരിക്കാനോ സാധ്യമല്ല. ദൃഢവ്രതരായ വർക്കേ അതിനു കഴിയൂ. രാമകഥ പ്രധാന വിഷയമാവുന്നത് രാമായണത്തിൽ മാത്രമാണ്. അതേ സമയം കൃഷ്ണകഥ വിഷയമാക്കി അനേകം കൃതികൾ രൂപം കൊു. ഇവയിൽ ഗർഗ്ഗഭാഗവതത്തിന് കൃഷ്ണകഥ കൂടുതൽ ജനകീയമാക്കാൻ സാധിച്ചിരിക്കണം. രാധാകൃഷ്ണന്മാരിലൂടെ നിത്യനൂതനമായ പ്രണയവും ഗാർഹ സ്ഥ്യത്തിന്റെ അനന്തഭാവങ്ങളും ഗർഗ്ഗഭാഗവതം അനാവരണം ചെയ്യുന്നു.

---

[22] മംഗളം ദ്വാരകയിലെ ഗൃഹം തോറും നിറഞ്ഞുപോൽ (7.48.56).

[23] ശ്രീകൃഷ്ണബലദേവന്മാർ സർവ്വവൃദ്ധജനങ്ങളും
പ്രദ്യുമ്നനെ സ്വീകരിക്കാനുഗ്രസേനനുമെത്തിനാൻ (7.48.49).

[24] 2.20, 2.23, 5.20, 6.18, 8.9.

[25] ഗീതോപദേശം.

**രാസക്രീഡ**

ഇരുപത്തിയേഴു ദിവസങ്ങൾ കൃഷ്ണൻ യമുനാപുളിനത്തിൽ ഗോപസ്ത്രീകളോടൊത്ത് രമിച്ച വൃത്താന്തമാണ് ഭാഗവതത്തിലെ രാസക്രീഡ. കൃഷ്ണന്റെ മുരളീനാദം കേട്ട ഗോപികമാർ ഗൃഹകൃത്യങ്ങൾ പോലും മറന്ന് വൃന്ദാവനത്തിലെത്തി മുരളീനാദത്തിനൊപ്പം അവർ മതിമറന്നു നൃത്തം ചെയ്തു. കൃഷ്ണൻ തന്റെ കൂടെയുന്നെ ഭാവം ഗോപികമാരിൽ അഹങ്കാരമുണർത്തി. ഇതറിഞ്ഞ കൃഷ്ണൻ അപ്രത്യക്ഷനായി. അഹങ്കാരം കൊു മതിമറന്ന ഗോപികമാർ ചുറ്റും നോക്കി. കൃഷ്ണനെ കാണാതെ വിലപിച്ചുകൊ് നാലുപാടും തിരഞ്ഞു. കൃഷ്ണന്റെ കാൽപാടുകൾ അവർ തിരിച്ചറിഞ്ഞു. ഒപ്പം ക ഒരു സ്ത്രീയുടെ പാദമുദ്രകൾ, ഭഗവാനേറ്റവും പ്രിയപ്പെട്ടവളെ കൂട്ടിക്കൊാണദ്ദേഹം മറഞ്ഞതെന്ന് അവരെ ഓർമ്മിപ്പിച്ചു. അതോടെ അവരിലെ ഞാനെന്ന ഭാവം മറഞ്ഞു. ഭഗവന്നാമം ആവർത്തിച്ചു ജപിച്ചുകൊ് ഭക്തിവിവശരായ് അലഞ്ഞ അവർക്കു മുന്നിൽ ഭഗവാൻ പ്രത്യക്ഷപ്പെട്ടു. തൃപ്തരായ അവരോടൊത്ത് കൈകോർത്തു പിടിച്ചുകൊു ഭഗവാൻ നൃത്തം ചെയ്തു. ഈ നൃത്തമാണ് രാസലീല. രാസലീലയ്ക്കുശേഷം സന്തുഷ്ടരായ ഗോപികമാർ സ്വഗൃഹങ്ങളിലേക്കു മടങ്ങി.

രാസലീലയിൽ പങ്കെടുക്കുന്ന കൃഷ്ണൻ പതിനൊന്നു വയസ്സുള്ള ബാലകനാണ്. പല പ്രായക്കാരടങ്ങുന്നതാണ് ഗോപികമാരുടെ സംഘം. ഇവരുടെ എണ്ണം അനന്തമത്രേ. ഇപ്രകാരമുള്ള ഗോപീകൃഷ്ണ പ്രേമത്തെ ലൗകികപ്രേമമെന്നോ നഗ്നശൃംഗാരമെന്നോ സങ്കല്പിക്കുക വയ്യ. മുരളീനാദം കേട്ടെത്തിയ ഗോപികമാരുടെ അഹംബോധം അസ്തമിച്ചതിനുശേഷം, നിഷ്ക്കപടമായ, ആത്മാർത്ഥമായ ഭക്തി ആവിർഭവിച്ചപ്പോഴാണ് രാസക്രീഡ നടക്കുന്നത്. ഭക്തിയുടെ പാരമ്യത്തിലുാവുന്ന ഉന്മാദദശയിലുള്ള ഈ മധുരഭാവത്തെ ലൗകികബുദ്ധിക്ക് ഗ്രഹിക്കാൻ പ്രയാസമാണ്. മധുരാനുഭവത്തിലൂടെ ഈശ്വരസാക്ഷാത്കാരം സിദ്ധിച്ച നിഷ്കളങ്കഭക്തകളുടെ ആനന്ദനൃത്തമാണ് രാസക്രീഡ. വിലപിച്ചലയുകയായിരുന്ന ഗോപികയുടെ മുന്നിൽ കൃഷ്ണൻ പ്രത്യക്ഷപ്പെടുമ്പോൾ അവരുടെ മനസ്സിലുദിക്കുന്നത് വിഷയസുഖത്തേക്കാൾ എത്രയോ ഉദാത്തമായ ആനന്ദാമൃതമാണ്. ഇവിടെ ഗോപിമാർ അവലംബിക്കുന്നത് പരമപ്രേമമെന്ന ഭക്തിഭാവമാണ്. സ്ത്രീപുരുഷന്മാർക്കിടയിലുാവുന്ന ആകർഷണത്തിന്റെ ശുദ്ധസാത്വികവും അലൗകികവുമായ വികസനമാണ് മധുരഭക്തി. കൃഷ്ണന്റെ സാമീപ്യത്താലും ലാളനയാലും ഗോപികമാരിൽ ഉണരുന്ന ഭാവത്തെ ഭക്തിഭാവമാക്കി ശുദ്ധീകരിച്ച് ഉച്ചസ്ഥായിയിലേക്ക് അതിനെ ഉയർത്തി മോക്ഷപ്രാപ്തിയിലെത്തിക്കുന്നു. ഈ വിധത്തിൽ പ്രകൃതിയിലെങ്ങും ഈശ്വരസത്ത കത്തെി ഈശ്വരസാക്ഷാത്കാരം

നേടാൻ മനുഷ്യനു കഴിയുന്നു. കളങ്കമില്ലാത്ത മനസ്സോടെ ഭഗവാനെ ഉപാസി ക്കുന്നവർക്കെല്ലാം പരമപദത്തിലെത്താൻ സാധിക്കുന്നു. അതുകൊുതന്നെ സാത്വി കഭക്തിയാകുന്നു രാസക്രീഢയുടെ അന്തർധാര.

## രാസക്രീഢയുടെ മാനസികതലം

രാസക്രീഢ പ്രകടമായ കാമലീലയല്ല. ഭാഗവതാദിപുരാണങ്ങളിൽ ധ്വനിപ രവും മന:ശാസ്ത്രപരവുമായ വിവിധ മാനങ്ങൾ നൽകി അവതരിപ്പിക്കുന്ന രംഗ ങ്ങൾ ആധുനികയുഗത്തിലെ സാധാരണ മനുഷ്യന്റെ ജീവിതരീതിയുടേയും അവ സ്ഥകളുടേയും അനുഭവങ്ങളുടെയും ചെയ്തികളുടേയും പശ്ചാത്തലത്തിൽ വ്യാഖ്യാനിക്കുന്നത് യുക്തിസഹമല്ല.

ഗോപികമാരും കൃഷ്ണനും തമ്മിലുള്ള പ്രേമം മന:ശാസ്ത്രപരമായ യാഥാർത്ഥ്യമാണ്. ഇതിൽ മാംസനിബദ്ധമായ രാഗത്തിന്റെ ലാഞ്ഛനയേയില്ല. രാസക്രീഡാവർണ്ണനം വായിക്കുന്ന ഏതൊരാൾക്കും മനസ്സിലാവുന്ന ഒരു കാര്യം അതു നടക്കുന്നത് പരിചിതമായ ഒരു ഭൗതികലോകത്തിലല്ല മറിച്ച് കവിഭാവന യിൽനിന്നുയർന്ന ഒരു സങ്കല്പലോകത്തിലാണ് എന്നതാണ്. ഭാവനാതലത്തിൽ നിന്നു വേർപെടുത്തിയുള്ള വ്യാഖ്യാനങ്ങൾ നിരർത്ഥകമാകുന്നു

ഭാവനയിൽ ഇഷ്ടവസ്തുവുമായി തന്മയത പ്രാപിച്ചാൽ ഭാവന യാഥാർത്ഥ്യ മാകുന്നു. കൃഷ്ണനോടൊത്തുള്ള നൃത്തത്തിന്റെ ഉന്മാദാവസ്ഥയിൽ ബാഹ്യ ലോകം വിസ്മരിക്കുകയാണ് ഗോപികമാർ. ഉണരുംവരെ ശ്രീകൃഷ്ണചിന്തയിൽ ലയിച്ച് അവർ ബാഹ്യലോകം മറക്കുന്നു.

ഭാരതീയ ഋഷിമാർ ശൃംഗാരത്തേയോ കാമത്തെയോ നിഷേധിക്കുന്നില്ല. ധർമ്മാർത്ഥങ്ങൾ കഴിഞ്ഞ് മോക്ഷത്തിലേക്കുള്ള കവാടമായിട്ടാണ് അവർ കാമത്തെ കാണുന്നത്. ഗോപികമാർ കാമത്തിലൂടെ മോക്ഷപ്രാപ്തിയിലെത്തുന്നു എന്നും വ്യാഖ്യാനിക്കാം. കൃഷ്ണന് ഗോപികമാരോടും അവർക്ക് കൃഷ്ണനോടു മുള്ള ആകർഷണം ഒരു പാരസ്പര്യത്തെ സൂചിപ്പിക്കുന്നു. ശരീരസാന്നിദ്ധ്യം മറ ഞ്ഞിരിക്കുമ്പോഴാണ് മന:സംഗമം ശക്തമാവുന്നത്. രാസക്രീഢയിൽ ശരീരസാ ന്നിദ്ധ്യം അപ്രത്യക്ഷമാവുന്നതും മന:സംഗമം അധികരിക്കുന്നതും വീും ശാരീരിക ലാളനകളിലൂടെ (കാമത്തിലൂടെ) ബ്രഹ്മാനന്ദത്തെ പ്രാപിക്കുന്നതും നമുക്ക് ക ത്താം.

ഗോപികമാർക്കനുഭവപ്പെട്ട കൃഷ്ണരതി തികച്ചും മാനസികമാണ്. കാവ്യ ങ്ങൾ ആ മാനസികവേഴ്ചയ്ക്ക് ബാഹ്യമായ സുന്ദരരൂപം നല്കി. രാസലീല

യിൽ പങ്കെടുത്ത ഓരോ ഗോപികയ്ക്കൊപ്പവും ഓരോ കൃഷ്ണനുായിരുന്നുവെന്ന് കവികല്പന. ഇതേ അനുഭവം ദ്വാരകയിലെ പതിനാറായിരത്തെട്ട് കൃഷ്ണപത്നി മാർക്കുമു്. ശ്രീകൃഷ്ണപത്നിമാർക്കും ഗോപികമാർക്കും കിട്ടിയ ഭഗവത്സാമീപ്യം ആത്മാർത്ഥമായി ഭജിക്കുന്ന ഭക്തനും കിട്ടുമെന്നായിരിയ്ക്കണം ഭക്തികാവ്യങ്ങ ളിൽ രാസക്രീഡ ഉൾപ്പെടുത്തിയിരിക്കുന്നതിന്റെ തത്ത്വം. ഇവിടെ മേൽപറഞ്ഞ മാനസിക ഘടകങ്ങളാണ് ഭക്തനിൽ പ്രകടമാവുന്നത്.

## 1.4 കൃഷ്ണസങ്കല്പത്തിലെ ജീവിതദർശനതലവും ഭഗവ ദ്ഗീതയും

സ്വാർത്ഥതാല്പര്യങ്ങൾക്ക് പ്രാധാന്യം കൂടിയിരിക്കുന്ന സമകാലീന ഭാര തീയ സമൂഹത്തിൽ ഗീതാചാര്യനായ കൃഷ്ണന്റെ ഉപദേശങ്ങൾ പ്രസക്തമാവുന്നു. ഭാരതത്തെ അതിന്റെ മൗലികസംസ്ക്കാരത്തിൽ അടിയുറച്ചു നിർത്താൻ സഹായക മായ സനാതനസന്ദേശമാണ് ഭഗവദ്ഗീത.

ലീലാലോലുപനും മായാമനുഷ്യനും ആശ്രിതരക്ഷകനും പ്രേമസ്വരൂപനുമാ യിരുന്നു കൃഷ്ണൻ. ഇവയേക്കാളേറെ കൃഷ്ണസങ്കല്പത്തിന് മഹത്ത്വമേകുന്ന മറ്റൊരു വിശേഷണമാണ് ഗീതാചാര്യൻ എന്നത്. ചിന്തകരുടേയും ജ്ഞാനികളു ടേയും അന്വേഷികളുടേയും മുന്നിൽ എന്നും ഭഗവദ്ഗീത അക്ഷയപാത്രമായി വർത്തിക്കുന്നു.

മഹാഭാരതം ഭീഷ്മപർവ്വം ഇരുപത്തിയഞ്ചു മുതൽ നാൽപത്തിരുവരെയുള്ള പതിനെട്ടദ്ധ്യായങ്ങളാണ് ഗീതയെന്നറിയപ്പെടുന്നത്. വേദാർത്ഥങ്ങളെ ഗീതയിൽ വിശദമായി പ്രതിപാദിച്ചിരിക്കുന്നതുകൊ് അതിനെ ഉപനിഷത്ത് എന്നും വിശേഷി പ്പിക്കുന്നു. സ്വജനങ്ങളേയും ഗുരുജനങ്ങളേയും ശത്രുപക്ഷത്ത് ക് അധീരനായ അർജ്ജുനൻ തളർന്നിരുന്നപ്പോൾ അദ്ദേഹത്തെ കർമ്മോദ്യുക്തനാക്കുന്നതിനുവേി ഭഗവാൻ ഉപദേശിച്ചു. ക്ഷത്രിയധർമ്മങ്ങളെയും വർണ്ണധർമ്മങ്ങളേയും ആശ്രമ ധർമ്മങ്ങളേയും, സ്വധർമ്മത്തെ വിട്ടുനടക്കുന്നവർക്കുള്ള നരകപ്രാപ്തിയേയും, ആത്മാനാത്മവിശേഷങ്ങളേയും, ഉത്തമസുഖപ്രാപ്തിക്ക് വേുന്ന ജ്ഞാനകർമ്മ മാർഗ്ഗങ്ങളേയും, പ്രസക്തമായ ഇതരവിഷയങ്ങളേയും സവിസ്തരം ഉൾക്കൊള്ളു ന്നു് ഭഗവാന്റെ ഉപദേശം.

ക്ലൈബ്യം മാസ്മ ഗമ: പാർത്ഥ!
നൈതത്ത്വര്യുപപദ്യതേ
ക്ഷുദ്രം ഹൃദയ ദൗർബല്യം
ത്യക്തോത്തിഷ്ഠ പരന്തപ

(ഗീത– 2.3)

കർമ്മണ്യേവാധികാരസ്തേ
മാ ഫലേഷു കദാചന
മാകർമ്മഫലഹേതുർഭൂ–
തേസംഗോ സ്ത്വകർമ്മണി

(2–47)

ഭഗവാൻ കൃഷ്ണൻ സംബോധന ചെയ്യുന്ന പാർത്ഥൻ കുന്തീപുത്രൻ മാത്ര മല്ല ഹൃദയദൗർബല്യം അനുഭവിക്കുന്ന, സ്വധർമ്മം മറക്കുന്ന, വിവേകം നഷ്ടപ്പെട്ട എല്ലാവരുടേയും പ്രതിനിധിയാണ്. അവർക്കെല്ലാം വേിയാണ് ഗീതോപദേശം. സംസാരസാഗരത്തിലുഴലുന്ന കർമ്മവിമുഖരെ കർമ്മനിരതരാക്കുക എന്നതായി രുന്നു ഭഗവാന്റെ മുഖ്യലക്ഷ്യം. ഒരുവന്റെ അന്ത:കരണം എത്രത്തോളം വികാ സത്തെ പ്രാപിക്കുന്നുവോ, എത്രമാത്രം ശുദ്ധമായിരിക്കുന്നോ അതിനനുസരിച്ചുള്ള വിജ്ഞാനവിശേഷങ്ങൾ പഠിക്കുന്നതിന് ഗീതാശാസ്ത്രം സഹായകമാകും.[26]

യുദ്ധരംഗത്തെ ഒരു നിർണ്ണായക മുഹൂർത്തത്തിൽ നടക്കുന്ന വെറുമൊരു സംഭാഷണമല്ല ഗീത. മനുഷ്യനും ഈശ്വരനും തമ്മിലുള്ള, അഥവാ മനുഷ്യന്റെ ബാഹ്യമനസ്സും അവന്റെ അന്തരാത്മാവും തമ്മിലുള്ള സംവാദമാണത്. ബാഹ്യ പ്രപഞ്ചത്തോടുള്ള ജ്ഞാനത്തോടൊപ്പം ആത്മവിദ്യയുടെ ഗൂഢവും പവിത്രവു മായ തത്ത്വങ്ങളെ ഗീത സ്പഷ്ടമായി ബോധിപ്പിക്കുന്നു. മനുഷ്യന്റെ പുരുഷാർത്ഥ തത്ത്വങ്ങൾ പരിചയപ്പെടുത്തുന്നു. സംസാരജീവിതത്തിന്റെ പ്രശ്നങ്ങളിൽ മനംപ തറുന്ന മനുഷ്യർക്ക് ആത്മശാന്തിയേകി നിഷ്കാമകർമ്മം ആചരിക്കാൻ അവരെ പ്രേരിപ്പിക്കുന്നു. മനുഷ്യജീവിതത്തിന്റെ യഥാർത്ഥവും സംശുദ്ധവുമായ അവസ്ഥ എന്താണെന്നും അവൻ അനുഷ്ഠിക്കേ ധർമ്മകർമ്മങ്ങൾ എപ്രകാരത്തിലായിരി യ്ക്കണമെന്നും ഗീത ഓർമ്മിപ്പിക്കുന്നു. ഇപ്രകാരം ചിന്തിക്കുമ്പോൾ ഗീതയുടെ സാർവ്വകാലിക പ്രാധാന്യം വ്യക്തമാകുന്നു.

പാർത്ഥസാരഥിയായി യുദ്ധം നയിക്കുമ്പോൾ ഒരിക്കൽ കൂടി കൃഷ്ണമാ ഹാത്മ്യം പ്രകടമാവുന്നു. നല്ലതും ചീത്തയുമായ അനേകം വികാരവിചാരങ്ങളാൽ കലുഷിതമായ മനുഷ്യാത്മാവിനെ നയിക്കുന്ന പരമാത്മാവാണ് കൃഷ്ണൻ. മനു ഷ്യർക്ക് ജീവിതായോധനത്തിൽ ധർമ്മസംബന്ധമായുാകുന്ന എല്ലാ സംശയ ങ്ങൾക്കും ഭഗവാൻ കൃഷ്ണൻ ശ്രീകൃഷ്ണാർജ്ജുന സംവാദത്തിലൂടെ മറുപടി നൽകുന്നു. ആദ്ധ്യാത്മികവും ലൗകികവുമായ എല്ലാ സംശയങ്ങൾക്കും

[26] കൃഷ്ണക്കൈമൾ അയ്മനം– ശ്രീകൃഷ്ണദർശനം (തൃശൂർ: കറന്റ് ബുക്സ് 1994), പുറം 73.

ഇതിൽ മറുപടിയു്. ലോകത്തിലെ എക്കാലത്തുമുള്ള എല്ലാ വിഷമപ്രശ്നങ്ങൾക്കുമുള്ള പരിഹാരകർമ്മങ്ങൾ ഗീതയിലൂടെ കൃഷ്ണൻ പ്രദാനം ചെയ്തിരിക്കുന്നു. സാധാരണ മനുഷ്യന് ധർമമാർഗത്തിലൂടെ സഞ്ചരിച്ച് ലക്ഷ്യത്തിലെത്താൻ സഹായിക്കുന്ന പ്രകാശമാണ് കൃഷ്ണൻ ഗീതോപദേശത്തിലൂടെ പ്രസരിപ്പിച്ചത്.

## 1.5. നൃത്തഗീതാദികളിലെ കൃഷ്ണസങ്കല്പസ്വാധീനം

ഇതിഹാസപുരാണങ്ങൾ ഭാരതീയ സംസ്കാരത്തിന്റെ എല്ലാ തലങ്ങളേയും സ്വാധീനിച്ചു. ഈ ബൃഹദ്പാരമ്പര്യം പ്രാദേശിക സംസ്കൃതികളും പിൻതുടർന്നു. ജീവിതത്തിന്റെ ഭിന്നഭാവങ്ങളെ ഒരേ സമയം തന്നെ പ്രത്യക്ഷപ്പെടുത്താൻ കഴിഞ്ഞ പുരാണ കഥാപാത്രമാണ് കൃഷ്ണൻ. കവിതയിൽ പ്രേമമൂർത്തിയായും നടനത്തിൽ സൗന്ദര്യമൂർത്തിയായും മതസങ്കല്പത്തിൽ സർവ്വേശ്വരനായും തത്വശാസ്ത്രത്തിൽ പരബ്രഹ്മമായും കൃഷ്ണൻ കല്പിച്ചുപോരുന്നു.

നൃത്തഗീതാദി സുന്ദരകലകളിൽ അസാമാന്യകഴിവുള്ളവനാണ് കൃഷ്ണൻ. പിൽക്കാലത്ത് നൃത്തഗീതാദി കലകളെ സ്വാധീനിക്കാൻ കൃഷ്ണസങ്കല്പത്തിനു സാധിച്ചു. ഇന്ത്യയുടെ നാനാഭാഗങ്ങളിലും അരങ്ങേറുന്ന നൃത്തരംഗങ്ങളിലെല്ലാം തന്നെ കൃഷ്ണനും കൃഷ്ണനെ സംബന്ധിക്കുന്ന ഗാനങ്ങളും നിറഞ്ഞു നില്ക്കുന്നു. ഉത്തരേന്ത്യൻ ഗ്രാമങ്ങളിൽ ഇന്നും നിലനില്ക്കുന്ന ഗ്രാമീണനൃത്തങ്ങളിൽ രാധാ-കൃഷ്ണ പ്രണയം ഇതിവൃത്തമാകുന്നു. കുച്ചുപ്പുഡി, ഭരതനാട്യം, മോഹിനിയാട്ടം ഇവയിലെല്ലാം കൃഷ്ണകഥകൾ കടന്നുവരുന്നു. കുച്ചിപ്പുഡിയിൽ,

> ''കസ്തൂരി തിലകം ലലാടഫലകേ
> വക്ഷസ്തലേ കൗസ്തുഭം
> നാസാഗ്രേ നവമൗക്തികം
> കരതലേ വേണും കരേ കങ്കണം
> സർവ്വാംഗേ ഹരിചന്ദനം
> ചകലയൻ കണ്ഠേ ച മുക്താവലിം
> ഗോപസ്ത്രീ പരിവേഷ്ടിതോ
> വിജയതേ ഗോപാല ചൂഡാമണി''.

എന്ന ശ്ലോകമാണ് പ്രാരംഭമായി ചൊല്ലുന്നത്. ശേഷം ശ്രീകൃഷ്ണന്റെ ബാലലീലകൾ, ഗോപികാവസ്ത്രാപഹരണം, കാളിയമർദ്ദനം തുടങ്ങിയവ വിസ്തരിച്ചു പാടിയാടുന്നു. മോഹിനിയാട്ടത്തിൽ ഗീതഗോവിന്ദത്തിലെ പദങ്ങൾ ലാസ്യഭംഗിയോടെ ആടുന്നു. ഭരതനാട്യത്തിൽ ഗീതഗോവിന്ദത്തിലെ പദങ്ങളും ദശാവതാരവും കൃഷ്ണന്റെ ബാലലീലകളും അവതരിപ്പിക്കുന്നു.

## സംഗീതം

ഗീതഗോവിന്ദത്തിലെ പദങ്ങൾ അഭിനയഗാനങ്ങളുടെ രൂപത്തിൽ ഭാരത മൊട്ടുക്കുള്ള രംഗവേദികളിൽ ആലപിച്ചു പോരുന്നു. ഉത്തരേന്ത്യൻ സംഗീതപാര മ്പര്യത്തിലും കൃഷ്ണകഥാ സ്വാധീനമുണ്ട്. ഇരയിമ്മൻ തമ്പിയുടെയും സ്വാതി തിരുനാളിന്റേയും കീർത്തനങ്ങൾ അധികവും കൃഷ്ണവിഷയകമാണ്. മീരാഭായി യുടെ കീർത്തനങ്ങളും ശ്രദ്ധേയമാണ്. ഭാരതത്തിലാകമാനം നിലനില്ക്കുന്ന നൃത്തസംഗീതാദികലകളിൽ ശ്രീകൃഷ്ണസങ്കല്പം പുലർത്തുന്ന സ്വാധീനം ഗൗര വമായ പഠനം നടത്തേണ്ട വിഷയമാണ്.

കേരളത്തിന്റെ കലാസാംസ്കാരികരംഗത്തും കൃഷ്ണസങ്കല്പം സ്വാധീനം ചെലുത്തിയിട്ടുണ്ട്. അഷ്ടപദി, കൃഷ്ണനാട്ടം, കഥകളി, ചുമർച്ചിത്രങ്ങൾ, ചാക്യാർകൂ ത്ത്, തിരുവാതിരപ്പാട്ടുകൾ, നാടൻപാട്ടുകൾ, ചെറുകഥ, നോവൽ, നാടകം, കവിത, സിനിമാഗാനങ്ങൾ, നൃത്തസംഗീതനാടകങ്ങൾ എന്നിവയിലെല്ലാം കൃഷ്ണകഥകൾ പ്രമേയമാവുന്നുണ്ട്. ഉദാഹരണത്തിനായി ചിലതു പ്രസ്താവിക്കുന്നു.

## കഥകളി

ആദ്യാവസാനവേഷമല്ല കഥകളിയിലെ കൃഷ്ണൻ. എന്നിട്ടും പ്രധാന കഥാപാത്രങ്ങളുടെ നിരയിൽ നിൽക്കുന്നതാണ് കൃഷ്ണവേഷം. മഹാഭാരതത്തി ലെയും ഭാഗവതത്തിലെയും കഥകൾ[27] ഉപയോഗിക്കുന്നിടത്താണ് കൃഷ്ണനു പ്രാധാന്യം. ബാലലീലകൾ തൊട്ട് ഗീതാതത്ത്വം വരെ കഥകളിയിൽ അവതരിപ്പി ക്കാറുണ്ട്.

## കൃഷ്ണനാട്ടം

കൃഷ്ണനാട്ടം, കേരളീയരുടെ ആദ്യ നൃത്തനാടകമെന്ന് വിശേഷിക്കപ്പെടു ന്നു.[28] കൃഷ്ണനാട്ടത്തിനുപയോഗിക്കുന്ന കൃഷ്ണമുടിയിലെ പീലിക്കണ്ണ് കൃഷ്ണൻ ചൂടിയതാണ് എന്നാണ് വിശ്വാസം. എട്ടുദിവസത്തെ കളിയാണ് കൃഷ്ണനാട്ടം.[29] ഭഗവാനെ സംബോധന ചെയ്തുകൊള്ള കഥാകഥനം അദ്ദേ ഹത്തെ കൺമുന്നിൽ കാണുന്നുവെന്ന സങ്കല്പത്തിലാണ്.

---

[27] പൂതനാമോക്ഷം, രാസക്രീഡ, കംസവധം, രുഗ്മിണീസ്വയംവരം, ഗുരുദക്ഷിണ, സ ന്താനഗോപാലം, കിർമ്മീരവധം, ദുര്യോധനവധം.

[28] കൃഷ്ണക്കൈമൾ അയ്മനം, കൃഷ്ണദർശനം, പുറം.86.

[29] അവതാരം, കാളിയമർദ്ദനം, രാസക്രീഡ, കംസവധം, സ്വയംവരം, ബാണയുദ്ധം, വിവിദവധം, സ്വർഗ്ഗാരോഹണം.

ഒരു മഹാപാരമ്പര്യത്തിന്റെ പിൻതുടർച്ചയായി ഇവയെ കാണാമെങ്കിലും ഇവയുടെ സാമൂഹ്യബന്ധം വിസ്മരിക്കാവതല്ല. ദൃശ്യകലകൾക്കും ക്ഷേത്രകല കൾക്കും സാധാരണജനങ്ങളെ ആകർഷിക്കാനും അവരുടെ വിശ്വാസങ്ങളെ സ്വാധീനിക്കാനുമുള്ള കഴിവു്. കഥകളിയും കൃഷ്ണനാട്ടവും ഇതിനെ ചൂഷണം ചെയ്യുന്നു. കഥകളിയിലാവിഷ്ക്കരിക്കുന്ന യുദ്ധരംഗങ്ങൾ പത്തൊമ്പതാം നൂറ്റാ ിന്റെ സംസ്ക്കാരത്തോടുബന്ധപ്പെട്ടതാണ്. അന്നത്തെ നാടുവാഴി രാഷ്ട്രീയത്തി നോട് ആട്ടക്കഥകൾക്കു ബന്ധമുന്നെും അവ യുദ്ധസങ്കീർത്തനങ്ങളാണെന്നും യുക്തിയുക്തം സമർത്ഥിക്കപ്പെട്ടിട്ടു്.[30]

കൃഷ്ണകഥ വിവരിക്കുന്ന, നൃത്തപ്രധാനമായ കല എന്നതിനപ്പുറം കൃഷ്ണനാട്ടത്തിന് മറ്റുപല മാനങ്ങളുമു്. കൃഷ്ണഭക്തിയെ സമർത്ഥമായി ചൂഷണം ചെയ്യാൻ ഈ കല ഉപയോഗപ്പെടുത്തുന്നു കൃഷ്ണനാട്ടത്തെ ''പാട്ടം പ ിരിക്കാനുള്ള തന്ത്ര''മായും ''വരുമാനമുാക്കാനുള്ള മാർഗ''മായും ''സാമൂതിരി യുടെ അധീശശക്തിയെ ഉറപ്പിക്കാനുള്ള വഴി''യായും ''ഗുരുവായൂർ ക്ഷേത്രകേന്ദ്ര ത്തിന്റെ വികാസ''ത്തിനുള്ള ഉപകരണമായും പ്രയോജനപ്പെടുത്തിയിരുന്നു എന്ന് പഠനങ്ങൾ തെളിയിച്ചിട്ടു്.[31] കൃഷ്ണനാട്ടത്തിന്റെ സംവിധാനവും അതവതരി പ്പിക്കുന്ന രീതിയും പ്രദേശങ്ങളും ഒരു ഭരണലക്ഷ്യം ഉറപ്പാക്കുന്നു്. കൃഷ്ണമുടി യിലെ പീലി കൃഷ്ണദർശനവേളയിൽ കണ്ണന്റെ മുടിയിൽനിന്നു പൊഴിഞ്ഞതാ ണെന്ന ഭക്ത്യംശംകൂടി കലർത്തുമ്പോൾ ഐതിഹ്യത്തിന്റെ പിൻബലവും കിട്ടുന്നു. സാമൂതിരി ഭരണത്തിന്റെ തന്ത്രം തന്നെയായിട്ടാകണം ഒരു സാമൂതിരി തന്നെ കൃഷ്ണസങ്കല്പത്തെ ഇപ്രകാരം രൂപപ്പെടുത്തിയത്. അനന്തഭാവങ്ങളുൾക്കൊ ള്ളുന്ന കൃഷ്ണസങ്കല്പം ഇപ്രകാരം പല രീതിയിൽ ഉപയോഗിക്കപ്പെട്ടു.

**അഷ്ടപദി**

ജയദേവകവിയുടെ ഗീതഗോവിന്ദം വിവിധ കലാരൂപങ്ങളെ സ്വാധീനിച്ചു. ''ഗീതഗോവിന്ദത്തിലെ അടിസ്ഥാനധാരണകളുമായി ഇണക്കിച്ചേർത്തുകൊാണ് കേരളത്തിലെ സംഗീതകലയും നൃത്തകലയും വളർച്ച പ്രാപിച്ചത്''.[32] ക്ഷേത്ര സോപാനങ്ങളിലെ കൊട്ടിപ്പാടിസേവയ്ക്ക് (സോപാനസംഗീതം) ഗീതഗോവിന്ദം ഉപയോഗിക്കുന്നു. അഷ്ടപദിയാട്ടം എന്ന ദൃശ്യകലയുടെ പോഷകസാഹിത്യമായി

30 നമ്പൂതിരി. എൻ. എം. അർത്ഥാന്തരങ്ങൾ, കൃഷ്ണനാട്ടം: യുദ്ധസങ്കീർത്തനങ്ങൾ, സെൻട്രൽ കോപ്പറേറ്റീവ് സ്റ്റോർ, 1999.

31 നമ്പൂതിരി. എൻ. എം. അർത്ഥാന്തരങ്ങൾ, കൃഷ്ണനാട്ടം: യുദ്ധസങ്കീർത്തനങ്ങൾ, സെൻട്രൽ കോപ്പറേറ്റീവ് സ്റ്റോർ, 1999.

32 കൃഷ്ണക്കൈമൾ അയ്മനം, കൃഷ്ണദർശനം, പുറം 86.

വർത്തിച്ചത് ഗീതഗോവിന്ദമാണ്. കഥകളിയിൽ മേളപ്പദമായുപയോഗിക്കുന്നത് അഷ്ടപദിയിലെ ഗീതമാണ്.[33]

### ചാക്യാർകൂത്ത്

രാമായണത്തിലേയും മഹാഭാരതത്തിലേയും ഭാഗവതത്തിലേയും കഥകളാണ് സാധാരണയായി കൂത്തിനുപയോഗിക്കുന്നത്. ഇവയിൽ കൃഷ്ണകഥകൾക്കുള്ള പ്രാധാന്യം ശ്രദ്ധേയമാണ്.[34] ഭഗവദ്ഭക്തി, സന്മാർഗബോധം, ആത്മവിദ്യ മുതലായ ഗുണങ്ങൾ ജനങ്ങൾക്കുാകണമെന്ന ഉദ്ദേശ്യത്തോടെയാണ് ഇവ നിബന്ധിച്ചിട്ടുള്ളത്.

### ചുവർച്ചിത്രങ്ങൾ

കേരളത്തിൽ ഇന്നു കാണുന്ന ചുവർച്ചിത്രങ്ങൾ മതാത്മകമായ പ്രമേയങ്ങൾക്ക് പ്രാധാന്യം കൊടുക്കുന്നവയാണ്. വൈഷ്ണവസങ്കല്പത്തിലധിഷ്ഠിതമായ ചിത്രങ്ങൾ[35] ദശാവതാരത്തേയും അവതാരോദ്ദേശ്യങ്ങളേയും ആവിഷ്ക്കരിക്കുന്നവയാണ്. ശ്രീകൃഷ്ണലീലകളും[36] ചുവർച്ചിത്രങ്ങൾക്ക് വിഷയമായിട്ടു്. കൃഷ്ണപുരം കൊട്ടാരത്തിലെ ഗജേന്ദ്രമോക്ഷം മികവുറ്റ ചിത്രീകരണമാണ്.[37] വസ്ത്രാപഹരണം (ഏറ്റുമാനൂർ ക്ഷേത്രം), മദനഗോപാലൻ,[38] ഗോവർധനപർവ്വം (മട്ടാഞ്ചേരി കൊട്ടാരം) എന്നിവയും മികച്ച ചിത്രങ്ങൾ തന്നെ. തൃച്ചംബരം ക്ഷേത്രത്തിലെ ചുവർച്ചിത്രങ്ങളിൽ കൃഷ്ണകഥ ഏതാ് പൂർണ്ണമായും ആലേഖനം ചെയ്തിട്ടു്.

കേരളത്തിലെ ചുവർച്ചിത്രങ്ങൾ കേരളീയ സംസ്കാരത്തിൽ കൃഷ്ണസങ്കല്പത്തിനുായ പ്രചാരത്തെ സൂചിപ്പിക്കുന്നു.

### തിരുവാതിരപ്പാട്ടുകൾ

33 മഞ്ജുതര കുഞ്ജതല കേളിസദനേ ... എന്നാരംഭിക്കുന്ന ഗീതം.

34 ഗജേന്ദ്രമോക്ഷം, നാരദമോഹനം, സുഭദ്രാഹരണം, ഭഗവദൂത്, മത്സ്യാവതാരം, സ്യമന്തകം, സന്താനഗോപാലം, കുചേലവൃത്തം, കംസവധം, രുഗ്മിണിസ്വയംവരം, ബാണയുദ്ധം തുടങ്ങിയവ ഉദാഹരണം.

35 ഭൂദേവി, ശ്രീദേവി, ഇതരദേവിദേവന്മാർ, ഋഷിമാർ എന്നിവരാൽ ആരാധ്യനായി അനന്തതല്പത്തിൽ പള്ളികൊള്ളുന്ന പദ്മനാഭൻ, ഗുരുവായൂരപ്പൻ, സന്താനഗോപാലമൂർത്തി, ലക്ഷ്മിയെ മാറിൽ ധരിച്ച വിഷ്ണു, ഗജേന്ദ്രമോക്ഷം തുടങ്ങിയവ.

36 വേണുവൂതുന്ന കൃഷ്ണൻ, പൂതനാമോക്ഷം, കാളിയമർദ്ദനം, ഗോവർദ്ധനോദ്ധാരണം, വസ്ത്രാപഹരണം.

37 കിടങ്ങൂർ, ലക്കിടി, കാരാട്ട്, വാണിയംകുളം, ചുഡുവാലത്തൂർ, വൈകുണ്ഠപുരം നിരണം തുടങ്ങിയ ക്ഷേത്രങ്ങളിലും ഗജേന്ദ്രമോക്ഷം ചിത്രീകരിച്ചിട്ടു്. ശശിഭൂഷൺ. എം. ജി., കേരളത്തിലെ ചുവർച്ചിത്രങ്ങൽ (തിരുവനന്തപുരം: കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, 2000, പുറം.18).

38 സംഭോഗശൃംഗാരത്തെ തീവ്രമായാവിഷ്കരിക്കുന്ന ചിത്രമാണ് മദനഗോപാലൻ.

ശൈവസങ്കല്പവുമായി ബന്ധപ്പെട്ട തിരുവാതിരയാഘോഷത്തിന്റെ പ്രധാന വിനോദമായ തിരുവാതിരക്കളിയിൽ ഉപയോഗിക്കുന്ന പാട്ടുകളേറെയും കൃഷ്ണകഥാവിഷയകമാണ്. എസ്. സന്ധ്യാദേവി സമാഹരിച്ച 'നൂറ്റിയൊന്നു തിരുവാതിരപ്പാട്ടുകൾ' എന്ന പുസ്തകത്തിൽ നാല്പതിലേറെ പാട്ടുകൾ ഈ വിഷയത്തിൽ പെടുന്നു.

### പാണപ്പാട്ടുകൾ

കേരളത്തിലെ നാടോടിപ്പാട്ടുകളിലെ ഒരു വിഭാഗമാണ് പാണപ്പാട്ടുകൾ.[39] പാണർക്ക് ഉപജീവനമാർഗ്ഗമായി ശിവൻ കല്പിച്ചുകൊടുത്തതാണ് ഇത് എന്നാണ് വിശ്വാസം.[40]

പാണന്മാർ പാട്ടുകൾ എഴുതി സൂക്ഷിച്ചിട്ടില്ല.[41] വാമൊഴിയായി പകർന്നുവരുന്നവയാണവ. ഈ വിഭാഗത്തിലും കൃഷ്ണകഥകൾക്ക് പ്രാധാന്യം കാണുന്നു്.[42] ഭാഗവതത്തിലെ ധാരാളം കഥകൾ പാണപ്പാട്ടുകളിൽ പാടിവരുന്നു. കണ്ണന്റെ വായിൽ പതിന്നാലു ലോകങ്ങളും ക് ചകിതയായ അമ്മ പാടുന്നു,

''ആനത്തലയോളം വെണ്ണതരാം കുഞ്ഞേ
അമ്പാടി ശ്രീകൃഷ്ണ വാമുറുക്ക്
ആറ്റിൽ കുളിക്കാനായ് കൊണ്ടുപോകാം നല്ല
പോറ്റി മുരാന്തകാ വാ മുറുക്ക്
അച്ഛന്റെ ദേവാരക്കച്ച തരാം കുഞ്ഞെ
അച്ചുതാ പൈതലേ വാമുറുക്ക്''[43]

---

39 ഇതിനു തുയിലുണർത്തുപാട്ട് എന്നും പേരു്.

40 ''കൊല്ലം തോറും ഇന്നേ ദിവസം
എന്റെ പേരും പറഞ്ഞ്
കൊട്ടിപ്പാടി നടന്നിടുക
എന്നാൽ മുന്നാഴിയരിക്കും
മുമ്മുളം മുറിനും മുട്ടില്ലാ നിനക്ക്''
''ഉത്രാടം അന്തികെട്ട്
തിരുവോണം പുലർച്ചയ്ക്ക്
എന്നെ നീ കൊട്ടിപ്പാടി
സ്തുതിച്ചു നടന്നോടാ
അറിവുള്ളവരെല്ലാം
വിളക്കുവച്ചു പാട്ടുകേൾക്കും
അഞ്ചരിയും കറിവയ്ക്കാനും
തരുമേടാ തിരുവരങ്കാ''

41 ഭാർഗ്ഗവൻപിള്ള. ജി. അവതാരിക. പാണപ്പാട്ടുകൾ (തിരുവല്ല, സാഹിത്യവേദി 1961).

42 ശ്രീകൃഷ്ണലീലകൾ, പൂതനാമോക്ഷം, ഗോപികമാരുടെ പ്രാർത്ഥന, തുടങ്ങിയവ ഉദാഹരണം.

43 അതേ പുസ്തകം, പുറം.25.

തുടങ്ങിയ വരികൾ പ്രസിദ്ധമാണ്.

പാണന്മാർ പാട്ടുപാടി നടക്കുന്ന ചിത്രങ്ങളാണ് തമിഴ് സംഘംകൃതികളിൽ കാണുന്നത്. ജാതിപരമായി നാം പറയുന്ന പാണന്മാരാണോ ഇവരെന്ന് സംശയമുï. എങ്കിലും പ്രാചീനത വളരെയുï് പാണപ്പാട്ടുസങ്കല്പത്തിന്. സംഘകൃതികളുടെ കാലത്ത് (ബി.സി. മൂന്നാം ശതകം – എ.ഡി. മൂന്നാം ശതകം). മായോൻ എന്ന പേരിൽ കൃഷ്ണനെ ആരാധിക്കുന്ന രീതിയും സംഘകൃതികളിൽ കാണുന്നുï്.

നിരക്ഷരരായ ഒരു ജനസമൂഹം ഉപജീവനാർത്ഥം പാടിപ്പോരുന്ന പാട്ടുകളിലും കൃഷ്ണചൈതന്യം നിറഞ്ഞുനില്ക്കുന്നു. സമൂഹത്തിലെ ഉച്ചനീചത്വങ്ങൾ ബാധിക്കാതെ, ഏതൊരു വിഭാഗവും കൃഷ്ണകഥകൾ പാടുന്നു. അവർണ്ണനും സവർണ്ണനും ശൂദ്രനും ബ്രാഹ്മണനും സമ്പന്നനും ദരിദ്രനും പണ്ഡിതനും പാമരനും കൃഷ്ണസങ്കല്പത്തെ അവരവരുടേതായ രീതിയിൽ സ്വീകരിച്ചിരിക്കുന്നു.

ഭക്തിയുടെ തലത്തിൽ നിന്നാണ് കൃഷ്ണസങ്കല്പം രൂപം പ്രാപിക്കുന്നത് എന്ന ഒറ്റവാചകത്തിൽ കൃഷ്ണസങ്കല്പത്തിന്റെ വളർച്ചയും വ്യാപ്തിയും ഒതുക്കുകവയ്യ. ഭക്തിയുടെ തലം എന്തെന്ന് മനസ്സിലാക്കണം. അത്തരമൊരു തലം രൂപപ്പെടാനുള്ള സാഹചര്യവും ആ സാഹചര്യത്തിൽ ഈശ്വരസങ്കല്പത്തിനു കൈവന്ന പ്രസക്തിയും തിരിച്ചറിയണം.

ഒരു കാലഘട്ടത്തിൽ ഭക്തി ഒരു പ്രസ്ഥാനമായി മാറുന്നു. ഭക്തിപ്രസ്ഥാനത്തെ പോഷിപ്പിക്കാൻ ഭക്തിവിഷയകമായ സാഹിത്യമുïായി. സാഹിത്യത്തിൽ ഭക്തിയുടെ നവഭാവങ്ങളും ഉപയോഗപ്പെടുത്തി. മധുരഭക്തി പ്രത്യേകവിഭാഗമായി വികാസം പ്രാപിച്ചു. ഭക്തിപ്രസ്ഥാനത്തിന്റെ സ്വാധീനം എല്ലാ ഭാരതീയ ഭാഷകളിലെയും സാഹിത്യത്തിന്റെ വളർച്ചയ്ക്കു കാരണമായി. മലയാളത്തിലും ധാരാളം ഭക്തികാവ്യങ്ങൾ രൂപംകൊïു.

# അദ്ധ്യായം 2

# ഭക്തിസങ്കല്പവും ഭക്തിസാഹിത്യവും

2.1. ഭക്തിസങ്കല്പം

2.2. ഭക്തിപ്രസ്ഥാനം

2.3. വൈഷ്ണവസാഹിത്യം

2.4. മധുരഭക്തി

അധ്യായം 2

# ഭക്തിസങ്കല്പവും ഭക്തിസാഹിത്യവും

## 2.1. ഭക്തിസങ്കല്പം

ഒരുവനിൽ നൈസർഗ്ഗികമായി കാണുന്ന മനുഷ്യപ്രേമം വികസിപ്പിച്ച് ഈശ്വരോന്മുഖമാക്കുമ്പോൾ അത് ഭക്തിയായി മാറുന്നു. സേവനം എന്ന് അർത്ഥം വരുന്ന 'ഭജ്'ധാതുവും സ്നേഹം എന്ന് അർത്ഥം വരുന്ന 'ക്തീൻ' പ്രത്യയവും ചേർന്നാണ് ഭക്തി എന്ന പദം രൂപം കൊള്ളുന്നത്.[1] ഭക്തിയെ നിർവ്വചിക്കാനും സാധനാരീതികളെ വിവരിക്കാനും പുരാതനകാലംതൊട്ടുതന്നെ പലരും ശ്രമിച്ചിട്ടു്. ഇതിന്റെ ഫലമായി ധാരാളം ഗ്രന്ഥങ്ങളുായി. ഭാഗവതപുരാണം, ഭഗവദ്ഗീത, ശാണ്ഡില്യഭക്തിസൂത്രം, നാരദഭക്തിസൂത്രം തുടങ്ങിയവ ഭക്തിയെ വിശിഷ്ടമായി വ്യാഖ്യാനിക്കുന്ന പ്രാമാണിക ഗ്രന്ഥങ്ങളാണ്. ഭക്തിപ്രധാനങ്ങളായ പുരാണങ്ങളെല്ലാം ഭക്തിസൂത്രങ്ങളുടെ സ്വതന്ത്രവും വിപുലവുമായ വ്യാഖ്യാനങ്ങളാണെന്നു പറയാം. ''ഈശ്വരനോടുള്ള പരമപ്രേമരൂപമാണുഭക്തി''യെന്ന് നാരദൻ ഭക്തിയെ വ്യാഖ്യാനിക്കുന്നു.[2] അതിയായ സ്നേഹം തന്നെയാണ് ഭക്തി. സ്നേഹത്തെ വ്യാഖ്യാനിക്കാനോ നിർവ്വചിക്കാനോ എളുപ്പമല്ലെങ്കിലും അനുഭവിക്കാൻ സാധിക്കുന്നു. ഭക്തിയും ഈവിധം അനുഭവിച്ചറിയേതുതന്നെ.

വേദങ്ങളിൽ ഭക്തിയുടെ നിയതമായ രൂപഭാവങ്ങളെക്കുറിച്ചുള്ള പരാമർശമില്ല. എന്നാൽ മനുഷ്യശക്തിയ്ക്കുപരിയായി പ്രപഞ്ചത്തെ സൃഷ്ടിക്കുകയും രക്ഷിക്കുകയും സംഹരിക്കുകയും ചെയ്യുന്ന ഒരു ശക്തിയുന്ന് വേദങ്ങൾ വിശ്വസിച്ചു. ആ ശക്തിയിൽ അഭയംതേടാനും അതിനെ ആരാധിക്കാനുമുള്ള ശ്രമത്തിൽ നിന്നാണ് ഭക്തി സങ്കല്പം രൂപം കൊള്ളുന്നത്. ഭക്തി പല രീതിയിൽ പ്രകടമാവുന്നു.[3]

---

1 പുരുഷോത്തമൻ ചെറുകുന്നം, പൂന്താനവും ഭക്തിപ്രസ്ഥാനവും, (തിരുവനന്തപുരം, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, 1992), പുറം 2.

2 ''സാ ത്വസ്മിൻ പരമപ്രേമരൂപാ'' – നാരദഭക്തിസൂത്രം 1.2. (തൃശൂർ: ശ്രീരാമകൃഷ്ണമഠം, 1988).

3 ഗുണമാഹാത്മ്യാസക്തി രൂപാസക്തി
പൂജാസക്തി സ്മരണാസക്തി
ദാസ്യാസക്തി സഖ്യാസക്തി
വാത്സല്യാസക്തി, കാന്താസക്തി
ആത്മനിവേദനാസക്തി, തന്മയതാ–
സക്തി, പരമവിരഹാസക്തിരൂപാ–
ഏകധാ അഹ ഏകാദശധാഭവതി (നാരദഭക്തിസൂത്രം 5.82)

ഭക്ത്യാനുഭൂതി വർണ്ണിക്കാൻ സിദ്ധന്മാർ സ്ത്രീപുരുഷപ്രേമത്തിന്റെ ഭാഷ ഉപയോഗിക്കാറു്. നായികാനായകന്മാരുടെ ഉൽകൃഷ്ടവും ഉച്ചവുമായ പ്രേമത്തിൻ ഐക്യഭാവമു്. ഭക്തനും ഇഷ്ടദേവനും തമ്മിൽ സംഭവിക്കുന്നത് ഇത്തരമൊരു ഐക്യമാണ്. ''നായികാനായകഭാവത്തിലുള്ള ഭക്തിയെ മധുരഭക്തിയെന്നുപറയുന്നു''.[4]

മനുഷ്യജീവിത ലക്ഷ്യങ്ങളായ ധർമാർത്ഥകാമമോക്ഷങ്ങളിൽ പരമപ്രാധാന്യം മോക്ഷമാണ്. ഭഗവാൻ വാസുദേവനെ പരമതത്ത്വമായി പ്രഖ്യാപിക്കുകയും മന്ത്രം, തന്ത്രം, ആരാധന, ഭക്തി എന്നിവയിലൂടെ ഭഗവത് സാക്ഷാത്കാരം നേടാമെന്നു പഠിപ്പിക്കുകയും ചെയ്തിരുന്ന സമ്പ്രദായത്തിന് ഏറെ പഴക്കമു്.

വാസുദേവനു മുഖ്യസ്ഥാനം നൽകിക്കൊ് ഭഗവാൻ നേരിട്ട് നാരദനുപദേശിച്ചതാണ് ഭാഗവതമതം എന്നാണ് വിശ്വാസം.[5] പരമാത്മാവാണ് വാസുദേവൻ. പരമാത്മാവിന്റെ മൂർത്തിഭേദങ്ങളാണ് വാസുദേവൻ, സങ്കർഷണൻ, പ്രദ്യുമ്നൻ, അനിരുദ്ധൻ എന്നിവർ. സങ്കർഷണൻ എല്ലാ ജീവൽതത്ത്വങ്ങളേയും പ്രതിനിധീകരിക്കുന്നു. സങ്കർഷണനിൽനിന്ന് പ്രദ്യുമ്നൻ അഥവാ മനസ്സ് ഉാവുന്നു. പ്രദ്യുമ്നനിൽനിന്ന് അനിരുദ്ധൻ അല്ലെങ്കിൽ ആത്മചൈതന്യത്തിന്റെ ഉദയം ഉാവുന്നു.

ഭാഗവതമതം ഏകേശ്വരവാദമാണ്. അതിലെ മുക്തിമാർഗ്ഗം ഭക്തിയോഗമാണ്. ഭഗവദ്ഗീതയ്ക്കും പിൽക്കാലത്തുായ വൈഷ്ണവസമ്പ്രദായത്തിനും ആധാരമാകുന്നത് വാസുദേവ–കൃഷ്ണസമ്പ്രദായമാണ്. ഭാഗവതധർമ്മത്തിന്റെ ആധാരഗ്രന്ഥങ്ങളിൽ പ്രധാനം ശ്രീമദ്ഭാഗവതമഹാപുരാണംതന്നെയാണ്. സനത്കുമാര മഹർഷി നാരദമഹർഷിയ്ക്ക് ചൊല്ലിക്കൊടുത്ത ഉപദേശം അദ്ദേഹം വേദവ്യാസനുപദേശിച്ചു. ധ്യാനത്തിൽ മുഴുകിയ വ്യാസമഹർഷി ശ്രീകൃഷ്ണലീലകൾ സാക്ഷാത്കരിച്ചു. അത് കാവ്യരൂപത്തിലാവിഷ്കരിച്ച് ശ്രീശുകബ്രഹ്മർഷിയെ പഠിപ്പിച്ചു. ശ്രീശുക ബ്രഹ്മർഷി അത് പരീക്ഷിത്തിനെ ചൊല്ലിക്കേൾപ്പിച്ചു. അതിനെ ഭാഗവതമെന്നംഗീകരിച്ചു. പിന്നീട് നൈമിശാരണ്യത്തിൽ ദീർഘസത്രമനുഷ്ഠിച്ചിരുന്ന ശൗനകാദിഋഷികൾക്ക് ഇതേ ഭാഗവതം രോമഹർഷണപുത്രനായ സൂതൻ

---

4 അതേ പുസ്തകം പുറം 74.

5 നരനാരായണന്മാരെ സന്ദർശിക്കാൻ ബദര്യാശ്രമത്തിലെത്തിയ നാരദൻ, കർമ്മാനുഷ്ഠാനങ്ങൾ നടത്തുന്ന നാരായണനെക് അവിടത്തേയ്ക്കും ആരാധ്യദേവനുാേ എന്നു ചോദിച്ചു. താൻ പരമതത്ത്വത്തെയുപാസിക്കയാണ് എന്നായിരുന്നു മറുപടി. പരമതത്ത്വത്തെ സാക്ഷാത്ക്കരിക്കാനെത്തിയ നാരദന് വാസുദേവമതം വിവരിച്ചു കിട്ടുന്നു.
രാധാകൃഷ്ണൻ എസ്., ഭാരതീയദർശനം, (കോഴിക്കോട്: മാതൃഭൂമി പ്രിന്റിംഗ് ആന്റ് പബ്ലിഷിംഗ് കമ്പനി, 1996), പുറം 449.

വിവരിച്ചുകൊടുത്തു. ഭാഗവതം പോലെത്തന്നെ കൃഷ്ണകഥ പറയുന്നവയാണ് ഹരിവംശവും വിഷ്ണുപുരാണവും. ക്രിസ്ത്വബ്ദം ആറാം ശതകം മുതൽ ദക്ഷിണേന്ത്യയിൽ ഭക്തിക്കുായ പ്രാധാന്യം ഭാഗവതത്തിന്റെ പ്രാധാന്യത്തിനു വഴിതെളിച്ചു. അവതാരവിശ്വാസം ഭാഗവതധർമ്മത്തിന്റെ മുഖ്യഘടകമാണ്. ഭാഗവതത്തിന്റെ യഥാർത്ഥമഹത്ത്വം അതിലെ ഭക്തിസിദ്ധാന്തത്തിൽ അധിഷ്ഠിതമാണ്.

### ഭാഗവതം

ഭാഗവതം പന്ത്രുസ്കന്ധങ്ങളായിട്ടാണ് വിഭജിച്ചിരിക്കുന്നത്. വരാഹാവതാരം മൂന്നാം സ്കന്ധത്തിലും നരസിംഹാവതാരം ഏഴാം സ്കന്ധത്തിലും മത്സ്യം, കൂർമ്മം എന്നീ അവതാരങ്ങൾ എട്ടാം സ്കന്ധത്തിലും പരശുരാമാവതാരം ഒമ്പതാം സ്കന്ധത്തിലും ശ്രീകൃഷ്ണാവതാരം പത്താം സ്കന്ധത്തിലും ആവിഷ്കരിക്കുന്നു. ശ്രീകൃഷ്ണാവതാരത്തെക്കുറിച്ചു പറയുന്ന ദശമസ്കന്ധമാണ് താരതമ്യേന ദീർഘമായത്. ഭാഗവതത്തിലെ കൃഷ്ണവർണ്ണനകൾ ആധുനികരുൾപ്പെടെയുള്ള പിൽക്കാലകവികൾക്ക് അക്ഷയഖനിയായി മാറി. കൃഷ്ണഗാഥ, നാരായണീയം തുടങ്ങിയ ധാരാളം കൃതികൾ ഭാഗവതത്തിലെ കൃഷ്ണാവതാരവർണ്ണനയെ സ്വീകരിച്ചിട്ട്. പതിനൊന്നാം സ്കന്ധത്തിൽ ഭഗവത്ധർമ്മകഥനവും സ്വർഗ്ഗാരോഹണവും നിബന്ധിച്ചിരിക്കുന്നു. ''ഭാഗവതത്തിലെ പന്ത്ര് സ്കന്ധങ്ങളും ഭഗവാന്റെ ഓരോ അംഗങ്ങളായിട്ടും''[6] പൂർണ്ണമായ ഭാഗവതം ഭഗവാന്റെ പരിപൂർണ്ണ രൂപമായിട്ടും ആചാര്യന്മാർ കല്പിച്ചിരിക്കുന്നു. ഒമ്പതുവിധത്തിലുള്ള ഭക്തിയെക്കുറിച്ച് ഇതിൽ പറയുന്നു്.[7]

### ഭഗവദ്ഗീത

ഭാഗവതധർമ്മത്തിന്റെ ആധികാരികഗ്രന്ഥമാണ് ഭഗവദ്ഗീത. കൃഷ്ണാർജുനസംവാദരൂപത്തിലാണ് ഭഗവദ്ഗീതയുടെ ഇതിവൃത്തം. യുദ്ധക്കളത്തിൽ ആയുധം വച്ചു തളർന്നുനിൽക്കുന്ന അർജ്ജുനന് പരമാത്മാവിന്റെ സ്വരത്തിൽ കൃഷ്ണനരുളിയ തത്ത്വങ്ങളാണ് ഭഗവദ്ഗീതാരൂപത്തിൽ വ്യാസൻ പറയുന്നത്. ഗീതയിലെ സർവ്വപ്രധാനമായ തത്ത്വം പരബ്രഹ്മമാണ്. അവ്യക്തരൂപത്തിൽ പ്രപഞ്ചം മുഴുവൻ നിറഞ്ഞുനിൽക്കുന്നതാണീ തത്ത്വം. കൃഷ്ണൻ സ്വയം പരമാത്മാവായി പ്രഖ്യാപി

[6] പ്രഥമസ്കന്ധം - പാദപത്മങ്ങൾ, ദ്വിതീയസ്കന്ധം - മുഴങ്കാലുകൾ, തൃതീയസ്കന്ധം - തുടകൾ, ചതുർത്ഥസ്കന്ധം - കടിപ്രദേശം, പഞ്ചമസ്കന്ധം - നാഭീദേശം, ഷഷ്ഠസ്കന്ധം - ഹൃദയം, സപ്തമസ്കന്ധം - മാറിടം, അഷ്ടമം - കണ്ഠം, നവമം - തോളുകൾ, ദശമം - മുഖം (അതിൽ നേത്രങ്ങൾ, ശ്രോത്രങ്ങൾ, നാസിക എന്നീ ജ്ഞാനേന്ദ്രിയങ്ങൾ ഉൾപ്പെടുന്നു), ഏകാദശം - ശിരസ്സ്, ദ്വാദശം - ഭഗവാന്റെ ശിരസ്സിൽ ബ്രഹ്മസ്ഫൂർത്തി സ്ഥാനമായ ബ്രഹ്മരന്ധ്രം.

[7] ഭാഗവതം 7, 5, 23.
ശ്രവണം കീർത്തനം വിഷ്ണോ സ്മരണം പാദസേവനം
അർച്ചനം വന്ദനം ദാസ്യം സഖ്യമാത്മനിവേദനം

ച്ചുകൊും വിശ്വരൂപവിലാസം പ്രത്യക്ഷമാക്കിയും യാഥാർത്ഥ്യത്തെക്കുറിച്ച് ഉപദേശം നൽകുന്നതാണ് ഗീതയിലെ വിശേഷ മഹത്ത്വം. താനാണ് പ്രപഞ്ച സ്രഷ്ടാവെന്നും രക്ഷകനെന്നും കൃഷ്ണൻ ആവർത്തിക്കുന്നു. ബ്രഹ്മം എന്താണെന്നും ആ പരമസത്യം പ്രപഞ്ചമാകെ എങ്ങനെ വ്യാപിച്ചുനിൽക്കുന്നു എന്നുമുള്ള അറിവാണ് ജ്ഞാനം. ജ്ഞാനമാണു ഗീതയിലെ പ്രതിപാദ്യം.

ഒരു സാഹിത്യകൃതിയ്ക്ക് ജനഹൃദയങ്ങളിൽ നേടാൻ കഴിഞ്ഞ സുദൃഢമായ സ്ഥാനം ആ ഗ്രന്ഥത്തിന്റെ പ്രാധാന്യത്തിന്റെ തെളിവായി ഗണിക്കാമെങ്കിൽ ഗീത ഭാരതീയ വിചാരപദ്ധതിയിലെ ഏറ്റവും സ്വാധീനശക്തിയുള്ള ഗ്രന്ഥമാണ്.[8]

## നാരായണീയം

ഭാഗവതത്തിന്റെ ഏകദേശസംഗ്രഹമാണ് നാരായണീയം. പന്ത്രണ്ടു സ്കന്ധങ്ങളിൽ മുന്നൂറ്റി മുപ്പത്തിയഞ്ച് അധ്യായങ്ങളിലായി പതിനെട്ടായിരം ശ്ലോകങ്ങളുള്ള ഭാഗവതത്തെ സാരം ചോർന്നുപോവാതെ ലളിതമായ ഭാഷയിൽ ചുരുക്കി പ്രതിപാദിച്ചിരിക്കുന്നു. ഭഗവന്മഹിമയുടെ വർണ്ണനയാണ് ഇതിവൃത്തം. ഭാഗവതം ആദി മുതൽ ഒൻപതു സ്കന്ധങ്ങളിൽ പ്രതിപാദിക്കുന്ന കഥകളെ നാരായണീയത്തിൽ മുപ്പത്താറു ദശകങ്ങളിലായി വർണ്ണിക്കുന്നു. ദശമസ്കന്ധത്തിൽ വിവരിക്കുന്ന കൃഷ്ണാവതാരകഥ നാരായണീയത്തിലെ മുപ്പത്തേഴാം ദശകത്തിലാരംഭിക്കുന്നു.

നായകോൽക്കർഷത്തിനു വേതല്ലാത്ത പുരാണസന്ദർഭങ്ങൾ, വിട്ടുകളഞ്ഞിരിക്കുന്നു. തികഞ്ഞ ഔചിത്യബോധം ഇതിൽ പ്രകടമാണ്. ഭാഗവതം മാതൃകയാക്കിയെങ്കിലും അതിന്റെ പുരാണസ്വഭാവം നാരായണീയത്തിനില്ല. നാരയണീയം സ്തോത്രശക്തിയാണ്. ശ്രദ്ധേയമായ മറ്റൊരു സവിശേഷത ശ്രീകൃഷ്ണകഥാപ്രതിപാദനത്തിൽ നാരയണീയം ഭഗവാന്റെ സ്വർഗാരോഹണം പാടേ ത്യജിച്ചിരിക്കുന്നു എന്നതാണ്. ഗുരുവായൂർ ക്ഷേത്രത്തിൽ ഇപ്പോഴും ഭഗവാൻ വാണരുളുന്നു. അദ്ദേഹത്തിന്റെ സന്നിധാനത്തിലിരുന്നു താൻ ശ്ലോകം നിർമ്മിക്കുന്നു. നാരയണീയകർത്താവിന്റെ ഭാവന ഇപ്രകാരമാണ്.

ശ്രീകൃഷ്ണാവതാരകഥയിലെ ഹൃദയസ്പർശിയായ അംശമാണ് ഗോപികാപ്രേമം. ഗോപികമാരുടെ മധുരഭക്തിയെ സംസ്കരിച്ച് ഭഗവാൻ അവരെ ജീവന്മുക്താവസ്ഥയിലേക്കുയർത്തിയ കഥ ഭാഗവതത്തിൽ വിശദമായി പറയുന്നു്. മർമ്മപ്രധാനമായ അംശങ്ങൾക്ക് കോട്ടം തട്ടാതെ മേല്പത്തൂർ ഇത് സംഗ്രഹിച്ചിട്ടു്. രാധയെ പ്രത്യേകം നിർദ്ദേശിക്കുന്നുവെന്നത് നാരായണീയത്തിന്റെ സവിശേഷത

---

[8] രാധാകൃഷ്ണൻ എസ്., ഭാരതീയ ദർശനം (കോഴിക്കോട്: മാതൃഭൂമി പബ്ലിക്കേഷൻസ്, 1978), പുറം 477.

യാണ്. രാസക്രീഡാപ്രകരണത്തിലും രാധാകൃഷ്ണപ്രേമവർണ്ണനയിലും ഇട യ്ക്കുള്ള രാധാ പ്രസ്താവങ്ങളിലും

> വ്യവഗമസമയേ സമേത്യ രാധാം
> ദൃഢമുപഗുഹ്യ നിരീക്ഷ്യ വീതഖേദാം
> പ്രമുദിത ഹൃദയ പുരം പ്രയാത
> പവനപുരേശ്വര പാഹിമാം ഗദേഭ്യഃ (84:11)

എന്നിങ്ങനെയുള്ള സവിശേഷ സന്ദർഭങ്ങളിലും രാധയെക്കുറിച്ചു പ്രസ്താവമു്. ഈ സന്ദർഭങ്ങൾ ഭാഗവതത്തിലില്ലാത്തതാണ്. മാനവഭാവനയിലാണ് കൃഷ്ണനെ സങ്കല്പിച്ചിട്ടുള്ളത്. ഭാഗവതത്തെ മാതൃകയാക്കി രാസക്രീഡയും അവതരിപ്പിക്കു ന്നു. കേവലഭക്തികൊുമാത്രം ഈശ്വരസാക്ഷാത്ക്കാരം സിദ്ധിച്ചവരാണ് ഗോപി മാർ. ഈ കഥ ഭക്തിയുടെ ആദർശമായി രൂപാന്തരം പ്രാപിച്ച് വൈഷ്ണവസമ്പ്രദാ യക്കാരിൽ സ്വാധീനം ചെലുത്തി.

## 2.2. ഭക്തി പ്രസ്ഥാനം

ഉത്തരേന്ത്യൻ ജനതയുടെ ആഭ്യന്തരരംഗത്ത് അസ്വസ്ഥതകളും അശാ ന്തിയും വളർന്ന കാലഘട്ടമാണ് പന്ത്രാം നൂറ്റ്. ഈ അന്തരീക്ഷത്തിൽ സാംസ്കാ രികവും സാഹിത്യപരവുമായ പ്രസ്ഥാനങ്ങൾ തങ്ങളുടെ പ്രവർത്തനങ്ങൾ ശക്തി പ്പെടുത്തി. കബീർ, ചൈതന്യൻ എന്നിവർ ഭക്തിപ്രസ്ഥാനത്തിനു നേതൃത്വം നൽകി. ''നിലവിലുായിരുന്ന വാസുദേവ-കൃഷ്ണപൂജ, ഗോപീകൃഷ്ണപൂജ, ലോകനാഥപൂജ എന്നീ സമ്പ്രദായങ്ങൾ പരിഷ്കരിച്ചുകൊ് ചൈതന്യൻ കൃഷ്ണാ രാധനയ്ക്ക് പ്രാധാന്യം കൊടുത്തു. ആരാധനയിലെ സ്ത്രീപുരുഷദ്വന്ദ്വം എന്ന സങ്കല്പത്തെ അടിസ്ഥാനമാക്കി രാധാ-കൃഷ്ണഭക്തിയ്ക്ക് പ്രാധാന്യം നൽകി. ചൈതന്യനെ കേന്ദ്രമാക്കി വൃന്ദാവനപ്രസ്ഥാനം വളർന്നുവന്നു.''[9]

ബംഗാളിലെ വൃന്ദാവന പ്രസ്ഥാനത്തിന് സമാന്തരമായി മഹാരാഷ്ട്രയിൽ വിട്ഠലഭക്തി പ്രസ്ഥാനം പ്രചരിച്ചു. ഈ പ്രസ്ഥാനത്തിന് പ്രചാരം നൽകിയത് രാമാനന്ദനാണ്. വൃന്ദാവനപ്രസ്ഥാനം രാധയേയും കൃഷ്ണനേയും അടിസ്ഥാനമാ ക്കിയപ്പോൾ വിട്ഠലഭക്തിപ്രസ്ഥാനം രുഗ്മിമിണിയേയും കൃഷ്ണനേയും തത്സ്ഥാനത്ത് പ്രതിഷ്ഠിച്ചു. ഏകനാഥൻ, തുക്കാറാം തുടങ്ങിയവരിലൂടെ വിട്ഠല ഭക്തിപ്രസ്ഥാനം ശക്തിപ്രാപിച്ചു.

---

9 സുകുമാർ സെൻ, ബംഗാളിസാഹിത്യചരിത്രം, (കോട്ടയം: എസ്.പി.സി.എസ്., 1966, പുറം 103).

ഭക്തിപ്രസ്ഥാനക്കാരായ ആചാര്യന്മാർ സാമാന്യജനങ്ങളുടെയിടയിൽ മതപരമായ ഉണർവ്വുാക്കി.[10] മധ്വൻ (എ.ഡി. 1119), നിംബാർക്കൻ (പന്ത്രാം ശതകം), രാമാനന്ദൻ (1400–1470), കബീർ (1440–1518), നാനാക്ക് (1469–1538), ചൈതന്യൻ (1486 –1533), വല്ലഭൻ (1509–1529), മധുസൂദനസരസ്വതി (പതിനാറാം ശതകം) തുടങ്ങിയവരാണ് തനതായ സംഭാവനകൾനൽകി ഭക്തിപ്രസ്ഥാനത്തെ നയിച്ച ആചാര്യന്മാർ. ഇവരുടെ സാമൂഹികപശ്ചാത്തലം അന്വേഷിക്കുമ്പോൾ, പരമ്പരാഗത പൗരോഹിത്യ വിഭാഗത്തിൽപെടാത്തവരും വർണ്ണവ്യവസ്ഥയുടെ താഴ്ന്ന ശ്രേണിയിൽ നിൽക്കുന്നവരുമാണ് ഇവർ എന്നുകാണാം. ചെരുപ്പുകുത്തിയായ രായിദാസ്, നെയ്ത്തുകാരനായ കബീർ, നൂൽനൂൽപ്പുകാരനായ ദാദു, കച്ചവടപാരമ്പര്യത്തിലുള്ള തുക്കാറാം, നാഥക്ക്, തുന്നൽക്കാരനായ നാമദേവ്, കർഷകനായ വേമണ്ണ, ശൂദ്രരായ കണ്ണശ്ശക്കവികൾ, എഴുത്തച്ഛൻ തുടങ്ങിയവർ തങ്ങളുടെ രചനകളിലൂടെ ഈശ്വരസേവ സാധാരണക്കാരിലെത്തിച്ചു. ഈശ്വരഭക്തി പൗരോഹിത്യമേൽക്കോയ്മയുള്ളവർക്കു മാത്രമല്ല സാധാരണക്കാർക്കും പ്രാപ്യമാണെന്ന് അവർ തെളിയിച്ചു. മാന്യതയുടെ അളവുകോലായി സമ്പത്തിനെ പ്രതിഷ്ഠിച്ചിരുന്ന സമൂഹത്തിൽ അതിനുപകരമായി സ്നേഹത്തെ നിർദ്ദേശിച്ചു. മീരാഭായി തുടങ്ങിയ സ്ത്രീകളും ഭക്തിപ്രസ്ഥാനത്തിന്റെ മുൻനിരയിൽ പ്രവർത്തിച്ചു.

### ഭക്തിപ്രസ്ഥാനത്തിന്റെ സാമൂഹ്യപശ്ചാത്തലം

ഭക്തിപ്രസ്ഥാനം അതിന്റെ മതപരവും സാഹിത്യപരവുമായ സംഭാവനകളേക്കാൾ സാമൂഹ്യപരിഷ്ക്കരണത്തിനു പ്രാധാന്യം കൊടുത്തു. ഹിന്ദുമതത്തിൽ നിലനിന്നിരുന്ന സതി പോലുള്ള ദുരാചാരങ്ങളും പൗരോഹിത്യമേധാവിത്തത്തോടുള്ളു അതൃപ്തിയും ഭക്തി പ്രസ്ഥാനത്തിന്റെ വളർച്ചയെയും വികാസത്തെയും സഹായിച്ചു. ഫ്യൂഡലിസത്തോടും ജാതിവ്യവസ്ഥയോടുമുള്ള ചെറുത്തുനിൽപ്പായി ജനസാമാന്യം ഭക്തിപ്രസ്ഥാനത്തെ സ്വീകരിച്ചു. ''മധ്യയുഗത്തിലെ വ്യത്യസ്തഭാഷകളോടും വ്യത്യസ്ത ജാതികളോടും വ്യത്യസ്ത മതങ്ങളോടുംകൂടിയ വിവിധ ജനവിഭാഗങ്ങളെ യോജിപ്പിച്ചണിനിരത്തിയ മഹത്തായ ഈ പ്രസ്ഥാനം ഒരു സങ്കരസംസ്കാരത്തിന്റെ വികാസത്തെ സഹായിച്ചു.''[11]

നാടുവാഴിത്തത്തിനും ജാതി വ്യവസ്ഥയ്ക്കുമെതിരായി ജനത്തെ ബോധവത്ക്കരിക്കുകയെന്ന ലക്ഷ്യം നേടിയെടുക്കുന്നതിനുള്ള ഉപാധികളായിരുന്നു ഭക്തി പ്രസ്ഥാനത്തിലെ സാഹിത്യകൃതികൾ. ബാഹ്യപ്രകടനങ്ങളോ അനുഷ്ഠാനങ്ങളോ

[10] ശ്രീധരമേനോൻ എ., കേരളചരിത്രം (മദ്രാസ്: വിശ്വനാഥൻ പ്രിന്റേഴ്സ് & പബ്ലിഷേഴ്സ്), പുറം 29.

[11] ദാമോദരൻ കെ., ഭാരതീയചിന്ത (തിരുവനന്തപുരം: കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, 1998), പു.432.

അല്ല സ്നേഹമാണ് ഭക്തിയുടെ അടിസ്ഥാനമെന്ന തിരിച്ചറിവുണർത്താൻ ഭക്തിപ്രസ്ഥാനം പ്രേരകമായി. രാഷ്ട്രീയവും സാമ്പത്തികവും സാംസ്കാരികവുമായ മണ്ഡലങ്ങളിൽ ഭാരതത്തിനു നേരിടേവന്ന പ്രതിസന്ധിഘട്ടങ്ങളിൽ ഭക്തിപ്രസ്ഥാനം പുതിയൊരു മാനവികതയുടെ സൃഷ്ടിക്കുവേി നിലകൊു. കെ. ദാമോദരൻ തന്റെ ഭാരതീയ ചിന്തയിൽ ഭക്തിപ്രസ്ഥാനത്തിന്റെ പൊതുതത്ത്വങ്ങളെ സംഗ്രഹിച്ചു പറയുന്നു്.[12]

സാമ്പത്തികമായും സാമൂഹികമായും ഉയർന്ന ശ്രേണിയിലുള്ള ഒരു ന്യൂനപക്ഷത്തിന്റെ നിയന്ത്രണത്തിലായിരുന്ന സാമാന്യജനത ഒരു രക്ഷാമാർഗമെന്ന നിലയിൽ ഭക്തിമാർഗ്ഗത്തെ സ്വീകരിച്ചു. ഏതു രീതിയിലന്വേഷിച്ചാലും ഭക്തിപ്രസ്ഥാനം മതത്തിന്റെ സൃഷ്ടിയല്ല, അക്കാലത്തെ സാമൂഹികാവസ്ഥയോടുള്ള ശക്തമായ പ്രതികരണമായിരുന്നുവെന്നു കാണാം. ഈ പ്രതികരണങ്ങൾക്ക് പിന്നീട് സംഘടിതരൂപമാകുകയും പരിഷ്ക്കരണസ്വഭാവമുള്ള സാമൂഹികപ്രസ്ഥാനമായി പരിണമിക്കുകയും ചെയ്തു. മധ്യകാലഭാരതത്തിലെ പുതിയൊരു സാംസ്കാരികൈക്യത്തിനും ഭക്തിപ്രസ്ഥാനം കാരണമായി.

12 മതപരിഗണന കൂടാതെ ജനങ്ങളുടെ ഐശ്വര്യത്തെ അംഗീകരിക്കുന്നു. 2. ദൈവത്തിനു മുന്നിൽ എല്ലാം മനുഷ്യരും സമന്മാരാണെന്നു തത്ത്വം ഉയർത്തിപ്പിടിക്കുന്നു. 3. ജാതിയുടെ അടിസ്ഥാനത്തിലുള്ള ഉച്ചനീചത്വങ്ങളെ നിഷേധിക്കുന്നു. 4. ദൈവവും മനുഷ്യനും തമ്മിലുള്ള സമ്പർക്കം സമ്പത്തിനെയോ ജാതിയേയോ മതത്തേയോ ആശ്രയിക്കുന്നില്ല. 5. മനുഷ്യസ്നേഹവും നിസ്വാർത്ഥമായ അർപ്പണ മനോഭാവവുമാണ് ഏറ്റവും ഉയർന്ന ആരാധനാ രൂപം.

**വൈഷ്ണവ പ്രസ്ഥാനം**

തമിഴ് ഭക്തിസാഹിത്യത്തിൽ വൈഷ്ണവവിഭാഗത്തെ പോഷിപ്പിച്ചവരാണ് വൈഷ്ണവർ. വിഷ്ണുവിനെ ഉപാസിക്കുന്നവൻ എന്നർത്ഥം. ഇവരിലൂടെ ഭക്തി മാർഗ്ഗത്തിനു ലഭിച്ച പുതിയ രൂപമാണ് വൈഷ്ണവഭക്തിപ്രസ്ഥാനം. പരമ്പരാഗത മായ ഭക്തിഭാവനയെ മൗലികമായി മാറ്റിമറിച്ച്, യജ്ഞകർമ്മാദികളിൽ മാത്രമൊതു ങ്ങിനിന്ന മതാചാരത്തിൽ നിന്നു വേർപെടുത്തി സാധാരണക്കാർക്കു മുന്നിലവതരി പ്പിച്ചു. സാധാരണക്കാരന്റെ ഭാഷയിൽ വൈകാരികമായി ഭക്തിയെ ആവിഷ്ക്കരി ക്കാൻ സാധിച്ചതുകൊ് ഭക്തിക്ക് ജനകീയ സ്വഭാവം ലഭിച്ചു. ഇതിലൂടെ ഭാഗവതം വിഭാവനം ചെയ്ത ഭക്തിഭാവവും ഗീത പ്രചരിപ്പിച്ച ഭക്തിദർശനവും ജനങ്ങളുടെയി ടയിൽ പ്രചരിച്ചു.

ഭക്തിസാധനയിൽ മധുരഭക്തിയുടെ മാർഗ്ഗമാണ് ആഴ്വാർമാർ സ്വീകരിച്ചത്. വൈഷ്ണവസിദ്ധാന്ത പ്രകാരം ഭക്തിയുടെ അവസാനത്തെ പടിയെ ആത്മസർമ പ്പണം, ആത്മനിക്ഷേപം തുടങ്ങിയ പദങ്ങളാൽ വിവക്ഷിക്കുന്നു.

## 2.3. വൈഷ്ണവ സാഹിത്യം

വൈഷ്ണവഭക്തിയുടെ ബീജരൂപം വൈദികമതത്തിൽത്തന്നെ സ്പഷ്ടമാ ണ്. വൈഷ്ണവസമ്പ്രദായത്തിന്റെ വ്യവസ്ഥാപിതമായ രൂപം പഞ്ചരാത്രം, സാത്വതം മുതലായവയിൽ കാണുന്നു്. വാസുദേവകൃഷ്ണന്റെ ഉപാസനാസമ്പ്രദാ യമടങ്ങുന്ന ഭാഗവതപദ്ധതിയാണ് പഞ്ചരാത്രമതം. ഭാഗവതധർമ്മത്തിന്റെ അടി സ്ഥാനമായി കരുതുന്ന ഗ്രന്ഥ സമുച്ചയമാണിത്. വ്യൂഹപൂജയാണ് പഞ്ചരാത്രപ്ര തിപാദിതമായ ആരാധന. ഇതിൽനിന്നാണ് വൈഷ്ണവഭക്തിയുടെ ഉൽപ്പത്തി. പ ിന്നീട് വൈഷ്ണവസമ്പ്രദായം പ്രചരിപ്പിക്കാൻ രാമന്റേയും കൃഷ്ണന്റേയും ചരി ത്രവും ലീലയും വർണ്ണിച്ച് ഭക്തിയെ ഉദ്ദീപിച്ചു. ഭാഗവതത്തിലെ കൃഷ്ണാവതാര വർണ്ണന മധ്യകാലകവികൾക്ക് വറ്റാത്ത സ്രോതസ്സായി മാറി.

''വൈഷ്ണവഭക്തിയുടെ വിവിധരൂപങ്ങൾ സ്ഥാപിച്ച ആചാര്യന്മാരുടെ കാലം പതിനൊന്നാം നൂറ്റാുമുതൽക്ക് പതിനാറാം നൂറ്റാുവരെയാണെന്നാണ് കരുതു ന്നത്.''[13] ആദ്യകാല വൈഷ്ണവാചാര്യന്മാർ സ്വന്തം സിദ്ധാന്തങ്ങൾ സംസ്കൃത ത്തിൽ രചിച്ചു. പിന്നീടുവന്ന വൈഷ്ണവപ്രചാരകർ അവയക്ക് വ്യത്യസ്തഭാഷക ളിൽ വ്യാഖ്യാനമെഴുതി വൈഷ്ണവസമ്പ്രദായം പ്രചരിപ്പിച്ചു. മാനവഹൃദയത്തിൽ ഭക്തിഭാവം ജനിപ്പിക്കുകയായിരുന്നു ഇതിന്റെ ലക്ഷ്യം. അതിനായി ദേവരൂപത്തെ

[13] സുധാംശു ചതുർവേദി – ഹിന്ദി സാഹിത്യ ചരിത്രം (തൃശൂർ: ഗീതാ പബ്ലിക്കേ ഷൻസ്) പുറം 89.

സുന്ദരതമമായി ചിത്രീകരിക്കുകയും മനുഷ്യഭാവങ്ങളോട് അടുത്തു നിൽക്കുന്ന വിധത്തിൽ ദേവന്മാരെ വർണ്ണിക്കുകയും ചെയ്തു. ഭക്തി, കരുണം, വീരം, ശൃംഗാരം എന്ന രസങ്ങളാവിഷ്ക്കരിക്കുന്ന ഉത്തമഗ്രന്ഥങ്ങൾ രചിച്ചു. ഭാരതീയ സാഹിത്യത്തിൽ ഈ വിഭാഗത്തിൽ മാത്രമാണ് സൗന്ദര്യത്തിന്റെയും മാധുര്യത്തിന്റേയും സുന്ദരമായ സമ്മേളനം കാണുന്നത്. പൂർണ്ണമായ ആത്മസമർപ്പണമാണ് വൈഷ്ണവസമ്പ്രദായത്തിന്റെ സ്വഭാവം. മധുരഭക്തിയിലൂടെയാണ് ഇത് സാധിക്കുന്നത്. പ്രേമാത്മകമായ ഭക്തി ജനിച്ചാൽ ഭക്തൻ അമരനും സിദ്ധനും തൃപ്തനുമായിത്തീരുന്നു.

ഉത്തരേന്ത്യൻ സാഹിത്യത്തിൽ – വൈഷ്ണവഭക്തിപ്രധാനമായ ധാരാളം കാവ്യങ്ങളു്. ഭാഗവതൻമാരായിരുന്നു വൈഷ്ണവസമ്പ്രദായത്തിന്റെ പ്രചാരകർ. വിദ്യാപതിയാണ് ഇതിന് ആരംഭം കുറിച്ചതെന്ന് വിശ്വസിക്കുന്നു. ഈ കാവ്യങ്ങളിൽ കൃഷ്ണഭക്തി ശൃംഗാരത്തിലധിഷ്ഠിതമാണ്.

കൃഷ്ണഭക്തരായ കവികളിൽ സൂർദാസിന് പ്രഥമസ്ഥാനമാണുള്ളത്. സൂരസാഗരത്തിൽ അദ്ദേഹം ഭാഗവതത്തെ ഉപജീവിച്ച് രാധാകൃഷ്ണന്മാരുടെ ലീലകൾ വർണ്ണിച്ചിരിക്കുന്നു. വാത്സല്യഭാവചിത്രണവും കാണുന്നുങ്കെിലും ശൃംഗാരപ്രധാനമാണിത്. ഭക്തിയോട് ശൃംഗാരത്തെ ചേർത്ത് അതിന്റെ രുവശങ്ങളായ സംയോഗത്തെയും വിയോഗത്തേയും മനോഹരമായി ചിത്രീകരിക്കുന്നു.

''തെക്കേയിന്ത്യയിൽ ഉടലെടുത്ത ഭാഗവതത്തിൽനിന്നാണ് ബംഗാളിലെ വൈഷ്ണവമതം പ്രചോദനം നേടിയതെന്ന് ഒരു ബംഗാളി സാഹിത്യചരിത്രം പറയുന്നു''.[14] ഇവിടെ ഭക്തിപ്രസ്ഥാനത്തിന് പ്രാചീനങ്ങളായ മൂന്ന് ഉറവിടങ്ങളാണ് അദ്ദേഹം കത്തെുന്നത്.[15] താന്ത്രികപൂജ അധഃപതിച്ച ബംഗാളിൽ സ്ത്രീ–പുരുഷ ബന്ധത്തെ പ്രതീകമാക്കി ഈശ്വരഭക്തിയെ ആവിഷ്ക്കരിക്കുന്ന രീതി (ഋ്യൗീശേര ങ്യെശേരശാ) രൂപംകൊു. ചൈതന്യനാണ് ബംഗാളിലെ വൈഷ്ണവപ്രസ്ഥാന സ്ഥാപകൻ. കൃഷ്ണനെ ബ്രഹ്മാവായി സങ്കല്പിച്ചുകൊുള്ള ചൈതന്യന്റെ സിദ്ധാന്തത്തിനും പ്രവർത്തനങ്ങൾക്കും വ്യാപകമായ പ്രചാരം ലഭിച്ചു. ചൈതന്യനെ ഭക്തർ രാധാകൃഷ്ണ അവതാരമായി കണക്കാക്കി. അദ്ദേഹത്തിന്റെ പ്രതിമ വച്ചു പൂജിക്കത്തക്കവിധത്തിൽ ജനമനസ്സുകളിൽ അദ്ദേഹം സ്ഥാനം നേടിയിരുന്ന

14 സുകുമാർ സെൻ, ബംഗാളി സാഹിത്യചരിത്രം, വിവ. എം.ജി. കൃഷ്ണവാര്യർ (കോട്ടയം, 1966), പുറം 98.

15 ക്രിസ്തുവിനുമുൻപേ നിലനിന്നുവന്ന വാസുദേവപൂജ, വിഷ്ണുവിനെപ്പറ്റി വൈദികപാരമ്പര്യത്തെ ആസ്പദിച്ചുായ ഗോപകൃഷ്ണപൂജ, ബുദ്ധമതത്തിൽ നിലനിന്നുപോന്ന ലോകനാഥപൂജ.

തായി സാഹിത്യചരിത്രകാരന്മാർ പറയുന്നു.[16] അദ്വൈതൻ, നിത്യാനന്ദൻ എന്നിവരിലൂടെ വൈഷ്ണവപ്രസ്ഥാനം കൂടുതൽ ശക്തിപ്രാപിച്ചു. രാധാ–കൃഷ്ണ പൂജയ്ക്ക് പിന്തുണ നൽകാൻ കാവ്യം, നാടകം, അലങ്കാരം, വ്യഖ്യാനങ്ങൾ എന്നിവ രചിച്ചു.

ബംഗാളിലെ വൈഷ്ണവസാഹിത്യത്തിൽ ഏറ്റവും പ്രധാനപ്പെട്ടത് ജയദേവ കവിയുടെ ഗീതഗോവിന്ദമാണ്. രാധാ–മാധവന്മാരുടെ രഹസ്യപ്രണയമാണിതിലെ പ്രതിപാദ്യം. രാധയ്ക്ക് ഭാരതത്തിലാകമാനം പ്രചാരം ലഭിക്കുന്നത് ഗീതാഗോവിന്ദത്തിന്റെ പ്രചാരത്തോടുകൂടിയാണ്.

സ്വന്തമായി തത്ത്വസംഹിതകളോ സിദ്ധാന്തങ്ങളോ ആവിഷ്ക്കരിച്ചിട്ടില്ലെങ്കിലും ആസ്സാമിയ സാഹിത്യത്തിലും വൈഷ്ണവസമ്പ്രദായം സ്വാധീനം ചെലുത്തി. ഭാരതത്തിലുായ വൈഷ്ണവനവോത്ഥാനത്തിന്റെ ഭാഗമായിരുന്നുവത്. സാധാരണ ജനങ്ങളുടെ സാംസ്കാരികനിലവാരം ഉയർത്തുന്നതിൽ വൈഷ്ണവപ്രസ്ഥാനം വിജയിച്ചു. വൈഷ്ണവപ്രസ്ഥാനപ്രചാരകർ ധാരാളം കീർത്തനങ്ങളും കാവ്യങ്ങളും രചിച്ചു. ഭക്തിയ്ക്കും ആത്മസമർപ്പണത്തിനുമായിരുന്നു പ്രാധാന്യം. ഭഗവദ്ഗീതയ്ക്ക് ഗദ്യത്തിലും പദ്യത്തിലും നിരവധി വ്യാഖ്യാനങ്ങളുായി.

ഒറിയ സാഹിത്യത്തിൽ ഭക്തിസാഹ്യത്തിന് മൂന്നു ധാരണകളാണുായത്. പുരി ജഗന്നാഥനെയും ജഗന്നാഥക്ഷേത്രവിശേഷങ്ങളെയും അടിസ്ഥാനപ്പെടുത്തിയുള്ള കാവ്യങ്ങൾ, രാധാകൃഷ്ണസങ്കല്പത്തെ അടിസ്ഥാനമാക്കിയുള്ള കാവ്യങ്ങൾ, വിഗ്രഹാരാധനയ്ക്കെതിരായി രചിച്ച കാവ്യങ്ങൾ എന്നിവയാണവ. ഇവയിൽ രാമത്തെ വിഭാഗത്തെ വൈഷ്ണവസങ്കല്പം കാര്യമായി സ്വാധീനിച്ചിരുന്നു.

ഗുജറാത്തി സാഹിത്യത്തിൽ വൈഷ്ണവഭക്തിയുടെ സ്വാധീനം തെളിഞ്ഞു കാണാം. ഒൻപതാം ശതകത്തിൽ രചിച്ച ഭാഗവതം കൃഷ്ണഭക്തിയെ പ്രമേയമാക്കുന്നു. കൃഷ്ണഗോപീലീലയെന്ന രാധാകൃഷ്ണസങ്കല്പവും വൈഷ്ണവഭക്തിയും ഒന്നുചേർന്ന് ശക്തിപ്പെട്ടു. വൈഷ്ണവ ജനതാ ............ എന്നാരംഭിക്കുന്ന മഹാത്മാഗാന്ധിയുടെ പ്രിയഗീതം ഗുജറാത്തിലെ ആദ്യകാല ഭക്തകവിയായ നരസിംഹമേത്തയുടേതാണ്.

കൃഷ്ണനെ കേന്ദ്രമാക്കി കാവ്യങ്ങൾ രചിച്ചവരുടെ കൂട്ടത്തിൽ മീരയ്ക്കു വിശിഷ്ടമായ സ്ഥാനമു്. അവർ മാധുര്യഭാവത്തിൽ ഭക്തിഭാവന സ്വീകരിച്ച് കൃഷ്ണനെ ആരാധിച്ചു. മീരയുടേതായി ഇരുന്നൂറിൽപ്പരം പദങ്ങൾ കിട്ടിയിട്ടു്.

16 അതേ പുസ്തകം, പുറം 102.

ഗോവർദ്ധനധാരിയായ കൃഷ്ണനായിരുന്നു മീരയുടെ പ്രേമപാത്രം. ''മീരയുടെ കവിതകളിൽ പ്രേമവും ഭക്തിയും, പ്രേമവും വിരഹവും എന്നീ മാനസിക ഭാവനകളുടെ സുന്ദരവും പരിപാവനവുമായ ചിത്രണം അത്ഭുതകരമായ വിധത്തിൽ ചെയ്തിരിക്കുന്നു''[17]വെന്ന് ഡോ. സുധാംശു ചതുർവേദി പറയുന്നു.

ദ്രാവിഡദേശത്തെ ഭഗവദ്ഭക്തന്മാരെപ്പറ്റി ഭാഗവതത്തിൽ സൂചനയുണ്ട്.[18] തമിഴകത്തെ ആഴ്വാർമാരെപ്പറ്റിയായിരിക്കണം ഇവിടെ ഉദ്ദേശിക്കുന്നത്. ഭാഗവത ധർമ്മത്തെ ഏറ്റവും അധികം പോഷിപ്പിച്ചവരാണ് ആഴ്വാന്മാർ. ഇവരെക്കുറിച്ച് അടുത്ത അധ്യായത്തിന്റെ ആരംഭത്തിൽ കൂടുതലായി പ്രതിപാദിക്കുന്നുണ്ട്.

വൈഷ്ണവസങ്കല്പത്തിലാണ് മധുരഭക്തി ഏറ്റവും കൂടുതൽ ഉപയോഗിച്ചിട്ടുള്ളത്. കൃഷ്ണനാണിതിലെ പ്രേമമൂർത്തി. നായികാനായകസങ്കല്പത്തിലെ നായിക പ്രേമഭക്തരും നായകൻ കൃഷ്ണനും. ഈ സങ്കല്പം വൈഷ്ണവസാഹിത്യത്തിൽ ധാരാളം കടന്നുവരുന്നുണ്ട്. മാനുഷികപ്രേമസങ്കല്പത്തിലെ സ്ത്രീയുടെ മനസ്സിനും മധുര ഭക്തിസങ്കല്പത്തിലെ പ്രേമഭക്തന്റെ മനസ്സിനുമാണ് സാദൃശ്യം കല്പിക്കുന്നത്. വാസുദേവകൃഷ്ണനെന്ന ഏക പുരുഷന്റെ മുന്നിൽ സർവ്വപ്രപഞ്ചവും സ്ത്രീരൂപത്തിലാണ് എന്നു പറയുന്നത് മധുരഭക്തിയുടെ സങ്കല്പത്തിൽ നിന്നുകൊണ്ടാണ്. വൈഷ്ണവസാഹിത്യത്തിലെ ആവിഷ്കാര രീതികൾ പരിശോധിക്കുമ്പോൾ മധുരഭക്തിയുടെ തലം കൂടുതൽ വ്യക്തമാവുന്നു.

## 2.4. മധുരഭക്തി

ഭക്തിയ്ക്ക് പല പല ഭാവങ്ങളുണ്ട്. ഭാഗവതം ഒൻപതുവിധത്തിലുള്ള ഭക്തിയെക്കുറിച്ചുപറയുന്നു. ഇവ കൂടാതെ പരമപ്രേമമെന്ന മധുരഭാവം കൂടി ഭക്തിയിൽ ഉൾച്ചേർന്നിട്ടുണ്ട്. ''സാ ത്വസ്മിൻ പരമപ്രേമരൂപാ'' എന്ന് നാരദഭക്തിസൂത്രം പറയുന്നു. ജീവാത്മാ-പരമാത്മാ ബന്ധത്തെ സ്ത്രീപുരുഷബന്ധത്തിന്റെ തലത്തിൽ വ്യാഖ്യാനിക്കുന്നു. സ്ത്രീപുരുഷന്മാർക്ക് പരസ്പരമുണ്ടാകുന്ന ആകർഷണത്തിന്റെ ശുദ്ധസാത്വികവും അലൗകികവുമായ വികസനത്തെയാണ് മധുരഭക്തിയെന്നു പറയുന്നത്. ഭക്തിയുടെ പാരമ്യത്തിലുണ്ടാവുന്ന ഉന്മാദദശയിലുള്ള ഈ മധുരഭാവത്തെ ലൗകികബുദ്ധിക്ക് ഗ്രഹിക്കുക പ്രയാസമാണ്.

---

17 സുധാംശു ചതുർവേദി, ഹിന്ദി സാഹിത്യചരിത്രം, പുറം 104.

18 കലൗ ഖലു ഭവിഷ്യന്തി നാരായണ പരായണാ
കചിൻ ക്വചിന്മഹാരാജ ദ്രവിഡേഷു ച ഭൂരിശഃ
താമ്രപർണ്ണീ നദീയത്ര കൃതമാലാ പയസ്വിനി
കാവേരി ച മഹാപുണ്യാ പ്രതീചി ച മഹാനദി

ഭാവനയ്ക്കും ചിന്തയ്ക്കും അതീതമായ നിർവൃതിയാണ് ഭക്തി. അതിനെ നിർവ്വചിക്കുക സാധ്യമല്ല. അതിനാൽ അനുഭവിച്ചു പരിചയമുള്ള ഒരു ഭാവത്തോട് ബന്ധപ്പെടുത്തി ഭക്തസിദ്ധന്മാർ ഭക്തിയെ വർണ്ണിച്ചു. ശാണ്ഡില്യൻ അനുരാഗത്തോടും നാരദൻ പ്രേമത്തോടും ഭക്തിയെ ഉപമിച്ചു. മനുഷ്യവികാരങ്ങളിലെ ഉൽക്കടവും ഉച്ഛൃംഖലവുമായ വികാരം പ്രേമമായതിനാൽ ഭക്ത്യുന്മാദികളായ കലാകാരന്മാർ ഭക്തിയെ നായികാ-നായക പ്രേമത്തിന്റെ രൂപത്തിൽ വർണ്ണിച്ചു അങ്ങനെ ഭക്തിപരമായ കാവ്യങ്ങൾ, നാടകങ്ങൾ, ചിത്രങ്ങൾ, ഗാനങ്ങൾ എന്നിവയക്ക് അനുരാഗച്ഛായ വന്നുകൂടി. അനുരാഗത്തിലെന്നപോലെ ഭക്തിയിലും സമാഗമത്തിൽ സന്തോഷവും വിരഹത്തിൽ ദു:ഖവുമു്. ഈ രവസ്ഥകൾ സംഭോഗശൃംഗാരത്തിന്റെയും വിപ്രലംഭ ശൃംഗാരത്തിന്റെയും ഭാഷയിൽ ഭക്തിസാഹിത്യത്തിലും അവതരിപ്പിക്കപ്പെട്ടു. ഈ മാർഗ്ഗത്തിൽക്കൂടി ആദ്ധ്യാത്മികത്വത്തിന്റെ ഉന്നതിയിൽനിന്ന് കാവ്യസംസ്കാരത്തിലേക്ക് ഭക്തിസാഹിത്യം ഇറങ്ങിവന്നു. മധുരഭക്തിവിഷയകമായ ധാരാളം കാവ്യങ്ങൾ രചിക്കപ്പെട്ടു.

ലൗകികപ്രേമത്തിന്റെ കറയറ്റ രൂപമാണ് ഭക്തി. പ്രേമത്തിലൂടെ വളർന്ന് പ്രേമരൂപനായ ഭഗവാനിൽ ഐക്യം പ്രാപിക്കുക എന്നതിൽ അത് എത്തിനിൽക്കുന്നു. ഭക്തിയുടെ ആരംഭവും വളർച്ചയും അവന് എല്ലാം ഭക്തിതന്നെ. ''ഭക്തൻ തന്റേതായ സകലവും ഭഗവാനർപ്പിക്കുന്നു. ഒടുവിൽ തന്റെ പ്രേമവുമർപ്പിക്കുന്നു. അതിന്റെ ഫലമായി കിട്ടുന്നതും പ്രേമം തന്നെ.''[19]

ഭക്തിസാധനങ്ങൾ കൊു ലഭ്യമായ ഭക്ത്യനുഭൂതിയെയാണ് പ്രേമം എന്നു വിളിക്കുന്നത്. ഉത്ക്കടവും ചിന്താതീതവുമായ അതിനെ വിവരിക്കവയ്യ. ഭൗതികലോകത്തോടുള്ള ബന്ധങ്ങൾ വേറിട്ട ഭക്തനും ഭഗവാനും തമ്മിലുള്ള യോഗമാണ് പ്രേമം. ആനന്ദത്തിന്റെ പരകോടിയാണത്. ''മൂകാസ്വാദനവത്''[20] എന്നതിനെ നാരദഭക്തിസൂത്രം പറയുന്നു. കലാകാരന്മാർ കൂടിയായ ഭക്തന്മാർ പാട്ടായും കാവ്യമായും ചിത്രമായും സ്വാനുഭവത്തെ ചിത്രീകരിക്കാൻ ശ്രമിക്കുന്നു. ലൗകികജീവിതത്തിലെ സുഖാനുഭവങ്ങളോടു ബന്ധപ്പെടുത്തിയായിരിക്കും അവ ചിത്രീകരിക്കുന്നത്.[21] പ്രേമഭക്തന്റെ മനസ്സിൽ ഭഗവാനിലുള്ള അഭിനിവേശമല്ലാതെ മറ്റു യാതൊരാഗ്രഹങ്ങളും പ്രവേശിക്കുന്നില്ല.

---

19 നാരദഭക്തിസൂത്രം, പുറം 123.

20 സംസാരിക്കാൻ വയ്യാത്തവൻ ആംഗ്യങ്ങൾ കൊും ശബ്ദങ്ങൾകൊും തന്റെ ആസ്വാദനാനുഭവം വിവരിക്കാൻ ശ്രമിക്കുന്നതു പോലെ പ്രേമഭക്തൻ തന്റെ പ്രേമാനുഭൂതി കരഞ്ഞും ചിരിച്ചും ആടിയും പാടിയും വെളിപ്പെടുത്തുന്നു.

21 പാരസികന്മാർ അതിനെ മദ്യലഹരിയോടുപമിക്കുന്നു. ഹൈന്ദവകവികൾ അതിനെ അമൃതെന്നും മധുരത്തിൽ മധുരമെന്നും, രതിസുഖമെന്നും വർണ്ണിക്കുന്നു. അതേ പുസ്തകം, പുറം 179.

ഏതു മനുഷ്യനും നിത്യാനുഭവമുള്ള മനോവൃത്തിയാണു പ്രേമം. വാത്സല്യം, സഖിത്വം, അനുരാഗം ഏതെങ്കിലും രൂപത്തിൽ ഓരോരുത്തരും അതിനെ അറിയുന്നു. ഇപ്രകാരമുള്ള ലൗകികപ്രേമങ്ങൾക്ക് നൈരന്തര്യമില്ല. എന്നാൽ യാതൊരു പരിണാമവും പ്രേമഭക്തനെ ബാധിക്കുന്നില്ല.

ഭഗവാന് ആത്മസമർപ്പണം നടത്തിയ ഭക്തനു തന്റേതായിട്ടൊന്നുമില്ല. തന്റേതായ എല്ലാ കർമ്മങ്ങളും അവന് ഫലേച്ഛകൂടാതെ ചെയ്യാൻ കഴിയും. ഭഗവത് സാക്ഷാത്ക്കാരം നേടുക എന്നതു മാത്രമാണാഗ്രഹം. സകല കർമ്മങ്ങളും ഈശ്വരാർപ്പണമായി ആചരിക്കുന്നവന്റെ മനോഭാവം എങ്ങനെയായിരിക്കുമെന്നു നാരദഭക്തിസൂത്രം പറയുന്നു്.[22]

''തന്റെ ചിത്തവൃത്തികൾ എനിക്കായി നിവേദനം ചെയ്തിട്ടുള്ളവനും ബ്രഹ്മപദവിയോ ഇന്ദ്രപദവിയോ ചക്രവർത്തി പദവിയോ പാതാളാധിപത്യമോ യോഗസിദ്ധികളോ പുർജ്ജന്മത്തിനതീതമായ മോക്ഷമോ കാംക്ഷിക്കാത്തവനുമാണവൻ. എന്നെയല്ലാതെ മറ്റൊന്നിനെയും അവൻ ആഗ്രഹിക്കുന്നില്ല''[23] എന്ന് ഭാഗവതവും ഉത്തമഭക്തനെപ്പറ്റി പറയുന്നു.

മധുരഭക്തിക്ക് ഉദാഹരണായി പറയാവുന്നത് ഗോപികമാരും കൃഷ്ണനും തമ്മിലുള്ള ബന്ധമാണ്. പരമപ്രേമമെന്ന മധുരഭാവമാണ് ഗോപികമാർ അവലംബിച്ചിരുന്നത്. സകലജീവിതവ്യാപാരങ്ങളും കൃഷ്ണാർപ്പണമാക്കി ജീവിക്കാൻ സാധിച്ചവരാണ് വ്രജത്തിലെ ഗോപികമാർ. ഏതു പ്രവൃത്തി ചെയ്യുമ്പോഴും ഉള്ളിൽ നിറഞ്ഞ പ്രേമത്താൽ അവർ കൃഷ്ണഗാനങ്ങൾ പാടിക്കൊിരുന്നു. മധുരഭക്തിയുടെ ഉച്ചകോടി രാസലീലയിലൂടെ ഗോപികമാർ അനുഭവിച്ചറിഞ്ഞു. അത്യുൽകൃഷ്ടമായ ആരാധനാ ഭാവവും അതുജ്ജ്വലമായ പ്രേമവും ചേർന്ന് യഥാർത്ഥ ഭക്തിയാകുന്നു. ഭക്തന്റെ എല്ലാം പ്രവൃത്തികളും ഭഗവത് പൂജയാകുന്നു.

മധുരഭക്തിയുടെ പ്രകടനമാണ് രാസലീല. ഭക്തിയുടെ വശ്യശക്തി അനുഭവവേദ്യമാക്കുന്നതിന് മധുരഭക്തിയുടെ മാർഗവും സ്വീകരിക്കുന്നു. കൃഷ്ണനെ കാമുകഭാവത്തിൽ കാണുമ്പോഴും അതിന്റെ അന്തർധാര ഭക്തിതന്നെയാണ്. കൃഷ്ണൻ ലീലാലോലുപനായ കാമുകനല്ല ഭഗവാനാണെന്ന് ഗോപികമാർക്കറി

---

22 ത്രിരൂപഭംഗപൂർവ്വകം നിത്യഭാസ
നിത്യകാന്താ ഭജനാത്മകം വാ . പ്രേമ ഏവ
കാര്യ പ്രേമ ഏവ കാര്യം
ഉത്തമ ദാസനെപ്പോലെയോ ഉത്തമപത്നിയെ പ്പോലെയോ ഭഗവാനെ എപ്പോഴും സേവിച്ചുകൊുള്ള പ്രേമം മാത്രമാണു അനുഷേഠേയമാക്കിയിട്ടുളഅളത്. ആ തനി പ്രേമമാണനുഷ്ഠിക്കേത്. (4–66).

23 ഭാഗവതം 11.14 14.

യാം. രാസലീലാ മദ്ധ്യേ കൃഷ്ണൻ മറഞ്ഞപ്പോൾ ''ഭഗവാൻ യശോദയുടെ പുത്രനല്ല. സകല ദേഹികളുടേയും ബുദ്ധിസാക്ഷിയാണ് എന്നു ഞങ്ങൾക്കറിയാം''[24] എന്നാണ് വിലപിക്കുന്ന കൂട്ടത്തിൽ ഗോപികമാർ പറഞ്ഞത്. ഇങ്ങനെ ഭഗവത്മാഹാത്മ്യം മനസ്സിലാക്കിയ ഗോപികമാരിൽ കാമം കടന്നുവരുന്നില്ല. കേവലം മാനുഷിക വികാരങ്ങളുടെ തിരതള്ളലായിരുന്നില്ല രാസക്രീഡ. ഒരു പുതിയ ഭക്തിഭാവത്തെ അവതരിപ്പിക്കുകയാണ് രാസക്രീഡയിലൂടെ. നവീനമായൊരു ഭക്തിമാർഗം, ഗോപികമാരിലൂടെ നവീനമായ രീതിയിൽ കാണിച്ചുതരുന്നു. ശൈശവം തൊട്ടേ കൃഷ്ണനിലാകൃഷ്ടരാണ് ഗോപികമാർ. ബാലലീലകൾ കൊും പരാക്രമങ്ങൾ കൊും അവരെ കൃഷ്ണൻ തന്നിലേക്കടുപ്പിച്ചിട്ടു്. താൻ അസാധാരണനാണ് എന്ന ബോധവും അന്നേ ഗോപികമാരിൽ കൃഷ്ണൻ ഉണർത്തിയിട്ടു്.[25] ഇപ്രകാരം തന്നിൽ പ്രേമവും ആദരവും ഭക്തിയും പ്രകടിപ്പിക്കുന്ന ഗോപികമാരെയാണ് കൃഷ്ണൻ യമുനാതീരത്തേക്കാകർഷിക്കുന്നത്. തന്നിൽ അതീവഭക്തിയുള്ള അവർക്ക് നായികാനായക സങ്കല്പ്പത്തിൽ അതിന്റെ സാക്ഷാത്കാരം നേടാൻ കൃഷ്ണൻ വഴിയൊരുക്കുന്നു. നവഭാവങ്ങൾക്കുമപ്പുറം മാനവസമൂഹത്തിന് മോക്ഷം നേടാൻ മധുരഭക്തിയുടെ മറ്റൊരു മാർഗം തുറന്നു തരുന്നു.

പിൽക്കാലത്ത് മധുരഭക്തിയുടെ മാർഗം കൂടുതൽ പ്രചാരമാർജിച്ചു. നിഷ്ക്കാമഭക്തിതന്നെയാണ് മധുരഭക്തി. അതിൽ ഭക്തിയുടെ എല്ലാം ഭാവങ്ങളും ഉൾച്ചേർന്നിരിക്കുന്നു. ഉജ്ജ്വലവും നവനവോന്മേഷദായകവും പ്രതിബന്ധങ്ങളില്ലാത്തതുമാണ് മധുരഭക്തിയുടെ പ്രേമലഹരി.

ജീവാത്മാവും പരമാത്മാവും തമ്മിലുള്ള ഐക്യം പ്രേമഭാവനയിലൂടെ സാക്ഷാത്ക്കരിക്കുന്ന ഏതെങ്കിലും കൃതികളുടെ സമാന്യനിരീക്ഷണം കൂടി നടത്തുമ്പോഴേ മധുരഭക്തിയുടെ തലം വ്യക്തമാകുന്നുള്ളൂ. ഇതിനായി ഭാരതീയസാഹിത്യത്തെ മുഴുവൻ സ്വാധീനിച്ച ഗീതഗോവിന്ദം, ദക്ഷിണേന്ത്യൻ വൈഷ്ണവസാഹിത്യത്തിലെ ഏകസ്ത്രീസാന്നിദ്ധ്യമായിരുന്ന ആാളുടെ തിരുപ്പാവൈ, നാച്ചിയാർ തിരുമൊഴി, ഭക്തിപ്രസ്ഥാനത്തിന്റെ ഏതാ് അന്ത്യഘട്ടത്തിലുായ മീരയുടെ ഭജനകീർത്തനങ്ങൾ എന്നിവ സ്വീകരിക്കുന്നു.

### ഗീതഗോവിന്ദം

പന്ത്രാം ശതകത്തിൽ വംഗസാഹിത്യത്തിൽ രൂപം കൊ കൃതിയാണ് ഗീതഗോവിന്ദം. രാധാ-കൃഷ്ണന്മാരുടെ ഉൽക്കടമായ പരസ്പരപ്രേമത്തെ അതിന്റെ

24 ഭാഗവതം 10. 31.4.

25 ശകടാസുരവധം, പൂതനാമോക്ഷം, ഗോവർദ്ധനോദ്ധാരണം തുടങ്ങിയ സന്ദർഭങ്ങൾ ഉദാഹരണം.

എല്ലാ വൈകാരികതീവ്രതയോടുംകൂടി നാടകീയമായി കാവ്യത്തിൽ അവതരിപ്പിക്കുന്നു. രാധാകൃഷ്ണന്മാരുടെ ലീലകളെ കവി ഇരുപത്തിനാല് ഗീതങ്ങളും തൊണ്ണൂറ്റിര് ശ്ലോകങ്ങളുമായി നിബന്ധിച്ചിരിക്കുന്നു.

ഒരേ സമയം ദൈവികമെന്നും മാനുഷികമെന്നും പറയാവുന്ന പ്രേമത്തിന്റെ ഉജ്ജ്വലഭാവം ഗീതഗോവിന്ദത്തിൽ കാണാം. അതോടൊപ്പം പഞ്ചേന്ദ്രിയഗോചരമായ സൗന്ദര്യാവിഷ്ക്കാരവുമു്. ശൃംഗാരരസത്തിനാണ് പ്രാമുഖ്യമെന്ന് ഒറ്റ നോട്ടത്തിൽ തോന്നാമെങ്കിലും ആധ്യാത്മികതയുടേതായ അന്തർധാര ഉടനീളം നിലനില്ക്കുന്നു. ശ്രീകൃഷ്ണൻ സാക്ഷാൽ നാരായണൻ തന്നെയാണെന്ന് കാവ്യാരംഭത്തിൽ വ്യക്തമാക്കുന്നു് എന്നതുകൊുതന്നെ ഈശ്വരനോടുള്ള പ്രേമം പ്രതിപാദിക്കുന്ന ഭക്തികാവ്യമായിട്ടും ഇതിനെ കാണാം. മോക്ഷപ്രാപ്തിയാണ് ഗ്രന്ഥത്തിന്റെ ലക്ഷ്യം.

ജയദേവകവിയുടെ കൃഷ്ണൻ കൽപനാംശം കലർന്ന, മനുഷ്യസ്വഭാവത്തോടുകൂടിയ ഈശ്വരനാണ് സമസ്തജീവജാലങ്ങളുടേയും അന്തരാത്മാവാണ് കൃഷ്ണനെന്നു പറയുമ്പോൾത്തന്നെ രാധയെന്ന സ്ത്രീയെ സ്നേഹിക്കുന്ന മനുഷ്യനായും കൃഷ്ണനെ അവതരിപ്പിക്കുന്നു. യുവാവായ കൃഷ്ണനെയാണ് കാവ്യത്തിൽ കാണുന്നത്.

ഗീതഗോവിന്ദത്തിന് പന്ത്രു സർഗ്ഗങ്ങളു്. മംഗളശ്ലോകത്തോടുകൂടിയാണ് ആരംഭം. ഒന്നും രും അഷ്ടപദികൾ മംഗളാചരണത്തിനും ഭഗവദ് ധ്യാനത്തിനുമായി വിനിയോഗിച്ചിരിക്കുന്നു. മൂന്നാമത്തെ അഷ്ടപദിയോടെ രാധാമാധവ കഥ ആരംഭിക്കുന്നു. വൈഷ്ണവകവിയായ ജയദേവൻ ശ്രീകൃഷ്ണന്റെ ദൈവീകഭാവത്തെ സങ്കല്പിക്കുന്നത് ചതുർബാഹുവിഷ്ണുവായിട്ടാണ്. രാധാമാധവപ്രണയത്തെ ഭക്തിയുടെ ഉത്തമോദാഹരണമായിട്ടാണ് ജയദേവൻ അവതരിപ്പിക്കാൻ ശ്രമിക്കുന്നത്.

നാരായണസ്തുതിയോടെ തുടങ്ങുന്ന കാവ്യത്തിൽ ദശാവതാരരൂപത്തിലും വിഷ്ണുവിനെ വാഴ്ത്തുന്നു. മംഗളാചരണത്തിൽ കൃഷ്ണനെ വർണ്ണിക്കുന്നത് ബാലനായിട്ടാണ്. നേരം ഇരുട്ടിയതിനാൽ നീ ഇവനെ വീട്ടിലെത്തിക്കുക എന്ന നന്ദഗോപരുടെ അപേക്ഷ കേട്ട് യാത്ര പുറപ്പെട്ട രാധയും കൃഷ്ണനും യമുനാതീരത്തെ രഹസ്യ സങ്കേതങ്ങളിൽ നടത്തിയ കേളികൾ സർവ്വോൽക്കർഷേണ വർത്തിക്കുന്നു എന്ന് മംഗള ശ്ലോകത്തിന്റെ സാരം. ഈ കല്പനയ്ക്ക് ഗർഗ്ഗഭാഗവതവുമായി സാദൃശ്യമു്.[26] മാനവ സംസ്കൃതിക്ക് പൊതു

[26] ഗർഗ്ഗഭാഗവതം – അധ്യായം 16. രാധാകൃഷ്ണപ്രേമവർണ്ണനം. (രാം ഖണ്ഡം) മലയാളപരിഭാഷ. വൈദ്യമഠം നാരായണൻ നമ്പൂതിരി. ചെങ്ങന്നൂർ നിത്യഭാരതി

വായിട്ടുള്ള ദിവ്യശിശു എന്ന പ്രതീകത്തെ സ്വീകരിച്ച് കാവ്യരചന നടത്തിയിരിക്കുന്നു. ഭാരതത്തിന്റെ പാതിവ്രത്യപാരമ്പര്യത്തിനു വിരുദ്ധമാണ് രാധയുടെ പ്രണയം. കൃഷ്ണപ്രേമം യഥാർത്ഥത്തിൽ വിഷ്ണുഭക്തി തന്നെയാണ് എന്നു തെളിയിക്കാൻ രാധയുടെ പ്രണയത്തിനു കഴിയുന്നു. ഓരോ ഗോപികയുടേയും പ്രിയതമൻ മാത്രമല്ല സമസ്തജീവാത്മാക്കളുടേയും പരമാത്മാസ്വരൂപം കൂടിയാണ് കൃഷ്ണൻ എന്നു മനസ്സിലാക്കിയാൽ കൃഷ്ണപ്രേമം ലൗകികമായതല്ലെന്നു മനസ്സിലാക്കാം. അസൂയ, കാമം തുടങ്ങിയ മാനുഷികവികാരങ്ങൾക്ക് കൃഷ്ണപ്രേമമെന്ന വിഷയത്തിൽ പ്രസക്തിയില്ലാതാവുന്നു.

കൃഷ്ണനും ഗോപികമാരും തമ്മിലുള്ള കാമകേളികളാണ് അക്ലേശ കേശവമെന്ന രാം സർഗത്തിൽ വർണ്ണിയ്ക്കുന്നത്. നികുഞ്ജത്തിലൊളിച്ച് രാധയും തോഴിയും ഇതുകാണുന്നു. കാമാന്ധരായ ഗോപസ്ത്രീകൾ കാണിക്കുന്ന കാമാവേശചേഷ്ഠകളെല്ലാം ജയദേവൻ വർണ്ണിയ്ക്കുന്നു്. ഇതാകട്ടെ മാനുഷികതലത്തിൽനിന്ന് ഒട്ടും വ്യത്യസ്തമല്ല. എന്നാൽ ''ചന്ദനചർച്ചിത നീലകളേബര പീതവസനവനമാലി'' എന്നു കൃഷ്ണനെ വിളിയ്ക്കാൻ ജയദേവൻ മറക്കുന്നില്ല. കാവ്യത്തിലെ കൃഷ്ണൻ വെറുമൊരു ഗോപനല്ലെന്നും സാക്ഷാൽ നാരായണൻ തന്നെയാണെന്നും ഈ പ്രയോഗത്തിലൂടെ വ്യക്തമാവുന്നു. മനസ് കാമദീപ്തമാവുമ്പോഴും കൃഷ്ണൻ വെറുമൊരു ഗോപനല്ല മുനിമാരുടേയും ദേവാസുരന്മാരുടേയും മാനവരുടേയും സവിശേഷഭക്തിക്ക് പാത്രമായവനാണെന്ന് രാധ മനസ്സിലാക്കുന്നു.[27] കൃഷ്ണസ്മരണയിൽ രാധ മുഴുകുമ്പോൾ, ഭക്തരുടെ ഉള്ളിലങ്കുരിക്കുന്ന മനോഭാവം രാധയിൽ നിറയുന്നു. രാധയ്ക്കു കൃഷ്ണനിൽനിന്നും ലഭിക്കുന്ന പ്രേമസായുജ്യത്തെ നാരായണാനന്ദ സംപ്രാപ്തിയായി ധ്യാനിക്കാനും ഗീതഗോവിന്ദത്തിലെ കൃഷ്ണൻ രാധയെ ഉപദേശിക്കുന്നു.[28]

മുഗ്ദ്ധമധുസൂദനനാണ് മൂന്നാം സർഗം. രാഗവൈവശ്യം കൊ് കൃഷ്ണൻ മുഗ്ദ്ധനാവുന്നതാണ് കാവ്യസന്ദർഭം. രാധയിൽ കാണുന്നത് അദ്ധ്യാത്മസായൂജ്യത്തിനുവേിയുള്ള പ്രണയമല്ല തികച്ചും മാനുഷികതലത്തിലുള്ള, ഒരു കാമുകിയുടേതായ സ്ഥൂലസങ്കൽപനമാണ്. കൃഷ്ണോന്മുഖമായതിനാൽ അത് ഭജനവും ധ്യാനവുമായി ഭവിച്ച് ഈശ്വരഭക്തിയായിത്തീരുന്നു. രാധയുടെ കണ്ണീരിലലിഞ്ഞ കൃഷ്ണൻ പശ്ചാത്താപത്തോടെ രാധയിലേക്കു തിരിയുന്നുവെന്ന് ജയദേവൻ പറ

---

ബുക്സ്, 2002.

27 മകരമനോഹരകുണ്ഡല മണ്ഡിത ഗണ്ഡമുദാരം
പീതവസനമനഗത മൃതിമനുജസുരാസുര പരിവാരം

28 ക്ഷണമധുനാ നാരായണ മനഗതമനസരമാം രാധികേ.

യുന്നു. കൃഷ്ണന്റെ വിരഹാവസ്ഥയും വിവരിച്ചുകൊാണ് കൃഷ്ണൻ മുഗ്ദ്ധനാണെന്ന് കവി പറയുന്നത്.

കൃഷ്ണൻ ഗോപികമാരുടെ കൂടെ നില്ക്കുന്നത് ജഗദ്ഗുരുവായിട്ടല്ല ക്രീഡാപരനായാണ് ഇവിടെ കൃഷ്ണനിൽ മാനുഷികവും അമാനുഷികവുമായ ഭാവങ്ങൾ ഒരേസമയം ഏറിയും കുറഞ്ഞും പ്രത്യക്ഷമാവുന്നു്. രാധയുടെ ദു:ഖകാരണം ആത്മാവിനെ മറയ്ക്കുന്ന അവിദ്യയാണെന്നുപദേശിക്കുമ്പോൾത്തന്നെ മന്മഥപീഡയനുഭവിക്കുന്ന രാധയിൽനിന്നു താൻ വ്യത്യസ്തനല്ലെന്നു കൃഷ്ണൻ പറയുന്നു. അവളെ നിന്ദിക്കയില്ലെന്നു പ്രതിജ്ഞചെയ്തു മാപ്പിരക്കുന്നു.[29] കാമശരമേറ്റു വലഞ്ഞ കണ്ണൻ കാമദേവനോട് വിലപിക്കുന്നതായും ജയദേവൻ പറയുന്നു്.[30] സർവ്വാന്തർയാമിയായ കൃഷ്ണനെ ദീനനായ കാമുകനായവതരിപ്പിക്കുന്നതിൽ ജയദേവൻ തെറ്റുകാണുന്നില്ല. സർഗ്ഗത്തിന്റെ അവസാനത്തിൽ വേണുവൂതുന്ന കൃഷ്ണനേയും അതിൽ ലയിച്ചിരിക്കുന്ന ഗോപവൃന്ദത്തെയും കാണിച്ച് കൃഷ്ണന്റെ അമാനുഷികതലത്തെ ജ്വലിപ്പിച്ചുകൊുതന്നെയാണ് കവി നിർത്തുന്നത്.

വിരഹദുഃഖത്തിൽ മഗ്നരായ രാധയേയും കൃഷ്ണനേയുമാണ് നാലാം സർഗ്ഗത്തിൽ കാണുന്നത്. വിരഹാതുരനായ കൃഷ്ണനോട് രാധയുടെ ദൈന്യാവസ്ഥയും അവളുടെ സന്ദേശവും തോഴി അറിയിക്കുന്നു. രാധയുടെ ദൈന്യതയറിഞ്ഞ കൃഷ്ണൻ സ്വയം ദൈന്യനാവുന്നു. മനസ്സിൽ വ്യഥയുമായിരിക്കുന്ന കൃഷ്ണനെയാണ് കാളിന്ദിതീരത്തെ വള്ളിക്കുടിലിൽ ജയദേവൻ കാണിച്ചുതരുന്നത്. വൈഷ്ണവമതമനുസരിച്ച് ഭക്തന്മാർ ഭഗവദ്ദർശനത്തിനുവേി ആകാംക്ഷയുള്ളവരായിക്കഴിയുന്ന വേളയിൽ ഭഗവദ്ദർശനം ലഭിക്കാതെ ആർത്തന്മാരായിത്തീരാറു്. ഭക്തന്മാരിലുാകുന്ന ദുഃഖം അതേ അളവിൽത്തന്നെ ഭഗവാനിലും, അവരുടെ ക്ഷേമത്തിനുവേിയുള്ള ആകാംക്ഷ ഉളവാക്കുമെന്ന് വൈഷ്ണവർ വിശ്വസിക്കുന്നു.

സാകാംക്ഷാ പുണ്ഡരീകാക്ഷമാണ് അഞ്ചാം സർഗം.[31] ഇവിടെ രാധയെത്തിനിൽക്കുന്നത് കൃഷ്ണനുമുന്നിലുള്ള ആത്മാർപ്പണത്തിലാണ്. രാധയുടെ അവസ്ഥയ്ക്ക് തോഴികാണുന്ന പ്രതിവിധിയും കൃഷ്ണൻ മാത്രമാണ്. കൃഷ്ണന്റെ പ്രേമാമൃതസേവകൊുമാത്രമേ അവളുടെ ദൈന്യതയകലുകയുള്ളൂ. ഈ ദൈന്യാ

---

29 ക്ഷമ്യതാമപരം കദാപി തവേദൃശം ന കരോമി
ദേഹി സുന്ദരിദർശനം മമ മന്മഥേന ദുനോമി

30 കംസാരിപിസംസാര വാസനാബദ്ധശൃംഖലാം
രാധാമാധായ ഹൃദയേ തത്യാജ വ്രജസുന്ദരീ.

31 അതിയായ പ്രേമവൈവശ്യമാണ് ഈ സർഗത്തിലെ പ്രതിപാദ്യം. മരണത്തിനു തൊട്ടുമുമ്പുവരുന്ന ഉന്മാദമൂർച്ഛയിലാണു രാധയെന്നും അവൾ ഹരിഹരിയെന്നു ജപിച്ചുകൊിരിക്കയാണെന്നും തോഴി പറയുന്നു. രാധയുടെ ദൈന്യാവസ്ഥയറിഞ്ഞ കൃഷ്ണൻ അവളെ തന്റെ സവിധത്തിലേക്കു കൊുവരാൻ നിർദ്ദേശിക്കുന്നു. സഖി രാധാദൂതിയായും കൃഷ്ണദൂതിയായും വർത്തിക്കുന്നു.

വസ്ഥയും അതിന്റെ പ്രതിവിധിയും ഉന്നതമായൊരു തലത്തെ / പാരസ്പര്യത്തെ സൂചിപ്പിക്കുന്നു. പ്രേമത്തിലും ഭക്തിയിലും ഇപ്രകാരമുള്ള വൈവശ്യങ്ങളാണ് പരമകാഷ്ഠയിൽ വരുന്നത്. കൃഷ്ണദർശനം രാധയുടെ ദൈന്യതയ്ക്കു ശമനം നൽകുന്നു. ഈശ്വരദർശനം ഭക്തനെ അവന്റെ ദൈന്യതയിൽനിന്നു രക്ഷിക്കുന്നു. രാധയുടെ പ്രേമവൈവശ്യം മനുഷ്യന്റെ പ്രേമഭക്തിയുടെയും കൃഷ്ണന്റെ പ്രേമം ഈശ്വരകാരുണ്യത്തിന്റെയും പ്രതീകമായി മാറുന്നു. ഈയൊരു കല്പനയിൽ നിന്നുകൊുവേണം രാധാകൃഷ്ണന്മാരുടെ പ്രണയ വൈവശ്യത്തെ മനസ്സിലാക്കേത്.

കൃഷ്ണസവിധത്തിലേക്ക് ചെല്ലാൻ ആഗ്രഹമുങ്കെിലും അതിനു മടികാണിക്കുന്ന രാധയുടെ മാനസികാവസ്ഥ കൃഷ്ണനെ ധരിപ്പിക്കാൻ പോകുന്ന സഖിയെ ആറാം സർഗ്ഗമായ സോത്കണ്ഠ വൈകുണ്ഠത്തിൽ കാണാം. ഇതരഗോപികളുമായി ബന്ധം പുലർത്തുന്നതിൽ രാധ കുണ്ഠിതപ്പെടുന്നു എന്നു തോഴി പറയുന്നു്. ഇവിടെ രാധയെന്ന സ്ത്രീയുടെ സംശയം അസ്ഥാനത്തല്ല. ഗോപികൾ മാത്രമല്ല സകല ചരാചരങ്ങളും ചേതനാചേതനങ്ങളും കൃഷ്ണസാമീപ്യത്തിനുവേി ഉഴറുന്നവരാണ്. കൃഷ്ണനെ തന്റേതുമാത്രമാക്കാനാണ് രാധ കൊതിക്കുന്നത്.

ഇവിടെ രാധയിൽ താദാത്മ്യമനോഭാവം കാണുന്നു്. മുമ്പ് അവൾ കൃഷ്ണനും ഗോപികമാരുമൊത്തുള്ള ക്രീഡ കിട്ടു്. തന്മയീഭാവം കൊ് രാധയ്ക്ക് ക്രീഡാരസം അനുഭവിക്കാൻ കഴിയുന്നു. ദൈവഭക്തി അധികരിക്കുമ്പോൾ ഭക്തന്മാരിൽ ഉാകാറുള്ള സ്ഥിതിയാണ് താദാത്മ്യം. രാധ ഓരോ ഗോപികയുടേയും സ്ഥാനത്ത് തന്നെത്തന്നെ കാണുന്നു. മാത്രമല്ല താൻ തന്നെയാണ് മാധവൻ എന്ന മട്ടിൽ അലങ്കാരങ്ങൾ അണിയുകയും വീും വീും നോക്കി തൃപ്തിയടയുകയും ചെയ്യുന്നു. ഭക്തന്മാർക്ക് രാധയുടെ വികാരതീവ്രതകാണുമ്പോൾ അവളുമായിട്ടു താദാത്മ്യബുദ്ധിയുായിട്ടു ഭഗവാനെ പ്രാപിക്കാൻ ആഗ്രഹമുാകും എന്ന് ജയദേവ കവി സങ്കല്പിക്കുന്നു.

രാധയുടെ ആത്മഗതവും വിലാപവുമാണ് ഏഴാം സർഗ്ഗത്തിലെ (നാഗനാരായണം) പ്രതിപാദ്യം. കൃഷ്ണസവിധത്തിലല്ലാതിരിക്കുമ്പോഴും രാധയുടെ മനസ്സിൽ കൃഷ്ണൻ മാത്രമാണുള്ളത്. പതിനാലാം അഷ്ടപദിയിൽ ശ്രീകൃഷ്ണസുരതക്രീഡാവർണ്ണനയാണ്. സാമാന്യം വിശദമായിത്തന്നെ ഈ ഭാഗം വർണ്ണിക്കുന്നു. തികച്ചും മാനുഷികതലത്തിലാണ് വർണ്ണനകൾ നടത്തുന്നതെങ്കിലും,

> ''ശ്രീ ജയദേവഭണിത ഹരിതഹരിരമിതം
> കലികല്മഷം ജനയതു പരിശമിതം''

എന്നു പറയുമ്പോൾ കൃഷ്ണൻ കലികല്മഷത്തെ ശമിപ്പിക്കാൻ കഴിവുള്ള ദേവനാണെന്നു വ്യക്തമാവുന്നു. അസൂയാകലുഷിതമായ മനസ്സിൽ മറ്റൊരു സ്ത്രീയുടെ സുന്ദരരൂപം സങ്കല്പിക്കാൻ ഒരു സാധാരണ സ്ത്രീക്കു സാധ്യമല്ല. എന്നാൽ സ്ത്രൈണസൗന്ദര്യത്തിന്റെ ഉദാത്തഭാവങ്ങളെയാണ് രാധ തന്റെ സങ്കല്പത്തിലെ സ്ത്രീയിൽ കാണുന്നത്. സുകൃതശാലിനിയെന്നവളെ വിളിക്കാനും രാധയ്ക്കു മടിയില്ല. യഥാർത്ഥത്തിൽ രാധ കാണുന്നത് അവളെത്തന്നെയാണ്. തികഞ്ഞ താദാത്മ്യഭാവമാണ് രാധയിൽ കാണുന്നത്. താദാത്മ്യത്തിലൂടെ രത്യാനന്ദത്തെ അനുഭവിക്കാൻ ശ്രമിക്കയാണ് രാധ. കൃഷ്ണനെ നിന്ദിക്കുന്നതിൻ സ്തുതിയും സ്തുതിയിൽ നിന്ദയും കാണാം.

എട്ടാം സർഗ്ഗം വിലക്ഷ്മലക്ഷ്മീപതിയാണ്. ലക്ഷ്മീപതിയായ കൃഷ്ണനെ വിലക്ഷണമായ വർണ്ണനകൊ് രാധ ആക്ഷേപിക്കുന്നതിന്റെ ചിത്രമാണ് ഈ സർഗ്ഗത്തിലുള്ളത്. ഒരടിമയെപ്പോലെ രാധയുടെ മുന്നിൽ കൃഷ്ണനെ നിർത്തുന്നത് ദൈവനിന്ദയായി അനുഭവപ്പെട്ടേക്കാം. എന്നാൽ കൃഷ്ണന്റെ മഹത്ത്വം പ്രഖ്യാപിച്ചുകൊുതന്നെയാണ് സർഗ്ഗം അവസാനിക്കുന്നത്. കൃഷ്ണൻ ഉപരിപ്ലവമായ വികാരങ്ങൾക്ക് അടിപ്പെട്ടുപോവുന്ന സാധാരണക്കാരനല്ല. രാധയുടെ ഉള്ളിൽ നിറഞ്ഞിരിക്കുന്ന പ്രേമപ്രകർഷത്തെ കൃഷ്ണൻ തിരിച്ചറിയുന്നു. എല്ലാ ദുഃഖങ്ങളേയും തന്റെ മുരളീഗാനത്തിൽ നിമഗ്നമാക്കി ലോകശ്രേയസ്സുാക്കുന്നു. ഇപ്രകാരം ജയദേവകവി കൃഷ്ണമഹത്ത്വത്തെ പ്രകീർത്തിക്കുന്നു.

വിഷാദവതിയായ രാധയോട് സഖി കൃഷ്ണന്റെ ഗുണഗണങ്ങൾ വിവരിക്കുന്നതാണ് മുഗ്ദ്ധമുകുന്ദമെന്ന ഒൻപതാം സർഗം. തോഴിയുടെ വിവരണത്തിൽനിന്നും കൃഷ്ണൻ രാധാകാമുകൻ മാത്രമല്ല, പരംപൊരുളായ ഈശ്വരൻ തന്നെയാണെന്ന ജയദേവമതം കടുക്കാം.[32] കൃഷ്ണന്റെ മഹിമ രാധയറിയുന്നതായി പറയുന്നില്ല പക്ഷേ ജയദേവകവിയ്ക്കതറിയാം. അദ്ദേഹം ഇങ്ങനെ പറയുന്നു

> സാന്ദ്രാനന്ദ്ര പുരന്ദരാദിദിവിഷ –
> ദ്വന്ദൈരമന്ദാദരാ –
> ദാനമ്രൈർമ്മകൂടേന്ദ്ര നിലമണിഭിഃ
> സന്ദർശിതേന്ദിന്ദിരം
> സ്വച്ഛന്ദം മകരന്ദ സുന്ദുരഗള–
> ശ്രീഗോവിന്ദ പദാരവിന്ദമശുഭ

32 ഹരിരൂപയാതു വദതു ബഹുമധുരം
കിമിതി കരോഷി ഹൃദയമതിവിധുരം

സ്കന്ദായ വന്ദാമഹേ

ചതുര ചതുർഭുജമെന്ന പത്താം അദ്ധ്യായം കൃഷ്ണന്റെ ഈശ്വരീയഭാവം വെളിപ്പെടുത്തുന്നതാണ്. സാധാരണ മനുഷ്യരുടെ പ്രണയഭാവത്തിനുസമാനമാണ് രാധാ-കൃഷ്ണ സംഭാഷണം. ഇവിടെ ''ഓരോരുത്തരും എന്നെ ഓരോ തരത്തിൽ അറിഞ്ഞ് ഉപാസിക്കുന്നു. അവരുടെ ഉപാസനയ്ക്കനുസരിച്ച് സർവ്വാത്മനായ ഞാൻ അവരെ അനുഗ്രഹിക്കുന്നു. എന്റെ വഴിവിട്ട് മറ്റൊരുവഴിക്കും ആരും പോകുന്നില്ല. അതിനാൽ അവരുടെ അറിവിനും ആഗ്രഹത്തിനും തക്കതായ ഫലത്തെ ഞാൻ കൊടുക്കുന്നു''[33] എന്ന ഗീതാശ്ലോകം ഓർക്കേതാണ്. രാധ ആഗ്രഹിക്കുന്ന രീതിയിൽ അവളെ അനുഗ്രഹിക്കുകയാണ് കൃഷ്ണൻ ചെയ്യുന്നത്. ഒരേ സമയം മനുഷ്യനും ഈശ്വരനുമായ കൃഷ്ണന്റെ ഈശ്വരീയഭാവം ജയദേവൻ സങ്കല്പിക്കുന്നത് ശംഖചക്രഗദാപങ്കജധാരിയായ മഹാവിഷ്ണുവായിട്ടാണ്.[34]

രാധാകൃഷ്ണന്മാരുടെ രതിക്രീഡാ വർണ്ണനയാണ് അവസാനത്തെ രു സർഗങ്ങൾ. മാനുഷികപ്രണയത്തിന്റെയും രതിയുടേയും ഉദാത്തമായ ചിത്രീകരണമാണ് ജയദേവൻ നടത്തുന്നത്. രതിവർണ്ണന നടത്തുമ്പോഴും കൃഷ്ണന്റെ മാഹാത്മ്യം ഓർമ്മിപ്പിക്കാൻ കവി ശ്രദ്ധിക്കുന്നു. ഓരോ സർഗത്തിലും കവി ദ്യോതിപ്പിച്ച കൃഷ്ണമാഹാത്മ്യം അവസാനസർഗങ്ങളിൽ പൂർണ്ണത പ്രാപിക്കുന്നു. കാവ്യാന്തത്തിൽ രാധയുടെ പുരാവൃത്തവും സൂചിപ്പിക്കുന്നു്. അമൃതമഥനസമയത്ത് പ്രത്യക്ഷയായ ലക്ഷ്മി തന്നെയാണ് തന്റെ മുന്നിൽ നിൽക്കുന്ന രാധയെന്ന് കൃഷ്ണൻ പറയുന്നു. ഗീതഗോവിന്ദത്തിൽ കൃഷ്ണൻ പരമാത്മാവിന്റെ സ്ഥാനത്തും രാധ പ്രകൃതീശ്വരിയുടെ സ്ഥാനത്തും നിൽക്കുന്നു. താൻ വർണ്ണിച്ചത് മാനവികമായ ശാരീരികബന്ധമല്ല മറിച്ച് വിഷ്ണുവിന്റെയും ലക്ഷ്മിയുടേയും ഈശ്വരീയ പ്രണയമാണെന്ന് ഇപ്രകാരത്തിൽ കവി സൂചിപ്പിക്കുന്നു. ഇന്ദ്രിയാപേക്ഷമായ വിഷയാനന്ദവും ഇന്ദ്രിയനിരപേക്ഷമായ പരമാനന്ദവും അഭേദ്യമായി നിലകൊള്ളുന്ന ഈ സർഗങ്ങൾ മനുഷ്യന്റെ അദ്ധ്യാത്മികവും ലൗകികവുമായ ജീവിതത്തിന്റെ ഭിന്നതലങ്ങളെ സൂക്ഷ്മമായി പ്രതിഫലിപ്പിക്കുന്നു.

33 യേ യഥാ മാം പ്രപദ്യന്തേ
താം സ്ഥൈവ ഭജാമ്യഹം
മമ വർത്മാനുവർത്തന്തേ
മനുഷ്യാഃ പാർത്ഥ ! സർവശഃ – ഗീത 4.11

34 ശംഖ് സാമത്തേയും പങ്കജം ദാനത്തേയും ഗദ ദണ്ഡത്തേയും ചക്രം ഭേദത്തേയും സൂചിപ്പിക്കുന്നുവെന്ന് നിത്യചൈതന്യയതി പറയുന്നു.
പ്രേമവും ഭക്തിയും (തൃശൂർ: കറന്റ് ബുക്സ്, 2003) പുറം 52.

ഗീതഗോവിന്ദത്തിലെ രാധാകൃഷ്ണന്മാരേയും അവരുടെ ലീലകളേയും വാച്യാർത്ഥത്തിലല്ല വിലയിരുത്തേത്. വന്ദനശ്ലോകത്തിൽത്തന്നെ ഈ സൂചനയു്.[35]

സർവ്വവും മറന്ന് സ്നേഹിക്കുന്നവരാണ് രാധയും കൃഷ്ണനും. പ്രേമവും ഭക്തിയും പരസ്പരപൂരകങ്ങളായ ശക്തികളാണെന്ന് ജയദേവൻ സമർത്ഥിക്കുന്നു. ഒട്ടേറെ ധ്വനിതലങ്ങൾ ഗീതഗോവിന്ദത്തിനു്. ഹൃദയങ്ങൾ തമ്മിലുള്ള താദാത്മ്യ ത്തിന് പ്രായഭേദം ഗണിക്കേതില്ല. സാധാരണീകരണ സിദ്ധാന്തം കവി പ്രയോഗി ച്ചിട്ടുള്ളതായി കാണാം. ഇങ്ങനെ നോക്കുമ്പോൾ പ്രണയിനിയായ രാധയിൽ തെളി യുന്നത് യഥാർത്ഥ ഭക്തയുടെ ചിത്രമാണ്. രാധാകൃഷ്ണന്മാരുടെ രഹസ്സല്ലാപങ്ങൾ കാമക്രീഡയല്ല ഭക്തനും ഈശ്വരനും തമ്മിലുള്ള ലയനമാണ്. ജീവാത്മാവ് പരമാ ത്മാവിൽ ലയിക്കുമ്പോൾ നേടുന്ന മോക്ഷപ്രാപ്തി തന്നെയാണ് നന്ദഗോപരിലൂടെ ജയദേവൻ നിർദ്ദേശിക്കുന്ന ഗൃഹം.

## തിരുപ്പാവൈ (ഒൻപതാം നൂറ്റ്)

ആഴ്വാന്മാരുടെ കൂട്ടത്തിൽ ഏറ്റവും ജനപ്രീതി ആാളിനാണ്.[36] പെരി യാഴ്വാർ എന്ന വിഷ്ണുചിത്തന്റെ വളർത്തുപുത്രിയാണവൾ. വടപത്രശായി ക്ഷേ ത്രത്തിലെ തുളസിവനത്തിൽനിന്നുമാണ് അദ്ദേഹത്തിനവളെ ലഭിച്ചത്. ഭൂമിയാൽ ദാനം ചെയ്യപ്പെട്ടവൾ എന്നയർത്ഥം വരുന്ന കോതൈ (ഗോദ) എന്ന പേരുനൽകി, വിഷ്ണുഭക്തയായി അദ്ദേഹം അവളെ വളർത്തി.[37] ഗോദ രചിച്ച കൃതികളാണ് ''തിരുപ്പാവൈ''യും ''നാച്ചിയാർ തിരുമൊഴി''യും. ഇവ രും നാലായിര പ്രബന്ധ ത്തിൽ ഉൾപ്പെടുന്നു.

മുപ്പതു പാസുരങ്ങൾ (പാട്ടുകൾ) ഉൾക്കൊള്ളുന്ന കൃതിയാണ് തിരുപ്പാ വൈ. അമ്പാടിയിലെ ഉടയപ്പെൺകൊടിമാർ ആചരിക്കുന്ന പാവൈ നോൻപിനെ (ആർദ്രാവ്രതം) ക്കുറിച്ച് രചിച്ചതാണ് ഈ കാവ്യം.[38] ഇടയപ്പെൺകിടാങ്ങൾ ശ്രീകൃ

[35] വന്ദനശ്ലോകത്തിലെ കൃഷ്ണൻ ബാലനാണ്. രാധയാകട്ടെ യുവതിയും. കുസൃ തിയും ഭീരുവുമായ കണ്ണനെ സുരക്ഷിതമായി വീട്ടിലെത്തിക്കാൻ യൗവ്വനയുക്തയും പ്രൗഢയുമായ സ്ത്രീയെ ഏൽപിക്കുന്നു. തുടർന്നുള്ള വർണ്ണനകളിൽ കൃഷ്ണൻ ബാലനല്ല കാമശാസ്ത്രത്തിൽ വൈദഗ്ദ്ധ്യം നേടിയ യുവമന്മഥനാണ്. പ്രൗഢയായ സ്ത്രീയുടെ സ്വഭാവമല്ല ചപലയായ കാമുകിയുടെ സ്വഭാവമാണ് രാധ പ്രകടിപ്പിക്കു ന്നത്.

[36] ഭഗവദ് ചിന്തയിൽ മുഴുകിയവൾ എന്നാണ് ആാൾ എന്ന വാക്കിനർത്ഥം.

[37] വൈഷ്ണവ സങ്കല്പമനുസരിച്ച് ശ്രീദേവി, ഭൂദേവി, നീളാദേവി എന്നീ മൂന്നു ദേവിമാരാണ് വിഷ്ണുപത്നിമാർ. ഇതിൽ ഭൂദേവിയുടെ അവതാരമാണ് ഗോദയെന്ന് വൈഷ്ണവർ വിശ്വസിക്കുന്നു.

[38]

മാർകഴി മാസത്തിലെ നിലാവുനിറഞ്ഞ ദിനങ്ങളിൽ നന്നെ പുലർച്ചെ നീരാടാൻ പോകുന്ന അമ്പാടിയിലെ സുന്ദരിമാരായ ഗോപികൾ ''പാവൈ നോൻപ്'' എന്ന

ഷ്ണനെ പതിയായി ലഭിക്കണമെന്നു പ്രാർത്ഥിക്കുന്നുങ്കെിലും കാമുകി കാമുകഭാവത്തിനേക്കാൾ ഭക്തിഭാവത്തിനാണ് മുൻഗണന.

ഉഷസ്യുത്ഥായ ഗോത്രൈ
സ്വൈരമന്യോന്യാ ബദ്ധബാഹവഃ
കൃഷ്ണ മുച്ചൈർ ജഗുർയാന്ത്യ
കാളിന്ദ്യാം സ്നാതു മന്വഹം

എന്ന ഭാഗവതശ്ലോകത്തിൽ ഗോപികളുടെ സ്നാനയാത്രയെക്കുറിച്ചു പറയുന്നു. ഈ സ്നാനയാത്രതന്നെയാണ് തിരുപ്പാവൈയിലും കാണുന്നത്. ആദ്യത്തെ അഞ്ചു പാസുരങ്ങളിൽ പാവൈനോമ്പിനെക്കുറിച്ച് പൊതുവായി പറഞ്ഞശേഷം അടുത്ത അഞ്ചു പാസുരങ്ങളിൽ നായിക സഖിമാരൊത്തു നീരാടാൻ പോകവേ വഴിയിൽ കാണുന്ന ഇടയരുടെ വീടിനുമുൻപിൽ നിന്നുകെ് അകത്തുള്ള ഗാപികമാരെ നീരാട്ടിനു ക്ഷണിക്കുന്നു. ആറാം പാസുരത്തിൽ ഉറങ്ങിക്കിടക്കുന്ന പെണ്ണിനേയും ഏഴാം പാസുരത്തിൽ ഉറക്കമുണർന്നിട്ടും എഴുന്നേൽക്കാത്ത പെണ്ണിനേയും എട്ടാമത്തെ പാസുരത്തിൽ നോൽമ്പിൻ താൽപര്യമുായിട്ടും, ഉണർന്നെണീറ്റിട്ടും മടിച്ചുനിൽക്കുന്ന പെൺകിടാവിനേയും വിളിക്കുന്നു്. ഓരോ പാസുരത്തിലും കൃഷ്ണന്റെ മഹത്ത്വം സൂചിപ്പിക്കുന്നുങ്കെിലും എട്ടാം പാസുരത്തിൽ വ്യക്തമായി പറയുന്നു. ഭഗവാൻ തനിക്ക് പ്രാപ്യനാണോ, അവൻ വരമരുളുമോ എന്ന ശങ്കകൊാണ് പെൺകിടാവ് മടിച്ചുനില്ക്കുന്നത് എന്ന് സങ്കല്പിച്ച് നായിക തോഴിയുടെ സംശയം തീർക്കുന്നു. ഭഗവാന്റെ അനുഗ്രഹം തീർച്ചയാണെന്ന് ഉറപ്പുനൽകി അവളെ ഭഗവൽ സന്നിധിയിലേക്ക് നയിക്കുന്നു.[39]

ഇവിടെയെല്ലാം മറ്റൊരർത്ഥം കൂടികത്തൊം. ആർദ്രാവ്രതമെന്ന വ്യാജേന ഭഗവദ്ധ്യാനത്തെക്കുറിച്ചും മോക്ഷപ്രാപ്തിയെക്കുറിച്ചും പറഞ്ഞശേഷം നാമശ്രവണത്തിൽ പരാങ്മുഖരായ ഭക്തന്മാരെയും ധ്യാനത്തിൽ ഉദാസീനരായ ഭക്തന്മാരെയും ഫലപ്രാപ്തിയെക്കുറിച്ചു സംശയിക്കുന്ന ഭക്തന്മാരെയും ഭഗവദ് ചൈതന്യത്തിൻ ഉറച്ചുവിശ്വസിക്കാൻ ആഹ്വാനം ചെയ്യുന്നു.

---

തങ്ങളുടെ വ്രതത്തിന് ആവശ്യമായ പറ വാങ്ങുന്നതിന് ഗോത്രാധിപനായ നന്ദഗോപന്റെ പുത്രനായ ശ്രീകൃഷ്ണനെ ചെന്നു വിളിച്ചുണർത്തുന്നതാണ് ''തിരുപ്പാവൈ''യിലെ മുപ്പതു പദങ്ങളുടെയും പ്രതിപാദ്യം.

[39] ''മാവായ് പിളന്താകീന മല്ലരൈ മാട്ടിയ
തേവാതി തേവനൈ ചെന്റ്റുനാം ചേവിത്തു
ആവാവെന്റ്റാരായ്ന്തരുളേലോരം പാവായ്''
കുതിരയുടെ വായ് പിളർന്നവനും ചാണൂരാദി മല്ലന്മാരെ വധിച്ചവനുമായ ദേവാധിദേവനെ അടുത്തുചെന്നു വണങ്ങിയാൽ ആഹാ എന്നു സന്തോഷിച്ച് നമ്മുടെ പ്രാർത്ഥനകളറിഞ്ഞ് അനുഗ്രഹിക്കും.

പതിനൊന്നു മുതൽ പതിനഞ്ചുവരെയുള്ള പാസുരങ്ങളിൽ കൃഷ്ണഭക്തിയിൽ നിമഗ്നരായ സഖിമാരെ നായിക വിളിച്ചുണർത്തുന്നു. ഈ അഞ്ചു പാസുരങ്ങളിലും കൃഷ്ണന്റെയോ വിഷ്ണുവിന്റെയോ മഹിമാതിരേകം വാഴ്ത്തുന്നു്. അതോടൊപ്പം തന്നെ കൃഷ്ണനുമായി രാസലീലയിലേർപ്പെട്ട പെൺകൊടി എന്ന സൂചനയുമു്. പതിനൊന്നാം പാസുരത്തിലെ

ചുറ്റത്തു തോഴിമാർ എല്ലാരും വന്നുനിൻ
മുറ്റം പുകുന്തു മുകിൽവണ്ണൻ പേർ പാട
ചിറ്റാതെ പേശാതെ ചെൽവപ്പൊട്ടി നീ
എറ്റുക്കു ഉറങ്കും പൊരുളേലോരെമ്പാവായ്.

എന്ന ഭാഗം ഉദാഹരണം. പ്രേമവും ഭക്തിയും ഇവിടെ ഇഴചേർന്നിരിക്കുന്നു.

പതിനാറുമുതൽ ഇരുപതുവരെയുള്ള പാസുരങ്ങളിൽ യഥാക്രമം ദ്വാരപാലകന്മാർ, നന്ദഗോപൻ, യശോദ, ശ്രീകൃഷ്ണപത്നിയായ നപ്പിന്നൈ[40] എന്നിവരെ തുയിലുണർത്തുന്നു.

നപ്പിന്നൈയെ തുയിലുണർത്തിയതിനുശേഷം ഭഗവാനെ പള്ളിയുണർത്തുന്നു. ഭഗവാനെ പള്ളിയുണർത്തിയും വാഴ്ത്തിയും വണങ്ങിയുമുള്ള പ്രാർത്ഥന കേട്ട് നപ്പിന്നൈ കന്യകമാരെ ശയ്യാഗൃഹത്തിലേക്കു വിളിപ്പിച്ചു കന്യകമാർ ഭഗവാന്റെ മെത്തയ്ക്കരികിൽ നിന്നു പാടി. വാഴ്ത്തിയതിനുശേഷം തങ്ങളുടെ ആവശ്യം അറിയിച്ചു. അതോടൊപ്പം ഭഗവാനെ വാഴ്ത്തി പാടിയാൽ തങ്ങളുടെ ദു:ഖം തീരുമെന്ന് ഗോപികമാർ പറയുന്നു്. നാമസ്മരണയും കീർത്തനവും കൊ് സകല ദു:ഖവും ശമിക്കുമെന്ന് ഇതിനാൽ അർത്ഥമാക്കുന്നു.

അവസാനത്തെ അഞ്ചു പാസുരങ്ങളിൽ, ഭഗവാൻ തങ്ങൾക്ക് കനിഞ്ഞു നല്കേത് എന്തൊക്കെയാണെന്ന് ഗോപികമാർ പറയുന്നു. ഈ സന്ദർഭത്തിൽ ഗോപികമാർ അരുടെ മനോഗതവും വെളിപ്പെടുത്തുന്നു്. പൂർവ്വാചാരമനുസരിച്ച് നന്ദഗോപാലന്റെ പുത്രനിൽനിന്ന് മംഗലവസ്തുക്കൾ ഏറ്റുവാങ്ങായി വന്നുവെങ്കിലും യഥാർത്ഥത്തിൽ അതു മാത്രമായിരുന്നില്ല ലക്ഷ്യം. ഭഗവാന്റെ സമീപത്തെത്തി അദ്ദേഹത്തിന്റെ അപദാനങ്ങളെ വാഴ്ത്തി, പാദം വന്ദിച്ച്, ഭഗവാനും തങ്ങളുമായുള്ള ബന്ധം ജന്മജന്മാന്തരങ്ങളിൽ നിലനില്ക്കണമെന്നു അനുഗ്രഹം നേടുക

40 നപ്പിന്നൈ വിഷ്ണുപത്നിയായ നീളാദേവിയുടെ അവതാരമാണെന്നാണ് വൈഷ്ണവരുടെ വിശ്വാസം. ആഴ്വാർമാരുടെ വിശ്വാസപ്രകാരം ഗോകുലവാസക്കാലത്ത് ശ്രീകൃഷ്ണന്റെ പ്രിയതമ നപ്പിന്നൈയായിരുന്നു. ആഴ്വാർമാരുടെ കൃതികളിലൊന്നും രാധയെക്കുറിച്ച് പറയുന്നില്ല. ആ സ്ഥാനത്തു കാണുന്നത് നപ്പിന്നൈ ആണ്.

യായിരുന്നു അവരുടെ ലക്ഷ്യമെന്ന് ഇരുപത്തൊമ്പതാം പാസുരം വ്യക്തമാക്കുന്നു.[41]

കന്യകമാർ പിതൃഗൃഹത്തിൽ നിന്നും പോന്ന് ശ്രീകൃഷ്ണന്റെ മാളികയിലെത്തി അദ്ദേഹത്തിന്റെ പാദസേവ ചെയ്യാനുള്ള നിമിത്തമായാണ് വ്രതത്തെ കാണുന്നത്. പറവാങ്ങുക എന്ന ചടങ്ങ് ഭഗവദ്സാമീപ്യത്തിനായുള്ള മാർഗമാണ്. ജന്മാന്തരങ്ങളിലും വേർപെടാത്ത ബന്ധത്തിനായി ഭഗവാനോടു പ്രാർത്ഥിക്കാനാണവർ വന്നത് എന്ന കാണാം. മധുരഭക്തിയുടെ പ്രകാശനമാണിത്. ഭഗവാനിൽ സ്വയം സമർപ്പിക്കുക എന്ന സങ്കല്പത്തിലാണ് കാവ്യം അവസാനിക്കുന്നത്.

ഗോപികമാർ ശ്രീകൃഷ്ണനോട് എന്ന ഭാവത്തിലാണ് കാവ്യരചനയെങ്കിലും യഥാർത്ഥത്തിൽ ആൾ ഭഗവാനോട് തന്റെ ഭക്തിയേയും പ്രേമത്തെയും അറിയിക്കുന്നതാണ് ഈ കാവ്യം. ഒരു തോഴിയെ സംബോധന ചെയ്തു പറയുന്നുവെങ്കിലും വൈഷ്ണവരായ എല്ലാ ഭക്തർക്കും ശ്രേഷ്ഠമായ ശരണാഗതിതത്ത്വത്തെ ഉപദേശിക്കുകയാണ് കവയിത്രി. ആളിൽ കാണുന്നത് ഒരു യഥാർത്ഥ ഭക്തന്റെ മനസ്സാണ്. തിരുപ്പാവൈയിൽ ധ്വന്യാത്മകമായി കാണുന്ന പ്രേമം നാച്ചിയാർ തിരുമൊഴിയിൽ പ്രകടമായി അവതരിപ്പിക്കുന്നു.

### നാച്ചിയാർ തിരുമൊഴി (ഒൻപതാം നൂറ്റ്)

നൂറ്റിനാല്പത്തിമൂന്ന് പാസുരങ്ങളാണ് നാച്ചിയാർ തിരുമൊഴിയിലുള്ളത്. നായികയുടെ തിരുമൊഴി എന്നാണ് നാച്ചിയാർ തിരുമൊഴിയ്ക്ക് അർത്ഥം. പത്തോ പതിനൊന്നോ പാസുരങ്ങൾ ഉൾക്കൊള്ളുന്ന ഓരോ പതികത്തിന്റെ അന്ത്യത്തിലും ഫലശ്രുതിയു്.[42]

ശ്രീരംഗനാഥന്റെ അവതാരമായ ശ്രീകൃഷ്ണനെ കാമുകനായും ഭർത്താവായും വരിച്ച ആൾ ഭഗവാനോടുള്ള തന്റെ പ്രേമം വെളിപ്പെടുത്തുന്നു. ശ്രീരം

[41] ചിറ്റം ചിറുകാലേ വന്തുന്നൈ ചേവിത്തു. ഉൻ
പൊറ്റാമരൈ അടിയേ പോറ്റും പൊരുൾ കേളായ്
പേറ്റം മേയ്ത്തു ഉണ്ണും കുലത്തിൽ പിറന്തു നീ
കുറ്റേവൽ എങ്കളൈ കൊള്ളാമൽ പോകാത്
ഇറ്റൈ പറൈ കൊൾവാൻ അന്റുകാൺ കോവിന്താ
എറ്റൈക്കും ഏഴേഴ് പിറവിക്കും ഉന്റന്നോ –
ടുറ്റോമേ ആവോം ഉനക്കേ നാം ആട് ചെയ്‌വോം
മറ്റൈ നാം കാമങ്കൾ മാറ്റേലോരെംപാവായ്

[42] ശ്രീവില്ലിപ്പുത്തൂരിലെ വിഷ്ണുചിത്തന്റെ മകൾ ഗോദ പാടിയ പത്തു പാട്ടും പഠിച്ചു ചൊല്ലുന്നവർ വൈകുണ്ഠം പൂകും എന്ന മട്ടിലാണ് ഫലശ്രൂതി.

ഗനാഥനുമായുള്ള  തന്റെ വിവാഹത്തെക്കുറിച്ചു സ്വപ്നം കാണുന്ന ആാൾ വിവാഹത്തിന്റെ വൈദികച്ചടങ്ങുകളെല്ലാം ഇതിൽ വിവരിക്കുന്നു.[43]

ഭഗവാന്റെ പത്നിയും കാമുകിയും ഭക്തയും ആയിക്കൊ് കവയിത്രിയെ അവരോധിക്കുമ്പോഴാണ് ആാൾ കൃതികളിലെ നിറഞ്ഞുതുളുമ്പുന്ന ഭക്തിയും പ്രേമവും സമർപ്പണവും തിരിച്ചറിയാനാവുന്നത്.

കാവ്യത്തിലെ ആദ്യപതികം വേങ്കടത്തിലെ (തിരുപ്പതി) ദേവനെ ഭർത്താവായി നൽകാൻ കാമദേവനോടു പ്രാർത്ഥിക്കുന്നതാണ്. ശരീരവും മനസ്സും കൃഷ്ണപാദത്തിൽ സമർപ്പിച്ച കാമുകിയെ ഈ പതികത്തിൽ കാണാം.

ഉദാ: ''വെങ്കടാദ്രീശൻ വരിച്ചിടാനായ്
കാത്തുകൊള്ളേണമേ കാമദേവ''
''ആഴിനേർവർണ്ണന്റെ പേരെഴുതി
തേനൊലിപ്പൂങ്കണയെയ്തീടണേ,''
''ലോകമളന്നോൻ ത്രിവിക്രമൻതൻ
തൃക്കയ്യാലെന്നെത്തഴുകിടട്ടെ''

രാമത്തെ പതികത്തിൽ മണൽവീടുവെച്ചുകളിക്കുന്ന ഗോപികമാർ തങ്ങളുടെ കളിവീടു ചവിട്ടിമെതിയ്ക്കരുതേ എന്ന് കണ്ണനോടു പ്രാർത്ഥിക്കുന്നു. ശ്രീകൃഷ്ണനെ പതിയായി നേടണമെന്ന ഓരോ ഗോപികയുടെയും സ്വപ്നത്തിന്റെ പ്രതീകങ്ങളാണ് മണൽവീടുകൾ. കൃഷ്ണനെ പതിയായി സങ്കല്പിക്കുന്ന വരികൾ ഈ പതികത്തിലുമു്.[44]

തങ്ങളുടെ വസ്ത്രം അപഹരിച്ച കണ്ണനോട് തങ്ങൾക്കു മാനക്കേടുാക്കാതെ വസ്ത്രം തിരിച്ചുതരണമെന്നു ഗോപികമാർ അവശ്യപ്പെടുന്നതാണ് മൂന്നാം പതികം. ഗോപികമാരുടെ വാക്കുകളാൽ തെളിയുന്നത് സമർപ്പണഭാവമാണ്.

ആാൾ തന്റെ കാമുകനായ കണ്ണൻ തന്നെത്തേടിവരുമോ എന്ന് നിമിത്തം നോക്കുന്നതാണ് നാലാം പതികം. അവൾ മൂന്നുമാസം കാമദേവനെ പൂജിച്ചു വ്രത

[43] ഉദാ: മദ്ദളം മുഴങ്ങവേ പരിശംഖമൂതവേ
മുത്തുമാല വിതാനങ്ങളാർന്നൊരു പന്തലിൽ
മണവാളൻ ദേവൻ മധുസൂദനൻ വന്നെന്റെ
കൈത്തലം പിടിച്ചതായ് കിനാവു കൻേ തോഴി ഞാൻ
(നാച്ചിയാർ തിരുമൊഴി 6.6)

[44] 'നാഥനായ് നിന്നെ നേടാനാകുകിൽ
നേടീടാം ജന്മസാഫല്യം''
''കു മോഹിക്കും ഞങ്ങളെ കട-
ക്കണ്ണിനാൽ നോവിച്ചീടൊല്ലേ''.

മെടുത്തു. ഭഗവാനെ ഭർത്താവായിക്കിട്ടാനാഗ്രഹിച്ച്, ഗോപികയായി സ്വയം സങ്കല്പിച്ച് ഗാനങ്ങൾ രചിച്ചു. തന്റെ നാഥൻ തന്നോടുകൂടി കൂടട്ടെ എന്നാണ് ഓരോ പാസുരത്തിന്റെയും അവസാനം. കൃഷ്ണനോടുള്ള അതിയായ പ്രേമമാണ് ഓരോന്നിന്റെയും ഭാവം.

കുയിൽദൂതാണ് അഞ്ചാം പതികം. കണ്ണനെ കാത്തിരിക്കുകയാണ് ആൾ. വസന്തർത്തു വന്നെത്തി. കുയിൽനാദം മുഴങ്ങവേ ആളിന്റെ വിരഹവേദന വർദ്ധിച്ചു. കുയിലിനെ തന്റെ സന്ദേശവാഹകനാക്കാൻ നിശ്ചയിച്ച് ആദ്യം തന്റെ വിരഹവേദന കുയിലിനെ അറിയിക്കുന്നു. ശേഷം കണ്ണനിൽനിന്ന് സന്ദേശം വാങ്ങിച്ചുകൊുവരാൻ ആൾ അപേക്ഷിക്കുന്നു. കാന്താഭാവവും കാമുകഭാവവും ഒരേ സമയം ഈ പതികത്തിൽ തെളിയുന്നു.[45]

വിവാഹാഘോഷത്തിന്റെ സ്വപ്നദർശനത്തെക്കുറിച്ചാണ് ആറാം പതികം. കണ്ണനെക്കുറിച്ചോർത്തുകിടന്ന ആൾക്ക് സ്വപ്നത്തിൽ കണ്ണനെ പ്രാപിക്കാനുള്ള ഭാഗ്യം ലഭിച്ചു. കണ്ണൻ വന്ന് തന്നെ വിവാഹം കഴിച്ചതായി അവൾ സ്വപ്നം കു. തന്റെ സ്വപ്നത്തിൽ വിവാഹത്തിന്റെ വൈദികവും ലൗകികവുമായ ചടങ്ങുകൾ നടക്കുന്നതായി കത് അവൾ തോഴിയോടു വിവരിച്ചു. ഈ പതികത്തിലെ എല്ലാം പാസുരങ്ങളും ആളും കൃഷ്ണനും തമ്മിലുള്ള വൈവാഹിക ബന്ധത്തെ സൂചിപ്പിക്കുന്നു.[46]

പാഞ്ചജന്യ പ്രശസ്തിയാണ് ഏഴാം പതികം. കാർവർണ്ണന്റെ കൈയിൽ വിശ്രമിക്കുന്ന പാഞ്ചജന്യമാണ് ആളുടെ ദൃഷ്ടിയിൽ ഏറ്റവും പുണ്യമാർന്നത്. മാധവന്റെ അധരങ്ങളുടെ സ്പർശനമറിഞ്ഞ പാഞ്ചജന്യത്തോട് ആ ചെഞ്ചുുകളുടെ സുഗന്ധവും സ്വാദും ആൾ അന്വേഷിക്കുന്നു. തന്നെത്തന്നെ ആ ശംഖിന്റെ സ്ഥാനത്തവൾ കാണുന്നു.[47]

---

[45] ‘എന്നുള്ളിൽ പൂക്കവനെന്നെ നോവിച്ചും കൊ –
ന്നെുയിർ പോകുമാറാടിടുന്നു’’.
‘‘കാന്തന്റെ വേർപാടിൻ വേദന എന്തെന്നു –
പൂങ്കുയിൽ നീയുമറിഞ്ഞീടുക’’
‘‘ഞങ്ങളെന്നില്ലത്തിലാടിയ കേളികൾ
ഞങ്ങളല്ലാതെ മറ്റാരറിയും’’.

[46] ‘മദ്ദളത്തോടൊത്തു ശംഖു മുഴങ്ങവേ
മുത്തുകൾ ഞാത്തിയ പന്തൽക്കീഴിൽ
എന്മണവാളനാം ദേവൻ മുകുന്ദനെൻ
കൈത്തലം ഏന്തുന്ന സ്വപ്നം കൻേ’’
‘‘ഇന്നാളും, ഏഴേഴു ജന്മവും ചാർച്ചയ്ക്കു
നമ്മളോടൊത്തുള്ള നാരായണൻ
ചെമ്മുറ്റ തൃക്കയ്യാലെന്നുടെ കാൽപിടി –
ച്ചമ്മിമേൽ വച്ചതും സ്വപ്നം കൻേ’’

[47] കണ്ണന്റെ ചുിലൂറീടുന്ന പീയൂഷ

എട്ടാം പതികം മേഘദൂതാണ്. തന്റെ പ്രേമം വെങ്കടനാഥനെ അറിയിക്കണമെന്ന് ആൾ മേഘത്തോട് ആവശ്യപ്പെടുന്നു. വിരഹമാണ് ഈ പതികത്തിൽ കാണുന്ന ഭാവം. കാന്തൻ തന്നെ പിരിഞ്ഞുപോയതിൽ വിലപിക്കുകയാണ് നായിക. എത്രയും വേഗം തന്റെ സന്ദേശം എത്തിച്ച് അതിനു മറുപടി എത്തിക്കണമെന്ന് ആൾ അപേക്ഷിക്കുന്നു.

പരിഭവം പറയലും വിലാപവുമാണ് ഒൻപതാം പതികത്തിന്റെ ഉള്ളടക്കം. മധുരയിലെത്തിയ ആൾ അവിടുത്തെ ചെടികൾ, മരങ്ങൾ, കീടങ്ങൾ, പക്ഷിമൃഗാദികൾ എന്നിവയോടെല്ലാം തന്റെ പ്രേമത്തെയും കണ്ണന്റെ ഉദാസീനതയെയും കുറിച്ച് പറഞ്ഞ് വിലപിക്കുന്നു. കാമുകനെ പിരിഞ്ഞ കാമുകിയുടെ ഭാവവും കണ്ണനോടുള്ള പ്രേമവും ഓരോ പാസുരത്തിലും നിറയുന്നു.[48]

വേപഥു പൂ മനവുമായുഴറുന്ന ആളോട് തോഴി പറയുന്ന സാന്ത്വനവാക്കുകൾ ഉൾക്കൊള്ളുന്നതാണ് പത്താം പതികം. ചരാചരങ്ങളോടു മുഴുവൻ പരിഭവം പറഞ്ഞുനടക്കുകയാണ് നായിക. അപ്പോൾ

''നന്മ നിറഞ്ഞൊരെൻ തോഴി നീ കേൾക്കുക
പന്നഗശായി പരൻ പൂമാനാം
ഉന്നതൻ സമ്പന്നൻ മേന്മയാർന്നുള്ളവൻ
നമ്മളോ കേവലം മാനുഷരാം
വില്ലിപ്പുത്തൂരിലേക്കാനായിച്ചീടുവാൻ
വല്ലവിധേനയും ആകുമെങ്കിൽ
ആ വിഷ്ണുചിത്തൻ വരുത്തട്ടെ തന്നുടെ
ദേവനെ നമ്മൾക്കു കാണുവാനായ്''.

എന്നു പറഞ്ഞ് സഖി ആളിനെ സമാധാനിപ്പിക്കുന്നു.

---

മുണ്ണുവാനേവരും കാത്തിരിക്കേ
പത്തുമാറായിരം പത്നിമാർക്കേകാതെ
അതു നീയൊരുവൻ താനൂീടുകിൽ
നിന്നോടു വിദ്വേഷം തോന്നുകയില്ലയോ
ധന്യനാം ശംഖമേ ഓർത്തുനോക്കു.

48 'നാഥന്റെ പൂമാല നല്കുന്ന നൊമ്പരം
ഞാനാരോടോതുമെൻ തോഴി ചൊല്ലു''
''ലീലകളാടുന്നോൻ തോൾബലമാർന്നവൻ
മാലിരുഞ്ചോലയിൽ മേവിടുന്നോൻ
വീട്ടിൽ വന്നെന്നുടെ വളകൾ കവർന്നതിൽ
തീർപ്പൊന്നു കല്പിക്കുകില്ലേ നിങ്ങൾ''
''ആശ്രയമറ്റവളെങ്ങു ഞാൻ പോകേു
മാർഗ്ഗമെനിക്കൊന്നു കാട്ടീടുവിൻ''

തന്റെ പ്രണയം കണ്ണൻ സ്വീകരിക്കാത്തതിലുള്ള സങ്കടവും നിരാശയുമാണ് പതിനൊന്നാം പതികത്തിലെ ആശയം. ഏവരുടേയും ദു:ഖമകറ്റുന്ന കണ്ണൻ തന്റെ മാത്രം വേദനയകറ്റാത്തതെന്തേ എന്നവൾ വിലപിക്കുന്നു. വിരഹകാർശ്യം മൂലം തന്റെ വളകൾ കരമൂലത്തിൽനിന്നൂർന്നുപോയതായും അവൾ അമ്മമാരോടും തോഴിമാരോടും പറയുന്നു. ഈ പതികത്തിലെ എട്ടാം പാസുരത്തിൽ വിഷ്ണു വരാഹരൂപം പൂ് ഭൂമിയെ വീടെടുത്ത കഥ സ്മരിക്കുന്നു. ആാൾ (ഗോദ) വിഷ്ണുപത്നിയായ ഭൂദേവിയുടെ അവതാരമെന്നു വിശ്വാസം. ഗോദയെ വീടെടുത്തവനാണ് ഗോവിന്ദൻ. വരാഹവതാരമായി ഭൂമിയെ വീടെടുത്തവൻ തന്നെയും സ്വീകരിക്കുമെന്ന് ആാൾ വിശ്വസിക്കുന്നതായി ഈ പാസുരത്തിൽ സൂചനയു്.

വിരഹാതുരയായ നായികയാണ് പന്ത്രാം പതികത്തിൽ പാടുന്നത്. ശ്രീകൃഷ്ണൻ ബാലലീലകളാടിയ വൃന്ദാവനത്തിലേക്കും യമുനാ നദീതീരത്തിലേക്കും ഗോവർധനത്തിലേക്കും മധുരയിലേക്കും തന്നെ കൊുപോകാൻ അവൾ ബന്ധുക്കളോടാവശ്യപ്പെടുന്നു. കൃഷ്ണന്റെ ലീലകളെക്കുറിച്ച് വീും വീും ഓർക്കുകയാണ് നായിക. അതിലൂടെ കൃഷ്ണനോടു തനിക്കുള്ള പ്രേമത്തെയും കൃഷ്ണദർശനത്തിനായുള്ള തന്റെ ആഗ്രഹത്തേയും വെളിപ്പെടുത്തുന്നു. തന്റെ പ്രേമം നായിക സാങ്കോചമെന്യേ എല്ലാവരെയും അറിയിക്കുന്നു. നായിക പ്രണയത്തിന്റെ തീവ്രാവസ്ഥയായ ഉന്മാദത്തെ പ്രാപിച്ചിരിക്കുന്നതായി തോന്നുന്നു.

വിരഹവേദന തനിക്ക് താങ്ങാനാവാത്തതായിരിക്കുന്നു. അതിനാൽ കണ്ണൻ ഉപയോഗിച്ച തുളസിമാല, മഞ്ഞപ്പട്ട് മുതലായവ കൊുവന്ന് തന്റെ വിരഹവേദന ശമിപ്പിക്കണം എന്ന് നായിക ആവശ്യപ്പെടുന്നതാണ് പതിമൂന്നാം പതികം. പ്രണയാതുരയായ കാമുകിക്ക് കാമുകന്റെ സ്വർശനമേറ്റ വസ്തുക്കളെല്ലാം വിലപ്പെട്ടതായിത്തോന്നും. ഈയവസ്ഥയിലാണ് നായിക. മുൻപതികത്തിലെന്നപോലെ ഇവിടെയും പ്രേമവും വിരഹവും തീവ്രമായി ആവിഷ്ക്കരിക്കുന്നു.

മറ്റു പതികങ്ങളിൽ നിന്നും ഏറെ വ്യത്യസ്തമാണ് പതിന്നാലാം പതികം. തന്റെ ഉറ്റവരോടുകൂടി വൃന്ദാവനത്തിലേക്കു പോകുന്ന നായിക അവിടെനിന്നു കൃഷ്ണദർശനം കഴിഞ്ഞുവരുന്ന കൂട്ടരോടു കണ്ണനെ കുവോ എന്നു ചോദിക്കുന്നതുപോലെയും അവർ മറുപടിയായി കണ്ണനെ വൃന്ദാവനത്തിൽ കു എന്നു പറയുന്നതുപോലെയും ഈ പതികത്തിലെ പാസുരങ്ങൾ രചിച്ചിരിക്കുന്നു. ചോദ്യത്തിലും ഉത്തരത്തിലും ശ്രീകൃഷ്ണവർണ്ണനയാണു വിഷയമെങ്കിലും അതു രും വ്യത്യസ്ത രീതിയിലാണെന്നത് ശ്രദ്ധേയമാണ്.

ഉദാ: മോഹനരൂപൻ പരൻ മോഹമുണർത്തും നാഥൻ
ഏറ്റിടാത്തതാം നുണ ചൊല്ലിടുന്നോനെ കദോ?
ഗരുഡൻ ചിറകാകും മേലാപ്പിൻ കീഴിലായി
വെയിലിൽ വരുന്നതും വൃന്ദാവനത്തിൽ കു.

ഈ പതികം മുഴുവൻ ഭഗവദ്രൂപവർണ്ണനയാണ്. കാവ്യത്തിലെ പതിനൊന്നാം പതികം മുതൽക്കുള്ള ഭാഗങ്ങൾക്ക് കൗമാരപ്രേമത്തിലകപ്പെട്ട ഒരു ചപലനായികയുടെ ജല്പനങ്ങളുടെ ഭാവമു് എന്നു തോന്നാം. യഥാർത്ഥത്തിൽ കാമുകീകാമുക ഭാവത്തിലൂടെ ഭക്തിയെ ആവിഷ്ക്കരിക്കുന്ന മധുരഭക്തിയുടെ ഉദാത്തമായ ആവിഷ്ക്കാരമാണിത്. മാനുഷികപ്രേമത്തിന്റെ എല്ലാ വശങ്ങളും മധുരഭക്തിയിലും കാണാം. ഇതിനുദാഹരണമാണ് നാച്ചിയാർ തിരുമൊഴി. ഈശ്വരനിൽ മനസ്സുറപ്പിച്ച യഥാർത്ഥ ഭക്തരുടെ മനസ്സാണ് ആാൾ കാണിച്ചുതരുന്നത്.

ഗീതഗോവിന്ദം പോലെ ആാൾകൃതികളും ''ഗോപികാസങ്കല്പത്തിൽ മാധവനെ താദാത്മീകരിക്കുക'' എന്ന ആശയത്തെയാണ് പ്രകാശിപ്പിക്കുന്നത്.

## മീര (പതിനാറാം നൂറ്റ്)

നിസ്വാർത്ഥകൃഷ്ണഭക്തയായിരുന്ന മീരാബായി[49]യുടെ ജീവിതത്തെക്കുറിച്ച് വസ്തുനിഷ്ഠമായ തെളിവുകൾ അധികമില്ല. സഗുണഭക്തിയോടു പ്രതിപത്തി കാണിച്ച മീര കൃഷ്ണരൂപത്തിലുള്ള വിഷ്ണുവിനെ ഉപാസിച്ചു. രജപുത്രവനിതയായ മീരയ്ക്ക് തന്റെ ഇഷ്ടമനുസരിച്ച് കൃഷ്ണപൂജ നടത്താൻ സ്വാതന്ത്ര്യമില്ലാതെ വന്നപ്പോൾ കൊട്ടാരവും മഹാറാണി പദവിയും സുഖസൗകര്യങ്ങളും ഉപേക്ഷിച്ചു ദേശാടനം നടത്തി. ഭക്തിയും പ്രേമവും ആവേശമുണർത്തുമ്പോൾ ഏക്താരയിൽ ശ്രുതിയുണർത്തി സംഗീതമാലപിക്കുകയും ചിലങ്കയണിഞ്ഞു നൃത്തമാടുകയും ചെയ്തു. മീരയുടെ പദങ്ങൾ മുഴുവനായും എഴുതി സംരക്ഷിക്കപ്പെട്ടിട്ടില്ല

ഗോവർദ്ധനഗിരിധാരിയായ ഭഗവാനെയാണ് മീര തന്റെ പദങ്ങളിൽ ഏറ്റവും കൂടുതൽ സ്തുതിച്ചിട്ടുള്ളത്. ഗിരിധര ഗോപാല്, ഗിരിധാരി എന്നീ പദങ്ങൾ കൃതികളിലുടനീളം ആവർത്തിക്കുന്നു.

1. മീരാ കേ പ്രഭു ഗിരിധര് ഗോപാല്
2. മീരാരോ ഗിരഥര് മിലിയാരേ

---

[49] കൃഷ്ണ പ്രണനിയായ രാധയുടെ അവതാരമാണ് മീര എന്നാണ് ഉത്തരേന്ത്യൻ ജനതയുടെ വിശ്വാസം. ശ്രീകുമാരി രാമചന്ദ്രൻ, മീര – ഭക്തിയുടെ ജീവിതം, മാതൃഭൂമി ഗ്രന്ഥവേദി, 2006.

3. മേരേ തോ ഗിരിധര് ഗോപാല്
ദൂസരേ ന കോയി.

തുടങ്ങിയ പദങ്ങൾ ഉദാഹരണം.

ബാല്യത്തിൽത്തന്നെ കൃഷ്ണനുമായി സാത്മ്യം നേടിയവളാണ് മീര. അവർ ഭൗതിക ബന്ധങ്ങളെല്ലാം ത്യജിച്ച് കൃഷ്ണഭക്തയായി ജീവിച്ചു. മീരയുടെ മാനസികാവസ്ഥയെ ഭക്തി എന്നതിൽ ഒതുക്കിനിർത്താൻ സാധ്യമല്ല. കൃഷ്ണനിൽ അവർ തന്റെ പ്രേമം സമർപ്പിച്ചു. മാനസികമായ സ്വയംവരം നടത്തിയവളാണ് മീര. പദങ്ങളിലെല്ലാം തന്നെ മീര സ്വയം കൃഷ്ണന്റെ കാമുകിയായും ദാസിയായും സങ്കൽപിച്ചിരിക്കുന്നു. കൃഷ്ണസാക്ഷാത്കാരത്തെ ലക്ഷ്യമാക്കി അലഞ്ഞ മീരയെ പ്രേമഭക്തിയുടെ പര്യായമായെടുക്കാം. മധുരഭക്തിയുടെ ഉദാത്തഭാവമാണ് മീരയിൽ സ്ഫുരിക്കുന്നത്. തന്നെ കൃഷ്ണന്റെ കാമുകിയായും കൃഷ്ണനെ തന്റെ കാന്തനായും കല്പിച്ചിട്ടുള്ള ധാരാളം പദങ്ങൾ ഉ്. കൃഷ്ണനെ പിരിഞ്ഞിരിക്കുമ്പോൾ അതിയായ വിരഹദു:ഖം അനുഭവിക്കുന്നതായും പദങ്ങളിൽ കാണുന്നു. താഴെ പറയുന്ന പദങ്ങൾ മീരയുടെ പ്രേമഭക്തിക്ക് ഉദാഹരണമാണ്.

മേനേ തോ ഗിരിധർ ഗോപാല്
ദൂസര് ന കോയി
ജാകേ സിര് മോർ മുകുട്
മോരോ പതി സോയീ
(ഗിരിധര ഗോപാലനായ കൃഷ്ണനല്ലാതേ
എനിക്കാരും തന്നെയില്ല ശിരസ്സിൽ പീലിക്കിരീടം ചാർത്തിയ
ആ ദയാനാണ് എന്റെ കാന്തൻ
ശ്യാമ് ബീനാ ജീയഡോ മുർഝാവേ
ജൈസേ ജല് ബിന് ബേലി
മീരാ തോ ജണം ജണം കീ ചേലീ
ദരത് ബിനാ ഖഡീ ദു ഹേലി.

(ജലമില്ലാതെ വാടിക്കരിയുന്ന കൂവളത്തെപ്പോലെ എന്റെ ഹൃദയവും ശ്യാമവർണന്റെ സാമിപ്യമില്ലാത്തതിനാൽ മുരടിച്ചുപോയിരിക്കുന്നു. ഞാനവിടുത്തെ ജന്മജന്മങ്ങളായുള്ള കൂട്ടുകാരിയാണ്. എനിക്കു ദർശനം തരണേ. അങ്ങയുടെ ദർശനം കിട്ടാതെ ഞാൻ അത്യന്തം ദു:ഖിതയായിരിക്കുന്നു).

ചാകർ രാഖോ ജീ പ്രഭുജീ

മനേ ചാകർ രാഖോജി

(ഹോ! പ്രഭോ അവിടുന്ന് അടിയനെ അവിടത്തെ സേവികയാക്കിയാലും)

കബ് കീ ഠാഡി പംഥ് നിഹാരൂം
അപ്നേ ഭവന് ഖഡീ

(പ്രിയതമന്റെ വഴി നോക്കി എത്രയോ നേരമായിരിക്കുന്നു ഞാനെന്റെ വീട്ടിൽ കഴിച്ചുകൂട്ടാൻ തുടങ്ങിയിട്ട്)

കൈസേ പ്രാണ് പിയാ ബിന് രാഖൂം
ജീവന്  മൂല് ജഡീ

(പ്രാണപ്രിയനല്ലാതെ എന്റെ ജീവന് എന്താണൊരാധാരമുള്ളത്)

പ്രേമ് ഭഗതി കോ പംഥ് ഹൈ ന്യാരോ
ഹമ് കൂം ഗൈല് ബതാജാ

(പ്രേമത്തിന്റെയും ഭക്തിയുടെയും മാർഗം അതിവിചിത്രമാകുന്നു. ഹേ പ്രഭോ അങ്ങയുടെ സവിധത്തിലെത്തിച്ചേരാനുള്ള മാർഗമേതെന്ന് എനിക്കു പറഞ്ഞുതന്നാലും).

മായി മ്ഹാണോ സുപ്ണാമാ
പര്ണയാ ദീനനാഥ്

(ഹേ സഖീ ദീനനാഥനായ കൃഷ്ണൻ എന്നെ വരിച്ചതായി എനിക്കു സ്വപ്നമുായിരിക്കുന്നു)

മൈം തോ സാവ്രേ കേ രംഗ് രാംചി
സാജി സിംഗാർ ബാംധ് പഗ് ഘൂഘരു
ലോക്  ലാജ് തജി നാചി

(അല്ലയോ സഖീ ഞാൻ ശ്യാമസുന്ദരനിൽ അലിഞ്ഞുചേർന്നിരിക്കുന്നു. അലങ്കാര വിഭൂഷണങ്ങളോടുകൂടിയും കാലിൽ ചിലങ്കകളണിഞ്ഞും കുലമര്യാദകളെ നിശ്ശേഷം വെടിഞ്ഞും ഞാനിതാ നൃത്തം ചെയ്യുന്നു).

ഹോജീ ഹരി കീത് ഗയേ
ണേ ഹാ ലഗായ്

(അല്ലയോ ഹരീ എന്നെ പ്രേമത്താൽ ബന്ധിതയാക്കിയ ശേഷം അവിടുന്ന് എവിടേക്കാണ് പോയത്.)

ഭാറല് ദേഖീ ഡരീ ഹോ ശ്യാമ്
ബദല് ദേഖീ ഡരീ

(അല്ലയോ കൃഷ്ണാ മാനത്തെ മേഘങ്ങൾ കാണുമ്പോൾ വിരഹദഗ്ധമായ എന്റെ മനം കേഴുന്നു)

മീരാദാസീ വ്യാകുലീരേ
പിവ് പിവ് കരത് ബിഹായീ
ബേഗിമിലോ പ്രഭു അന്തര് ജാമീ
തുമ് ബിന് രഹ്യോ നജായി

(പ്രിയതമാ, അവിടുത്തെ ദാസിയായ മീര വ്യാകുലയാണ്. അവിടത്തെ ഓർത്തോത്ത് തന്റെ പ്രാണൻ ത്യജിക്കുകയാണ്. അന്തര്യാമിയായ ഹേ പ്രഭോ ശീഘ്രം വന്നണഞ്ഞാലും. അങ്ങില്ലാതെ ഈയുള്ളവൾക്ക് ജീവിക്കാൻ സാദ്ധ്യമല്ല).

കരുണാ സുണി ശ്യാമ് മേരീ
മെം തോ ഹോയീ രഹീ ചേരീ തേരീ

(കൃഷ്ണാ അവിടുന്ന് എന്റെ കദനകഥ കേൾക്കുന്നില്ലയോ. ഞാൻ അവിടുത്തെ ദാസിയായിരിക്കുന്നു എന്ന് അറിയുന്നില്ലയോ)

ഹേരീ മെതോ പ്രേമ് ദിവാനി
മേരോ ദർദ് ണ ജാണേ കോയീ

(സഖീ, കൃഷ്ണനോടുള്ള പ്രണയം അധികരിക്കയാൽ ഞാൻ ഒരു ഭ്രാന്തിയായിത്തീർന്നിരിക്കുന്നു. അക്കാരണത്താൽ ഞാനനുഭവിക്കുന്ന വേദന എത്രത്തോളമുന്നെ് മറ്റാർക്കും മനസ്സിലാക്കാൻ കഴിയില്ല).

നായികാ നായകഭാവത്തിലുള്ള മധുരഭക്തിയെ സാധനയായി സ്വീകരിച്ചവരാണ് ജയദേവൻ, ആൾ മീരാബായ് എന്നിവർ ആളും മീരയും സ്വയം ഭഗവാന്റെ കാമുകിയും ദാസിയുമായി സങ്കല്പിക്കുന്നു. അവരുടെ കൃതികളിലും ആ ഭാവം തെളിയുന്നു. ജയദേവൻ ശുദ്ധശൃംഗാരത്തിന്റെ മാർഗമാണ് അവ

ലംബിക്കുന്നത്. വ്യത്യസ്തമായ ശൃംഗാരമാർഗം സ്വീകരിച്ചതിന്റെ കാരണം നാരദഭക്തിസൂത്രത്തിൽ പറയുന്നു്.[50]

നായികാനായകന്മാരുടെ ഉൽകൃഷ്ടവും തീവ്രവുമായ പ്രേമത്തിന് ഐക്യഭാവമു്. ഭക്തനും തന്റെ ഇഷ്ടദേവനും തമ്മിലും ഐക്യമാണ് അനുഭവിക്കുന്നത്. അതുകൊ് അതിനെ ഉത്തമപ്രേമാനുഭൂതിയുടെ ഭാഷയിൽ വർണ്ണിക്കുന്നതിൽ അസ്വാഭാവികതയില്ല.

ആാളും മീരയും സ്വജീവിതത്തിൽ രാധയായി മാറുന്നു. രാധയാകട്ടെ വേഷാദികളിലൂടെ മാധവനായി മാറുന്നു. ചില സമയം ആഹാര്യരൂപമമണിഞ്ഞ് ആാളും മാധവതാദാത്മ്യം പ്രാപിക്കുന്നു. ഈ താദാത്മീകരണ വ്യഖ്യാനത്തിന് ഉത്തരേന്ത്യയെന്നോ ദക്ഷിണേന്ത്യയെന്നോ തമിഴകമെന്നോ ഭേദം കാണുന്നില്ല എന്ന് സാമാന്യമായി പറയാം.

---

50 ഈശ്വരോന്മുഖമായ പ്രേമമാണ് ഭക്തി. അനുരാഗത്തിലെന്നപോലെ ഭക്തിയിലും സ്വാർത്ഥം, അഹംഭാവം ഇത്യാദി കല്മഷങ്ങൾ കലർന്നിരിക്കാനിടയു്. ആ ദോഷങ്ങൾ തീരാൻ അഗ്നിപരീക്ഷ ആവശ്യമാണ്. അതാണ് വിരഹം (ശൃംഗാരത്തിൽ വിപ്രലംഭം. അതിനുശേഷമുള്ള സമാഗമത്തിലാണ് ഭക്തി (ശൃംഗാരം) അത്യന്ത പാവനവും അത്യുൽക്കടവുമായ അവസ്ഥയിലെത്തുന്നത്. ഈ പരിണാമം അനുരാഗത്തിലും ഭക്തിയിലും ഒരു പോലെയാണ് അനുരാഗത്തിലെ അനുഭവം സാധാരണമനുഷ്യന് സുപരിചിതമാണ്. ഇതുകൊാവാം ജയദേവൻ ശുദ്ധശൃംഗാരത്തിന്റെ ഭാഷയിൽ ഒരു ഭക്തികാവ്യം നിർമ്മിച്ചത്.

അദ്ധ്യായം 3

# ഭക്തിസാഹിത്യം മലയാളത്തിൽ

3.1. ശൈവ-വൈഷ്ണവ സ്വാധീനം

3.2. ഭാഷയിലെ ഭക്തിസാഹിത്യരചനകളും രാമ/കൃഷ്ണ ആഖ്യാനങ്ങളും

## അദ്ധ്യായം 3

# ഭക്തിസാഹിത്യം മലയാളത്തിൽ

ദക്ഷിണേന്ത്യയിൽ രൂപം കൊ സാഹിത്യപരിശ്രമങ്ങൾക്ക് പ്രചോദനം നല്കിയത് സംഘസാഹിത്യമായിരുന്നിരിക്കണം. ബി.സി. മുന്നൂറിനും എ.ഡി. നാനൂറിനും ഇടയ്ക്കാണ് സംഘകാലം എന്നാണ് ചരിത്രഗവേഷകരുടെ പൊതുവായ അഭിപ്രായം.

വ്യക്തികളെ ശുദ്ധീകരിച്ച് ഭക്തിമാർഗ്ഗത്തിലേയ്ക്ക് നയിക്കുക, അതിലൂടെ ഈശ്വരസാക്ഷാത്കാരത്തിലേക്കെത്തിക്കുക എന്നതായിരുന്നു ഭക്തിസാഹിത്യത്തിന്റെ മുഖ്യലക്ഷ്യം. ദക്ഷിണേന്ത്യൻ ഭക്തിസാഹിത്യത്തിൽ പ്രധാനമായും പ്രഥമമായും വരുന്നത് ശൈവ–വൈഷ്ണവ സാഹിത്യകൃതികളാണ്. ആത്മീയ തത്ത്വങ്ങളേയും ഭക്തിദർശനങ്ങളേയും മുൻനിർത്തിയുള്ള വാദപ്രതിവാദങ്ങൾ, പ്രഭാഷണങ്ങൾ, ഭജനകൾ, ഘോഷയാത്രകൾ തുടങ്ങിയവ വേഗത്തിൽ ജനപ്രീതി നേടി. ജനങ്ങൾക്കിടയിൽ അവരുടെ സ്വന്തം ഭാഷയിൽ ഇവ അവതരിപ്പിക്കപ്പെട്ടു. ഇക്കാരണത്താൽ ഭക്തിയുടെ തരംഗത്തിന് വ്യാപകമായ ജനപ്രീതി ലഭിച്ചു.

## 3.1. ശൈവ–വൈഷ്ണവ സ്വാധീനം

തമിഴകത്തെ ശൈവവൈഷ്ണവ പാരമ്പര്യത്തിലാണ് കേരളത്തിന്റെ ഭക്തിസാഹിത്യപാരമ്പര്യവും എത്തിനിൽക്കുന്നത്. ശൈവാചാര്യന്മാരായ നായനാർമാരും വൈഷ്ണവാചാര്യന്മാരായ ആഴ്വാർമാരും ഭക്തിസാഹിത്യത്തെ പോഷിപ്പിച്ചു. വൈഷ്ണവമതപ്രചാരകരായ പന്ത്ര് ആഴ്വാർമാരിൽ[1] കുലശേഖര ആഴ്വാർ കേരളത്തിന്റെ പ്രതിനിധിയാണ്. ശൈവമതാചാര്യന്മാരായ ചേരമാൻപെരുമാൾ നായനാരും വിറന്മി നായനാരും കേരളീയരായിരുന്നു എന്നു പറയപ്പെടുന്നു. ക്ഷേത്രങ്ങളുമായി ബന്ധപ്പെട്ടാണ് തമിഴകത്ത് ഭക്തിസാഹിത്യം വളർന്നത്. ക്ഷേത്രമാഹാത്മ്യം പാടി പ്രചരിപ്പിക്കുന്ന രീതി ശൈവ–വൈഷ്ണവാനുയായികൾ സ്വീകരിച്ചിരുന്നു.

വൈഷ്ണവ പുണ്യക്ഷേത്രങ്ങളായി അറിയപ്പെടുന്നു നൂറ്റിയെട്ടു ക്ഷേത്രങ്ങളിൽ പതിമൂന്നെണ്ണം കേരളത്തിലാണ്.[2] ഭാരതപ്പുഴയുടെ തീരം മുതൽ തെക്കോട്ട്

---

[1] പൊയ്കൈ ആഴ്വാർ, പൂതത്താഴ്വാർ, പേയാഴ്വാർ, തിരുമലിശൈ ആൾവാർ, കുലശേഖര ആഴ്വാർ, നമ്മാഴ്വാർ, മധുരകവി ആഴ്വാർ, പെരിയാഴ്വാർ, ആാൾ, തൊരടിപ്പൊടിയാഴ്വാർ, തിരുപ്പാണാഴ്വാർ, തിരുമറൈ ആഴ്വാർ.

[2] ഇവ പാടൽപെറ്റ ക്ഷേത്രങ്ങൾ എന്നറിയപ്പെടുന്നു.

ഇവ സ്ഥിതി ചെയ്യുന്നു. വൈഷ്ണവ സമ്പ്രദായം കേരളത്തിലും പ്രചരിച്ചിരുന്നു എന്നതിന്റെ തെളിവായി ഇത് സ്വീകരിക്കാവുന്നതാണ്. കേരളത്തിന്റെ വടക്കു പ്രദേശത്ത് മഹാക്ഷേത്രങ്ങൾ താരതമ്യേന കുറവായതുകൊ് ക്ഷേത്രമഹത്ത്വം പാടി പ്രചരിപ്പിക്കാൻ കഴിയാത്തതാവാം ഭാരതപ്പുഴയുടെ വടക്ക് വൈഷ്ണവക്ഷേത്രങ്ങൾ പ്രസിദ്ധിനേടാത്തതിനു കാരണം. ഇതിഹാസപുരാണാദികളുടെ വിവർത്തനത്തിൽ നിന്നു വ്യത്യസ്തമായി 'കൃഷ്ണഗാഥ' പോലുള്ള സ്വതന്ത്രകൃതികൾ[3] രൂപം കൊള്ളുന്നത് വടക്കാണ് എന്ന സവിശേഷത ശ്രദ്ധിക്കേതാണ്.

ദക്ഷിണാപഥത്തിലും വിശേഷിച്ച് തമിഴകത്തും വൈഷ്ണവസമ്പ്രദായത്തിനുായ പ്രഭാവത്തിന്റെ ഉത്തമോദാഹരണങ്ങളാണ് ആഴ്വാർമാരുടെ ഭക്തിഗീതങ്ങൾ.[4] ഭഗവദ്ഗുണങ്ങളെ ധ്യാനിക്കുന്നവർ എന്നാണ് ആഴ്വാർ എന്ന പദത്തിനർത്ഥം. നാലായിരപ്രബന്ധത്തിൽ പന്ത്ര് ആഴ്വാർമാരെപ്പറ്റി വിവരിക്കുന്നു. പരംപൊരുളായ ഈശ്വരന് നാരായണൻ എന്ന പേരാണ് ആഴ്വാർമാർ നൽകുന്നത്. വൈഷ്ണവഭക്തി മനുഷ്യനും ഈശ്വരനും തമ്മിലുള്ള മനുഷ്യബന്ധങ്ങളെ ഉപയോഗിക്കുന്നു. ''വൈഷ്ണവസമ്പ്രദായത്തിൽ ഈശ്വരൻ ഗുരുവായും സ്നേഹിതനായും അച്ഛനായും അമ്മയായും കുട്ടിയായും കാമുകനായും വീക്ഷിക്കപ്പെട്ടിരിക്കുന്നു.[5] ഈശ്വരനെ കാമുകനായി ഗണിയ്ക്കുന്നരീതി ആഴ്വാർമാരും വൈഷ്ണവസമ്പ്രദായക്കാരും പുഷ്ടിപ്പെടുത്തി. വൈഷ്ണവർ ഈശ്വരനെ തങ്ങളുടെ പ്രേമഭാജനമാക്കുകയും മാനവപ്രേമത്തിന്റെ സകലഭാവങ്ങളും ഈശ്വരനിലേയ്ക്ക് തിരിച്ചു വിടുകയും ചെയ്തു. 'ദ്രാവിഡപ്രബന്ധം' ദക്ഷിണഭാരതത്തിലെ ക്ഷേത്രങ്ങളിലെ മൂർത്തികളെ സംബോധന ചെയ്തുകൊള്ള ഭക്തിഗീതങ്ങളാൽ സമ്പൂർണ്ണമാണ്. നാലായിരപ്രബന്ധം, തിരുപ്പാവൈ, നാച്ചിയാർ തിരുമൊഴി തുടങ്ങിയ സംഘകൃതികളിൽ വിഷ്ണുവിന്റെ അവതാരലീലകൾ വർണ്ണിയ്ക്കുന്നു. 'തിരുപ്പാവൈ'യിലും 'നാച്ചിയാർ തിരുമൊഴി'യിലും ഈശ്വരനെ കാമുകനായി ഗണിച്ചുകൊള്ള പ്രണയഗാനങ്ങളാണ്. നായികാ നായക ഭാവത്തിലുള്ള ഭക്തിരസമാണ് ഈ ഗാനങ്ങളിലുള്ളത്. 'നാലായിര പ്രബന്ധ'ത്തിലെ ഗീതങ്ങളെ ഏതാ് തുല്യമായ നാലുഭാഗങ്ങളായി വിഭജിച്ചിരിക്കുന്നു വിഷ്ണുവിന്റെ അവതാരലീലകൾക്കാണിതിൽ പ്രാമു

[3] ഭാഗവതം ദശമസ്കന്ധത്തിലെ കഥയാണ് കൃഷ്ണഗാഥയ്ക്കാസ്പദം. അത് വിവർത്തനമല്ല. ഒരു വ്യക്തിയുടെ ജീവിതത്തിന്റെ ക്രമാനുഗതമായ വളർച്ച ചിത്രീകരിക്കുന്നു. വടക്കൻ പാട്ടുകളിൽ കാണുന്ന ശൃംഗാരവും വിരഹവും ഇതിൽ പ്രകടമാണ്. നമ്പൂതിരി എൻ.എം., അർത്ഥാന്തരങ്ങൾ – ഗാഥാപഠനം (സെൻട്രൽ കോ–ഓപ്പറേറ്റീവ് സ്റ്റോർ 1999).

[4] Majumdar R.C. The Classical Age. The History and Culture of the Indian People (Bombay – Bharatya Vidya Bhavan, 1962) p. 428

[5] രാധാകൃഷ്ണൻ എസ്. ഭാരതീയ ദർശനം രാം വാല്യം, പരിഭാഷ നാരായണ നമ്പീശൻ ടി., കോഴിക്കോട് മാതൃഭൂമി പ്രിന്റിംഗ് & പബ്ലിഷിംഗ് ലിമിറ്റഡ്, 1983, പുറം. 704.

ഖ്യം. എന്നാൽ അവയുടെ കേന്ദ്രബിന്ദു സ്നേഹവും ഭക്തിയുമാണ്. ''നമ്മാഴ്വാരുടെ കവിത ഒരു വിജ്ഞാനകോശം തന്നെയാണ്–അതിന്റെ ആധ്യാത്മികതയുടെ തലം കൊും അതിലാവിഷ്ക്കരിക്കപ്പെട്ടിട്ടുള്ള അസ്തിത്വത്തിന്റെ സങ്കീർണ്ണതകളെക്കൊും.''[6] ജീവാത്മാവ് പരമാത്മാവിനോടണയാൻ വ്യഗ്രതപ്പെടുന്നതായി ഇതിൽ ചിത്രീകരിക്കുന്നു. ''നമ്മാഴ്വാർ ഭഗവാൻ വിഷ്ണുവിന്റെ കാമുകിയായി സ്വയം സങ്കൽപ്പിക്കുകയാണ്. അവർ സമ്മേളിക്കുകയും ഒരു മാത്ര നേരത്തേക്ക് അനന്തതയെ അനുഭവിക്കുകയും ചെയ്യുന്നു. ശേഷം അദ്ദേഹം അവളെ വിട്ടുപോവുകയും അവൾ ആത്മാവിന്റെ കറുത്ത രാത്രിയെ അറിയുകയും ചെയ്യുന്നു എന്ന് ഖ.ട.ങ. ഒീുല്യ നാലായിര പ്രബന്ധതർജ്ജമയിൽ പറയുന്നു. നമ്മാഴ്വാരുടെ ഭക്തി പൂർണ്ണമനസ്സോടും ഹൃദയത്തോടും കൂടി ഈശ്വരനെ സ്നേഹിച്ച് അന്തർദർശനത്തിലൂടെ ഈശ്വരസാക്ഷാത്കാരത്തിലെത്തി നിൽക്കുകയാണ്. പൂജയിൽ നിന്ന് ഏറ്റവും ഉയർന്ന തലമായ ആത്മദർശനം വരെ ഭക്തി വ്യാപിച്ചുകിടക്കുന്നു. ആ നിലയ്ക്കെത്തിയാൽ പിന്നെ ആത്മസ്നേഹത്തിന്റെയോ സ്വാർത്ഥചിന്തയുടേയോ പ്രശ്നം ഉദ്ഭവിക്കുന്നില്ല. കവിതയിൽ ഈശ്വരനും ആത്മാവും തമ്മിലുള്ള സംബന്ധത്തിന്റെ പ്രതീകമാണ് പുരുഷനും കന്യകയും തമ്മിലുള്ള ബന്ധം. ഗോപീകൃഷ്ണപ്രണയബന്ധവും ആഴ്വാർമാർക്ക് പരിചിതമായിരുന്നു. ആാൾ എന്ന വൈഷ്ണവ കവയിത്രി തന്നെത്തന്നെ ഗോപികയായി കൽപ്പിക്കുകയും തന്റെ പ്രേമഭാജനമായ കൃഷ്ണനിൽ ലയിക്കുന്നതായി സങ്കൽപ്പിക്കുകയും ചെയ്യുന്നു.[7]

തമിഴകത്തെ തിണൈമയക്കത്തിൽ മുല്ലൈ നിലത്തിന്റെ അധിദേവതയായ മായോനെക്കുറിച്ചു പറയുന്നു. മായോൻ കൃഷ്ണൻ തന്നെയാണെന്ന് പണ്ഡിതന്മാർ സംഘകാലകൃതികളെ ഉദ്ധരിച്ചുകൊ് അഭിപ്രായപ്പെടുന്നു.[8] മുല്ലൈനിലം വനഭൂമിയാണ്. ഇവിടത്തെ നിവാസികൾ ഇടയന്മാരും. അവരെ കോവലർ (ഗോപാലകർ) എന്നു വിശേഷിപ്പിക്കുന്നു. അവരുടെ ദേവനാണു മായോൻ. മായോൻ എന്ന വാക്കിന് 'മാധവൻ' എന്നതിന്റെ തദ്ഭവമെന്നും ലക്ഷ്മിവാൻ (മാ–ലക്ഷ്മി) എന്നും ശ്രീപതിയെന്നും അർത്ഥം കല്പിക്കാം.[9]

ഭക്തിപ്രസ്ഥാനം മലയാളത്തിൽ ശക്തമാവുന്നത്, പതിനഞ്ച് പതിനാറ് നൂറ്റാുകളിലാണ്. എന്നാൽ ഉത്തരേന്ത്യയിലും തമിഴകത്തും പ്രചരിച്ചതുപോലെ ഭക്തിപ്ര

6 Majumdar R.C., p. 336

7 അതേ പുസ്തകം.

8 ഉണ്ണിക്കിടാവ്, കെ., സംഘകാലകൃതികളിലെ തമിഴ് സംസ്കാരം (മായോൻ എന്ന ശ്രീപതി) (തൃശൂർ: കേരള സാഹിത്യ അക്കാദമി, 2007).

9 ഉണ്ണിക്കിടാവ്, കെ., സംഘകാലകൃതികളിലെ തമിഴ് സംസ്കാരം (മായോൻ എന്ന ശ്രീപതി) (തൃശൂർ: കേരള സാഹിത്യ അക്കാദമി, 2007).

സ്ഥാനം മലയാളത്തിൽ രൂപം കൊിട്ടില്ല എന്ന് അഭിപ്രായമു്. ഭാഷയിലെ ആദ്യ കൃതിയായ രാമചരിതം (പന്ത്രാം നൂറ്റ്) മുതൽ ഭക്തി പലവിധ രൂപങ്ങളിൽ സാഹിത്യത്തിൽ കടന്നുവരുന്നു്. രാമചരിതം, തിരുനിഴൽമാല, നിരണംകൃതികൾ ഇവയിലെല്ലാം പ്രമേയം ഭക്തിയാണ്. ''മലയാള ഭക്തിസാഹിത്യത്തിലെ ആദ്യ കൃതി രാമചരിതമാണെന്ന്'' കെ.എൻ. എഴുത്തച്ഛൻ അഭിപ്രായപ്പെടുന്നു.[10] ഇതിഹാസ പുരാണങ്ങളുടെ വ്യാപനം എന്ന നിലയ്ക്കാണ് മലയാളത്തിൽ ഭക്തിസാഹിത്യം വളർച്ച പ്രാപിക്കുന്നത്. ''ഒറ്റപ്പെട്ട സ്തുതികളും ക്ഷേത്രസ്തുതികളും കൂട്ടിപ്പിടിച്ച് ഭക്തിപ്രസ്ഥാനം കേരളത്തിൽ വ്യാപിച്ചു എന്ന് പറഞ്ഞുകൂടാ.[11]

## 3.2. ഭാഷയിലെ ഭക്തിസാഹിത്യ രചനകളും രാമ/കൃഷ്ണ ആഖ്യാനങ്ങളും

ഭാരതജനതയേയും അവരുടെ സംസ്കാരത്തേയും രാമ/കൃഷ്ണ സങ്കല്പം ആഴത്തിൽ സ്വാധീനിച്ചിട്ടു്. അത്തരമൊരു ബൃഹദ്പാരമ്പര്യത്തിന്റെ പിൻതുടർച്ച കേരളസംസ്കാരത്തിലും സാഹിത്യത്തിലും കാണുന്നു്. മദ്ധ്യകാല മലയാള സാഹിത്യം ഏതാ് മുഴുവനായും രാമകഥയുടേയോ കൃഷ്ണകഥയുടെയോ പുനരാഖ്യാനമാണ്. ക്ഷണികങ്ങളായ ലൗകികസുഖങ്ങളുടെ നിസ്സാരത മനുഷ്യനെ ബോധ്യപ്പെടുത്തുക, മനുഷ്യാതീതമായ അദൃശ്യശക്തിയെപ്പറ്റിയുള്ള ബോധം ജനഹൃദയങ്ങളിൽ വളർത്തുക, പുരാണതത്ത്വങ്ങൾക്ക് കാലോചിതമായ വ്യാഖ്യാനങ്ങൾ നല്കുക തുടങ്ങിയവയാണ് പുരാണകഥാ പുനരാഖ്യാനങ്ങളുടെ ലക്ഷ്യം.

### രാമചരിതം

വാത്മീകി രാമായണത്തെയും കമ്പരാമായണത്തെയും ഉപജീവിച്ചു രചിച്ച സ്വതന്ത്രമായ കൃതിയാണ് രാമചരിതം. കേരളത്തിൽ ഭക്തിപ്രസ്ഥാനം കുലശേഖര ആഴ്വാരുടെ പെരുമാൾ തിരുമൊഴിയിലും ചേരമാൻപെരുമാൾ നായനാരുടെ സ്ത്രോത്രങ്ങളിലുമാണ് കൂമ്പുയർത്തിയതെങ്കിലും കുറെക്കാലത്തെ നിശ്ചലാവസ്ഥയ്ക്കുശേഷം ആ കൂമ്പ് വിടരാൻ തുടങ്ങുന്നത് രാമചരിതത്തിലാണ്.[12] ആലാപനത്തിനുള്ള ഗാനങ്ങൾ എന്നതിലുപരി ആഖ്യാനാത്മകകൃതി എന്ന നിലയിൽ ഉദാത്തമായ ഭക്തിസാഹിത്യം രാമചരിതത്തിലൂടെ രൂപപ്പെട്ടു. വിഷ്ണുവിന്റെ അവതാരമായ രാമനിലൂടെ ധാർമികമായ ഉദ്ബോധനം നടത്താൻ കവി ശ്രമിക്കുന്നതായി

[10] എഴുത്തച്ഛൻ കെ.എൻ. തെരഞ്ഞെടുത്ത പ്രബന്ധങ്ങൾ (തൃശ്ശൂർ കേ.സാ.അ. 1990), പുറം. 395.

[11] നമ്പൂതിരി, എൻ.എം. കേരള സംസ്കാരം അകവും പുറവും, (കാലിക്കറ്റ് യൂണിവേഴ്സിറ്റി സെൻട്രൽ കോ-ഓപ്പറേറ്റീവ് സ്റ്റോർ), പുറം. 375.

[12] കൃഷ്ണപിള്ള എൻ. കൈരളിയുടെ കഥ (കോട്ടയം എസ്.പി.സി.എസ്., 1975), പുറം. 120.

കാണാം. ഭക്തിപ്രസ്ഥാനത്തിന്റെ പ്രചാരമാണ് രാമചരിതത്തിന്റെ ലക്ഷ്യമെന്ന് പറയാൻ കഴിയില്ലെങ്കിലും ഭക്തി രാമചരിതകാരനെ സ്വാധീനിച്ചിട്ടുന്നെു കത്തൊം. ഭടന്മാരെ ഉത്തേജിപ്പിക്കാൻ വേി രചിച്ച കൃതിയാണിതെന്നും അതിനാൽത്തന്നെ വീരരസപ്രധാനമാണ് എന്നും പറയാറു്. എന്നാൽ 'ഊഴിയിൽ ചെറിയവർക്കറിയാൻ വേി രചിച്ച രാമചരിതത്തിൽ വീരരസത്തേക്കാളും യുദ്ധതന്ത്രങ്ങളേക്കാളും സാമാന്യ ജനങ്ങൾക്ക് ഉപകാരപ്രദമായ ധർമ്മബോധത്തെ ഉത്തേജിപ്പിക്കാൻ ഉതകുന്ന രീതിയാണ് കാണാൻ കഴിയുന്നത്. ധർമ്മാധർമ്മങ്ങളുടെ പോരാട്ടവും ധർമ്മത്തിന്റെ വിജയവുമാണ് രാമചരിതത്തിലുള്ളത്. ഭക്തിദ്യോതകങ്ങളായ ധാരാളം പരാമർശങ്ങൾ ഇതിലു്.

വന്തെതിരേറിന മന്നനൈ മാനിടമെന്നോ നിൻ
ചിന്ത പിറന്നത്! ചേലുരുവായ് മറമീരോനെ,
മന്തരവെർപ്പിനെ വാരിയിലാമയുരുക്കൊടേ
പെന്തന ചെയ്ത പരാപരനെന്റതു തേരായോ?
തേററുതാതൊളമത്തൻ ചെകത്തൻ നിചാചരരാ-
ലേരിനതെന്റയ, നിന്തിര നീചനും വാനവരും
കൂറിനരുള്ള മഴിതു കൂലൈന്തു കുലൈന്തന്നേ
മാറില്ലയാമതു വൈരു പിറന്ന തൻ മന്നവനായ്

(രാമചരിതം 105-9,10)

എന്നിങ്ങനെ സ്വപതിയുടെ നിര്യാണത്തിൽ വിലപിക്കുന്ന മണ്ഡോദരിപോലും ശ്രീരാമന്റെ അവതാര മഹത്ത്വത്തെ വാഴ്ത്തുന്നു.

സീതയെ രാമനു തിരിച്ചുനൽകണമെന്ന് വിഭീഷണൻ രാവണനെ നിർബന്ധിക്കുന്ന സന്ദർഭത്തിൽ ചെയ്യുന്ന രാമാവതാര മഹത്ത്വപ്രകീർത്തനം, ശ്രീരാമപട്ടാഭിഷേകത്തിനു ശേഷം നാരദർ ചെയ്യുന്ന കേശാദിപാദവർണ്ണനാസ്തുതികൾ തുടങ്ങിയവ രാമചരിതത്തിലെ ഭക്തിഭാവത്തെ വെളിപ്പെടുത്തുന്നു. ഫലശ്രുതിയിൽ വൈകുണ്ഠപ്രാപ്തിയും ഭഗവൽപാദങ്ങളിൽ ലയിക്കാനുള്ള ഭാഗ്യവും തനിക്കുാകണമെന്ന് കവി ആഗ്രഹിക്കുന്നു. ഇപ്രകാരമുള്ള നിരീക്ഷണത്തിൽ രാമചരിതത്തിന്റെ സമഗ്രഭാവധ്വനി തന്നെ ഭക്തിയാണ്. കമ്പരാമായണം തമിഴകത്ത് വളർത്തിയെടുത്ത ഭക്തിഭാവാന്തരീക്ഷത്തിനു സമാനമായ ഒന്ന് കേരളത്തിലും വളർത്തിയെടുക്കുകയെന്ന ഉദ്ദേശ്യം രാമചരിതകാരനുായിരുന്നതായി കണക്കാക്കാം. രാമചരിതം മലയാളത്തിൽ അവതരിപ്പിച്ച പാട്ടിന്റെ വിശുദ്ധഭാവധാരയും ഭക്തിനിർഭരമായ ഉള്ളടക്കത്തിന്റെ ചൈതന്യവും പിൽക്കാല കവികളെ സ്വാധീനിച്ചു. നിരണം കവികളും എഴുത്തച്ഛനും രാമചരിതകാരന്റെ പാത പിൻതുടർന്നു.

## നിരണം കൃതികൾ

മലയാളത്തിലെ ഭക്തിസാഹിത്യപ്രസ്ഥാനത്തിന്റെ ഉപജ്ഞാതാക്കളാണ് നിരണം കവികൾ.[13] പതിനാല്, പതിനഞ്ച് നൂറ്റാുകൾക്കിടയ്ക്കാണ് നിരണം കൃതി കൾ രചിക്കപ്പെട്ടത്. രചനാരീതിയിലും വൃത്തസ്വീകരണം, ഭക്തിഭാവപ്രകാശനം എന്നിവയിൽ ഇവർ സമാനരീതി കൈക്കൊ. ''എ.ഡി. പന്ത്രുമുതൽ പതിനഞ്ചു വരെ നൂറ്റാുകളിൽ കേരളത്തിൽ മേൽക്കൈ നേടിയിരുന്ന മണിപ്രവാള സാഹിത്യ ത്തേയും അതു പ്രചരിപ്പിച്ച സംസ്കാരത്തേയും വെല്ലുവിളിച്ചുകൊ് രൂപശില്പ ത്തിലും ഉള്ളടക്കത്തിലും നൂതനമാർഗ്ഗം അവതരിപ്പിച്ച ധീചേതസ്സുകളാണ് നിരണം കവികൾ''.[14]

രാമചരിതത്തിലാരംഭിച്ച രാമായണകഥ പൂർണ്ണത പ്രാപിക്കുന്നത് നിരണം കവികളിലൂടെയാണ്. രാമായണ കഥയുമായി പരിചയപ്പെടാൻ സാധാരണ ജന ങ്ങൾക്ക് വഴിയൊരുക്കിക്കൊടുക്കുകയാണ് കണ്ണശ്ശരാമായണത്തിലൂടെ. ഈ കൃതിയുടെ ആവിർഭാവത്തോടെയാണ് സാഹിത്യകൃതികളിലൂടെയുള്ള ആധ്യാത്മി കചിന്ത കേരളത്തിൽ ഉദയം കൊത്. ''ഉപരിവർഗ്ഗത്തിന്റെ ജീവിത ശൈലിയോടും വീക്ഷണത്തോടും വിയോജിപ്പ് പ്രകടമാക്കുന്ന ഒരു ജനവിഭാഗവും അന്ന് കേരള ത്തിൽ ജീവിച്ചിരുന്നുവെന്നതിന് കണ്ണശ്ശകാവ്യങ്ങൾ സാക്ഷ്യം വഹിക്കുന്നു്.''[15] വാല്മീകി രാമായണത്തിലെ ഇരുപത്തിനാലായിരം ശ്ലോകങ്ങൾ മൂവായിരത്തി അമ്പത്തൊമ്പതു പാട്ടുകളിലാക്കി കണ്ണശ്ശരാമായണത്തിൽ സംഗ്രഹിച്ചിരിക്കുന്നു.[16]

മലയാളത്തിലെ ആദ്യത്തെ മഹാഭാരതസംഗ്രഹമാണു ഭാരതമാല. സ്വന്തം പ ാപം നശിപ്പിക്കുന്നതിനോടൊപ്പം സാധാരണ ജനങ്ങളെ മുക്തിപദത്തിലേക്കെത്തി ക്കുക കൂടിയാണ് ഭാരതമാലാ കർത്താവിന്റെ (ശങ്കരപ്പണിക്കർ) ലക്ഷ്യം. എഴുത്ത ച്ഛന്റെ വിഖ്യാതമായ പാർത്ഥസാരഥിവർണ്ണനയിൽ ഭാരതമാലയുടെ സ്വാധീനമു്. കൃഷ്ണസങ്കല്പത്തിന്റെ സുന്ദരമായ ചിത്രീകരണം ഭാരതമാലയിലു്.

ഗീതാർത്ഥമുരയ്ക്കുന്ന കൃതിയാണ് ഭാഷാഭഗവദ്ഗീത. ഗീതാസാരം മുന്നൂറ്റി യിരുപത്തിയെട്ടു ശീലുകളിൽ സംഗ്രഹിക്കുന്നു. മനുഷ്യന്റെ ആറു ദേഹപ്രകൃതിക ളെക്കുറിച്ചുള്ള തത്ത്വചിന്താപരമായ ആശയം അയത്ന ലളിതമായി കവി ആവി

---

13 ശങ്കരപ്പണിക്കർ, മാധവപ്പണിക്കർ, രാമപ്പണിയ്ക്കർ എന്നിവരാണ് നിരണം കവി കൾ.

14 വേലായുധൻ പിള്ള, വി. മധ്യകാലമലയാളം (കോട്ടയം എൻ.ബി.എസ്., 1982), പ ുറം. 167.

15 ഇന്ദിര കെ.കെ., കവിതയും സാമൂഹിക പരിവർത്തനവും (തിരു: കേരളഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, 1992.

16 വേലായുധൻ പിള്ള, വി. 1982, പുറം. 171.

ഷ്കരിക്കുന്നു.[17] ഗീതോപദേശം നൽകുന്ന കൃഷ്ണന്റെ മനോഹരമായ വാങ്മയ ചിത്രം ഇതിലു്. ഗഹനമായ ഗീതാതത്ത്വങ്ങളെ ലളിതമായവതരിപ്പിക്കുന്നു. ദാർശനികകൃതിയായ ഗീത മലയാളികൾ പരിചയപ്പെടുന്നത് ഭാഷാഭഗവദ്ഗീത യുടെ രൂപത്തിലാണ്. ഭാഗവതം, ഭാരതം, ശിവരാത്രിമാഹാത്മ്യം എന്നീ കൃതിക ളിലും ഭക്തിഭാവത്തിനു തന്നെയാണ് പ്രാധാന്യം. ഗ്രന്ഥത്തിന്റെ ആമുഖത്തിൽ ഈശ്വരനെ നിർഗുണ ബ്രഹ്മമായി സങ്കല്പിച്ചു നമിക്കുന്നു. മലയാളത്തിലെ ഭക്തി സാഹിത്യധാരയെ പരിപുഷ്ടമാക്കുന്നതിൽ കണ്ണശ്ശകൃതികൾക്കുള്ള പങ്ക് അനിഷേ ധ്യമാണ്. ഇവരുടെ കാലത്ത് വ്യാസനും വാത്മീകിയും രചിച്ച ഭാരതവും രാമായ ണവും ഇതര ഉപനിഷത്തുക്കളും സാധാരണക്കാർക്ക് അപ്രാപ്യമായിരുന്നു. ഈ ഗ്രന്ഥങ്ങളുടെ ആശയങ്ങളും ദർശനങ്ങളും അസംപുഷ്ടമെങ്കിലും സ്വന്തം ഭാഷ യിൽ ആവിഷ്ക്കരിക്കാനുള്ള ആഗ്രഹവും അഭിമാനവുമാണ് നിരണം കവികൾക്ക് പ്രേരകശക്തി നൽകിയത്. പട്ടനാരുടെ ഗീതാവിവർത്തനത്തിന്റെ കാലം കൃത്യമായി തിട്ടപ്പെടുത്തിയിട്ടില്ലാത്തതിനാൽ ദ്രാവിഡഭാഷകളിൽ ഭഗവദ്ഗീതയ്ക്കുായ ആദ്യ വിവർത്തനം മാധവപ്പണിക്കരുടേതാണെന്നു പറയാം. കേരളത്തിലെ ജനങ്ങളെ ആധ്യാത്മികമായി ചിന്തിക്കാൻ പ്രേരിപ്പിക്കലായിരുന്നിരിക്കണം ഇവരുടെ ലക്ഷ്യം.

''ഗാർങ്ധരൻ ശ്രീപതി കൃഷ്ണൻ
സകല ജഗത്ഗുരു അച്യുതൻ അമലൻ''

എന്നിങ്ങനെ ഈശ്വരനാമങ്ങൾ ആവർത്തിച്ച്, മാലപോലെ തമ്മിൽ കോർത്ത് കവിത രചിക്കുന്ന രീതി കണ്ണശ്ശൻമാർ സ്വീകരിക്കുന്നു്. പിൽക്കാലത്ത് എഴുത്ത ച്ഛനും ഈ മാതൃക സ്വീകരിച്ചു. എഴുത്തച്ഛൻ അത്യന്തം സ്വതന്ത്രമായ രീതിയാണ് ഇക്കാര്യത്തിൽ പ്രകടിപ്പിക്കുന്നത്.[18] ഈശ്വര മഹത്ത്വ പ്രകീർത്തനത്തോടൊപ്പം മാനുഷികമൂല്യങ്ങളെ പുനഃസ്ഥാപിക്കുന്നതിനു വേിയുള്ള ബോധപൂർവ്വമായ ശ്രമവും കണ്ണശ്ശൻമാർ നടത്തി. പിൽക്കാലത്തുായ ഒട്ടുമിക്ക ഭക്തിസാഹിത്യകൃതിക ളിലും കണ്ണശ്ശകൃതികളുടെ സ്വാധീനം പ്രകടമായി. ഇതിഹാസ പുരാണാദികളുടെ പ്രചാരം കണ്ണശ്ശന്മാരിലൂടെ ത്വരിതഗതിയിൽ നിർവ്വഹിക്കപ്പെട്ടു.

കണ്ണശ്ശൻമാരുടെ കാലഘട്ടം അവസാനിക്കുന്നതോടുകൂടി സാമൂഹിക ജീവി തത്തിലും സാഹിത്യത്തിലും ശ്രദ്ധേയമായ മാറ്റങ്ങൾ വന്നു. സാഹിത്യരചനയും ആസ്വാദനവും ഉപരിവർഗ്ഗക്കാരുടെ വിനോദോപാധിയായി മാറി. പാട്ടിന്റെ പ്രചാരം കുറഞ്ഞ് സംസ്കൃത മിശ്രമായ മണിപ്രവാളം പ്രചരിച്ചു. ചന്ദ്രോത്സവം, പോലുള്ള

[17] മാധവപ്പണിക്കർ–ഭാഷാഭഗവദ്ഗീത (കോട്ടയം എസ്.പി.സി.എസ്., 1992), പുറം. 6.

[18] നമ്പൂതിരി എൻ.എം., കർണ്ണപർവ്വം വ്യാഖ്യാനം (കോഴിക്കോട്: സെൻട്രൽ കോ–ഓപ്പറേറ്റീവ് സൊസൈറ്റി 1990).

ഗണികാകാവ്യങ്ങളും ഉണ്ണുനീലിസന്ദേശം, കോക സന്ദേശം, കാകസന്ദേശം തുടങ്ങി സ്ത്രീസൗന്ദര്യവർണ്ണനയ്ക്കു പ്രാമുഖ്യമുള്ള സന്ദേശകാവ്യങ്ങളും ധാരാള മായി രൂപപ്പെട്ടു. വാസുദേവസ്തവം, രാമായണകീർത്തനം, ഭദ്രകാളിസ്തവം, ചോറ്റാനിക്കരദേവീസ്തവം, സരസ്വതീസ്തവം ചെല്ലൂർനാഥസ്തവം തുടങ്ങിയ ഒറ്റ പ്പെട്ട സ്ത്രോത്രങ്ങൾ ഉായി. ഭക്തിയെ അംഗിരസമായി സ്വീകരിക്കുന്ന ഒറ്റപ്പെട്ട ചില ശ്ലോകങ്ങളും മുക്തകങ്ങളും രചിക്കപ്പെട്ടു. ശൃംഗാരരസപ്രധാനമായ കൃതികളിലും ഇഷ്ടദേവതാ സ്മരണവും വർണ്ണനകളും കടന്നു വന്നു.

കാലിക്കാലിൽ തടവിന പൊടിച്ചാർത്തു കൊാത്ത ശോഭം
പീലിക്കണ്ണാൽ കലിതചികുരം പീത കൗശേയവീതം
കോലും കോലക്കുഴലുമിയലും ബാലഗോപാലലീലം
കോലം നീലം തവനിയതവും കോയിൻ കൊൾകെങ്ങൾ ചേത
(ഉണ്ണുനീലി സന്ദേശം – ശ്ലോകം 4)

എന്നിങ്ങനെ സന്ദേശകാവ്യങ്ങളിലും ചമ്പുക്കളിലും ഭക്തിയുടെ മിന്നലാട്ടങ്ങൾ കാണാം. സ്ത്രീവർണ്ണനാപ്രധാനമായ കൃതികളുടെ രചനയ്ക്ക് സമാന്തരമായി ഭക്തിരസ സംവർദ്ധകമായ സ്ത്രോത്രകൃതികളും ഇക്കാലത്ത് ഉായി. ദശാവതാരചരിതം, അവതരണദശകം, സരസ്വതീസ്തവം, ചെല്ലൂർനാഥസ്തവം, വാസുദേവസ്തവം, ഭദ്രകാളിസ്തവം, ചോറ്റാനിക്കര ദേവീസ്തവം തുടങ്ങിയവ ഭക്തിസംവർദ്ധകത്വം ലക്ഷ്യമിട്ട് രചിക്കപ്പെട്ടവയാണ്. ഗജേന്ദ്രമോക്ഷം, പ്രഹ്ളാദചരിതം, വിഷ്ണുമായാചരിതം, കൃഷ്ണാവതാരം, പൂതനാമോക്ഷം, കാളിയമർദ്ദനം, രാസക്രീഡ, കംസവധം, സ്യമന്തകം, കുചേലവൃത്തം, രാമാർജ്ജുനീയം, ശ്രീമതീസ്വയംവരം, ശര്യാതിചരിതം, ദക്ഷയാഗം, ത്രിപുരദഹനം, ഗൗരീചരിതം, സഭാപ്രവേശം, കല്യാണസൗഗന്ധികം തുടങ്ങിയ ചമ്പുകാവ്യങ്ങളും ഇതേ ഭക്തിപാരമ്പര്യത്തിലെ കണ്ണികളാണ്.

### രാമകഥപ്പാട്ട്

അയ്യിപ്പിള്ളയാശാന്റെ രാമകഥപ്പാട്ടിന് കേരളത്തിൽ പ്രചാരമുായിരുന്നു. ഭക്തിപ്രചാരണം തന്നെയാണ് കാവ്യലക്ഷ്യം. വാൽമീകിരാമായണത്തെ ഉപജീവിച്ചുകൊാണിതിന്റെ രചന. വിഷ്ണ്വവതാരമായ രാമന്റെ ധാർമ്മികതയും അവതാരമഹത്വവും വർണ്ണിച്ചിരിക്കുന്നു. ശ്രീപദ്മനാഭസ്വാമി ക്ഷേത്രത്തിൽ രാമകഥപ്പാട്ട് പതിവായി പാടിപ്പോരുന്നു. ഭക്തിക്കും ധർമ്മോദ്ബോധത്തിനുമാണ് പ്രാമുഖ്യം.

### കൃഷ്ണഗാഥ

കൃഷ്ണകഥയെ അടിസ്ഥാനമാക്കി പതിനഞ്ചാം ശതകത്തിന്റെ മദ്ധ്യത്തിലുായ കൃതിയാണ് കൃഷ്ണഗാഥ.

''സംസാരമോക്ഷത്തിൻ കാരണമായതു
വൈരാഗ്യമെന്നല്ലോ ചൊല്ലിക്കേൾപ്പൂ
എന്നതു തന്നെ വരുത്തിനിന്നിടുവാ–
നിന്നിതാ ഞാനിതു നിർമ്മിക്കുന്നു''

എന്നിങ്ങനെ വൈരാഗ്യലബ്ധിയ്ക്കും അതുവഴി മോക്ഷപ്രാപ്തിക്കുമാണ് താൻ കൃഷ്ണഗാഥ രചിക്കുന്നതെന്ന് കാവ്യാരംഭത്തിൽത്തന്നെ ചെറുശ്ശേരി പറയുന്നു്. ലാളിത്യം വർണ്ണന, ഫലിതം, ശൃംഗാരം, അലങ്കാരസമൃദ്ധി എന്നിവയ്ക്കാണ് കൃഷ്ണഗാഥ പേരുകേട്ടതെങ്കിലും ആമുഖത്തിലെ ഈ പ്രസ്താവം ശ്രദ്ധിക്കാതെ വയ്യ. ഗാഥയിലെ കൃഷ്ണസ്വരൂപം കവി കല്പിച്ചെടുക്കുന്നതാണ് ഏതു രൂപത്തിൽ നീയെന്നെ ഭജിക്കുന്നുവോ ആ രൂപത്തിൽ ഞാൻ നിനക്കു പ്രത്യക്ഷപ്പെടുന്നു. എന്ന ഭഗവദ്വചനത്തെ ഓർത്തുകൊാവാം കവി കൃഷ്ണന്റെ സങ്കല്പം രൂപപ്പെടുത്തിയത്. ''സൗന്ദര്യം, സ്നേഹം, ആനന്ദം എന്നിവയുടെ സാക്ഷാത്കൃതരൂപമാണ് ചെറുശ്ശേരിയ്ക്ക് ശ്രീകൃഷ്ണൻ. ''അദ്ദേഹത്തിന്റെ അപദാനപരമ്പരകളിലോരോന്നും വർണ്ണിക്കുമ്പോൾ ഈ സങ്കല്പത്തിന്റെ പ്രകാശം അതിൽ പതിഞ്ഞിരിക്കും. രേഖ അതിനു രൂപം നൽകും. മാധുര്യം അതിൽ അലിഞ്ഞു ചേർന്നിരിക്കും''.[19] പുരാണേതിഹാസങ്ങൾ ഭാഷയിലേയ്ക്കു പകരാൻ നിരണം കവികൾ ആവിഷ്കരിച്ച പദ്ധതിയുടെ സ്വാഭാവികമായ രാം ഘട്ടമായിരുന്നു ചെറുശ്ശേരിയുടെ കൃഷ്ണഗാഥ. ഭാഗവതപുരാണമാണ് ഗാഥയുടെ രചനയ്ക്ക് അവലംബമായിട്ടുള്ളത്. കൃഷ്ണോൽപത്തി മുതൽ സ്വർഗ്ഗാരോഹണം വരെയുള്ള ഭാഗവതകഥ 47 അദ്ധ്യായങ്ങളിലായി കൃഷ്ണഗാഥയിൽ അവതരിപ്പിക്കുന്നു. ഭക്തിപ്രധാനമായ പല ഭാഗങ്ങളും ഭാഗവതത്തിന്റെ വിവർത്തനമാണ്. മൂലകൃതിയിലെ കഥാക്രമം കാര്യമായ മാറ്റങ്ങളൊന്നും കൂടാതെ നിലനിർത്തിയിരിക്കുന്നു. ഒരു ബൃഹദ്പാരമ്പര്യത്തിന്റെ സൃഷ്ടിയായ കൃഷ്ണകഥയെ പ്രാദേശികസംസ്കാരത്തിന്റെ മണ്ഡലത്തിലേക്ക് കൊുവരാനും അതിലെ തത്ത്വചിന്താപരതയുടെ സ്ഥാനത്ത് ജീവിതരതിയെ പ്രതിഷ്ഠിക്കാനും ചെറുശ്ശേരിക്ക് സാധിച്ചു.

കൃഷ്ണഗാഥ രു ഭാഗങ്ങളായി വിഭജിച്ചിട്ടു്. മഥുരാഗമനം വരെയുള്ള കഥ ഒന്നാം ഭാഗവും അതിനുശേഷമുള്ളവ രാം ഭാഗവുമാണ്. കൃഷ്ണന്റെ ഈശ്വരീയത, ഭക്തവത്സലത്വം എന്നിവ വർണ്ണിക്കുന്നിടത്ത് താരതമ്യേന ഭക്തിയ്ക്കും മാനുഷികത വർണ്ണിക്കുന്നിടത്ത് ശൃംഗാരത്തിനുമാണ് ഗാഥാകാരൻ പ്രാധാന്യം കൊടുത്തിരിയ്ക്കുന്നത്. ശൃംഗാരവും ഹാസ്യവും വീരവും കവി ഉപയോഗിക്കുന്നുെങ്കിലും മുന്തിനിൽക്കുന്ന ഭാവം ഭക്തിതന്നെയാണ്. ഗഹനമായ തത്വചിന്തകൾക്ക് ഗാഥയിൽ വലിയ സ്ഥാനം കൊടുത്തിട്ടില്ല. കാവ്യത്തിൽ മാനുഷികാംശത്തിനാണ് പ്രാധാന്യം എന്നതാവാം കാരണം. കൃഷ്ണലീലയും രാസക്രീഡയും ഗാഥയിൽ വളരെയേറെ വിസ്തരിച്ചിട്ടു്.

19 കൃഷ്ണപിള്ള, എൻ. കൈരളിയുടെ കഥ (കോട്ടയം എസ്.പി.സി.എസ്., 1975), പുറം. 142.

ഭാഗവതത്തിൽ കേവലം നാല്പതു ശ്ലോകങ്ങളിൽ ആവിഷ്കരിക്കപ്പെട്ട രാസക്രീഡ ഗാഥയിൽ ഇരുന്നൂറ്ററുപത് ഈരടികളിൽ വിശദമാക്കിയിരിക്കുന്നു. ഭാരതത്തിൽ കൃഷ്ണകഥയ്ക്ക് ഇത്രയേറെ പ്രചാരമുവാൻ കാരണം എല്ലാ തരത്തിൽപ്പെട്ട മനുഷ്യരുടേയും അഭിരുചികളെ അതു തൃപ്തിപ്പെടുത്തുന്നു എന്നതാണ്. മനുഷ്യജീവിതത്തിന്റെ എല്ലാ വശങ്ങളേയും കാവ്യാത്മകമായി അവതരിപ്പിക്കാൻ കൃഷ്ണകഥയ്ക്കു കഴിവു്. വൈഷ്ണവദർശനത്തിൽ സ്വീകരിച്ചിരിക്കുന്ന മധുരഭക്തിയുടെ ആവിഷ്കാരമാണ് ഇവിടെ കാണുന്നത്. മനുഷ്യനായും ദേവനായും അവതരിപ്പിക്കാൻ പറ്റിയ ഉത്തമ കഥാപാത്രമാണ് കൃഷ്ണൻ. ഭാഗവതത്തിലെ കൃഷ്ണൻ ഗീതാചാര്യനും ഗോപീകാമുകനുമാണ്. ഇവയിലേതെങ്കിലുമൊന്നു തെരഞ്ഞെടുക്കേിവന്ന സന്ദർഭത്തിൽ ഗാഥാകാരൻ രാമത്തേതു തെരഞ്ഞെടുക്കുന്നു. സാധാരണക്കാർക്കു വേിയുള്ള കാവ്യമായതിനാലാവാം ഇത്തരമൊരു തെരഞ്ഞെടുപ്പ് നടത്തിയത്. മനുഷ്യന്റെ ഭിന്നഭാവങ്ങളിൽ ശൈശവ, ബാല്യഭാവങ്ങളാണ് ഏറ്റവും തിളക്കമേറിയത്. അതുകൊാണ് കവി ഗാഥയുടെ പകുതിയിലേറെ ഭാഗം കൃഷ്ണന്റെ ബാലലീലകൾക്കുവേി മാറ്റിവെച്ചത്. കൊലപ്പെടുത്താനെത്തിയ പൂതനപോലും കൃഷ്ണനോടുള്ള വാത്സല്യത്തിൽ മതിമറന്നുപോകുന്നു. ഉലൂഖല ബന്ധനത്തിലും വത്സസ്തേയത്തിലുമാണ് കൃഷ്ണന്റെ ശൈശവത്തെ ഏറ്റവും മനോഹരമായി വർണ്ണിക്കുന്നത്.

വിഷ്ണുവിന്റെ പൂർണ്ണാവതാരമാണ് കൃഷ്ണൻ. അദ്ദേഹത്തിന്റെ മഹത്വം ശ്രീ മഹാഭാരതത്തിലും പ്രപഞ്ചനായകത്വം ഭാഗവതത്തിലും വർണ്ണിക്കുന്നു. പാർത്ഥസാരഥിയുടേയും ഗീതാചാര്യന്റെയും കാര്യമായ സ്വാധീനം കൃഷ്ണഗാഥയിലില്ല. അതേ സമയം കൃഷ്ണൻ വേദാന്തപ്പൊരുളും ജനിമൃതിനാശകനുമാണെന്ന യാഥാർത്ഥ്യം മറക്കുന്നുമില്ല. സ്വർഗ്ഗാരോഹണത്തിൽ, കൃഷ്ണൻ പ്രപഞ്ചനായകനായ വിഷ്ണുതന്നെയെന്ന സങ്കല്പമു്.

''ആർത്രത്രാണപരായണനേ കേൾ''
''വേദാന്താംബുധിതന്നിൽ നടക്കും
വേധോ വേദിത രൂപ നമസ്തേ''
''വേദാംഭോനിധി തന്നിലെഴും നിൻ
പാദാംഭോജപരാഗലവം''

തുടങ്ങിയ വരികൾ ഉദാഹരണം.

സൗന്ദര്യത്തിന്റെ മൂർത്തരൂപമായാണ് കൃഷ്ണനെ സങ്കല്പിക്കുന്നത്.[20] ശ്രീകൃഷ്ണ മഹത്വത്തിനുനേർക്ക് സാധാരണക്കാരുടെ ദൃഷ്ടി പതിപ്പിക്കുകയും അവരുടെ മനസ്സുകളിൽ കൃഷ്ണഭക്തി വളർത്തുകയും ചെയ്യുന്നതിനു വേിയാണ് ചെറുശ്ശേരി ഗാഥ രചിച്ചത്.[21] സാധാരണക്കാർക്ക് സുപരിചിതമായ പദാവലിയും നാടൻവൃത്തവും ലക്ഷ്യസാഫല്യത്തിന് അദ്ദേഹത്തെ സഹായിച്ചു. ''കൃഷ്ണനെ മാനുഷികതലത്തിലേക്കു കൊുവരികയും പുരാണപരിവേഷത്തെ തിരസ്ക്കരിക്കു കയും ചെയ്യുക വഴി ഉായ അപൂർവ്വതയാണ് കൃഷ്ണഗാഥയുടെ ആസ്വാദ്യ തയ്ക്ക് നിദാനം.''[22] ദിവ്യശിശു എന്ന രൂപത്തെയാണ് കവി സ്വീകരിക്കുന്നത്. ഒരു യഥാർത്ഥ കേരളീയ ബാലനായി കൃഷ്ണനെ ചിത്രീകരിക്കുന്നു. തന്റെ വർണ്ണനക ളിലൂടെ സാധാരണ ജനങ്ങളെ ആകർഷിക്കാനും ആ ആകർഷണം ഈശ്വരോന്മുഖ മാക്കിത്തീർക്കാനും ഗാഥാകാരനു കഴിഞ്ഞു. മാനവഭാവത്തിന്റെ പ്രാധാന്യം കൊ് ആസ്വാദകൻ ദിവ്യഭാവം വിസ്മരിക്കാൻ ഇടയു് എന്ന് തോന്നുന്നിടത്തുവച്ച് കവി കൃഷ്ണനെ ഈശ്വരീയ ഭാവത്തിലേക്ക് തിരിച്ചുകൊുപോകുന്നു. ''ഉറി എത്തിപ്പിടി ക്കാൻ നീളമില്ലാതെ കരയുന്ന കൃഷ്ണനെപ്പറ്റി''[23] പറയുന്നിടത്തും ''മണ്ണുതിന്ന കണ്ണന്റെ വായിൽ യശോദ വിശ്വം കാണുന്നിടത്തും''[24] ''കെട്ടാനെടുത്ത കയർ തിക യാതെ യശോദ ആശ്ചര്യപ്പെടുന്നിടത്തും''[25] ഈ പ്രത്യേകത കാണാം. ഈശ്വരനിലെ ത്തുന്നതോടെ വികാരമേതും പവിത്രമായിത്തീരുന്നു. ബാലഭാവവർണ്ണനയിലൂ ടെയും ഗോപികാരമണന്റെ ചിത്രീകരണത്തിലൂടെയുമാണ് ഗാഥാകാരനിത് സാധിച്ച തെന്നു വ്യക്തമാക്കുന്ന ധാരാളം ഉദാഹരണങ്ങൾ കൃഷ്ണഗാഥയിലു്.

ഓമനയായി വളർന്നു നിന്നീടിന

---

20 തൂമിന്നൽ തന്നുടെ കാമുകനായൊരു
കാർമുകിൽ മെയ് പൂു നിന്നപോലെ
..........................................................................
കണ്ണൻമെയ് തന്നുടെ കാന്തിയെ വാഴ്ത്തുവാൻ
മണ്ണിലും വിണ്ണിലുമാരുമില്ലേ (ചെറുശ്ശേരി – കൃഷ്ണഗാഥ (കോട്ടയം എസ്.പി.സി.എസ്., 1974), പുറം. 229.

21 അച്യുതന്തന്നുടെ നൽച്ചരിതങ്ങൾ ഞാൻ
..........................................................................
നിർണ്ണയമുനിക്കും (സ്വർഗാരോഹണം – 971–978)

22 മുകുന്ദൻ എൻ. ഗാഥ – തിരുവനന്തപുരം: കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്. 1991, പുറം 47.

23 പാരിച്ചു ഖേദിച്ചാൽ നീളമില്ലായ്കയാൽ
ഈരേഴു പാരുമളന്നവൻ താൻ (ചെറുശ്ശേരി – കൃഷ്ണഗാഥ, കോട്ടയം എസ്.പി.സി.എസ്., 1974, പുറം. 229.

24 മണ്ണെല്ലാ മങ്ങവൻ വായിലേ കാണായി
മണ്ണിനെയല്ലവൾ വിണ്ണും കാൻ.
അതേ പുസ്തകം, പുറം. 114.

25 കദ്രമായുള്ളോരു പൈതലായ് മേവുമ–
ബ്രഹ്മത്തിൻ വൈഭവം കാട്ടിനിന്നാൻ – പുറം. 119.

രാമനും പിന്നെയക്കാർവർണ്ണനും
ചന്തമെഴുന്നൊരു ചെന്തൊിവാതന്നിൽ
ദന്തങ്ങൾ പോന്നു വന്നങ്കുരിച്ചു.
..............................................................
മെല്ലെ മെല്ലെന്നങ്ങിഴഞ്ഞു തുടങ്ങിനാൻ
കല്ലിലും മുള്ളിലും പൂഴിയിലും'' ഉലൂഖലബന്ധനം 80–92.

ഓമനപ്പൈതൽ താനോരോരോ ലീലകൾ
തൂമകലർന്നങ്ങു കാട്ടിക്കാട്ടി
ആനായ നാരിമാർ മാനസം തന്നെയ-
ങ്ങാകുലമാക്കിനാൻ മെല്ലെ മെല്ലെ (വത്സസ്തേയം 1–4)

ചിത്തം തെളിഞ്ഞിട്ടു പുത്തനാം നല്ലുറി
എത്തി നിന്നങ്ങു പിടിക്കും നേരം
പീഠം പിരു നിലത്തങ്ങു വീഴ്കയാൽ
ആടിത്തുടങ്ങിനാനങ്ങുമിങ്ങും (ഉലൂഖല ബന്ധനം 130–134)

തുടങ്ങിയ രംഗങ്ങൾ ശൈശവ ഭാവവർണ്ണനയ്ക്ക് ഉദാഹരണമാണ്. ഇത്തരം വർണ്ണനകൾ കൃഷ്ണഗാഥയിൽ ഇനിയുമേറെയു്. ഗോപികാരമണനായ മുരളീധരന്റെ മിഴിവുറ്റ ചിത്രണവും കൃഷ്ണഗാഥയിൽ ഒറ്റപ്പെട്ടതല്ല.

മാധുര്യസാരത്തിൽച്ചെന്നു തുടങ്ങീതു
മാനസമങ്ങനെ നാളിൽ നാളിൽ
ആനായമാനിനിമാരുടെ മാനസം
മാനിച്ചവൻ തങ്കലെന്നപോലെ... (ഉലൂഖല ബന്ധനം)

കണ്ണന്റെ കണ്ണിനു വെണ്മയായ് വന്നുതേ
പെണ്ണുങ്ങൾ പൂകുന്ന നാണമപ്പോൾ
കാളിന്ദി തന്നുടെ വൈമല്യമെന്നപ്പോൾ
കാർവർണ്ണൻ കണ്ണിനു ബന്ധുവായി (ഹേമന്ത ലീലാവർണ്ണനം

എന്നിങ്ങനെ രതിഭാവവും അദ്ദേഹം വർണ്ണിക്കുന്നു. ഗോപികാദുഃഖം, രുഗ്മിണീ സ്വയംവരം, സൗഭദ്രികകഥ, രാസക്രീഡ എന്നിവിടങ്ങളിൽ ശൃംഗാരത്തിന്റെ ഉദാത്തമായ അവസ്ഥയാണ് കാണുന്നത്.

''സംഗമിയന്നവൾ ചെയ്യുന്ന വേലകൾ
ഇങ്ങനെയെന്നതു ചൊല്ലവല്ലേൻ''

''ആർക്കുമൊരുവർക്കും പോക്കു തടുപ്പാനാ-
യൂക്കു പുലമ്പീലയെന്നേ വേൂ
പോക്കു തടുക്കുന്ന ബന്ധുക്കളെക്കാള-
ങ്ങൂക്കനല്ലോ അങ്ങു നിന്നവൻ താൻ'' (ഗോപികാ ദുഃഖം)

തുടങ്ങിയ രംഗങ്ങൾ ഉദാഹരണം. കവിയുടെ ഉക്തിവൈചിത്ര്യവും കവിത്വസിദ്ധിയും പൂർണ്ണമായും പ്രകടമാവുന്നത് ശൃംഗാരവർണ്ണനയിലാണ്. ഗോപികാദുഃഖത്തിന്റേയും രാസക്രീഡയുടേയും വിശദമായ ചിത്രീകരണം കാവ്യത്തിലു്. ശൃംഗാരമുൾപ്പെടെ എല്ലാ ഭാവങ്ങളും കവി കൃഷ്ണനിൽ ആരോപിക്കുന്നുങ്കെിലും തന്റെ നായകൻ വിഷ്ണുവിന്റെ അവതാരമാണെന്ന യാഥാർത്ഥ്യം കവി മറക്കുന്നില്ല. ഉചിതാവസരങ്ങളിൽ അത് പ്രകടിപ്പിക്കുന്നു്.

ഉദാ:

കൈകളെക്കൊു പിടിച്ചു നിന്നന്നേരം
കൈടഭസൂദനനായ ബാലൻ (പൂതനാമോക്ഷം)

വായ്പെഴുന്നീടുന്ന ശാസ്ത്രങ്ങൾ ചൂഴറ്റു
രാപ്പകൽ തേടുന്ന വേദങ്ങൾക്കും
തൊട്ടുനിന്നിടുവാൻ കിട്ടാതെയുള്ളോനെ
പെട്ടെന്നു ചെന്നു പിടിച്ചാളമ്മ (ഉലൂഖല ബന്ധനം)

ശൃംഗാരം, ഹാസ്യം, വീരം തുടങ്ങി കവി അവതരിപ്പിക്കുന്ന ഏതു ഭാവവും ഒടുവിൽ എത്തിനിൽക്കുന്നത് കൃഷ്ണമാഹാത്മ്യവർണ്ണനയിലാണെന്നു കാണാം. വസ്ത്രാപഹരണത്തിലും രാസക്രീഡയിലും കൃഷ്ണൻ ബാലകനാണ്. കൃഷ്ണൻ മായയിൽ മുങ്ങിയപ്പോൾ ബാല്യം പോയി എന്നു പറയുന്നത് ഇതിനു തെളിവായെടുക്കാം. ഈ പ്രയോഗം കൊ് കൃഷ്ണന്റെ കേവല മനുഷ്യഭാവം മായുകയും അലൗകികപ്രഭാവം പ്രകടമാവുകയും ചെയ്യുന്നു. കൃഷ്ണന്റെ യോഗവൈഭവം കൊ്, വിളക്കിൽ നിന്നു തിരികൊളുത്തുന്നതുപോലെ പലതായി പിരിഞ്ഞു എന്നു പറയുമ്പോഴും അമാനുഷിക പരിവേഷം പ്രകടമാണ്. അമാനുഷനായ കൃഷ്ണനാണ് രാസക്രീഡയിലെ നായകൻ എന്നു വരുമ്പോൾ കൃഷ്ണഗാഥയിലെ പ്രമേയം കൃഷ്ണമാഹാത്മ്യ വർണ്ണന തന്നെയാണെന്നു വരുന്നു. ഗോപികമാരെയും കൃഷ്ണനെയും പ്രതീകമായി ഉപയോഗിക്കുകയാവണം കവി ചെയ്യുന്നത്. ഗോപികാ-കൃഷ്ണബന്ധത്തെ ജീവാത്മാ-പരമാത്മാ ബന്ധമായി വ്യാഖ്യാനിക്കുമ്പോൾ രാസക്രീഡ ഒരു പ്രതീകാത്മക കല്പനയായി മാറുന്നു. ഗോപികമാർ പ്രേമത്തിലൂടെ ഭഗവാനെ സാക്ഷാത്കരിച്ചു എന്ന ആശയത്തിലെത്തിച്ചേരുകയും ചെയ്യുന്നു.

അക്രൂരാഗമനത്തിൽ വിവരിക്കുന്ന രതി ശൃംഗാരാധിഷ്ഠിതമല്ല. കൃഷ്ണൻ അക്രൂരനോടു കൂടി മധുരയിലേക്ക് പോന്നതോടെ ഗോപികമാരുടെ ജീവൽ ചൈതന്യം നിലച്ചതുപോലെയാവുന്നു. കൃഷ്ണദർശനം പോലും പുണ്യമാണെന്ന് അക്രൂരന്റെ ചിന്തയിലൂടെ കവി പറയുന്നു. കൃഷ്ണന്റെ കാൽപ്പാടുകൾ പതിഞ്ഞ മണ്ണ് അക്രൂരനെ ആനന്ദവിവശനാക്കുന്നു. ഗോപികമാരും കൃഷ്ണൻ സ്പർശിച്ച വസ്തുക്കളിൽ ആനന്ദം കത്തുന്നു. ഇപ്രകാരം കൃഷ്ണരതിയെ ഭഗവദ്രതിയാക്കി മാറ്റാനും ഗാഥാകാരനു കഴിഞ്ഞിരിക്കുന്നു.

കൃഷ്ണഗാഥയ്ക്കും നാലായിര പ്രബന്ധത്തിനും തമ്മിൽ ബന്ധമുന്നെ് നിരീക്ഷിക്കപ്പെട്ടിട്ടു്.[26] നാലായിര പ്രബന്ധത്തിലെ വാത്സല്യഭാവം തന്നെയാണ് കൃഷ്ണ ഗാഥയിലുമുള്ളത്. മഞ്ജരി വൃത്തത്തിന് ഉന്തിപ്പാട്ടിനോടും ബാലലീലയ്ക്ക് നാലായിര പ്രബന്ധത്തിലെ ബാലലീലാവിവരണത്തോടും സാമ്യമു്.

ഭാഗവതം ദശമസ്കന്ധത്തിലെ കഥ ആസ്പദമാക്കുന്നു എന്നു പറയുമ്പോഴും ഈ സാമ്യം തള്ളിക്കളയാനാവില്ല. വേദാന്തചിന്തകളുടെ മഹാഭാരമില്ലാതെയാണ് ചെറുശ്ശേരി കൃഷ്ണനെ അവതരിപ്പിച്ചത്. കൃഷ്ണോൽപത്തിയിൽ തുടങ്ങി ബാലലീലകളിലൂടെ വളർന്ന് കൗമാരത്തിലെ രാസക്രീഡ കഴിഞ്ഞ് കംസവധത്തിലൂടെ യൗവനമദത്തിന്റെ സാഹസികത കാണിച്ച് രുക്മിണീസ്വയംവരം നടത്തി ഗാർഹസ്ഥ്യത്തിലേക്കു കടക്കുകയാണ് ചെറുശ്ശേരിയുടെ കൃഷ്ണൻ. ബാല്യത്തിൽ നിന്നു യൗവ്വനത്തിലേക്കും പിന്നെ ഗൃഹസ്ഥാശ്രമത്തിലേക്കുമുള്ള മനുഷ്യവളർച്ചയുടെ നൈരന്തര്യമാണിത്. അതോടൊപ്പം ആദ്ധ്യാത്മികഭാവം ആസ്വാദകന്റെ മനസ്സിൽ ഉറപ്പിക്കാനും അദ്ദേഹം ശ്രദ്ധിച്ചിരിക്കുന്നു. ''ഗീതോപദേഷ്ടാവായ കൃഷ്ണന്റെ ജീവിതകഥയെന്ന നിലയ്ക്കാണ് കൃഷ്ണപ്പാട്ട് രചിക്കപ്പെടുന്നത്.''[27] ഭാഗവതാദി മഹാപാരമ്പര്യത്തിൽ നിന്നു സ്വാധീനമുൾക്കൊ് കൃഷ്ണചൈതന്യത്തെ കേരളീയ ലഘുപാരമ്പര്യത്തിൽ പ്രതിഷ്ഠിക്കുകയാണ് ചെറുശ്ശേരി.

**എഴുത്തച്ഛൻ**

ആത്മജ്ഞാനവും ധർമ്മബോധവുമുള്ള ഭക്തകവിയാണ് എഴുത്തച്ഛൻ. ഭഗവാനെയാണ് തന്റെ കാവ്യങ്ങളിൽ അദ്ദേഹം നായകനാക്കുന്നത്. ഭക്തിരസാവിഷ്കാരത്തിൽ അദ്ദേഹം സ്വയം മറക്കുന്നു. ആത്മനിർവൃതിയിൽ മുഴുകുന്നു. എഴുത്തച്ഛന്റേതായി കരുതപ്പെടുന്ന കൃതികളിൽ പ്രധാനപ്പെട്ടവയായ 'അദ്ധ്യാത്മരാമാ

[26] ശങ്കുണ്ണിനായർ എം. പി. കൃഷ്ണഗാഥയും ഉന്തിപ്പാട്ടും, മാതൃഭൂമി ആഴ്ചപ്പതിപ്പ് (1973 ജൂലൈ 15).

[27] നമ്പൂതിരി എൻ. എം. അർത്ഥാന്തരങ്ങൾ (കൃഷ്ണപ്പാട്ട്: കടഞ്ഞെടുത്ത കാതൽ) സെൻട്രൽ കോപ്പറേറ്റീവ് സ്റ്റോർ 1999), പുറം 17.

യണം കിളിപ്പാട്ട്', 'മഹാഭാരതം കിളിപ്പാട്ട്', 'ഭാഗവതം കിളിപ്പാട്ട്' എന്നിവ സ്വതന്ത്ര കൃതികളില്ല. ഭക്തിപ്രചാരണത്തിന് ഉചിതമായ ഗ്രന്ഥങ്ങളുടെ സ്വതന്ത്രവിവർത്തന ങ്ങളാണവ.

വിഷ്ണുഭക്തി പ്രചാരണത്തിനുതകും വിധം രാമായണകഥാഖ്യാനം സാധിച്ച അദ്ധ്യാത്മരാമായണമാണ് എഴുത്തച്ഛൻ മാതൃകയാക്കുന്നത്. അദ്ധ്യാത്മിക ചിന്താഗൗരവം തികഞ്ഞ ആദ്യ മലയാളകൃതിയാണ് 'അദ്ധ്യാത്മരാമായണം കിളി പ്പാട്ട്'. ശ്രീരാമജനനം മുതൽ സ്വർഗ്ഗാരോഹണം വരെയുള്ള കഥ ഇതിൽ വിവരിക്കു ന്നു. രാമജനനം ആവിഷ്കരിക്കുമ്പോൾ തന്നെ ശിശു ഈശ്വരാവതാരമാണെന്നു കവി സൂചിപ്പിക്കുന്നു്.[28] ഭഗവന്നാമമുച്ചരിക്കുന്നിടത്ത് അനേകം പര്യായങ്ങൾ ഉപ യോഗിക്കുന്നു. രാമായണത്തിലെ പ്രതിപാദ്യം രാമഭക്തിപ്രധാനമാണ്. ഭൗതിക വസ്തുക്കളുമായി ബന്ധപ്പെട്ട മാനവികവാസനകളെ ഗതിമാറ്റി ഈശ്വരനിലെത്തി ക്കുകയാണ് എഴുത്തച്ഛന്റെ ലക്ഷ്യം. രാവണന്റെ ക്രോധംപോലും വിരോധഭക്തി യായി മോക്ഷകാരണമായി തീരുന്നു. ഈശ്വരനിലെത്തുന്നതോടെ വികാരമേതും പ വിത്രമായി മാറുന്നു. ഭഗവദ്ഗീതയുടെ വ്യാഖ്യാനമായ 'ജ്ഞാനേശ്വരി'യിൽ പറയു ന്നു. ''ക്ഷത്രിയർ, വൈശ്യർ, ശൂദ്രർ, തൊട്ടുകൂടാത്തവർ എന്നിവർ എന്നെ (കൃഷ്ണ നെ) പ്രാപിക്കാതിരിക്കുവോളം മാത്രമാണ് അവർക്ക് വേറിട്ട അസ്തിത്വമുള്ളത്. ഗോപികമാർ കാമവൈവശ്യത്തിലൂടെയും കംസൻ ഭയത്തിലൂടെയും, ശിശുപാലൻ വറ്റാത്ത വെറുപ്പിലൂടെയും വസുദേവനും യാദവന്മാരും കുടുംബബന്ധത്തിലൂ ടെയും നാരദൻ, ധ്രുവൻ, അക്രൂരൻ, ശുകൻ, സനത്കുമാരൻ തുടങ്ങിയവർ ഭക്തി യിലൂടെയും എന്നെ പ്രാപിച്ചിരിക്കുന്നു. ഭക്തിയിലൂടെയോ, കാമത്തിലൂടെയോ, സ്നേഹത്തിലൂടെയോ, ക്രോധത്തിലൂടെയോ-തെറ്റോ, ശരിയോ ആയ ഏതു മാർഗ്ഗ ത്തിലൂടെ വരുന്നവർക്കും ഞാനാണ് അന്തിമലക്ഷ്യം.''[29] ഇക്കൂട്ടത്തിൽ ഭഗവാനെ കാമുകനായി സങ്കൽപിച്ച് പ്രണയിക്കുന്ന മധുരഭക്തിയുടെ മാർഗ്ഗം മാത്രമാണ് എഴുത്തച്ഛൻ വിട്ടുകളയുന്നത്.

വ്യക്തിയുടെ മാനസികവിശുദ്ധിയെ ലക്ഷ്യകേന്ദ്രമായും അതിന്റെ സാക്ഷാ ത്കാരത്തിനായി, ഈശ്വരനെ മുഖ്യകഥാപാത്രമായും സങ്കല്പിച്ച് കാവ്യരചന നട ത്തുകയാണ് എഴുത്തച്ഛൻ[30] ധർമ്മരൂപമായ മഹാവൃക്ഷത്തിന്റെ വേരായി വിഭാവന

---

[28] എഴുത്തച്ഛൻ, അധ്യാത്മരാമായണം കിളിപ്പാട്ട് (തൃശ്ശൂർ: കേരള സാഹിത്യ അക്കാദ മി, 1977), പുറം. 67.

[29] ജ്ഞാനേശ്വരി 9, 32 (ജ്ഞാനേശ്വരി ഗീതാപ്രചരണ പ്രതിഷ്ഠാൻ. ആനന്ദാശ്രമം, 1197).

[30] മുകുന്ദൻ, എൻ., കിളിപ്പാട്ട് (തിരുവനന്തപുരം: കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, 1993), പ ുറം. 49.

ചെയ്തിരിക്കുന്ന കൃഷ്ണനാണ് ഭാരതത്തിൽ പ്രമുഖസ്ഥാനം കല്പിച്ചിരിക്കുന്നത്. ഇതിലൂടെ കവി ഭക്തിപ്രചാരണമെന്ന ലക്ഷ്യം സാധിക്കുന്നു.

ഓരോ പർവ്വം ആരംഭിക്കുമ്പോഴും ഭഗവല്ലീലാമാഹാത്മ്യം സ്മരിക്കുന്നു. ഭഗവൽക്കഥ കേൾക്കുന്നതിലാണ് താല്പര്യമെന്ന് ഗ്രന്ഥാരംഭത്തിലും വ്യക്തമാക്കുന്നു. ഇത്തരമൊരു കല്പന മൂലകൃതിയിലില്ലാത്തതാണ്. കൃഷ്ണന്റെ മനോഹര രൂപം മനസ്സിൽ ധ്യാനിച്ച് മുക്തനായി ഞാനിത് ഉപസംഹരിക്കുന്നു എന്ന് അവസാനത്തിൽ പറയുന്നു.[31] നാരായണമഹത്വം പ്രകീർത്തിക്കുന്ന സ്തോത്രവും നിബന്ധിച്ചിരിക്കുന്നു. കാവ്യത്തിൽ ഇടക്കിടയ്ക്കു കാണുന്ന സ്തുതികളും ശ്രദ്ധേയമാണ്.

വായനക്കാരന്റെ മനസ്സിൽ ഈശ്വരന്റെ രൂപം തെളിഞ്ഞുനിൽക്കുന്ന തരത്തിലാണ് കവി ചിത്രീകരിക്കുന്നത്. ''നിറന്നപീലികൾ നിരക്കവേ കുത്തി... എന്നു തുടങ്ങുന്ന പാർത്ഥസാരഥീവർണ്ണന മലയാളകവികൾ സൃഷ്ടിച്ച കൃഷ്ണരൂപങ്ങളിൽ ഏറ്റവും മനോഹരമാണ്.

> മുനികൾ മാനസതളിരിലും ഗോപ-
> തരുണിമാരുടെ മുലത്തടത്തിലും''

ഇരുന്നരുളുന്ന മാധവനെത്തന്നെ ചമ്മട്ടിയേന്തി പടനിലത്തു വരുന്ന യുദ്ധനിപുണനായും രാജ്യതന്ത്രജ്ഞനായും അദ്ദേഹം അവതരിപ്പിച്ചു. ഏതുവിധത്തിൽ അവതരിപ്പിക്കുമ്പോഴും കവി മനസ്സ് ഈശ്വരപാദത്തിൽ സമർപ്പണം നടത്തുന്നു. കൃഷ്ണഭക്ത്യാവിഷ്കാരത്തിന് രുമാർഗ്ഗങ്ങളാണ് സ്വീകരിക്കുന്നത്-സ്തുതിയും നാമോച്ചാരണവും. ''പ്രതിപാദ്യത്തിന്റെ ഭാവധാരയെ കൃഷ്ണഭക്തിയിൽ ലയിപ്പിക്കാൻ ഈ സ്തുതിവ്യൂഹം പ്രയോജനപ്പെടുന്നു.''[32] കൃഷ്ണന് പ്രാധാന്യമുള്ള സന്ദർഭങ്ങൾ[33] വിശദമായി ആവിഷ്കരിക്കുന്നു. ഇതിലൂടെ കൃഷ്ണമഹത്വം വെളിപ്പെടുത്തുന്നു. നിശ്ചലൻ, നിർമലൻ, നിഷ്കളൻ, നിർഗുണൻ, നിരാമയൻ എന്നെല്ലാം കവി ഈശ്വരനെ വിശേഷിപ്പിക്കുന്നു. ഈ വിശേഷണത്തിന്റെ പ്രത്യക്ഷവല്ക്കരണവും കവി സാധിക്കുന്നു.[34] നിസ്സംഗനായി നിൽക്കുന്ന കൃഷ്ണനിലൂടെ

---

[31] എഴുത്തച്ഛൻ, ശ്രീമഹാഭാരതം കിളിപ്പാട്ട് (കോട്ടയം: എസ്.പി.സി.എസ്., 1967), പുറം. 728.

[32] മുകുന്ദൻ, എൻ., കിളിപ്പാട്ട് (തിരുവനന്തപുരം: കേരളഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, 1993), പുറം. 65.

[33] സുഭദ്രാഹരണം, ഖാണ്ഡവദാഹം, രാജസൂയം ജരാസന്ധവധം, ഗീതോപദേശം, അർജ്ജുന സമാശ്വാസനം, ജയദ്രഥവധം, ദ്രോണവധം, കർണ്ണവധം, ദുര്യോധനവധം, ദൃതരാഷ്ട്രാലിംഗനം, ഗാന്ധാരീവിലാപം തുടങ്ങിയവ.

[34] എഴുത്തച്ഛൻ, 'സ്ത്രീപർവ്വം' മഹാഭാരതം കിളിപ്പാട്ട് (കോട്ടയം: എസ്.പി.സി.എസ്., 1967).

യാണ് ഇതു സാധിക്കുന്നത്. രക്ഷകൻ, നിർമലൻ, മായാമയൻ എന്നീ മൂന്ന് ഐശ്വര്യ ഗുണങ്ങളാണ് കവി കൃഷ്ണനിലൂടെ അവതരിപ്പിക്കുന്നത്. ഈശ്വരനെ സംബന്ധിച്ച ഉദാത്തമായ ഒരു സങ്കല്പം കൃഷ്ണനിലൂടെ സാക്ഷാല്ക്കരിക്കുക യാണ് എഴുത്തച്ഛൻ. ഭാഗവതത്തിലും ഭഗവത്ഗീതയിലും കാണുന്ന കൃഷ്ണനിൽ നിന്നു വ്യത്യസ്തനാണ് ഈ കൃഷ്ണൻ. അതിനാൽ ഒരു പ്രതീകാത്മ കതലത്തിൽ ഇതിനെ വിശകലനം ചെയ്യാം. ശ്രീകൃഷ്ണൻ പരമാത്മാവിന്റെയും അർജ്ജുനൻ ജീവാത്മാവിന്റെയും പ്രതീകമായി മാറുന്നു. ചഞ്ചലചിത്തത്തിന്റെയും മാനുഷിക ദൗർബല്യങ്ങളുടെയും കൂടി പ്രതീകമാണ് പാർത്ഥൻ; പാർത്ഥസാരഥി ദീർഘദൃഷ്ടിയുടേയും, സ്ഥിതപ്രജ്ഞയുടെയും. പ്രതീകാത്മകവിശകലനത്തിന്റെ അടിസ്ഥാന സങ്കല്പമാണ് ഇത്. 'ഭാഗവതം കിളിപ്പാട്ട്' എഴുത്തച്ഛന്റേതാണോ എന്ന കാര്യത്തിൽ പണ്ഡിതന്മാർക്കിടയിൽ തർക്കമുണ്ടെങ്കിലും ഭക്തിസാഹിത്യത്തിൽപ്പെ ടുന്ന കൃതിയാണെന്നതിൽ തർക്കമില്ല. പതിനെണ്ണായിരത്തിൽപ്പരം ശ്ലോകങ്ങളുള്ള ഭാഗവതകഥ ഇരുപത്തിരായിരത്തിയഞ്ഞൂറിൽപ്പരം ഈരടികളിലാക്കിയാണ് ഭാഗ വതം കിളിപ്പാട്ടിൽ ഉൾക്കൊള്ളിച്ചിരിക്കുന്നത്. വിപുലനത്തിന്റെയും സംഗ്രഹത്തി ന്റെയും മാർഗ്ഗങ്ങൾ കവി സ്വീകരിക്കുന്നു്. കൃഷ്ണാവതാരമാഹാത്മ്യം വിവരി ക്കുന്ന ദശമം, ഏകാദശം, ദ്വാദശം എന്നീ സ്കന്ധങ്ങൾ വികസിപ്പിക്കുകയാണ് ചെയ്തിരിക്കുന്നത്. കവിയുടെ കൃഷ്ണഭക്തിയും ആദ്ധ്യാത്മിക ചിന്താ താല്പ ര്യവും വ്യക്തമാക്കുന്നതാണ് ഈ ഭാഗം. വിഷ്ണുവിന്റെ പൂർണ്ണാവതാരമാണ് കൃഷ്ണൻ.[35] ഭാഗവതം കിളിപ്പാട്ടിലെ പത്താംസ്കന്ധത്തിൽ കൃഷ്ണന്റെ ബാലലീ ലകളും അസുരവധവും വിവാഹങ്ങളും കുചേലകഥയും സന്താനഗോപാലവും തുടങ്ങി വിശേഷപ്പെട്ട അനേകം വർണ്ണനകളു്. ഇതിലേതു ഭാഗമെടുത്ത് പരിശോധി ച്ചാലും അവ ഭക്തിഭാവത്തിന്റെ ആവിഷ്കാരമാണെന്നു കാണാം.

> ''ദേവദേവേശനാം കൃഷ്ണലീലാമൃതം
> ആവോളമിന്നു ശീലിപ്പതത്യുത്തമം''[36]
> ''എന്തൊരു വിലാസമിക്കാണായതഖിലേശൻ
> നിന്തിരുവടിയുടെ മായാവൈഭവങ്ങളോ''[37]

എന്നിങ്ങനെ എത്രയോ ഉദാഹരണങ്ങൾ ഈ ഭാഗത്തുനിന്ന് കടെുക്കാം. കൂടാതെ പര്യായങ്ങൾ ആവർത്തിച്ച് ഭക്തിഭാവം ദൃഢമാക്കുന്ന, കിളിപ്പാട്ടുകളിൽ സാധാരണ ഉപയോഗിച്ചിരിക്കുന്ന രീതിയും പ്രയോഗിക്കുന്നു്. ''മായയാൽ ഗോക്ക ളേയും ഗോപാലന്മാരെയും സൃഷ്ടിച്ചതുക് അമ്പരന്ന ബ്രഹ്മാവ് കൃഷ്ണനെ

[35] എഴുത്തച്ഛൻ, ഭാഗവതം കിളിപ്പാട്ട് (കോട്ടയം: എസ്.പി.സി.എസ്., 1978), പുറം. 585.

[36] അതേ പുസ്തകം, പുറം. 500.

[37] അതേ പുസ്തകം, പുറം. 523.

സ്തുതിക്കുന്നിടത്തും''[38] ''അവശനായ കാളിയനെ ക് പുത്രകളത്രാദികൾ വിലപി ക്കുന്നിടത്തും''[39] ഈ രീതി കാണുന്നു്. കൃഷ്ണന്റെ സുന്ദരമായ വാങ്മയചിത്രം കവി വരയ്ക്കുന്നു്. മഹാഭാരതത്തിലെ നിറന്ന പീലികൾ നിരക്കവേ കുത്തി... എന്നു തുടങ്ങുന്ന വർണ്ണനയോട് സാദൃശ്യമുള്ളതാണ് ഭാഗവതത്തിലെ വർണ്ണന.[40] പ തിനാറാം നൂറ്റാിലെ ഭക്തിപ്രധാനമായ സാമൂഹ്യാവസ്ഥയിൽ സ്വാധീനം ചെലു ത്താൻ കഴിയുംവിധമാണ് ഭാഗവതം കിളിപ്പാട്ടിന്റെ രചന.

## പൂന്താനം കൃതികൾ

സങ്കീർത്തന പ്രസ്ഥാനത്തിനു മലയാളത്തിൽ സ്ഥിരപ്രതിഷ്ഠ നൽകിയ കവിയാണ് പൂന്താനം. ഭക്തിയെ സജീവമായി നിലനിർത്തുന്നതിൽ സങ്കീർത്തനാ ലാപങ്ങൾ വലിയ പങ്കു വഹിക്കുന്നു്. കേവലം അക്ഷരജ്ഞാനം മാത്രമുള്ളവർക്കു പോലും മനസ്സിലാക്കാനും ആസ്വദിക്കാനും കഴിയുന്ന രീതിയിൽ വളരെ ലളിത മായി കീർത്തനങ്ങളും മറ്റും രചിച്ച് ഭൂരിഭാഗം വരുന്ന സാധാരണ ജനങ്ങളെ ഭക്തി യിലേക്ക് ആകർഷിക്കാൻ പൂന്താനത്തിനു കഴിഞ്ഞു. ഇതര ഭക്തകവികളെപ്പോലെ ജനങ്ങളെ ധാർമ്മികവും സദാചാരമുൾക്കൊള്ളുന്നതുമായ മാർഗ്ഗത്തിലേയ്ക്ക് നയി ക്കുക എന്നതു തന്നെയായിരുന്നു പൂന്താനത്തിന്റെയും ലക്ഷ്യം. അതിനുതകും വിധം അദ്ധ്യാത്മിക തത്ത്വങ്ങളെ ലളിതവും മധുരതരവുമായ രീതിയിൽ അദ്ദേഹം ആവിഷ്കരിച്ചു. നാമസങ്കീർത്തനത്തിന്റെ മഹത്ത്വത്തേയും പ്രാധാന്യത്തേയും പ്രചരിപ്പിക്കാനുള്ള ഉപാധിയായാണ് പൂന്താനം കാവ്യരചന നടത്തിയത്. അദ്ദേഹ ത്തിന്റെ സഹജഭക്തിയാൽ പ്രേരിതമായി, സ്വാഭാവികമായി പിറന്നുവീഴുന്നവയാ ണവ ഭക്തി, ആത്മാർത്ഥത, ആത്മസമർപ്പണം, ശോകം എന്നിവയിൽ നിന്നാണ് പൂ ന്താനം കൃതികളുടെ ഉള്ളടക്കം രൂപപ്പെട്ടിരിക്കുന്നത് എന്നും''[41] ഭക്തി പൂന്താന ത്തിന് ലഹരിയോ ആവശമോ ആയിരുന്നു[42] എന്നും അഭിപ്രായങ്ങളു്.

## ജ്ഞാനപ്പാന

ഭക്തി സാഹിത്യത്തിലെ ലക്ഷണമൊത്ത കൃതികളിലൊന്നാണ് ജ്ഞാനപ്പാന. ഗഹനമായ ആദ്ധ്യാത്മിക തത്ത്വങ്ങളേയും വേദാന്തദർശനങ്ങളെയും ലളിതമായ ഭാഷയിൽ അവതരിപ്പിക്കുന്ന കൃതിയാണിത്. പൂന്താനത്തെ സംബന്ധിച്ച് ഭക്തിയും

38 അതേ പുസ്തകം, പുറം. 564, 65.

39 അതേ പുസ്തകം, പുറം. 527, 28.

40 അതേ പുസ്തകം, പുറം. 527.

41 പുരുഷോത്തമൻ ചെറുകുന്നം, പൂന്താനവും ഭക്തിപ്രസ്ഥാനവും (തിരുവന ന്തപുരം: കേ.ഭാ.ഇ.) പുറം. 52.

42 ലീലാവതി, എൻ. മലയാള കവിതാ സാഹിത്യചരിത്രം, (തൃശ്ശൂർ, കേ.സാ.അ. 1996), പുറം. 95.

ജ്ഞാനവും ഒന്നു തന്നെയാണ്. ഭക്തിയുടെ ഉയർന്ന അവസ്ഥയാണ് ജ്ഞാനം. ഭക്തിയിലൂടെ ജ്ഞാനം, അതുവഴി മോക്ഷം എന്ന ക്രമമാണദ്ദേഹം സ്വീകരിച്ചത്. ഐഹികമായ സുഖഭോഗങ്ങളുടെ നശ്വരത, സമൂഹത്തിൽ നിലനിൽക്കുന്ന മത്സരങ്ങളുടെ അർത്ഥമില്ലായ്മ, കർമ്മം ചെയ്യേതിന്റെ ആവശ്യകത, ദുരഭിമാനങ്ങളുടെ പൊള്ളത്തരങ്ങൾ, ധനസമ്പാദനത്തിന്റെ വിവിധ മാർഗ്ഗങ്ങൾ തുടങ്ങിയവയെല്ലാം സവിസ്തരം പ്രതിപാദിച്ച് ഭക്തിയുടെ പ്രാധാന്യത്തെ ഊന്നിപ്പറയുകയാണദ്ദേഹം ചെയ്യുന്നത്. നാമജപത്തിന്റെ മാഹാത്മ്യവർണ്ണനയാണ് ജ്ഞാനപ്പാനയുടെ ഉള്ളടക്കവും ഉദ്ദേശ്യവും. ''തിരുനാമങ്ങൾ നാവിന്മേലെപ്പഴും പിരിയാതെയിരിക്കണം നമ്മുടെ നരജന്മം സഫലമാക്കീടുവാൻ'' എന്ന് ഗ്രന്ഥാരംഭത്തിലും ''തിരുനാമ മാഹാത്മ്യം പറഞ്ഞതു തിരുവുള്ളമാകെന്റെ ഭഗവാനേ'' എന്നു ഗ്രന്ഥാവസാനത്തിലും വ്യക്തമാക്കുന്നതിൽ നിന്ന് കവിയുടെ രചനോദ്ദേശ്യം സ്പഷ്ടമാകുന്നു.

ശ്രീമദ്ഭാഗവതത്തിലെ അജാമിളോപാഖ്യാനം, നിമി–നവയോഗി സംവാദം, ശ്രീകൃഷ്ണോദ്ധവസംവാദം എന്നീ പ്രകരണങ്ങളിലെ ആശയങ്ങളുടെ സംഗ്രഹം ജ്ഞാനപ്പാനയിലു്. ലോകജീവിതത്തിന്റെ നശ്വരതയേയും ക്ഷണികതയേയും കുറിച്ചുള്ള ബോധം കവിയെ ഈശ്വരചിന്തയിലേയ്ക്ക് നയിക്കുന്നു. കു കിരിക്കുന്നവനെ കില്ലെന്നു വരുത്തുന്നതും കുചേലനെ കുബേരനാക്കുന്നതും രാജാവിനെ യാചകനാക്കുന്നതും ഈശ്വരനാണെന്നു കവി വിശ്വസിക്കുന്നു. മുക്തിമാർഗത്തെ ഉപദേശിക്കുന്ന ജ്ഞാനശാസ്ത്രം, കർമ്മശാസ്ത്രം, സാഖ്യം, യോഗം എന്നിവയെല്ലാം സാധാരണക്കാർക്ക് അപ്രാപ്യമായതിനാൽ അവർക്ക് ഗ്രഹിക്കാനായും അതിലൂടെ മുക്തി നേടുന്നതിനായും താൻ എളുതായി ആ വക കാര്യങ്ങൾ പറയുന്നു എന്ന് കവി തന്റെ ഉദ്ദേശ്യം പ്രകടമാക്കുന്നു.

മുമുക്ഷുവായ ഒരുവൻ ആദ്യമറിയേുന്ന കർമ്മത്തിന്റെ സ്വഭാവം, കർമ്മഫലം, കർമ്മബദ്ധരായവരുടെ പ്രവൃത്തി, കർമ്മവിമുക്തി എന്നിവയെക്കുറിച്ച് വിശദീകരിക്കുന്നു. കർമ്മമാണ് സംസാരബന്ധത്തിനുള്ള ഹേതു. കർമ്മങ്ങൾ മൂന്ന് വിധമു്. പുണ്യകർമ്മം, പാപകർമ്മം, പുണ്യപാപങ്ങൾ ചേർന്നു വരുന്ന മിശ്രകർമ്മം. കർമ്മങ്ങളെല്ലാം ജീവിയെ കെട്ടിയിടാനുള്ള ചങ്ങലകളാണ്. കർമ്മഫലം ഏതു ജീവിയും അനുഭവിച്ചേ മതിയാകൂ. ജനനമരണങ്ങൾക്ക് കാരണമായ കർമങ്ങൾ അവസാനിപ്പിക്കണം എങ്കിലേ മോക്ഷപ്രാപ്തി ലഭിക്കൂ. ഭാരതഭൂമിയുടെ പവിത്രതയേയും കലിയുഗത്തിന്റെ മഹത്ത്വത്തേയും കവി പ്രകീർത്തിക്കുന്നു. തുടർന്ന് മനുഷ്യജീവിതത്തിന്റെ നശ്വരതയും മനുഷ്യജന്മത്തിന്റെ മഹത്ത്വവും പ്രകീർത്തിക്കുന്നു. മദമാത്സര്യങ്ങളിലും കാമക്രോധങ്ങളിലും മുഴുകി ജീവിക്കുന്നവർ തങ്ങളുടെ

ജീവിതം വ്യർത്ഥമാക്കുകയാണെന്ന് കവി ചൂിക്കാട്ടുന്നു. ഏതു ദുഃഖത്തിലും ആശ്രയം ഈശ്വരനാണെന്ന് പൂന്താനം വിശ്വസിക്കുന്നു.

''ഉണ്ണികൃഷ്ണൻ മനസ്സിൽ കളിക്കുമ്പോൾ
ഉണ്ണികൾ മറ്റു വേണമോ മക്കളായ്''

എന്നിങ്ങനെ പരമാത്മാവിനെത്തന്നെ പുത്രസ്ഥാനത്തു ക് തന്റെ മനസ്സിലെ പ ുത്രദുഃഖം മറക്കാനും കവിക്കു കഴിയുന്നു.

''സക്തികൂടാതെ നാമങ്ങളെപ്പോഴും
ഭക്തി പൂു ജപിക്കേണം! നമ്മുടെ
സിദ്ധകാലംകഴിവോളമീവണ്ണം
ശ്രദ്ധയോടെ സന്ധിക്കണമേവരും''

എന്ന വരികളിൽ ഈശ്വരസാക്ഷാത്കാരത്തിനുതകുന്ന ലളിതമാർഗ്ഗം ഏതെന്നും കവി പറയുന്നു. തന്നിലും പുറത്തും അന്യരിലും കുടികൊള്ളുന്നത് ഒരേ ഈശ്വരതത്ത്വമാണെന്നു മനസ്സിലാക്കുമ്പോൾ മത്സരത്തിനും തൊട്ടുകൂടായ്മയ്ക്കും അറുതി വരും. ഇത്തരത്തിൽ മാലിന്യം നീക്കി മനസ്സിനെ ശുദ്ധീകരിക്കാൻ ആസക്തി കൈവിട്ട് നാമജപം നടത്തണമെന്ന് പൂന്താനം നിർദ്ദേശിക്കുന്നു. ഭക്തിയുടെ ഒൻപതു മാർഗ്ഗങ്ങളിൽ കീർത്തനത്തിന്റെ മാഹാത്മ്യമാണ് പൂന്താനം സ്വീകരിച്ചത്.

**സന്താനഗോപാലം പാന**

പുത്രദുഃഖത്താൽ വിഷമിക്കുന്ന കവിമനസ്സിൽ രൂപമെടുത്ത, ഭക്തിയും തത്ത്വചിന്തയും വിഷാദവും ഇടകലർന്നു വരുന്ന, ആത്മാംശപ്രധാനമായ ഒരു കാവ്യമാണ് സന്താനഗോപാലം പാന. ശ്രീ മഹാഭാഗവതം ദശമസ്കന്ധത്തിൽ നിന്നാണ് ഇതിന്റെ ഇതിവൃത്തം സ്വീകരിക്കുന്നത്. ഇതിവൃത്തത്തെ കവിഭാവനയ്ക്കനുസൃതമായി വിപുലീകരിച്ചിരിക്കുന്നു. കവിയുടെ ഭക്തിയും ഭാവനയും ഔചിത്യബോധവും ഈ കാവ്യത്തെ സ്വതന്ത്രമായ കൃതിയാക്കി മാറ്റുന്നു.

തന്റെ ആദ്യസന്താനം മരിച്ചപ്പോൾ ജഡവുമായി കൃഷ്ണന്റെ കൊട്ടാരത്തിലെത്തി കൃഷ്ണനെ കഠിനമായി അധിക്ഷേപിക്കുന്നു് മൂലകൃതിയിലെ ബ്രാഹ്മണൻ.

ബ്രഹ്മദ്വിഷഃ ശംധിയോ ലുബ്ധസ്യ വിഷയാത്മന
ക്ഷത്രബന്ധോഃ കർമ്മദോഷാത് പഞ്ചത്വം മേ ഗതോർഭക
ഹിംസാവിഹാരം നൃപതിം ദുഃശ്ശീലമജിതേന്ദ്രിയം
പ്രജാ ഭജന്ത്യ: സിദന്തി ദരിദ്രാ നിത്യദുഃഖിതാഃ

(ഭാഗവതം 10:89:23:24)

എന്നാൽ

''ഇന്നെനിക്കിതുവണ്ണം വരുവതി-
നെന്തു ബന്ധം കരുണാ ജലനിധേ
ബന്ധമോക്ഷങ്ങളെന്നിവ ധർമ്മങ്ങൾ
നിന്തിരുവടിക്കില്ലെന്നു കേൾപ്പു ഞാൻ
എന്നെ നീ പരിപാലിക്കകൊല്ലോ
ദ്വന്ദ്വഭാവം ധരിത്രിയിലില്ലാത്തു
എന്നിരിക്കേയിനിക്കൊരു സങ്കട-
മെന്തയ്യോ പാപമിങ്ങിനെ വന്നതും''

എന്നിങ്ങനെ വിലപിക്കുക മാത്രമേ ചെയ്യുന്നുള്ളൂ. ''ഇതെല്ലാം എന്റെ കർമ്മം'' എന്നു നിനച്ച് അദ്ദേഹം മടങ്ങിപ്പോരുകയും ചെയ്യുന്നു. കൃഷ്ണഭക്തനായ ബ്രാഹ്മണപത്നിയെക്കുറിച്ചും ഭാഗവതത്തിൽ പരാമർശമില്ല.

വൈകുണ്ഠവർണ്ണനാരംഗത്ത് മഹാവിഷ്ണുവിന്റെ രൂപം സുദീർഘമായി വർണ്ണിക്കുന്നു. ഈശ്വരമഹത്ത്വത്തെ വർണ്ണിക്കാനുള്ള ഒരു രംഗവും പൂന്താനം വിട്ടുകളയുന്നില്ല. താഴെ പറയുന്ന ഭാഗങ്ങൾ ഇതിനു തെളിവാണ്.

കൃഷ്ണ കൃഷ്ണയെന്നല്ലാതെ മറ്റൊരു
മിത്രഭാവമറിയുന്നതില്ല ഞാൻ (പുറം 81)
ആർത്തി നല്ലിടുമീശ്വരനാകിലും
പ്രാർത്ഥിക്കേ നമുക്കങ്ങോട്ടു ചെയ്യാവൂ (പുറം 83)
ബ്രഹ്മാനന്ദത്തേക്കാളുമധികമി
കർമ്മമെന്നതു വന്നൂ ശിവ! ശിവ! (പുറം 117)

ഈ വരികളിലൂടെയും ഭക്തവത്സലൻ, ജഗത്പതി, വിശ്വസാക്ഷി ഈശ്വരന്മാർക്കുമീശ്വരൻ, പരബ്രഹ്മമൂർത്തി, കർമ്മാകർമ്മപരായണൻ, ഭഗവാൻ, സാക്ഷിയാം മുകിൽവർണ്ണൻ തുടങ്ങിയ വിശേഷണ പദങ്ങളിലൂടെയും കൃഷ്ണന്റെ മഹത്ത്വവും ഈശ്വരപദവിയും ചിത്രീകരിച്ചിരിക്കുന്നു, അവയെ പ്രകീർത്തിക്കുന്നു.

ഭക്തിയുടെ മാർഗ്ഗത്തിൽ എന്തു പരീക്ഷണഘട്ടം ഉായാലും അവ തരണം ചെയ്യാൻ വിശ്വാസം കൊു സാധിക്കുമെന്നും ഭക്തൻ ഈശ്വരനെ മറന്നാലും ഈശ്വരൻ ഭക്തനെ മറക്കുന്നില്ലെന്നുമുള്ള സന്ദേശം ഈ കാവ്യത്തിലു്. ജനസാമാന്യത്തെ

ഭക്തിമാർഗ്ഗത്തിലേക്കു നയിക്കുക എന്ന ലക്ഷ്യം തന്നെയാണ് ഈ കാവ്യത്തിനുമുള്ളത്.

**ഭാഷാകർണ്ണാമൃതം**

ലീലാശുകൻ സംസ്കൃതഭാഷയിൽ രചിച്ച ശ്രീകൃഷ്ണ കർണ്ണാമൃത്തിന്റെ അനുകരണമോ നേർപകർപ്പോ അല്ല ഭാഷാകർണ്ണാമൃതം. ഭാഗവതം ദശമസ്കന്ധത്തെ അടിസ്ഥാനമാക്കി അവതാരം തൊട്ടുള്ള കൃഷ്ണകഥകൾ പ്രകീർത്തിക്കുന്നു. കവി എന്നതിനേക്കാൾ ഭക്തനെന്ന ഭാവത്തിനാണ് മുൻതൂക്കം. വാർദ്ധക്യകാലത്താണ് ഇതിന്റെ രചനയെന്ന് അനുമാനിക്കപ്പെടുന്നു. പൂർവ്വഭാഗം ഉത്തരഭാഗം എന്നിങ്ങനെ വിഭജിച്ചതിൽ ശ്രീകൃഷ്ണലീലയാണ് പൂർവ്വഭാഗത്തെ പ്രതിപാദ്യം. ഉത്തരഭാഗത്ത് തത്ത്വചിന്തയ്ക്ക് പ്രാധാന്യം കൊടുക്കുന്നു. നൂറ്റിയറുപത്തിയൊമ്പതു ശ്ലോകമാണിതിലുള്ളത്. നൂറ്റിപ്പതിനെട്ട് ശ്ലോകങ്ങൾ പൂർവ്വ ഭാഗത്തും ബാക്കി അൻപത്തൊന്ന് ശ്ലോകങ്ങൾ ഉത്തരഭാഗത്തും നിബന്ധിച്ചിരിക്കുന്നു. അമ്പാടിയിലും വൃന്ദാവനത്തിലും വെച്ചു നടക്കുന്ന സംഭവങ്ങളെല്ലാം ഇതിൽ വിവരിക്കുന്നു. താനുൾപ്പെടെയുള്ള ഭക്തന്മാരുടെ മോക്ഷപ്രാപ്തിയാണു കാവ്യലക്ഷ്യം.

ഭാഷാകർണ്ണാമൃതം മേ സുകൃതമിതു സദാ
നാവുകൊാസ്വദിച്ചാൽ
നൂഴാ കർമ്മാവലീ വല്ലികളിലുടനവൻ
പിന്നെ മുന്നേതുപോലെ (പുറം 77)

എന്നു ഫലശ്രുതി.

കൃഷ്ണാവതാരസമയത്തെ മനോഹരരൂപം വർണ്ണിച്ചുകൊാണ് കാവ്യാരംഭം. ഭാഗവതത്തിൽ നിന്നു വ്യത്യസ്തമായി വസുദേവരും ദേവകിയും ദിവ്യരൂപം കാണുന്നു. വാത്സല്യഭക്തിയാണ് ഇവിടെ പ്രകടമാവുന്നത്. കൃഷ്ണന്റെ ബാലലീലകൾ വർണ്ണിക്കുന്നിടത്ത് കണ്ണഞ്ചിരട്ടയും കുന്നിക്കുരുവും കൊു കളിക്കുന്ന ഒരു സാധാരണ ബാലകന്റെ ചിത്രമാണ് കവി നൽകുന്നത്.

കണ്ണൻ കളിച്ചേട്ടനുമായൊരന്നാൾ
സ്വർണാദികൾക്കല്ല മഹത്വമയ്യോ

കണ്ണഞ്ചിരട്ടയ്ക്കു പടുത്വമേറും
കുന്നിക്കുരുക്കൾക്കുമീതെന്നു തീർന്നു

(ശ്ലോകം 22)

ഈ ബാലകൻ കവിയുടെ മനസ്സിൽ കളിക്കുന്ന ഉണ്ണിക്കണ്ണൻ തന്നെയാണ്. വാത്സല്യഭാവം തുളുമ്പുന്ന ധാരാളം ശ്ലോകങ്ങൾ ആദ്യഭാഗത്തു കത്തൊം.

കൃഷ്ണനെ കാരുണ്യമൂർത്തേ, വിശ്വമൂർത്തേ, സച്ചിൽക്കല്ലോലമേ, മുരാരേ, കൃപാബ്ധേ, ഭുവനപതേ എന്നെല്ലാം പൂന്താനം സംബോധന ചെയ്യുന്നു. ഭക്തിയുടെ വിഭിന്ന ഭാവങ്ങൾ ആവിഷ്കരിക്കുന്നിവിടെ.

''മന്നാശയാലും മദനാശയാലും
പൊന്നാശയാലും മുഴുകുന്നു ലോകം
നിന്നാശ കീലൊരുവർക്കുമയ്യോ
കണ്ണാ ശമം നൽകുക മാനസേ മേ''

(ശ്ലോകം 127)

എന്നു പറയുന്നിടത്തെത്തുമ്പോൾ കൃഷ്ണൻ പരമചൈതന്യം തന്നെയാകുന്നു.

''പഞ്ചത്വം വന്നടുക്കുമ്പൊഴുതു മതി മറ-
ന്നങ്ങു വീണിടുമപ്പോ-
ളെഞ്ചിത്തേ പോന്നുദിച്ചീടുക തവതിരുമെ-
യ്ക്കുള്ള കോപ്പും മുരാരേ''

(ശ്ലോകം 11)

എന്നിങ്ങനെ മരണസമയത്ത് കൃഷ്ണരൂപം മനസ്സിൽ തെളിയണേയെന്ന് പ്രാർത്ഥിക്കുകയും ചെയ്യുന്നു് കവി.

കൃഷ്ണലീലകൾ വാത്സല്യത്തോടെ നോക്കിക്കാണുമ്പോഴും കൃഷ്ണൻ വെറുമൊരു ബാലകനല്ലെന്ന് അദ്ദേഹം ഓർമ്മിപ്പിക്കുന്നു. ധേനുകൻ, പ്രലംബൻ, ബകൻ, അഘൻ തുടങ്ങിയ അസുരന്മാരെ വധിക്കുന്നതും വത്സസ്തേയം കൊ് ബ്രഹ്മാവിനെ അതിശയിപ്പിക്കുന്നതും കാളിയന്റെ അഹങ്കാര ശമനം വരുത്തുന്നതും ഗോവർദ്ധനപർവ്വതം കുടയായുയർത്തിയതുമൊന്നും കേവലമൊരു ബാലന് സാദ്ധ്യമായതല്ല. ഇത്തരം രംഗങ്ങൾ വർണ്ണിക്കുമ്പോൾ വിഷ്ണ്വവതാരത്തോടുള്ള ഭക്ത്യാദരവ് പ്രകടിപ്പിക്കുന്നു് കവി.

ഭാഷാകർണ്ണാമൃതത്തിന്റെ രാം ഭാഗം തത്ത്വവിചാരത്തിനു പ്രാധാന്യം നൽകുന്നു. ഭഗവാനേറ്റവും പ്രിയങ്കരമായ നാമസങ്കീർത്തനം നടത്തിയതുകൊ് തനിക്കും ഈശ്വരപ്രീതി ലഭിക്കണേയെന്നദ്ദേഹം പ്രാർത്ഥിക്കുന്നു. കീർത്തന ഭക്തി യുടെ മഹിമ ഇവിടെ വർണ്ണിക്കുന്നു.

നല്ലോരു നാമാമൃതമാസ്വദിച്ചാൽ
നെല്ലുംവരും തീയതുമെന്നുവേ

(ശ്ലോകം 142)

എന്നാണ് നാമജപത്തെപ്പറ്റിയുള്ള കവിയുടെ കാഴ്ചപ്പാട്. പൂന്താനത്തിന്റേതായി കരുതപ്പെടുന്ന 'നൂറ്റെട്ടു ഹരി'യിലും, കുചേലവൃത്തം പാന, കുചേലവൃത്തം ഗാഥ എന്നിവയിലും സ്തോത്രകൃതികളിലും നിറഞ്ഞു നില്ക്കുന്നത് ഭക്തിരസം – വിശേ ഷിച്ച് കൃഷ്ണഭക്തി – തന്നെയാണ്. ഭക്തിക്കും ഭക്തി നേടുന്നതിനുള്ള ഉപാധിയായ നാമജപത്തിനും പരമപ്രാധാന്യം നല്കി കൃഷ്ണകഥകൾ വിവരിക്കുന്ന ''പൂന്താനം കൃതികൾ'' ഭക്തി സാഹിത്യത്തിന്റെ സ്വഭാവങ്ങൾ പൂർണ്ണമായും ഉൾക്കൊള്ളുന്നവ യാണ്.

## തുള്ളൽ പ്രസ്ഥാനം

ജനകീയമാണ് തുള്ളൽക്കവിത. പുരാണകഥകൾ ജനകീയമാക്കുന്നതിൽ തുള്ളൽ ഗണ്യമായ പങ്കുവഹിച്ചു. ഗണപതിയെയും സരസ്വതിയേയും വന്ദിച്ചു തുട ങ്ങുകയും നാരായണജയ പാടിയവസാനിപ്പിക്കുകയും ചെയ്യുന്ന തുള്ളൽ പുരാണ ങ്ങളിലും പുണ്യപുരുഷന്മാരിലുമുള്ള ഭക്തിയിൽ ജനങ്ങൾക്ക് താല്പര്യം ജനി പ്പിക്കും വിധം ചിട്ടപ്പെടുത്തിയിരിക്കുന്നു.

ഫലിതം, കല്പനാചാതുരി, ലോകോക്തികൾ, സാരോപദേശങ്ങൾ തുടങ്ങി യവയാണ് സാമാന്യനിരീക്ഷണത്തിൽ നമ്പ്യാർക്കവിതകളുടെ സവിശേഷത. എന്നാൽ ഇതൊടൊപ്പം നിരക്കുന്ന മറ്റൊരു വസ്തുതയു്. ഭക്തിപ്രധാനമാണ് എല്ലാ തുള്ളൽകൃതികളും. ഭാരതത്തിലും ഭാഗവതത്തിലും രാമായണത്തിലുമുള്ള കഥാഭാ ഗങ്ങളാണ് നമ്പ്യാർ തുള്ളൽ കൃതികൾക്കു വിഷയമാക്കുന്നത്. ഇവ മൂന്നും ഭക്തി സാഹിത്യ പ്രസ്ഥാനത്തിലെ ആദ്യനിരയിൽ വരുന്നു. തന്മൂലം തുള്ളൽ കൃതികളിൽ ഭക്തിരസത്തിനും മറ്റുഭാവങ്ങൾക്കൊപ്പം പ്രാധാന്യമുന്നൊ കത്തൊം. ശ്രീകൃഷ്ണച രിതം മണിപ്രവാളം, കൃഷ്ണലീല, കാളിയമർദ്ദനം, രുഗ്മിണീസ്വയംവരം, ബാണയു ദ്ധം, സ്യമന്തകം, പൗണ്ഡ്രകവധം, സന്താനഗോപാലം തുടങ്ങിയ കൃതികൾ ഉദാഹ രണം.

## ശ്രീകൃഷ്ണചരിതം മണിപ്രവാളം

മലയാളത്തിലെ ആദ്യ മഹാകാവ്യമായ ശ്രീകൃഷ്ണചരിതം മണിപ്രവാളം സവിശേഷ ശ്രദ്ധയാകർഷിക്കുന്ന കൃതിയാണ്. നമ്പ്യാരുടെ ആദികാല കൃതിയാണിത്. കണ്ണന്റെ ദിവ്യകൈശോരരൂപം മനോഹരമായി ആവിഷ്കരിക്കുന്നു. ബാലലീലകൾ വർണ്ണിക്കുന്നിടത്ത് കൃഷ്ണനൊരു സാധാരണ ബാലകൻ തന്നെ. കൃഷ്ണനെ അണിയിച്ചൊരുക്കുന്ന യശോദയുടെ മുഖം മകനെ ഓമനിക്കുന്ന ഏതൊരു സ്ത്രീയുടേയും മുഖമാണ്. കൃഷ്ണഗാഥയുടെ ഇതിവൃത്തഘടനയുമായി ഇതിന് സാമ്യമു്. രിന്റെയും ആകരം ഭാഗവതം ദശമസ്കന്ധമാണ് എന്നതാവാം ഇതിനു കാരണം. നമ്പ്യാർ ഭാഗവതത്തെ പൂർണ്ണമായും പിൻതുടരുന്നില്ല.

ശ്രീകൃഷ്ണചരിതത്തിലെ കൃഷ്ണനിൽ ഈശ്വരീയ-മാനവികഭാവങ്ങൾ ഒരേ സമയം പ്രത്യക്ഷപ്പെടുന്നു. ഭക്തിക്ക് പ്രാധാന്യം കൊടുക്കുന്ന സന്ദർഭങ്ങൾ കാവ്യത്തിൽ വേത്രയു്.[43] കുചേലവൃത്തം സന്താനഗോപാലം തുടങ്ങിയവ ഭക്തിരസത്തിന്റെ ഉദാത്തഭാവങ്ങൾ തന്നെ.

''മിന്നും പൊന്നിൻ കിരീടം, തരിവള, കടകം
കാഞ്ചി, പൂഞ്ചേല, മാലാ
ധന്യശ്രീവത്സ സൽക്കൗസ്തുഭമിടകലരും
ചാരുദോരന്തരാളം
ശംഖം, ചക്രം, ഗദാ പങ്കജമിതിവിലസും
നാലു തൃക്കൈകളോടെ
സങ്കീർണ്ണ ശ്യാമവർണ്ണം ഹരിവപുരമലം

പൂരയേന്മംഗളം വ:

എന്ന രൂപവർണ്ണന വിഷ്ണുഭക്തരുടെ മനസ്സിൽ നിറഞ്ഞു നിൽക്കുന്നു.

മാനുഷികതലത്തിൽ വെച്ചു പരിശോധിക്കുമ്പോൾ ഈ കാവ്യത്തിലെ കൃഷ്ണനിൽ ഒരു ഗാർഹസ്ഥ്യതലം കത്തൊം. ഗാഥയിലെന്ന പോലെ ബാലലീല, നവനീതാദിചോരണം, ഗോപികമാരുടെ ആവലാതി, മണ്ണു തിന്നുന്ന കണ്ണൻ എന്നീ രംഗങ്ങളിൽ കാണുന്ന ഉണ്ണിക്കണ്ണന്റെ ക്രമാനുഗതമായ വളർച്ച ഇതിൽ കാണാം. കൗമാരപ്രായത്തിൽ കൃഷ്ണൻ പ്രണയലീലകളാടുന്നു. യുഗാന്തരങ്ങളായി നിലനിൽക്കുന്ന അനശ്വര പ്രണയലീലയാണത്.[44] യൗവ്വനപ്രാപ്തനായ

43 മൂന്നാം സർഗ്ഗത്തിലെ എല്ലാഭാഗങ്ങളും ഗോവർദ്ധനോദ്ധാരണം, വത്സസ്തേയം ബ്രഹ്മസ്തുതി, അക്രൂരന്റെ അമ്പാടിയാത്ര, കൃഷ്ണദർശനം തുടങ്ങിയ ഉദാഹരണം.

44

കൃഷ്ണന്റെ വിവാഹങ്ങളും വർണ്ണിക്കുന്നു്. രുഗ്മിണി, ജാംബവതി, സത്യഭാമ, കാളിന്ദി, മിത്രവിന്ദ, സത്യ, ഭദ്ര, ലക്ഷണ എന്നിവരെ വിവാഹം ചെയ്യുന്ന രംഗങ്ങൾ എട്ട്, ഒൻപത് അധ്യായങ്ങളിലു്. പത്താം സർഗത്തിൽ, പതിനാറായിരത്തെട്ടു പേരെ വിവാഹം ചെയ്തതായും പറയുന്നു. നമ്പ്യാർ ഇവിടെ വച്ചവസാനിപ്പിക്കുന്നില്ല. കൃഷ്ണപുത്രന്മാരെക്കുറിച്ചും പൗത്രന്മാരെക്കുറിച്ചും വിവരിക്കുന്നു. പ്രദ്യുമ്നന്റെ വിവാഹം, രുഗ്മവതീഹരണം, രോചനാ-അനിരുദ്ധ വിവാഹം, ഉഷാനിരുദ്ധം തുടങ്ങി അവരുടെ വിവാഹവിശേഷവും പരാമൃഷ്ടമാകുന്നു. ഈ സന്ദർഭങ്ങളി ലെല്ലാം കൃഷ്ണസാന്നിദ്ധ്യമു്. കൃഷ്ണൻ പുത്രപൗത്രാദികളോടെ ദ്വാരകയിൽ സസുഖം വസിച്ചു എന്നാണ് നമ്പ്യാർ പറയുന്നത്. ഇവിടെ ഒരു കുടുംബ ത്തിന്റെ നാഥനായി വസിക്കുന്ന കൃഷ്ണനെയാണ് കാണുന്നത്.

ഭാഗവതം ദശമസ്കന്ധത്തെ ആകരമാക്കുമ്പോഴും അതിന്റെ അന്ത്യരംഗം അദ്ദേഹം സ്വീകരിക്കുന്നില്ല. മേല്പത്തൂരിനെപ്പോലെ നമ്പ്യാരും സ്വർഗാരോഹണം ഒഴിവാക്കിയിരിക്കുന്നു. സത്യഭാമ തുടങ്ങിയ ഭാര്യമാരോടൊപ്പം കൃഷ്ണൻ ദ്വാരക യിൽ സന്തോഷത്തോടെ ജീവിച്ചു എന്നേ നമ്പ്യാർ പറയുന്നുള്ളൂ.[45] ഭാര്യമാ രോടും പുത്രന്മാരോടും അവരുടെ പുത്രന്മാരോടും കൂടി ജീവിക്കുന്നു എന്നു പറ യുന്നതിൽ ഒരു നൈരന്തര്യമു്; തലമുറകളിലൂടെ പകർന്നുപോവുന്ന മഹത്തായ കുടുംബപാരമ്പര്യത്തിന്റെ തുടർച്ച. കൃഷ്ണനിൽ ഒരു ഗാർഹസ്ഥ്യതലം ആരോപിക്കാം എന്നതിന്റെ സൂചനകളാണിത്.

ഭൂഭാരം വർദ്ധിപ്പിക്കുന്ന അസുരന്മാരെ കൊല്ലുന്നു, അതിവർഷത്തിൽ നിന്ന് പ്രജകളെ രക്ഷിക്കുന്നു, കാളിയനെ തുരത്തുന്നു, ധർമ്മം പാലിക്കാത്ത കംസനെ വധിക്കുന്നു തുടങ്ങിയ സന്ദർഭങ്ങളിൽ കൃഷ്ണന് പ്രജാക്ഷേമതല്പരനായ ഒരു രാജാവിന്റെ ഭാവമാണുള്ളത്. മാനുഷികതലത്തിൽ നില്ക്കുന്ന ഈശ്വരനാണ് നമ്പ്യാരുടെ ശ്രീകൃഷ്ണൻ.

### ആട്ടക്കഥാ സാഹിത്യം

ആദ്യകാല ആട്ടക്കഥകൾ ഭൂരിഭാഗവും പുരാണകഥകളെയും പുരാണക ഥാപാത്രങ്ങളെയും അടിസ്ഥാനമാക്കി രചിച്ചവയാണ്. കല്യാണ സൗഗന്ധികം, സുഭ

---

കാടും മഹാഗിരിതടങ്ങളഗാധതോയം
തോടും കടന്നു രമണാന്തിക മന്തിനേരം
ഓടുന്ന മല്ലമിഴിമാരുടെ പുണ്യവൃത്തം
പാടുന്നു കിന്നരവധൂജനമിന്നുപോലും.

45 ഭാമ വൈദർഭിമാരോടനുദിനമൊരുമി-
ച്ചാത്മഗേഹേ രമിച്ചോ-
രാമോദാനന്ദധാമാ മമ ദിഗതു ദൃശം
മംഗലം ശാർങ്ഗപാണി.

ദ്രാഹരണം, രാജസൂയം, നരകാസുരവധം, പൗണ്ഡ്രകവധം, അംബരീഷചരിതം, രുഗ്മിണീസ്വയംവരം, പൂതനാമോക്ഷം, ദക്ഷയാഗം, രുഗ്മാംഗദചരിതം, സന്താന ഗോപാലം, കുചേലവൃത്തം തുടങ്ങിയ ആട്ടക്കഥകൾ ഭക്തിപരമായ പ്രമേയം കൈകാര്യം ചെയ്യുന്നു.

## കുചേലവൃത്തം വഞ്ചിപ്പാട്ട്

മാർത്താണ്ഡവർമ്മയുടെ ആശ്രിതനായിരുന്ന രാമപുരത്തു വാരിയർ രചിച്ച കൃതിയാണ് കുചേലവൃത്തം വഞ്ചിപ്പാട്ട്. ആത്മാംശപ്രധാനമായ ഈ കാവ്യത്തിൽ ഉടനീളം ശ്രീകൃഷ്ണ മാഹാത്മ്യവർണ്ണനകൾ പ്രത്യക്ഷപ്പെടുന്നു. ഭക്തിയുടെ നവഭാവങ്ങളിലൊന്നായ ദാസ്യഭക്തിയാണ് ഈ കാവ്യത്തിൽ സ്വീകരിക്കുന്നത്.

കൃഷ്ണന്റെ ഉദാത്തമായ മാനുഷികഭാവം പ്രത്യക്ഷപ്പെടുത്തുന്ന സന്ദർഭ മാണ് കുചേലകഥ. കുചേലകഥയെ ഭക്തിസംവർദ്ധകത്വം ലക്ഷ്യമായി വർണിച്ച ആദ്യമലയാളകവി രാമപുരത്തുവാര്യരാണ്. സതീർത്ഥ്യബന്ധത്തിന്റെ ദാർഢ്യവും നിഷ്കാമഭക്തിയുടെ മഹത്ത്വവും കൃതിയിൽ പ്രകടമാവുന്നു.

സഹപാഠികളായിരുന്നു കൃഷ്ണനും കുചേലനും. സാന്ദീപനീ മഹർഷി യുടെ പുത്രനെ വീടെടുത്ത് ഗുരുദക്ഷിണ നല്കിയതോടെ കൃഷ്ണനൊരു സാധാ രണ ബാലകനല്ലെന്നു മനസ്സിലാക്കിയ കുചേലന്റെ ബാല്യകാല സൗഹൃദം ഭക്തി യായി രൂപാന്തരപ്പെട്ടു. തന്റെ ഗാർഹസ്ഥ്യജീവിതത്തിൽ ദാരിദ്ര്യാർത്തി അനുഭവി ക്കേിവന്ന കുചേലൻ ഭാര്യയുടെ നിർബന്ധത്താൽ കൃഷ്ണനെ കാണാൻ യാത്രയാ യി. ഇരന്നു കിട്ടിയ നെല്ലിടിച്ച് അവിലാക്കി ഉപഹാരവും കരുതി. ക്ഷീണിച്ചവ ശനായി വരുന്ന സുഹൃത്തിനെ ഏഴാംമാളികമുകളിലിരുന്നു ക കൃഷ്ണൻ ആനന്ദാ തിരേകത്തോടെ, അശ്രൂപൂർണ്ണമായ നയനങ്ങളോടെ തന്റെ വയസ്യനരുകിലെത്തി. വിയർപ്പണിഞ്ഞെത്തിയ സതീർത്ഥ്യനെ ഗാഢം പുണർന്ന് മാളിക മുകളിലെ ലക്ഷ്മീതല്പത്തിലിരുത്തി. ശേഷം

> ''പള്ളിപ്പാണികളെക്കൊു പാദം കഴുകിച്ചു പരൻ
> ഭള്ളൊഴിഞ്ഞു ഭഗവതി വെള്ളമൊഴിച്ചു
> ചന്ദനവും പൂയിപ്പിച്ചു പൂജിച്ചു പോലിത്ഥം ഹരി–
> ചന്ദനയവ കുസുമ ദീപാദികൊും''

ഇപ്രകാരം ആദരവോടെ സൽക്കരിച്ചു. വൈഷ്ണവ സങ്കല്പപ്രകാരം ദൈവത്തെ, ദൈവത്തിന്റെ ദാസനായ ഭക്തന്റെ ദാസൻ എന്ന നിലയിൽ ദാസദാസൻ എന്നു

വിളിച്ചു പോരാറു്. തന്റെ ഭക്തന്റെ പാദശുശ്രൂഷ ചെയ്യുന്ന ദാസദാസനെയാണ് രാമപുരത്തുവാര്യർ കാണിച്ചു തരുന്നത്.

സൗഹൃദസംഭാഷണത്തിനു ശേഷം ഉപഹാരം സമർപ്പിച്ച് നിറഞ്ഞ മന സ്സോടെ കുചേലൻ തിരിച്ചുപോന്നു. ഭക്തിപാരവശ്യത്തിൽ മുഴുകി ആഗമനോദ്ദേ ശ്യവും മറന്നു. ഇതികർത്തവ്യതാമൂഢനായി തന്റെ പഴയ വീടിരുന്ന സ്ഥാനം നോക്കി നടന്ന കുചേലനു മുന്നിൽ ഭാര്യയെത്തി കൃഷ്ണന്റെ അനുഗ്രഹവർഷ ത്തെക്കുറിച്ചു പറഞ്ഞു. ഭഗവൽപ്രസാദം കൊ് കുചേലഗൃഹം സമ്പൽസമൃദ്ധമായി. ആ ദമ്പതികൾ ഒട്ടും അഹങ്കരിക്കാതെ കൃഷ്ണനോടുള്ള വർദ്ധിച്ച ഭക്തിയാൽ മുഴുകി ജീവിച്ചു.

''കുചേലീയമായ ഭക്തി കൃഷ്ണനൈക്യം കൊടുത്താലും
കൃശേതരമായിക്കടം ശേഷിച്ചുവന്നു''

എന്നു കവി പറയുന്നു്. കുചേലന്റെ ഭക്തി വർദ്ധിച്ചതോടു കൂടി കൃഷ്ണപക്ഷത്ത് കുചേലനോടുള്ള ആധമർണ്യവും വർദ്ധിച്ചു. ഭഗവാൻ തന്റെ പാദദാസനായ കുചേ ലന്റെ ഭക്തദാസനായി.

രാമഭക്തിയും കൃഷ്ണഭക്തിയും ഒരേ സമയം വികാസം പ്രാപിച്ചുവന്നു എന്നതിന്റെ തെളിവാണ് മേൽ പറഞ്ഞ കൃതികൾ. രാമായണം, മഹാഭാരതം, ഭാഗ വതം എന്നിവയിലേതെങ്കിലുമാണ് കാവ്യത്തിന് ഉപാദാനമാകുന്നത്. രാമചരിതകാ രൻ, നിരണം കവികൾ, എഴുത്തച്ഛൻ എന്നിവർ രാമായണത്തെ സ്രോതസ്സായി സ്വീകരിച്ച് കാവ്യരചന നടത്തി. ഓരോ കവിയും തന്റെ കാലഘട്ടം ആവശ്യപ്പെ ടുന്ന രീതിയിൽ രാമനെ പുനഃസൃഷ്ടിച്ചു. ഭക്തിയുടെ പ്രാധാന്യം വിടാതെ തന്നെ രാമചരിതകാരൻ രാമന്റെ യുദ്ധനൈപുണ്യം വിവരിച്ചു. തമിഴിൽ കമ്പരാമാ യണം നിർവ്വഹിച്ച ഭക്തിധാര കണ്ണശ്ശക്കവികൾ ഭാഷയിൽ ഒഴുക്കി. ഭാരതം മുഴുവൻ അലയടിച്ച ഭക്തിയുടെ നവതരംഗം എഴുത്തച്ഛനിലൂടെ മലയാളത്തിലെത്തി.

എഴുത്തച്ഛനും നിരണം കവികളും കൃഷ്ണസങ്കല്പവും സ്വീകരിക്കുന്നു്. മഹാഭാരതം കിളിപ്പാട്ടിലും ഭാരതമാലയിലും അതിമനോഹരമായ കൃഷ്ണവർണ്ണന കളു്. ഇവരിൽ ഇഷ്ടദേവതയുടെ സ്തുതിയല്ല, ഇഷ്ടവിഷയമായ ഭക്തിയുടെ മഹ ത്ത്വമാണ് കാണുന്നത്.

രാമ/കൃഷ്ണ സങ്കല്പത്തെക്കുറിച്ചും പിന്നീട് കൃഷ്ണസങ്കല്പത്തിനുായ പ്രാധാന്യത്തെക്കുറിച്ചും മുന്നദ്ധ്യായത്തിൽ പറഞ്ഞിട്ടു്.[46] നമ്പ്യാർ, പൂന്താനം, ചെറു

[46] അദ്ധ്യായം ഒന്ന്.

ശ്ശേരി എന്നിവരുടെ കൃഷ്ണാവിഷ്കാരം ഇതിനെ ബലപ്പെടുത്തുന്നു. തികച്ചും മാനവികമായ വർണ്ണനയാണിവർ നടത്തുന്നത്. ഒരു ശിശുവിന്റെ ക്രമാനുഗതമായ വളർച്ചയാണ് കൃഷ്ണഗാഥയിൽ കാണുന്നത്. അമാനുഷനായ ബാലനിൽ മാനുഷികമായ എല്ലാ ഭാവങ്ങളും ദൗർബല്യങ്ങളും ഗൃഹജീവിതത്തിന്റെ സമസ്തഘട്ടങ്ങളും ആരോപിക്കാൻ ചെറുശ്ശേരിക്കു കഴിയുന്നു. പൂന്താനത്തിന് ഉണ്ണിക്കണ്ണൻ സ്വന്തം മകൻ തന്നെയാണ്. അതിയായ ഭക്തിയോടെ പൂന്താനം ദിവ്യബാലനെ വാഴ്ത്തുന്നു. മലയാളത്തിൽ ഏറ്റവും പ്രാധാന്യമുള്ള കാവ്യമാണ് ശ്രീകൃഷ്ണചരിതം മണിപ്രവാളം. കൃഷ്ണകഥാ വിഷയകമായ ധാരാളം തുള്ളൽ കൃതികൾ അദ്ദേഹം രചിച്ചിട്ടുണ്ടെങ്കിലും നമ്പ്യാരുടെ കൃഷ്ണസങ്കല്പത്തെക്കുറിച്ച് മനസ്സിലാക്കാൻ ഈ കാവ്യം മാത്രം മതിയാകും. ലോകപ്രിയതമനായ കൃഷ്ണന്റെ ദിവ്യ കൈശോരരൂപം ഒന്നിനൊന്നു മികച്ച രീതിയിൽ ഇവർ വ്യത്യസ്തമായവതരിപ്പിക്കുന്നു. ഇവർക്കു ശേഷം വരുന്ന രാമപുരത്തുവാര്യരും സ്വീകരിക്കുന്നത് കൃഷ്ണകഥയാണ്. സതീർത്ഥ്യബന്ധത്തിന്റെ മഹത്ത്വമാണ് അദ്ദേഹം സ്വീകരിച്ചത്. ഇവിടെ വാര്യർ കൃഷ്ണന് നൽകുന്നത് തികച്ചും മാനുഷികമായ മുഖമാണ്.

ഗാർഹസ്ഥ്യത്തിന്റെ തലം കുചേലവൃത്തത്തിലുമു്. ഭാര്യാസമേതനായി വാഴുന്ന കൃഷ്ണനെയാണ് കാവ്യത്തിൽ കാണുന്നത്. തന്റെ വശക്കേട് ശമിക്കാൻ എന്താണ് മാർഗ്ഗമെന്നാണ് കൃഷ്ണന്റെ ചോദ്യം. കല്ലും നെല്ലും നിറഞ്ഞ അവൽ വാരിത്തിന്നുന്നതും ഭാര്യ കൈപിടിക്കുന്നതും ഗൃഹസ്ഥാശ്രമത്തിന്റെ ചിത്രങ്ങളാണ്.

സാധാരണ മനുഷ്യനു പരിചിതമായ ഗൃഹജീവിതത്തിന്റെ ഘട്ടങ്ങൾ കൃഷ്ണസങ്കല്പത്തിലുൾക്കൊള്ളുന്നു എന്നതും കൃഷ്ണസങ്കല്പത്തിന് പ്രചാരം കിട്ടാൻ കാരണമായി.

പതിനഞ്ചും പതിനാറും നൂറ്റാുകളിലെ ഭക്തിസാഹിത്യത്തിനുശേഷം ഭക്തിപ്രചാരണം ലക്ഷ്യമിട്ട കാവ്യങ്ങളുടെ പ്രചാരം താരതമ്യേന കുറഞ്ഞു. ശേഷം വന്ന കവികൾ കൃഷ്ണനേയും വിഷ്ണുവിന്റെ മറ്റവതാരങ്ങളേയും വ്യത്യസ്തതയോടെ സാഹിത്യത്തിലേക്ക് കൊുവന്നു. കൃഷ്ണനെ മകനായും സഖാവായും കാമുകനായും രാജ്യതന്ത്രജ്ഞനായും യുദ്ധനിപുണനായും വർത്തമാനകാല സമൂഹത്തിന്റെ രക്ഷകനായും കവികൾ അവതരിപ്പിച്ചു. ദശാവതാരങ്ങളിൽ കൃഷ്ണാവതാരത്തിനാണ് ഏറെ ജനപ്രീതി. തന്മൂലം ഏതു ഭാവവും കല്പിച്ചുകൊടുക്കാവുന്ന ഒരു ആദിപ്രരൂപമായി കൃഷ്ണൻ ഭാരതീയ സമൂഹത്തിന്റെ അബോധമനസ്സിൽ നിലയുറപ്പിച്ചു.

അദ്ധ്യായം 4

# കൃഷ്ണസങ്കൽപത്തിന്റെ വിഭിന്നാവിഷ്ക്കാരം

**4.1 മിത്ത്**

**4.2 ആദിപ്രരൂപം**

**4.3 കൃഷ്ണൻ മലയാളകവിതയിൽ**

അദ്ധ്യായം 4

# കൃഷ്ണസങ്കൽപത്തിന്റെ വിഭിന്നാവിഷ്ക്കാരം

## 4.1 മിത്ത്

യുക്തിവിചാര മേഖലകൾക്കതീതമാണ് മിത്തുകൾ. പ്രത്യേക വിധത്തിലുള്ള പ്രതീകാത്മക സംവേദനരീതിയാണിത്. മനുഷ്യാനുഭവങ്ങളിൽ നിന്നു വ്യത്യസ്ത മായ തലത്തിൽ അതിമാനുഷരാൽ നിർവ്വഹിക്കപ്പെടുന്ന അസാധാരണ ക്രിയക ളാണ് മിത്തിലൂടെ ആവിഷ്കൃതമാവുന്നത്.

"Myth a story usually of unknown origin and at least partially traditional, that ostensibly relates actual events to explain some practice belief. Institution or natural phenomenon and that is especially associated with religious rates and beliefs. The world mythology denotes both the study of myth and the total corpus of myth in a particular culture or religious tradition" എന്ന് 'എൻസൈക്ലോപീഡിയ ബ്രിട്ടാനിക്ക' മിത്തിനെ നിർവ്വചിക്കുന്നു. ഏതൊരു സമൂഹത്തിലും മിത്തുകൾ നിലനില്ക്കുന്നു. ജന്മസിദ്ധമായ ചോദനകളുടേയും അമർത്തിവെയ്ക്കപ്പെട്ട മോഹ ങ്ങളുടെയും ഭീതിയുടെയും അതിൽനിന്നുളവാകുന്ന സംഘർഷങ്ങളുടെയും ആവി ഷ്ക്കാരം മിത്തിലു്. സംസ്ക്കാരത്തിന്റെ അടിസ്ഥാനഘടകമാണ് മിത്ത്.

### മിത്തിന്റെ വർത്തമാനകാലപ്രസക്തി

സാഹിത്യകൃതികളിൽ മിത്ത് ഉപയോഗപ്പെടുത്തുന്നു്. ഒരു സംസ്ക്കാര ത്തിൽ മിത്ത് പ്രചരിക്കുമ്പോൾ അതിനോടുബന്ധപ്പെട്ട് ധാരാളം കഥകളും വ്യാഖ്യാനങ്ങളും രൂപപ്പെടുന്നു. മിത്തിലൂടെ ആവിഷ്ക്കരിക്കുന്ന ആശയം മറ്റു മാധ്യമങ്ങളിലൂടെയോ ഭാഷയുടെ പ്രയോഗവിശേഷത്തിലൂടെയോ ആവിഷ്ക്കരി ക്കാൻ എളുപ്പമല്ല.

നാടോടിക്കഥകളെപ്പോലെ അമൂർത്തമായ കഥാഘടനയാണ് മിത്തുകൾക്കു ള്ളത്. പ്രാക്തന ഗോത്രസംസ്കൃതിയുടെ മാനസികജീവിതം മിത്തിലാവിഷ്കൃതമാ വുന്നു. വർത്തമാനകാല സമൂഹത്തിന്റെ ബൗദ്ധികവും സൗന്ദര്യാത്മകവുമായ അംശങ്ങളോട് മിത്തിന് സാധർമ്മ്യമു്. അതുകൊുതന്നെ എക്കാലത്തും മനുഷ്യസ മൂഹത്തിലതിനു സാംഗത്യമു്. മിത്തുകളിൽ പ്രാചീനതയെക്കുറിച്ചുള്ള ഉൾക്കാഴ്ചക

ളോടൊപ്പം വർത്തമാനകാല അവസ്ഥാവിശേഷവും ഉൾപ്പെടുന്നു. സാർവ്വകാലിക ബന്ധങ്ങളെയും മൂല്യങ്ങളെയും വ്യഞ്ജിപ്പിക്കാൻ മിത്തിനു കഴിയുന്നു. കാല ഘട്ടത്തിന്റെ മൂല്യബോധത്തെ ഉന്മിഷത്താക്കാൻ എഴുത്തുകാർ മിത്തുകളെ ഉപയു ക്തമാക്കി. ശക്തമായ സാമൂഹ്യപ്രേരണകൾ എഴുത്തുകാരനെ അസ്വസ്ഥമാക്കു മ്പോഴാണ് ഇത്തരം സാർവ്വലൗകിക ബന്ധങ്ങൾ സാഹിത്യവിഷയമാകുന്നത്. ഇത്തരം സന്ദർഭങ്ങളിൽ മിത്ത് സമകാല ജീവിതാവസ്ഥയുടെ ഉദ്ഗാഥയായിത്തീരു ന്നു.

## 4.2 കൃഷ്ണൻ – ആദിപ്രരൂപം

''നാനാഭാഷകളിലുമുള്ള ഭക്തിസാഹിത്യം മുഴുവനും രക്ഷകപ്രരൂപത്തിന്റെ ഉന്മീലനത്തിൽ അധിഷ്ഠിതമാണ്''.[1] വീരനായകൻ എന്ന സങ്കല്പവും ഇതി ലുൾപ്പെടുന്നു. അധികാരിയോ അധികാരം കൈയാളാൻ കൊതിക്കുന്ന വ്യക്തിയോ ശത്രുവിനെ നിഗ്രഹിക്കാൻ വേിയെടുക്കുന്ന ദുർവഹകൃത്യങ്ങളാണ് വീരനായകസ ങ്കല്പത്തിന് തെളിച്ചമേകുന്നത്. ഒരു വ്യക്തി മഹാപുരുഷനാകുന്നത് സമൂഹത്തിന യാൾ വഴികാട്ടിയും അനുകരണ മാതൃകയും ആകുമ്പോഴാണ് അത്തരമൊരു വീരനായകൻ സമൂഹാബോധമനസ്സിനോട് നേരിട്ടു സംവദിക്കുന്നു. സമൂഹത്തെ തന്റെ മഹത്വത്തിന്റെ ആകർഷണത്തിലൊതുക്കാനും സമൂഹത്തിന്റെ ആത്മാവായി ത്തീർന്ന് സമൂഹത്തെ വശീകരിക്കാനും ആ സങ്കല്പത്തിനു കഴിയുന്നു. ഇങ്ങനെ ദൈവപദവിയിലേക്കെത്തുന്ന വീരനായകർ തന്നെയാണ് രക്ഷകപ്രരൂപമായിമാറുന്ന ത്.

ഭാരതീയസംസ്ക്കാരത്തിൽ ഈ പ്രരൂപം കൃഷ്ണനനാണ്. ഭാരതീയസാ ഹിത്യം വർത്തമാനകാല പരിതോവസ്ഥകളെ ചിത്രീകരിക്കാൻ കൃഷ്ണനെന്ന ആദിപ്രരൂപം പലതരത്തിൽ ഉപയോഗിച്ചു. വീരനായകനായും ശിശുപ്രരൂപമായും രക്ഷകപ്രരൂപമായും വ്യത്യസ്തസന്ദർഭങ്ങൾക്കിണങ്ങുന്ന കാവ്യബിംബമായും കൃഷ്ണനെ ആവിഷ്ക്കരിക്കുന്നു.

''സമൂഹചേതസ്സിന്റെ പ്രാഥമികഘട്ടത്തിനാണ് ശിശുപ്രരൂപം പ്രാതിനിധ്യം വഹിക്കുന്നത്''[2] മനുഷ്യശിശുവിന്റെ പ്രതിരൂപമല്ല ശിശുപ്രരൂപം. അതൊരു അദ്ഭു തശിശുവോ ദിവ്യാവതാരമോ ആയിരിക്കും. ഉൽപത്തി, ജനനം എന്നിവയിൽ അസാമാന്യതയുമാവാം. ദിവ്യപ്രഭ, അമാനുഷപ്രഭാവം, കരുത്ത്, നിർഭയത എല്ലാം

---

[1] ലീലാവതി എം. ആദിപ്രരൂപങ്ങൾ സാഹിത്യത്തിൻ – ഒരു പഠനം തിരുവനന്തപുരം: കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് 1993, പുറം 129.

[2] ലീലാവതി എം. ആദിപ്രരൂപങ്ങൾ സാഹിത്യത്തിൻ – ഒരു പഠനം തിരുവനന്തപുരം: കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് 1993, പുറം 129.

ചേർന്ന ആദിപ്രരൂപത്തിന് ദൈവികവും ചിലപ്പോൾ ആസുരവുമായ പ്രതിച്ഛായയാണുള്ളത്. ശിശുപ്രരൂപം ശിശുരൂപത്തിലുള്ള ദൈവമായോ വീരനായകനായോ പ്രത്യക്ഷപ്പെടാം. സമൂഹത്തിന്റെ സഹജവാസനകൾ ശിശു–മാതൃപ്രരൂപങ്ങളോടു ബന്ധപ്പെട്ടിരിക്കുന്നു.

ഏതു സംസ്കാരത്തിലും ഇത്തരം ശിശുപ്രരൂപങ്ങൾ നിലനിൽക്കുന്നു്. മാനവചേതനയുടെ അബോധചേതനയിൽ നിലനിൽക്കുന്ന ദിവ്യകിശോരൻ ഉണ്ണിക്കണ്ണനായും ഉണ്ണിയേശുവായും ക്യുപിഡ് ആയും വാഴ്ത്തപ്പെടുന്നു. ഓരോ ജനതയും അവരവരുടേതായ ഭാവനകളിലൂടെയും സങ്കൽപത്തിലൂടെയും ഈ പ്രരൂപത്തെ ലോകപ്രിയതമനാക്കി (ഉമ്യൃഹശിഴ ീള വൗാമിശ്യേ) ചിത്രണം ചെയ്യുന്നു. വിവിധ സംസ്കാരങ്ങളിൽ രൂപപ്പെട്ടിട്ടുള്ള ശിശുപ്രരൂപങ്ങളുടെ താരതമ്യം പ്രത്യേകപഠനാർഹമായ വിഷയമാണ്.

അന്ധകാരസത്തകളെ ദമനം ചെയ്യുന്ന കഥകൾ ശിശുപ്രരൂപത്തിലും വീരപ്രരൂപത്തിലും സമാനഘടകങ്ങളാണ്. വിസ്മയാവഹമായ ഉൽപ്പത്തിയും ദിവ്യപരിവേഷമുള്ള ജനനസാഹചര്യങ്ങളുമുങ്കെിലും മാനവികമായ നിസ്സഹായതയും അബലതയും ശിശുപ്രരൂപത്തിനു കല്പിച്ചുകൊടുക്കുന്നു്. പിറവിയോടു ബന്ധപ്പെട്ട അദ്ഭുതശക്തികൾ ശിശുവിനെതിരായ സംഹാരശക്തികളെ ഹനിക്കുന്നില്ല അവസാനംവരേയ്ക്കും ഈ വൈരുദ്ധ്യം തുടരുന്നതായി കാണാം. പലപ്പോഴും നിസ്സാരൻമാരാണ് ഇവരെ സംഹരിക്കുന്നത്. കഥയിൽ വേടന്റെ അമ്പുകൊ് കൃഷ്ണൻ സ്വർഗ്ഗം പൂകുന്ന സന്ദർഭം ഉദാഹരണം. പാശ്ചാത്യപുരാവൃത്തങ്ങളിലെ വീരനായകകഥകളിലും സമാനമായ ഉദാഹരണങ്ങൾ കത്തൊം.

ഭാരതീയചേതനയെ അടക്കിവാഴുന്ന ശിശുപ്രരൂപമാണ് കൃഷ്ണൻ. ശിശുപ്രരൂപങ്ങൾക്ക് പൊതുവായി കത്തൊവുന്ന സവിശേഷതകൾ കൃഷ്ണനിലും ആരോപിക്കാം. കംസൻ പലതവണ കൃഷ്ണനെ കൊല്ലാൻ ശ്രമിക്കുന്നു. തന്നെ കൊല്ലാനായി പറഞ്ഞയക്കുന്ന ഓരോരുത്തരേയും ഒടുവിൽ കംസനേയും വധിച്ച് കൃഷ്ണൻ യാദവകുലത്തിന്റെ രക്ഷകനാകുന്നു. പ്രത്യേകതകളില്ലാത്ത ഇടയബാലനായിട്ടാണ് വളരുന്നതെങ്കിലും അവൻ അസാമാന്യനാണ്. ജനിച്ചമാത്രയിൽത്തന്നെ പിതാവിന് വിശ്വരൂപം കാണിച്ചുകൊടുക്കുന്നു. പൂതനാവധം, ഗോവർദ്ധനോദ്ധാരണം, നളകൂബരശാപമോക്ഷം, കാളിയമർദ്ദനം തുടങ്ങിയവയും കൃഷ്ണന്റെ അസാമാന്യതയ്ക്കുദാഹരണമാണ്.

''ഇന്ത്യൻ മിഥോളജിയ്ക്ക് മൗലികമായ വ്യത്യസ്തതയു്. ദേശ കാലങ്ങളുടെ അതിർത്തികൾ ലംഘിക്കുന്നതും അതിസങ്കീർണ്ണമായതുമാണത്. അതിന്നും സജീവ

മായി നിൽക്കുന്നു.[3] ഭാരതീയസങ്കൽപത്തിൽ വ്യക്തിജീവിതത്തിൽ ഇടപെടുന്ന ഈശ്വരനെ കാണാം. കൃഷ്ണനെന്ന ഈശ്വരൻ മാനുഷികഭാവങ്ങളോടു കൂടിയ വനാണ്. തികച്ചും മാനുഷികമായ വികാരവിചാരങ്ങൾ ഉള്ളവനാണിവിടെ ഈശ്വ രൻ അവൻ നിസ്സഹായനായി ഉരലിൽ ബന്ധിക്കപ്പെടുകയും, വെണ്ണ കട്ടുതിന്നു കയും പാൽക്കുടം ഉടയ്ക്കുകയും ചെയ്യുന്നു. മണ്ണുതിന്നുകയും കാലിമേയ്ക്കു കയും വനഭോജനം നടത്തുകയും ചെയ്യുന്ന കുട്ടിയാണ് കാളിയമർദ്ദനവും ഗോവർദ്ധനോദ്ധാരണവും കംസവധവും  നടത്തുന്നത്. സുഹൃത്തും കാമുകനും മകനും  ആചാര്യനും പ്രഭുവും രക്ഷകനുമായ ഈ ഈശ്വരനാണ് ഭാരതീയർക്ക് അഭികാമ്യൻ. അദ്ദേഹം സൗന്ദര്യത്തിന്റെ മൂർത്തിയാണെന്ന് ഭാരതീയർ കരുതുന്നു. ഓരോ കാലഘട്ടത്തിന്റെയും സവിശേഷതകൾക്കനുയോജ്യമാകുംവിധം കൃഷ്ണ നെന്ന ആദിപ്രരൂപത്തെ കാവ്യബിംബമായി കവികൾ ഉപയോഗപ്പെടുത്തുന്നു. വിശ ദമായ പഠനം ആവശ്യമായ മേഖലയാണിത്.

## 4.3 കൃഷ്ണൻ മലയാളകവിതയിൽ

കൃഷ്ണനെക്കുറിച്ചുള്ള ധാരാളം  കഥകൾ പല ഭേദങ്ങളോടെ ഭാരതം മുഴു വൻ പ്രചരിക്കുന്നു്. ''കൃഷ്ണന്റെ സഹസ്രധാരമായ ജീവിതധർമ്മങ്ങൾ ആകെചേർന്ന് ഭാരതീയ ജനജീവിതത്തിന്റെ ആദിരൂപങ്ങളായിത്തീർന്നിരിക്കുന്നു.[4] ഇങ്ങനെ ആയിരം ഗോത്രങ്ങളെ തന്റെ ഉണ്മയിലൂടെ വേൾപ്പിച്ചതിനാലാണ് കൃഷ്ണൻ സഹസ്രപത്നീരമണനായതെന്ന്'' ഡോ: ഡി.സി. കൊസാംബിയെ അവ ലംബിച്ച് വിഷ്ണുനാരായണൻ നമ്പൂതിരി പറയുന്നു.[5] കൃഷ്ണനെ ആവിഷ്ക്കരിച്ച കവികളെല്ലാം തന്നെ ജീവിതലക്ഷ്യമായി മാറുന്ന ആദിപ്രരൂപത്തെയാണു കത്തെു ന്നത്.

ചെറുശ്ശേരി (കൃഷ്ണഗാഥ) എഴുത്തച്ഛൻ (മഹാഭാരതം കിളിപ്പാട്ട്, ഭാഗവതം കിളിപ്പാട്ട്) പൂന്താനം (ജ്ഞാനപ്പാന, കുമാരാഹരണം പാന) കുഞ്ചൻനമ്പ്യാർ (ശ്രീ കൃഷ്ണചരിതം മണിപ്രവാളം, തുള്ളൽകൃതികൾ) രാമപുരത്തുവാര്യർ (കുചേല വൃത്തം വഞ്ചിപ്പാട്ട്) വള്ളത്തോൾ (ഒരു ചിത്രം, അമ്പാടിയിൽ ചെന്ന അക്രൂരൻ, കർമ്മഭൂമിയുടെ പിഞ്ചുകാൽ) കുഞ്ഞിരാമൻനായർ (ഭദ്രദീപം) ബാലാമണിയമ്മ (വേണുഗോപാലൻ), ചങ്ങമ്പുഴ (ദേവഗീത, വസന്തോത്സവം) വി.കെ ഗോവി

---

3 Particia Beardsworth Larousse world mythology (Hamlyn Publishing group 1965) Hindu mythology P. 208-248.

4 വിഷ്ണുനാരായണൻ നമ്പൂതിരി, അവതാരിക, കൃഷ്ണകവിതകൾ (കോട്ടയം ഡി. സി. ബുക്സ് 1998)

5 വിഷ്ണുനാരായണൻ നമ്പൂതിരി, അവതാരിക, കൃഷ്ണകവിതകൾ (കോട്ടയം ഡി. സി. ബുക്സ് 1998)

ദൻ നായർ (അവിൽപൊതി, അവിൽ കുറച്ചുകൂടി) ഓട്ടൂർ ഉണ്ണിനമ്പൂതിരിപ്പാട് (നാമാംബിക, മന്ദാകിനി, യമുനാകുഞ്ജം) ഇടശ്ശേരി ഗോവിന്ദൻനായർ (ത്രിവിക്രമനു മുമ്പിൽ, ഗോപികാഗോവിന്ദം, വ്രജത്തിലെ വിരുതൻ) ജി. ശങ്കരക്കുറുപ്പ് (രാധ, മുക്തിവേ) വൈലോപ്പിള്ളി ശ്രീധരമേനോൻ (കൃഷ്ണാഷ്ടമി, കൃഷ്ണനും ദുർവാസസ്സും) ഒ.എൻ.വി കുറുപ്പ് (ഇനിയുമൊരവതാരമുങ്കെിൽ) തിരുനല്ലൂർ കരുണാകരൻ (യമുനാതീരത്ത്) അയ്യപ്പപ്പണിക്കർ (ഗോപികാദണ്ഡകം) എൻ. എൻ. കക്കാട് (തീർത്ഥാടനം) സുഗതകുമാരി (കൃഷ്ണകവിതകൾ) യൂസഫലി കേച്ചേരി (ബ്രഹ്മരാഗം, അഹൈന്ദവം, ശ്യാമകാരുണ്യം, ഓർമ്മയ്ക്കു താലോലിയ്ക്കാൻ) എസ്. രമേശൻനായർ (സ്വാതിമേഘം) ചാത്തനാത്ത് അച്യുതനുണ്ണി (കൃഷ്ണലീല) പ്രഭാവർമ്മ (മഥുര), വി.എ. കേശവൻ നമ്പൂതിരി (കൃഷ്ണചരിതം) തുടങ്ങി പല കവികളും കൃഷ്ണനെന്ന ആദിപ്രരൂപത്തെ വിവിധ രൂപത്തിലും ഭാവത്തിലും ആവിഷ്ക്കരിച്ചവരാണ്.

നിറപ്പകിട്ടാർന്ന കൃഷ്ണരൂപം ജീവിതത്തിൽ നിറപ്പകിട്ടാഗ്രഹിക്കുന്ന കേവലമനുഷ്യൻ എന്നും പ്രതീക്ഷിക്കുന്നതാണ്. ശിശുവായും കാന്തനായും കാമുകനായും പ്രിയസഖാവായും യുദ്ധനിപുണനായും രാജ്യതന്ത്രജ്ഞനായും നിത്യനൂതനമായ പ്രണയത്തിന്റെ ശാശ്വതപ്രതീകമായും കൃഷ്ണൻ കേവലമനുഷ്യനോടൊപ്പം വർത്തിക്കുന്നു. മനുഷ്യന്റെ ഏതവസ്ഥകളിലും അവനോട് താദാത്മ്യം പ്രാപിക്കുകയും ചെയ്യുന്നു.

ശൈശവഭാവവും ഗോപീകാമുകഭാവവുമാണ് കൃഷ്ണഗാഥാകാരനു പ്രിയപ്പെട്ടത് യുദ്ധനിപുണനായും രാജ്യതന്ത്രജ്ഞനായും ധർമ്മസ്ഥാപകനായും എഴുത്തച്ഛൻ അവതരിപ്പിക്കുന്നു. പരമാത്മാവിനെ ബാലകരൂപത്തിൽ പൂന്താനം ദർശിക്കുന്നു. ഭക്തന്റെ മുന്നിൽ തന്നെത്തന്നെ സമർപ്പിക്കുകയാണ് രാമപുരത്തുവാര്യരുടെ കൃഷ്ണൻ. വിയർപ്പണിഞ്ഞുവരുന്ന സതീർത്ഥ്യനെ ചേർത്തണച്ചു പുൽകാൻ ഈ ദേവൻ മടിക്കുന്നില്ല. ''കുചേലവൃത്തത്തെ റൊമാന്റിക്കെന്നോ ക്ലാസിക്കെന്നോ വിശേഷിപ്പിക്കുന്നതിലുമുചിതം റിയലിസ്റ്റെന്നു വിശേഷിപ്പിക്കുന്നതാണ്''[6] കണ്ണുനീരണിയുന്ന ഗൗരിയേയും ഇവിടെ കാണാം. ഐശ്വര്യം കൊ് ഭഗവാൻ കുചേലനെക്കാൾ ഉയരെയാണെങ്കിലും ഭക്തികൊ് കുചേലൻ ഭഗവാനേക്കാൾ ഉയർന്ന് നിൽക്കുന്നു. കൃഷ്ണന്റെ ഭക്തവാത്സല്യവും ശിഷ്ടരക്ഷണവ്യഗ്രതയും കാവ്യത്തിൽ തെളിഞ്ഞുനിൽക്കുന്നു.

കൃഷ്ണകഥകൾ ചിത്രീകരിച്ചിട്ടുള്ള ഓരോ കവിയും തന്റെ സങ്കൽപത്തിനനുസരിച്ച് ബിംബകൽപ്പനകളും അലങ്കാരപ്രയോഗങ്ങളും സ്വീകരിച്ചിരിക്കു

---

6 തരകൻ കെ.എം. അന്വേഷണപഥങ്ങൾ (കോട്ടയം എൻ.ബി.എസ്. 1993) പുറം 162.

ന്നു. കൃഷ്ണസങ്കല്പം ഉൾക്കൊള്ളുന്ന ഓരോ വ്യക്തിയുടെ കാഴ്ചപ്പാടിലും കൃഷ്ണചൈതന്യം വിഭിന്നരൂപത്തിലുള്ളതാണ്. ഭക്തികാവ്യങ്ങൾ സൃഷ്ടിച്ച ചട്ട ക്കൂടിൽ ഒതുങ്ങിനിൽക്കുന്നതല്ല കൃഷ്ണസങ്കല്പം. വൈവിദ്ധ്യവും നിത്യനൂതനത്വവും കാലികപ്രസക്തിയും കല്പിക്കാവുന്ന കാവ്യബിംബമായി സഹൃദയഹൃദയങ്ങളിൽ കൃഷ്ണൻ നിറഞ്ഞുനിൽക്കുന്നു. ഏതാനും ഉദാഹരണങ്ങ ളിലൂടെ ഇത് വ്യക്തമാക്കാൻ കഴിയും.

**വള്ളത്തോൾ**

കൃഷ്ണനെന്ന കാവ്യബിംബം കവിതയിൽ കൊവന്ന ആധുനിക കവിക ളിൽ പ്രഥമസ്ഥാനം വള്ളത്തോളിനാണ്. ദിവ്യശിശുവാണ് വള്ളത്തോൾക്കവിത യിൽ പ്രത്യക്ഷമാവുന്നത്. ഒരു ചിത്രം അമ്പാടിയിൽ ചെല്ലുന്ന അക്രൂരൻ, കർമ്മഭൂ മിയുടെ പിഞ്ചുകാൽ തുടങ്ങിയ, കവിതകളിൽ കൃഷ്ണചിത്രങ്ങൾ കാല്പനിക ഭംഗിയോടെ വരച്ചിട്ടിരിക്കുന്നു. പാൽപ്പാത്രവുമായി അമ്മയുടെ മെയ്ചാ രിനിൽക്കുന്ന പാൽക്കൊതിയനായ കോമളബാലനെയാണ് 'ഒരു ചിത്ര'ത്തിൽ കാണുന്നത്. നീ രൂപവർണ്ണനയാണ് കവി നിബന്ധിച്ചിരിക്കുന്നത്. അമ്മയ്ക്കുമാത്ര മല്ല ആർക്കും ചെന്നെടുക്കാൻ തോന്നുന്ന ഈ കേവലശിശുവിനെ അടുത്ത നിമിഷം ദിവ്യത്വത്തിലേക്കുയർത്തുന്നു.

ഉദാ:

ആറേഴുനാളൊരു കുന്നിനെയൊറ്റക്കൈ
ത്താരാൽക്കുടയായ് പിടിച്ചോനിവൻ
ഏറിയാൻ മൂഴക്കു കൊള്ളുമിപ്പാത്രത്തെ
കൈരുകൊും പിടിച്ചിരിപ്പൂ

കാലികപ്രസക്തിയനുഭവപ്പെടുത്തുന്ന വ്യംഗ്യപ്രയോഗങ്ങളും കവി നടത്തി യിട്ടു്. 'കർമ്മഭൂമിയുടെ പിഞ്ചുകാൽ' എന്ന കവിതയിൽ

ധ്വസ്തഭുവനമാം ദൗഷ്ട്യമേ നിൻതല–
യെത്ര പരത്തിയുയർത്തിയാലും
ഇക്കർമ്മഭൂമിതൻ പിഞ്ചുകാൽ പോരുമേ
ചിക്കെന്നതൊക്കെച്ചവിട്ടിത്താഴ്ത്താൻ

എന്ന് കവി പറയുന്നു, ഇവിടെ കാളിയൻ ബ്രിട്ടീഷ് സാമ്രാജ്യത്വമാണ്. കാളി യന്റെ ഉഗ്രവിഷം നീങ്ങി നിർമ്മലമായിത്തീർന്ന പുണ്യസരസ്സ് കവിഭാവനയിലുള്ള സ്വതന്ത്രഭാരതം തന്നെ; ബ്രിട്ടീഷ് ദുഷ്പ്രഭുത്വത്തിന്റെ ഉയർന്ന പത്തികളെ ചവിട്ടി

ത്താഴ്ത്തി സമാധാനമാർഗ്ഗത്തിലൂടെ അവരെ പറഞ്ഞയക്കാൻ കഴിഞ്ഞ മഹാത്മ ജിയെ മനസ്സിൽ കുകൊാവണം കാളിയന്റെ ദർപ്പശമനം നടത്തുന്ന കൃഷ്ണന്റെ വർണ്ണന കവി സാധിച്ചത്.

ധനുർയാഗത്തിനുവേി രാമകൃഷ്ണന്മാരെ ക്ഷണിക്കാനായി അമ്പാടിയിൽ ചെല്ലുന്ന അക്രൂരനെ ''അമ്പാടിയിൽ ചെന്ന അക്രൂരൻ'' എന്ന കവിതയിൽ വള്ള ത്തോൾ വർണ്ണിക്കുന്നു. അമ്മയോട്പിണങ്ങി കുസൃതി കാണിക്കുന്ന കണ്ണനിൽ അക്രൂരൻ പരമാത്മാവിനെ കാണുന്നു. അസുലഭമായ ദർശനഭാഗ്യത്തിൽ അക്രൂ രൻ കണ്ണീരണിയുന്നു. മാനുഷികഭാവങ്ങൾ തികഞ്ഞ ഉണ്ണിക്കണ്ണനിലും പരമാത്മാ ചൈതന്യം ദർശിക്കാൻ വള്ളത്തോളിന്റെ അക്രൂരനു കഴിഞ്ഞു. മനുഷ്യനിൽ ഈശ്വരനേയും ഈശ്വരനിൽ മനുഷ്യനേയും ദർശിക്കാൻ കഴിയുന്ന കല്പനാവൈ ശിഷ്ട്യം പല മലയാളകവികളും പ്രദർശിപ്പിച്ചിട്ടു്.

**ബാലാമണിയമ്മ**

മാതൃവാത്സല്യം ചുരന്നൊഴുകുന്നവയാണ് ബാലാമണിയമ്മയുടെ കവിത കൾ. സ്ത്രീയുടെ ക്ഷേത്രം സ്വഗൃഹവും ഈശ്വരൻ മക്കളുമാണെന്നവർ വിശ്വസി ച്ചു. ഈ സങ്കല്പം ഏറെ കവിതകളിൽ കടന്നുവരുന്നു. ''വേണുഗോപാലൻ'' എന്ന കവിതയിൽ സ്വപുത്രനിൽത്തന്നെ ഈശ്വരാരോപം ചെയ്യുകയാണ് കവയിത്രി.

''ചേണുറ്റ മാവിൻ ചുവട്ടിൽ നിന്നന്തിക്കു-
വേണുഗാനത്തിനൊരുങ്ങിനാനെന്മകൻ''

എന്ന ആദ്യവരിയിൽത്തന്നെ മകനെ വേണുഗോപാലനായി സങ്കല്പിക്കുന്നു. അവനെ നോക്കി നിൽക്കുന്നു.

''ഉറ്റുനോക്കിക്കൊു നിന്നേൻ കുറച്ചിട
യ്ക്കുൽപ്പുളകാംഗിയായ്ത്തീർന്ന ഞാനുണ്ണിയെ

ഈശ്വരനെ മകനായിക്കരുതുക എന്ന സങ്കല്പം ഭാരതീയർക്കു പരിചിതമാ ണ്. വൈഷ്ണവസമ്പ്രദായക്കാർ ഈശ്വരനെ ഏറ്റവും പ്രിയപ്പെട്ട മനുഷ്യഭാവങ്ങ ളോട് സങ്കല്പിച്ചിരുന്നു. ഇവിടെ മകനെ ഈശ്വരനായിക്കരുതുകയാണ് ചെയ്യുന്നത്. സേവനത്തിന്റെ പരമകാഷ്ഠയിൽ, താൻ സേവിക്കുന്ന വസ്തുവിൽ ഈശ്വരസാ ക്ഷാത്ക്കാരം നേടുകയാണവർ. മകൻ വേണുവൂതുമ്പോൾ അമ്മ കാണുന്നത് ശ്രീകൃഷ്ണന്റെ വേണുഗാനം മുഴങ്ങിയിരുന്ന പശ്ചാത്തലമാണ്.

ഇതിഹാസത്തിലെ ദിവ്യശിശുവിന്റെ ഓമനത്തവും കൈശോരരൂപവും ക് വ്യാമുഗ്ദ്ധരായി ആ സങ്കല്പത്തിൽ തൃപ്തിപ്പെടുന്നവരോടും പുരാണഗ്രന്ഥങ്ങളെ

അന്വേഷിച്ചു പോകുന്നവരോടും തന്റെ നിർഭാഗ്യമോർത്തു നെടുവീർപ്പിടുന്നവരോടും കവയിത്രിക്കു പറയാനുള്ളതിതാണ്.

> ''വന്നാലുമിന്നെന്റെ മാതൃഹൃദയമേ
> വന്ദിക്ക നിന്നുടെ വേണുഗോപാലനെ''

ഇതു മനസ്സിലാക്കാത്ത മാതൃഹൃദയങ്ങളെക്കുറിച്ചോർത്ത് അവർ

> ''പൈതലിൻ ദിവ്യത കാണാൻ നമുക്കിന്ന്
> ഭൂതകാലത്തിലേയ്ക്കെത്തിച്ചുനോക്കണം

എന്ന് അതിശയിക്കുന്നു. അമ്മയ്ക്കു മാത്രം കിട്ടുന്ന അപൂർവ്വ സൗഭാഗ്യത്തെ അനുഭവിക്കാനും കവിതയിലൂടെ അനുഭവിപ്പിക്കാനും ബാലാമണിയമ്മയ്ക്ക് കഴിയുന്നു.

### ചങ്ങമ്പുഴ കൃഷ്ണപിള്ള

രാധാകൃഷ്ണപ്രണയം ഇതിവൃത്തമാകുന്ന ദേവഗീത ജയദേവകവിയുടെ ഗീതഗോവിന്ദത്തിന്റെ സ്വതന്ത്രവിവർത്തനമാണ്. ജയദേവകവി ആവിഷ്കരിച്ച അതേ മനോഹാരിതയോടെ രാധാകൃഷ്ണപ്രണയം ചങ്ങമ്പുഴ പുനരാവിഷ്കരിക്കുന്നു.

1950 ലെഴുതിയ വസന്തോത്സവം എന്ന കാവ്യം കൃഷ്ണകഥയെ ആസ്പദമാക്കിയുള്ളതാണ്. രാധ, തോഴി, രുഗ്മിണി, ഭാമ, ശ്രീകൃഷ്ണൻ എന്നിവർ കഥാപാത്രങ്ങളാവുന്ന ഈ കാവ്യം നിബദ്ധിച്ചിരിക്കുന്നത് സംഭാഷണത്തിന്റെ ഘടനയിലാണ്. രാധയുടേയും രുഗ്മിണിയുടെയും ഭാമയുടെയും പ്രണയത്തിന്റെ വ്യത്യസ്തത കവി അവതരിപ്പിക്കുന്നു്.

കൃഷ്ണപ്രണയിനിയായ രാധയുടെയും കൃഷ്ണപത്നിയായ രുഗ്മിണിയുടെയും വികാരവിചാരങ്ങൾക്ക് കവിതയിൽ ഏറെ പ്രധാന്യമു്. സമ്പൂർണ്ണ സമർപ്പണം നടത്തിയവളാണു രാധയെങ്കിൽ സ്വകാന്തന്റെ പ്രേമത്തിൽ ശങ്കയുള്ളവളാണ് രുഗ്മിണി. കാവ്യം അപൂർണ്ണമാണ്. അതിനാൽ പുരാണപ്രസിദ്ധമായ കഥയേയും കഥാപാത്രങ്ങളേയും വ്യത്യസ്തമായ രീതിയിൽ അവതരിപ്പിച്ചതിന്റെ ലക്ഷ്യം വ്യക്തമല്ല. രാധാകൃഷ്ണപ്രണയത്തിന്റെ മഹത്വം വർണ്ണിക്കുക എന്നതുതന്നെയായിരിക്കണം പ്രണയഗായകനായ ചങ്ങമ്പുഴയുടെ കാവ്യലക്ഷ്യം.

രാധയും തോഴിയും തമ്മിലുള്ള സംഭാഷണമാണ് ആദ്യരംഗം. വൃന്ദാവനത്തിൽ ചൈത്രം വന്നെത്തിയെന്നറിയിക്കുന്ന തോഴിയോട് രാധ പൂർവ്വകാലസ്മൃതി

കൾ പങ്കുവഹിക്കുന്നു. കാലമേറെ കഴിഞ്ഞിട്ടും രാധാകൃഷ്ണപ്രണയത്തിന് ന്യൂനത സംഭവിച്ചിട്ടില്ല. ഭൗതികരൂപം അടുത്തില്ലെങ്കിലും കൃഷ്ണന്റെ പ്രണയത്തിൽ അവൾക്ക് പൂർണ്ണവിശ്വാസമു്. രാധയുടെ വാക്കുകളിൽ ദൃഢവിശ്വാസം പ്രകടമാണ്.

''ആരുു ലോകത്തിലെന്നിലും മീതെയൊ-
രാനന്ദ പൂർത്തിയനുഭവിപ്പോർ''
''ഞാനോമനിയ്ക്കയാണേകാന്തതയിലെ
പ്രാണോത്സവാസ്പദ രശ്മികളെ
ഫുല്ലാഭ വർഷിച്ചവയെന്നിൽ നില്പോള-
മല്ലിലെന്നാത്മവടിയുകില്ല''

''ആ വിശുദ്ധാർദ്രമാം മാനസം നേടുവാ-
നാവുകില്ലെന്നാലവർക്കുപോലും
ഇല്ലതിൽസ്ഥാനമൊരാൾക്കുമീയേഴയാം
വല്ലവപ്പെണ്ണൊഴിഞ്ഞിന്നുലകിൽ''

''കല്ല്യാണകൃഷ്ണനെൻ നാഥനല്ലാതെനി-
ക്കില്ലർച്ചനയ്ക്കന്യ പുഷ്പബാണൻ''

തുടങ്ങിയ വരികൾ ഉദാഹരണം.

കൃഷ്ണനും രുഗ്മിണിയും വിശ്രമിക്കുന്ന സന്ദർഭമാണ് അടുത്ത രംഗം. കൃഷ്ണനെ മനസ്സിലാക്കാത്ത ഒരു സാധാരണ സ്ത്രീയെപ്പോലെയാണ് രുഗമിണിയെ അവതരിപ്പിക്കുന്നത്. തന്റെ പ്രണയം വൃഥാവിലായെന്നവൾ പരിതപിക്കുന്നു.

''വേണുഗോപാലനന്യസംഗീതം
വേണമെന്നോ സുഖിയ്ക്കുവാൻ''

''ഇന്നാമൊഴികളിൽ വ്യംഗ്യമായ് സിദ്ധിപ്പ-
തന്യരിലൊന്നാണെന്നല്ലി ഞാനും''

''പ്രേമാനുഭൂതികൾ കാഴ്ച്ചവെയ്ക്കും
ഭാമതൻ പാർശ്വത്തിലായിരിയ്ക്കും''

എന്നിങ്ങനെ കാന്തന്റെ പ്രവൃത്തികളേയും ചിന്തകളേയും സംശയിക്കാനും മുള്ളുവാക്കുകൾ പറയാനും അവൾ മടിക്കുന്നില്ല.

രംഗം നാലിൽ ഭാമയും ശ്രീകൃഷ്ണനുമാണ്. രുഗ്മിണിയുടെ സംഭാഷണങ്ങൾക്കു സമാനമാണ് ഭാമയുടേതും. പൂർവ്വകാലവൃത്താന്തമോർക്കുന്ന കൃഷ്ണനോട്,

''പരിഭവിക്കല്ലേ പറയുമ്പോൾ ലജ്ജാ-
കരമാണോർക്കിലക്കഥയെല്ലാം''

എന്നു പറയാൻ ഭാമയ്ക്ക് മടിയില്ല. കലഹപ്രിയയായ ഒരുവളെപ്പോലെ

''ഭംഗിവാക്കോതും യഥേച്ഛമായെന്നല്ലാ-
തങ്ങേയ്ക്കു ഞങ്ങളിൽ സ്നേഹമില്ല''

എന്ന് വഴക്കിനു തയ്യാറാകുകയാണ് ഭാമ.

ഭാര്യമാരെ സാന്ത്വനിപ്പിക്കാൻ ശ്രമിക്കുമ്പോഴും കണ്ണന്റെ മനസ്സ് രാധയിലാണ്. രാധാകൃഷ്ണപ്രണയത്തിന്റെ ഉദാത്തത ചിത്രീകരിക്കാൻ കവി ഈ സന്ദർഭം ഉപയോഗിച്ചിരിക്കുന്നു.

''കാലിച്ചെറുക്കനെ പ്രാണനും പ്രാണനായ്
കാണുമൊരേഴപ്പെണ്ണിന്റെ ജീവൻ
ലോകത്തിലിന്നോളം മറ്റാർക്കും കിട്ടാത്ത
രാഗവും ഭക്തിയും ചേർന്നിണങ്ങി
ആയിരം നാഴികക്കപ്പുറം നിന്നുകൊ-
ാവേശപൂർവ്വം വിളിച്ചിതെന്നെ
.....................................................................
.....................................................................
അങ്ങുഞാനെത്തായ്കിലാ നിമേഷത്തിലീ
യണ്ഡകടാഹം തെറിച്ചുപോകും''

എന്ന വാക്കുകളിലും മേലുദ്ധരിച്ച രാധയുടെ വാക്കുകളിലും ഈ സങ്കല്പം തെളിഞ്ഞു നില്ക്കുന്നു.

### വി. കെ. ഗോവിന്ദൻനായർ

തന്റേതായ ശൈലികൊ് കവനരംഗത്ത് വ്യത്യസ്തമായി നിൽക്കുന്ന കവിയാണ് വി. കെ. ഗോവിന്ദൻനായർ. മറ്റു ഭക്തകവികളിൽ നിന്നു വ്യത്യസ്തമാണദ്ദേഹത്തിന്റെ ഭക്തി. സക്തിയുടെ മറ്റൊരു രൂപമാണത്. ഭക്തിയിൽ ഹാസ്യവും

ശൃംഗാരവും കലർത്തുന്ന വെണ്മണി പാരമ്പര്യത്തിന്റെ സ്വാധീനം അദ്ദേഹത്തിന്റെ കവിതകളിലു്.

ഉദാ:-

ഠാണാവിൽജ്ജനനം വളർന്നതിടയ
പ്പെണ്ണിന്റെ കൈത്തൊട്ടിലിൽ
പ്രാണൻ കാത്തതുപെൺകൊലക്കൊടുമയാൽ
വിദ്യാലയം ഗോഗൃഹം
ക്ഷോണീരംഭകളാം വ്രജാംഗനകൾ തൻ-
ജാരത്വമുദ്യോഗ മെ-
ന്താണാവോ തവമേന്മ, കംസവധമോ
പാർത്ഥന്റെ സാരഥ്യമോ''

(അവിൽപ്പൊതി)

ഭക്തിയുടെ മതപരമോ തത്വജ്ഞാനപരമോ ആയവശമല്ല സൗന്ദര്യാവബോധപരമായ വശമാണ് ഇദ്ദേഹത്തിന്റെ കവിഭാവനയെ ഉദ്ദീപ്തമാക്കിയത്. ഭഗവാന്റെ അനുപരമായ സൗന്ദര്യവും നിത്യമധുരങ്ങളായ ലീലകളും കവിതയിലാവിഷ്കരിച്ച് അദ്ദേഹം തൃപ്തിയടയുന്നു.

വി. കെ.ജി യുടെ കവിതകളിൽ കാണുന്ന പ്രത്യേകത ഇഷ്ടദേവതയുമായി കവി പുലർത്തുന്ന ബന്ധം മാനുഷികബന്ധങ്ങളുടെ സമ്പ്രദായത്തിലുള്ളതാണെന്നാണ്. ''അഖണ്ഡവും അദ്വൈതവും വാഗതീതവുമായ പരാൽപരസത്യത്തെ മനുഷ്യനു പരിചിതങ്ങളായ ബന്ധങ്ങളിൽക്കൂടിയല്ലാതെ ആവിഷ്ക്കരിക്കുക സാധ്യമല്ലല്ലോ'' എന്നദ്ദേഹം ചിന്തിക്കുന്നു. ദാസൻ, ശിഷ്യൻ, ഭാര്യ, കാമുകി, പുത്രൻ, സുഹൃത്ത് എന്നിങ്ങനെ നാനാഭാവങ്ങൾ കൊക്കൊ് ആ നിലപാടിൽ നിന്നുകൊ് ഇഷ്ടദേവനുമായി സംവദിക്കുന്ന രീതി ഭക്തികാവ്യങ്ങളിൽ പരക്കേയു്. വിശേഷിച്ച് വൈഷ്ണവസാഹിത്യത്തിൻ. വി. കെ. ജിയും ഈ രീതി അവലംബിക്കുന്നു.

അവിൽപ്പൊതി എന്ന സമാഹാരത്തിലെ അവിൽപ്പൊതി, ഭദ്രദീപം എന്നീ ഭാഗങ്ങളിലെ കവിതകൾ ഭൂരിഭാഗവും കൃഷ്ണനെ മാത്രം വർണ്ണിക്കുന്നു. നിന്ദയിലൂടെ സ്തുതിക്കുക എന്ന രീതി (വിപരീതഭക്തി) കവി സ്വീകരിക്കുന്നു്. വിപരീതഭക്തിയിലൂടെയാണ് കൃഷ്ണന്റെ വിവിധ വാങ്മയചിത്രങ്ങൾ വരയ്ക്കുന്നത്.

ഉദാ:- ചൂടും പൂവിന്നു ശണ്ഠകൂടുമിരുപേർ

ദാരങ്ങൾ  കള്ളുംകൂടി–
ച്ചാടും ജേഷ്ഠന്നുഴന്നു കാട്ടിലലയും
ബന്ധുക്കളും തോഴരും
കൂടും പെൺകൊതിയാൽപ്പരന്റെ തടവിൽ
പ്പാർത്തോരു പൗത്രൻ ഹരേ!
വേടൻ തൻ കണ ശാഖിയിൽത്തവശവം
തൂങ്ങാതെ രക്ഷിച്ചതോ.

(അവിൽ)

യശോദയുടെ കൈകളിൽ കളിയ്ക്കുന്ന പിഞ്ചുകുഞ്ഞായും കഠോരമായ അസുരനികരത്തിനു ശത്രുവായും കംസജിത്തായും വ്രജസ്ത്രീകളുടെ ഹൃദയമാകുന്ന മണിപ്പൊത്തിലെ തത്തയായും മേളിക്കുന്ന വാതാലയ സുകൃതപതാകയ്ക്കായി കൈ കൂപ്പുന്നതൊടൊപ്പം ഇങ്ങനെ അദ്ഭുതപ്പെടുകയും ചെയ്യുന്നു.

ചേലക്കള്ളൻ ചിലപ്പോൾ ചിലസമയമൊടു–
ങ്ങാതരക്കെട്ടുചുറ്റാൻ
നീളത്തിൽപട്ടുനൽകുന്നവ–നിടയനിട–
ക്കെപ്പോഴും രാജരാജൻ
ലീലാലോലൻ ചിലപ്പോളഖിലസമയവും
നിർഗ്ഗുണ ബ്രഹ്മമെന്നെ–
പ്പോലുള്ളോരെന്തറിഞ്ഞു പുരഹരവിധിമാർ
പോലുമോരാത്ത തത്ത്വം

(അവിൽപ്പൊതി)

''സംഭ്രമത്തോടെ, കയറെടുത്തുവരുന്ന അമ്മയ്ക്കും നാരദാദി ത്രിദശമുനിമനസ്സിനും അജ്ഞാതനായി'' മായം കളിക്കുന്ന കപടനരനെ കവി വാഴ്ത്തുന്നു. ''പീലിക്കണ്ണും പുരികലതയും നീലനേത്രവും ചേർന്ന വദനവും വിയർപ്പിൽ നനഞ്ഞു പാതിമാഞ്ഞ സിന്ദൂരക്കുറിയോടും ചെമ്മണ്ണുപുര ദേഹത്തോടും കൂടി മാടിന്റെ പിന്നിലെത്തുന്ന കൃഷ്ണനേയും വാഴ്ത്തുന്നു. ഇപ്രകാരം നിരാമയനായ കണ്ണൻ ''എപ്പടിക്കുൾപ്പെടും പാഴമ്പാടിപ്പെൺകിടാങ്ങൾക്കുടയ ചടുലമാം നേത്രജാലാന്തരത്തിൽ'' എന്നു ചോദിക്കുമ്പോൾ പരോക്ഷമായി കൃഷ്ണനെന്ന പരമചൈതന്യത്തെ പുകഴ്ത്തുകയാണ് കവി. അതോടൊപ്പം അതിൽ വിലയിക്കാനുള ആഗ്രഹവും പ്രകടമാക്കുന്നു.

''മയ്യഞ്ചും തിരുമെയ്യുചെന്നു
നക്കും പദാബ്ജങ്ങൾ ഞാൻ

പയ്യാറ്റും മമ യാമുനോദകവുമാ
വൃന്ദാവനപ്പുൽകളും
നീയൂതും മുരളീസ്വരം നുകരുമെ-
ന്നായർക്കിടാവേ വെറും
പയ്യായാൽ മതിയായിരുന്നു തിരുവ-
മ്പാടിക്കകത്തന്നു ഞാൻ'' (അവിൽ കുറച്ചുകൂടി)

എന്നാഗ്രഹിക്കുന്ന കവിമനസ്സ് വല്ലവികളുടെ ചേലയും ചേതനയും ഒരുമിച്ച് മോഷ്ടിച്ച കൃഷ്ണനെ നമിക്കുന്നു, ഒപ്പം.

മണ്ണുണ്ണും വെണ്ണയുണ്ണം കടുതരവിഷസ-
മ്മിശ്രമാം സ്തന്യമുണ്ണും
മണ്ണും കല്ലും നിറഞ്ഞോരവിലുമരയില-
ച്ചീരയും തീയുമുണ്ണും
തിണ്ണം ബ്രഹ്മാണ്ഡമങ്ങേക്കുടവയർ ഗൂരുവായൂ-
രെഴും നാഥ നീയെ-
ന്തുണ്ണില്ലൂണ്ണീ നിവേദിക്കുവനടിമലരിൽ-
കൂപ്പുമെൻ തപ്തബാഷ്പം

(അവിൽപ്പൊതി വീൂം)

എന്നിങ്ങനെ കൃഷ്ണന്റെ കാൽക്കൽ വീണടിയുകയും ചെയ്യുന്നു.

## ഓട്ടൂർ ഉണ്ണിനമ്പൂതിരിപ്പാട്

ഇഷ്ടദേവനോടുള്ള ഭക്തിലഹരി ഓട്ടൂർ ഉണ്ണിനമ്പൂതിരിപ്പാടിന്റെ കൃതികളുടെ മുഖ്യസ്രോതസ്സായി മാറുന്നു. ഉണ്ണികൃഷ്ണനാണദ്ദേഹത്തിന്റെ ഇഷ്ടദേവത. കൃഷ്ണനോടുള്ള പരമപ്രേമത്തിൽ കവിഞ്ഞ മറ്റൊരു ജീവിതമൂല്യവും ഇദ്ദേഹത്തിനില്ല. ശ്രീകൃഷ്ണനുമായി ബന്ധപ്പെടുത്താവുന്ന എല്ലാറ്റിന്റെയും മുമ്പിൽ കവി മനസ്സ് സാഷ്ടാംഗം പ്രണമിക്കുന്നു.

മാനത്തു, കാറ്റത്തു, ജലത്തിൽ മണ്ണിൽ
തേജസ്സിലിബ്ഭൂതഗണത്തിലെല്ലാം
ഗോപീജനം കണ്ണനെ മാത്രമല്ലാ-
തീക്ഷിച്ചിടുന്നില്ല പരത്തെയൊന്നും.''

എന്ന വർണ്ണന കവിസത്തയ്ക്കും ചേരുന്നതാണ്. അത്രമേൽ അത് ഗോപികാചിത്തത്തോടു സാത്മ്യം പ്രാപിച്ചിരിക്കുന്നു. നാമാംബിക, ശ്യാമസുന്ദരൻ,

മന്ദാകിനി, ആനന്ദമുരളി, യമുനാകുഞ്ജം, മഹാസൗന്ദര്യം മുതലായ കൃതിക ളെല്ലാം ഭക്തിരസം തുളുമ്പുന്നതാണ്. ''നൈസർഗ്ഗികമായ ഭാഷണശൈലികൾ, സാധാരണക്കാരന്റെ ലളിതനർമ്മങ്ങൾ, ആരാധ്യദേവനെ സ്വകുടുംബാംഗംപോലെ കരുതുന്ന ഭക്തൻ, ചാടുവചനങ്ങൾ മുതലായവ ഓട്ടൂരിന്റെ കൃതികളെ സ്തോത്ര സാധാരണമായ ഏകതാനതയിൽ നിന്നു നിർമുക്തമാക്കുന്നു.[7] നിയതമായ സ്ഥലപ രിധിക്കകത്താണ് ഓട്ടൂരിന്റെ കവിത വ്യാപരിക്കുന്നത്, ഭാഗവതപുരാണത്തിലും ഗുരുവായൂർക്ഷേത്രത്തിലും. ഉത്തമഭക്തന് ഭഗവൽക്കഥകൾ പറഞ്ഞുതീരില്ല എന്ന തിനു തെളിവാണ് ഓട്ടൂരിന്റെ കവിതകൾ ''ഉണ്ണിക്കൈകൾ നീട്ടിനിന്നു വെണ്ണയ്ക്കു പെശകുന്ന കണ്ണൻ, ഇടയപ്പെണ്ണുങ്ങൾക്കുവന്ന നഷ്ടം പുഞ്ചിരികൊു നികത്തി ക്കൊടുത്ത കരുണാമൂർത്തി, കാർവർണ്ണനിൽ കണ്ണുപതിഞ്ഞപ്പോൾ മോക്ഷത്തേ ക്കാൾ ന്യായമുള്ള വസ്തുവുന്നെു ബോധ്യപ്പെട്ടലോകം[8] തുടങ്ങിയ കൽപ്പനകൾ കൃഷ്ണനിൽ ലയിച്ച കവിമനസ്സിനെ വെളിപ്പെടുത്തുന്നു.

## ഇടശ്ശേരി ഗോവിന്ദൻനായർ

ഇടശ്ശേരിയുടെ കവിതകളിൽ ഐതിഹ്യങ്ങളേയും പുരാണങ്ങളേയും ഉപജീ വിച്ചെഴുതിയവ വളരെ കുറവാണ്. എങ്കിലും അദ്ദേഹത്തിന്റെ കവിതകൾ പരിശോ ധിക്കുമ്പോൾ കൃഷ്ണസങ്കല്പത്തിന്റെ സ്വാധീനം അതിലുന്നെു കത്തൊം. കൃഷ്ണനെന്ന ആദിപ്രരൂപത്തെ കേന്ദ്രമാക്കി വാത്സല്യവും പ്രണയവും പരമാത്മാ വിനോടുള്ള വിധേയത്വവും ഇടശ്ശേരി പ്രകടിപ്പിക്കുന്നു.

പ്രണയത്തിന്റെ മഹനീയതയാണ് ''വൃന്ദാവനത്തിലെ രാധ'' എന്ന കവിത യിലെ പ്രതിപാദ്യം. രാധയുടെ അസുലഭഭാഗ്യമാണ് കവിയെ ആകർഷിക്കുന്നത്. സാന്ധ്യശോഭയിൽ വൃന്ദാവനത്തിലെ വള്ളിക്കുടിലിൽ കണ്ണനെ കാത്തിരിക്കുക യാണു രാധ. കണ്ണനെക്കാണാഞ്ഞ്.

> പ്രേമമാമാമഹാസമ്രാട്ടിന്നുത്സവ–
> ശ്രീമന്മുഹൂർത്തമായാതമാകേ
> മാമകമാനസാരാധനാമൂർത്തിയാ–
> മാമഹാനെങ്ങുവാനാത്മനാഥൻ

എന്നുഴറുന്ന രാധയ്ക്ക്, മുനീശ്വരന്മാർപോലും കാണാൻ കൊതിക്കുന്നവനെ തന്റെ കൈകളാൽ ബന്ധിക്കാനുള്ള ഭാഗ്യം ലഭിച്ചു.

---

7 ലീലാവതി. എം. മലയാളകവിതാസാഹിത്യചരിത്രം (തൃശ്ശൂർ: കേരള സാഹിത്യ അക്കാദമി, 1996) പുറം 300.

8 ലീലാവതി. എം. മലയാളകവിതാസാഹിത്യചരിത്രം (തൃശ്ശൂർ: കേരള സാഹിത്യ അക്കാദമി, 1996) പുറം 300.

''കിട്ടി നിൻകണ്ണനെ രാധേ: മുനീശ്വര–
രൊട്ടിട കാണാൻ കൊതിയ്ക്കുവോനെ
ശങ്കവെടിഞ്ഞു നിൻ മംഗളദാതാവേ
പൊങ്കരവല്ലിയാൽ ബന്ധിച്ചാലും''

പരമാത്മാവിനോടുള്ള ആദരവും ''വാശിക്കുടുക്ക''യായ കണ്ണനോടുള്ള വാത്സല്യവും ഇഴചേർന്നു നില്ക്കുന്ന കവിതയാണ് ഉണ്ണികൃഷ്ണനോട്. പ്രഥമശ്ലോകത്തിലെ ''ആദികന്ദമേ''[9] എന്ന പ്രയോഗം കവി അവതരിപ്പിക്കുന്ന ശിശുവിന്റെ ദിവ്യത്വം സൂചിപ്പിക്കുന്നു്.

''എനിക്കു നിന്നെ കാണേ
നിൻകഴൽപ്പാടുപോരുമേ'' എന്നും
തരപ്പെടുന്നു നിന്നോമൽ
മുഖത്തിൻ ക്ഷണദർശനം
ക്ഷീണസങ്കൽപ്പമാണെങ്കി–
ലെന്തതിൽ തൃപ്തികൊൾവുഞാൻ

എന്നും ''ആദികന്ദ''ത്തിന്റെ ദിവ്യത്വത്തിൽ തൃപ്തിപ്പെടാനും കവിക്കുകഴിയുന്നു. അതിനുശേഷം കൃഷ്ണനെ ലോകപ്രിയതമനായി തോന്നുമ്പോൾ ചുരന്നൊഴുകുന്നത് വാത്സല്യമാണ്.

''പോയാൽപൊയ്ക്കൊൾക ഗോവിന്ദ
നിന്നെത്തേടിവരുന്നതാർ
ഭേദമിപ്പേപിടിച്ചോടും
കാറ്റിൻ പിമ്പേ നടക്കയാം''

''നിനക്കുവേ പാൽവെണ്ണ
ഞാൻ തരുന്നവയെങ്കിലോ
ലക്ഷ്മിക്കായ് കൊുവിൽക്കുന്നേൻ
നിന്നേക്കാൾ ചീത്തയല്ലവൾ''

''പൂജാപുഷ്പങ്ങളെത്തട്ടി–
മാറ്റും നീ പുമിങ്ങനെ''

''കുഞ്ഞിക്കയ്യാൽ മൂക്കുപൊത്തി

[9] സ്തുതിച്ചാൽ പാട്ടിലാക്കീടാം
കേൾപ്പൂ നിന്നെക്കുറിച്ചുഞാൻ
എന്തോതിയാൽ നിൻ സ്തുതിയാം
അറിവീലാദികന്ദമേ.

ട്ടൊളിച്ചാക്കൂ കളിപ്പൂ നീ''

തുടങ്ങിയ വരികൾ ഉദാഹരണം.

''വ്രജത്തിലെ വിരുതൻ'' എന്ന കവിതയിൽ വാത്സല്യഭാവത്തോടൊപ്പം വിപരീതഭക്തിയും കടന്നുവരുന്നു. കണ്ണന്റെ കുസൃതികളെക്കുറിച്ച് അമ്മയോടുപറയുന്നരംഗത്ത് ''കണ്ണനിങ്ങനെ വികൃതി തുടങ്ങിയാൽ''

''അന്നന്നു ഗോരസം വിറ്റുപുലരുന്ന
പെണ്ണുങ്ങളെന്തിനിച്ചെയ്തിടേു''

എന്നും

അച്ഛനു നൽകുവാനപ്പങ്ങളുാക്കി
മച്ചകം തന്നിലടച്ചുവെച്ചേൻ
കണ്ണനന്നാവഴി വന്നിതവനുടെ
യുണ്ണിക്കൈയെത്താത്തൊരേടമുേോ''

എന്നും പരാതികൾ നിരത്തുന്നു. കണ്ണനെ കുറ്റപ്പെടുത്തുന്നുങ്കിലും വാത്സല്യമാണതിന്റെ അന്തർധാര. ശിക്ഷിക്കാനൊരുങ്ങുന്ന അമ്മയുടെ മുന്നിൽ കരഞ്ഞുകൊുനില്ക്കുന്ന ബാലനിലൂടെ അതു വളർന്ന്

''വാരിയെടുത്തു പുണർന്നുനിന്നീടിനാൻ
വാരിജനേത്രനെ വല്ലവിമാർ''

എന്ന വരികളിൽ പൂർണ്ണത പ്രാപിക്കുന്നു.

അനശ്വരവും പവിത്രവുമായ ഗോപികാഗോവിന്ദ ബന്ധമാണ് ''ഗോപികാഗോവിന്ദ'' ത്തിന്റെ ഇതിവൃത്തം. കണ്ണനും ഗോപികയും തമ്മിലുള്ള സംവാദരൂപത്തിലാണ് കാവ്യാവിഷ്കാരം. സ്ത്രീയും പുരുഷനും ഒത്തുചേർന്ന് ഉത്തമമായ ജീവിതനാടകമാടുന്നു.

''നമ്മളനശ്വരതയ്ക്കെഴുമോട-
ക്കമ്പിലിണങ്ങിടുമീണങ്ങൾ''

എന്നാണ് കവിയുടെ അനശ്വരജീവിതസങ്കല്പം. സ്ത്രീപുരുഷബന്ധത്തിന്റെ അദ്വൈതഭാവവും തുല്യതാസങ്കല്പവും ആവിഷ്കരിക്കലാണ് കാവ്യലക്ഷ്യം.

മഥുരയിലേയ്ക്കു പോയ കണ്ണൻ വീും അമ്പാടിയിലേക്കു വരുന്നതായി സങ്കല്പിച്ചെഴുതിയ കവിതയാണ് അമ്പാടിയിലേക്കു വീും. വഴിയിൽ വെച്ച് ഗോപികമാരെ കാണുന്നു.

''അന്തഃപുരമേ ദേവനുലക്ഷ്യം
അമ്പാടിയിലെന്തെത്തിച്ചൂ''

എന്ന് ഗോപികമാർ പരിഭവിക്കുന്നു. പൂർവ്വസ്മൃതികളിൽ മുഴുകുന്നു. മാനുഷികത്വത്തിൽ നിന്നുമുയർത്തിയ ദേവനാണ് കൃഷ്ണനെന്ന് ഗോപികമാർ പറയുന്നു. കൃഷ്ണസാമീപ്യം അവരെ മുക്തിപദത്തിലേക്കു നയിക്കുന്നു.

''ചേലകളല്ലാ വാരിയെടുക്കുക
ഞങ്ങടെ ചേതനപാടേ''

എന്ന് ഗോപികമാർ പറയുമ്പോൾ തെളിയുന്നത് പരമാത്മാവിനോട് വിധേയമായി നിൽക്കുന്ന ജീവാത്മാവിന്റെ ചിത്രമാണ്. ചേലയില്ലാതെ ''വാരിയെടുക്കുക. ഞങ്ങടെ ചേതന പാടേ'' എന്നു പ്രാർത്ഥിച്ചു നിൽക്കുന്ന ഗോപികമാർക്ക് ദ്വന്ദ്വാവബോധത്തിന്റെ ലക്ഷണമായ ലജ്ജാദികളിൽ നിന്ന് മോചനം ലഭിച്ചിരിക്കുന്നു. അഹംബോധത്തേയും ദ്വന്ദ്വബോധത്തേയും ജയിക്കലാണ് ശരിയായ മോചനമെന്ന ദാർശനികസങ്കല്പം ഈ ദ്വന്ദ്വസല്ലയനത്തിന്റെ അടിത്തറയിൽ നിൽക്കുന്നു. രാസക്രീഡയിലെ കൃഷ്ണനും ഗോപികയും ചേർന്ന ജോഡി അബോധചേതസ്സിന്റെ നിർദ്വന്ദ്വാവസ്ഥയിലേക്ക് തിരിച്ചുപോകാനുള്ള അന്തസ്ത്വരയുടെ ബാഹ്യാവിഷ്കാരമായി കാണേിയിരിക്കുന്നു.

### വൈലോപ്പിള്ളി ശ്രീധരമേനോൻ

ദുഃശാഠ്യക്കാരനായ ദുർവ്വാസാവു മഹർഷി ദ്വാരകയിൽ താമസിച്ചതും പായസമാവശ്യപ്പെട്ടതുമായ പുരാണകഥയാണ് ''കൃഷ്ണനും ദുർവ്വാസാവും'' എന്ന കവിതയ്ക്കാധാരം. കൃഷ്ണന്റെ ക്ഷമാശീലവും ഔന്നത്യവും ആവിഷ്ക്കരിക്കാൻ കവി സ്വീകരിയ്ക്കുന്ന മാർഗ്ഗമാണിത്. കവിതയ്ക്കടിക്കുറിപ്പായി കവി ഇങ്ങനെ എഴുതിയിരിയ്ക്കുന്നു. ''ഒരു തേജസ്വിയുടെ തോന്ന്യാസവും ഒരു മഹാപുരുഷന്റെ ക്ഷമയും തമ്മിലുള്ള മത്സരം ശ്രദ്ധേയമായിത്തോന്നിയതിനാൽ ഇതെഴുതി''.[10]

[10] ശ്രീധരമേനോൻ വൈലോപ്പിള്ളി - സമ്പൂർണ്ണകൃതികൾ (തൃശ്ശൂർ കറന്റ് ബുക്സ്, 2001), പുറം. 875.

രക്ഷകപ്രരൂപത്തിന്റെ കാവ്യാത്മകമായ ഉന്മീലനമാണ് ''കൃഷ്ണാഷ്ടമി'' എന്ന കവിത. അലഞ്ഞു നടന്നിരുന്ന ഒരുകൂട്ടമാളുകൾക്ക് നഗരത്തിലെ ഒരു തടവറയിൽ ഒന്നിച്ചുകൂടേിവന്നു.

''ചെറ്റും പോംവഴിയില്ലാത്തോർക്കിഹ–
കൊറ്റും പായും സൗജന്യം''

എന്നവർ ആഹ്ലാദിക്കുന്നുങ്കിലും ''സ്വാദുപെരുക്കും സ്വാതന്ത്ര്യം'' അവർക്കു നഷ്ടമായി. അങ്ങനെയിരിക്കെ കൃഷ്ണാഷ്ടമി ആഗതമായി. ഓരോരുത്തരുടേയും മനസ്സുകൾ ജന്മനാട്ടിലെ കൃഷ്ണാഷ്ടമി ആഘോഷങ്ങൾ ഓർത്തു. ജയിലറയിൽ അവർ കൃഷ്ണാഷ്ടമി കൊാടി. ഓരോ വീട്ടിലും പിറന്ന മേഘശ്യാമളരൂപൻ തടവറയിലും പിറന്നു. ''താമരക്കണ്ണനെത്താരാട്ടാൻ'' അവർ യശോദ പാടിയ പാട്ടുകൾ പ ാടി.

''വിശ്വപിതാവാം നീയീ ഞങ്ങടെ
കൊച്ചുകിടാവായ് വന്നല്ലോ''

എന്ന് ആഹ്ലാദനൃത്തമാടി. കൃഷ്ണന്റെ കാരുണ്യം അവർക്കു പുണ്യമായി. ഉള്ളിൽ നിറഞ്ഞ വാത്സല്യം മുഴുവൻ കൃഷ്ണനിലേക്കൊഴുകി. നഗരത്തിന്റെ നാനാതുറകളിൽ നിന്നുവന്ന കുറ്റവാളികൾ കണ്ണനുമുന്നിൽ ഏകമനസ്സോടെ രാപ്പകൽ കീർത്തനങ്ങളാലപിച്ചു. തടവറ വൃന്ദാവനവും തടവുകാർ കണ്ണന്റെ കൂട്ടുകാരുമായി. ദിവസങ്ങൾക്കുശേഷം തടവറയിൽ നിന്നു വിട്ടയച്ചപ്പോൾ സന്തോഷത്തേക്കാൾ

''നീണാൾ ഞങ്ങൾ തുറുങ്കിൽ പോറ്റിയ
നീലസ്വപ്നമുടഞ്ഞേ പോയ്''

എന്നായിരുന്നു അവരുടെ സങ്കടം

ഇതൊരാളുടെ മാത്രം കഥയല്ലെന്നു പറഞ്ഞ് കവി കവിതയെ സാമാന്യവത്ക്കരിക്കുന്നു. ഈ നാടിന്റെ ചേതനയിൽ ഒരു മായാബാലനു്. ആക്രമണങ്ങളും പോരും പഞ്ഞവും തീക്കനലുതിർത്താലും ആ സങ്കല്പം ഒരു നിറവായി മാറുന്നു. മായാബാലനു വേി മയിലുകൾ പീലി വഹിക്കുന്നു. വനമാലചാർത്താൻ കാടു പൂക്കുന്നു. കുഴലൂതാൻ ഓടപ്പുല്ലുകൾ വളരുന്നു. സന്ധ്യകൾ ഉടയാടകളിൽ മഞ്ഞൾ പിഴിയുന്നു.[11]

''ഉള്ളിലുമങ്കതലത്തിലുമങ്ങനെ
ഉണ്ണിയിരുന്നു ചിരിക്കുമ്പോൾ
..........................................................
അമ്മയ്ക്കെന്തിനു സന്താപം? ഹാ!
നമ്മൾക്കെന്തിനു സന്താപം''

എന്നിങ്ങനെ ഒരു ജനത മുഴുവൻ മായാബാലനിൽ അഥവാ ശിശുഭാവത്തിലുള്ള രക്ഷകപ്രരൂപത്തിൽ സാന്ത്വനം കത്തെുന്നു.

### ഒ.എൻ.വി. കുറുപ്പ്

വർത്തമാനകാലസത്യങ്ങളോടു വിഹ്വലതകളോടും കവിതയിലൂടെ പ്രതികരിച്ച കവിയാണ് ഒ.എൻ.വി.കുറുപ്പ്. ''ഇനിയുമൊരവതാരമുങ്കെിൽ'' എന്ന കവിതയിൽ കൃഷ്ണനെ പുരാണകഥാരംഗങ്ങളോടും വർത്തമാനകാല യാഥാർത്ഥ്യങ്ങളോടും ഒരേ സമയം യോജിപ്പിക്കുന്നു. മിത്തുകൾ സാഹിത്യത്തിലൂടെ സാമൂഹ്യനന്മയ്ക്കുവേി ഫലപ്രദമായി ഉപയോഗപ്പെടുത്തുന്നതിന്റെ ചിത്രം ഈ കവിതയിലു്.

''ഇനിയുമൊരവതാരമുങ്കെിൽ കൃഷ്ണ നീ
ഇടയനായ്ത്തന്നെ ജനിക്കേണം''

എന്നാണ് കവിയുടെ അഭ്യർത്ഥന. കൗരവസഭയിൽ ചൂതുകളി നടന്നതും ശകുനിമാർ ജയിച്ചതും വേട്ട പെണ്ണിനെപ്പോലും പണയം വെച്ചതും പുരാണത്തിൽ മാത്ര

[11] മായാബാലനു ചൂടാനായിഹ/മയിലുകൾ പീലി വഹിക്കുന്നു.
മാറിൽ തൂവനമാലിക ചാർത്താ/നേറിയ കാടുകൾ പൂക്കുന്നു.
ഓമൽച്ചുിനു പൊൻകുഴലൂതാ/നോടപ്പുല്ലുകൾ നീളുന്നു.
കുഞ്ഞിനുടുക്കാൻ സന്ധ്യകളാടകൾ/മഞ്ഞൾ പിഴിഞ്ഞു വിരിയ്ക്കുന്നു.

മല്ല അതു സംഭവിച്ചുകൊയേിരിയ്ക്കുന്നു. ഉടുതുണിയഴിക്കപ്പെട്ട കൃഷ്ണയുടെ കരച്ചിൽ നിലച്ചിട്ടില്ല. യുഗയുഗാന്തരങ്ങളിലൂടെ അതു തുടർന്ന് ഒരു നൂറു കൃഷ്ണമാരുടെ രോദനമായി വർത്തമാനകാലത്തിൽ മുഴങ്ങുന്നു. ''അടികൊു പുളയും കരിഞ്ചേര'' പോലായ നദികളെ കാളിയന്മാർ വിഷലിപ്തമാക്കുന്നു. ഈശ്വരന്റെ പേർചൊല്ലി സഹജീവികളെ കൊല്ലുന്നു. കൃഷ്ണന്റെ ആദ്യാവതാരമായ മത്സ്യങ്ങൾ ചത്തുപൊന്തുന്നു. കടലിന്നക്കരെ നിന്നും വന്നവർ ഇവിടുത്തെ നിധിക്ക് അവകാശം ചൊല്ലിവാങ്ങുന്നു പകരം അവരുടെ ആധികളും വ്യാധികളും ഇവിടെ ഉപേക്ഷിക്കുന്നു. ധനമോ ധാന്യമോ ചവിട്ടടിയിലെ മണ്ണുപോലുമോ, സ്വന്തമില്ലാത്തവർ നെല്ലും കല്ലും ഉമിയും ചേർന്ന തങ്ങളുടെ വാഴ്വാകുന്ന അവിൽ കൃഷ്ണനായി കാത്തുവയ്ക്കുന്നു. ഇത്തരം സന്ദർഭത്തിൽ നിരക്ഷരനിൽ ആത്മബോധത്തിന്റെ പ്രസാദം നിറച്ച് പൂന്താനത്തിന്റെ കീർത്തനങ്ങളും മേൽപ്പത്തൂരിന്റെ ശ്ലോകങ്ങളും മുഴങ്ങണം. അതിനായി കൃഷ്ണൻ ഇനിയും അവതരിക്കേിയിരിക്കുന്നു.

കവി സൂചിപ്പിക്കുന്ന ഓരോ സംഭവവും വർത്തമാനകാലത്തിന്റേതാണ്. ഭരണസിരാകേന്ദ്രങ്ങളിൽ ചൂതുകളി നടക്കുന്നു. സ്ത്രീപീഡനങ്ങൾ പത്രങ്ങളിൽ വാർത്തയല്ലാതാവുന്നു. ഫാക്ടറി മാലിന്യങ്ങളും മണലെടുപ്പും നദികളേയും അതിലെ ജീവജാലങ്ങളേയും നശിപ്പിച്ചിരിക്കുന്നു. മതതീവ്രവാദം വളരുന്നു. നമ്മുടെ സ്വന്തമായ ഓരോന്നിനും വിദേശികൾ 'പേറ്റന്റ്' എടുക്കുന്നു. മാരകവ്യാധികൾ പടരുന്നു. കിടപ്പാടങ്ങളിൽ നിന്ന് കുടിയിറക്കപ്പെട്ടവർ ആലംബമറ്റലയുന്നു. മലയാളത്തിന്റെ ധാന്യസമൃദ്ധി പുതുതലമുറ പണയം വെച്ചിരിക്കുന്നു. ഈ സന്ദിഗ്ധഘട്ടത്തിൽ കവി കാണുന്ന മോചനമാർഗ്ഗം കൃഷ്ണനാണ്. കൃഷ്ണയ്ക്കു വസ്ത്രം നൽകിയ, കാളിയനെ ദമനം ചെയ്ത, വിഷമുുമയങ്ങിയ കാലിക്കൂട്ടത്തെ പുനരുജ്ജീവിപ്പിച്ച, കാലയവനനെ കാലപുരിക്കയച്ച, കുചേലനെ കുബേരനാക്കിയ ഇടയബാലനെ കൽമണ്ഡപവും തിരുനടയും മഞ്ജുളാലും സാക്ഷിയാക്കി കവി തോറ്റിയുണർത്തുന്നു. പാഞ്ചജന്യം മുഴക്കി യുവജനതയുടെ പരന്തപശക്തിയുണർത്താൻ തന്റെ പാട്ടിന്റെ ഇളനീർ നേദിച്ച് അപേക്ഷിക്കുന്നു. കൃഷ്ണനിൽ കവി കാണുന്നത് ഒരു ജനതയുട രക്ഷകനെയാണ്.

**അയ്യപ്പപ്പണിക്കർ**

രാധാകൃഷ്ണസങ്കല്പം ഇതിവൃത്തമാക്കിയ മലയാള കവിതകളിൽ വ്യത്യസ്തമായി നിൽക്കുന്ന കവിതയാണ് അയ്യപ്പപ്പണിക്കരുടെ ഗോപികാദണ്ഡകം. ഏതാല്ലൊ കവിതകളും രാധയുടെ/ ഭക്തന്റെ ചേതനയെ ആവിഷ്ക്കരിക്കുകയും പരമാത്മാവിനെ തേടിയലയുന്ന ജീവാത്മാവിന്റെ പ്രതീകമായി വർത്തിക്കുകയും

ചെയ്യുന്നു. രാധയുടെ പൂർണ്ണത കറിഞ്ഞ, അവളുടെ സമർപ്പണം സ്വീകരിച്ച കൃഷ്ണനെയാണ് ഗോപികാദണ്ഡകത്തിൽ കാണുന്നത്. കൃഷ്ണനാണ് വക്താവ്. മലയാളത്തിലെ ഒറ്റപ്പെട്ട കവിതയാണിത്.

സുഗതകുമാരിയുടെ 'കൃഷ്ണ നീയെന്നെയറിയില്ല' എന്ന കവിതയോട് ചേർത്തു വായിക്കുമ്പോൾ ഗോപികാദണ്ഡകത്തിലെ ഭാവം പൂർണ്ണമാവുന്നു. സർവ്വസ്വവും കൃഷ്ണനു സമർപ്പിക്കുന്ന ഗോപികയെയാണ് സുഗതകുമാരി അവതരിപ്പിക്കുന്നത്. അവൾ കൃഷ്ണ നീയെന്നെയറിയില്ല എന്ന് വിലപിക്കുമ്പോൾ അവളുടെ ആത്മസമർപ്പണം അംഗീകരിക്കുന്ന കൃഷ്ണനാണ് ഗോപികാദണ്ഡകത്തിലുള്ളത്.

> ''അറിയുന്നു ഗോപികേ നിന്നെ ഞാനെന്റെയീ
> വരളുന്ന ചുിലെ നനവാർന്നൊരോർമ്മതൻ
> മധുവായി മധുരമായറിയുന്നു നിന്നെ ഞാൻ
> ഗോപികേ നിന്റെയീ ചിരകാലവിരഹത്തിരുനാളി-
> ലുറയുന്ന കനിയായി കാവ്യമായറിയുന്നു ഗോപികേ
> നിന്നെ ഞാൻ..................................................................''

എന്ന കാവ്യാരംഭം തന്നെ ഇതിനു തെളിവാണ്. അജ്ഞാതയെന്ന് സ്വയം വിശേഷിപ്പിക്കുന്ന ഗോപികയെ

> ഗോക്കളലയുന്ന വൃന്ദാവനത്തിന്റെ വൃക്ഷ-
> ത്തണൽ പറ്റിയെന്തോ കളഞ്ഞത് തേടുന്ന കാറ്റായും
> ഗതകാല വിസ്മൃതിത്തിരമാല ചാർത്തുന്നൊര-
> ഴലായ് അഴൽ ചേർന്നൊരഴകായ്...

കൃഷ്ണൻ തിരിച്ചറിയുകയും ആശ്വസിപ്പിക്കുകയും ചെയ്യുന്നു. രാധയിലെ കാല്പനികഹൃദയത്തിന്റെ വിഹ്വലതകളും ചാരുതയും കവി ഹൃദ്യമായാവിഷ്ക്കരിക്കുന്നു. മറ്റു ഗോപികമാരോടൊപ്പം പ്രണയപരവശയായി നിന്റെ മുന്നിൽ ഞാനൊരു നാളുമെത്തിയിട്ടില്ലെന്ന് ഗോപിക പലതവണ ആവർത്തിക്കുന്നു്. അവൾ പരിദേവനങ്ങളില്ലാതെ സ്നേഹത്തിന്റെ നിറവാർന്ന മനസ്സുമായി തഴുതിട്ട കതകിന്റെ പിന്നിൽ തളർന്നിരുന്ന് തന്റെ ആത്മാവുപോലും കൃഷ്ണനു സമർപ്പിക്കുകയായിരുന്നു. അത്തരം ഓരോ സന്ദർഭത്തിലും കൃഷ്ണൻ ഗോപികയുടെ സാന്നിദ്ധ്യമറിഞ്ഞിരുന്നുവെന്ന് ഗോപികാദണ്ഡകം വ്യക്തമാക്കുന്നു. മാത്രമല്ല

> തളകെട്ടി വളയിട്ടു താളം ചവിട്ടി-

ത്തളിരൊത്ത പാവാട വട്ടം ചുഴറ്റീ
പ്പദപാതമേളം മയക്കും നികുഞ്ജങ്ങ-
ളവിടെത്ര ഗോപിമാർ അവിടെ നീ-
പോകേ, തവരുടെമാർഗമെന്നറിയൂ
നിനക്കു നിൻ മാർഗം വിഭിന്നമാ-
ണതു ഞാനറിഞ്ഞെന്നു മറിയൂ

എന്നിങ്ങനെ അവളെ സാന്ത്വനിപ്പിക്കാനും കൃഷ്ണൻ മറക്കുന്നില്ല. ''കൃഷ്ണ നീയറിയുമോ എന്നെ'' എന്ന് ആശ്ചര്യപ്പെടുന്ന ഗോപികയോട് ''ഇത് പൂർവ്വനിശ്ചിതം അമ്പാടിയും പുല്ലും പശുവും നിലാവും രാസകേളിയും കാളിയമർദ്ദനവും എല്ലാം പോയ് മറഞ്ഞു,

''ഇന്നവയോർമ്മ മാത്രമെ-
ന്നറിയുന്നു ഞാൻ, ഇനി പിരിയേ കാലത്തു
പിരിയുന്നതും വേതറിയുന്നു ഗോപികേ''

എന്നു പറയുകയും മുന്നിലുള്ള കർത്തവ്യവ്യഗ്രതയുടെ നാളുകളെപ്പറ്റി പറഞ്ഞ് ഒടുവിൽ ഈ ഗ്രാമാന്തരാളത്തിലലയാനാണ് എനിക്ക് മോഹം എന്ന് കൂട്ടിച്ചേർക്കുകയും ചെയ്യുന്നു.

''അറിയുന്നു നിന്നെ ഞാൻ ഗോപികേ നീ നിന്നെ
യറിയുന്നതേക്കാളുമധികമായ്''
''ഗോപികേ നീയില്ലയെങ്കിൽ നിൻ വ്രതഭക്തി-
യില്ലെങ്കിൽ ഈ ശ്യാമകൃഷ്ണൻ വെറും കരിക്കട്ട-
യെന്നറിയുന്നു ഞാൻ''

തുടങ്ങിയ വരികൾ ഇടയപ്പെണ്ണിന്റെ ആത്മനിവേദനം പൂർണ്ണമായും സ്വീകരിക്കുന്ന കൃഷ്ണനെ കാണിക്കുന്നവയാണ്. രാധയുടെ പ്രണയഭാവമാണ് കൃഷ്ണന്റെ ചൈതന്യം എന്ന നിലയിലേക്ക് കവിത എത്തിച്ചേരുന്നു. ഭൂമിയിലെ ജീവൻ അവസാനിക്കുമ്പോഴും, ഏരകപ്പുല്ല് നെഞ്ചത്ത് തറയുമ്പോഴും, എല്ലാ ലീലകളും മതിയാക്കി താൻ മറയുമ്പോഴും, രാസകേളികളും രാസമണ്ഡപവും നിശ്ചലമാവുമ്പോഴും,

''നീു നിൽക്കാം പ്രിയേ ചാരുശീലേ നിന്റെ
മുഴുവനാകാത്ത പ്രണയഗീതത്തിന്റെ മുറിവേറ്റ
പല്ലവി...''

എന്നിങ്ങനെ രാധയുടെ പ്രണയത്തിന്റെ അനശ്വരത കൂടി കൃഷ്ണൻ പ്രഖ്യാപിക്കുന്നു്.

പരമാത്മാവിനെ തേടുന്ന ജീവാത്മാവായി ഗോപികയെ ആരോപിക്കുമ്പോൾ കവിത മറ്റൊരു തലത്തിലേക്കുയരുന്നു. കൃഷ്ണൻ തപ്തമായ ജീവാത്മാവിനെ ആശ്വസിപ്പിക്കുന്ന ശ്യാമമേഘമായി മാറുന്നു.

''ധരയായ് ധാത്രിയായ് മർത്ത്യരെല്ലാവരു-
മവസാനമണയേ സത്രമായ് സ്തോത്രമായ്
അറിയുന്നു നിന്നെ ഞാൻ ഗോപികേ''

എന്ന വരികൾ ഇതിനു തെളിവായെടുക്കാം. കൃഷ്ണനെന്ന ആദിപ്രരൂപത്തിന്റെ വിവിധതലങ്ങൾ ഗോപികാദണ്ഡകത്തിൽ സ്വീകരിച്ചിട്ടു്. ഗോപികയുടെ സാന്നിദ്ധ്യമില്ലെങ്കിൽ കൃഷ്ണനൊരു കരിക്കട്ട മാത്രം എന്നിടത്തോളം എത്തുന്ന വരികൾ ഉദാഹരണം. ബിംബസന്നിവേശത്തിന്റെയും ആദിപ്രരൂപസംവിധാനത്തിന്റെയും വെളിച്ചത്തിൽ കവിത കൂടുതൽ അപഗ്രഥിക്കപ്പെടേതാണ്.

**എൻ. എൻ. കക്കാട്**

കിങ്ങിണികെട്ടി ചിലങ്ക ചാർത്തിയ പുത്രനിൽ തന്റെ ബാല്യം കാണുകയാണു കവി. പൂമുഖവാതിൽപ്പടികയറി ഇടനാഴികയിലൂടെ ബാല്യം മുറ്റത്തെത്തി നടന്നു മറയുന്നത് നോക്കിനിൽക്കേവരുന്നു. ആ ബാല്യത്തിന്റെ ഓർമ്മകൾ വാതിൽപ്പടിയുടെ താഴെ നിന്നൊരു പീലിക്കണ്ണു കത്തെുന്നു. മനസ്സ് വീുമലയവേ തട്ടിമറിഞ്ഞ ചിരട്ടകളും മണിമാങ്ങകളും കുന്നിക്കുരുവും കാണുന്നു. അതിനരികിലെത്തുമ്പോൾ മഞ്ഞപ്പട്ടും പീലിയും കാണുന്നു്. വീുമലച്ചിൽ തുടരവേ കാലികളുടെ ശബ്ദവും മുരളീഗീതവും കേട്ടു. എന്നിട്ടും ദർശനം കിട്ടിയില്ല. വിളിച്ചുകേണപ്പോൾ ഒരു ശബ്ദം മാത്രം കേട്ടു.

''കാണണമെന്നാൽ പൂണണമെന്നാൽ
അണയുകനന്തൻകാട്ടിൽ''

നടക്കാനാവാതെ തളർന്നുവീണവനെ അമൃതകുംഭവുമായൊരുവൾ വിളിച്ചുണർത്തി. പിന്നീട് അവളെ പരിഗ്രഹിച്ച് അവളോടൊപ്പമായി സഞ്ചാരം. ഇടയിലെപ്പോഴോ ഒരു പർണ്ണാശ്രമത്തിലെത്തി. അവിടെ പിതൃദേവതകളെ പൂജിച്ചു കഴിഞ്ഞുവന്നു. അതിനിടയിലെപ്പോഴോ കിങ്ങിണികെട്ടിയ ബാല്യം വീും പ്രത്യക്ഷപ്പെട്ടു. അതിനെ കോരിയെടുത്തണച്ച് ജാതകർമ്മങ്ങൾ ചെയ്തു. അവനെ മടിയിലിരുത്തി ആശ്ലേഷിക്കവേ നിറഞ്ഞ കണ്ണുകളോടെ സഖി നോക്കിനിന്നു.

മഞ്ഞപ്പട്ടും പീലിയും കുഴലും ധരിച്ച കണ്ണനുണ്ണിയെ മകനായി അല്ലെങ്കിൽ മകനെ മഞ്ഞപ്പട്ടും പീലിയും ധരിച്ച കണ്ണനുണ്ണിയായി സാക്ഷാത്കരിക്കുന്നതിന്റെ ചിത്രം കവിതയിലു്. ശൈശവം മുതൽ കൗമാരം വരെയുള്ള കാലം ആവിഷ്ക്കരിക്കുന്നിടത്ത് കൃഷ്ണത്വാരോപം കാണുന്നു. ബിംബകല്പനകളിലൂടെയാണ് കാവ്യം സംവദിക്കുന്നത്. ബാല്യം, കൗമാരം, യൗവ്വനം, പുത്രലബ്ധി ഇവയെല്ലാം സൂചകങ്ങളുപയോഗിച്ച് വെളിപ്പെടുത്തുന്നു.

ഗാർഹസ്ഥ്യത്തിന്റെ തലം സൂക്ഷ്മമായി കാണിക്കുന്നു് കവി. ജാതകർമ്മം[12], വിവാഹമന്ത്രം[13] തുടങ്ങിയവയുടെ പരാമർശമു്. നിത്യശിശുവായ ഉണ്ണിക്കണ്ണനെയാണാദ്യം കാണിക്കുന്നത്. പിന്നെ തമാലവൃക്ഷച്ഛായയിൽ ഊർന്നുകിടക്കുന്ന മഞ്ഞപ്പട്ടും കാലിക്കോലും കുഴലും കാണിക്കുന്നയിടത്ത് ഗീതഗോവിന്ദത്തിലെ രാസലോലനായ കൃഷ്ണനെ കാണാം. ഇപ്രകാരം കൗമാരഘട്ടത്തിനുശേഷം പൂമകളെ പരിഗ്രഹിക്കുന്നരംഗമാണ്. ''ഇമാം ഗൃഹ്ണീഷ്വ'' എന്ന ആഹ്വാനം കേട്ട് ''പൂമകളുടെ കൈപ്പൂമൊട്ടു'' പിടിക്കുന്നിടത്ത് പൂമകൾകാന്തനായ കൃഷ്ണൻ തന്നെയാണ് പ്രത്യക്ഷനാവുന്നത്. ദാമ്പത്യത്തിൽ ഉച്ഛൃംഖലമായ കാമം മാത്രമല്ല ധർമ്മങ്ങളും മൂല്യങ്ങളുമു്. ഇവയെല്ലാം യഥാവിധി ആചരിക്കുന്ന മാതൃകാദമ്പതികളാണ് പൂമകളും അവളുടെ കാന്തനും. ശേഷം 'ദിലീപനെ'ന്ന ബിംബത്തിലൂടെ പുത്രലബ്ധി സൂചിപ്പിക്കുന്നു. ഈ പുത്രൻ പീലി ചൂടിയ ശ്യാമബാലൻ തന്നെയാകുന്നു. മകനെ മടിയിലിരുത്തിയ അച്ഛനും അച്ഛന്റെ ചാരെനിൽക്കുന്ന അമ്മയും! കവിയുടെ ഗൃഹസ്ഥാശ്രമ സങ്കല്പത്തിന്റെ പൂർണ്ണത തീർത്ഥാടനത്തിലു്.

'ദിവ്യശിശു'വെന്ന ആദിപ്രരൂപത്തിന്റെ ഭിന്നഭിന്നാവിഷ്ക്കാരങ്ങളാണ് ഇതിലുള്ളത്. സ്വന്തം ബാല്യത്തെ പുത്രനിലൂടെ വീും സാക്ഷാത്കരിക്കുന്നു. ഒരു സംസ്ക്കാരത്തിന്റെ ധർമ്മങ്ങളെയും മൂല്യങ്ങളെയും അന്വേഷിക്കുന്നതാണ് ഈ കവിത. ''പരമമൂല്യത്തിന്റെ ചിരന്തന പ്രതീകമാണ് പീലിക്കൊത്തു ചാർത്തിയ ആ സൗന്ദര്യധാമം. അന്വേഷിച്ചലയുന്ന അകൃതാർത്ഥന്റേയും ഒടുവിൽ കത്തെുന്ന ചരിതാർത്ഥന്റെയും പ്രതീകമാണ് വില്വമംഗലം. കകാകീർണ്ണമായ ജീവിതപഥങ്ങളാണ് അനന്തൻകാട്. വില്വമംഗലത്തിന്റെ മുന്നിൽ പ്രത്യക്ഷപ്പെടുന്ന മംഗലദേവത, പുരുഷന് ആലംബവും കുളിരും അമൃതത്വവും നൽകുന്ന സഖിയാണ്. അങ്ങനെ വിവാഹമന്ത്രവും ഇതിൽ മുഴങ്ങുന്നു. പരസ്പരം കൈപിടിച്ചുകൊുള്ള ജീവിതയാത്രയിൽ ആശ്രമങ്ങളും തപസ്സുകളും അനുഷ്ഠാനങ്ങളും കടന്നുവരുന്നു്. ഒടുവിൽ പീലി ചാർത്തിയ സൗന്ദര്യത്തെ അവർ ഗാർഹസ്ഥ്യത്തിലൂടെ സാക്ഷാത്ക്കരിക്കുന്നു. അന്വേഷണത്തിന്റെ പ്രതീകമായ വില്വമംഗലവും പരമാനന്ദസാക്ഷാത്കാരത്തിന്റെ ചിരന്തനപ്രതീകമായ പുത്രനും ഒത്തുചേരുന്നു. സ്വന്തം ഉണ്ണിയേയും ശാശ്വതനായ കണ്ണനുണ്ണിയെയും സാക്ഷാത്കരിക്കുന്നു.''[14]

---

12 ആത്മാ വൈ പുത്രനാമാസി
സ ജീവ ശരദശ്ശതം.

13 സുഭഗേ നിന്നെ വരിപ്പേൻ പതി ഞാൻ
വൃദ്ധന്നൂന്നും വടിപോലെനിയ്ക്കു താങ്ങാക.

14 അവലംബം: കവിതാസാഹിത്യചരിത്രം. ഡോ. എം. ലീലാവതി.

കക്കാടിന്റെ പല കവിതകളിലും കൃഷ്ണസങ്കല്പം കാണുന്നു്. മറ്റു കവികളിൽനിന്ന് വ്യത്യസ്തമാണ് കക്കാടിന്റെ ശ്രീകൃഷ്ണസങ്കല്പം. ഈ വ്യത്യസ്തത കൂടുതൽ അപഗ്രഥിക്കേതാണ്.

## യൂസഫലി കേച്ചേരി

മതവിശ്വാസവും ജാതിചിന്തയും പ്രധാന ഘടകങ്ങളായി മാറുന്ന ഇന്നത്തെ സാമൂഹികാവസ്ഥയിൽ ആന്തരമായ മാനവാത്മൈക്യത്തെ കത്തൊനുള്ള അന്വേഷണമാണ് യൂസഫലി കേച്ചേരിയുടെ കവിതകൾ. ലോകപ്രിയതമനായ ശ്രീകൃഷ്ണനെ കവി വ്യത്യസ്ത ഭാവതലങ്ങളിൽ ആവിഷ്ക്കരിക്കുന്നു. ''യൂസഫലിയുടെ ശ്യാമമൂർത്തി ചിത്രണത്തിൽ ഭാരതത്തിലെ അമരവൈഷ്ണവപ്രതിഭകളായ ജയദേവൻ, വില്വമംഗലം, മേല്പ്പത്തൂർ മുതലായ കവികളുടെ കടാക്ഷകാമനീയകവും സംസ്കാര പ്രാണനായ ഒരു ആധുനിക ഭാരതീയ കവിയുടെ ഉദ്ബുദ്ധ ദർശനവും ശോണശോഭ ചാർത്തി നില്ക്കുന്നു.''[15] രാധാകൃഷ്ണപ്രേമവും അതിനാലുദ്ദീപ്തമാവുന്ന ഭക്തിയും ഭാരതീയ ജനതയ്ക്കു പ്രചോദനമായി വർത്തിക്കുന്നുവെന്നു കവി വിശ്വസിക്കുന്നു.

> ''പിറക്കെത്താൻ ഖലോന്മാദം
> പിളർത്തിന കരച്ചിലാൽ
> തുറുങ്കിലാദ്യസ്വാതന്ത്ര്യ
> തൂര്യഘോഷമുയർത്തിയോൻ''

എന്ന് കൃഷ്ണന്റെ കാരാഗൃഹത്തിലെ പിറവിയിൽ ആദ്യ സ്വാതന്ത്ര്യഘോഷവും

> ''അതിവൃഷ്ടി വിറപ്പിച്ചോ-
> രായർ വംശത്തിനാകവേ
> അചലം സ്വമനോവീര്യ-
> മലംഘ്യച്ഛത്രമാക്കിയോൻ''

എന്ന് ഗോവർദ്ധനോദ്ധാരണത്തിൽ മനോവീര്യച്ഛത്രവും

> വിഷകാലുഷ്യമാർന്നോരീ
> വിക്ഷുബ്ധഹൃദയഹ്രദം
> നൃത്തമണ്ഡപമാക്കിത്താൻ
> നിത്യസംശുദ്ധമാക്കിയോൻ

എന്ന് കാളിന്ദിയിൽ മനുഷ്യന്റെ വിക്ഷുബ്ധ ഹൃദയവും

---

15 സുകുമാർ അഴീക്കോട്, അവതാരിക, ആയിരം നാവുള്ള മൗനം (കവിതാസർവ്വസ്വം, യൂസഫലി കേച്ചേരി), കോഴിക്കോട്: പൂർണ പബ്ലിക്കേഷൻസ്).

''കണ്ണനെത്തുകയാൻ പൂത്തു
കാടും ചൈത്രം വരാതെ താൻ
തമാലം താലമായ് മുറ്റും
താളമുൾത്തുടിമേളവും''

എന്ന് കൃഷ്ണനിൽ മോഹനമായ മറ്റൊരു ചൈത്രവും

''വിളങ്ങുമിതരാംഗങ്ങൾ
വിട്ടാക്കൺകളിലച്യുതൻ
തന്റെയാദ്യാവതാരത്തിൻ
താരള്യം കു നിന്നുപോയ്''

എന്ന് രാധയുടെ കണ്ണുകളിൽ കൃഷ്ണാവതാരത്തിന്റെ മഹിമയും മത്സ്യാവതാരത്തിന്റെ ചാരുതയും കത്തൊൻ കവി പ്രതിഭയ്ക്കു കഴിയുന്നു.

ക്ഷേത്രത്തിൽ പ്രവേശിച്ച് വിഗ്രഹം കുതൊഴാനാകാതെ പടിവാതിലിൽ തടയപ്പെട്ട ഭക്തന്റെ ആത്മവിലാപമാണ് ''അഹൈന്ദവം'' എന്ന കവിത. ശ്രീകൃഷ്ണഭക്തിയാൽ ഭാസുരമായ ഈ കവിത കപടഭക്തന്മാർക്കെതിരെയുള്ള ധാർമ്മികരോഷവും ഉൾക്കൊള്ളുന്നു. തനിക്കു മുന്നിലടഞ്ഞ വാതിൽക്കൽ വിഷണ്ണനായി നിന്ന ഭക്തനു മുന്നിൽ ഭഗവാൻ പ്രത്യക്ഷപ്പെടുകയും ദിവ്യരൂപം കാണിക്കുകയും ചെയ്യുന്നു.

കൻേ മേചകമേഘകാന്തികലരും
മെയ്യും നറും തേനണി–
ച്ചെന്തേും ചൊടിയും തുടുത്ത കവിളും
വില്ലൊത്ത വാർച്ചില്ലിയും
ചുകേും മണിചുംബനക്കൊതിയെഴും
പൊൻവേണുവും കൗസ്തുഭം
പൂറേപ്പരിശോഭ ചേർന്നു വിലസും
നെഞ്ചും മുടിപ്പീലിയും...

എന്നിങ്ങനെ ആശ്രിതഹൃദയജ്ഞനായ ദേവന്റെ രൂപം അതിമനോഹരമാണ്. ഭക്തൻ, വിളങ്ങുന്ന മഹാജ്യോതിസ്സിനെ നമിച്ച് അപദാനങ്ങൾ വാഴ്ത്തുകയും തൃക്കണ്ണിൽ തെളിഞ്ഞ വേദങ്ങളും പൂജാഗ്രന്ഥങ്ങളും ക് വണങ്ങുകയും ചെയ്യു

ന്നു.[16] ഈശ്വരനിൽ ആത്മസമർപ്പണം നടത്തുന്ന കവി കൃഷ്ണാപദാനങ്ങൾ വാഴ്ത്തുന്നത് വിപരീതഭക്തിയിലൂടെയാണ്.[17]

ആർഷ ചിന്തകളുടെ അനന്വയതയാണ് 'ബ്രഹ്മരാഗം' എന്ന കവിതയുടെ ഇതിവൃത്തം.

യമുനേ പാടുപാടു നീ
യാദവ സ്മൃതി ഗീതികൾ
മനസ്സിൽ വെണ്ണ മോഷ്ടിക്കും
മണിവർണ്ണന്റെ കേളികൾ

എന്നിങ്ങനെ കൃഷ്ണസ്മൃതിയും സ്തുതിയുമാണ് കവിത. രാധാകൃഷ്ണ പ്രണയവും ഇതിൽ കടന്നുവരുന്നു്. തന്റെയരികിലെത്തിയ പ്രജകളുടെ കൂട്ടത്തിലില്ലാത്ത ആരെയോ തേടുകയാണ് കണ്ണൻ. കവിയ്ക്കതറിയാമെന്ന് ഈ വരികൾ വ്യക്തമാക്കുന്നു.

''അറിവേൻ തിരുവുള്ളത്തി-
ലാവസിക്കുന്ന ധന്യയെ
വിറകായ് വിരഹത്തീയിൽ
വീണൊരാ വരതന്വിയെ
അവളില്ലങ്ങയില്ലെങ്കി-
ലവളില്ലാതെയങ്ങയും

അവളെ വിളിക്കാനായി മുരളിയിലൊരു ഗാനമുയർത്താൻ കവി പറയുന്നു. രാധയെക്കുറിച്ചുള്ള കവിസങ്കല്പം ശ്രദ്ധേയമാണ്.

''നീരറ്റ കുടമൊക്കത്തും
നീർക്കുടം നീ കണ്ണിലും

---

16 വേദത്തിന്നുപശാന്തിയായ് പതറിടും
പാന്ഥന്നു സൻമാർഗ്ഗമായ്
വേദത്തിൻ പൊരുളായ് തമസ്സിന്നൊളിയായ്
വ്യാധിക്കു ഭൈഷജ്യമായ്
നാദ ബ്രഹ്മസരസ്സിലെ പ്രണവമാം
നാളികയായ് ശാശ്വതാ
മോദത്തിന്നുറവായ് വിളങ്ങുമമല
ജ്യോതിസ്സിനെ കു ഞാൻ.

17 ചോരൻ താൻ ശരണാഗതാർദ്രഹൃദയ/ത്തൂവെണ്ണ മോഷ്ടിച്ച നീ
മാരൻ താൻ മറതേടുവാൻ കമനിയിൽ/ കാമം തഴപ്പിച്ച നീ
ക്രൂരൻ താൻ കനിവാൽ നൃശംസനിരയെ/ ദ്ധ്വംസിച്ച നീ വിക്രമോ-
ദാരൻ താൻ കുനിയുന്ന ധർമ്മവധുവെ/ ത്താങ്ങേകി രക്ഷിച്ച നീ.

നിന്നു പോലീവിധം നിന്റെ
നിത്യാരാധിക രാധിക''
''ഉയിർ നീയാകയാൽ മാത്രം
ഉടൽ പേറുന്ന രാധിക''
''ശശാങ്കശകലം പോലെ
ശതരത്തടിനി പോലവേ
കടഞ്ഞ മണി പോലെയും
കാർശ്യത്താലഴകേറിയോൾ''

തുടങ്ങിയ വരികൾ ഉദാഹരണം.

വർത്തമാനകാല യാഥാർത്ഥ്യങ്ങൾ കവിമനസ്സിലുയർത്തുന്ന ചോദ്യങ്ങളാണ് 'കൃഷ്ണാ നീയെവിടെ' എന്ന കവിത. ദുഷ്ടനിഗ്രഹത്തിനും ധർമ്മസംസ്ഥാപനത്തിനുമാണ് കൃഷ്ണൻ ഭൂമിയിൽ വന്നു പറന്നത്. ഇന്ന് സമൂഹം വല്ലാതെ ദുഷിച്ചുപോയിരിക്കുന്നു. ''അധർമ്മവും ദുഷ്ടബുദ്ധികളും തിമർത്താടുന്ന ഈ മണ്ണിലെന്തേ നീയവതരിക്കാത്തത്?'' എന്നാണ് കവിയുടെ ചോദ്യം. ദ്രുപതസുത വിളിക്കേ വസ്ത്രവുമായണഞ്ഞ നീ ഇപ്പോഴെന്തേ ദ്രൗപതിമാരുടെ വിളി കേൾക്കാത്തത്? യമുനയിൽ വിഷം നിറയുമ്പോഴും ക്ഷിതിയിൽ ധർമ്മക്ഷതി നടമാടുമ്പോഴും നീയെന്തേ വരാഞ്ഞത്? എന്നിങ്ങനെയുള്ള ചോദ്യങ്ങൾക്ക്

''ഗതിയിവന്നറിവായി ശുദ്ധഭക്തി-
ത്തിരിമറവായി തമസ്സു മൂടിയെങ്ങും
ഭരിതവിഷ ഹൃദന്തനെങ്ങുകാണാ-
നരിയ ഗുണാപ്തനിലുള്ള നിന്നെ കൃഷ്ണ''

എന്ന് സ്വയം ഉത്തരവും കത്തെുന്നു.

ഓർമ്മയ്ക്കു താലോലിയ്ക്കാൻ എന്ന കവിതയിൽ വർത്തമാനകാല ജീവിതത്തേയും കൃഷ്ണനേയും തമ്മിൽ ബന്ധിപ്പിക്കുന്നു. തീരെ നിസ്സാരനായ-അന്യജാതിക്കാരനായ എന്നു കൂടി വിവക്ഷയു്- തന്നോട് കൃഷ്ണൻ കാണിക്കുന്ന കരുണയുടെ മുന്നിൽ കവി വിനീതനാവുന്നു. അസ്വാതന്ത്ര്യക്കൂട്ടിലെ കിളിയാണെങ്കിലും നായാടപ്പെടാൻ വിട്ട കസ്തൂരിമാനാണെങ്കിലും തന്റെ ജന്മം വിഫലമല്ല എന്നു കവി തിരിച്ചറിയുന്നു. കാരണം തന്റെ നെഞ്ചിൽ ഭഗവൽനാമങ്ങൾ മുഴങ്ങുന്നു്. ജന്മാന്തരങ്ങളിലൂടെയലഞ്ഞ് പത്മതീർത്ഥക്കരയിലെത്തി നിൽക്കുമ്പോൾ കൃഷ്ണനുമായുള്ള പൂർവ്വബന്ധത്തിന്റെ ദൃശ്യങ്ങൾ സ്മരിക്കാനാവുന്നു്. പ

ാഴ്മുളംതായ തന്റെ ജന്മത്തിൽ സചേതനമായ രാഗം ഉണർത്തിയ കൃഷ്ണനുമുന്നിൽ കവി സ്വയമർപ്പിക്കുന്നു.

തനിക്കിനിയും കത്തൊനാവാത്ത, അറിയാനാവാത്ത തേടിക്കൊയേിരിക്കുന്ന സനാതനസത്യത്തിനുമുന്നിലുള്ള സാഷ്ടാംഗനമസ്കാരമാണ് ''ശ്യാമകാരുണ്യം''.

''ഏറെസ്സൂരികൾ മെയ് വർണ്ണി–
ച്ചെഴുതാൻ തൂവൽ മുക്കിയും
നീയാം നീല മഷിപ്പാത്രം
നിത്യപൂർണ്ണം നിരത്യയ

(ബ്രഹ്മരാഗം)

എന്ന് അതിശയപ്പെട്ട കവി

''ഇനിയുമെഴുതപ്പെടാതെന്റെ പൊൻതൂവലിൻ
മുനയിൽ നുരയും ശ്യാമലാവണ്യമാണു നീ''

(ശ്യാമകാരുണ്യം)

എന്ന് തനിക്കിനിയും വരയ്ക്കാനാവാത്ത ശ്യാമരൂപത്തിനു മുന്നിൽ നമിക്കുന്നു. സകലകലകളുടേയും വിജ്ഞാനത്തിന്റേയും കാരുണ്യത്തിന്റേയും വിശ്വപ്രകൃതിയുടേയും സാകല്യമായാണ് കവി ശ്യാമരൂപനെ കാണുന്നത്.

മേൽസൂചിപ്പിച്ചവ കൂടാതെ കൃഷ്ണമേഘം, ഗുരുവായൂർ മഹാത്മ്യം, വനമാലി, ആലില, നിറന്ന പീലികൾ, സ്യമന്തകം, ഭസ്മക്കാവടി, രാധികാപഞ്ചകം തുടങ്ങി ധാരാളം കൃഷ്ണകവിതകൾ യൂസഫലി എഴുതിയിട്ടു്. അദ്ദേഹമെഴുതിയ ഭക്തിസാഹിത്യകൃതികൾ പ്രത്യേക പഠനമർഹിക്കുന്നു. വിവിധ മതവിഭാഗങ്ങളിലെ പ്രത്യേകിച്ച് ഹിന്ദുമതത്തിലേയും ഇസ്ലാംമതത്തിലേയും ദർശനങ്ങൾ അദ്ദേഹം കവിതയിലാവിഷ്ക്കരിക്കുന്നു്. ബാഹ്യമായ അന്തരങ്ങൾക്കപ്പുറത്ത് ഏകവും അദ്വൈതവുമായ സനാതന ചൈതന്യത്തെ നമിക്കുക എന്നതാണ് അദ്ദേഹത്തിന്റെ ഭക്തിയുടെ സ്വഭാവം. ജന്മസിദ്ധമായ ഇസ്ലാമിക സംസ്കാരവും ആർജിച്ചെടുത്ത വേദ, വേദാന്ത, ഹൈന്ദവ സംസ്കാരവും ചേർന്ന് അനന്യമായ ഒരു കാവ്യസംസ്കാരം രൂപം കൊള്ളുന്നു. ഈ കാവ്യ സംസ്ക്കാരത്തെക്കുറിച്ചും കൃഷ്ണകവിതകളെക്കുറിച്ചും കൂടുതൽ പഠനങ്ങൾ നടത്തേതു്.

**ചാത്തനാത്ത് അച്യുതനുണ്ണി**

പൗരാണികസങ്കല്പങ്ങൾ അവമതിക്കപ്പെടുന്നതിലുള്ള വേദന കവികൾ കവിതയിലൂടെ ആവിഷ്ക്കരിക്കുന്നു. അച്യുതനുണ്ണിയുടെ 'കൃഷ്ണലീല' എന്ന കവിതയിൽ ഇത്തരമൊരു രംഗം കത്തൊം.

മൂന്നു ഭാഗങ്ങളാണ് 'കൃഷ്ണലീല' യിലുള്ളത്. ഒന്ന് ജലകേളിയുടെ ദൃശ്യം. രാമത്തേത് നൃത്തരംഗം. മൂന്നാമത്തേത് പാൽക്കച്ചവടം.

നഗരത്തിലെ സ്വിമ്മിംഗ്പൂളിൽ 'മത്സ്യകന്യക'യുടെ ഷൂട്ടിംഗ് നടക്കുന്നു. സ്ത്രീശരീരത്തിന്റെ ഓരോ ഭാഗവും ക്യാമറകൾ ഒപ്പിയെടുക്കുന്നു. നായികാനായകന്മാരുടെ പ്രണയം വഴിയുന്ന പാട്ടുസീൻ കാണാൻ കാണികൾ ഏറെ കൂടിയിട്ടു്. ഒരാൾ മാത്രം പൂമരക്കൊമ്പിൽ മൂകനായ് ചാരിയിരിക്കുന്നു. അയാൾക്ക് പീലിയും മഞ്ഞപ്പട്ടും വേണുവും കാർവർണ്ണവും കൈയിലൊരു കാലിക്കോലുമു്.

കായൽക്കരയിലെ ഹോട്ടലാകുന്ന ഏഴാംമാളിക മുകളിൽ രാസമണ്ഡപമൊരുങ്ങിയിരിക്കുന്നു. ഓർക്കസ്ട്രയുടെ നാദം ഉന്മാദമായൊഴുകുന്നു. കൃത്രിമ വിദ്യുല്ലതകളുടെ പ്രകാശത്തിൽ അർധനഗ്നകളായ 'മിനിസ്കർട്ടുധാരി'കളുടെ കാലുകളും അരക്കെട്ടുമനങ്ങുന്നു. ലഹരിപാനീയങ്ങളും സംഗീതവും നുരയുമ്പോൾ വേദിയിൽ സുന്ദരികളും സുന്ദരന്മാരും മാറിമാറിവരുന്നു. നർത്തനം മുറുകുമ്പോൾ ഒരാൾ മാത്രം മൂലയിൽ തലതാഴ്ത്തിയിരിക്കുന്നു. അയാൾക്ക് പീലിയും മഞ്ഞപ്പട്ടും വേണുവും കാർവർണ്ണവും കൈയിലൊരു കാലിക്കോലുമു്.

ഡയറി തുറന്ന് സൈക്കിളുകളിലെ കള്ളിപ്പെട്ടിയിൽ പാൽക്കുപ്പികൾ അടുക്കുകയാണ് നമ്പൂരി. വെണ്ണയും പാലും തൈരും നിറച്ച വാനുകൾ ടൗണിൽ മുക്രയിട്ടോടുന്നു. കുപ്പിയും കൂജയും കൈയിൽ ചില്ലറയുമായി ആളുകൾ ക്യൂവിൽ നിൽക്കവേ കിട്ടിയ പണം എണ്ണിത്തിട്ടപ്പെടുത്തുകയാണുനമ്പൂരി. വെണ്ണയിൽ ചില്ലിന്റെ തരി കന്നെും പാലിൽനിന്നു പരൽമീനിനെ കിട്ടിയെന്നും അടക്കം പറയുന്ന ക്യൂവിനൊടുവിൽ ചില്ലുഗ്ലാസ്സുമായൊരാൾ നില്ക്കുന്നു. അയാൾക്ക് പീലിയും മഞ്ഞപ്പട്ടും വേണുവും കാർവർണ്ണവും കൈയിലൊരു കാലിക്കോലുമു്.

പല മാനങ്ങളുള്ള കവിതയാണിത്. നന്മയുടെ തോൽവിയും തിന്മയുടെ വിജയവും ഇതിൽ സൂചിപ്പിക്കുന്നു. വർത്തമാനകാല യാഥാർത്ഥ്യങ്ങൾ പൗരാണിക മൂല്യങ്ങളെ ഞെരിച്ചുകളയുന്ന ചിത്രവും ഇതിലു്. പുരാണസങ്കല്പങ്ങളുടെ നവീന ഭാഷ്യങ്ങളാണിവ.

ഓരോ ഖണ്ഡത്തിന്റെയും ആദ്യത്തിൽ പുരാണസന്ദർഭങ്ങളുടെ പശ്ചാത്തലം സൃഷ്ടിക്കുന്നു്. ഒന്നാം ഖണ്ഡത്തിൽ നീന്തുന്നവളെ പകൽക്കന്യകയായും

പാർക്കിനെ അവളുടെ വസ്ത്രങ്ങളായും സങ്കല്പിച്ചിരിക്കുന്നു. യമുനയിലെ ജല ക്രീഡയുടെ ചിത്രം ഉണർത്താൻ ഈ ദൃശ്യത്തിനു കഴിയുന്നു. അതേസമയം ഇത് ശരീരത്തിന്റെ ആഘോഷമാണ്. എല്ലാം അഭിനയം. ഈ ജലക്രീഡയിൽ കണ്ണനു പങ്കില്ല. വെറും കാഴ്ചക്കാരൻ മാത്രം.

രാം ഖണ്ഡത്തിനു രാസക്രീഡയുടെ പശ്ചാത്തലമൊരുക്കിയിട്ടു്. യമുനയും നിലാവുമില്ല. കൃത്രിമ ജലാശയങ്ങളും വൈദ്യുതി വെളിച്ചവും. ജോഡികൾ മാറി മാറി വരുന്നു. ഇവിടെയും കണ്ണനു പങ്കില്ല. കാഴ്ചക്കാരൻ പോലുമല്ല. തല കുമ്പിട്ടിരിക്കുന്നു.

പാലിൽ മായം കലർത്തി വിറ്റു പണക്കാരനായവനാണ് മൂന്നാം ഖണ്ഡ ത്തിലെ നമ്പൂരി. ടൗണിൽ മുക്രയിട്ടോടുന്ന സുരഭികളെല്ലാം അയാളുടേതാണ്. അമ്പിളിക്കിണ്ണം ചെരിഞ്ഞ് പാലൊഴുകുകയും വെണ്ണക്കിണ്ണം കമിഴുകയും ചെയ്യു മ്പോൾ പഴയ വെണ്ണക്കണ്ണൻ ക്യൂവിലാണ്. കയ്യിൽ ഒഴിഞ്ഞ പാത്രവുമു്.

കൃഷ്ണസങ്കല്പത്തെ ഒരു പുതിയ തലത്തിൽ പ്രതിഷ്ഠിക്കുന്നു് ഈ കവി ത. കൃഷ്ണചൈതന്യത്തിന്റെ മൂന്നു പ്രധാനഭാവങ്ങളെ ഇവിടെ പുനരാഖ്യാനം ചെയ്യുന്നു. വർത്തമാനകാലത്ത് മൂല്യങ്ങൾക്കു പ്രസക്തിയില്ലാതാവുന്നു.

ഇതിന്റെ തുടർച്ചയായി വായിക്കേ കവിതയാണ് കുചേലവൃത്തം. ചീഞ്ഞ ളിഞ്ഞ നഗരത്തിൽ ആ നഗരത്തിന്റെ പ്രതിബിംബംപോലെ ഈച്ചയും പുഴുക്കളുമ രിക്കുന്ന വ്രണവുംവെച്ച് എച്ചിലില തപ്പുകയാണ് കുചേലൻ. തലയിൽ പൊളിഞ്ഞ ഓലക്കുടത്തൊപ്പിയു്. നാലഞ്ചരിയും നെല്ലും നയാപ്പൈസയും കിഴികെട്ടി കക്ഷ ത്തിലടുക്കിയിട്ടു്. റേഡിയോ പാടുന്ന കൂറ്റൻ ദ്വാരകയ്ക്കു മുന്നിലൂടെ സതീർത്ഥ്യനെ നോക്കി നോക്കി വിപ്രൻ തെരുവിന്റെ മൂലയിലെത്തി വിശ്രമിക്കാ നൊരുങ്ങി. അതിനുമുൻപ്,

ശർക്കരക്കുഴമ്പരിമാവു ചെമ്മഷിക്കൂടും
ചേർത്തുകെട്ടിയ മഹാവ്രണമൊക്കെയും മാന്തി
പ്പൊക്കണത്തിലേയ്ക്കുന്തി വച്ചു കാലുഴിയുന്നു!

ആ സമയം അപ്പുറത്ത് സത്യഭാമയേയും കൂട്ടി ആരോ വന്നെത്തുന്നു. ഉടനെ

മൂകനായ് തലതാഴ്ത്തി മാറുന്നൂ കാലിക്കോലും
പീലിയും മഞ്ഞപ്പട്ടും വേണുവും കാർവർണ്ണവും!

രചനാകാലങ്ങൾ തമ്മിൽ മാസങ്ങളുടെ മാറ്റമുണ്ടെങ്കിലും[18] ഇതിന്റെയും അവസാനം ശ്രീകൃഷ്ണലീലയിലെ ഖണ്ഡങ്ങളുടെ അന്ത്യം പോലെയാണ്. കുചേലവൃത്തത്തെ നാലാം ഖണ്ഡമായെടുക്കാം. കുചേലനും സത്യഭാമയും കണ്ണനും വർത്തമാനകാലത്തിന്റെ പുതിയ മുഖങ്ങളാകുന്നു. പ് സതീർത്ഥ്യനായി അവിൽ കരുതിയ കുചേലന്റെ ഭാണ്ഡത്തിൽ ഇന്ന് സഹജീവികളുടെ സഹതാപം ചൂഷണം ചെയ്യാനുള്ള തട്ടിപ്പുവിദ്യയാണ്. സത്യഭാമ തെരുവിലലയുന്നു. നവയുഗപരിണാമങ്ങൾക്ക് ഒരാൾ മൂകനായ് തലതാഴ്ത്തി മാറുന്നു.

പത്തെ ദൈവികചരിതങ്ങൾക്ക് നവയുഗത്തിന്റെ പാഠഭേദങ്ങൾ ഇങ്ങനെയൊക്കെയാണെന്ന് ഈ കവിതകൾ വെളിപ്പെടുത്തുന്നു.

**പ്രഭാവർമ്മ**

പ്രത്യക്ഷത്തിൽ കൃഷ്ണകഥാകാവ്യങ്ങൾ എന്നു തോന്നാനിടയില്ലാത്ത പല കവിതകളിലും ആധുനിക കവികൾ 'കൃഷ്ണസംസ്ക്കാരം' സന്നിവേശിപ്പിക്കുന്നു. ഇവയിൽ യമുനയും വൃന്ദാവനവും കൃഷ്ണനും മുരളിയും പീലിയും പ്രതീകങ്ങളായി ഒരു ആശയതലത്തെ പ്രതിനിധാനം ചെയ്യുന്നു.

പ്രഭാവർമ്മയുടെ പത്രലേഖകന്റെ ഡയറി, യമുനയ്ക്കൊരു കണ്ണീർപ്പാട്ട് തുടങ്ങിയ കവിതകളിൽ കൃഷ്ണസങ്കല്പം ഒരു ആശയതലമായി കടന്നുവരുന്നു്. അശാന്തമായ കാലഘട്ടത്തിന്റെ ആന്തരവൈരുദ്ധ്യങ്ങളെ നാടകീയവും ഭാവാത്മകവുമായി പ്രതിപാദിക്കുന്നവയാണ് അദ്ദേഹത്തിന്റെ കവിതകൾ.

വർത്തമാനകാലത്തിന്റെ ഇരമ്പിയാർക്കുന്ന തീവി ''ശ്രീകൃഷ്ണകഥകളുടെ സൗരഭ്യമുതിരുന്ന മഥുരയിൽ'' നിർത്തുന്നു. നെറുകയിൽ മയിൽപ്പീലിയില്ലാതെ മെയ്യിൽ നിചോളമില്ലാതെ കാലിൽ ചിലങ്കയില്ലാതെ കങ്കണമില്ലാതെ കവിയുടെ മുന്നിൽ വന്നെത്തിയ ബാലൻ കയ്യിലെ മുളന്തിനാലും മഥുരയായതിനാലും കൃഷ്ണനെ ഓർമ്മിപ്പിക്കുന്നു. അഷ്ടിക്കു വകതേടിയെത്തിയ ബാലൻ കൈയിൽ നാലഞ്ചു തുട്ടുകളുമായി ഇറങ്ങാൻ തുനിയവേ അടിതെറ്റുന്നു.

> ''ഒരു കൈക്കുടന്നച്ചുടുചോരയും
> നെടുകെപ്പിളർന്ന കളമുരളിയും''

ബാക്കിയായി.

[18] ശ്രീകൃഷ്ണലീല 15.8.68. കുചേലവൃത്തം 27.10.68.

കൃഷ്ണൻ ജനിച്ച മണ്ണിൽ ജീവിക്കുന്ന കുട്ടിയ്ക്ക് ഉപജീവനാർത്ഥം അന്യന്റെ മുന്നിൽ കൈനീട്ടേി വന്നു. മധുരയിലെ സമ്പൽസമൃദ്ധമായ ഭൂതകാലം കെട്ടടങ്ങി. നെടുകെപ്പിളർന്ന മുരളി, ശരാശരി മനുഷ്യന്റെ ഉള്ളിലുള്ള ഐശ്വര്യസ മൃദ്ധമായ മഥുരയുടെ ചിത്രം തകർന്നു പോവുന്നതിന്റെ പ്രതീകമാണ്. ഇതു മഥുര യുടെ മാത്രം ചിത്രമല്ല ഏതൊരു ഭാരതീയ നഗരത്തിന്റെയുമാണ്.

''യമുനയ്ക്കൊരു കണ്ണീർപ്പാട്ടി''നെ മഥുരയുടെ തുർച്ചയായി വായി യ്ക്കാം. പഴയ യമുനാതീരത്തിന്റെ വിലാസഭംഗിയും ഇന്നത്തെ യമുനാതീരത്തിന്റെ വിഹ്വലതകളും കവി താരതമ്യം ചെയ്യുന്നു. പഴയ യമുനയ്ക്ക് വിലോലഭാവമണ ച്ചത് ''നിറമയിൽപ്പീലിയും വനമാല്യപ്പൊലിവും ഹൃദ്യരാഗസുധയുമായിരുന്നു.'' ഇന്നാകട്ടെ

''വെന്തുനീറിയ മണ്ണിൻ തളിർമെയ്
പൊള്ളിയൊഴുകീ യമുന''
''നെടുവീർപ്പിൻ ചുടുധാരയടങ്ങിയില്ല''
''മിഴിയിണയിലുതിരും/നീർക്കണത്തിൻ ചൂടടങ്ങിയില്ല.''
''ക്രൂരശാസനത്വത്തിൻ/നീൾനഖപ്പാടുകൾ ചോരച്ചാലുകൾ''
''കനവിൻ പൂക്കളിൽ/ചോരയുണങ്ങിയില്ല''

എന്നാണ് യമുനയെക്കുറിച്ചു കവിയ്ക്കു പറയാനുള്ളത്.

മലയാളത്തിലെ ഒട്ടേറെ കവികൾ തങ്ങളുടെ ആശയമണ്ഡലത്തെ കവിത യിൽ അവതരിപ്പിക്കാനുള്ള മാർഗ്ഗമായി കൃഷ്ണസങ്കല്പം സ്വീകരിച്ചു. അവ വർത്തമാനകാലത്തിന്റെ ജീർണ്ണതകളെയും വിസ്മരിക്കപ്പെടുന്ന സനാതന മൂല്യങ്ങ ളേയും ചിത്രീകരിക്കുന്നു.

വിശദമായ പഠനം ആവശ്യപ്പെടുന്ന മേഖലയാണ് മലയാളത്തിലെ കൃഷ്ണ സങ്കല്പാവിഷ്കരണം. മലയാളത്തിലെ ആദികാവ്യമായ രാമചരിതം മുതൽക്ക് ഇന്നേവരെയുള്ള കവിതകളിൽ കൃഷ്ണൻ സജീവ സാന്നിദ്ധ്യമാണ്. കവിതയിൽ മാത്രമല്ല കഥ, നോവൽ, സിനിമാഗാനങ്ങൾ, വിവിധ കലാരൂപങ്ങൾ എന്നിവയി ലെല്ലാം കൃഷ്ണസങ്കല്പത്തിന്റെ സ്വാധീനമുു്.

## അദ്ധ്യായം 5

# സുഗതകുമാരിയുടെ കവിതകളിലെ കൃഷ്ണസങ്കല്പം

5.1. കവിതാപഠനം

5.2. രാധയെവിടെ വിശേഷപഠനം

5.3. രാധ- വ്യക്തിത്വവിശകലനം

5.4. രാധ–വർത്തമാനകാലസ്ത്രീയുടെ പ്രതീകം

5.5. കൃഷ്ണൻ–കാല്പനിക പ്രതീകം

5.6. പൂർണ്ണതയ്ക്കു വേയിയുള്ള പൂർണ്ണസമർപ്പണം

5.7. കൃഷ്ണകവിതകളിലെ ഗീതഗോവിന്ദ സ്വാധീനം

5.8. പ്രേമവും ഭക്തിയും

5.9. കവിതയും കവിസ്വത്വവും

5.10. ബിംബഭാഷയിലെ പ്രതീയമാന സമഗ്രത

5.11. ഗർഗ്ഗസംഹിതയും സുഗതകുമാരിക്കവിതയുടെ പശ്ചാത്തലവും

# അദ്ധ്യായം 5

# സുഗതകുമാരിയുടെ കവിതകളിലെ കൃഷ്ണസങ്കല്പം

കൃഷ്ണകഥകൾ ചിത്രീകരിച്ചിട്ടുള്ള ഓരോ കവിയും അവരവരുടെ സങ്കല്പങ്ങൾക്കനുസരിച്ചിട്ടുള്ള ബിംബകൽപ്പനകളും അലങ്കാരപ്രയോഗങ്ങളും സ്വീകരിച്ചിട്ടു്. ഓരോ വ്യക്തിയുടെ ദൃഷ്ടിയിലും കൃഷ്ണചൈതന്യം വിഭിന്ന രൂപത്തോടു കൂടിയതാണ്. നിർഗുണൻ, നിർമയൻ, നിർമമൻ, നിഷ്കളൻ, നിരഞ്ജനൻ എന്നിങ്ങനെ കവികൾ നല്കിയ വിശേഷണങ്ങൾക്കെല്ലാം ഇണങ്ങുംവിധത്തിലുള്ള സങ്കീർണ്ണ വ്യക്തിത്വത്തിന്റെ ഉടമയാണ് കൃഷ്ണൻ.

ആധുനിക കവികളിൽ കൃഷ്ണബിംബം കൂടുതലായി ഉപയോഗിക്കുന്നത് സുഗതകുമാരിയാണ്. ഭൗതികജീവിതത്തിന്റെ ദുഃഖങ്ങളെ ശമിപ്പിക്കുന്ന പരമാത്മാചൈതന്യമാണവർക്ക് കൃഷ്ണൻ. വർത്തമാനകാലയാഥാർത്ഥ്യങ്ങളെ ചിത്രീകരിക്കാനുതകുന്നവിധത്തിൽ അവർ കൃഷ്ണപ്രതീകം സ്വീകരിക്കുന്നു. വ്യാവഹാരിക ലോകത്തിന്റെ എല്ലാ മേഖലകളിലും അവർ കൃഷ്ണചൈതന്യം അനുഭവിയ്ക്കുന്നു.

സുഗതകുമാരിയുടെ പ്രണയസങ്കല്പം കൃഷ്ണനെന്ന ബിംബത്തെ അവലംബിച്ച് നിൽക്കുന്നു. കാല്പനിക കവിതയുടെ സവിശേഷതകൾ പൂർണ്ണമായും ഇണങ്ങുന്നവയാണ് സുഗതകുമാരിയുടെ കൃതികൾ. പ്രതീകാത്മകതയിൽ കൂടി സാധിക്കുന്ന ഉദ്ഗ്രഥനമാണ് കാല്പനികതയുടെ സത്ത.[1] ഒരു പീലിത്തുമ്പിലും ഓടക്കുഴൽനാദത്തിലും വെറുമൊരു നോട്ടത്തിൽകൂടിയും കൃഷ്ണപ്രണയം സഫലമാവുന്നു. കാല്പനികകവിതകളിലെ പ്രധാനബിംബകല്പനയാണ് കൃഷ്ണൻ എന്നതാവാം സുഗതകുമാരിക്കവിതകളിൽ കൃഷ്ണൻ പലരീതിയിൽ ആവർത്തിക്കാനുള്ള കാരണം. ആലിലക്കണ്ണനായും ശ്യാമബാലകനായും ബാലഗോപാലനായും ഗോപീവസനചോരനായും രാജാവായും അവർ കൃഷ്ണനെ അവതരിപ്പിക്കുന്നു. ഈ സന്ദർഭത്തിലെല്ലാം കൃഷ്ണനിൽ ആരോപിച്ചിരിക്കുന്നത് മാനുഷിക ഭാവം തന്നെയാണ്. സ്വകീയമായ തീവ്രാനുഭവങ്ങളിൽനിന്ന് കേവല മനുഷ്യനിലേയ്ക്കും അവിടെനിന്നു മാനവജീവിതത്തിലേയ്ക്കും വിശ്വപ്രകൃതിയിലേയ്ക്കും പ്രപഞ്ചാത്മാവിലേയ്ക്കും വ്യാപരിക്കുന്ന കവിഭാവന പൂർണ്ണമാകുന്നത് കൃഷ്ണസങ്കല്പത്തിലാണ്.

---

1 തരകൻ. കെ. എം. അന്വേഷണപഥങ്ങൾ, കോട്ടയം, എൻ.ബി.എസ്., 1993, പു. 72.

പ്രകൃതിയോടുചേർന്നുനില്ക്കുന്നതാണ് കൃഷ്ണസങ്കല്പം എന്ന ആശയമാണ് കവിതകളിലെ പ്രതീയമാനതലം എന്നു പറയാം. കാർമേഘത്തിനിടയിൽ പുളയുന്ന ഇടിമിന്നൽപോലെ ഇതിലെ നിറങ്ങൾ പരസ്പരം ശോഭയണച്ചുകൊു നില്ക്കുന്നു. അശാന്തവും തപ്തവുമായ ജീവിതങ്ങളിലേക്ക് പെയ്തിറങ്ങുന്ന കാർമേഘമാണ് കൃഷ്ണൻ. സപ്തവർണ്ണങ്ങളുള്ള പീലി ചൂടി കഴുത്തിൽ വനമാലയണിഞ്ഞിരിക്കുന്നു. കൃഷ്ണസങ്കല്പത്തിലെ നിറഭേദങ്ങൾ മനുഷ്യജീവിതത്തിന്റെ അനുഭവങ്ങളേയും അവസ്ഥാഭേദങ്ങളെയും കുറിക്കുന്നു. നിറപ്പകിട്ടാർന്ന കൃഷ്ണരൂപം കേവലമനുഷ്യനന്വേഷിക്കുന്ന പൂർണ്ണനായ മാതൃകാപുരുഷൻ തന്നെയാകുന്നു. പ്രതീകങ്ങളിലൂടെയും ബിംബങ്ങളിലൂടെയും ഉദ്ദീപനാദിഘടകങ്ങളിലൂടെയും രാധാ-കൃഷ്ണന്മാരിൽക്കൂടി ഭൗതികപ്രകൃതിയിലേക്കുയരുന്ന ഭാവതലമണ് സുഗതകുമാരി ആവിഷ്ക്കരിക്കുന്നത്.

## കവിതകളുടെ പഠനം

പ്രധാനപ്പെട്ട മുപ്പതു കൃഷ്ണകവിതകളാണ് പഠനത്തിനു സ്വീകരിക്കുന്നത്. യമുനാതീരേ, കണ്ണനെത്തേടി, എവിടെ നീ, കാളിയമർദ്ദനം, പാതിരാപ്പൂക്കൾ, വൃന്ദാവനത്തിൽ, കണ്ണന്റെ അമ്മ, ഗജേന്ദ്രമോക്ഷം, ഒരു നിമിഷം, ഇനിയെന്തിനെപ്പറ്റി പാടുവാൻ, എന്റെ മനസ്സിന്റെ പൊന്നമ്പലത്തിലും, ശ്യാമരാധ, മറ്റൊരു രാധിക, മറവിയിൽനിന്നും, കൃഷ്ണ നീയെന്നെയറിയില്ല, ഒരു വൃന്ദാവനരംഗം, വഴിയമ്പലത്തിലെ പാട്ട്, ഒരു സ്വപ്നം, മഴത്തുള്ളി, നൈവേദ്യം, ഒരു ദർശനം, അഭിസാരിക, അമ്മ, തിരിച്ചറിയൽ, ഉണ്ണിപിറന്നൂ, തിളച്ച പാലല്ലോ കുടത്തിൽ, ഉള്ളഴിഞ്ഞാറന്മുളേശൻ, ത്രികാലപൂജ, തിരിതിരിതിരി, ദേവദാസി എന്നിവയാണവ. ഇവയിൽ ത്രികാലപൂജ, ദേവദാസി എന്ന സമാഹാരത്തിലും ബാക്കിയുള്ളവ കൃഷ്ണകവിതകൾ എന്ന സമാഹാരത്തിലും ഉൾപ്പെടുന്നു. 1956 നും 1994 നും ഇടയ്ക്കാണ് ഇവയുടെ രചനാകാലം. 1999 ൽ പ്രസിദ്ധീകരിച്ച ''രാധയെവിടെ'' എന്ന ദീർഘകാവ്യത്തിന്റെ വിശേഷപഠനവും നടത്തിയിരിക്കുന്നു.

## യമുനാതീരേ (1956)

ഒരു ബംഗാളി ഗാനത്തിന്റെ സ്വതന്ത്രാനുവാദമാണ് യമുനാതീരേ എന്ന കവിത. കണ്ണനണയുമ്പോൾ വൃന്ദാവനത്തിലെ മലരുകൾ ഓരോന്നും നോക്കിനിൽക്കുന്നു. അത്രയേറെ സുന്ദരമാണ് കണ്ണന്റെ രൂപം. കേൾക്കുന്ന ഓരോരുത്തരും കണ്ണന്റെ മുരളീനാദത്തിലേക്ക് ആകൃഷ്ടരാവുന്നു. ബുദ്ധിയും ബോധവും ജീവനും ഹൃദയവും അതിൽ ലയിക്കുന്നു. ജീവിതസർവ്വസ്വവും ആ കാല്ക്കൽ സമർപ്പിക്കാൻ തയ്യാറാവുന്നവർക്ക് യമുനാതീരത്തെ ആലിൻമുകളിൽ കാലാട്ടിയിരിക്കുന്ന ആ കാരുണ്യവാനെ പ്രാപിക്കാനാവും.

കാൽക്കൽ സർവ്വവും കാഴ്ചവയ്ക്കുന്നതോടെ കളവും കളിയും കുസൃതിയും ചേർന്ന കണ്ണന്റെ മിഴികളിൽ കരുണ നിറയുമെന്ന് യമുനാതീരത്തെ ഗോപിക മനസ്സിലാക്കുന്നു. കണ്ണന്റെ കരുണയ്ക്കു പാത്രമാകുന്നതോടെ മോക്ഷപ്രാപ്തിയും കൈവരുന്നു. ഇനിയും കത്തൊനാവാത്ത പൂർണ്ണതയ്ക്കായി എല്ലാം സമർപ്പിക്കുന്ന കേവലമനുഷ്യന്റെ ഭാവം ഗോപികയിൽ തെളിയുന്നു. കല്ലോലമൊതുക്കിയ യമുനയും, തെന്നലിൽ നിറഞ്ഞ ചന്ദനഗന്ധവും വള്ളിക്കുടിലിലെ മധുര സംഗീതവും കൃഷ്ണസാന്നിദ്ധ്യത്തിന്റെ സൂചകമാണ്.

അഹംബോധം ത്യജിച്ചാൽ അഥവാ ജീവിതസർവ്വസ്വവും സമർപ്പിച്ചാൽ പരമാത്മാചൈതന്യത്തെ പ്രാപിക്കാം എന്നാണ് കവിതയുടെ സന്ദേശം. മനസ്സിൽ ആ ചൈതന്യം നിറഞ്ഞിരിക്കുന്നവർക്ക് ഒരു കുഴൽവിളിയിലും ചന്ദനഗന്ധത്തിലും വനമാലയിലും മലർനിറഞ്ഞ വള്ളിക്കുടിലിലും കൃഷ്ണസാന്നിദ്ധ്യത്തെ സാക്ഷാത്കരിക്കാം.

**കണ്ണനെത്തേടി (1957)**

മനസ്സിൽ നിറഞ്ഞ പ്രണയവുമായി കൃഷ്ണനെത്തേടി നടക്കുന്നവളാണ് ഈ കവിതയിലെ ഗോപിക. ജന്മശതങ്ങളായി ഈ മന്നിൽ അവൾ കണ്ണനെത്തേടി അലഞ്ഞുകൊയേിരിക്കുന്നു. ആ അലച്ചിലിനിടയിൽ അവൾ പലതും പറഞ്ഞു കേൾക്കുന്നു. കാട്ടിലെ കടമ്പുമരത്തിൽ ഒരു പൊന്നൊളി കാണാനു്. അത് മറഞ്ഞെങ്കിലും വേണുനിനാദം കേൾക്കായി. ഒരു ബാലകൻ പറയുന്നത് ഒരു പൈക്കിടാവിനൊപ്പം ഇന്നു ഞാൻ കണ്ണനെക്കുവെന്നാണ്. ഒരു പൊയ്കയുടെ തീരത്ത് പൈക്കുട്ടിയെ പിൻനീക്കി പാൽമുട്ടിക്കുടിക്കുന്ന കണ്ണനെ ഞാൻ കു എന്നാണ് ഒരു ഗോപിക സാക്ഷ്യപ്പെടുത്തുന്നത്. ഗോപന്മാർ കാരുണ്യത്തോടെ വഴി പറഞ്ഞു കൊടുക്കുന്നു. ഉച്ചയ്ക്ക് വനമദ്ധ്യത്തിൽ ചെന്നാൽ കൈത്തളിരിൽ മുഖം ചേർത്തുറങ്ങുന്ന കണ്ണനെ കാണാം. ഇതു കേട്ട അവൾ അവിടേയ്ക്കോടിച്ചെന്നെങ്കിലും കണ്ണനെ കാണാൻ കഴിയുന്നില്ല. ആകുലഭാവത്തോടിരിയ്ക്കുന്ന അവൾക്കരികിലേകെത്തിയ ഗോപകുടുംബിനി പറയുന്നു. ഇന്നലെയുച്ചയ്ക്ക് കണ്ണൻ വന്നിരുന്നു പൈമ്പാലും വെണ്ണയുമൊന്നും കാണാതായപ്പോഴാണ് ഞാനതറിയുന്നതുതന്നെ. വെണ്ണയും പാലും എടുത്തോട്ടെ. എന്റെ പാത്രം തകർത്തതെന്തിന്? ഇതു കേട്ട മറ്റൊരു ഗോപിക ആത്മനിർവൃതിയോടെ ഇപ്രകാരം പറയുന്നു; ഞാനിന്നലെ കുടത്തിൽ പാലുമായി പോകുമ്പോൾ പിൻപിൽ നിന്നാരോ കല്ലെറിഞ്ഞ് കുടം പൊട്ടിച്ചു. ആരെന്നു ഞാൻ കില്ല പക്ഷേ പാലമരത്തിലെ പൂക്കൾക്കിടയിൽ ഞാനൊരു പീലിക്കണ്ണിളകുന്നതു കു. ഇതെല്ലാം കേട്ട്, വിരഹാർത്തയായ ഗോപിക

ചിന്തിക്കുന്നു. ജന്മശതങ്ങളായി ഞാനലഞ്ഞിട്ടും എനിക്കു നിന്നെ കിനാവിൽ മാത്രമാണല്ലോ ദർശിക്കാനായത്!

പല ഭാവത്തിൽ പൂർണ്ണതാസങ്കല്പം കാണുന്നു. ഇലച്ചാർത്തിനിടയിലെ മഞ്ഞപ്പട്ട്, വേണുനാദം, പീലിക്കണ്ണ് തുടങ്ങിയ ബിംബങ്ങൾ കൃഷ്ണനെ സൂചിപ്പിക്കുന്നു. കണ്ണനെത്തേടിനടക്കുന്നത് ജീവാത്മാവാണ്.

സുഗതകുമാരിയുടെ കൃഷ്ണദർശനത്തിന്റെ സമഗ്രചിത്രം ഈ കവിത ഉൾക്കൊള്ളുന്നു്. പ്രേമഭക്തി, സഖ്യഭക്തി, വാത്സല്യഭക്തി, വിപരീതഭക്തി തുടങ്ങിയ ഭാവങ്ങൾ ഇതിൽ കാണാം. കണ്ണനെത്തേടി നടക്കുന്നവളിലും ''കൈതപ്പൂങ്കുല പോലുള്ള പെൺകൊടി''യിലും ''ചിരിയമർത്തുന്ന കൺമണി''യിലും കാണുന്നത് പ്രേമഭക്തിയാണ്. ''കാടിന്നപ്പുറത്തെല്ലാമന്തിയിലോടിക്കളിപ്പൂ കാർവർണ്ണൻ'' എന്നു പറയുന്ന ബാലകൻ സഖ്യഭാവമാണ് കാണിക്കുന്നത്. മുഖം ചെറ്റുവളച്ചു സംസാരിക്കുന്ന ഗോപകുടുംബിനി വിപരീതഭക്തിയാണു വെളിപ്പെടുത്തുന്നത്.

''പൊന്നോടക്കുഴലൂർന്നും കൈത്തളി–
രൊന്നിൽ പിഞ്ചുമുഖം ചേർത്തും''

മയങ്ങുന്ന കണ്ണനെ കാണുന്നവർ വാത്സല്യഭക്തിയുടെ മാർഗ്ഗം സ്വീകരിക്കുന്നു.

മാനവിക ഭാവനയിലൂടെയും പ്രേമമാർഗ്ഗത്തിലൂടെയും ഭഗവാനെ സാക്ഷാത്കരിച്ചവരാണ് ഗോപികമാർ. അതുകൊണ്ട് പാൽമുട്ടിക്കുടിക്കുന്ന കണ്ണനേയും നവനീതചോരനേയും അവർക്ക് ദർശിക്കാനാവുന്നത്. ഒരു സാധാരണ മനുഷ്യനിതു സാധ്യമല്ല. ചെന്നു നോക്കിയാൽ കൃഷ്ണനെ കാണാം എന്ന ഉറപ്പോടെ നിഷ്കളങ്കമായി വഴി പറഞ്ഞുകൊടുക്കുന്ന ഗോപന്മാരും അവർ ഭഗവത് സാക്ഷാത്കാരം നേടിക്കഴിഞ്ഞുവെന്നറിയില്ല. അവർക്ക് കണ്ണൻ പ്രിയനും പ്രിയസഖാവുമാകുന്നു. ജന്മങ്ങളായലയുന്ന ജീവാത്മാവ് പൂർണ്ണതയെ പ്രാപിക്കാനാകാതെ അലഞ്ഞുകൊിരിക്കുന്നു. കിനാക്കളിൽ മാത്രം യമുനയും 'കങ്കണമഞ്ജുള സംഗീതവും വേണുനിനാദവും നൃത്തഘോഷവും കു തൃപ്തയാകുന്നു.'

''കണ്ണാ മാമകചിത്തത്തിൽ ചുടു–
കണ്ണീർ മിന്നി നിറഞ്ഞല്ലോ
വന്നാലും നീയിപ്പാത്രം പാഴ്
മണ്ണിലെറിഞ്ഞു തകർത്തോളൂ''

എന്നിങ്ങനെ പൂർണ്ണമായ ആത്മസമർപ്പണത്തിന് തയ്യാറാകുന്നു.

**എവിടെ നീ (1957)**

കവിതയുടെ പേര് കവിതയുടെ ഇതിവൃത്തത്തേയും സൂചിപ്പിക്കുന്നു. കൂരിരുൾക്കടലിൽ, അശ്രുമൂടിയ മിഴികളോടെ അലഞ്ഞുനടക്കുകയാണ് രാധ. തേടലിനൊടുവിൽ ''തിരയേതെങ്ങിനി'' എന്ന വിലാപം ബാക്കിയാവുന്നു. മാൻകിടാവും മയിലും കാറ്റും ഉറക്കം പിടിച്ച വേളയിൽ കാളിന്ദിയും രാധയും മാത്രം ഉണർന്നിരിക്കുന്നു. കൂരിരുട്ടും മഴയും മുള്ളുകൊ് ചോരവാർന്ന പാദങ്ങളും രാധയുടെ സഞ്ചാരത്തെ തടസ്സപ്പെടുത്തില്ല. കാനനങ്ങളുടെ ഇരുളിമയിൽ അവൾ കണ്ണന്റെ ഘനശ്യാമരൂപം കാണുന്നു. എവിടെനിന്നൊക്കെയോ കിങ്ങിണീനാദം കേൾക്കുന്നതായി തോന്നുന്നു. ക്ഷീണത്താൽ മിഴിയടയുമ്പോൾ കണ്ണൻ പിറകിലണയുന്നതായി തോന്നുന്നു. എല്ലാം തോന്നലെന്നറിഞ്ഞ്

''വരിക നീലോജ്ജ്വലമാരൂപദർശനം
തരിക, കാരുണ്യം മറന്നവനേ''

എന്നു വിലപിക്കുന്നു. അജ്ഞാതയായ ഗോപികയ്ക്കു പകരം രാധതന്നെയാണിതിലെ നായിക. രാധയുടെ പ്രണയവും വിരഹവും വേദനയും ഇതിൽ നിറയുന്നു്. രാധയുടെ മുന്നിൽ നിറയുന്ന ഇരുട്ടുമിഴികളിലെ കണ്ണീരും വർത്തമാനകാലജീവിതത്തിലെ എല്ലാ രാധമാരും അനുഭവിക്കുന്നതുതന്നെ. അവർക്കെല്ലാം ഒരു പ്രതീക്ഷയു്.

''. . . നീലക്കടമ്പുക-
ളിടതിങ്ങും കേളീവനാന്തരത്തിൽ
ഇനിയുമുറങ്ങാതെ കാത്തിരിക്കുന്നോരു
യമുനതൻമിന്നും മണൽപരപ്പിൽ
വിരിയും നിലാവിനെ കസ്തൂരി പൂശിച്ച
വനമുല്ല വല്ലിക്കുടിലിനുള്ളിൽ
കളകളം നിർത്തിച്ചിറകൊതുക്കിക്കൊച്ചു
കിളികളുറങ്ങും തരുപ്പടർപ്പിൽ''

എവിടെയോ കണ്ണനു്. അവന്റെ കിങ്ങിണിനാദവും ഘനശ്യാമവർണ്ണവും അരികിലു്. പക്ഷേ ഒരിക്കലും പ്രാപിക്കാനാവുന്നില്ല.

കാലദേശങ്ങൾ ഉല്ലംഘിക്കുന്ന, നാമരൂപസമന്വിതമായ ബ്രഹ്മതത്ത്വത്തെ സാക്ഷാത്കരിക്കാൻ വെമ്പുന്ന ജീവാത്മാവിന്റെ തേടൽ തന്നെയാണ് ഇവിടെ തെളിയുന്നത്.

**കാളിയമർദ്ദനം (1959)**

കാളിയനാണ് കവിതയിലെ വക്താവ്. കാളിയന്റെ ശിരസ്സിൽ നൃത്തമാടുന്ന കണ്ണനോട് വീം വീം നർത്തനമാടാൻ ആവശ്യപ്പെടുന്നു. കണ്ണന്റെ ചവിട്ടേൽക്കുമ്പോഴും പത്തികൾ താഴാതിരിക്കാൻ ശ്രമിക്കുന്നു. കാളിയൻ പറയുന്നു, ഞാൻ നിന്റെ നർത്തനവേദിയാണ്. നീ നൃത്തം ചെയ്യുക. എന്റെ കറുത്ത രക്തം ചിതറട്ടെ, എന്റെ നാഗിനി കരഞ്ഞു തളരട്ടെ, എന്റെ മദം നശിച്ച് ഞാൻ പൂർണ്ണതയെ പുൽകട്ടെ, ദുരഭിമാനം നശിക്കട്ടെ, സങ്കടങ്ങൾ മറയട്ടെ, നിന്റെ ചേവടികൾ മുകർന്ന് എന്റെ ദുഃഖം നശിക്കട്ടെ. അതിനായി ഞാനെന്റെ ശിരസ്സ് ഉയർത്തിപ്പിടിക്കുന്നു.

കാലിമേയ്ക്കാനായി പോകുന്ന കണ്ണൻ തന്റെ കാലിക്കൂട്ടത്തിന്റെ നാശത്തിനു കാരണമായ കാളിയന്റെ ശിരസ്സിൽ നൃത്തം ചവിട്ടിയ കഥ പ്രഖ്യാതമാണ്. ഈ ഇതിവൃത്തത്തെ കവയിത്രി മറ്റൊരു ചട്ടക്കൂട്ടിലേക്കു കൊുവരുന്നു. കൃഷ്ണന്റെ ചവിട്ടേറ്റ് ക്രൂദ്ധനായി വിഷം ചീറ്റുന്ന കാളിയനെ കവിതയിൽ കാണുന്നില്ല പകരം കൃഷ്ണന്റെ ചവിട്ടേറ്റ് നിർവൃതിലയത്തിൽ ആത്മാവലിയുന്നവനാണ് കാളിയൻ. പശ്ചാത്താപവിവശനായ കാളിയനാണ് കണ്ണന്റെ പാദസ്പർശനത്തിൽ ആനന്ദമനുഭവിക്കുന്നത്.

കുനിയാത്ത പത്തികൾ, കറുത്ത രക്തം, കാളിയൻ, കൃഷ്ണൻ, നാഗിനി, തുടങ്ങി ഒട്ടേറെ ബിംബകല്പനകൾ കവിതയിലു്. അഹം ത്യജിച്ച് മോക്ഷപ്രാപ്തിക്കു യാചിക്കുന്ന ജീവാത്മാവാണ് കാളിയൻ. ഭൗതികസുഖഭോഗങ്ങളുടെ നടുവിൽ നിൽക്കുന്ന ജീവാത്മാവിന്റെ പ്രതീകമാണിത്. നാഗിനി ഭൗതികജീവിതത്തിന്റെ പ്രതീകവും. കറുത്ത രക്തം അഹന്തയുടെ, തിന്മയുടെ പ്രതീകമാണ്. കൃഷ്ണൻ മോക്ഷദായകനായ പരമാത്മാവിന്റെ തലത്തിൽ നിൽക്കുന്നു.

കാളിയൻ ജീവാത്മാവിന്റെ തലത്തിലും കൃഷ്ണൻ പരമാത്മാവിന്റെ തലത്തിലും നിലകൊള്ളുന്നു. മദാന്ധകാരത്തിലും ദുരഭിമാനത്തിലും അഹംബോധത്തിലും മുഴുകിയവനാണ് ജീവാത്മാവ്. അവൻ കൃഷ്ണന്റെ കഴൽസ്പർശത്തിലൂടെ പാപമോചനം നേടി മോക്ഷപ്രാപ്തിയിലെത്തുന്നു. അഹം ത്യജിക്കുന്നതോടെ ആത്മാവ് നിർവൃതിയിലലിയുന്നു. കൃഷ്ണന്റെ സ്പർശത്തിലൂടെ കരളിലെ, ആത്മാവിലെ തിന്മ തെറിച്ചു പോകുന്നു. ജീവിതബന്ധങ്ങളിൽനിന്ന് ആത്മാവ് മുക്തനാകുന്നു. ദുഷ്കൃതങ്ങളകന്ന് ശുദ്ധനാവുന്നു. പൂർണ്ണതയിൽ ലയിക്കുന്നു.

**പാതിരാപ്പൂക്കൾ (1961)**

പാട്ടുകൾ പാടിപ്പാടി ഈശ്വരപാദം തേടിയലയുന്ന ആത്മാവിനെയാണ് കവിതയിൽ കാണുന്നത്. ഒറ്റത്തന്തിയുള്ള തംബുരുവുമായി നൂറ്റാുകളായി അലയുകയാണ് വിരഹിയായ ഏകാന്തപാന്ഥൻ. അന്തി മയങ്ങുന്നു. എല്ലാവരും അഭയസ്ഥാനമന്വേഷിക്കുന്നു. ദൂരെയായി ഒരു ദീപാങ്കുരം കാണാം. തിങ്കളുദിക്കുന്നതോടെ നിലാവിൽ, താരയിൽ, ആമ്പലിൽ എല്ലാം ഈശ്വരകാരുണ്യം ദർശിക്കാൻ പാന്ഥനു കഴിയുന്നു. ആ കാരുണ്യത്തിനു മുമ്പിൽ പാന്ഥൻ തന്റെ ഗാനം സമർപ്പിക്കുന്നു.

ഒറ്റത്തന്തിയുള്ള തംബുരുവും അതിലെ വെയിലേറ്റു വാടുന്ന ഗാനവും ജീവിതം തന്നെ. അന്തി മയങ്ങി എന്ന പ്രയോഗം ജീവിതത്തിന്റെ സന്ധ്യയെ–വാർദ്ധക്യത്തെ സൂചിപ്പിക്കുന്നു. ജീവിതാന്ത്യകാലത്ത് മനുജാത്മാവ് മോക്ഷമാർഗ്ഗമാരായുന്നു. അപ്പോഴാണ് ദീപാങ്കുരവും കാരുണ്യപ്രവാഹവും ദൃശ്യമാവുന്നത്.

പൂർണ്ണതയ്ക്കായുള്ള തേടൽ തുടർന്നുകൊയേിരിയ്ക്കുന്നു. ഈശ്വരനിലലിയാനുള്ള ആത്മാവിന്റെ തൃഷ്ണ അവസാനിക്കുന്നില്ല. ദൂരെ ദേവസാന്നിദ്ധ്യമാകുന്ന ദീപാങ്കുരം കാൽ നൂറ്റാുകളോളം അതിനായലയാൻ പൂർണ്ണത തേടുന്ന മനുഷ്യാത്മാവ് മടിക്കുന്നില്ല.

**വൃന്ദാവനത്തിൽ (1961)**

കാട്ടിൽ കടമ്പിന്റെ ചോട്ടിൽനിന്ന് ഓടക്കുഴലൂതുകയാണ് കണ്ണൻ. അർദ്ധസുഷുപ്തിയിലാ കേവലമനുഷ്യന്റെ മനസ്സിൽ ഓടക്കുഴൽനാദം ''പ്രണയത്തിന്റെ മുറിവു''ാക്കുന്നു. ഉണർന്ന മനുഷ്യാത്മാവ് നോവുന്ന ഹൃദയവുമായി മുരളീനാദത്തെ പിൻതുടരാൻ നിർബന്ധിതനാവുന്നു. എല്ലാം മറന്ന് ആ കാൽപ്പാടുകൾ പിൻതുടരണമെങ്കിൽ ഇവിടുത്തെ രാഗങ്ങളും മോഹങ്ങളും വെടിയേതു്. അപ്പോൾ ആനന്ദമഗ്നരായി കുഴൽവിളിയിൽ ലയിച്ച് ഓടക്കുഴൽക്കാരനെ പിൻതുടരാനാവുന്നു.

സരോജിനി നായിഡു രചിച്ച കവിതയുടെ സ്വതന്ത്രവിവർത്തനമാണ് 'വൃന്ദാവനത്തിൽ'. കൃഷ്ണകവിതകൾ എന്ന സമാഹാരത്തിലെ മറ്റു പല കവിതകൾക്കും സമാനമായ ഇതിവൃത്തമാണ് ഈ കവിതയിലേതും. ഏറെയൊന്നും ഒളിച്ചുവയ്ക്കാതെ വാച്യമായി സംവദിക്കുന്നതാണ് ഈ കവിത.

അർദ്ധസുഷുപ്തിയിൽ എന്ന പ്രയോഗം കൊ് പൂർണ്ണമായും ഈശ്വരചിന്തയിൽ മുഴുകാത്തത് എന്നർത്ഥം വരുന്നു. രാഗങ്ങളിലും മോഹത്തിലും മുഴുകിയ കേവലാത്മാവിന് പൂർണ്ണസമർപ്പണം എളുപ്പമല്ല. എന്നാൽ മോഹനമായ മുരളീ

രാഗം അവരെ ആകർഷിക്കുന്നു. പ്രേമഭക്തിയുടെ പ്രതീകമാണ് ഇവിടെ മുരളീനാദം. കേവല മനുഷ്യന് പ്രണയത്തിന്റെ മുറിവുമായി ആ മായാമുരളിയെ പിൻതുടരാതെ വയ്യ. എല്ലാം വെടിഞ്ഞ് ആ ചേവടികൾക്കു പിൻപേ നടക്കുകയെന്നത് ഈ മന്നിലെ നിയോഗമാണ്. ഇവിടത്തെ രാഗമോഹങ്ങൾ വെടിഞ്ഞിട്ടുമാത്രമേ ആ ചേവടികളിൽ ചോരാനാവൂ എന്ന വരികളിൽ ഭൗതിക കാമനകളെ വെടിഞ്ഞ് ഭഗവദ്പാദങ്ങളെ പിൻതുടരുമ്പോൾ മാത്രമേ ആനന്ദം നേടാനാവൂ എന്ന സൂചനയുു്.

## കണ്ണന്റെ അമ്മ (1964)

പരമാത്മാവിലലിയാനുള്ള ത്വര പ്രകടമാക്കുന്ന മറ്റൊരു കവിതയാണ് കണ്ണന്റെ അമ്മ. മാതൃപുത്രബന്ധത്തിന്റെ മഹനീയതയിലൂടെയാണ് ഈ ആശയം പ്രകടമാവുന്നത്.

''കാേ കണ്ണനെ നിങ്ങളാരാൻ'' എന്ന ചോദ്യവുമായി കണ്ണനെത്തിരഞ്ഞുനടക്കുകയാണ് അമ്മ. കാലികളോടും തത്തമ്മയോടും കരിവിനോടും തുമ്പിയോടും മാനിനോടും മയിലിനോടും എന്നുവേ കൺമുന്നിൽക്കാണുന്ന ഏതിനോടും അമ്മ കണ്ണനെക്കുറിച്ചന്വേഷിക്കുന്നു. ആരും കണ്ണനെ കവരില്ല. എന്നാൽ കണ്ണൻ അവിടെത്തന്നെയുായിരുന്നു എന്നതിനു തെളിവായി പൊട്ടിയ പാൽക്കുടവും തൈർക്കുടവും കാണുന്നു്. നടന്നു തളർന്നു കാലുകഴച്ച അമ്മ തിരിയെപ്പോവാൻ തുനിയുന്നു. അപ്പോൾ

''കാടിൻ നീലിച്ച ഹൃത്തിൽനിന്നപ്പോളൊ-
രോടക്കുഴൽ വിളിപൊങ്ങുന്നു
കമ്പു കരം വിട്ടുവീഴുന്നു മുഖം
പുഞ്ചിരികൊു തിളങ്ങുന്നു
കണ്ണും പൂട്ടി നിന്നമ്മ തൻ കുഞ്ഞിന്റെ
പൊന്നോടക്കുഴൽ കേൾക്കുന്നു.''

ജീവാത്മാ പരമാത്മാ ബന്ധത്തെ സൂചിപ്പിക്കുന്ന ഒട്ടേറെ ബിംബകല്പനകൾ കവിതയിലു്. മാതൃപുത്രബന്ധം പോലും ഇതിന്റെ പ്രതീകമാണ്. കണ്ണൻ പൂർണ്ണതയുടെയും പരമാത്മാവിന്റെയും നിത്യതയുടെയും പ്രതീകമാവുന്നു; അമ്മ അപൂർണ്ണതയുടേയും ജീവാത്മാവിന്റെയും നശ്വരതയുടേയും. ഭൗതിക ജീവിതത്തിലേക്കു കണ്ണു തുറന്നു പിടിച്ചുകൊാണ് അമ്മ നടക്കുന്നതും കണ്ണനെ തേടുന്നതും. ഭൗതിക കാമനകളിൽ നിന്ന് കണ്ണുകൾ പിൻവലിച്ച് ഉൾക്കണ്ണിലൂടെ പരമാത്മാ സാക്ഷാത്കാരം നേടുന്നതിന്റെ സൂചന കവിതയിലു്. പൊട്ടിക്കിടന്ന കലം ഭൗതിക ശരീ

രവും ഒഴുകിപ്പരന്ന പാല് ആത്മാവുമാണ്. ഓടക്കുഴൽ വിളി കേൾക്കുമ്പോൾ ഊർന്നുപോകുന്ന കമ്പും ഭൗതീകജീവിതത്തിന്റെ സൂചനതന്നെ.

പരമാത്മാവിനെ തേടിയലയുന്ന ജീവാത്മാവിന്റെ ചിത്രം സുഗതകുമാരിയുടെ മിക്ക കവിതകളിലുമുു്. ഇവിടെ അമ്മ പുത്രഭാവത്തിൽ ഈശ്വരസാക്ഷാത്കാരം നേടുന്നു. പരോക്ഷമായ ലാവണ്യാനുഭൂതിയാണ് ഈശ്വരാനുഭൂതി. കണ്ണന്റെ അമ്മ മാത്രമല്ല ഗോകുലത്തിലെ സകല ചരാചരങ്ങളും യോഗേശ്വരനായ കൃഷ്ണനിൽ വിലയിക്കാൻ വെമ്പുന്നവരാണ്. ഭൗതിക ജീവിതത്തിന്റെ മായയിൽ മുഴുകിയവർക്ക് ഈശ്വരപ്രാപ്തി എളുപ്പമല്ല. ഇവിടെയാകട്ടെ കണ്ണന്റെ കുഴൽവിളി ഏവരെയും മോക്ഷപ്രാപ്തിയിലെത്തിക്കുന്നു. അമ്മ ഭൗതികജീവിതസൂചകമായ കമ്പ് ഉപേക്ഷിച്ചതിനുശേഷം മിഴിയടയ്ക്കുന്നു. കണ്ണന്റെ വേണുഗാനനാദധാരയിൽ നിർവൃതി നേടുന്നു.

കവിതകളിൽ കാണുന്ന തേടൽ പൂർണ്ണതയ്ക്കു വേിയുള്ള തേടലാണ്.

**ഗജേന്ദ്രമോക്ഷം (1967)**

പ്രസിദ്ധമായ കഥയാണ് ഗജേന്ദ്രമോക്ഷം. അതിനെ മറ്റൊരന്തരീക്ഷത്തിലേക്ക് പറിച്ചുനട്ടിരിക്കുകയാണ് കവയിത്രി. തന്റെ കരുത്തിൽ ഊറ്റം കൊള്ളുന്നവനാണ് ഗജേന്ദ്രൻ. ഘോരവനത്തിലൂടെ പിടിയും കൂട്ടരുമൊത്ത് മദിച്ചുനടക്കുകയാണ് ഗജേന്ദ്രൻ. മുന്നിൽ താമരപ്പൂക്കൾ നിറഞ്ഞ പൊയ്ക ഗജേന്ദ്രനെ മോഹിപ്പിച്ചു. ഇണയോടൊത്ത് പൊയ്കയിൽ വിഹരിക്കവേ കാലിൽ മുതല പിടികൂടി. അതിരോഷത്തോടെ തന്റെ കരുത്തുകൊവനെ തോൽപിക്കാൻ ശ്രമിക്കുന്നു. തന്റെ കരുത്തിലുള്ള അമിതവിശ്വാസത്താൽ സോദരരുടെ സഹായഹസ്തം നിരസിച്ചു. പക്ഷേ തന്റെ കരുത്തുകൊ് ജയിക്കാൻ കഴിഞ്ഞില്ല. ഒടുവിൽ എല്ലാ ആശ്രയങ്ങളും ഇല്ലാതാവുന്നതോടെ പരമശക്തനായ ഈശ്വരന്റെ ചിന്തവരുന്നു. തുമ്പിക്കൈകൊ് എത്താവുന്നിടത്തോളം പൂക്കളും ഒടുവിൽ ഹൃദയകമലവും അർച്ചിച്ചു. പശ്ചാത്താപത്തോടെ വിളിച്ചുകരഞ്ഞു. ഒടുവിൽ മോക്ഷപ്രാപ്തി നേടാനായി.

അഹങ്കാരിയായ സാധാരണമനുഷ്യന്റെ പ്രതീകമാണ് ഗജേന്ദ്രൻ. സൗഭാഗ്യങ്ങളിൽ അവൻ ഈശ്വരനെ ഓർമ്മിക്കുന്നേയില്ല. കാലങ്ങളായി മനുജാത്മാവിൽ അഹംബോധം നിലനില്ക്കുന്നു. ''എത്ര യുഗം മുൻപോ'' എന്ന പ്രയോഗത്തിൽ ഇത് വ്യക്തമാണ്. അഹങ്കാരത്തിന്റെ ഫലമായ സർവ്വനാശത്തിന്റെ പ്രതീകമാണ് മുതല. ഹരിചന്ദനഗന്ധം മോക്ഷപ്രാപ്തിയുടേയും.

വർത്തമാനകാല സൗഭാഗ്യങ്ങളിൽ മുഴുകി അഹങ്കരിക്കുന്ന മനുഷ്യൻ മറ്റൊന്നും ഓർക്കുന്നില്ല. കാടുകുലുക്കി ചിന്നം വിളിച്ച് പൊയ്കയിൽ കളിക്കു

മ്പോൾ ആപത്തിനേക്കുറിച്ച് ഗജേന്ദ്രനും ചിന്തിക്കുന്നില്ല. കാലിൽ മൃതി പിടിമുറുക്കുമ്പോഴും അവൻ തന്റെ കരുത്തിൽ അഹങ്കരിച്ചു പൊരുതുന്നു. കയ്യും മെയ്യും തളർന്ന് തോൽവി സമ്മതിച്ച് കൂട്ടാളികളുടെ നേർക്ക് കൈനീട്ടുമ്പോഴും ഈശ്വരചിന്ത ഉാവുന്നില്ല. ഒടുവിൽ മഹാബലം കൊ് ജയിക്കാനാവില്ലെന്നറിഞ്ഞ്, അഹങ്കാരം ശമിച്ച്, പൊയ്കയിൽ താഴ്ന്നുതുടങ്ങുമ്പോൾ ഈശ്വരനെ പ്രാർത്ഥിക്കുന്നു. എത്താവുന്നിടത്തോളം പൂക്കൾ ഈശ്വരനായർച്ചിച്ചു. ചോരയും കണ്ണീരും കൊ് കലങ്ങിയ ജലത്തിൽ നിന്നുകൊ് സ്വന്തം ഹൃദയം കൂടിയർപ്പിക്കാൻ തയ്യാറായി.

അഹംബോധം ത്യജിക്കുമ്പോൾ പരമാത്മാവിനെ പ്രാപിക്കാനാവുന്നു. ചുവന്നു കലങ്ങിയ പൊയ്കയുടെ വിശാലതയിൽ ഉയർന്നുനില്ക്കുന്ന തുമ്പിക്കൈ പരിപാവനമായ ഹരിചന്ദനഗന്ധം തിരിച്ചറിയുന്നു.

കവിതയിൽ പുരാവൃത്തപരാമർശങ്ങളു്. ''പാപശിലാകൂടത്തിനുമുയിരായ്'' എന്ന പ്രയോഗത്തിൽ അഹല്യാശാപമോക്ഷവും,

''ചുടുകണ്ണീരൊടു പാർഷതിയൊന്നു
വിളിക്കെയുഴറ്റൊടണഞ്ഞോനേ''

എന്ന വരികളിൽ വസ്ത്രാക്ഷേപസമയത്ത് കണ്ണൻ രക്ഷകനായെത്തിയതും ഗജേന്ദ്രൻ ഓർക്കുന്നു.

**ഒരു നിമിഷം (1968)**

ഒരു മാത്ര മാത്രം കൃഷ്ണസാമീപ്യം അനുഭവിച്ച, ആ മാത്രയിൽ ജീവിത സാഫല്യം നേടിയ ഗോപികയുടെ ആത്മഗതമാണ് ഒരു നിമിഷമെന്ന കവിത. യമുനാതീരത്തെ മൈതാനം പൂത്തുലഞ്ഞിരിക്കുന്നു. കടമ്പ് കുട നിവർത്തിയിരിക്കുന്നു. കാളിന്ദി തുള്ളിയൊഴുകുന്നു. പൂത്ത കടമ്പിന്മേൽ ഗോപികയുടെ പ്രണയാർദ്രമിഴികളെ കീർത്തിച്ച് ഗാനമാലപിച്ചുകൊിരിക്കുകയാണ് കണ്ണൻ. തന്റെ പ്രണയസമർപ്പണം സഫലമായതിൽ സന്തുഷ്ടയായ ഗോപികയ്ക്ക് ആ മാത്രയിൽ കാലം നിശ്ചലമായതായിത്തോന്നുന്നു. ഇന്ന് വർത്തമാനകാലശൂന്യതയിൽ നിൽക്കുമ്പോൾ നെഞ്ചിലൂടെ വീും അക്രൂരന്റെ രഥമുരുളുന്നതായിതോന്നുന്നു.

ഗോപിക ജീവാത്മാവാണ്. ഈശ്വര സാക്ഷാത്കാരത്തിൽ ആനന്ദമനുഭവിക്കുന്ന മനസ്സിന്റെ പ്രതീകമാണ് കുടതീർത്ത കടമ്പ്, നീലപ്പൂക്കൾ നിറഞ്ഞ മൈതാനം, തുളുമ്പുന്ന കാളിന്ദി എന്നിവ. ഗോപികയുടെ പ്രണയാർദ്രമിഴികളെ കീർത്തിക്കുന്നു എന്ന പ്രയോഗത്തിൽ അവളുടെ പ്രണയം കൃഷ്ണൻ സ്വീകരിച്ചു എന്ന സൂചനയു്. വിരുദ്ധ ദ്വന്ദ്വങ്ങളിലൂടെ മാനസികഭാവങ്ങൾ സൂചിപ്പിക്കുന്നു്.

അന്നത്തെ നിറവിനേയും ഇന്നത്തെ ശൂന്യതയെയും സൂചിപ്പിക്കുന്നവയാണ് കുടനീർത്ത കടമ്പ്- കടമ്പു നിന്ന വെറും മണ്ണ്, സങ്കല്പം പോലെ തുളുമ്പുന്ന കാളിന്ദി- മന്ദമായൊലിക്കുന്ന കാളിന്ദി, നീലപ്പൂക്കൾ നിറഞ്ഞ മൈതാനം- നിശ്ശൂന്യമാം മൈതാനപ്പരപ്പ് തുടങ്ങിയവ.

ജീവാത്മാവിന്റെ ആത്യന്തിക ലക്ഷ്യമായ പൂർണ്ണതയിലുള്ള ലയനമാണ് ഗോപിക സാക്ഷാത്കരിച്ചത്. ജീവിതലക്ഷ്യം സാധിച്ച ആ നിമിഷത്തിൽ ആകാശം താണുവരുന്നതായും ഭൂമി കുതിച്ചുചാടുന്നതായും താരങ്ങൾ ഒരു പിടിപൂവായും ഭൂമി കാൽക്കൽ കുതിക്കുന്നതായും തോന്നുന്നത് ആ സാക്ഷാത്കാരത്തിന്റെ ഔന്നത്യത്തിനു തെളിവാണ്. ആ മാത്ര അവൾക്ക് അവസാനിക്കുന്നേയില്ല. ''ഇപ്പോഴുമതേ മാത്ര! പിന്നെയില്ലല്ലോ കാലം'' എന്നാണവളുടെ വാക്കുകൾ.

ഒരു മാത്രയിലെ ദർശനം കൊ് ജീവിതപൂണ്യം നേടിയ മനുഷ്യാത്മാവിനെയാണ് കവിതയിൽ ആവിഷ്ക്കരിക്കുന്നത്.

**ഇനിയെന്തിനെപ്പറ്റിപ്പാടുവാൻ (1970)**

ഒറ്റത്തന്തിയുള്ള മണിവീണയേന്തി നിൽക്കുകയാണ് ഗായകൻ. ഉച്ചപൂജകഴിഞ്ഞു നടയടച്ച നേരം നിശബ്ദനായി നിന്ന് അപരിമേയമായ പ്രകൃതിയേയും പരമാത്മാവിനേയും കുറിച്ചോർക്കുന്നു. ഭൂമിയിലെ നൂറുമേനിയും കൊയ്യാനനുമതിയും. മിഴികളിൽ തെളിവും, കരളിൽ മധുവും, യുഗസഞ്ചയങ്ങൾ തൻപുണ്യമാം വീണയും നൽകി ഈ മഹാക്ഷേത്രത്തിനു മുന്നിൽ പാടാൻ നിർത്തിയത് ഒരു കാരുണ്യമൂർത്തിയാണ്. ആ ഗാനമൂർത്തി കുഞ്ഞിക്കിളിയുടെ ചുിൽ രാഗം നിറയ്ക്കുന്നു. മഴയെയും പുഴയെയും കാറ്റിനേയും തീയിനെയും പാടാൻ പഠിപ്പിക്കുന്നു. ഒരേ ശൈലിയിലും ഒരേ രാഗത്തിലും നാനാഭാവങ്ങളെയും വിവിധ രസങ്ങളെയും ഇണക്കിച്ചേർക്കുന്നു. വാനം അതിന് നീലിമയേകുന്നു. ചന്ദ്രൻ പീലിക്കണ്ണാകുന്നു. പ്രേമം ഗാനമാകുന്നു. സാന്ധ്യശോഭ പൊന്നാടയാകുന്നു. സൂര്യൻ മിഴിത്തിളക്കമാവുന്നു. ഖിന്നയായ ഇള രാധയാകുന്നു. അവളുടെ നീകണ്ണുകൾ ആനന്ദക്കണ്ണീരാൽ കൂമ്പിത്താഴുന്നു. ഈ വേളയിൽ ഇനിയെന്തിനെപ്പറ്റിപ്പാടേൂ എന്ന് ഗായകൻ ഖിന്നനാകുന്നു. നിന്റെ മഹാഗാനമേറ്റു പാടാനാവുന്ന കരളും നിൻ പ്രപഞ്ചത്തെ പുണരാനുള്ള കരങ്ങളും നിന്റെ മണിഗോപുരത്തിൻ കോണിൽ അല്പനേരം നില്ക്കാനുള്ള അനുവാദവും എനിക്കേകുകയെന്ന് അപേക്ഷിക്കുന്നു.

പ്രപഞ്ചത്തിൽ കണ്ണനെയും ഭൂമിയിൽ രാധയെയും ആരോപിച്ചിരിക്കുന്നു. ഒറ്റത്തന്തിയുള്ള വീണ ശരീരവും ഗാനം ആത്മാവുമാകുന്നു. മദ്ധ്യാഹ്നസൂര്യൻ

യൗവനവും വൃദ്ധതരു വാർദ്ധക്യവുമാണ്. പാടിയലയലെന്ന അനിവാര്യവിധിയനു ഭവിക്കുന്ന ജീവാത്മാവാണ് ഗായകൻ.

ഉദാത്തമായ പ്രകൃതിയുടെയും പ്രപഞ്ചത്തിന്റെയും മുന്നിൽ അമ്പരന്നു നിൽക്കുകയാണ് മനുഷ്യൻ. ഈ വിശ്വവേദിയിൽ ഈശ്വര മഹത്ത്വം അറിഞ്ഞും അനുഭവിച്ചും ജീവിച്ച് ദൂരവീഥിയിൽ മറയേവനാണവൻ. അതിനായല്പകാലം കൂടി അവൻ ആഗ്രഹിക്കുന്നു.

## എന്റെ മനസ്സിന്റെ പൊന്നമ്പലത്തിലും (1970)

സുഗതകുമാരിയുടെ കൃഷ്ണസങ്കല്പം ഏതാ് പൂർണ്ണമായും പ്രകടമാവുന്നു ്, ''എന്റെ മനസ്സിന്റെ പൊന്നമ്പലത്തിലും എന്ന കവിതയിൽ''.

മനസ്സാകുന്ന പൊന്നമ്പലം കത്തിയെരിയുന്നു. സർവ്വവും കത്തിനശിക്കുന്നു. കണ്ണീരുകൊത് കെടുത്തുകവയ്യ. കണ്ണനെച്ചെന്നെടുത്ത് ദൂരേയ്ക്കുപോകാൻ, കാളിന്ദിയിലെ നീലത്തിരകളോട് സഹായമഭ്യർത്ഥിക്കുന്നു. പൊന്നമ്പലം മുട്ടിത്തുറന്ന് കണ്ണനെ വിളിച്ചുകേഴുന്നു.

''കണ്ണ, നിൻ
പൂവൽമെയ് പേറി
യുഴറിയോടട്ടെ ഞാൻ''

പക്ഷേ കാരുണ്യമൂർത്തിയായ കണ്ണൻ ശിലാരൂപിയായിരിയ്ക്കുകയാണ്. ''ഞാനാണിതെന്നെ മറന്നുവോ'' എന്നവൾ ചോദിക്കുന്നു.

കവിതയുടെ അവസാനഭാഗത്ത് വ്യംഗ്യഭംഗിയിലല്ലാതെ വാച്യമായിത്തന്നെ കവയിത്രി പറയന്നു.

''കത്തുമീയമ്പല-
മെന്റെയിത്തുച്ഛമാം
മർത്ത്യജന്മം നീ-
യുയിരാണറിഞ്ഞുവോ
നാഥ യുഗയുഗാ-
ന്തങ്ങളായ് നിൻപ്രേമ
ചാതകിയായ് നിൻ
കഴലിണയൊന്നുതാൻ
തേടി നടന്നേൻ

യശോദയായ് രാധയായ്

കാതരയാം ഗോപ-

നാരിയായ് മീരയായ്''

ഓരോരോ കാലങ്ങളിൽ കൃഷ്ണന്റെ സ്നേഹാമൃതം നുകർന്നവരാണ് യശോദയും രാധയും ഗോപികമാരും മീരയും. ഏതേതു ഭാവങ്ങളിലാണോ അവർ ഭജിച്ചത് അതാതു ഭാവങ്ങളിലൂടെ അവർക്ക് നിർവ്വാണമേകി. യശോദ പുത്രഭാവ ത്തിലും രാധയും മീരയും പ്രണയത്തിലൂടെയും ഗോപികമാർ കാമവൈവശ്യത്തി ലൂടെയും കൃഷ്ണനെ സാക്ഷാത്കരിച്ചു. അതിന്റെ ഇങ്ങേത്തലക്കലെ, വർത്തമാന കാലത്തിലെ കണ്ണിയായി മാറുന്നു, കൃഷ്ണനെ പുൽകാൻ വെമ്പൽ പൂനിൽക്കുന്ന ഈ മനുഷ്യാത്മാവ്. അവർ കൃഷ്ണന്റെ അമ്മയായി സ്വയം സങ്കല്പിക്കുന്നു. കൃഷ്ണന്റെ ശരീരം ഒരു പൂവായി മാറ്റി, അതിനെയെടുക്കാൻ തന്റെ കൈകൾക്കു വിശുദ്ധി തരികെന്നു പ്രാർത്ഥിക്കുന്നു.

''കേളിയല്ലോ നിന-

ക്കീക്കൊടും നോവുമെൻ

ദേവ ഹാ! പാവ-

മെനിക്കിതു തീയുതാൻ''

എന്നു വിലപിക്കുന്നു.

ഈ കവിതയിൽ സുഗതകുമാരിയുടെ കൃഷ്ണസങ്കല്പം ഏതാ് പൂർണ്ണ മായും പ്രകടമാവുന്നു. വ്യംഗ്യത്തേക്കാളേറെ വാച്യമായാണ് കവിതയുടെ രചന. ''അമ്മ''യിലും ''കണ്ണന്റെ അമ്മ''യിലുമെന്നപോലെ കൃഷ്ണന്റെ അമ്മയുടെ സ്ഥാനത്താണ് കവയിത്രി നിൽക്കാനാഗ്രഹിക്കുന്നത്. രാധ/ഗോപിക എന്ന സങ്കല്പം വർത്തമാനകാലവുമായി ബന്ധിപ്പിക്കാൻ ഈ കവിതയിൽ ശ്രമിക്കുന്നു്. മേലുദ്ധരിച്ച കത്തുമിയമ്പല . . . എന്നു തുടങ്ങുന്ന വരികൾ ഇതു തെളിയിയ്ക്കു ന്നു.

**ശ്യാമരാധ (1971)**

വൈശാഖയാമിനിയിൽ കവയിത്രി രാധയുടെ മുഖം കാണുന്നു. ഒടു ങ്ങാത്ത ആരാധനയോടെ വൈശാഖയാമിനിയെ നോക്കുമ്പോൾ രാത്രിക്ക് രാധ യുടെ ഭാവപൂർണ്ണത കൈവരുന്നു. നാണിച്ചുകൊഞ്ചുന്ന ചിലമ്പും ശബളമായ നീലപ്പട്ടുപാവാടഞൊറികളും ചെമ്പകമാലയും കൈയിൽ പാൽക്കുടവും ആമ്പൽപ്പൂക്കളും കുറുനിരച്ചാർത്തും പുഞ്ചിരിയും കാണുന്നു. എന്നാൽ മിഴികൾ

ചെന്നെത്തിനില്ക്കുന്നത് അവളുടെ കൈയിലെ പീലിയിലാണ്. അതിനെ പ്രേമമായ്ക്ക് വന്ദിക്കുന്നു.

രാത്രിയിൽ രാധയുടെ രൂപം കല്പിച്ചിരിക്കുന്നു. പീലി നിത്യനൂതനമായ പ്രണയസങ്കല്പത്തിന്റെ പ്രതീകമാണ്. രാത്രിയിലൂടെ രാധയുമായി താദാത്മ്യം പ്രാപിക്കുകയാണ് കവയിത്രി. രാധയുടെ കൈയിലെ പീലി അവളുടെ മിഴികളുടെ ഏകലക്ഷ്യവും ജീവനും ജീവിതവും ജന്മപുണ്യവുമാണ്. താദാത്മ്യത്തിലൂടെ അത് തന്റേകൂടി ഭാവമാകുന്നു. ഏതൊരു ജീവാത്മാവിന്റേയും ഏകലക്ഷ്യം പൂർണ്ണതയുടെ പ്രതീകമായ പീലിത്തുമ്പാണ്. പ്രേമവും ദുഃഖവും ഒന്നുതന്നെയാണ്. എല്ലാം ആ പീലിത്തുമ്പിൽ സമർപ്പിക്കുന്നു.

**മറ്റൊരു രാധിക (1972)**

രാധയുടെ പ്രതിബിംബമാണ് മറ്റൊരു രാധികയിലെ നായിക. അവളുടെ ചിരിയിലും ഗാനത്തിലും ഒരു കരിനീലിമ ഒളിച്ചുകിടക്കുന്നു. അവൾ മൂടുപടംകൊ് ഉടൽ മൂടി, മണിച്ചിരി പെയ്യുന്ന ചിലങ്കയഴിച്ചെറിഞ്ഞ്, വളകൾ മുറുക്കി അതീവദൂരം രാവിലലയുന്നു. വസന്തം സുഗന്ധം പരത്തുന്ന ഏകാന്തനിശീഥിനിയിൽ നിറഞ്ഞ മിഴിയോടെ കണ്ണനെ വിളിച്ചുകേഴുന്നു. രാഗാവേശത്തോടെ കണ്ണനു മുന്നിൽ ആടിപ്പാടുന്നു. അവളുടെ അർദ്ധനിമീലിതമായ മിഴികൾ 'മിന്നലണിക്കരിനീലിമയാർന്ന' ഒരു നിഴലിനെ ഒളിപ്പിക്കുന്നു്. കൂടെയുള്ളവർ കുടം നിറച്ച് താന്താങ്ങളുടെ മൺകുടിലിലേയ്ക്ക് തിരിച്ചുപോയിട്ടും പായൽപൊതിഞ്ഞു തണുത്തു കിടന്ന സരസ്സിന്റെയോരത്തിൽ അവൾ ചാരിയിരിക്കുന്നു. വനതീരം മെല്ലെയിരുളുമ്പോൾ അവളുടെ മൺകുടം ദൂരേയ്ക്ക് ഒഴുകിപ്പോവുന്നു.

മറ്റൊരു രാധികയായി സ്വയം വിശേഷിപ്പിക്കുന്ന നായിക സ്നേഹനിരാസമനുഭവിക്കുന്ന ഇന്ത്യൻ സ്ത്രീത്വത്തിന്റെ സൂചകമായി വർത്തിക്കുന്നു. അവളുടെ ശരീരത്തിലും മനസ്സിലും നിറയുന്നത് അനാദിയായ കൃഷ്ണചൈതന്യം തന്നെ. ''നാമിക്കുളിർകടവിൽ ജലം കോരാനായ് വന്നവർ'' എന്ന വരിയിൽ ഇഹലോകജീവിതത്തിന്റെ സൂചനയു്. കുടം ആത്മാവിന്റെ പ്രതീകമാവുന്നു. പലരും വന്ന് കുടത്തിൽ ജലം നിറച്ച് അവരവരുടെ മൺകുടിലിലേയ്ക്ക് തിരിച്ചുപോവുന്നു. ഭൗതികസുഖങ്ങളെക്കൊു കുടം നിറയ്ക്കുന്നവർ എത്തിച്ചേരുന്ന മൺകുടിൽ ശരീരത്തിന്റെ സൂചനയാണ്. നായിക ഒറ്റക്കുയിലിന്റെ ഗാനത്തിനു കാതോർത്തിരിക്കുന്നു. കാതോർത്താൽ മാത്രം കേൾക്കുന്ന കുയിൽ നാദം മുരളീരവമാണ്. അനന്തമായ ഘനശ്യാമ നീലിമയിലേയ്ക്ക് ഒഴുകുന്ന ആത്മാവാകുന്ന കുടം നിറയാത്തതാ

ണ്. അപൂർണ്ണമായ ജീവാത്മാവിനെ സൂചിപ്പിക്കാൻ ഒഴിഞ്ഞ കുടം ഏറ്റവും ഉചിതമാകുന്നു.

''തീരേ ദരിദ്രമെൻ നാട്ടിലേയെതൊരു
നാരിയും രാധികയല്ലിയുള്ളിൽ''

(ഒരു വൃന്ദാവനരംഗം)

എന്ന ആശയം ഇവിടെ ആവർത്തിക്കുന്നു. ഒരു കാണാനിഴലിനെ പ്രതീക്ഷിക്കുന്ന മനസ്സ് എന്നും ഒരു ഭാരതസ്ത്രീയിലു്. അത് കൃഷ്ണരൂപം തന്നെ. മകനായും കാമുകനായും രക്ഷകനായും സുഹൃത്തായും സഹോദരനായും അവൾ കൃഷ്ണസങ്കല്പം സ്വീകരിക്കുന്നു. ശരീരമാകുന്ന മൺകുടിൽ ഏതുനിമിഷവും തകർന്നുപോകാം. നായിക ആ മൺകുടിലിലെ വാസം ആഗ്രഹിക്കുന്നില്ല. അനന്തതയിൽനിന്നുമുയരുന്ന നിത്യതയുടെ നാദത്തിനായി കാത്തിരിക്കുന്നു. പൂർണ്ണതയെ തേടുന്ന അപൂർണ്ണാത്മാവിന്റെ ചിത്രമാണ് 'മറ്റൊരു രാധിക' എന്ന കവിത.

**മറവിയിൽനിന്നും (1976)**

ഒരു ബാല്യകാലസ്മൃതി മറവിയിൽനിന്നുമുണർന്നെണീക്കുകയാണ് ഈ കവിതയിൽ. കാലമിത്ര കഴിഞ്ഞിട്ടും ഒരു ദൃശ്യം മാത്രം മായാതെ എന്തിന് വീം സ്മൃതിയിലുയരുന്നുവെന്ന് കവയിത്രി ശങ്കിക്കുന്നു. കണ്ണനായ്ച്ചമഞ്ഞ ദിനമാണ് ഓർമ്മയിൽ മായാതെ നിൽക്കുന്നത്.

കദളിപ്പൂവിതൾ തിലകമായ് ചാർത്തി, മുടിക്കെട്ടിൽ പിച്ചിപ്പൂങ്കുലകൾ ചൂടി, കുറുമൊഴിമാല കഴുത്തിലിട്ട്, കൈയിൽ പച്ചോല വളയണിഞ്ഞ്, അയയിലെ മുഷിഞ്ഞ സാരി മഞ്ഞപ്പട്ടുടയാടയാക്കി, പ്ലാവിലക്കിരീടവും അതിലൊരു പീലിയും കുത്തി അടുക്കളയിലെ കുഴലുമേന്തിക്കൊ് കണ്ണനായ് ചമഞ്ഞെത്തുകയാണ് കുട്ടി. കണ്ണനോടുള്ള വാത്സല്യം പ്രതീക്ഷിച്ചുനിന്ന കുട്ടിയെ 'ഇത് സർക്കസിലെ കോമാളിയോ' എന്നെല്ലാവരും പരിഹസിച്ചു. ഞാൻ കണ്ണനാണ് കോമാളിയല്ല എന്നു പറയാൻ ശ്രമിച്ചെങ്കിലും കഴിയാതെ ചമയങ്ങൾ അഴിച്ചെറിഞ്ഞ് കുട്ടി അകത്തേയ്ക്കോടി. അപ്പോൾ കൊഴിഞ്ഞു വീണ പീലി മാത്രം കയ്യിലെടുക്കുന്നു.

ഭാരതീയ ജനതയുടെ പ്രതീകമാണ് കുട്ടി. അവരിൽ ഏതു മറവിയിലും ഒരു പീലിത്തുമ്പ് മായാതെ നില്ക്കുന്നു. ഭാരതീയ ചേതനയിൽ, നിറഞ്ഞുനില്ക്കുന്ന കൃഷ്ണചൈതന്യം തന്നെയാണ് പീലിത്തുമ്പ്.

ബാലഭാവന താദാത്മ്യസങ്കല്പത്തിൽ അഭിരമിക്കുന്നു്. മുതിർന്നവരുമായി താദാത്മ്യം പ്രാപിച്ചുകൊള്ള ബാലലീലകൾ സാധാരണമാണ്. ഇവിടെ കുട്ടി കണ്ണനോടാണ് സ്വയം താദാത്മ്യപ്പെടുത്തുന്നത്. മഞ്ഞപ്പട്ടും മയിൽപ്പീലിയുമണിഞ്ഞ ദിവ്യകൈശോരരൂപമാണ് തനിക്ക് അനുകരിക്കാവുന്നതിൽ ഏറ്റവും ഉന്നതമെന്ന് കുട്ടിയുടെ അബോധചേതന തിരിച്ചറിയുന്നു്. ഇന്ത്യൻ ജനതയുടെ സാംസ്ക്കാരിക സവിശേഷതയാണിത്.

## കൃഷ്ണ, നീയെന്നെയറിയില്ല (1977)

സുഗതകുമാരിയുടെ കവിതകളിൽ സവിശേഷ ശ്രദ്ധയർഹിക്കുന്ന കൃതിയാണ് കൃഷ്ണ, നീയെന്നെയറിയില്ല. കൃഷ്ണന്റെ ആരാധികയായി ഗോപിക സ്വയം പരിചയപ്പെടുത്തുന്നു, ഞാൻ അമ്പാടിയിലെ മൺകുടിലിൽ ജീവിക്കുന്ന ഒരു പാവം! നീയെന്നെയറിയില്ല. കാരണം തിളങ്ങുന്ന വസ്ത്രങ്ങളണിഞ്ഞ്, അരയിൽ കുടവുമായ് ജലമെടുക്കാനെന്ന മട്ടിൽ ഞാൻ നിന്റെ മുൻപിൽ വന്നിട്ടില്ല, നദീ ജലത്തിൽ പാതി ദേഹം മറച്ച് വിറപൂ, നാണിച്ച് ഞാൻ ഉടയാടയ്ക്കായി കൈനീട്ടിയിട്ടില്ല. നിന്റെ ഓടക്കുഴൽ നാദം കേട്ട് വീട്ടുവേലയും ഉടുചേലയും ശ്രദ്ധിക്കാതെ എല്ലാം മറന്നോടിയെത്തിയവരുടെ കൂട്ടത്തിൽ ഞാനുായിരുന്നില്ല. നിന്നോടൊപ്പം ആടിയുലഞ്ഞ ഗോപസുന്ദരിമാരുടെ കൂട്ടത്തിലും ഞാനുായിരുന്നില്ല. നിന്നെ കാത്ത് ഞാൻ വള്ളിക്കുടിലുകളിൽ ഒരുങ്ങിയിരുന്നില്ല. എന്റെ സങ്കടങ്ങൾ ഒരു തോഴിയും നിന്നോടുവന്നു പറഞ്ഞിട്ടില്ല. നിന്റെ ഓടക്കുഴൽ നാദം കേട്ടപ്പോൾ ഞാനെന്റെ പാഴ്ക്കുടിലിന്റെ വാതിലടച്ച് തഴുതിട്ടു.

ഈ ഗോപികയ്ക്ക് വെറുമൊരു നോട്ടത്തിലൂടെ പ്രണയസാഫല്യം നേടാനാവുന്നു. അക്രൂരരഥം കൃഷ്ണനെ വഹിച്ചുപോകുമ്പോൾ ഗോകുലം മുഴുവൻ കരയുകയായിരുന്നു. ഗോപികയാവട്ടെ കരയാനുമാവാതെ ശിലപോലുറഞ്ഞുപോയിരുന്നു. രഥം ഒരു മാത്ര അവളുടെ കുടിലിനു മുന്നിൽ നിൽക്കുന്നു. കാരുണ്യാർദ്രമായ മിഴികൾ അവളുടെ നേർക്കു ചായുന്നു. കൃഷ്ണ, നീയറിയുമോ എന്നെ! എന്നവൾ അദ്ഭുതപ്പെടുന്നു.

കൃഷ്ണ, നീയെന്നെയറിയില്ല എന്ന കവിത വ്യത്യസ്തതലങ്ങളിൽ വെച്ച് അപഗ്രഥിക്കപ്പെടാവുന്നതാണ്. പ്രണയത്തിന്റെ മുഗ്ദ്ധവും ശാലീനവും സൗമ്യവും കുലീനവുമായ ഒരു ഭാവം ഇതിൽ ദർശിക്കാം. രാധ സുഗതകുമാരിക്കവിതകളിലെ നിറഞ്ഞ സാന്നിദ്ധ്യമാണ്. രാധയുടെ ഛായ ഗോപികയിൽ കാണാം. തന്റെ പാഴ്ക്കുടിലിന്റെ വാതിലടച്ചു തഴുതിടുന്ന ഗോപിക തന്റെ ഹൃദയത്തിന്റെ വാതിലുകൾ കൂടിയാണ് അടയ്ക്കുന്നത്. അതിതീവ്രമായ തന്റെ അനുരാഗം കൃഷ്ണനറി

ഞ്ഞെങ്കിൽ എന്നാഗ്രഹിക്കുമ്പോഴും ആരാധ്യദേവനെത്തേടി അഭിമാനധീരയായ അവൾ ഒരിക്കലും ചെല്ലുന്നില്ല. അതേസമയം കൃഷ്ണസാമീപ്യത്തിൽനിന്ന് അവളുടെ മനസ്സ് അകലുന്നുമില്ല. അസാന്നിദ്ധ്യത്തിലൂടെ തന്റെ സാന്നിദ്ധ്യമറിയിക്കാൻ ഗോപികയ്ക്ക് കഴിയുന്നു. ഒടുവിൽ ഗോപികയുടെ കാത്തിരിപ്പ് സഫലമായി.

''ഒരു ശിലാബിംബമായ് മാറി ഞാൻ മിണ്ടാതെ
കരയാതനങ്ങാതിരിക്കേ
അറിയില്ലയെന്നെ നീ
യെങ്കിലും കൃഷ്ണനിൻ
.............................................
.............................................
കൃഷ്ണ നീയറിയുമോ എന്നെ''

എന്നവൾ അമ്പരന്നു.

സാക്ഷാത്കാരാതീതമായ പ്രേമത്തിന്റെ കാന്തിമത്തായ ആവിഷ്ക്കാരമാണ് ഈ കവിത. ഈ ഗോപികയുടെ നിഗൂഢപ്രേമം മാനുഷികസത്തയുടെ ഒരു മുഖം തന്നെയാണ്. ഈ കവിതയെക്കുറിച്ചവർ പറയുന്നു–''പൂർണ്ണതയുടെ പ്രതീകമാണ് കൃഷ്ണൻ. നമ്മളോ ഈ പൂർണ്ണതയ്ക്കുനേരെ കൈനീട്ടുന്ന അപൂർണ്ണതയുടെ സന്തതികളും. നിത്യവും സത്യവും പരമാനന്ദവുമായ ആ സത്തയ്ക്ക് വിവിധ മുഖങ്ങളുള്. പ്രേമത്തിന്റെ മുഖം, ശാന്തിയുടെ മുഖം, ആഹ്ലാദത്തിന്റെ മുഖം, ധർമത്തിന്റെ മുഖം, പ്രപഞ്ച സൗന്ദര്യത്തിന്റെ മുഖം, ഇവയുടെയെല്ലാം നേരെ കൈനീട്ടുന്നുവെങ്കിലും ഒന്നും കിട്ടാതെയുഴലുന്ന മനുഷ്യഹൃദയങ്ങളേറെയ്. അവരുടെ ജീവിതം വരുകിടക്കുന്നു. ഒരിറ്റു മഴപോലും വീഴാത്ത മരുഭൂമി. എങ്കിലും ഏതു മരുഭൂമിയ്ക്കും മിന്നലണിഞ്ഞ കാർമേഘത്തെ സ്വപ്നം കാണാനവകാശമുല്ലോ. ആ വിധത്തിലുള്ള ഒരു കവിതയാണ് കൃഷ്ണ നീയെന്നെയറിയില്ല.''[2]

ഗീതഗോവിന്ദം കവയിത്രിയെ ഏറെ സ്വാധീനിച്ചിരിക്കണം. ഈ സ്വാധീനത്തിന്റെ തെളിവുകൾ പല കവിതകളിലും കാണുന്നു്. അഭിമാനിനിയായ രാധ പ്രണയാതുരയെങ്കിലും കൃഷ്ണനെത്തേടി യമുനാതീരത്തെത്തുന്നില്ല. അജ്ഞാതയായ ഗോപികയും ഒരിക്കലും കൃഷ്ണന്റെയരികിലണയുന്നില്ല. നീലചന്ദ്രനായ കൃഷ്ണന്റേയും പൂ പൊഴിയുമാറ് നൃത്തം ചെയ്യുന്ന ഗോപികളുടേയും ചിത്രം ഗീതഗോവിന്ദത്തിന്റെ സ്വാധീനം ഉൾക്കൊള്ളുന്നു. ഇത് ഈ അദ്ധ്യായത്തിലെ ഏഴാം ഖണ്ഡത്തിൽ വിശദമാക്കുന്നു്.

---

2 സർഗസമീക്ഷ, അക്ബർ കക്കട്ടിൽ, (കോട്ടയം: ഡി.സി. ബുക്സ്, 1993), പുറം.271.

### ഒരു വൃന്ദാവനരംഗം (1980)

മനോഹരമായ ഒരു ദൃശ്യത്തിന്റെ ആവിഷ്ക്കാരമാണ് 'ഒരു വൃന്ദാവന രംഗം'. കടമ്പിന്റെ കൊമ്പിൽ കാൽ തൂക്കിയിട്ടിരിക്കുന്ന രാധയുടെ കാലിൽ കണ്ണൻ ചിത്രം വരയ്ക്കുന്നു. ആ ദൃശ്യം ക രോമാഞ്ചത്താൽ കടമ്പുമരം അടിമുടി പൂക്കുന്നു. രാധയുടെ മിഴികൾ കൂമ്പി ശരീരം വിറച്ചു. ചിത്രം തെറ്റിച്ച പരിഭവത്തോടെ മിഴി ചുളിച്ച് കണ്ണൻ പരിഭവിച്ചു. ഇതെല്ലാം ക് കാളിന്ദി പുഞ്ചിരിച്ചു.

ഇവിടെ നിന്നും കവിത മറ്റൊരു മാനത്തിലെത്തുന്നു. ഈ രാധികതന്നെയാണ് ഏതൊരു ഭാരതനാരിയുടെയുമുള്ളിലുള്ളത്. അവൾ സങ്കല്പത്തിൽ കണ്ണന്റെ തോളിൽ ചാരി കോലക്കുഴൽ പഠിക്കുന്നു. കണ്ണനെത്തേടിയലയുന്നു. സൂര്യനെ ചുറ്റുന്ന ഭൂമിയെപ്പോലെ കൃഷ്ണസങ്കല്പത്തിനു ചുറ്റും പ്രദക്ഷിണം വയ്ക്കുന്നു.

കവിതയിൽ ബിംബകല്പനകൾ ഉൾക്കൊള്ളിയ്ക്കുന്നില്ല. തികച്ചും വാച്യമാണിതിലെ പ്രതിപാദ്യം. 'ഈ രാധയുള്ളിൽ പ്രതിഷ്ഠിതമാകയാൽ/തീരാത്ത തേടലാണിന്നു ജന്മം' എന്ന് കവിതയുടെ ആശയം അവസാന വരികളായി കൊടുത്തിരിക്കുന്നു.

കൃഷ്ണസങ്കല്പം ആവിഷ്ക്കരിക്കുമ്പോൾ കവയിത്രി സ്വയം പല ഭാവങ്ങളും സ്വീകരിക്കുന്നു. അതിൽ രാധയുടെ ഭാവത്തിനാണ് പ്രാധാന്യം. രാധയെ പൗരാണിക സങ്കല്പത്തിൽ നിന്നടർത്തിമാറ്റി വർത്തമാനകാലത്തിൽ പ്രതിഷ്ഠിക്കാൻ കവയിത്രി മടിക്കുന്നില്ല. ഈ തന്ത്രം പല കവിതകളിലും ഉപയോഗപ്പെടുത്തുന്നു്.

> ''തീരെ ദരിദ്രമെൻ നാട്ടിലേയേതൊരു
> നാരിയും രാധികയല്ലിയുള്ളിൽ
> കാൽക്കലിരിക്കുന്ന കണ്ണന്റെ തൃക്കരം
> കാലിൽ ചുവപ്പുചേർക്കുന്ന രാധ
> ആ വലം തോളത്തു ചാരിനിന്നൊപ്പമായ്
> കോലക്കുഴൽ പഠിക്കുന്ന രാധ
> കണ്ണീരണിഞ്ഞ, മിഴിയുമായ് കാണാത്ത
> കണ്ണനെത്തേടി നടന്ന രാധ
> ആമയമാറ്റുമസ്സൂര്യനെപ്പാവമീ
> ഭൂമിയെപ്പോൽ വലംവച്ച രാധ
> ഈ രാധയുള്ളിൽ പ്രതിഷ്ഠിതമാകയാൽ

തീരാത്ത തേടലാകുന്നു ജന്മം''

എന്ന വരികളിൽ ഈ ഭാവം വ്യക്തമാണ്. ഇതേ ആശയം 'രാധയെവിടെ' എന്ന ഖണ്ഡകാവ്യത്തിൽ കൂടുതൽ വിശദമാക്കുന്നു്.

**വഴിയമ്പലത്തിലെ പാട്ട് (1981)**

ശ്യാമസുന്ദരനുവേി മീര പാടിക്കൊിരിക്കുന്നു. ആ പാട്ടിൽ മഴയും ഇടിയും ഇരുളിലെ ഏകാന്തതയും പ്രിയപ്പെട്ടവൻ നീട്ടിയ വിഷപ്പാത്രവും ''മീരയ്ക്ക് ഒരു പ ാട്ടു മാത്രമേ പാടാനറിയൂ'' എന്ന ആരോപണവും മറക്കാൻ അവൾക്ക് കഴിയും. ഇരുളിന്റെ കാളിമ അവളെ ഭയപ്പെടുത്തുന്നില്ല. അതവളിൽ ശ്യാമവർണ്ണമായലിയു ന്നു. മീര വഴിയമ്പലത്തിളവേല്ക്കേ,

''ഒരു പിടിയിരുട്ടുമായ്
ഒരു മണിച്ചിരിയുമായ്
പിറകിലിടിവെട്ടുമായ്
മാരിവന്നൂ''

അതവളെ ഭയപ്പെടുത്തുന്നില്ല. പാടിക്കൊിരിക്കയാണവൾ. ശ്യാമസുന്ദരനോട് ''ഈ ജന്മമേതാക്കിടുന്നതോ പത്ഥ്യം?'' എന്നാണ് മീരയുടെ ചോദ്യം. നീയാകുന്ന ശ്യാമസംഗീതം എന്നുള്ളിൽ വാഴുമ്പോൾ മൃത്യുപോലും തന്നെത്തൊടില്ലെന്നവൾ ഉറപ്പാക്കുന്നു.

മീരയിലൂടെയാണ് ഈ കവിതയിൽ കവയിത്രി തന്റെ പ്രണയസങ്കല്പം അവതരിപ്പിക്കുന്നത്. ഇരുട്ടും ഇടിമിന്നലും മഴയും മീരയ്ക്ക് കൃഷ്ണസാമീപ്യമാണ്. എണ്ണമില്ലാത്ത ജന്മങ്ങൾ താി കണ്ണീർപ്പുഴയിലൊലിച്ചെത്തുന്നവർ നീലസമുദ്രത്തിൽ വിലയം പ്രാപിക്കുന്നു. നദി ജീവാത്മാവിന്റേയും നീലസമുദ്രം പരമാത്മാവിന്റേയും പ്രതീകമാണ്. ഉള്ളിൽ വാഴുന്ന ശ്യാമസംഗീതം കൃഷ്ണപ്രണയം തന്നെ. മരണം മീരയ്ക്ക് കണ്ണനിലുള്ള ലയനമാണ്. അതുകൊു തന്നെ മരണത്തിനവളെ തോല്പിക്കുകവയ്യ.

നിസ്വാർത്ഥ പ്രേമത്തിലൂടെ, ഭക്തിയിലൂടെ, മനുഷ്യമനസ്സുകൾക്ക് അവാച്യമായ ശാന്തിയും ആനന്ദവും പകർന്നുകൊടുത്തവളാണ് മീര. മീരയുടെ ഭജന കീർത്തനങ്ങൾ പ്രസിദ്ധമാണ്. ഗിരിധാരിയായ കൃഷ്ണനെക്കുറിച്ചുമാത്രമാണവൾ പാടിയത്. കേവലഭക്തി എന്നതിൽ നിന്നും കുറെക്കൂടി ഉന്നതമായ മധുരഭക്തിയുടെ തലത്തിലാണ് മീരയുടെ ഭക്തിക്ക് സ്ഥാനം നൽകേത്.

''ഒരു കാട്ടു പൂവോ?
മയിൽപീലിയോ? വെണ്ണ-
യുരുളയോ പാഴ്മുളം തണ്ടോ
കാതരം തെല്ലുകല്ലവിലോ?
പ്രഭോ! ചൊല്ലു-
കേതാക്കിടേണമീജന്മം''?

എന്ന മീരയുടെ ചോദ്യത്തിൽ തെളിയുന്നത് കൃഷ്ണനു മുന്നിൽ സമ്പൂർണ്ണ സമർപ്പണം നടത്താൻ തയ്യാറാകുന്ന പ്രണയിനിയുടെ മനസ്സാണ്.

''എന്തിനെഴുതുന്നു പാടുന്നു
ഞാൻ; അന്യമാം
സംഗീതമൊന്നിതല്ലാതെ''

എന്ന അവസാനവരികളിൽ കവയിത്രി മീരയുമായി താദാത്മ്യം പ്രാപിക്കുന്നു. അങ്ങനെ മീര വർത്തമാനകാലസമൂഹത്തിലെത്തിനില്ക്കുന്നു. 'അമൃതമായ പ്രേമം തേടിയുഴലുന്ന മനസ്സ്' മീരയിലും വർത്തമാനകാലസ്ത്രീയിലും ഒന്നുതന്നെ!

**ഒരു സ്വപ്നം (1985)**

നിലവിളക്കു കൊളുത്തിവച്ച മുറിയിൽ വെളുത്ത പട്ടുതൊട്ടിൽ പതുക്കെയാടുന്നു. ഉറങ്ങുന്ന പൈതലിനെ കാണാൻ വയ്യ. എങ്കിലും ആ കുഞ്ഞ് ഏതാണെന്നു തിരിച്ചറിയാം. തൊട്ടിലിനു താഴെ മയിൽപ്പീലിയുണ്ട്. തൊട്ടിൽ തഴുകിയെത്തുന്ന കാറ്റിന് ഹരിചന്ദനഗന്ധമുണ്ട്. തൊട്ടിലിൽ നിന്നു പുറത്തുകാണുന്ന കുഞ്ഞിക്കാലിന് ഇരു നീലമേഘത്തിന്റെ നിറമാണ്. അതിൽ പൊൻതളയുടെ തിളക്കമുണ്ട്. തിരിച്ചറിഞ്ഞാലും അടുത്തുചെല്ലുകവയ്യ. ജനാലയ്ക്കു പുറത്തുകാത്തു നിൽക്കാനേ കഴിയൂ.

കവിതയിൽ ധാരാളം ബിംബകല്പനകളുണ്ട്. നിലവിളക്ക്, മയിൽപീലി, ഹരിചന്ദനഗന്ധം, നീലമേഘം പോലുള്ള ഉണ്ണിക്കാൽ, ജനാല, ഉറങ്ങുന്ന പൈതൽ തുടങ്ങിയവ ഉദാഹരണങ്ങൾ. നിലവിളക്ക്, പ്രത്യാശയുടേയും മയിൽപീലിയും ചന്ദനഗന്ധവും, കൃഷ്ണചൈതന്യത്തിന്റെയും ഉണ്ണിക്കാൽ, അപൂർണ്ണതയുടേയും പൈതൽ, പൂർണ്ണതയുടേയും ജനാല, തരണം ചെയ്യേ ജീവിതത്തിന്റേയും പ്രതീകങ്ങളാണ്.

''ജനാലയ്ക്ക്, ജന്മങ്ങൾക്കു
പുറത്തു ഞാൻ വ്യഥ പൂ

കാത്തുനിൽക്കുന്നൂ''

എന്നു പറയുമ്പോൾ ഇനിയും പൂർണ്ണത പ്രാപിക്കാനാവാത്ത അപൂർണ്ണസ്വത്വത്തെ കാണുന്നു. കാണുന്നത് അപൂർണ്ണതയുടെ പ്രതീകമായ കുഞ്ഞിക്കാൽ മാത്രമാണ്. ഏറെ ജന്മങ്ങൾക്കപ്പുറം തനിക്കു പ്രാപിക്കാൻ കഴിയുമെന്നു പ്രത്യാശിക്കുന്ന മോക്ഷത്തിനായി മനുഷ്യാത്മാവ് ക്ഷമയോടെ കാത്തുനിൽക്കുന്നു.

മാതൃഭാവത്തിലുള്ള ഭക്തി, പൂർണ്ണതാത്വര എന്നിവ കവിതയിൽ പ്രകടമാണ്.

**മഴത്തുള്ളി (1985)**

ഉച്ചവെയ്ലേറ്റു പൊരിയുന്ന പെൺകുട്ടിയും ജലം കൊു പോകുന്ന കറുമ്പി പ്പെണ്ണും ജീവാത്മാവിനെ സൂചിപ്പിക്കുന്നു. തിരിഞ്ഞുനോക്കുമ്പോൾ കേൾക്കാതാവുന്ന ഓടക്കുഴൽ നാദം പരമാത്മാവിന്റേതാണ്. ഉച്ചവെയിൽ ഇഹലോകജീവിത ദുരിതങ്ങളാണ്; മഴത്തുള്ളി അപൂർവ്വമായി കിട്ടുന്ന ഈശ്വരീയാനന്ദവും.

ഉച്ചവെയിലിലെ പെൺകുട്ടിയും കറുമ്പിയായ മേഘവും കേൾക്കുന്ന കുഴൽവിളി ലീലാനാടകസൂത്രധാരനായ കൃഷ്ണന്റേതല്ലാതെ മറ്റൊരാളുടേതുമല്ല. അവൻ ഓടക്കുഴൽ നാദം കൊ് ജീവാത്മാക്കളെ ലീലകളാടിച്ചുകൊയേിരിക്കുന്നു. ഈ നാടകം എന്നോ തുടങ്ങിയതാണ്. ആ ഓടക്കുഴൽ വിളിയിൽ മുഗ്ദ്ധരായി തിരിഞ്ഞുനോക്കുമ്പോൾ, അപ്രത്യക്ഷമാകുന്ന കൃഷ്ണൻ ഭൗതിക ജീവിതത്തിന്റെ ബന്ധനങ്ങൾക്കിടയിൽനിന്നുകൊ് സാക്ഷാത്കരിക്കാൻ സാധാരണക്കാർക്ക് പ്രയാസമായ പരമാത്മാവിന്റെ രൂപമാകുന്നു. ഓടക്കുഴൽ നാദത്തിൽ ആകൃഷ്ടരായി ജീവാത്മാക്കൾ അലഞ്ഞുകൊിരിക്കുന്നു. പരമാത്മാവിലണയാനുള്ള ജീവാത്മാവിന്റെ വെമ്പലോടെ.

**നൈവേദ്യം (1986)**

ഉള്ളിലൊരു തുള വീഴുമ്പോൾ അതിലൂടെ പാട്ടിന്റെ തുള്ളികൾ ഊറി വീഴുന്നു. അതിനു കയ്പും മധുരവുമു്. നീലിച്ച വുതുളച്ചതാണാ തുള. അതിലൂടെയൂറുന്ന പാട്ട് ദുഃഖത്തിന്റേതാണ്. ഇഷ്ടദേവനുള്ള നൈവേദ്യമാണത്.

പാട്ട്, മധു, നിലച്ചവ്, കവർപ്പിന്റെ കവിത തുടങ്ങി പല ബിംബകല്പനകളും കവയിത്രി ഉപയോഗിക്കുന്നു. ഉള്ളിൽവീഴുന്ന തുള വർത്തമാനകാലത്തിന്റെ മുറിവുകളാവാം. നീലച്ചവ് കൃഷ്ണൻ തന്നെ. കൃഷ്ണപ്രേമത്തെക്കുറിക്കുന്നതാണ് പാട്ട്. ആ പ്രേമഗാനത്തിൽ മധുരവും കയ്പുമു്. മധുരം പ്രതീക്ഷയുടേയും കയ്പ് നിരാസത്തിന്റെയും സൂചകങ്ങളാണ്.

ഉള്ളിലുണരുന്ന പ്രണയവും അതിന്റെ നീറ്റലും കയ്പും മധുരവും ഇതെല്ലാം നിറഞ്ഞ കവിതയും കൃഷ്ണനുമുന്നിൽ സമർപ്പിക്കുകയാണ് കവയിത്രി.

**ഒരു ദർശനം (1986)**

കൃഷ്ണസങ്കല്പത്തോടൊപ്പം പ്രകൃതിദർശനം കൂടി ഉൾക്കൊള്ളുന്നതാണീ കവിത. ഘനീഭൂതമായ മഹാസാഗരംപോലെ സഹ്യൻ മൂകഗംഭീരമായി നിലകൊള്ളുന്നു. കാൽക്കൽ ഇളം ചോപ്പുപട്ടാടചാർത്തി സന്ധ്യയിരിക്കുന്നു. നദികൾ പൂമാലയായും മഴ ചാമരമായും മാറുന്നു. ഇടയ്ക്ക് തീമിന്നൽ പാളുന്നു. മുകിൽച്ചാർത്ത് കുടപ്പത്തിയായാടുന്നു. നിലാപ്പക്ഷി പാടുന്നു. വിണ്ണിൻ നടയ്ക്കൽ കൊടിക്കൂറ പാടുന്നു. ഈ ഗംഭീരദൃശ്യത്തിനുമുന്നിൽ എല്ലാം കൈകൂപ്പി നിൽക്കുന്നു. മണ്ണിൽ നിൽക്കുന്ന മുളംചില്ല തുളകളിലൂടെ ഗാനമുതിർത്തു.

ഈ ദർശനം ഭാഗ്യം എന്നു കരുതുമ്പോഴും എന്തേയിതപൂർണ്ണമാവാൻ എന്നു മനസ്സന്വേഷിക്കുന്നു. ജലാർദ്രവും സൗമ്യശോഭവുമായ അമ്മയുടെ രൂപം കാണാത്തതാണ് അപൂർണ്ണതയ്ക്കു കാരണമെന്നറിയുന്നു. ദൂരെ മൺചെരാതു കെടാതെ കാത്ത് മുഖം താഴ്ത്തിത്തളർന്ന് മേനി വിറച്ചുനിൽക്കുന്ന അമ്മയെ കാണുന്നു. ഭാരം പൊറുക്കാതെ നിൽക്കയാണമ്മ. ആരോടും പരിഭവമില്ല. ''വിളിക്കുമ്പോഴൊക്കെയും പലേ മട്ടിലെത്തിത്തുണയ്ക്കുന്ന തൃക്കൈ''കളെ അഭയം പ്രാപിച്ചില്ല. കാരണം അമ്മ വിളിച്ചാൽ ആ ശക്തി കടക്കണ്ണു ചോപ്പിച്ചെണീയ്ക്കും. വലം കൈയിൽ ഖഡ്ഗം ജ്വലിയ്ക്കും. കുളമ്പൊച്ച വിശ്വം നടുക്കും. സൂര്യൻ ആകാശം വിട്ടു താഴെപ്പതിയ്ക്കും. ഉണർത്താതെ, കണ്ണീരൊഴുക്കാതെ എല്ലാം പൊറുക്കാനപേക്ഷിച്ചുകൊ് കഴൽച്ചോട്ടിലിരുന്ന് പതുക്കെത്തലോടി ക്രോധം ശമിപ്പിക്കാൻ മക്കൾ അപേക്ഷിക്കുന്നു. ഒപ്പം ''അമ്മേ അകന്നു നിൽക്കരുതേ. ആ കാൽക്കലാണ് മക്കൾക്കു വേതെല്ലാം. പുത്രാർജ്ജിതമായ പാപതാപങ്ങളും മഹാദുഃഖഭാരവും ആ കാൽക്കൽ സമർപ്പിക്കുക. മറുത്തൊരു മാർഗ്ഗമില്ല'' എന്നും പറയുന്നു. ഇത് മുളന്തും മരക്കൂട്ടവും ഏറ്റുപാടുന്നു.

ആസന്നമായ സർവ്വവിനാശത്തിന്റെ സൂചനയിതിലു്. സഹ്യനും സന്ധ്യയും തിങ്കളും നദികളും പ്രകൃതിയെ സൂചിപ്പിക്കുന്നു. പ്രകൃതിയുടെ ഗംഭീരഭാവത്തിന്റെ ദർശനം മഹാഭാഗ്യം തന്നെ. പക്ഷേ അമ്മയുടെ- ഭൂമിദേവിയുടെ അസാന്നിദ്ധ്യത്താൽ ഈ ദൃശ്യം അപൂർണ്ണമാകുന്നു. ഒരു മൺചെരാത്- അത് ഭൂമിയിലെ ജീവൻ തന്നെ- അണയാതെ കാക്കുകയാണമ്മ. മക്കൾക്കു വേുന്നതെല്ലാം അമ്മയിലു് എന്നാൽ മക്കൾ അമ്മയ്ക്കു നൽകുന്നത് ദുഃഖഭാരം മാത്രമാണ്.

ദുഷ്ടനിഗ്രഹം ചെയ്ത് ഭൂഭാരം കുറയ്ക്കുകയെന്നത് കൃഷ്ണാവതാരത്തിന്റെ ലക്ഷ്യമായിരുന്നു. എന്നും ഭൂമിയുടെ കണ്ണീരിനു മുന്നിൽ വിഷ്ണുദർശനം കിട്ടിയിരുന്നു. ഇന്ന് അമ്മയുടെ കണ്ണീർകാൽ ആ ശക്തി ഖഡ്ഗപാണിയായി പ്രത്യക്ഷപ്പെടും. സർവവിനാശമാകും ഫലം.

പ്രകൃതിയെ നശിപ്പിക്കുമ്പോൾ ജീവരാശിക്കൊന്നാകെ സംഭവിക്കുന്ന വിപത്തിനെ ചൂിക്കാട്ടുന്നു് ഈ കവിത.

**അഭിസാരിക (1987)**

കണ്ണന്റെ കുഴൽവിളികേട്ട് എല്ലാം മറന്ന് ഓടിയെത്തുന്ന ഗോപികയെയാണ് അഭിസാരികയിൽ കാണുന്നത്.

പാലയും പാരിജാതവും പൂചൊരിയുന്ന രാവിൽ അവൾ കണ്ണനെത്തേടി യാത്രയാവുന്നു. പോകുന്നതിനു മുൻപ് കാൽച്ചിലമ്പുകളും കൈവളകളും അവൾ ഊരിമാറ്റുന്നു. ശേഖരിച്ചു വച്ച പ്രിയവസ്തുക്കളിലൊന്നു പോലുമെടുക്കാതെ, ഭർത്താവിനെ ശ്രദ്ധിക്കാതെ, തന്റെ കുഞ്ഞിനെ ഒന്നുതിരിഞ്ഞുനോക്കി അവളിറങ്ങിപ്പോകുന്നു. അവൾക്കറിയാം, കണ്ണൻ തന്നെ വിളിക്കുന്നത് രമിക്കാനോ, രാസനൃത്തമാടാനോ, പ്രിയരാഗം പാടിക്കേൾപ്പിക്കാനോ, നിലാവിൽ തിളങ്ങുന്ന യമുനയിൽ കൈകോർത്ത് നീന്താനോ വള്ളിയൂഞ്ഞാലിലാടുവാനോ അല്ല. ഒന്നു കാണാൻ മാത്രമാണ്.

പണികൾ തീർക്കാതെ, വിളക്കണയ്ക്കാതെ, കുഞ്ഞിനെ ഓമനിക്കാതെ കാട്ടിലൂടെ പേടിച്ചുവിറച്ചുകൊ്, കാലിൽ മുള്ളുതറച്ചതറിയാതെ, നീലപ്പട്ടു കീറിയതറിയാതെ കുിൽ വീണും ഉരുും ഇരുട്ടിലൂടെ ഓടിയെത്തിയത് അന്ത്യബിന്ദുവിലാണ്. പുഞ്ചിരിച്ചുനിൽക്കുന്ന, കണ്ണന്റെ ചന്ദനം മണക്കുന്ന മാറിൽ അവൾ അഭയം തേടുന്നു. അപ്പോൾ മൃത്യുപോലും കണ്ണന്റെ നാമമാണെന്ന് അവൾ തിരിച്ചറിയുന്നു.

അനേകം ബിംബങ്ങളിലൂടെയാണ് കവിത നിബന്ധിച്ചിരിക്കുന്നത്. ഗോപികയെന്ന് എവിടെയും പരാമർശമില്ല. ഓടക്കുഴൽ നാദം, നീലപ്പട്ട് തുടങ്ങിയ സൂചനകളിലൂടെയാണ് ഗോപികയുടെ ചിത്രം കിട്ടുന്നത്. കാൽച്ചിലമ്പും കൈവളകളും ഭൗതികജീവിതത്തിന്റെ സൂചനയാണ്. അതഴിച്ചുവയ്ക്കുന്നതോടെ ഭൗതികതലം അവളുപേക്ഷിക്കുന്നു. അതുകൊുതന്നെയാണ് പണികൾ പാതിയായിക്കിടക്കുന്നതും വിളക്കണയാതെയുമിരിക്കുന്നത്. കുഞ്ഞുനെറ്റിയിലുമ്മ വയ്ക്കുന്നില്ലെങ്കിലും തിരിഞ്ഞുനോക്കാതിരിക്കാൻ അമ്മയ്ക്കാവുന്നില്ല.

''പാതിയായ പണിതീർത്തിടാതെ

പാതിരാവിൽ വിളക്കണയ്ക്കാതെ
കുഞ്ഞുനെറ്റിയിലുമ്മവയ്ക്കാതെ
നിൻവിളിതൻകൊടുംനോവിലൂടെ
മൂടിനിൽക്കും ................................
...........................................................
...........................................................
നിന്റെ കയ്യിൽ തളർന്നു വീഴുമ്പോൾ ''

താൻ മരണത്തിലേയ്ക്കല്ല നിതൃതയിലേയ്ക്കാണ് നടന്നുചെന്നത് എന്നവൾ അറിയുന്നു. അത് ഹരിചന്ദനം മണക്കുന്ന അഭയസ്ഥാനം തന്നെയാണ് എന്നുമ വൾ മനസ്സിലാക്കുന്നു. അങ്ങനെ മൃത്യുപോലും ശ്യാമസുന്ദരന്റെ മറ്റൊരു രൂപ മായി മാറുന്നു.

ആകർഷിണി രാഗമൊഴുക്കുന്ന തന്റെ മുരളിയിലൂടെ കൃഷ്ണൻ പ്രഖ്യാപി ച്ചത് മധുരഭക്തിയുടെ സനാതനചൈതന്യമാണ്. ആ മധുരസ്വരം കേൾക്കുമ്പോൾ ലൗകികാനുഭൂതിയേക്കാൾ അലൗകികമായ രസാനുഭൂതി ഉളവാകുന്നു. ഈ അലൗ കികാനുഭൂതിയാണ് ഗോപികയെ നയിക്കുന്നത്.

ജീവിതപ്രണയത്തോടൊപ്പം മനുഷ്യമനസ്സിൽ ഉൾച്ചേർന്നു കിടക്കുന്ന മറ്റൊരു ഭാവമാണ് മരണവാസന. ജീവിക്കാനുള്ള ആഹ്ലാദവും മൃത്യുബോധവും മനുഷ്യനിൽ പരസ്പരവിരുദ്ധമായി പ്രവർത്തിച്ചുകൊിരിക്കുന്നു. മരണത്തിന്റെ ശാ ന്തിയിലേയ്ക്ക് മടങ്ങിപ്പോവാൻ ബോധപൂർവ്വമല്ലാത്ത ഒരു പ്രേരണ മനുഷ്യനിൽ പ്രബലമാണ്. കാല്പനിക കവിതകളിലെല്ലാം തന്നെ തീവ്രമായ മൃത്യുബോധം പ്രകടമാണ്. അതിതീവ്രമായ മൃത്യുബോധത്തെ കാല്പനികഭംഗിയോടെ സുഗത കുമാരി ആവിഷ്ക്കരിക്കുന്നു. അവരുടെ എല്ലാ കവിതകളിലും നേർത്ത വിഷാദ ത്തിന്റെ ഛായയു്. മൃത്യുവിൽ ചെന്നു ലയിക്കുന്ന ജീവിതത്തിന്റെ ക്ഷണികത കവിമനസ്സിൽ വിഷാദമുണർത്തുന്നുവാവാം. ഈ കവിതയിൽ മരണം പ്രേമസാഫ ല്യത്തോളം പ്രഹർഷമുളവാക്കുന്നു. മരണത്തെ അതിജീവിയ്ക്കാനുള്ള മനുഷ്യാ ത്മാവിന്റെ ത്വരയാണ്,

''അന്ത്യബിന്ദുവിൽ പുഞ്ചിരിക്കൊള്ളും
നിന്റെ കയ്യിൽ തളർന്നു വീഴുമ്പോൾ
ചന്ദനം മണക്കുന്നൊരാമാറിൽ
സങ്കടങ്ങളിറക്കിവയ്ക്കുമ്പോൾ
ശ്യാമസുന്ദര മൃത്യുവും നിന്റെ

നാമമാണെന്നു ഞാനറിയുന്നേൻ''

എന്ന വരികളിലൂടെ ഈശ്വരനിലുള്ള ലയനം എന്ന സങ്കല്പത്തിൽ എത്തിച്ചേരുന്നത്. അവശയായ അവൾക്ക് കണ്ണന്റെ കൈകൾ താങ്ങാവുന്നു. ചന്ദനഗന്ധമാർന്ന അന്ത്യബിന്ദുവിൽ ഭൗതികജീവിതത്തിന്റേതായ അവസാനശേഷിപ്പും സമർപ്പിച്ചു. ഗോപിക ത്യജിക്കുന്നത് അഹംബോധമാണ്. നേടുന്നത് പരമാത്മാവിലുള്ള ലയനവും.

**അമ്മ (1987)**

കൃഷ്ണന്റെ പെറ്റമ്മയായ ദേവകിയുടെ കാഴ്ചപ്പാടിലാണ് അമ്മയെന്ന കവിതയുടെ രചന. കല്ലറയിലെ ഇരുട്ടത്ത് പതിവുപോലെ കണ്ണീർകൊ് മുഖം കഴുകുകയാണമ്മ. ഇനിയും കണ്ണുനീരുാേ ബാക്കിയെന്ന് പതി ആത്മനിന്ദയോടെ ചോദിക്കുമ്പോൾ അവൾ സ്വന്തം ജീവിതത്തിലേക്ക് തിരിഞ്ഞുനോക്കുന്നു. ഏഴുമക്കളേയും ക്രൂരവിധിയ്ക്കു ബലി നൽകി. എട്ടാമത്തെ കുഞ്ഞിനെ കൊലയ്ക്കു കൊടുക്കാതെ എവിടെയോ കൊുപോയി ജീവിക്കാൻ വിട്ടവൾ. ഇതായിരുന്നോ തന്റെ ജന്മത്തിന്റെ വിധി!

പല മാനങ്ങളുള്ള കവിതയാണ് അമ്മ. ഏറെ പ്രതീകകല്പനകളില്ലാതെ വാച്യമായിത്തന്നെ അവതരിപ്പിക്കുന്ന രീതിയാണ് അവലംബിക്കുന്നത്. പുത്രസങ്കല്പത്തിലൂടെ ഈശ്വരനെ സാക്ഷാത്കരിക്കുന്ന മനുഷ്യചേതനയെ അമ്മയിൽ ആരോപിക്കാം. ''ഏതു മാർഗ്ഗത്തിൽ ഭജിക്കുന്നുവോ ആ രൂപത്തിൽ ഞാൻ പ്രത്യക്ഷനാവുന്നു എന്ന ഭഗവദ്വചനം ഇവിടെ പ്രസക്തമാവുന്നു.''

ദുഃഖത്തിന്റെ രുദ്രാക്ഷമെണ്ണി മനസ്സിലെ പുത്രബിംബത്തെ കണ്ണീരുകൊഭിഷേകം ചെയ്ത് തപസ്സിരിക്കുകയാണമ്മ. എന്താണു പേരെന്നോ എന്തു വിളിക്കണമെന്നോ അറിയില്ല. ഒടുവിൽ കായാമ്പൂപോലെ കറുത്ത ചുരുൾമുടിയും പീലിയും ചേർന്ന രൂപത്തിൽ ആ തപസ്സ് സഫലമാവുന്നു.

നൂറ്റാുകളായി സ്ത്രീകൾ അനുഭവിച്ച, അനുഭവിച്ചുകൊിരിയ്ക്കുന്ന, നാളെയും അനുഭവിക്കേുന്ന ദുഃഖത്തെയും കണ്ണീരിനെയും കുറിച്ച് കവയിത്രി വ്യാകുലപ്പെടുന്നു്. വർത്തമാനകാല സ്ത്രീസമൂഹത്തിന്റെ വക്താവാണ് ദേവകി. പെണ്ണിന് തുണ നിൽക്കേ ആങ്ങള തന്നെയാണ് അവളെ നിത്യദുഃഖത്തിന്റെ കാരാഗൃഹത്തിലടച്ചത്. സംരക്ഷിക്കേുന്ന ഭർത്താവുതന്നെ അവളെ ചാരിത്ര്യ ശങ്കയാരോപിച്ച് കൊടും കാട്ടിലെറിയുന്നു. നീതി ഉറപ്പാക്കേ രാജസഭയിൽ അബലയുടെ ഉടയാട അഴിഞ്ഞുവീഴുന്നു. ചിലപ്പോളവൾ ചതുരംഗപ്പലകയിലെ വെറുമൊരു പണയവസ്തുവാകുന്നു. ജനിച്ച മാത്രയിൽ മാതാപിതാക്കളുപേക്ഷിക്കുന്നു. അടയാ

ളമോതിരം നഷ്ടപ്പെടുമ്പോൾ അറിയില്ലെന്നു മുഖം തിരിക്കുന്നു. ഇതൊന്നും നൂറ്റാ ുകൾ മുമ്പത്തെ മാത്രം കഥയല്ല.

''എത്ര നൂറ്റാുകൾ! കണ്ണീ–
രൊഴുക്കുകളൊഴുക്കുകൾ
മൃത്യുവേക്കാൾ മഹാദുഃഖ
ഭീതികൾ മാനഹാനികൾ''

അന്നും ഇന്നും എന്നും സ്ത്രീസമൂഹം ഇതെല്ലാം ഏറ്റുവാങ്ങിക്കൊിരിക്കുന്നു.

നിരാശയിലല്ല കവിത നിർത്തുന്നത്. സ്ത്രീശക്തിയിൽ കവയിത്രിക്ക് ഉറച്ച വിശ്വാസമു്. ഇവളെ കല്ലെറിയരുതെന്നു പറയാനും അവളുടെ കണ്ണീരൊപ്പാനും രക്ഷകൻ വരുന്നതിനുമുൻപുതന്നെ പീഡകന്റെ കൈ തട്ടിമാറ്റി, അവന്റെ മുന്നിൽ നിവർന്നുനിന്ന് ''ഇനിയൊക്കില്ല''എന്നു ജ്വലിക്കാൻ ''ക്രോധതപ്തയായ് കാലാഗ്നിപോലെ ജ്വലിക്കുന്ന'' ഒരുവൾ വരുമെന്നവർ പ്രത്യാശിക്കുന്നു. താനുൾപ്പെടുന്ന സമൂഹത്തെക്കുറിച്ചുള്ള പ്രത്യാശയാണത്.

സുഗതകുമാരിയുടെ ഏതാല്ലൊ കവിതകളിലും നിതാന്തമായ തേടലും നിരാശയുമാണ് ബാക്കിയെങ്കിൽ 'അമ്മ'യിൽ അത് സാഫല്യത്തിന്റെ നിറവാകുന്നു. രക്ഷകപ്രരൂപവും ശിശുപ്രരൂപവും കൃഷ്ണസങ്കല്പത്തിൽ ഒരേ സമയം ആരോപിച്ചിരിക്കുന്നു.

**തിരിച്ചറിയൽ (1988)**

അപരിചിതമായ ചുറ്റുപാടിൽ ഒരാൾ ഒറ്റയ്ക്കാവുന്നു. 'ഞാൻ' എന്ന പ്രയോഗത്തിൽ അതു കവയിത്രിയുമാകാം. മഹാവീഥി, അറിയാദേശം, വയലുകളിൽ വിളയുന്നതെന്തെന്നോ, ഏതു മരങ്ങളെന്നോ തിരിച്ചറിയാനാവുന്നില്ല. കേൾക്കുന്ന പാട്ടിൽ പ്രണയമോ, വിരഹമോ, മരണമോ എന്നറിയുന്നില്ല. കിളിയൊച്ചകൾ പോലും പരിചയമില്ലാത്തത്.

''അറിയുന്നീലാ ഭാഷ, യറിയുന്നീലാ കിളി–
മൊഴിയും, മരങ്ങൾ തൻ മർമ്മരം
പോലും, ചുറ്റുമറിയാത്തവർ മാത്രം''
അജ്ഞേയമപാരത!

എന്ന വിലാപത്തിനൊടുവിൽ ഏതോ ശൂന്യതയിലേയ്ക്കു താഴുമ്പോൾ ഒരോടക്കുഴലിന്റെ ശബ്ദം വ്യക്തിയെ ഉണർത്തുന്നു. മുന്നിൽ ഇരു, നീ മുടി തോളോളം പ

ാറുന്ന, അതിൽ കിളിത്തൂവൽ കുത്തിയ, നെഞ്ചിൽ സൂര്യനെ പച്ചകുത്തിയ ഒരിടയ ബാലൻ. അന്യവേഷത്തിൽ നിൽക്കുന്ന വ്യക്തിയെ തിരിച്ചറിഞ്ഞപോലെ അവൻ പുഞ്ചിരിക്കുന്നു. അവനെ തിരിച്ചറിഞ്ഞ വ്യക്തി താൻ ഒറ്റയല്ലെന്നറിഞ്ഞ് ആശ്വസിക്കുന്നു.

അപരിചിതമായ ചുറ്റുപാട് ഭൂമിയിലെ ജീവിതം തന്നെയാണ്. സ്നേഹവും കരുതലും പ്രണയവും വിരഹവും നഷ്ടമാകുന്ന ഈ സമൂഹത്തിൽ ഓരോരുത്തരും ഒറ്റപ്പെട്ടവർ തന്നെ. വർത്തമാനകാലത്തിന്റെ ആസുരത ദലമർമ്മരങ്ങളെയും കിളിയൊച്ചകളെയും വരെ നശിപ്പിച്ചിരിക്കുന്നു. മലയിറങ്ങിവരുന്ന ബാലൻ കണ്ണന്റെയും ഓടക്കുഴൽനാദം അനശ്വരതയുടേയും പ്രതീകമാവുന്നു.

ഒറ്റപ്പെട്ടുപോകുന്ന സാഹചര്യത്തിൽ നിരാലംബനായ മനുഷ്യാത്മാവ് പൂർണ്ണനായ ഈശ്വരനിലേയ്ക്കു തിരിയുന്നു. ഒറ്റപ്പെട്ട വ്യക്തി കേൾക്കുന്നത് നിത്യതയുടെ വേണുഗാനവും കാണുന്നത് കാലാകാലങ്ങളായി ജനമനസ്സുകളിൽ നിറഞ്ഞുനില്ക്കുന്ന കൃഷ്ണരൂപവും തന്നെ. കണ്ണുകൾ ഇളംപച്ചനിറമെങ്കിലും അതിൽ കാണാവുന്നത് കണ്ണന്റെ കണ്ണിലെ കാരുണ്യമാണ്. ചൂടിയ വെൺപിറാവിന്റെ തൂവൽ പെട്ടെന്ന് പീലിയാവുന്നു. കൂടെയുള്ള ചെമ്മരിയാട്ടിൻപറ്റം കാലിക്കൂട്ടം തന്നെ. അവൻ ഇടുപ്പിൽ തിരുകുന്ന കുഴൽ ഓടക്കുഴലല്ലാതെ മറ്റൊന്നുമല്ല. ഒറ്റപ്പെട്ടവർക്ക്, വേദനിക്കുന്നവർക്ക് കൈത്താങ്ങായി ഈശ്വരനുണ്ടെന്ന വസ്തുത ഇവിടെ വ്യക്തമാവുന്നു.

## ഉണ്ണി പിറന്നൂ (1992)

കായാമ്പൂ വർണ്ണനായ ഉണ്ണിയുടെ പിറവി വിവരിക്കുകയാണ് കവയിത്രി. പേയും കൊലയും പകയും പേടിയും നിറയുന്ന ഇരുമ്പഴിക്കുള്ളിലെ ഇരുട്ടിൽ അമ്മ തളർന്നുകിടന്നപ്പോൾ വിണ്ണിന്റെ കാരുണ്യവായ്പോടെ ഉണ്ണിയെഴുന്നള്ളി. പൂത്തിരിയും പുതുമലരും വച്ച്, കതിന കുരവമേളങ്ങളോടെ ഉണ്ണിക്ക് സ്വീകരണമൊരുക്കേതാണ്. എന്നാൽ പകയുടെ ഇടിമുഴക്കങ്ങളാണു കേട്ടത്. പൊന്നിട്ടതേനിനുപകരം ഉണ്ണി അമ്മയുടെ കണ്ണുനീരുപ്പറിഞ്ഞു. തളർന്നുകിടന്ന അമ്മയ്ക്കരികിൽനിന്നും ആ പൂവൽമെയ് അകലെയായി. മഴമിന്നലിന്റെ ദീപനാളത്തിൽ പുഴയോളം തൊഴുതുമാറിയ വഴിയിലൂടെ പാമ്പിന്റെ കുടയും പേറി യാത്രയായ ഉണ്ണി മറ്റൊരമ്മയുടെ മടിത്തട്ടിലെ സ്വർഗ്ഗമായി. ഗോകുലത്തിന്റെ നിലാവായി. ഭൂവൊരു പൂന്തൊട്ടിലും രാവു വെണ്ണക്കലവുമായി.

കവിതയുടെ രാം ഖണ്ഡത്തിൽ ഉണ്ണി വീും ജനിക്കുന്നു. അത് അമ്പാടിയിലോ കൊട്ടാരത്തിലോ അല്ല അമ്മയുടെ മനസ്സിലാണ്. അമ്മയുടെ പൊന്നുണ്ണി,

പെങ്ങളുടെ സ്വപ്നം, കൈവെടിയാത്ത കണവൻ, വഴികാട്ടുന്നവെളിച്ചം, ആടലകറ്റും മൊഴി, വാടലകറ്റും മഴ, കാട്ടിലെ പൊന്മുളം പാട്ട്, പാൽക്കാരിപ്പെണ്ണിന്റെ പ്രണയം, യുദ്ധക്കളത്തിലെ പ്രണവം, മനസ്സിൽ നിറയുന്ന ആനന്ദമൂർത്തി എന്നിങ്ങനെ ഉണ്ണി പല പല ഭാവങ്ങളിൽ പിറക്കുന്നു.

''കഷ്ടപ്പാടിന്റെ കറുത്തശീല
കണ്ണീരിൽ മുക്കി കഴുകിയിട്ട്
ദുഃഖത്തിൻ വെയ്‌ലിലുണക്കീട്ട്
കൊച്ചൊരു തൊട്ടിലേ ഞാനൊരുക്കി''

എന്നിങ്ങനെ അവനായി തൊട്ടിലൊരുങ്ങി.

കവിതയ്ക്ക് രു ഭാഗങ്ങളു്. ആദ്യഭാഗം പുരാണപ്രസിദ്ധമായ ഇതിവൃത്തത്തിന്റെ പുനരാവിഷ്ക്കരണമാണ്; രാം ഭാഗം കവയിത്രി നൽകുന്ന ഭാഷ്യവും. ആദ്യഭാഗത്ത് തടവറയിൽ വന്നു പിറന്ന കണ്ണനേയും അവനെ ഉപേക്ഷിക്കുന്ന അമ്മയുടെ വേദനയും വ്യക്തമാവുന്നു. എന്നാൽ രാം ഭാഗത്ത് ഉണ്ണി പിറക്കുന്നത് അമ്മയുടെ മനസ്സിലാണ്. ഈ അമ്മ നിൽക്കുന്നത് വർത്തമാനകാലത്താണ്. കണ്ണൻ രക്ഷകപ്രരൂപമാകുന്നു. രക്ഷകപ്രരൂപത്തിന്റെ ആവിഷ്ക്കാരമാണ് ഈ കവിത.

മനസ്സിൽ വന്നു പിറക്കുന്ന കണ്ണൻ സമസ്ത ജഗത്തിന്റേയും രക്ഷകനാണ്. കൃഷ്ണനെന്ന രക്ഷകപ്രരൂപത്തെ കവയിത്രി ഗൃഹസ്ഥാശ്രമതലത്തിന്റെ വിവിധതലങ്ങളിൽ പ്രതിഷ്ഠിക്കുന്നു. ഏതൊരമ്മയുടെയും തൊട്ടിലിലെ പൊൻവിളക്കാണവൻ. പെങ്ങളുടെ കണ്ണിലെ കിനാവും പെണ്ണിനെ ഒരിക്കലും കൈവെടിയാത്ത കണവനും ആശ്വാസമേകുന്ന വാക്കും വാടലകറ്റുന്ന മഴയും പാവം പെണ്ണിന്റെ പ്രണയവും ജീവിതായോധനത്തിൽ തളരുന്നവനുള്ള ഉപദേശവും കൃഷ്ണൻ തന്നെയാണ്. വിവിധ ഭാവങ്ങൾ കൃഷ്ണനിൽ ഒരേ സമയം മിന്നിമറയുന്നു.

ഈ കവിതയിലെ കൃഷ്ണൻ പൗരാണികതലത്തിൽ നിന്നും വളർന്ന് വർത്തമാനകാലത്തെത്തിനിൽക്കുന്നു. കൃഷ്ണനെന്ന ആദിപ്രരൂപം, വർത്തമാനകാലവുമായി കവിതയെ ബന്ധിപ്പിക്കുന്ന ബിംബമായും മാറുന്നു്. അമ്മ വർത്തമാനകാലസ്ത്രീത്വത്തിന്റെ പ്രതിനിധിയായും മാറുന്നു. അമ്മയിൽ ഭാര്യ, പെങ്ങൾ, കാമുകി, എന്നിങ്ങനെ വിവിധ ഭാവങ്ങൾ സമന്വയിക്കുന്നു്. ''മാനം കാക്കുമൊരാങ്ങളയെ'' ഭാരതീയ സ്ത്രീത്വം പ്രതീക്ഷിക്കുന്നു്. കൈവെടിയാത്ത കണവൻ അവളുടെ സ്വപ്നമാണ്. സ്വയമൊരു പാൽക്കാരിപ്പെണ്ണായി പ്രണയം കൊടുക്കാനും മതിവരുവോളം അതനുഭവിക്കാനും അവൾ വെമ്പുന്നു്. കഷ്ടപ്പാടിന്റെ കരിപുര

തൊട്ടിലേ നൽകാനുള്ളുവെങ്കിലും കാൽവിരലുണ്ണുന്ന ഒരുണ്ണിയെ ഭാരതീയ മാതൃത്വം നെഞ്ചേറ്റുന്നു്. ''എന്റെ മകനുണ്ണികൃഷ്ണൻ .........'' എന്ന് അവരവനെ ലാളിക്കുന്നു്. ഭാരതീയരെ സംബന്ധിച്ച് മേൽപറഞ്ഞ എല്ലാ സങ്കല്പങ്ങളും ഒരു ബിന്ദുവിൽ സമന്വയിക്കുന്നു.

''പൂവമ്പിളിക്കീറിലൊന്നിലാരോ
കായാമ്പൂചാലിച്ചെടുത്തപോലെ''

പുഞ്ചിരിക്കൊുനിൽക്കുന്ന മുരളീധരനിൽ.

**തിളച്ചപാലല്ലോ കുടത്തിൽ (1992)**

ശിരസ്സും കൈകളും പൊള്ളിക്കുന്ന ചൂടുമായി, തിളച്ച പാൽക്കുടം പേറി നടക്കുകയാണ് രാധ. അവൾ കണ്ണീരൊഴുക്കിന്റേയും ഹൃദ്രക്തപ്രവാഹത്തിന്റേയും പാട്ടിന്റെ ഓരോ വരിയുടെയും മനസ്സിന്റേയും പ്രേമതപസ്സിന്റേയും ചൂടുമാത്രമറിയുന്നു. ഒരിക്കലും തണുപ്പറിയുന്നില്ല. തനിച്ചിരിക്കുമ്പോൾ അവൾ കുഴൽവിളി കേൾക്കുന്നു. പീലിയുടെ നിഴലൊളിയറിയുന്നു. കൃഷ്ണസാന്നിദ്ധ്യമറിയുന്നു. ഒരിക്കലും കാണാനാവുന്നില്ല. കണ്ണനായി കറന്നെടുത്ത പാൽ അവൾ തൊടുമ്പോൾ തിളച്ചുമറിയുന്നു. അതുമെടുത്ത് കണ്ണനെ തിരഞ്ഞിറങ്ങുകയാണവൾ. ഞാനെടുക്കുന്ന കുടം എന്തേയിങ്ങനെ എന്ന ചോദ്യം ഉയർന്നുകൊയേിരിയ്ക്കുന്നു.

തിളയ്ക്കുന്ന ദുഃഖം പേറാൻ വിധിയ്ക്കപ്പെട്ട ആധുനിക സ്ത്രീത്വം തന്നെയാണ് ഇതിലെ രാധ. ഞാൻ എന്ന സംജ്ഞയിൽനിന്ന് ഒടുക്കം രാധയിലേക്ക് ചെന്നെത്തുമ്പോൾ അവൾ വർത്തമാനകാലസ്ത്രീരൂപത്തിന്റെ പ്രതീകമായി മാറുന്നു. അവളുടെ ലോകത്തൊരിക്കലും പൂക്കൾ ചിരിക്കുകയോ നിലാവു പെയ്യുകയോ ചെയ്യുന്നില്ല. നിലാവും മഴയും പൂക്കളും ശാന്തിയുടെ പ്രതീകമാവുന്നു.

സ്നേഹം ജപിച്ച് ജീവിതം മധുരതരമാക്കാൻ ശ്രമിയ്ക്കുന്ന സ്ത്രീയുടെ വ്യത്യസ്ത മുഖങ്ങളെ സുഗതകുമാരിയുടെ കവിതകളിൽ കാണാം. അതിലൊന്നാണ് ഈ കവിതയിലെ രാധ. കണ്ണടച്ചാൽ അവൾക്ക് കൃഷ്ണസാന്നിദ്ധ്യമറിയാം. പക്ഷേ, സാക്ഷാത്കരിക്കാനാവുന്നില്ല. ദുഃഖത്തിന്റെ ചൂടു പൊറുക്കാതെ എനിക്കു മാത്രമെന്തിങ്ങനെ എന്ന് ഓരോ ദിനത്തിലും ഓരോ സ്ത്രീയും ചോദിച്ചിരിക്കും. ദേവൻ എത്ര കൃപാമയനെങ്കിലും പെണ്ണിന്റെ ഈ ചോദ്യത്തിനു മറുപടിയില്ല. പകൽച്ചൂടിറങ്ങി കാറ്റു തണുത്താലും അവളുടെ ചുടുകണ്ണീർക്കുടം തണുക്കുന്നില്ല. ''സഹിക്കുക, ക്ഷമിക്കുക'' എന്നു മാത്രം അവൾ കേൾക്കുന്നു. ''ചൊല്ലുവാനെ

ളുപ്പം ചെയ്യാനതീവ ദുഷ്കരം'' എന്നാരും മനസ്സിലാക്കിയില്ല. ''പ്രിയ, നിനക്കു പേർ കൃപാമയനെന്നല്ലി'' എന്ന ഒറ്റ ചോദ്യത്തിലൂടെ അവൾ തന്റെ ശപ്തജീവിതം ദേവനോടുള്ള ചോദ്യമാക്കിത്തീർക്കുന്നു. തിളച്ചുതൂവുന്ന ജീവിതക്കുടവുമായി അവൾ ഇങ്ങനെ അഭയമന്വേഷിക്കുന്നു.

''.......................... കരം പൊള്ളിച്ചൂടാൽ
നെറുക പൊള്ളിയെൻ
മിഴികൾ പൊള്ളി ഞാൻ
അവിടുന്നെങ്ങെന്നു തിരഞ്ഞിറങ്ങുന്നൂ''

**ഉള്ളഴിഞ്ഞാറന്മുളേശൻ (1993)**

ആറന്മുള വള്ളംകളിയുടേതാണ് കവിതാപശ്ചാത്തലം.

''പൊന്നണിത്തോണിമേൽ പട്ടു-
ക്കുടതൻ കീഴിലായ് വന്നു
നിന്നുപോലും നമുക്കൊപ്പം
കമലാകാന്തൻ''

എന്നിങ്ങനെ ആറന്മുളയപ്പൻ എഴുന്നള്ളിനില്ക്കുന്നു. പമ്പയുടെ ഓളക്കൈകൾ വന്ദിക്കുമ്പോൾ അദ്ദേഹം യമുനയെ ഓർമ്മിക്കുന്നു. പീലിയും മാലയുമില്ലാതെ ആർക്കും കണ്ണനെ തിരിച്ചറിയാനാവുന്നില്ല. തോണിക്കാരിലൊരാളാണിപ്പോൾ കണ്ണൻ. എങ്കിലും നിറഞ്ഞ ഭക്തിയോടെ നോക്കിയാൽ കളങ്കപ്പെട്ട പമ്പയെ ഓർത്ത് കണ്ണുനീർ തൂകുന്ന ചെന്താമരക്കണ്ണനെ നമുക്കു തിരിച്ചറിയാം. അദ്ദേഹത്തിനായി കൈകൾ കൂപ്പുക.

സമൂഹത്തിന്റെ പാരുഷ്യങ്ങളിലേക്ക് വിരൽചൂാനും പരിസ്ഥിതി വിനാശത്തിലേയ്ക്കു ശ്രദ്ധ ക്ഷണിക്കാനും ഈ കവിതയ്ക്ക് കഴിയുന്നു്. നമ്മളിൽത്തന്നെയൊരാളാണ് കണ്ണൻ. കൂട്ടത്തിൽ നിന്നവനെ തിരിച്ചറിയാനാവുന്നില്ലാ എന്നു കവി പറയുന്നു. മനസ്സിലെ കന്മഷം കൊാണ് കണ്ണനെ കാണാത്തത്. സൗഹൃദത്തിന്റെ തെളിമയിലും പകയുടെ വിഷം സൂക്ഷിക്കുന്നവരാണ് മനുഷ്യൻ. മനസ്സിൽ സ്വാർത്ഥതയുടെ ചെളിയും ദുർഗന്ധവും കുമിയുന്നു. മനുഷ്യമനസ്സിന്റെ സ്വഭാവം അമ്പലത്തിന്റെ പരിശുദ്ധിപോലും നശിപ്പിച്ചിരിക്കുന്നു. ഇങ്ങനെയുള്ള വർത്തമാനകാല പരിസ്ഥിതിയിൽ ആരാണോ

''മെലിഞ്ഞാകെ മലിനയാം
പമ്പതൻ സംഭ്രമം കാൺകെ

എന്തുകൊടോ കണ്ണുനീ-
രണിയുമൊരാൾ''-

അയാൾ തന്നെയാണ് കണ്ണൻ. സാക്ഷാൽ തിരുവാറന്മുളയപ്പൻ എന്ന് കവയിത്രി കത്തെുന്നു. പരിസ്ഥിതിയെ നശിപ്പിക്കുന്നതു കാണുമ്പോൾ സങ്കടപ്പെടുന്നതാരാണോ അയാൾ ഈശ്വരതുല്യനാവുന്നു എന്ന സന്ദേശം ഇതിലു്. സൗഹൃദത്തിന്റെ തെളിമയിലും പകയുടെ കനലും, ക്ഷേത്രം പോലെ വിശുദ്ധമാകേ മനസ്സിൽ സങ്കടവും ദുർഗന്ധവും സൂക്ഷിക്കുന്ന മനുഷ്യൻ വർത്തമാനകാലസമൂഹത്തിന്റെ സൃഷ്ടികൾതന്നെ. ഇതെല്ലാം തിരിച്ചറിഞ്ഞ് കണ്ണീരിലൂടെയെങ്കിലും പ്രതികരിക്കുകയാണ് കവയിത്രി.

**ത്രികാലപൂജ (1993)**

ജീവിതത്തെ മൂന്നു ഭാഗങ്ങളായി ക് അതിനെ നിർവ്വചിക്കാൻ ശ്രമിക്കയാണ് കവയിത്രി. കവിതയ്ക്കും മൂന്നു ഭാഗങ്ങളു്.

ജീവിതത്തിന്റെ പുലർവേളയും നിറപ്പൊലിമയും യൗവ്വനമാണെന്ന് കവി പറയുന്നു. ഇതിനടയാളം മാമ്പൂങ്കുലയും അധിദേവത നന്ദബാലനുമാണ്. പിന്നെ മദ്ധ്യവയസ്സാവുന്നു. യത്നവും ക്ലേശവും നിറഞ്ഞ, രൂക്ഷഗന്ധമുള്ള ഈ കാലത്തിന്റെ അടയാളം പ്രചണ്ഡസൂര്യനും അധിദേവത ശിവനുമാണ്. പിന്നെ വാർദ്ധക്യം. നിറവും മണവും കെട്ട കാലം! ഇതിനടയാളം മുടന്തിനീങ്ങുന്ന അജം അധിദേവത ധ്യാനബുദ്ധൻ.

കവിതയുടെ മൂന്നുഭാഗത്തിനു കൊടുത്തിട്ടുള്ള പേരുകൾ ഉഷ, ഉച്ച പന്തീരടി എന്നാണ്. ഇവ യഥാക്രമം കൗമാരം, യൗവ്വനം, വാർദ്ധക്യം എന്നിവയെ സൂചിപ്പിക്കുന്നു. ഏറ്റവും ഉചിതമായ നിറവും മണവും പൂജാവിധികളും അടയാളങ്ങളും അധിദേവൻമാരെയും കത്തെിയിരിക്കുന്നു.

ആദ്യദശയെ- കൗമാരത്തെ-പ്രതീകവൽക്കരിക്കാൻ കൃഷ്ണനൊഴികെ മറ്റൊരു ദേവനില്ല. കൃഷ്ണസങ്കല്പത്തിനു ചേരുന്നവയാണ് കൗമാരദശയിൽ കവി ആരോപിക്കുന്ന ഓരോ കല്പനകളും. നീലനിറമാണതിനു ചേരുന്നത്. കൗമാരത്തിന്റെ നിറം കാട്ടിലെ തളിരിന്റേയും പൂവിന്റേയും മുളംതിന്റേയും പീലിയുടേയും കൂടി നിറമാണ്. മണം കാടിന്റേയും മുല്ലപ്പൂവിന്റേയും. പ്രണയം അണിയലും അണയലും അലിയലും ആനന്ദലഹരിയുമാകുന്നു.

ഭാരതീയ ചേതനയിൽ ഉൾച്ചേർന്നു കിടക്കുന്ന പ്രണയസങ്കല്പമാണ് കൗമാരത്തിന്റെ– പ്രണയത്തിന്റെ– അധിദേവതാസങ്കല്പത്തിൽ കവിയെ സ്വാധീനിക്കുന്നത്.

**തിരി തിരി തിരി (1993)**

പിരിഞ്ഞുപോയ പാല് തയിരാക്കിക്കടഞ്ഞെടുക്കാൻ ശ്രമിക്കുകയാണൊരുവൾ. കടകോൽ തിരിയുമ്പോൾ തയിർത്തിരകൾ പൊങ്ങുന്നു. അതിന്റെ തികവിൽ ഭൂമിയും, രാപ്പകലുകളും സർവ്വപ്രപഞ്ചവും തിരിയുന്നു. എത്രയോ സമയത്തിനു ശേഷം കയ്യും മനവും കണ്ണുകളും തളരുമ്പോൾ വെണ്ണ തെളിയുന്നു. തിങ്കൾത്തരികൾ മാതിരി വെണ്ണയുരുളുമ്പോൾ അറിയാതെ ഒരു ചോദ്യമുയർന്നു ''ഇതിനെന്ത നീലത്തിരുനിറം സ്വാമിൻ''.

ബിംബകല്പനകളിലൂടെയാണ് കവിതയിലെ ആശയം വെളിപ്പെടുത്തുന്നത്. പിരിഞ്ഞുപുളിച്ചുപോയ പാല് ജീവിതം തന്നെ. അതു കലക്കി വെണ്ണയെടുക്കാൻ അഥവാ ദുഃഖങ്ങൾ നിറഞ്ഞ ജീവിതത്തിലും ആനന്ദം കത്തൊൻ 'പാവം മാനവഹൃദയം' ശ്രമം നടത്തിക്കൊയേിരിക്കുന്നു. ഒടുവിൽ കിട്ടുന്ന വെണ്ണ ആനന്ദത്തിന്റെ സൂചകമാണ്. അതിന്റെ നീലനിറം പരമാത്മാവിന്റേതും.

പരമാത്മാവിനെ തേടിയലയുന്ന, ഒടുവിൽ അതിൽ വിലയം പ്രാപിക്കുന്ന മനുഷ്യാത്മാവിനെ ഈ കവിതയിലും കത്തൊം. എത്ര ദുഃഖങ്ങളനുഭവിച്ചാലും പ്രതീക്ഷ കൈവിടാതെ അതിനെയെല്ലാം അതിജീവിച്ചാലേ ആനന്ദം കത്തൊനാവൂ. എത്ര തിരിഞ്ഞാലും മനം മടുക്കരുത്. മിഴിനീരുപ്പു തെറിക്കരുത്. ഒടുവിൽ കയ്യും മെയ്യും തളരുമ്പോൾ വെണ്ണ കിട്ടാതിരിക്കില്ല. അതിന് നീലനിറമായിരിക്കും. പഴകിപ്പുളിച്ച നരജന്മം കടച്ചിലിനൊടുവിൽ നീലത്തിരുനിറത്തിൽ വിലയിക്കാനാണല്ലോ ഏതൊരു ജീവാത്മാവും ആഗ്രഹിക്കുന്നത്.

**ദേവദാസി (1993)**

പരമാത്മാവിന്റെ മുന്നിൽ ആത്മനിവേദനം നടത്തുന്ന ജീവാത്മാവിന്റെ പ്രതീകമാണ് ദേവദാസി. കയ്യിൽ വളകളും കാലിൽ ചിലങ്കയുമില്ലെന്ന പ്രയോഗത്തിൽനിന്ന് ഭൗതികജീവിതവിരക്തി വന്നവളാണ് ദേവദാസിയെന്നു തെളിയുന്നു. പൂമണമായും ചന്ദനഗന്ധമായും ഈശ്വരസാമീപ്യം തിരിച്ചറിയാൻ അവൾക്കു കഴിയുന്നു. തീവ്രാനുരാഗവും അതിന്റെ മധുരവും മധുരഭക്തിയെ സൂചിപ്പിക്കുന്നു. അന്തി, ജീവിതത്തിന്റെ അന്തിയായ വാർദ്ധക്യം തന്നെയാണ്. ''ഒടുവിലെപ്പൊൻതിരിനാളവും കെട്ട''പ്പോൾ ഒടുവിലെ പ്രതീക്ഷയും അണയുന്നു.

‘ദേവദാസി’യിലെ ആശയത്തിന് കൃഷ്ണ, നീയെന്നെയറിയില്ല, അഭിസാരിക എന്നീ കവിതകളിലെ ആശയത്തോട് സാമ്യമു്. ഗോകുലത്തിലെ മൺകുടിലിന്റെ വാതിൽപ്പൊളിയ്ക്കു പിറകിൽ മറഞ്ഞുനില്ക്കുന്ന അജ്ഞാതഗോപികയുടെ ഛായ ദേവദാസിക്കു്. കോവിലിന്റെ ആദ്യത്തെ പടിയിൽ പല നിഴലുകൾക്കിടയിൽ മുഖം കുനിച്ചിരിയ്ക്കയാണവൾ. ജനമവളെ ഭ്രാന്തിയായ ഭിക്ഷക്കാരത്തിയായി കാണുന്നു. തിരുനടയിൽ നൃത്തം ചവിട്ടാൻ ഒരു വട്ടംപോലും ആരുമവളെ വിളിച്ചില്ല. ആടിയുലയുന്ന ഗോപസുന്ദരിമാരുടെ കൂട്ടത്തിൽ ഒരിക്കലും പ്രത്യക്ഷപ്പെടാത്ത ഗോപികയെപ്പോലെ ദേവദാസിയും കാത്തിരുന്നു. കരളിലെ തീവ്രാനുരാഗവും അതിന്റെ മധുരവും അന്തിയാകുന്നതുവരെ കാത്തുവച്ചു. നടയടച്ചു. കോവിലിലെ ഒടുവിലെ തിരിനാളവും ദേവൻ വരുമെന്ന പ്രതീക്ഷയും അണഞ്ഞു.

അജ്ഞാതഗോപികയുടെ സമർപ്പണം ഒരു നോട്ടത്തിലൂടെ കണ്ണൻ സ്വീകരിച്ചു. ദേവദാസിയുടെ മുന്നിൽ ഒടുവിലെ പൊൻതിരിനാളവുമണഞ്ഞു. പോകാനൊരുങ്ങുകയാണവൾ. തിരിച്ചുപോകുന്നതിനു മുൻപ് ആദ്യത്തെ പടിയിൽ, ഇത്രനാളും താൻ കാത്തുസൂക്ഷിച്ച മധുരം അവൾ എറിഞ്ഞുടയ്ക്കുമെന്നു പറയുന്നു. അതവളുടെ ജീവിതം തന്നെയാകുന്നു. അവൾ പോകാനൊരുങ്ങുന്നത് നിത്യനിദ്രയിലേക്കാണ്.

> ‘‘ശ്യാമസുന്ദര! മൃത്യുവും നിന്റെ
> നാമമാണെന്നു ഞാനറിയുന്നേൻ’’
>
> (അഭിസാരിക)

എന്ന് ദേവദാസിയും പറഞ്ഞിരിക്കണം.

മധുരം എറിഞ്ഞുടയ്ക്കുമെന്ന കല്പനയിൽ തെളിയുന്നത് പൂർണ്ണസമർപ്പണം തന്നെയാണ്. ഭഗവാന്റെ മുന്നിൽ ആത്മസമർപ്പണം നടത്തുന്ന ജീവാത്മാവിന്റെ ചിത്രം മിഴിവോടെ തെളിയുന്ന കവിതയാണ് ദേവദാസി.

അകാരണമായ വേദനയിൽ ഉഴലുന്ന ഒരു കവിമനസ്സ് സുഗതകുമാരിയിലു്. തിരക്കുകളിൽ ജീവിതം നഷ്ടപ്പെടുന്ന, പ്രണയവും സ്നേഹവും അന്യമാകുന്ന, ആധുനിക മനുഷ്യന്റെ വിഹ്വലതകൾ അവരുടെ കവിതകളിൽ പ്രത്യക്ഷപ്പെടുന്നു്. ഇതിൽ ദുഃഖത്തിനും ഭഗ്നമോഹങ്ങൾക്കും സ്ഥാനമു്. പുരാണങ്ങളുടേയും പ്രാഗ്സ്മരണകളുടേയും മിത്തുകളുടേയും ആദിപ്രരൂപങ്ങളുടേയും ആധുനിക പുനരാവിഷ്ക്കാരം തന്റെ കവിതകളിൽ അർത്ഥപൂർണ്ണമായി ആവിഷ്ക്കരിക്കാൻ അവർക്കു കഴിഞ്ഞിരിക്കുന്നു.

അപൂർണ്ണതയനുഭവിക്കുന്ന മനുഷ്യജീവിതത്തിന്റെ പ്രതിഫലനം ഓരോ കവിതയിലും കാണുന്നു. ജീവാത്മാപരമാത്മാബന്ധം സൂചകങ്ങളിലൂടെ കൃത്യമാ യവതരിപ്പിക്കാൻ കഴിയുന്നു. ''പൂർണ്ണതയ്ക്കു വേിയുള്ള പൂർണ്ണസമർപ്പണം'' എന്ന ഖണ്ഡത്തിൽ ഇതിനെക്കുറിച്ചു വിശദമായി പ്രതിപാദിക്കുന്നു്.

ഭാവനാപ്രധാനമായ കാൽപനികരുടെ കൂട്ടത്തിലാണ് സുഗതകുമാരിയുടെ സ്ഥാനം. കാൽപനിക കവിതയുടെ പ്രത്യേകതകൾ കൃഷ്ണകവിതകളിലും കാണു ന്നു്. കാല്പനിക കവികൾക്ക് കൃഷ്ണൻ പ്രിയപ്പെട്ട ബിംബമാവുന്നു. ''കൃഷ്ണൻ കാൽപനികപ്രതീകം'' എന്ന ഖണ്ഡത്തിൽ 'കാല്പനികത'യെ അടി സ്ഥാനമാക്കി[3] ഇതു വിശദമാക്കാൻ ശ്രമിച്ചിട്ടു്.

ജീവാത്മാ–പരമാത്മാ ബന്ധത്തെ അഥവാ പൂർണ്ണതയ്ക്കു മുന്നിലുള്ള സമർപ്പണത്തെ പ്രേമഭക്തിയുടെ തലത്തിലാണ് സുഗതകുമാരി ആവിഷ്ക്കരിക്കുന്ന ത്. ഇപ്രകാരം മധുരഭക്തിയുടെ മാർഗം ഏതാല്ലൊ കവിതകളിലുമു്. കൃഷ്ണസങ്ക ല്പാവിഷ്ക്കാരത്തിൽ പ്രേമവും ഭക്തിയും തുല്യസ്ഥാനത്തുനിൽക്കുന്നു.

തികച്ചും ഭാരതീയമായ സങ്കല്പനങ്ങളിൽ അധിഷ്ഠിതമാണ് കൃഷ്ണകവിത കൾ. ആർഷഭാരതദർശനങ്ങൾ ഉയർത്തിപ്പിടിയ്ക്കുന്നവയാണവ. കൃഷ്ണകവിത കളിൽ പലപ്പോഴും സാമൂഹിക പ്രതിബദ്ധതയേക്കാൾ വൈയക്തികത പ്രാധാന്യം നേടുന്നു. അതേസമയം സാമൂഹിക പ്രതിബദ്ധതയെ പുർണ്ണമായും ഉപേക്ഷിച്ചിട്ടി ല്ല. രാധ ചില കവിതകളിൽ വർത്തമാനകാലസ്ത്രീയുടെ പ്രതീകമായി മാറുന്നു.

ഭാരതീയസ്ത്രീയുടെ വർത്തമാനകാല സ്ഥിതിവിശേഷം കവിമനസ്സിനെ തൃപ്തിപ്പെടുത്തുന്നില്ല. ഇന്ത്യൻ സ്ത്രീ എന്നും കവിമനസ്സിന്റെ വേദനതന്നെയാ ണ്. അതിന്റെ അനുരണനം കവിതകളിൽ കടന്നുവരുന്നു്. അവൾ അനുഭവി ക്കുന്ന പീഡനങ്ങൾ, കുറ്റപ്പെടുത്തലുകൾ, അവഗണന, സ്നേഹരാഹിത്യം ഇവ യെല്ലാം കവിതയ്ക്കു വിഷയമാകുന്നു. അനശ്വരപ്രേമത്തിനു വേി യാചിക്കുന്ന ഭാരതീയ സ്ത്രീത്വം പല കവിതകളിലും ഇടം നേടുന്നു. പുരാണത്തിലെ രാധാകൃ ഷ്ണസങ്കല്പം ഈ തലത്തിലാണ് കവയിത്രി പ്രതീകവൽക്കരിക്കുന്നത്.

സുഗതകുമാരിക്കവിതയിലെ മിഴിവേറിയ കാവ്യബിംബം രാധാകൃഷ്ണസങ്ക ല്പമാണ്. പൂർണ്ണതയുടെ പ്രതീകമാണ് കൃഷ്ണൻ. രാധ ശരാശരി ഭാരതീയ സ്ത്രീയുടെ പ്രതിനിധിയും. കവയിത്രി സ്വയം പലതായി സങ്കല്പിക്കുന്നുങ്കെിലും രാധയുടെ ഭാവത്തിനാണ് പ്രാധാന്യം. ''രാധ കണ്ണനെന്ന ശബ്ദപ്രപഞ്ചത്തെ, പ്രേമ

[3] കാല്പനികത, ഹൃദയകുമാരി ബി. (കാല്പനികതയുടെ സ്വഭാവങ്ങൾ വിശദീകരി ക്കുന്ന മലയാളത്തിലെ ആധികാരിക ഗ്രന്ഥമാണ് കാല്പനികത).

സ്വരൂപത്തെ, കാരുണ്യമൂർത്തിയെ, സൗന്ദര്യവിഗ്രഹത്തെ, പാപവിമോചകനെ എവിടെയും തേടുന്നു. അങ്ങനെ അവൾ ഇന്ത്യൻ സ്ത്രീത്വത്തിന്റെ പ്രതീകമായി മാറുന്നു.''[4] കൃഷ്ണകവിതകളെന്ന സമാഹാരത്തിലെ എല്ലാ കവിതകളിലും ഈ സവിശേഷത കത്തൊം.

## 5.2. രാധയെവിടെ? വിശേഷപഠനം

(മ) സ്ത്രീത്വത്തിന്റെ ഭിന്നമുഖങ്ങൾ

(യ) പ്രണയദർശനം

'രാധയെവിടെ'? എന്ന ഖണ്ഡകവിതയിൽ സുഗതകുമാരിയുടെ പ്രണയ ദർശനം കൂടുതൽ വ്യക്തമാവുന്നു. ഭാരതീയ ചേതനയിൽ നിലനില്ക്കുന്ന പ്രണയ സങ്കല്പത്തെ പല തലങ്ങളിലുംവെച്ച് അപഗ്രഥിക്കുന്നു്. അഹം മാഞ്ഞ്, പ്രേമപാത്രവുമായി ഏകീകരിക്കുന്ന, പ്രേമത്തിനുമപ്പുറമുള്ള മഹിതാനുഭൂതിയിൽ എത്തിനിൽക്കുന്ന ഒന്നാണത്. അഹം വെടിഞ്ഞുള്ള ഭക്തിയിലാണ് പരമാത്മാവിനെ സാക്ഷാത്കരിക്കാനാവുന്നത്. ഡോ. എം. ലീലാവതി പറയുന്നു, ''ഞാനെന്ന നിനവ് ഇല്ലാതാക്കുന്ന വിശുദ്ധപ്രേമമെന്ന സങ്കല്പം ഈ നാടിന്റെ അബോധചേതസ്സിന്റെ ഓരോ കണത്തിലും അലിഞ്ഞ് കിടപ്പു്. പ്രേമനിഷേധത്തിന്റെ കൊടുംവേനലിൽ ജനഗണമനം വരുണങ്ങിപ്പോകുന്ന ഘട്ടം വന്നാൽ ആ കണങ്ങൾ പൊങ്ങി ഉരുകൂടി ഇവിടെയൊരു കൃഷ്ണമേഘമായി പെയ്യുന്നു''.[5] ആദിപ്രതീകാത്മകമായ ഈ ഭാവസത്തയെ രാധയെവിടെ? എന്ന കവിതയിൽ ഒൻപതു ഭാവങ്ങളിലായി പുനരാവിഷ്ക്കരിക്കുന്നു.

'രാധയെവിടെ' എന്ന കവിതയിൽ പ്രണയദർശനം മാത്രമല്ല സ്ത്രീത്വത്തിന്റെ ഭിന്നമുഖങ്ങളും അവതരിപ്പിക്കുന്നു്. കൃഷ്ണൻ അമ്പാടിയിൽ നിന്നുപോയ ദിനത്തിലെ സന്ധ്യാകാലവർണ്ണനയാണ് ഒന്നാംഭാഗം. കണ്ണനെന്ന മണിദീപം അപ്രത്യക്ഷമായതിന്റെ ഇരുട്ടും ശൂന്യതയും ഈ ഭാഗത്ത് വ്യക്തമാവുന്നു്. പൈക്കളെ മേയ്ക്കാൻ ആരും പോയിട്ടില്ല. അമ്പാടിയിലെ അമ്മമാരെയും ഗോപികമാരെയും കാണാനില്ല. കാറ്റും അനങ്ങുന്നില്ല.

''നിശ്ചലമമ്പാടി, നിശ്ചലം ഗോകുലം
നിശ്ചലം വൃന്ദാവനാന്തരംഗം''

---

4 തരകൻ. കെ.എം. അന്വേഷണപഥങ്ങൾ, (കോട്ടയം: എൻ.ബി.എസ്., 1993), പുറം.293.

5 ലീലാവതി എം. അവതാരിക, രാധയെവിടെ.

എന്നതിനപ്പുറം ആ ശൂന്യതയെക്കുറിച്ച് പറയേതില്ല. എവിടെയാണ് രാധ? കാതരമായ മനസ്സുകളേയും തെന്നലിനെയും കവയിത്രി രാധയെ തേടാൻ വിടുന്നു. ഖണ്ഡകാവ്യത്തിന്റെ ആരംഭത്തിൽ ഈ അന്വേഷണത്തെക്കുറിച്ച് കവയിത്രി സൂചിപ്പിക്കുന്നു. ''അമൃതമായ പ്രേമം തേടിയുഴലുന്ന'' ഓരോ മനസ്സും കാലങ്ങളായി ഈ ചോദ്യം ചോദിച്ചിരിക്കാം.

തലേന്നു സംഭവിച്ച കാര്യങ്ങളെക്കുറിച്ചുള്ള രാധയുടെ ഓർമ്മകളാണ് ര്, മൂന്ന്, നാല് ഭാഗത്തിലുള്ളത്. പതിവു സങ്കേതത്തിൽ കാത്തിരിക്കുന്ന രാധയുടെ സമീപത്തേക്ക് വൈകിയാണ് അന്ന് കൃഷ്ണനെത്തിയത്. രാധയെ മാറിലണച്ചു ചുംബിച്ചുകൊ് ''എൻ രാധികേ പിരിയുന്നു ഞാൻ'' എന്നു മാത്രം പറഞ്ഞ് ഇരുളിൽ മറഞ്ഞു. ഒരു വാക്കുകൊുപോലും അവളെ ആശ്വസിപ്പിച്ചില്ല. അവിടെ ഒരൊറ്റക്കുയിലിന്റെ നാദം മാത്രം മുഴങ്ങി.

തേരുരുൾപ്പാടുകൾ നോക്കി ഓടിയോടിപ്പോകുന്ന ഉന്മാദിനിയെ ആരോ കിരുന്നു. ഹരി ഹരിയെന്നു ജപിച്ചുകൊിരുന്ന അവൾ ഒരു ഘട്ടത്തിൽ പെട്ടെന്ന് നിന്ന് വഴിതിരിഞ്ഞുപോയതും അവർ കു. ഒരു പക്ഷേ താൻ അദ്ദേഹത്തോടൊപ്പം ഒരിക്കലുമെത്തില്ലെന്ന തിരിച്ചറിവാവാം അവളെ വഴി തിരിച്ചുനടത്തിയത്. തേടിയലയൽ അനിവാര്യമായ വിധിയാണ്. ഇതറിയുന്ന രാധികയുടെ മനസ്സിൽ ഓടിയെത്തുന്ന ദൃശ്യങ്ങളാണ് പിന്നീട് വർണ്ണിക്കുന്നത്. ഒന്നായിക്കഴിഞ്ഞ ഒരു രാത്രിയുടെ പിറ്റേന്ന് രാധയെ ക കൂട്ടുകാർ പൊട്ടിച്ചിരിക്കുന്നു. മിഴിത്തുമ്പിനാൽ തോഴി പറഞ്ഞുകൊടുത്തു.

> ''എത്താതെ ചുറ്റിയുടുത്തിരിപ്പൂ മഞ്ഞ-
> പ്പട്ടാട രാധ അറിഞ്ഞിടാതെ!
> നീലിച്ച ചേലയുടുത്തിന്നു പോയിപോൽ
> കാലിമേയ്ച്ചീടുവാൻ കൊൽ വർണ്ണൻ!''

വൃന്ദാവനത്തിലെ വിഹാരഭൂമി വീും കാണുമ്പോൾ അവൾ ഓർമ്മയിൽ മുഴുകുന്നു. രാധയും കൃഷ്ണനും തമ്മിലുള്ള തീവ്രപ്രണയം തെളിയിക്കുന്നവയാണ് ഈ ഭാഗങ്ങൾ. ''കൊലിലമ്പിളിക്കീറുപോലെ'' കണ്ണന്റെ മടിയിൽ കിടന്നുറങ്ങിയ നീലശിലാതലം, പാൽക്കുടം ചുമന്നുകൊുപോകുമ്പോൾ കണ്ണൻ എറിഞ്ഞ കല്ലേറ്റ് കുടം പൊട്ടി പാലിൽ കുളിച്ചത്, ഇലച്ചാർത്തുകൾക്കിടയിൽ പ്രത്യക്ഷപ്പെട്ട മുഖം താണുവന്നുമ്മവെച്ചത്, പാലിൽ കുളിപ്പിച്ച് തേനിൽ ജ്വലിപ്പിച്ച ഏഴിലംപാലചുവട്, നീന്തിത്തളർന്ന്, നനഞ്ഞ മഞ്ഞപ്പട്ടാടയിൽ തളർന്നുറങ്ങിയ പടവ്, ആടിയ ഊഞ്ഞാല്, കണ്ണൻ അവളെ അലങ്കരിച്ചത്, പിണങ്ങിയിരുന്നത്, കൃഷ്ണൻ തന്നെ

ചുമലിലേറ്റിയ വഴിത്തിരിവ്, എല്ലാം രാധ വീും ഓർത്തു.  ഊഞ്ഞാൽപ്പടിയിലിരുന്ന് പാടിയ പാട്ടിനെക്കുറിച്ചവൾ ഇങ്ങനെയോർക്കുന്നു.

''കളിയൂഞ്ഞാലാടുവോർ നമ്മളൊന്നാണെന്നു
കിളികൾക്കറിയാം നമുക്കറിയാം
തരളയാം രാവിന്നുമീമലർക്കാവിനും
കരിമുകിലിന്നും ശരിയ്ക്കറിയാം
ഇരുമെയ്യുമൊന്നാണു ഹൃദയങ്ങളൊന്നാണു
മിഴിയൊളിയൊന്നാണ്; ജീവനൊന്നാം
അവയെല്ലാമൊന്നാണ്; ശരിയെങ്കിലും നിന്റെ
ചിരിയുമെൻ നോവുമൊന്നല്ല തന്നെ
അതു നിലാവാണെങ്കി, ലിതു കണ്ണുനീരുപ്പു
കടലാണടങ്ങാത്തതാണു കണ്ണാ.''

നിലാക്കടലിന്റെയും ഉപ്പുകടലിന്റെയും അന്തരം അന്നവൾ കൂടുതലറിഞ്ഞില്ല. അറിഞ്ഞാലും

''ആടിത്തളർന്നു വീണടിയുവാൻ കല്പിക്കു
മോടക്കുഴലിന്റെ ലഹരി''

യിൽനിന്ന് രാധയ്ക്ക് മോചനമില്ല. അതുകൊണ്ടാണ് ദൂരെ യമുനാനദിയ്ക്കക്കരെനിന്ന് കണ്ണൻ ഒന്നുവിളിക്കുമ്പോഴെയ്ക്കും അവൾ പിടഞ്ഞെണിയ്ക്കുന്നത്. മുൾച്ചെടികളും ഇരുട്ടും കുഴികളും വിലക്കിയിട്ടും, മുൾച്ചെടികളിൽ ശരീരം മുറിഞ്ഞിട്ടും ഇരുളിലൂടെയോടിയെത്തുന്നത്. അക്കരെ കൂരിരുട്ടത്തു തിളങ്ങുന്ന മഞ്ഞപ്പട്ടാടയാണ് ലക്ഷ്യം.

''ഇനി നിൽപ്പതെമ്മട്ടു ദൂരെ ഞാൻ? പുഴയല്ല
യൊരു കടലാഴവും ഞാൻ കടക്കും
കരളിലുടക്കിത്തുളയ്ക്കുമക്കൂർത്തൊരു
മുനവലിക്കുമ്പോൾ വരാതെ വയ്യ.''

എന്നാണ് കുഴൽവിളി കേൾക്കുന്ന രാധയുടെ വികാരം. ചുറ്റിവലിക്കുന്ന ഒഴുക്കിൽപ്പെട്ട് പലവട്ടം പാറക്കെട്ടിൽ മെയ്യടിച്ചിട്ടും പലവട്ടം കുഴഞ്ഞുതാണിട്ടും തളർന്നുകയറിച്ചെന്ന് ആ കാൽക്കൽ വീണു. അവളെ ചേർത്തണച്ച് ''നമ്മെയകറ്റുവാനില്ലൊന്നു മണ്ണിലും വിണ്ണിലും രാധികേ'' എന്നു ചൊല്ലി. എന്നിട്ടും കർമ്മവും രാജധർമ്മവും പിറന്ന കുലവും വിളിച്ചപ്പോൾ രാധയുടെ നെഞ്ചിലൂടെ കൃഷ്ണന്റെ തേരുരുു. സായൂജ്യത്തിന്റെ പരമാനന്ദവും വിയോഗത്തിന്റെ ഉത്കടദുഃഖവും രാധയ്ക്ക് അറിയേി വന്നു. ഒരു ഓടക്കുഴൽ വിളിമാത്രം കേൾപ്പിച്ചുകൊ് ഗോകുലത്തിൽനിന്നും രാധ അപ്രത്യക്ഷയായി. നിത്യമായ അന്ധകാരത്തിലേക്കവൾ

മറഞ്ഞു എന്നു വിശ്വസിക്കാനിഷ്ടമല്ലാത്ത കവയിത്രി തേടിത്തേടി അവൾ ഹിമാല യത്തിലെത്തിയെന്നു കത്തെുന്നു. എന്തുകൊാവാം ഹിമാലയത്തിലെത്തിയെന്നു കരുതുന്നത്. കവയിത്രി പറയുന്നു

''ഇതുതാൻ ഹിമാചലം! സ്വർഗ്ഗത്തിലേയ്ക്കുള്ള
രജതമാം കോവണി; ദുഃഖം മഥിക്കുന്ന
ഹൃദയങ്ങളേ, കൊടുംവ്യഥകളേ, വിരഹത്തി–
ലെരിയും പരിത്യക്തബന്ധങ്ങളേ,
കാലം കെടുത്തും ശരീരങ്ങളേ മഹാ–
കാലം കെടുത്താത്ത മോഹങ്ങളേ
വരു വിളിക്കുന്നു ഹിമാലയം! നിസ്സംഗ–
മലിവിതിൽ ജീവിതച്ചിത കെടുത്തിൻ–''

അണയാത്ത മോഹങ്ങളുമായലയുന്ന തന്റെ ജീവിതച്ചിത കെടുത്താൻ ഇതാണേറ്റ വുമുചിതം എന്നവൾക്കറിയാം. ആ ഗിരിശൃംഗത്തിൻ അർദ്ധനാരീശ്വരസങ്കല്പ ത്തിന്റെ പൂർണ്ണത അവൾ കത്തെുന്നു.

രാധ ഹിമാലയത്തിലെ ധൂർജ്ജടിനിലയത്തിലെത്തിയിരിക്കാം. അദ്ദേഹത്തെ ആദരിച്ചിരിക്കാം. അവൾ അദ്ദേഹത്തെ നമിക്കുന്നതെങ്ങനെ? രാധ നമിക്കുന്ന രൂപം ഒന്നേയുള്ളൂ. അതുകൊവൾ ഇങ്ങനെ പറയുന്നു

''. . . വിഭോ നിന്റെയമ്പിളി–
ക്കീറിതൊരു നീലച്ച പീലിയാക്കൂ
ആടുന്ന ജടമുടിയിലാറല്ല., പാമ്പല്ല
ചൂടേതൊരു മുല്ലമാലയല്ലേ
ചേലിലൊരു വനമാലയാവട്ടെയാനീല–
നീലകണ്ഠത്തിൻ കപാലമാല്യം
മഴുമാറ്റിയക്കൈയിലൊരു മുളംകുഴലാക്കു–
കവിടുത്തെ രാധ നമിച്ചുകൊള്ളാം''.

രാധയുടെ അവതാരങ്ങളെപ്പറ്റിയാണ് പിന്നീടുവരുന്ന രംഗങ്ങളിൽ പറയുന്ന ത്. മീര, ചൈതന്യൻ, ആാൾ, കുറൂരമ്മ എന്നിവർ രാധയുടെ അവതാരങ്ങളായി കവയിത്രി സൂചിപ്പിക്കുന്നു. തേടിയലയുന്നതിന്റെ വേദനയും സാക്ഷാത്കാര ത്തിന്റെ ആനന്ദവും അനുഭവിച്ചവരാണവർ.[6]

---

6 അതേ അവതാരിക, പു. 21.

സകല സൗഭാഗ്യങ്ങൾക്കിടയിലും മീര ഗിരിധരഗോപാലനെ പൂജിച്ചു. സൗഭാഗ്യങ്ങൾ പിന്നീട് ദുരന്തങ്ങൾക്കു വഴിമാറിയപ്പോഴും ഗിരിധരഗോപാലൻ മീരയ്ക്ക് തുണയായി. സാമൂഹികബന്ധങ്ങളെയും കുലവ്യവസ്ഥകളെയും അവഗണിച്ച് കാലിൽ ചിലങ്കയണിഞ്ഞും ഏക്താരയിൽ ശ്രുതിയുണർത്തിയും തന്റെ ഇഷ്ടമൂർത്തിയെ ഉപാസിച്ചവളാണ് മീര. ഒടുവിൽ ആ കൃഷ്ണവിഗ്രഹത്തിൽത്തന്നെ വിലയം പ്രാപിക്കാൻ മീരയ്ക്ക് കഴിഞ്ഞു.

വൈഷ്ണവസമ്പ്രദായത്തിന്റെ പരമാചാര്യനായിരുന്നു ചൈതന്യൻ. വെള്ളവസ്ത്രം ധരിച്ച് ഹരേകൃഷ്ണ മന്ത്രം ജപിച്ച് കൃഷ്ണപ്രേമത്തിൽ മുഴുകി ഭാരതത്തിലങ്ങോളം ചൈതന്യൻ അലഞ്ഞു. ഗോവിന്ദനാമഘോഷത്തോടെ തന്നെ പിൻതുടർന്നവരോട് അദ്ദേഹമിങ്ങനെ പറഞ്ഞു.

> ''. . . അല്ല ഗോവിന്ദന–
> ല്ലകതാരിൽ ഞാൻ രാധയല്ലോ''.

''ഹരിമാത്രമാണെന്റെയുള്ളിൽ. എന്റേത് ദാസ്യരതിയും സഖ്യരതിയും വാത്സല്യരതിയും ഭക്തിരതിയും മധുരരതിയുമാണ്''. ഈ പറയുന്ന വാക്കുകൾ രാധയുടേതു തന്നെയാണ്. ഓടക്കുഴൽ നാദത്തിലാകൃഷ്ടരായി കണവനെയും പൈതലിനേയും ഗൃഹത്തേയും മറന്ന് രാധമാർ അണയുന്നു.

> ''ഇനിയില്ല വിശ്രാന്തി, ശാന്തി, സംതൃപ്തി, യീ
> പ്പിടയലേ ഞങ്ങൾ തൻ സൗഖ്യം''.

എന്നു വിലപിക്കുന്നു. പൊന്നുപോലുള്ള മുഖത്ത് നിഴലിച്ചുകാണുന്ന ശ്യാമവർണ്ണം ഗോവിന്ദന്റേതുതന്നെയെന്ന് നിർവൃതികൊള്ളുന്നു.

ഹിമാലയം വിട്ടിറങ്ങി ഉത്തരേന്ത്യ കടന്ന് ആ തേടൽ തമിഴകത്തെത്തുന്നു. രംഗനാഥന്റെ മുന്നിൽ ഒറ്റയ്ക്കുനിന്ന് സ്വയം മംഗല്യസൂത്രം ധരിച്ച് ദേവവധുവായ ആളാണത്. അവളുടെ കഴുത്തിലണിഞ്ഞതിന്റെ ശേഷമാണ് രംഗനാഥൻ പൂമാല കൈക്കൊത്. അവൾ പാടിയ പാട്ടുകൾ ഇന്നും തമിഴകത്ത് മുഴങ്ങുന്നു.

> ''പുണ്യമീ ബന്ധം മുറിച്ചൊഴിവാക്കുവാൻ
> കണ്ണാ നമുക്കു കഴിവതില്ലേ
> നിന്നെപ്പിരിഞ്ഞിരിക്കുന്നോരിയന്ധമാം
> ഖിന്നതയ്ക്കുറോ പുലർവെളിച്ചം''

എന്ന് ഒരു ജനത ഏറ്റുചോദിക്കുന്നു. ആളിന്റെ ചോദ്യം ദൂരെ മലനാട്ടിലും മുഴങ്ങുന്നു. വെള്ളവസ്ത്രം ധരിച്ച് ഭസ്മംതൊട്ട ഒരമ്മ കൈയിലെക്കിണ്ണത്തിൽ നെയ്യുരുളയും ഉപ്പേരിയും തയിരും കണ്ണൻ പഴവുമായി മാമുണ്ണാൻ ഉണ്ണിയെ വിളിച്ചുനടക്കുന്നു. ഇവിടെ കണ്ണനെ കാണുന്നത് മാതൃസ്വരൂപത്തിൽ നിന്നുകൊാണെങ്കിലും കവയിത്രി പറയുന്നു.

''പഴയോരനുഗ്രഹമു്റു പോലീ ഞങ്ങൾ
തലകുനിച്ചേല്പതു വേളിനാളിൽ
മകളേ നിനക്കു നിൻ പതിയേറ്റമരുമയാ-
മിളയ മകൻ പോലെയായിടട്ടേ''

ജീവാത്മാ-പരമാത്മാബന്ധത്തെ സാക്ഷാത്കരിക്കാൻ പതിപുത്രഗേഹ സാമാന്യബന്ധംപോലും സാർത്ഥകമാകുന്നു.

## (മ) സ്ത്രീത്വത്തിന്റെ ഭിന്നമുഖങ്ങൾ

ഗായകരും കവികളും ഭക്തരും മാത്രമല്ല ഓരോ ഭാരതീയനാരിയും രാധയുടെ അംശങ്ങൾതന്നെയെന്ന് കാവ്യത്തിന്റെ അവസാന ഖണ്ഡത്തിൽ കവയിത്രി വെളിപ്പെടുത്തുന്നു. കണ്ണനെത്തേടിത്തേടി നടന്ന രാധ ഒരു ഘട്ടത്തിൽ ''ഇനി വയ്യ'' എന്നു നിന്നപ്പോൾ രാധയുടെ മനസ്സ് നൂറുനൂറായി ചിതറിയെന്നും ഓരോ ചീളും വീണിടത്തുനിന്ന് പുകഞ്ഞുയർന്ന് വീും മുളച്ച് ജന്മങ്ങളിലൂടെ രോദനമായി അലയുന്നുവെന്നും കവയിത്രി പറയുന്നു. പാടത്തു കറ്റമെതിക്കുന്ന പെണ്ണുങ്ങൾ, ആടുമേയ്ക്കുന്ന പെൺകിടാങ്ങൾ, വെള്ളംകുടം ചുമന്നു കാതങ്ങൾ താുന്ന അമ്മമാർ, റാട്ടു കറക്കിത്തിരിതൊറുക്കുന്നവർ, കൊളുന്തുനുള്ളുന്നവർ കരിങ്കല്ലുടയ്ക്കുന്നവർ, ഉന്മാദിനികൾ . . . ഇങ്ങനെ തേടിനടക്കുന്ന ഏവരിലും കവയിത്രി രാധയെ കാണിച്ചുതരുന്നു. യുഗങ്ങൾക്കപ്പുറം ഉദിച്ചസ്തമിച്ച താരകയായി രാധയെന്ന തേജസ്വിനിയെ കാണുന്നതിനപ്പുറം ഓരോ ഭാരതനാരിയിലും രാധ ജീവിക്കുന്നു എന്ന സുഗതകുമാരിയുടെ കാഴ്ചപ്പാട് കൂടുതൽ അപഗ്രഥിക്കേതു്.

മലയാളത്തിലെ പല കവികളും കൃഷ്ണസങ്കല്പം കവിതയിലാവിഷ്ക്കരിക്കുന്നുങ്കെിലും രാധാകൃഷ്ണസങ്കല്പം ഏറെയൊന്നും കടന്നുവന്നിട്ടില്ല. സുഗതകുമാരിയുടെ കവിതകളിൽ രാധ പല രൂപത്തിലും ഭാവത്തിലും കടന്നുവരുന്നു. അമ്മയുടെയും പ്രണയിനിയുടേയും ഭാവങ്ങൾ അവൾക്കു്. എന്നാൽ അമൃതമായ പ്രേമം തേടിയുഴലുന്ന ഭാരതസ്ത്രീയുടെ മുഖമാണ് അതിൽ ഏറ്റവും ദീപ്തമായത്. സ്ഥൂലശരീരം വിട്ട് അവർ ആത്മസമർപ്പണത്തിന്റെ പ്രതീകങ്ങളാവുന്നു. ഒറ്റപ്പെടലിന്റെ വ്യഥയിലൂടെ, നിരന്തരമായ തേടലിലൂടെ അവർ നടന്നുകൊിരിക്കുന്നു. ഒരിക്കലും നില്പുറയ്ക്കാത്ത രാധ ഓരോ കാലഘട്ടത്തിലൂടെ, ദേശത്തിലൂടെ, ജനമനസ്സുകളിൽ ചിരന്തനപ്രതീകമായി വർത്തിക്കുന്നു. നിത്യവിരഹിണിയായ അവൾ ഭാരതീയ സ്ത്രീ ചേതനയുടെ പ്രതീകമാവുന്നു്. പ്രേമാമൃതമെന്നു പ്രകീർത്തിക്കപ്പെടുന്ന ഈ അനുഭൂതി പൂർണ്ണത എന്ന സങ്കല്പമാണ്. ഈ സങ്കല്പത്തിലെ കൃഷ്ണനെ തേടുന്ന വ്യഗ്രത പൂർണ്ണതയ്ക്കുവേിയുള്ള വ്യഗ്രതയാണ്.

## (യ) പ്രണയദർശനം

''പ്രപഞ്ചാത്മാവിൽത്തന്നെ കുടികൊള്ളുന്ന മാധുര്യത്തിന് ഭാരതീയർ നല്കിയ വൈരുദ്ധ്യാത്മക, ദ്വന്ദ്വാത്മക വ്യാഖ്യാനമാണ് രാധാകൃഷ്ണസങ്കല്പം. ആദർശവൽകൃതമായ പ്രാപഞ്ചികപ്രണയത്തിന്റെ ഏറ്റവും ഉൽകൃഷ്ടമായ നിദർശനമാണ് രാധാകൃഷ്ണപ്രണയം''[7] എന്ന് ചാത്തനാത്ത് അച്യുതനുണ്ണി അഭി

[7] പ്രേമവും ഭക്തിയും- അവതാരിക.

പ്രായപ്പെടുന്നു. ഒരേസമയം ദൈവികമെന്നും മാനുഷികമെന്നും പറയാവുന്ന പ്രേമ ത്തിന്റെ ഉജ്ജ്വലത രാധാകൃഷ്ണപ്രണയത്തിൽ ദൃശ്യമാണ്. സ്ത്രൈണസത്തയു ടേയും പ്രകൃതിയുടേയും പരമപ്രേമത്തിന്റെയും ചിരന്തനപ്രതീകമാണ് രാധ. ''പ്രാപഞ്ചികമായ വ്യവഹാരങ്ങളാൽ ബദ്ധമായ ജീവാത്മാവിന്റെ പരമപ്രേമ ദാഹമാണ് രാധയുടെ കൃഷ്ണരതി''.[8]

കൃഷ്ണൻ ഈശ്വരനാണെങ്കിലും മനുഷ്യസഹജമായ രസാനുഭൂതികളെല്ലാം മനുഷ്യശരീരത്തിന്റെ പരിമിതിയ്ക്കുള്ളിൽ നിന്ന് അദ്ദേഹം അനുഭവിക്കുന്നു്. ഒരേ സമയം അവ്യയനും അചിന്ത്യനും പരമാത്മാവും മായയ്ക്കധീനമായ ജീവഭാവവു മാണ് കണ്ണൻ. ശാശ്വതമായ സ്ത്രീഭാവമാണ് രാധ. സൗന്ദര്യത്തിന്റേയും ശാലീന തയുടേയും പ്രതീകമായിരിക്കുന്ന രാധയും പ്രകൃതിയും രല്ല. പ്രകൃതിയിലെ ഏറ്റവും വലിയ ദ്വന്ദ്വകല്പന ഈ ദൈവ-പ്രകൃതി കല്പനതന്നെയാണ്. പരോക്ഷ മായ ലാവണ്യാനുഭൂതിയാണ് ഈശ്വരാനുഭൂതി. ശാശ്വതമായ ഒന്നിനെ തിരിച്ചറിയു മ്പോൾ സാമൂഹികനിയമങ്ങൾ അപ്രസക്തമാവുന്നു. ജീവിതത്തിലെ ആനന്ദവും ദുഃഖവും ദൈവ-പ്രകൃതി ദ്വന്ദ്വത്തിന്റെ അഥവാ ജീവാത്മാ പരമാത്മാബന്ധ ത്തിന്റെ പാരസ്പര്യത്തെ വീും വീും വ്യക്തമാക്കുന്നു. കൃഷ്ണന് ഗോപികമാരി ലുള്ള പ്രിയവും ഗോപികമാർക്ക് കൃഷ്ണനോടുള്ള ആകർഷണവും ഈ പാരസ്പ ര്യത്തെ സൂചിപ്പിക്കുന്നു. ആനന്ദം ഇന്ദ്രിയ നിരപേക്ഷമാണ്. സുഖം ഇന്ദ്രിയാപേ ക്ഷവും. ആനന്ദമയനായ ഈശ്വരൻ ഇന്ദ്രിയങ്ങളാൽ പ്രാപ്യനല്ല. എന്നാൽ ഇന്ദ്രി യാപേക്ഷവും ഇന്ദ്രിയനിരപേക്ഷവുമായ ആനന്ദം കൃഷ്ണനെന്ന സങ്കല്പത്തിൽ സമന്വയിക്കപ്പെടുന്നു.

ആത്മാവിന് ദ്വൈതമില്ല. സ്ത്രീപുരുഷഭേദമില്ല. അഖണ്ഡമായ ശുദ്ധചൈ തന്യം മാത്രമാണുള്ളത്. അജ്ഞാനം കൊ് ഏകത്വം അനുഭവപ്പെടാതിരിക്കുമ്പോൾ ദ്വൈതബോധം ഉാകുന്നു. ദ്വൈതബോധത്തിന്റെ ഭൂമികയിലാണ് സ്ത്രീപുരുഷന്മാർ പരസ്പരാകൃഷ്ടരായി അനുരാഗബദ്ധരാവുന്നത്. സംഘടിതസമൂഹത്തിന്റെ കെട്ടുറപ്പിനുവേി മനുഷ്യസഹജമായ ഇച്ഛകളേയും വികാരങ്ങളേയും നിയന്ത്രി ച്ചുനിർത്താൻ മനുഷ്യൻതന്നെ നിയമങ്ങളും ആചാരങ്ങളും ഉാക്കിയിട്ടു്. മനു ഷ്യനിർമ്മിതങ്ങളായ ആചാരങ്ങളോ നിയമങ്ങളോ ഒന്നും തന്നെ പ്രകൃതിയുടെ നിയമത്തോട് നീതികാണിക്കുന്നില്ല. അതുകൊുതന്നെ അതിനെ ഉല്ലംഘിക്കാനും ചോദ്യം ചെയ്യാനുമുള്ള ത്വര ജീവിവർഗ്ഗത്തിൽ കാണാം.

## 5.3. രാധ- വ്യക്തിത്വ വിശകലനം

8 അതേ അവതാരിക.

(മ) ആത്മസമർപ്പണഭാവം

(യ) തുല്യതാസങ്കല്പം

(ര) അസാന്നിദ്ധ്യത്തിലെ സാന്നിദ്ധ്യം

(റ) സ്ത്രീസ്വത്വത്തിന്റെ വിഭിന്നഭാവങ്ങൾ രാധയിൽ

(ല) സ്ത്രീസ്വത്വത്തിന്റെ സങ്കീർണ്ണഭാവങ്ങൾ

(ള) ഉൽക്കർഷാപകർഷബോധം

(ഴ) വിരുദ്ധദ്വന്ദ്വങ്ങൾ

ഇത് സ്ത്രീവിമോചനത്തിന്റെ യുഗമാണ്. ജീവിതത്തിന്റെ സമസ്തമണ്ഡലങ്ങളിലും പുരുഷനോടൊപ്പം സ്ത്രീ മുന്നേറിക്കൊിരിക്കുന്നു. ഈ കാലഘട്ടത്തിൽ സ്ത്രീക്കു കിട്ടിയ വിദ്യാഭ്യാസവും സ്വാതന്ത്ര്യവും അവളെ പുതിയ ചിന്തകളിലേക്കും പുതിയ പ്രവർത്തനങ്ങളിലേയ്ക്കും നയിച്ചു. അവൾക്ക് സ്വന്തം അഭിപ്രായങ്ങളും വ്യക്തിത്വവും ഉായി. എവിടെയും ആരുടേയും പിന്നിലല്ല താൻ എന്നവൾ തെളിയിച്ചു.

ആധുനികയുഗത്തിലെ സ്ത്രീവിമോചന പ്രവർത്തകരുടെ ചിന്താഗതിയിൽനിന്ന് ഏറെ വ്യത്യസ്തമാണ് സുഗതകുമാരിയുടെ സ്ത്രീസങ്കല്പം. വിശാലമായ ലോകത്തിൽ എവിടേയും മേൽക്കോയ്മ നേടാനല്ല സ്ത്രീയ്ക്ക് തന്റേതായ ഒരു ഇടം നേടിയെടുക്കാനാണവരുടെ ശ്രമം. ആത്മാവും ശരീരവും പണയപ്പെടുത്താതെ അവൾക്ക് ജീവിക്കാൻ കഴിയണം. ഈയൊരു ദർശനം ഉള്ളിലുള്ളതു കൊാവാം ഈ കെട്ട ഭൂമിയിൽ സ്ത്രീകൾ അപമാനിക്കപ്പെടുമ്പോൾ കവിസ്വത്വം വിങ്ങുന്നത്. ആ വിങ്ങൽ കവിതകളിലൂടെ പുറത്തുവരുന്നത്. ഇവൾക്കു മാത്രമായ്, പെൺകുഞ്ഞ്. ജെസ്സി, കൊല്ലേതെങ്ങനെ? ഇന്നത്തെ സന്ധ്യയോ? സ്ത്രീപർവ്വം, എന്തു പറ്റി നമുക്ക്, ഒരു രാമായണരംഗം, ഒരു പാചകക്കുറിപ്പ്, കാണാതായവർ തുടങ്ങി പല കവിതകളും ഇതിനുദാഹരണമായെടുക്കാം. ഈ വിഭാഗത്തിൽപ്പെട്ട, ഇതേ ആശയം ഉൾക്കൊള്ളുന്ന കവിതകൾ സുഗതകുമാരിയുടെ രചനകളിൽ ഏറെയു്. വർത്തമാനകാല സ്ത്രീസങ്കല്പത്തിന്റെ ചിത്രീകരണം തന്നെയാണ് രാധയെന്ന പുരാണകഥാനായികയുടെ പുനരാവിഷ്ക്കാരത്തിലൂടെ സുഗതകുമാരി സാധിച്ചിരിക്കുന്നതും. രാധയുടെ ഛായയയാണ് കൃഷ്ണകവിതകളിലെ എല്ലാ ഗോപികമാർക്കുമുള്ളത്.

## (മ) ആത്മസമർപ്പണഭാവം

പ്രണയപരവശയെങ്കിലും സുഗതകുമാരിയുടെ രാധ വ്യക്തിത്വമില്ലാത്തവളല്ല. തന്റെ വ്യക്തിത്വത്തിൽ അവൾക്ക് വിശ്വാസവും അഭിമാനവുമു്. അതേ സമയം

തന്നെ തന്റെ പ്രണയപാത്രത്തിനുമുന്നിൽ ആത്മസമർപ്പണം നടത്താനും അവൾക്കു കഴിയുന്നു. ഭാരതത്തിന്റെ പ്രണയദർശനത്തിൽ ഒരു തുല്യതാഭാവം നിലനില്ക്കുന്നു്. പുരാതന ഭാരതീയനായികമാരെ ഒറ്റനോട്ടത്തിൽ കാണാൻ ശ്രമി ക്കുമ്പോൾ നിരുപാധിക വിധേയതയാണ് ആദ്യം ദൃശ്യമാവുക. പുനർവായനയിൽ നാം അറിയും അത് വിധേയത്വമല്ല ആത്മസമർപ്പണമാണ്. ആത്മസമർപ്പണം തന്നെ യാണ് പ്രണയത്തിന്റെ പൂർണ്ണത. സ്വയം മറന്ന് പ്രേമപാത്രവുമായി സായൂജ്യം പ്രാപിക്കുകയെന്ന പ്രേമദർശനം ഒരു അനാദിവാസനയായി ഭാരതീയ ചേതനയിൽ വിലയിച്ചിട്ടു്. പാതിയുടൽ പകുത്തുവാങ്ങാനുള്ളത്ര മനഃശക്തിയും ഒരു പുരം ചുട്ടെരിക്കാനുള്ള ദഹനശേഷിയും അഗ്നിപരീക്ഷ അതിജീവിക്കാനുള്ള ധൈര്യവും അതിനു്.

## (യ) തുല്യതാസങ്കല്പം

പ്രേമത്തിനു മുന്നിൽ സമ്പൂർണ്ണസമർപ്പണം നടത്തുന്നുവെന്നത് സ്ത്രീയുടെ ന്യൂനതയല്ല. അതിനെ അനുകൂലിക്കുന്നുവെന്നത് പുരുഷമേൽക്കോയ്മയെ ശരിവയ്ക്കലുമല്ല. സ്നേഹയോഗത്തിന്റെ തലത്തിൽ വിധേയത്വം അടിമത്തമാവുന്നില്ല. അടിമത്തമോ വിധേയത്വമോ ഉള്ളിടത്ത് സ്നേഹയോഗം കടന്നുവരില്ല. ഭാരതത്തിന്റെ തുല്യതാസങ്കല്പത്തിൽ പരസ്പര വിധേയത്വമാണുള്ളത്. സ്നേഹത്തിനു മുന്നിൽ സ്ത്രീയും പുരുഷനും നമ്രശിരസ്കരാകാതെ വയ്യ. ഈ മഹദ്ദർശനത്തിന് ഉദാഹരണമാണ് ഉമാമഹേശ്വരസങ്കല്പം. കൊട്ടാരത്തിൽ ജനിച്ച് സർവ്വസുഖങ്ങളിലും വളർന്നവളാണ് പാർവ്വതി. ദേഹത്തെക്കുറിച്ചുള്ള മിഥ്യാബോധവും ഭൗതികജീവിതത്തിലെ ഭോഗപരതയും ഒഴിവാക്കി പഞ്ചാഗ്നിമധ്യത്തിൽ തപസ്സുചെയ്താണ് അവൾ പ്രണയസാഫല്യം നേടിയത്. ഉമയുടെ തപസ്സിനുമുന്നിൽ മഹേശ്വരന്റെ വൈരാഗ്യം നിഷ്ഫലമാവുന്നു. കാമദേവനെ ഭസ്മമാക്കിയ കണ്ണുകളിൽ അവളോടുള്ള കാരുണ്യം നിറയുന്നു. സ്നേഹം കൊ് പരസ്പരം വിധേയരായ അവർ അർദ്ധനാരീശ്വര സങ്കല്പമായി ഭാരതീയ ചേതനയിൽ നിറഞ്ഞുനില്ക്കുന്നു. ഈ പ്രണയസങ്കല്പമാണ്, ആത്മസമർപ്പണമാണ് രാധാകൃഷ്ണപ്രണയസങ്കല്പത്തിലും കത്തൊവുന്നത്. അനാദിയായ ഈ ഭാവസത്ത ഉമാമഹേശ്വരരിലൂടെ, രാധാകൃഷ്ണന്മാരിലൂടെ, ആധുനികലോകത്തിൽ, വർത്തമാനകാലത്തെ സ്ത്രീയിൽ എത്തിനില്ക്കുന്നു.

എല്ലാ ഗോപികമാരും കൃഷ്ണന്റെ പാദങ്ങളിൽ പ്രേമപൂജ ചെയ്യുമ്പോൾ ഒരു ഗോപികമാത്രം കൃഷ്ണന്റെ പ്രേമപൂജ സ്വീകരിക്കുന്നു. 'ഒരു വൃന്ദാവനരംഗ'ത്തിലാണ് ഈ കാഴ്ച കാണാനാവുന്നത്. സ്ത്രീയുടെ വ്യക്തിത്വമഹിമയുടെ ചിത്രമാണിത്. കവയിത്രിയുടെ മനസ്സിലെ സ്ത്രീസങ്കല്പം– തുല്യതാസങ്കല്പം– ഈ കവിതയിലു്. കണ്ണനവളെ ഈശ്വരിയായി കരുതുന്നു. രാധയുടെ കാലുകൾ കൈയിലെടുത്ത് ചിത്രം വരയ്ക്കാൻ കണ്ണനു മടിയില്ല. കണ്ണന്റെ തോളിൽ ചാരി, അവനൊപ്പം നിന്ന് കോലക്കുഴൽ പഠിക്കാൻ അവൾക്കു കഴിയുന്നു്. പുരുഷനോടൊപ്പം തോളോടുതോൾ ചേർന്ന് നില്ക്കാനുള്ള സ്വാതന്ത്ര്യംതന്നെയാണ് ആധുനിക സ്ത്രീയും തേടുന്നത്.

കൃഷ്ണകവിതകൾ എന്ന സമാഹാരത്തിലെ ഏതാല്ലൊ കവിതകളും ജീവാത്മാ–പരമാത്മാ ബന്ധത്തേയും, പരമാത്മാവിനു മുന്നിലെ ആത്മസമർപ്പണത്തേയും വിഷയമാക്കുന്നു. ചില കവിതകളിൽ രാധ അല്ലെങ്കിൽ ഗോപിക അഭിമാനിനിയായ സ്തീയായി, ശക്തിസ്വരൂപിണിയായി തന്റേതായ ഇടം ഉറപ്പിക്കുന്നു. കൃഷ്ണ,

നീയെന്നെയറിയില്ല, ഒരു വൃന്ദാവനരംഗം, ദേവദാസി, തുടങ്ങിയ കവിതകൾ ഉദാഹരണമായെടുക്കാം.

### (ഒ) അസാന്നിദ്ധ്യത്തിലെ സാന്നിദ്ധ്യം

മറ്റു ഗോപികമാരിൽനിന്ന് വ്യത്യസ്തയാണ് ''കൃഷ്ണ, നീയെന്നെയറിയില്ല'' എന്നു പറയുന്ന ഗോപിക. അവൾ സ്വയം പരിചയപ്പെടുത്തുന്നതിങ്ങനെയാണ്. ''ഞാൻ ഒരു മൺകുടിലിൽ ജീവിയ്ക്കുന്ന പാവം ഗോപിക. വർണ്ണശബളമായ വേഷത്തോടെ, ചിലങ്ക കിലുക്കി അനുരാഗവായ്പോടെ യമുനാതീരത്തേക്ക് നിന്നെത്തേടി ഞാൻ ഒരിക്കലും വന്നിട്ടില്ല. കാളിന്ദീതീരത്ത് വസ്ത്രങ്ങളഴിച്ചുവെച്ച് നീരാടിയവരുടെ കൂട്ടത്തിൽ ഞാനുായിരുന്നില്ല. ഉടയാടകൾക്കായി നിന്റെ മുന്നിൽ ഞാൻ കൈനീട്ടി നിന്നിട്ടില്ല. നിന്റെ ഓടക്കുഴൽ വിളിയുയരുമ്പോൾ ഗൃഹധർമ്മവും മാതൃ-പത്നീ ധർമ്മവും മറന്ന് ഓടിയെത്തിയവരുടെ കൂട്ടത്തിലും ഞാനുായിരുന്നില്ല. അപ്പോഴൊക്കെ ഞാനെന്റെ കുടിലിൽ എന്റെ നൂറായിരം കർമ്മങ്ങൾക്കിടയിൽ ഞാൻ എന്നെ തളച്ചിട്ടു''. ഇത് ഗോപികയുടെ സ്വത്വപ്രഖ്യാപനമാണ്. കൂട്ടത്തിലൊരുവളായി ഇവൾ മാറുന്നില്ല. യമുനാതീരത്ത് നൃത്തം ചെയ്തവർക്കും ഉടയാടയ്ക്കു കൈനീട്ടി നിൽക്കുന്നവർക്കും ഓടക്കുഴൽവിളികേട്ട് ഓടിച്ചെല്ലുന്നവർക്കും തനതായ വ്യക്തിത്വമില്ല. ഗോപികമാർ എന്ന ബഹുവചനത്തിൽ അവരുടെ വ്യക്തിത്വം നഷ്ടപ്പെടുന്നു.

രാസക്രീഡാലോലരായ ഗോപികമാർ കൃഷ്ണനു ചുറ്റും നൃത്തം ചെയ്യുന്നു. അവരുടെ മുടിയിൽ നിന്നും പൂക്കൾ പൊഴിയുന്നു. നൃത്തം ചെയ്തുതളർന്ന അവർ കൃഷ്ണന്റെ മാറിൽ ചാരിനിൽക്കുന്നു. ഈ രംഗത്തും അജ്ഞാതയായ ഈ ഗോപികയില്ല. അവളുടെ ദുഃഖങ്ങൾ കൃഷ്ണസവിധത്തിലെത്തിക്കാൻ നിപുണയായ തോഴിയില്ല. ഓടക്കുഴൽനാദം അലയടിക്കവേ തന്റെ ഹൃദയത്തിന്റേയും പഴ്ക്കുടിലിന്റേയും വാതിലുകൾ അടച്ചു ഭദ്രമാക്കാൻ അവൾക്കു കഴിയുന്നു്. കൂട്ടത്തിലൊരുവളാവാതെ മാറിനിൽക്കാൻ അവൾക്കു കഴിയുന്നു എന്നതുതന്നെയാണ് അവളുടെ വ്യക്തിത്വത്തിന്റെ സവിശേഷത. തന്റെ മൗനം കൊും അസാന്നിദ്ധ്യം കൊുമാണ് അവൾ തന്റെ പ്രത്യേകതയെ കൃഷ്ണനു ബോദ്ധ്യപ്പെടുത്തിക്കൊടുക്കുന്നത്. ഗോകുലം ഉപേക്ഷിച്ചുപോകുന്ന കണ്ണനെ പൂർവ്വസ്മരണകളിലേക്കു കൊുവന്ന് അവളുടെ സാന്നിദ്ധ്യത്തിലേയ്ക്കെത്തിക്കാനും അവൾക്കു കഴിഞ്ഞു. മറ്റു ഗോപികമാർ കൃഷ്ണസവിധത്തിലെത്തി അവരുടെ പ്രണയം നിവേദിക്കുമ്പോൾ കൃഷ്ണൻ മൺകുടിലിലെത്തി ഗോപികയുടെ ആത്മനിവേദനം സ്വീകരിക്കുന്നു. സ്ത്രീസ്വത്വത്തിന്റെ മഹനീയതയാണ് ഇവിടെ തെളിയുന്നത്.

കൃഷ്ണന്റെ തേരുപോവുന്നത് ശിലാബിംബത്തെപ്പോലെ നോക്കിയിരുന്ന ഗോപികയുടെ ഛായയു് ദേവദാസിയ്ക്ക്. മുകളിലേയ്ക്ക് തിരക്കിട്ടുപോവുന്നവരുടെ കൂട്ടത്തിൽ അവളില്ല. പതിനെട്ടു പടികൾക്കുതാഴെ മുറിവേറ്റ ഹൃദയവുമായി തീവ്രാനുരാഗത്തിന്റെ മധുരവുമായി അവളിരിക്കുന്നു.

തന്റെ അസാന്നിദ്ധ്യം കൊുതന്നെയാണ് ദേവദാസിയും ശ്രദ്ധേയയാവുന്നത്. അവളുടെ ഈ ചോദ്യം പ്രസക്തമാണ്.

''തിരുമുമ്പിലാടുവാൻ പാടുവാനല്ലെങ്കി-
ലരുളിയതെന്തിനീക്കഴലിന്നു താളവും
വിരലിന്നു മുദ്രയും കണ്ഠത്തിൽ സംഗീത
കലവിയുമെന്നു ഞാൻ ശങ്ക കൊൾവൂ.''

ഇഷ്ടദേവനുമുന്നിലല്ലാതെ ആരുടേയും മുന്നിൽ പാടാനോ ആടാനോ അവൾ തയ്യാറല്ല. ദേവദാസിയെങ്കിലും വ്യക്തിത്വത്തെ ഉയർത്തിപ്പിടിക്കാൻ അവൾക്കു കഴിയുന്നു. ഒരു തവണപോലും അവളെ ദേവൻ വിളിച്ചിട്ടില്ല. ഒരു തവണ പോലും പടികയറിയെത്താൻ കഴിഞ്ഞില്ല. പക്ഷേ യാതൊരു പരാതിയും അവൾ പറയുന്നില്ല. കാരുണ്യമരുളാത്തതെന്തെന്ന ചോദ്യവുമില്ല. തീവ്രാനുരാഗത്തിന്റെ മധുരവുമായി ഇതുവരെ കാത്തിരുന്നു. പ്രതീക്ഷയുടെ അവസാന തിരിനാളവുമണഞ്ഞപ്പോൾ മി ാതെണീറ്റു പോകാൻ തുനിയുന്നു. അപ്പോൾ ദേവദാസി പറയുന്ന വാക്കുകൾ തന്റെ സ്വത്വത്തിൽ വിശ്വാസമുള്ള ഒരു അഭിമാനിയ്ക്കുമാത്രം പറയാൻ കഴിയുന്നതാണ്.

''അതിനു മുമ്പാദ്യത്തെപ്പടിയിൽ, ഞാൻ കാത്തൊരീ
മധുരവും ഊക്കോടെറിഞ്ഞുടയ്ക്കും''

## (൦) സ്ത്രീസ്വത്വത്തിന്റെ വിഭിന്നഭാവങ്ങൾ രാധയിൽ

രാധയെവിടെ എന്ന കാവ്യത്തിൽ സുഗതകുമാരിയുടെ സ്ത്രീസ്വത്വസങ്കല്പം കൂടുതൽ ദീപ്തമാവുന്നു. സ്ത്രീത്വത്തിന്റെ ഭിന്നമുഖങ്ങൾ ഈ കാവ്യത്തിൽ കത്തൊം.

പ്രേമത്തിനു മുന്നിൽ സമ്പൂർണ്ണ സമർപ്പണം നടത്തുന്നുങ്കെിലും സ്വന്തം വ്യക്തിത്വം പണയപ്പെടുത്തുന്നവളല്ല ഈ കാവ്യത്തിലെ രാധ. അഭിമാനദീപ്തിയും മുഗ്ദ്ധപ്രണയവും രാധയിൽ ഒരേസമയം പ്രകടമാവുന്നു.

കാവ്യത്തിന്റെ രാം ഖണ്ഡത്തിൽ തേരുരുൾപ്പാടുകൾക്കു പിന്നാലെയോടുന്ന ഒരുന്മാദിനിയുടെ ചിത്രമുട്. അതേസമയം

"പെട്ടെന്നു നിന്നവൾ ചിന്തയാർന്നു കൂടെ-
യെത്തുവാൻ പാടില്ല, യെന്നു ചൊല്ലി"

ഏതോ വഴിക്കു തിരിഞ്ഞുപോകുമ്പോൾ നാം കാണുന്നത് ഉന്മാദിനിയെയല്ല, തന്റെ നിലയെന്തെന്ന് തിരിച്ചറിഞ്ഞ പക്വമതിയെയാണ്. രാജധർമ്മവും കുലവും വിളിക്കുമ്പോൾ കൃഷ്ണനു പോയേ തീരൂ എന്നവൾക്കറിയാം. അഗാധമായ പ്രണയത്തിന്റെ പേരിൽ അവൾ ഒരിക്കലും വഴിമുടക്കുന്നില്ല.

"അവൾ രാഗമേകിയോൻ ഇടയനല്ലാ രാജ-
കുലജാതൻ എങ്ങൾക്കു ദൈവമല്ലോ
മുറുകില്ല പീതാംബരാഞ്ചലവും പാവ-
മവൾ തൻ പരുത്ത ചേലത്തലപ്പും"

എന്ന വരികളിലും ഈ ആശയം പ്രകടമാവുന്നു്. പ്രണയം ആത്മസമർപ്പണത്തോളമെത്തുന്നുങ്കിലും രാധ സ്വത്വം വിസ്മരിക്കുന്നില്ല. പട്ടുചേലയും പരുക്കൻ വസ്ത്രവും മുറുകില്ലെന്ന സത്യം ഉൾക്കൊള്ളാൻ ഒരു ഭാരതീയസ്ത്രീക്ക് ഏറെയൊന്നും പരിജ്ഞാനം ആവശ്യമില്ല. ഇരുമെയ്യും ഹൃദയങ്ങളും ഒന്നാവുമ്പോഴും ഈ സത്യം മുഴച്ചുനില്ക്കുന്നു.

"ഇരുമെയ്യുമൊന്നാണു ഹൃദയങ്ങളൊന്നാണു
മിഴിയൊളിയൊന്നാണു ജീവനൊന്നാം
അവയെല്ലാമൊന്നാണ് ശരിയെങ്കിലും നിന്റെ
ചിരിയുമെൻ നോവുമൊന്നല്ലതന്നെ
അതു നിലാവാണെങ്കിലിതു കണ്ണുനീരുപ്പു
കടലാണടങ്ങാത്തതാണുകണ്ണാ"

എന്നിങ്ങനെ തന്റെ ചിരിയിൽ അവസാനം ഒടുങ്ങാത്ത കണ്ണീരുപ്പുകടൽ ബാക്കിയാവുമെന്നവൾ മുൻപേ അറിയുന്നു.

സ്വയം മറന്ന് കണ്ണനെന്ന സ്നേഹസായൂജ്യത്തിൽ മുഴുകുമ്പോഴും സ്വത്വബോധം കൈവിടാത്തയൊരുവൾക്കേ ഇത്തരത്തിൽ ചിന്തിക്കാനാകൂ. അവൾക്കേ തേരുരുൾപ്പാടുകളുടെ മാർഗ്ഗത്തിൽനിന്നും വ്യതിചലിച്ചുനടക്കാനാവൂ. അവൾക്കേ

''പോരും പരാതിയീലോകം തപിക്കവേ
രാധതൻ താപം അഗണ്യതാപം''

എന്ന് ആശ്വസിക്കാനാവൂ.

ഒരുപാട് സങ്കടങ്ങളുടേയും മോഹഭംഗത്തിന്റെയും തിരസ്കാരത്തിന്റെയും ഉലയിൽ വെച്ചൂതിയെടുത്ത് സ്ഫുടം ചെയ്ത മനസ്സുമായെത്തുന്ന ശക്തിസ്വരൂപിണിയും അഭിമാനിനിയുമായ സ്ത്രീയാണ് കാവ്യത്തിൽ നാം പിന്നീടുകാണുന്ന രാധ. അവൾ ഹിമാലയത്തിലെത്തി കൈലാസശൃംഗം നോക്കി രാധ പറയുന്നു.

''നാഥ, ഹര ഞാൻ പരിത്യക്ത രാധ
പാവമാം പാൽക്കാരിയൊരുവളെന്നാൽ നാലു
നാളിലിവൾ വിശ്വസൗഭാഗ്യറാണി''

ഞാൻ പരിത്യക്തയായ പാവമൊരു പാൽക്കാരിയാണെന്നു മാത്രമല്ല നാലുനാൾ ഞാനൊരു സൗഭാഗ്യറാണിയായിരുന്നു എന്നുമവൾ കൂട്ടിച്ചേർക്കുന്നു. സ്വന്തം വ്യക്തിത്വത്തെ അവഗണിയ്ക്കാൻ അവൾ തയ്യാറാവുന്നില്ല. തന്റെ വ്യക്തിത്വം വിലയിരുത്തുന്നതിൽ രാധ കാണിക്കുന്ന കാർക്കശ്യം ഇവിടെ തെളിയുന്നു്.

കണ്ണനെയല്ലാതെ രാധ മറ്റാരേയും ഇതുവരെ വന്ദിച്ചിട്ടില്ല. ഇനിയും വന്ദിക്കാൻ അവൾ ഒരുക്കവുമല്ല. കാലകാലനായ ധൂർജ്ജടിയോട് അവൾ ഇങ്ങനെ പറയുന്നു.

''. . . വിഭോ നിന്റെയമ്പിളി
ക്കിറിതൊരു നീലിച്ച പീലിയാക്കൂ
ആടുന്ന ജടമുടിയിലാറല്ല പാമ്പല്ല
ചൂടേതൊരു മുല്ലമാലയല്ലോ.
ചേലിലൊരു വനമാലയാവട്ടെയാ നീല–
നീലകണ്ഠത്തിൻ കപാലമാല്യം
മഴുമാറ്റിയക്കൈയിലൊരു മുളംകുഴലാക്കു–
കവിടുത്തെ രാധ നമിച്ചുകൊള്ളാം''

തന്റെ വ്യക്തിത്വത്തിൽ അഭിമാനിക്കുന്ന ഒരുവൾക്കേ ഇങ്ങനെ പറയാനാവൂ.

മീര, ചൈതന്യൻ, ആൾ, കുറൂരമ്മ എന്നിവരിലൂടെ ഭാരതീയ സങ്കല്പത്തിൽ രാധാസ്വത്വം നിലനിന്നു. തേടിയലയുന്നതിന്റെ വേദനയും ആനന്ദവും

അവർ അനുഭവിച്ചു. അത് ഇങ്ങേയറ്റത്ത് വർത്തമാനകാലസ്ത്രീസങ്കല്പങ്ങളിൽ എത്തിനിൽക്കുന്നു. അവരും തേടുകയാണ്,

“. . . നിത്യനാം
തിങ്കളെ, പ്രേമൈകമൂർത്തിതന്നെ”

ഇങ്ങനെ തേടിയലയുമ്പോഴും അഹത്തെ ഉയർത്തിപ്പിടിക്കുന്ന അഭിമാനദീപ്തി അവളിൽ അസ്തമിക്കുന്നില്ല. അവൾ പറയുന്നു,

ഇവളഭിമാനിനി ഹേ കണ്ണ, നിൻനുന്നി–
ലിനിയിവൾ കൈനീട്ടി നില്ക്കയില്ല
തനിയേ നടക്കുവോൾ, പാൽക്കുടം പോലെയീ
ക്കഠിനമാം ദുഃഖം ചുമന്നിടോൾ
അറിയില്ല നിന്നനുരാഗമെന്നാകിൽ നിൻ
കരുണയും വേണ്ടെന്നു പിൻതിരിഞ്ഞോൾ

അഭിമാനദീപ്തിയും മുഗ്ദ്ധപ്രണയവും മേളിക്കുന്ന ഈ രാധയിലാണ് സുഗതകുമാരിയുടെ സ്ത്രീസങ്കല്പം പ്രഫുല്ലമാവുന്നത്. ആരാധിക്കാനും സ്വയം മറുന്നു സ്നേഹിക്കാനും ആത്മസമർപ്പണം ചെയ്യാനും കഴിവുള്ള മനസ്സ് സ്ത്രീയുടെ അബലതയല്ല പ്രബലതയാണ്.

## (ല) സ്ത്രീസ്വത്വത്തിന്റെ സങ്കീർണ്ണഭാവങ്ങൾ

സങ്കീർണ്ണമാണ് സുഗതകുമാരിക്കവിതയിലെ രാധ/ഗോപികയുടെ വ്യക്തിത്വം. അവളുടെ മാനസികമായ ചില പ്രത്യേകതകൾ സാമാന്യമായി സൂചിപ്പിക്കേതു്.

കവിസ്വത്വം പലപ്പോഴും രാധയുമായി താദാത്മ്യം പ്രാപിക്കുന്നു്. ഗോപികയായും ദേവദാസിയായും അമ്മയായും കേവലസ്ത്രീയായും പ്രത്യക്ഷപ്പെടുന്നത് രാധതന്നെയാണ്. രാധ പല പ്രതീകകല്പനകളും ഉൾക്കൊള്ളുന്നുവെന്ന് നേരത്തെ സൂചിപ്പിച്ചിട്ടു്. വൈഷ്ണവഭക്തിപ്രസ്ഥാനത്തിൽ ശ്രീകൃഷ്ണപ്രേമസായൂജ്യം നേടുന്നതിന് ആദ്യമായി ഭക്തൻ ചെയ്യേത് രാധയുമായി താദാത്മ്യം പ്രാപിക്കലാണ്. കാളിയൻ (കാളിയമർദ്ദനം), ഗജേന്ദ്രൻ (ഗജേന്ദ്രമോക്ഷം), മീര (വഴിയമ്പലത്തിലെ പാട്ട്), ദേവദാസി (ദേവദാസി), “യശോദയായ് രാധയായ്, കാതരയാം ഗോപനാരിയായ് മീരയായ് തേടിയലയുന്ന പ്രേമചാതകി” (എന്റെ മനസ്സിന്റെ പൊന്നമ്പലത്തിലും) രാധ (ഒരു വൃന്ദാവനരംഗം, മറ്റൊരു രാധിക, തിളച്ച പാലല്ലോ കുടത്തിൽ) ഗായകൻ (പാതിരാപ്പൂക്കൾ, ഇനിയെന്തിനെപ്പറ്റിപ്പാടുവാൻ) അമ്മ (ഒരു

സ്വപ്നം, അമ്മ, കണ്ണന്റെ അമ്മ, ഉണ്ണിപിറക്കുന്നു) ഗോപിക (കൃഷ്ണ നീയെന്നെയറിയില്ല, ഒരു നിമിഷം, എവിടെ നീ, അഭിസാരിക, യമുനാതീരേ, കണ്ണനെത്തേടി, വൃന്ദാവനത്തിൽ) എന്നിവരെല്ലാം രാധയുടെ മനസ്സുമായി താദാത്മ്യം പ്രാപിച്ചവരാണ്.

സുഗതകുമാരിയുടെ കൃഷ്ണകവിതകളിൽ രാധയുടെ മിഴിവുറ്റ ചിത്രം കാണുന്നത് ''രാധയെവിടെ?'' എന്ന ഖണ്ഡകാവ്യത്തിലാണ്. സ്ത്രീമനസ്സിന്റെ സങ്കീർണ്ണതകൾ ഏറെയും രാധ പ്രകടിപ്പിക്കുന്നത് ഈ കാവ്യത്തിലാണ്.

ആദ്യഭാഗത്തു കാണുന്ന രാധ കൃഷ്ണപ്രണയിനിയാണ്. ഒരു കാമുകിയുടെ സമസ്ത മാനസികഭാവങ്ങളും അവൾ പ്രകടിപ്പിക്കുന്നു. തന്റെ മുന്നിലുള്ള ഏതു തടസ്സത്തേയും കാമുകസാമീപ്യത്തിനുവേ അതിജീവിക്കാൻ അവൾക്കു കഴിയും. പ്രണയത്തിന്റെ ചങ്കൂറ്റം,

''ചുറ്റിവലിക്കുമൊഴുക്ക്! പാറക്കെട്ടി–
ലെത്രവട്ടം മെയ്യു ചെന്നടിച്ചൂ
എത്രവട്ടം ചുഴിക്കുത്തിൽ കറങ്ങി ഞാ–
നെത്രവട്ടം കൈകുഴഞ്ഞു താണു
എങ്ങനെ നീന്തിയലച്ചു തളർന്നു ഞാ–
നെമ്മട്ടിലക്കരെച്ചെന്നു കേറി
ഓടിയെത്തി തിരുമുമ്പിൽ ഞാൻ വന്നെന്നു
വാടിവീണാക്കാൽകൾ ഞാൻ നനയ്ക്കേ''

എന്ന വരികൾ തെളിയിയ്ക്കുന്നു.

കാമുകീകാമുകബന്ധത്തിൽ പരസ്പരം സ്വന്തമാക്കാനുള്ള വ്യഗ്രതയു്. രാധയുടെ ലോകത്ത് കൃഷ്ണൻ മാത്രമേയുള്ളൂ. എന്നാൽ കൃഷ്ണന്റെ സാമീപ്യം വാക്ക്, നോട്ടം, സൗഹൃദം ഇതൊന്നും ഒരു വ്യക്തിക്കു മാത്രം അവകാശപ്പെട്ടതല്ല. കാമുകീകാമുകന്മാർ മാത്രം നടത്തുന്ന വ്യവഹാരങ്ങൾ ആഗ്രഹിക്കുന്ന രാധ കൃഷ്ണന്റെ പരസ്യജീവിതത്തോട് യോജിക്കുന്നില്ല. അതുകൊ് അവളുടെ മനസ്സ് കൃഷ്ണസാമീപ്യം അകലാതിരിക്കാനുള്ള വഴികൾ തേടുന്നു, ഏറ്റവും സൗന്ദര്യവതിയായിരിക്കാനും കൃഷ്ണനെക്കൊുതന്നെ സൗന്ദര്യപൂരണവും പൂജയും ചെയ്യിക്കാനും രാധയുടെ അഹന്ത മടിക്കുന്നില്ല.

''ഇവിടെവെച്ചല്ലോ വിറയ്ക്കുമെൻ പാദത്തി–
ലവിടുന്നു മൈലാഞ്ചി ചേർത്തൊരുക്കി

...................................

നിറമാറിൽ നടുവിലായ് ചാർത്തിച്ചു''[9]

''കണ്ണനറിയാത്തതൊന്നുമില്ലെന്നുടെ

കണ്ണെഴുതിച്ചു കുറിവരച്ചൂ

.........................

കൊഞ്ചിക്കിലുക്കിക്കിലുക്കി നോക്കിക്കൊ

പുഞ്ചിരിക്കൊ തലോടിടുമ്പോൾ''[10]

തുടങ്ങിയ വരികൾ ഉദാഹരണമാണ്. പിണങ്ങിയിരിക്കുമ്പോൾ കാലുപിടിച്ച് ക്ഷമ യാചിക്കുമ്പോഴേ അവളുടെ അഹന്ത തൃപ്തിപ്പെടുന്നുള്ളൂ.

തരൂ ദേവി, നിൻ പാദകമലം ഉദാരമെ

ന്നിരു കാലുമയ്യോ പിടിച്ചിടുന്നു'' എന്നിങ്ങനെ.

നിന്ദിക്കുന്നതിലൂടെ സ്തുതിക്കാനും സ്തുതിയിലൂടെ നിന്ദിക്കാനും മനസ്സിനു കഴിയും. രാധയുടെ പ്രണയാർദ്രമായ മനസ്സ് നിന്ദയിലൂടെ സ്തുതിക്കുകയാണ് ചെയ്യുന്നത്.

''കണ്ണ, ഞാനറിയുമേ നീ ദയാഹീനനല്ലോ'',

''മാധവ, ക്രൂര, കഠിന നൽകീല നീ രാധയ്ക്കു നിത്യമാം ശാന്തി'' പോലും

''നാഥൻ കഠോരനെന്നോ''

എന്ന വരികളിൽ മനസ്സിന്റെ നിന്ദാസ്തുതിയെന്ന ഭാവം വ്യക്തമാവുന്നു.

## (ള) ഉൽക്കർഷാപകർഷബോധം

മനസ്സിനെ പലപ്പോഴും കീഴ്പ്പെടുത്തുന്ന ഭാവങ്ങളാണ് അപകർഷ–ഉൽക്കർഷഭാവങ്ങൾ. ഈ രു ഭാവങ്ങളും രാധയിൽ ഒരേ സമയം പ്രകടമാവുന്നു. ഉൽകൃഷ്ടനായികയെങ്കിലും മനസ്സിന്റെ ചാഞ്ചല്യങ്ങളിൽ നിന്ന് രാധയും മുക്തയല്ല. അവളുടെ ഉൽക്കർഷബോധമാണ് കൃഷ്ണനെക്കൊ് പാദപൂജ ചെയ്യിക്കുന്നതും ധൂർജ്ജടിയോട് ''നാലുനാൾ വിശ്വസൗഭാഗ്യറാണി'' എന്നു പറയിക്കുന്നതും. കളിയൂഞ്ഞാലിലാടുന്ന തന്റെയും കണ്ണന്റെയും ചിരി ഒന്നല്ല, തന്റേത് കണ്ണീരുപ്പുകടലാണ് എന്നും കണ്ണന്റെ മഞ്ഞപ്പട്ടുചേലയോട് ചേർക്കാവുന്നതല്ല തന്റെ പരുത്ത ചേലയെന്നും അവളെ ഓർമ്മിപ്പിക്കുന്നത് അപകർഷബോധം തന്നെയാണ്.

---

9 രാധയെവിടെ? പുറം 40.

10 പുറം 43.

തന്റെ വ്യക്തിത്വത്തിൽ അഭിമാനം കൊള്ളുന്ന മനസ്സ് അതിന്റെ സ്വത്വം ഉയർത്തിപ്പിടിക്കുന്നു. മുൻസൂചിപ്പിച്ച അഹന്ത അതിന്റെ പ്രതിഫലനമാണ്, ധൂർജ്ജടിയോട് പറയുന്നത് ''ഞാനൊരു പാൽക്കാരിയെങ്കിലും നാലുനാൾ വിശ്വസൗഭാഗ്യറാണി'' യായിരുന്നു എന്നാണ്. ''ജടാവൽക്കലധാരിയായ അങ്ങയെ നമിക്കാൻ എനിക്കാവില്ല. രാധ ഒരു ദേവനെ മാത്രമേ നമിക്കൂ'' എന്നു പറയുന്നിടത്തും അവളുടെ വ്യക്തിപ്രഭാവം പ്രകടമാവുന്നു. ഇതേ ആശയം ദേവദാസിയിലും ''കൃഷ്ണ, നീയെന്നെയറിയില്ല'' യിലും വ്യക്തത പ്രാപിക്കുന്നു. ആദ്യഭാഗത്ത് ഇത് കൂടുതൽ വിശദീകരിച്ചിട്ടു്.

## (ഌ) വിരുദ്ധദ്വന്ദ്വങ്ങൾ

ഒരു വ്യക്തി കാണുന്ന കാഴ്ചകൾക്ക് വ്യക്തിയുടെ മനസ്സുമായി ബന്ധമു്. പ്രണയാർദ്രമായ മനസ്സ് പ്രണയഭാവത്തിനു പോഷകമായ ദൃശ്യങ്ങൾ കാണുന്നു. നിരാശാഭരിതമായ മനസ്സുകാണുന്നത് നൈരാശ്യത്തെ വർദ്ധിപ്പിക്കുന്ന കാഴ്ചകളായിരിക്കും. പ്രണയാർദ്രയായ രാധ കാണുന്നത് വൃന്ദാവനത്തിന്റെ വിലോഭനീയ സൗന്ദര്യവും തിരസ്കൃതയായ രാധ കാണുന്നത് കങ്കാളനിബിഡമായ ശിവഭൂമിയുമാണ്. വായുശൂന്യഗർത്തങ്ങളുള്ള ഭൂമിയിൽ അട്ടഹാസവും ഇടിമുഴക്കവും കൊടുങ്കാറ്റിരമ്പവും അവളെ ചുഴലുന്നു. മഞ്ഞണിപ്പാറ- ഏറെ മിനുത്ത ശിലാതലം, അട്ടഹാസം- കുയിൽനാദം, നെറുകയിൽ തീപ്പൊരി ചൂടിയോൻ- നെറുകയിൽ പീലി ചൂടിയോൻ- ഹുങ്കാരമാർന്ന ഭാഗീരഥി- സല്ലീലമോളം തുളുമ്പും യമുന, രതിമദനദേവതാരൂപം- പ്രേമമുഗ്ദ്ധനാഥൻ, കങ്കാളഭൂമി- രാസകേളീവനം എന്നിങ്ങനെ മനസ്സിന്റെ വിരുദ്ധഭാവങ്ങളെ സൂചിപ്പിക്കുന്ന ദ്വന്ദ്വങ്ങൾ എത്ര വേണമെങ്കിലും കവിതയിൽ നിന്നു കത്തൊം.

വർത്തമാനകാലം വേദനകളുടേതാവുമ്പോൾ മനസ്സ് പൂർവ്വകാലസ്മൃതികളിൽ അഭിരമിക്കുന്നു. ഈ കല്പന രാധയിലും കാണുന്നു്. ദീർഘകാലം കണ്ണന്റെ പ്രണയം അനുഭവിച്ചു ജീവിച്ച രാധയുടെ ശക്തിസ്രോതസ്സ് കൃഷ്ണന്റെ കരുതലും വാത്സല്യവും തന്നെയാണ്. ഓർക്കാതിരിക്കെ പെട്ടെന്നൊരു ദിവസം അതു നഷ്ടപ്പെടുന്നതോടെ ജീവിതത്തിന്റെ അർത്ഥം നഷ്ടപ്പെടുന്നു. പ്രണയനഷ്ടത്തിൽ രാധ ഉന്മാദിനിയായിത്തീരുന്നു. പ്രണയത്തിന്റെ തീവ്രതയിലും പ്രണയനഷ്ടത്തിലും ഉന്മാദം കൊള്ളുന്നതാണ് മനസ്സ്. ശരീരസാന്നിദ്ധ്യം മറഞ്ഞിരിക്കുമ്പോൾ രാധയിൽ മനഃസംഗമം അധികരിക്കുന്നു. കഴിഞ്ഞകാലസംഭവങ്ങൾ ഒന്നൊന്നായി അവളുടെ മുന്നിലെത്തുന്നു. താൻ അറിഞ്ഞ പ്രണയമാധുര്യം ഓർമ്മയിൽ വീും അനുഭവിക്കുന്നു.

രാധയെന്ന പുരാണനായിക നവീന മനോവിജ്ഞാനിയത്തിന്റെ സഹായത്തോടെയുള്ള അപഗ്രഥനത്തിന് വിധേയമാക്കാവുന്ന കഥാപാത്രമാണ് ഭാരതസംസ്കാരം ഉദ്ഘോഷിക്കുന്ന പാതിവ്രത്യമഹനീയതയ്ക്ക് ഉദാഹരണമല്ല രാധ. എന്നിട്ടും നൂറ്റാകുളായി ഭാരതസാഹിത്യത്തിൽ രാധ നിറഞ്ഞുനില്ക്കുന്നു. ഓരോ പ്രാദേശികസംസ്കൃതിയിലും രാധയുടെ കഥകൾ കൈമാറിപ്പോവുന്നു. ''ഭർത്താവല്ലാത്ത ഒരുവനെ കാമിച്ചാൽ അതു വലിയ തെറ്റായി എണ്ണിപ്പോരുന്ന ഇന്ത്യയിൽ രാധയുടെ അവിഹിതമായ സ്നേഹം ഇന്ത്യക്കാർക്ക് വിഹിതമായി എന്നല്ല ദിവ്യമായിപ്പോഴും തോന്നുന്നതിലിരിക്കുന്ന കടുത്ത വൈരുദ്ധ്യം പഠനാർഹമാണ്''[11] എന്ന നിത്യചൈതന്യയതിയുടെ അഭിപ്രായം പ്രസക്തമാണ്. ഇന്ത്യൻ സംസ്കാരത്തേയും ഇന്ത്യൻ സ്ത്രീയുടെ ബോധാബോധതലത്തേയും പ്രണയ-ലൈംഗിക സ്വാതന്ത്ര്യത്തേയും വിശ്ലേഷിച്ചു പഠിക്കുമ്പോഴേ രാധയെക്കുറിച്ചുള്ള പഠനം പൂർണ്ണമാവുകയുള്ളൂ.

## 5.4. രാധ – വർത്തമാനകാലസ്ത്രീയുടെ പ്രതീകം

(മ) രാധാസ്വത്വത്തിന്റെ രൂപാന്തരണം

സുഗതകുമാരിയുടെ കവിതകളിൽ കൃഷ്ണസങ്കല്പം പോലെ പ്രാധാന്യമർഹിക്കുന്നതാണ് രാധാസങ്കല്പവും. കൃഷ്ണസങ്കല്പം ആദികാലം തൊട്ടേ പല രൂപത്തിലും ഭാവത്തിലും ആവിഷ്ക്കരിക്കപ്പെട്ടിട്ടുങ്കെിലും രാധാസങ്കല്പം അത്രയേറെ അവതരിപ്പിക്കപ്പെട്ടിട്ടില്ല.

ശ്രീകൃഷ്ണകഥാ പ്രതിപാദകമായ ഗ്രന്ഥങ്ങളിൽ പ്രധാനപ്പെട്ടവയാണ് ഭാഗവതം, ഹരിവംശം, വിഷ്ണുപുരാണം എന്നിവ. ഈ മൂന്നിലും രാധയെപ്പറ്റി പരാമർശമില്ല. എന്നാൽ ഭാഗവതത്തിൽ പ്രിയതമയായ ഒരു ഗോപികയെപ്പറ്റി പരാമർശമുണ്ട്.[12] അത് രാധയാണെന്നു തീർച്ചയില്ലെങ്കിലും രാധ ശബ്ദത്തോടു സാമ്യമുണ്ട്. ശ്രീകൃഷ്ണനു പതിനാറായിരത്തെട്ടു ഭാര്യമാരുള്ളതായി പുരാണങ്ങൾ ഘോഷിക്കുന്നു. ഇതിൽ രാധയില്ല. എന്നാൽ കണ്ണന് ഏറ്റവും പ്രിയപ്പെട്ടവൾ രാധയാണെന്ന് ഗ്രഹിക്കാൻ പ്രയാസമില്ല. രാധാകൃഷ്ണന്മാരുടെ വേഴ്ചയ്ക്ക് ജീവാത്മാ പരമാത്മാബന്ധം, പ്രകൃതിപുരുഷബന്ധം, മധുര പ്രേമബന്ധം എന്നിങ്ങനെ പലരൂപത്തിലുള്ള വ്യാഖ്യാനങ്ങളുായിട്ടു്. ബ്രഹ്മവൈവർത്ത പുരാണം, പത്മപുരാണം, ഗർഗ്ഗപുരാണം മുതലായവയിൽ രാധ കൃഷ്ണന്റെ ദിവ്യപ്രകൃതിയാണെന്ന് പ്രസ്താ

11 പ്രേമവും ഭക്തിയും നിത്യചൈതന്യയതി, പു.70.

12 അനയാരാധിതോ നൂനം ഭഗവാൻ ഹരിരീശ്വര
യന്നോ വിഹായ ഗോവിന്ദഃ പ്രീതോ യാമനയദ്രഹ
ഭാഗവതം, 10. 30. 28.

വിക്കപ്പെട്ടിട്ടു്.[13] അതിൽ പ്രകൃതി പുരുഷബന്ധമാണ് രാധാകൃഷ്ണന്മാരിൽ ആരോപിച്ചിരിക്കുന്നത്. ശ്രീകൃഷ്ണനുമായി ഏറ്റവും കൂടുതൽ ആത്മബന്ധമുള്ള കഥാപാത്രമെന്ന നിലയിൽ രാധ ഭാരതത്തിലെ കവികളുടേയും സഹൃദയരുടേയും ഹൃദയങ്ങളിൽ സ്ഥിരപ്രതിഷ്ഠതേടി. രാധാകൃഷ്ണ പ്രണയം വിഷയമാകുന്ന ഗീത ഗോവിന്ദത്തിന്റെ പ്രചാരത്തോടെ കൃഷ്ണപ്രണയിനിയായ രാധയ്ക്ക് ഭാരതത്തിലാകമാനം പ്രചാരം ലഭിച്ചു. കേരളത്തിലെ ക്ഷേത്രങ്ങളിൽ സോപാന സംഗീതമായി ആലപിക്കുന്നത് ഗീതഗോവിന്ദമാണ് പരസ്പരം പിരിക്കാനാകാതെ ഇഴ ചേർന്നു നില്ക്കുന്ന ഭക്തിയും പ്രേമവുമാണ് ഗീതഗോവിന്ദത്തിലെ പ്രതിപാദ്യം. ഈ കാവ്യത്തിലെ രാധാകൃഷ്ണന്മാരെ വാച്യാർത്ഥങ്ങളുടെ അടിസ്ഥാനത്തിലല്ല വിലയിരുത്തേത്. മറിച്ച് പ്രതീകാത്മകമായ അർത്ഥതലത്തിന്റെ വെളിച്ചത്തിലാണ്. അങ്ങനെ വരുമ്പോൾ കൃഷ്ണൻ പരമാത്മാവും രാധ പ്രകൃതിശ്വരിയും ആണെന്നു മനസ്സിലാക്കാൻ കഴിയും. ഈ രാധതന്നെയാണ് സുഗതകുമാരിയുടെ രാധ. അവൾ ജീവഭാവങ്ങൾക്ക് പ്രാകൃതികഭാവം നൽകുന്ന പ്രകൃതീശ്വരിയാകുന്നതോടൊപ്പം വർത്തമാനകാല സ്ത്രീസങ്കല്പങ്ങൾക്ക് പൂർണ്ണതയേകുകയും ചെയ്യുന്നു.

കൃഷ്ണകവിതകൾ എന്ന സമാഹാരത്തിലെ ഏതാ് എല്ലാ കവിതകളിലും രാധ കടന്നുവരുന്നു്. ഇത് എല്ലാ കവിതകളിലും ഒരേ പോലെയല്ല. അമ്മയായും കാമുകിയായും ഭാര്യയായും അവൾ പ്രത്യക്ഷപ്പെടുന്നു. രൂപം ഏതായാലും അവളുടെ ഭാവം ഒന്നുതന്നെ– അമൃതമായ പ്രേമം തേടിയുഴലുന്ന സ്ത്രീയുടെ മുഖം. അന്വേഷിച്ചലയുന്ന ഒരു നിത്യവിരഹിണി ഓരോ സ്ത്രീയുടേയും ഉള്ളിൽ പ്രതിഷ്ഠിക്കപ്പെട്ടിരിക്കുന്നു. ഒരു സ്വപ്നം, കൃഷ്ണ നീയെന്നെയറിയില്ല, അഭിസാരിക, യമുനാതീരേ, ഒരു വൃന്ദാവനരംഗം, മറ്റൊരു രാധിക, ഒരു ദർശനം, കണ്ണനെത്തേടി, എവിടെ നീ, കണ്ണന്റെ അമ്മ, വൃന്ദാവനത്തിൽ, ദേവദാസി, തിളച്ച പാലല്ലോ കുടത്തിൽ എന്നീ കവിതകളിൽ കവയിത്രി അവളുടെ ചിത്രം വ്യക്തമായി വരച്ചുവെച്ചിരിക്കുന്നു. ഈ കവിതകളുടെയെല്ലാം പൊതുവായ പ്രത്യേകത അവയെല്ലാം പൂർണ്ണതയെ അന്വേഷിക്കുന്ന അപൂർണ്ണതയുടെ ആവിഷ്കാരമാണ് എന്നതാണ്. ഈ കവിതകളിൽ 'ഒരു വൃന്ദാവനരംഗം' എന്ന കവിത കൂടുതൽ ശ്രദ്ധ ആകർഷിക്കുന്നു. തന്റെ നാട്ടിലെ ഏതൊരു സ്ത്രീയും ഉള്ളിന്റെയുള്ളിൽ രാധയാണ് എന്നവർ തുറന്നു പറയുന്നു.

---

13 ത്വം മേ പ്രാണാധികാ രാധേ പ്രേയസി ച വരാനനേ
യഥാത്വം ച തഥാഹം ച ഭേദോഹി നാവയോർ ധ്രുവം
യഥാക്ഷീരേ ചധാവല്യം യഥാഗ്നൗ ദാഹി കാസതീ
യഥാ പൃഥിവ്യാം ഗന്ധശ്ച തഥാഹം ത്വയിസന്തതം
ബ്രഹ്മവൈവർത്തപുരാണം, കൃഷ്ണജന്മം, 15–ാം അദ്ധ്യായം.

സ്നേഹിക്കാനും സ്നേഹിക്കപ്പെടാനും വ്യഗ്രതപ്പെടുന്നവളാണ് സ്ത്രീ. ഒരു വൃന്ദാവനരംഗത്തിൽ ഇത്തരമൊരു പശ്ചാത്തലം ഒരുക്കിയിട്ട്. കടമ്പിന്റെ കൊമ്പത്ത് കാൽതൂക്കിയിരിക്കയാണ് രാധ. കണ്ണൻ അവളുടെ കാലിൽ ചിത്രം വരക്കുന്നു. രോമാഞ്ചം കൊ കടമ്പുമരം പെട്ടെന്നു പൂക്കുന്നു. ഈ മഹനീയ പ്രേമത്തിനു സാക്ഷ്യം വഹിക്കുന്ന കാളിന്ദി പുഞ്ചിരിച്ചു. ''തീരേ ദരിദ്രമെൻ .....'' എന്നു തുടങ്ങുന്ന വരികളിൽ ഭാരതീയ സ്ത്രീത്വത്തിന്റെ എല്ലാ മോഹങ്ങളും മോഹഭംഗങ്ങളും കാണുന്ന്. അവളുടെ കാലിൽ ഇഷ്ടപുരുഷൻ ചുവപ്പുചാർത്തുന്നു. അവളെ കോലക്കുഴൽ പഠിപ്പിക്കുന്നു. തന്റെ പ്രേമമൂർത്തിയെത്തേടി സഫലമാവാത്ത പ്രണയത്തോടെ അവൾ നടന്നുനീങ്ങുന്നു. തന്റെ സൂര്യനെ–പതിയെ–ഭൂമിയെപ്പോലെ അവൾ വലം വെച്ചുകൊിരിക്കുന്നു. ഇതുതന്നെയല്ലേ ശരാശരി ഇന്ത്യൻ സ്ത്രീത്വം.

രാധയെവിടെ എന്ന ഖണ്ഡകാവ്യത്തിൽ ഈ ആശയം കൂറെക്കൂടി പൂർണ്ണത നേടുന്നു. ''തീരെ ദരിദ്രമെൻ ...... യുള്ളിൽ'' എന്ന പ്രസ്താവനയുടെ കലാത്മകസമർത്ഥനമാണ് രാധയെവിടെ എന്ന കാവ്യം. കാവ്യത്തിൽ രാധാചേതസ്സിന്റെ പുനരവതാരങ്ങളെക്കുറിച്ചു പറയുന്ന്. മീര, ചൈതന്യൻ, ആൾ, കുറൂരമ്മ എന്നിവരിൽ മാത്രമല്ല ഓരോ ഭാരതീയ സ്ത്രീയിലും ആ അംശം കുടികൊള്ളുന്നു എന്നാണ് സുഗതകുമാരിയുടെ കത്തെൽ.

> ''അവിടെയലിഞ്ഞിതോ രാധ? നൽക്കന്മദ–
> മണമായി മഞ്ഞായ് നിലാത്തുടിപ്പായ്
> അവിടെ നിൽക്കില്ലവൾ പിന്നെയും രുഷ്ടമാം
> തടഭൂവിലേയ്ക്കു പിടഞ്ഞിറങ്ങി
> ''ഇനിവയ്യ'' എന്നു കൈനീട്ടിനിൽക്കെച്ചിത്ത
> മൊരു നൂറുനൂറായ് നുറുങ്ങിയെന്നോ?
> ഓരോ നുറുങ്ങും തെറിച്ചുവീണിന്ത്യതൻ
> മാറിലെങ്ങെങ്ങും പുകഞ്ഞുയർന്നോ?
> മുളപൊട്ടി മുളപൊട്ടി ജന്മങ്ങളുടെയാ
> വിളിയെന്നു മിന്നുമലഞ്ഞിടുന്നോ?''

എന്ന വരികളിൽ പ്രകടമാകുന്ന ആശയം

> ''താളത്തിലാനന്ദ കാളിന്ദിയിൽ പൂത്തു
> താമരപോലെ വിടർന്നതായി
> തൃക്കൈകൾ കൊു ചെങ്കുങ്കുമം ചാർത്തവേ

ലജ്ജയാലാകെ ചുവന്നതായി
കോലക്കുഴലു വിളിക്കുന്ന കാന്തന്റെ
തോളത്തു ചാഞ്ഞു മയങ്ങുവോന്നായ്
ക്ഷീണിതമെങ്കിലുമേറെ മനോജ്ഞമായ്
ദീനമെന്നാലും സുധീരമായി
ആ മുഖമല്ലയോ കാണ്മു നാം എന്നുമീ
ഗ്രാമനഗരാന്തരങ്ങൾ തോറും''

എന്നിങ്ങനെ കുറെക്കൂടി വ്യക്തമായി അവതരിപ്പിക്കുന്നു. പാടത്തു കറ്റമെതിക്കുന്ന പെണ്ണുങ്ങളിലും ആടിനെ തെളിക്കുന്ന പെൺകിടാങ്ങളിലും മണ്ണു ചുമക്കുന്നവരിലും വെള്ളം ചുമന്നെത്തുന്ന അമ്മമാരിലും റാട്ടുതിരിക്കുന്നവരിലും കൊളുന്തു നുള്ളുന്നവരിലും കരിങ്കല്ലുടയ്ക്കുന്നവരിലും അടുക്കളച്ചൂടിൽ കരിയുന്നവരിലും ഉന്മാദിനികളിലും എന്നും രാധയുായിരുന്നു. ഇന്നുമു്. നാളെയും ഉായിരിക്കും. ഒന്നു നോക്കിയാൽ അവളെ തിരിച്ചറിയാം. ആ മുഖം നിത്യവിരഹത്താൽ തപ്തമായിരിക്കും; നിത്യപ്രണയത്താൽ ദീപ്തവും.

## (മ) രാധാസ്വത്വത്തിന്റെ രൂപാന്തരം

ഭാരതീയ സ്ത്രീ ചേതനയും രാധയും താദാത്മ്യം പ്രാപിച്ചിരിക്കുന്നു. ആ സമൂഹത്തിൽ തന്നെക്കൂടി ഉൾപ്പെടുത്തി കവയിത്രി ഞങ്ങൾ എന്ന വാക്ക് ഉപയോഗിക്കുന്നു. പ്രപഞ്ചം മുഴുവൻ സ്ത്രൈണചേതനയായി മാറുന്നു. കൃഷ്ണൻ ഏക പുരുഷനും.[14]

കവയിത്രി പറയുന്നു, പണിശാലകളിലും വയലുകളിലും പണിയെടുക്കുമ്പോഴും വിശ്രമവേളകളിലും ഞങ്ങൾ നിന്നെക്കുറിച്ചുപാടി. നൂറു താളത്തിലും നൂറുഭാഷയിലുമാണ് പാടിയതെങ്കിലും തീരാത്ത ജന്മജന്മബന്ധത്തെക്കുറിച്ചാണ് ഏവരും പാടിയത്. നിത്യമായ പ്രേമത്തിന് ഞങ്ങൾ കൃഷ്ണനെന്നു പേർ വിളിച്ചു. നിത്യപ്രേമത്തിന്റെ നീലാഭയെ ഞങ്ങളെന്നും വലത്തുവെച്ചു. നിന്റെ പൊന്നൊളിച്ചൂടിൽ ഞങ്ങൾ മയങ്ങിവീണു. ചിറകു നഷ്ടപ്പെട്ടു മണ്ണിലിഴഞ്ഞു. എന്നിട്ടും നീ ഞങ്ങൾക്ക് അഗമ്യനായി. കണ്ണൻ വെടിഞ്ഞാൽ ഞങ്ങൾ വെന്തുപോകുമെന്നങ്ങറിഞ്ഞില്ല''.

ഒരു ശരാശരി ഇന്ത്യൻ സ്ത്രീക്കറിയാം അവളുടെ പ്രണയം എളുപ്പത്തിൽ സഫലമാകുന്നതല്ല കാരണം,

---

14 വാസുദേവഃ പുമനേകഃ സ്ത്രീമയ മിതരജ്ജഗത്.

''എന്നേ തുടങ്ങിയ ലീലയിതിങ്ങനെ
നമ്മെക്കുഴക്കുവാനാണല്ലോ''

എന്നവൾ തിരിച്ചറിഞ്ഞതാണ്. കണ്ണന്റെ അനുരാഗം സ്വീകരിക്കാൻ വിധിയില്ലെങ്കിൽ ആ കരുണയും വേണ്ടെന്നു വയ്ക്കാൻ അവൾക്കാവും.

ഇവൾ നിന്റെ പത്തെ രാധ, നീ കാൺകി–
ലറിയില്ലയിന്നവളെത്രമാറീ–

എന്നു തുറന്നു പറയാനും അവൾക്കു കഴിയും. ഇന്നവൾ അഭിമാനിയാണ്. കണ്ണന്റെ മുന്നിൽ കൈനീട്ടി നിൽക്കുന്നില്ല. തനിയേ നടന്നു വീണാലും മരിക്കില്ല. എങ്കിലും കണ്ണന്റെ തിരുനാമമൊഴിച്ച് ഇവൾക്ക് ജീവിതവുമില്ല. ആ തിരുനാമം തന്നെയാണവളുടെ അന്ത്യതീർത്ഥം.

വർത്തമാനകാലത്തെ പ്രണയത്തിനും മൂല്യച്യുതി സംഭവിക്കുന്നു. നഷ്ട സർവസ്വയായ പ്രേമം ഒറ്റക്കാലിൽ തപിച്ചുനിൽക്കുന്ന ധർമ്മം പോലെ പഞ്ചാഗ്നിമധ്യത്തിലാണ് അവിടെയും ഇന്ത്യൻ സ്ത്രീത്വം പ്രതീക്ഷിക്കുന്നത്,

''വന്നു കറുത്തു നിറഞ്ഞു പെയ്തീടുമോ
എന്നെങ്കിലും സഖീ കൃഷ്ണമേഘം''

എന്നതാണ്. കാവ്യത്തിന്റെ അവസാനഭാഗത്ത് കവയിത്രി ഉറപ്പിച്ചുപറയുന്ന സത്യം ഇതുതന്നെയാണ്.

''ഇന്ത്യതൻ പെൺമനം തേടുന്നു, നിത്യനാം
തിങ്കളെ പ്രേമൈകമൂർത്തിതന്നെ''

ഭാരതീയ സ്ത്രീത്വത്തിന് പ്രേമത്തിന്റെ ദീപ്തമുഖം ഒന്നേയുള്ളൂ. പറഞ്ഞു മതിവരാതെ കാലങ്ങളായി അതിനെക്കുറിച്ച് പാടിക്കൊണ്ടേയിരിക്കുന്നു. ഈ ഇരുപതാം നൂറ്റാിന്റെ അന്ത്യയാമത്തിലും എന്നാണാ പ്രണയസൂര്യന്റെ ഉദയമെന്നോർത്ത് ''വിങ്ങിക്കറങ്ങുന്ന പാവം ഭൂമിപോലെ'', വരാനിരിക്കുന്ന പൗർണ്ണമിക്കായി ''വിണ്ണിലേക്കു കൈനീട്ടുന്ന കടലുപോലെ'' ഇന്ത്യയുടെ സ്ത്രീചേതന പ്രേമൈകമൂർത്തിയായ ശ്യാമസുന്ദരനെ തിരയുന്നു. ആവർത്തനത്തിന്റെ വിരസതയില്ലാതെ നിത്യപ്രേമത്തെക്കുറിച്ചുപാടുന്നു. ഭാരതത്തിന്റെ സ്ത്രൈണചേതനയിൽ ഒരേയൊരു പുരുഷനെയുള്ളൂ ശ്യാമസുന്ദരനായ സാക്ഷാൽ വാസുദേവകൃഷ്ണൻ.

## 5.5. കൃഷ്ണൻ – കാല്പനിക പ്രതീകം

(മ) സുഗുതകുമാരിക്കവിതയിലെ മരണാഭിരതി

(യ) ശൈശവാവിഷ്ക്കാരം

(ര) പ്രകൃതിദർശനം

(റ) താദാത്മ്യമനോഭാവം

(ല) കൃഷ്ണനെന്ന കാല്പനികപ്രതീകം.

ഭാവതീവ്രതകൊ് ഭാവന ഏറ്റവും ഊർജ്ജസ്വലമായി പ്രവർത്തിക്കുമ്പോൾ ലഭിക്കുന്ന അനുഭവത്തെയാണ് കാല്പനികാനുഭവമെന്ന് വിവക്ഷിക്കുന്നത്.[15] ബാഹ്യലോകം നൽകുന്ന അഹംബോധമല്ലാതെ മറ്റെന്താണുള്ളതെന്ന പ്രശ്നം കാൽപനികനെ അലട്ടിയിരുന്നു. കാൽപനികന് അവന്റേതായ ഒരു ലോകവും മനോഭാവവുമു്. അതിന്റെ അടിസ്ഥാനത്തിലാണ് മനുഷ്യനേയും പ്രപഞ്ചത്തെയും സർവ്വവസ്തുതകളേയും അവൻ നോക്കിക്കാണുന്നത്. കാൽപനികന്റെ പരമമായ അനുഭവം പ്രപഞ്ചസത്തയുമായുള്ള ഏകീഭാവമാണ്. കാലദേശങ്ങൾക്കതീതമായുയർന്ന് താൻ നേടുന്ന ഏകീഭാവമാണ് കാൽപനികൻ ലക്ഷ്യമാക്കുന്ന നിർവൃതി. വികാരതീവ്രതയും ഭാവനാവിലാസവും കാൽപനികനിൽ അസാധാരണനുഭവങ്ങൾ ഉളവാക്കും. യുക്തിയെ അമ്പരപ്പിക്കുന്നവയാണവ. വ്യത്യസ്ത സംസ്കാരത്തിൽ പെട്ടവരും വിഭിന്നവികാരങ്ങൾ സ്വാധീനിച്ചിരുന്നവരുമായ കവികൾക്ക് ഒരേ തരം ആനന്ദാനുഭൂതി ലഭിയ്ക്കുന്നതും അതു പ്രകടിപ്പിക്കാൻ ഏകദേശം സമാനമായ ഭാഷയുപയോഗിക്കുന്നതും ആ അനുഭവത്തിന്റെ സാർവ്വത്രികത്വത്തിനും പ്രാധാന്യത്തിനും തെളിവാണ്.

തന്റെ ഭാവനയിലൂടെ സ്വർഗ്ഗവും നരകവും അനുഭവിക്കുന്ന കവി അപൂർവ്വാനുഭവങ്ങളുടെ വിദ്യുന്മേഖലകളിലേയ്ക്കു പറക്കാൻ കൊതിക്കുന്നു. അവിടെയെത്തുമ്പോൾ അപരിമേയമായ ആനന്ദവും സ്വാതന്ത്ര്യവും, അവിടെനിന്നു പുറന്തള്ളപ്പെടുമ്പോൾ വ്യഥയും ഒറ്റപ്പെടലും അയാളനുഭവിക്കുന്നു. സ്വർഗ്ഗം നേടുന്നവന്റെ അനുഭൂതിയും നഷ്ടസ്വർഗ്ഗവ്യഥയും കാൽപനിക കവിതകളിൽ പ്രകടമാണ്.

കാല്പനികൻ അനുഭവിക്കുന്ന അപൂർവ്വനിമിഷങ്ങളിലെ പൂർണ്ണത, സ്വന്തം സത്ത മറ്റെന്തിലോ ലയിക്കുന്ന നിർവൃതിയായി കാല്പനിക കവികൾ വ്യഞ്ജിപ്പിക്കുന്നു. വികാരമൂർച്ഛയിലുള്ള ആനന്ദം, പൂർണ്ണതയുടെ വെളിപാട്, പൂർണ്ണതയിലുള്ള ലയനം, അല്ലെങ്കിൽ ലയിക്കാനുള്ള ആഗ്രഹം എന്നിവ കാൽപനികനിലും അവരുടെ കവിതയിലും കാണുന്ന വിഭിന്ന വൈകാരികഘട്ടങ്ങളാണ്. കൈവന്നത് നഷ്ടപ്പെടാതിരിക്കാനുള്ള സഹജവാസനയാണ് ലയനത്തിന്റെയും ലയി

[15] ഹൃദയകുമാരി ബി., അവതാരിക, കാൽപനികത (കോട്ടയം: ഡി.സി. ബുക്സ്, 1990).

ക്കാനുള്ള ആഗ്രഹത്തിന്റേയും പിന്നിലുള്ളത് എന്ന് ഹൃദയകുമാരി പറയുന്നു.[16] മരണം കാൽപനികന്റെ പ്രിയഭാവമാണ്. തന്റെ സത്തയെ മഹത്തായ ആനന്ദാനുഭൂതിയിൽ ലയിപ്പിക്കലായാണ് കാല്പനികൻ മരണത്തെ കാണുന്നത്. അതിനപ്പുറം ഒന്നുമില്ലാത്തവിധം തന്റെ സത്തയെ ശാശ്വതീകരിയ്ക്കുന്നു. മരണത്തിലൂടെ അമൃതത്വം തേടുന്നു.

## (മ) സുഗതകുമാരിക്കവിതയിലെ മരണാഭിരതി

സുഗതകുമാരിക്കവിതകളിൽ മരണാഭിരതി പ്രത്യക്ഷപ്പെടുന്നു്. അഭിസാരിക, ഗജേന്ദ്രമോക്ഷം, ദേവദാസി തുടങ്ങിയ കവിതകൾ ഉദാഹരണം. കുഴൽവിളി കേൾക്കുമ്പോൾ കൃഷ്ണസാന്നിദ്ധ്യത്തിലെത്തുന്നവരാണ് ഗോപികമാർ. ഇതുതന്നെയാണ് 'അഭിസാരിക'യുടേയും പശ്ചാത്തലം. പൂമണമുതിരുന്ന രാവിൽ കൈവളകളും കാൽത്തളകളും അഴിച്ചുവെച്ച്, ഭർത്താവിനെയും കുഞ്ഞിനെയും ശ്രദ്ധിക്കാതെ ഗോപിക പടിയിറങ്ങുന്നു. പക്ഷേ പിന്നിട്ടുവരുന്ന വരികളിൽ നിന്നും അവളുടെ പ്രത്യേകത വ്യക്തമാവുന്നു. കണ്ണനവളെ വിളിക്കുന്നത് ഒന്നു കാണാൻ മാത്രമാണ്. കാട്ടിലെ കല്ലും മുള്ളും താി ഇരുളിലൂടെ ഓടിയെത്തി ചന്ദനം മണക്കുന്ന മാറിൽ അഭയം തേടുന്നു. മരണവും കണ്ണന്റെ നാമമെന്നവൾ ആശ്വസിക്കുന്നു. പൂർണ്ണതയുടെ, അനശ്വരതയുടെ, നിത്യതയുടെ പ്രതീകമാണ് കണ്ണൻ. കണ്ണനും മരണവും ഒന്നാണെന്ന തിരിച്ചറിവിൽ മരണം പൂർണ്ണതയുടേയും നിത്യതയുടേയും അനശ്വരതയുടേയും പ്രതീകമാവുന്നു.

'ഗജേന്ദ്രമോക്ഷ'ത്തിൽ ''മുതല പിടിവിടാതായിരത്താുഴന്ന'' ഗജേന്ദ്രനെ കാണാം. തന്റെ മഹാബലത്തിൽ അഹങ്കരിച്ച അവൻ ആപത്തിലും ദൈവത്തെയോർത്തില്ല. കായബലവും ആത്മബലവും നശിക്കുമ്പോൾ മനസ്സ് ദൈവത്തിലേയ്ക്കു ചായുന്നു. കിട്ടാവുന്നിടത്തോളം പൂക്കളർപ്പിച്ചു. ഒടുക്കം

''............ നിണവും
മിഴിനീരും, പാഴ്ച്ചെളിയും ചേർന്നു
കലങ്ങിയിരു‌ു കഴിഞ്ഞ ജലത്തിൽ
താരിതു മാമകഹൃദയം, വീണിതു
ചേരട്ടെ നിൻ തൃച്ചേവടിയിൽ''

എന്നിങ്ങനെ ഹൃദയകമലവുമർപ്പിക്കുന്നു. താഴ്ന്നു പോകുന്ന തുമ്പിക്കയ്യിന്നഗ്രം ഹരിചന്ദനഗന്ധം തിരിച്ചറിഞ്ഞു.

---

16 അതേ പുസ്തകം.

ഭൗതിക ലോകത്തിന്റെ അപൂർണ്ണതയെ സൂചിപ്പിക്കുന്ന ഒട്ടേറെ പ്രയോഗങ്ങൾ കവിതയിലുï. അടിയിലേയ്ക്ക് ആഞ്ഞുവലിക്കുന്ന മുതല ഭൗതിക ജീവിതത്തോടുള്ള ജീവാത്മാവിന്റെ ആസക്തിയാണ്. അഹംബോധം, ജീവിതഗർത്ത ഗഭീരാവർത്തം, തരുനിര കുത്തിമറിക്കും വനഗജം, താമര, ഉദ്ധതമെന്റെ കരുത്ത്, മഹാബലർ, രാഗോല്കണ്ഠിതർ തുടങ്ങിയവ ഉദാഹരണം. അഹംബോധം നശിച്ച് ഹൃദയം ഭഗവൽപാദങ്ങളിൽ അർപ്പിക്കുമ്പോഴാണ് ഹരിചന്ദനഗന്ധമറിയുന്നത്. മരണത്തിലൂടെ പൂർണ്ണതയിൽ അഥവാ അനശ്വരതയിൽ ചേർന്നു ലയിക്കയാണ് ഗജേന്ദ്രൻ. കാൽപനിക കവി ആഗ്രഹിക്കുന്ന 'പരമസത്തയുമായുള്ള ഏകീകരണ' മാണ് മരണത്തിലൂടെ ഗജേന്ദ്രൻ നേടിയത്.

പ്രണയസങ്കല്പത്തിലധിഷ്ഠിതമാണ് ''ദേവദാസി''. കരളിലെ തീവ്രാനുരാഗവുമായി കാത്തിരിക്കുന്ന ദേവദാസി തിരിച്ചുപോകാൻ തുടങ്ങുകയാണ്. ദേവൻ തന്റെയരികിലേയ്ക്കു വരുമെന്ന പ്രതീക്ഷ നഷ്ടപ്പെട്ടു.

''അതിനു മുമ്പാദ്യത്തെപ്പടിയിൽ ഞാൻ കാത്തൊരീ
മധുരവും ഊക്കോടെറിഞ്ഞുടയ്ക്കും''

എന്ന പ്രസ്താവനയിൽ അവൾ ജീവനൊടുക്കാൻ പോകുന്നുവെന്ന സൂചനയു്. തന്റെയരികിലേയ്ക്കു ദേവൻ വരില്ലെന്നു മനസ്സിലാക്കി ദേവസവിധത്തിലേയ്ക്കു പോവാനാണവൾ തയ്യാറാവുന്നത്. അതുകൊുതന്നെ മരണം ദേവദാസിയ്ക്ക് ഇഷ്ടദേവന്റെയരികിലെത്താനുള്ള മാർഗ്ഗമാണ്. ഇതുതന്നെയാണ് കാൽപനികൻ ആഗ്രഹിക്കുന്ന ലയനം. ജീവിതത്തിന്റെ പരിമിതികളിൽ നിന്ന് സത്യസൗന്ദര്യങ്ങളുടെ ലോകത്തേക്കുള്ള യാത്രയാണ് കാൽപനികന് മരണം.

ഇന്ദ്രിയാതീതമായ ഏതനുഭവവും ഭാരതീയർ ആദ്ധ്യാത്മികമായി കരുതുന്നു. കാൽപനികൻ അനുഭവിക്കുന്ന അതിന്ദ്രിയാനുഭൂതി പലപ്പോഴും ആത്മീയതലത്തിലുള്ളതല്ല. ഉൾക്കാഴ്ചയുടേയും ആനന്ദത്തിന്റേയും ഉദാത്തനിമിഷങ്ങൾകൊ് ഇടതൂർന്ന കാല്പനികകവിത അതീതാനുഭവങ്ങളെ വർണ്ണിക്കാൻ ആദ്ധ്യാത്മികതയുടെ ഭാഷയല്ല കാവ്യബിംബങ്ങളുടെ സംയോജനമാണ് പ്രയോജനപ്പെടുത്തുന്നത്. മനുഷ്യനും പരമസത്തയുമായുള്ള ബന്ധത്തെക്കുറിക്കാൻ ജീവിതത്തിലെ ഒട്ടേറെ പ്രതീകങ്ങളെയും അവർ ഉപയോഗിക്കുന്നു. കാത്തിരിപ്പും കത്തെലും പ്രേമഭാവത്തിന്റെ വിവിധവശങ്ങളും ഇവയിൽ ചിലതുമാത്രം. കാലദേശങ്ങളെയും വൈരുദ്ധ്യങ്ങളേയും ഭേദിച്ച് ഏകത്വത്തിലെത്തുമ്പോഴുള്ള നിർവൃതി കാൽപനികകവിയുടെ ലക്ഷ്യമാണ്. ഏകത്വബോധം കവിയെ ആനന്ദലോകത്തേക്ക് ഉയർത്തുന്നു.

ഭാവനാവിലാസത്താൽ മാത്രം ചെന്നെത്താൻ കഴിയുന്ന ഏകത്വത്തിലേക്ക് ഉന്മുഖനായി നില്ക്കുന്നവനാണ് കാൽപനിക കവി.

കാൽപനികന്റെ സവിശേഷതയായ കാത്തിരിപ്പും, കത്തെലും പ്രേമത്തിന്റെ ഭിന്നമുഖങ്ങളും സുഗതകുമാരിയുടെ കവിതയിൽ വേത്രയു്. ഇനിപ്പും പുളിപ്പും നിറഞ്ഞ ജീവിതം കടഞ്ഞു കടഞ്ഞ് നീലനവനീതം കത്തെുന്ന ഗോപിക (തിരി തിരി തിരി), തിളച്ച പാലേറ്റി തപിച്ച്,

> ''മനസ്സിനും പ്രേമതപസ്സിനും ചൂടാ–
> ണൊരിക്കലും തണുപ്പറിഞ്ഞോളല്ലവൾ''

എന്നു വിലപിച്ച് കിനാവിൽ മാത്രം ക കണ്ണനെ കാത്തിരിക്കുന്ന രാധ (തിളച്ച പാലല്ലോ കുടത്തിൽ), കാത്തിരുന്നു നിരാശയായ ദേവദാസി (ദേവദാസി), മുറിവേറ്റ ഹൃദയവുമായി ജന്മാന്തരങ്ങളായി കണ്ണനെ തേടുന്ന ഗോപിക (വൃന്ദാവനത്തിൽ), തന്റെ വികൃതിക്കുട്ടനെ തെരയുന്ന അമ്മ (കണ്ണന്റെ അമ്മ), നീലോജ്ജ്വലമായ രൂപം കാട്ടിത്തരണേയെന്നു പ്രാർത്ഥിക്കുന്ന ഗോപിക (എവിടെ നീ), മകനെ കാത്തിരിക്കുന്ന ദേവകി (അമ്മ), ചുടുകണ്ണീർ നിറഞ്ഞ മനസ്സ് കണ്ണനായി സമർപ്പിക്കുന്ന ഗോപിക (കണ്ണനെത്തേടി), മരണത്തെ കാത്തിരിക്കുന്ന ഗജേന്ദ്രൻ (ഗജേന്ദ്രമോക്ഷം) തുടങ്ങിയവ ഉദാഹരണമാണ്.

കാല്പനികതയുടെ മറ്റൊരു സവിശേഷതയാണ് നഷ്ടസ്വർഗ്ഗവിഷാദം. നഷ്ടപ്പെട്ടുപോയതിനോട് ഏറ്റവുമടുത്തുവരുന്ന അനുഭവമണ്ഡലങ്ങളെ കത്താൻ കാല്പനികൻ ശ്രമിച്ചുകൊേയിരുന്നു. ബാല്യത്തേക്കുറിച്ചുള്ള ഓർമ്മകൾ ഇതിലൊന്നാണ്. അല്ലലറ്റ, സ്നേഹനിർഭരമായ കുട്ടിക്കാലവും കാൽപനികന്റെ സ്വർഗ്ഗമാണ്. അഴക്, ആഹ്ലാദം, നന്മ, അനശ്വരത, സ്വാതന്ത്ര്യം എന്നിവയുടെ പ്രതീകമാണ് ശിശു. ഭാരതീയ സംസ്കാരത്തിൽ ഈ കുഞ്ഞ് കൃഷ്ണനാണ്. ശതാബ്ദങ്ങളായി ഭാരതീയർ കൃഷ്ണനെ വാഴ്ത്തുന്നു. അവന് 'വെണ്ണയുരുട്ടിക്കൊടുത്ത് മയിൽപ്പീലിയണിയിച്ച് കുഞ്ഞിക്കാലിൽ ചിലങ്കയണിയിച്ച് അവനോടൊപ്പം യമുനാതടത്തിൽ ചുറ്റിനടന്ന്, മുരളീഗാനത്തിലലിഞ്ഞ്, കുസൃതികളിൽ ആർത്തുചിരിച്ച് കവികൾ മാത്രമല്ല ഒരു ജനത മുഴുവൻ നിർവൃതിയറിയുന്നു. വ്രജവിഹാരിയായും വിളയാട്ടുപിള്ളയായും പാട്ടിലും നൃത്തത്തിലും കഥയിലും കവിതയിലും അവൻ നിറഞ്ഞുനില്ക്കുന്നു. എല്ലാ മനസ്സുകളെയും മുഗ്ദ്ധമാക്കുന്ന, എല്ലാ ചരാചരങ്ങളേയും കളിക്കൂട്ടുകാരാക്കുന്ന ഈ ബാലൻ ഏകത്വത്തിന്റെ പ്രതീകമാണ്'.[17]

---

[17] അതേ അവതാരിക.

ഏകത്വത്തിന് പല അർത്ഥതലങ്ങളുണ്ട്. പ്രകൃതിയും ശിശുവുമായുള്ള ചൈതന്യനിർഭരമായ താദാത്മ്യഭാവം കൃഷ്ണകഥ സൂചിപ്പിക്കുന്നു.

### (യ) ശൈശവാവിഷ്ക്കാരം

കുട്ടിക്കാലത്തിന്റെയും ഏകത്വത്തിന്റെയും പ്രതീകമായ കൃഷ്ണൻ സുഗത കുമാരിയുടെ കവിതകളിൽ നിറഞ്ഞുനില്ക്കുന്നു. അമ്മയെ കാണാൻ കൽത്തുറു ങ്കിലേക്കെത്തുന്ന മകൻ (അമ്മ) കുസൃതി സഹിയ്ക്കവയ്യാതെ, വടിയെടുത്ത് മകനെ തിരയുമ്പോൾ ഓടക്കുഴൽനാദത്തിലൂടെ സാന്നിദ്ധ്യമറിയിച്ച മകൻ (ക ണ്ണന്റെ അമ്മ) കണ്ണീരിൽ മുക്കിക്കഴുകി ദുഃഖത്തിൻ വെയിലിലുണക്കിയ, കഷ്ടപ്പാ ടിന്റെ തുണിത്തൊട്ടിലിലുറങ്ങുന്ന ഉണ്ണി (ഉണ്ണി പിറന്നൂ) തോളോളം പാറുന്ന ഇരു നീളൻ മുടിയിൽ കിളിത്തൂവൽ കുത്തിയ ഇടയബാലൻ (തിരിച്ചറിയൽ) നീല മേഘം പോലുള്ള കാൻ പുറത്തേക്കിട്ട് തൊട്ടിലിലുറങ്ങുന്ന പൈതൽ (ഒരു സ്വപ്നം) എന്നിവയെല്ലാം ബാലഭാവാവിഷ്ക്കാരത്തിന്റെ ഉദാഹരണമായെടുക്കാം. ''മനുഷ്യന്റെ കുട്ടിക്കാലം പോലെത്തന്നെ മറ്റു ചില പറുദീസകളും കാല്പനികകവി കത്തെി. ''ചരിത്രത്തിന്റേയും സങ്കല്പത്തിന്റേയും അംശങ്ങൾ ചേർത്തുാക്കിയ ആദർശലോകങ്ങളാണവ''.[18] ഈ ആദർശലോകത്തെ അന്വേഷിച്ചുനടക്കുന്ന കാല്പനികഭാവന സുഗതകുമാരിയുടെ 'രാധയെവിടെ', 'പാതിരാപ്പൂക്കൾ', 'ഒരു വൃന്ദാവനരംഗം', 'കണ്ണനെത്തേടി', 'ഇനിയെന്തിനേപ്പറ്റിപ്പാടുവാൻ' തുടങ്ങിയ കൃഷ്ണകവിതകളിൽ കാണുന്നു്.

കാൽപനിക സ്വർഗ്ഗവുമായി ബന്ധപ്പെട്ട മറ്റൊരു സങ്കൽപ്പമാണ് നഷ്ടവസ ന്തസ്മൃതി അഥവാ നഷ്ടസ്വർഗ്ഗവിഷാദം. ഇവയ്ക്ക് കാൽപനിക കവിതകളിൽ സുപ്രധാന സ്ഥാനമു്. പ്രണയകവിതകൾ ഏറിയ പങ്കും കാൽപനിക കവിത യുടെ പരിധിയിൽ വരുന്നു. ഒറ്റപ്പെടൽ, ജീവിതനിഷേധം, വ്യർത്ഥതാബോധം, നഷ്ടബോധം, പ്രണയം, ദുഃഖം, മരണം എന്നിവയെല്ലാം കാൽപനിക കവികൾ ആശ്രയിച്ച വിഷയങ്ങളാണ്. ഈ വിഷയങ്ങളെല്ലാം സുഗതകുമാരിയുടെ കൃഷ്ണ കവിതകളുടെ അന്തർഭാവങ്ങളാണ്. കവിതകളുടെ പഠനത്തിൽ ഇത് സൂചിപ്പിച്ചിട്ടു്.

''കാല്പനികകവിത നൽകുന്ന ഹൃദ്യമായ അനുഭവങ്ങളിലൊന്ന് പ്രകൃതിയു മായുള്ള ഗാഢബന്ധമാണ്''.[19] കാൽപനിക കവിതകളിൽ പ്രകൃതി സജീവ സാന്നി ദ്ധ്യമാണ്. പ്രകൃതിസൗന്ദര്യത്തിൽ പൂർണ്ണമായും ലയിക്കുന്നുത്. കാൽപനികർ ഒരു അഭയസ്ഥാനമായാണ് പ്രകൃതിയെ കാണുന്നത്. അനുഭവങ്ങളുടെ സൂക്ഷ്മഭാവ

[18] കാല്പനികത, പുറം. 41.

[19] അതേ പുസ്തകം, പുറം. 102.

ങ്ങളെ കാൽപനിക കവികൾ അസാമാന്യ ഭാവവ്യഞ്ജകശക്തിയുള്ള പ്രകൃതിബിംബങ്ങൾ കൊ് ആവിഷ്കരിച്ചു.

## (ര) പ്രകൃതിദർശനം

പ്രകൃതിയോട് ഏറെയടുത്ത ബന്ധം പുലർത്തുന്ന പ്രതീകമാണ് കൃഷ്ണൻ. ഏറെ വർണ്ണശബളമായ സങ്കല്പം കൂടിയാണത്. മുടിയിൽ ചൂടിയ പീലിയും ഓടക്കുഴലും മഞ്ഞൾ പിഴിഞ്ഞ വസ്ത്രങ്ങളും കഴുത്തിലെ വനമാലയും മേഘവർണ്ണവും പ്രകൃതിയുമായുള്ള ഐക്യത്തിന്റെ തെളിവാണ്. സുഗതകുമാരിയുടെ കവിതകളിൽ മുപ്പത്തഞ്ചിലേറെ കവിതകൾ കൃഷ്ണനെ വിഷയമാക്കിയിട്ടുള്ളതാണ്. 'കണ്ണനെ നോക്കുന്ന വൃന്ദാവനത്തിലെ പുഷ്പങ്ങൾ' (യമുനാതീരേ), 'രാധയുടെ കാലിൽ ചെമ്പഞ്ഞിച്ചാറു ചേർക്കുന്ന കൃഷ്ണൻ', 'ഹർഷം പൊറാതെ അടിമുടി പൂക്കുന്ന കടമ്പ്' (ഒരു വൃന്ദാവനരംഗം), 'കടമ്പിൻ പത്രശതത്തിലൊളിഞ്ഞൊരു മഞ്ഞപ്പട്ടിൽ പൊന്നൊളി', 'പാലപ്പൂവിനിടയ്ക്കൊരു മിന്നും പീലിക്കണ്ണ്'(കണ്ണനെത്തേടി), 'കാടിന്റെ ഹൃത്തിൽ കടമ്പിന്റെ ചോട്ടിൽ നിന്നോടക്കുഴലുവിളിയ്ക്കുവോൻ' (വൃന്ദാവനത്തിൽ), ശ്യാമസുന്ദരൻ (അഭിസാരിക, വഴിയമ്പലത്തിലെ പാട്ട്) കണ്ണനെ കില്ലെന്നു കൊഞ്ചുന്ന തത്ത, കാലികൾ, കരിവ്, തുമ്പി, പേടമാൻ, കാളിന്ദിയോളങ്ങൾ (കണ്ണന്റെ അമ്മ), നീലവർണ്ണത്തിലുദിച്ച നറും തിങ്കൾ, ഹരിചന്ദനം ചേർന്നലിഞ്ഞ ചുമൽ, കൂരിരുട്ടത്തു മിന്നുന്ന പട്ടാട, രാധയെ പൂക്കൾകൊലങ്കരിക്കുന്ന കണ്ണൻ (രാധയെവിടെ) എന്നിങ്ങനെ പ്രകൃതിയുമായി ലയിക്കുന്ന കൃഷ്ണന്റെ ചിത്രങ്ങൾ എത്ര വേണമെങ്കിലും കൃഷ്ണകവിതകളിൽ നിന്നു കത്തൊം. ''കാല്പനിക കവിതകളിൽ നിന്ന് ഹൃദ്യമായ പ്രകൃതിവർണ്ണനകൾ ശേഖരിക്കുന്നത് ഒരുദ്യാനത്തിൽനിന്ന് പൂക്കൾ പറിച്ചെടുക്കുന്ന പോലെ അവസാനമില്ലാത്ത പണിയാണെന്ന്''[20] ഹൃദയകുമാരി അഭിപ്രായപ്പെടുന്നു.

കാൽപനികനും സമൂഹവും തമ്മിൽ ദൃഢമായൊരു ബന്ധമില്ല. പൂർണ്ണതയെ തേടുന്ന കാൽപനികന് സമൂഹത്തോടുള്ള ബന്ധം സൗമ്യവും സുഖകരവുമല്ല. കാൽപനികന്റെ സ്വാതന്ത്ര്യബോധത്തെ സമൂഹം അംഗീകരിക്കുന്നില്ല.

'മറ്റൊരു രാധിക' യിലെ രാധികയെ കാല്പനിക പ്രതിഭയുടെ പ്രതിരൂപമാക്കാം; സഖി സമൂഹത്തിന്റേയും. സഖി പറയുന്നു, നിന്റെ ചിരിയിലും ഗാനത്തിലും കരിനീലിമയൊളിച്ചു കിടക്കുന്നു്. ചിലങ്കയഴിച്ചുവെച്ച് വളകൾ മുറുക്കിവച്ച് നീ മുരളീനാദം തേടിയലയുന്നു്. വനാന്തനിശീഥത്തിൽ ആരെയോ വിളിച്ചുനടക്കുന്നു്, ആരുടേയോ മുന്നിൽ നീ നൃത്തം വയ്ക്കുന്നു്, നിന്റെ മിഴിയിൽ ഒരു

[20] അതേ പുസ്തകം, പുറം 61.

ഘനശ്യാമരൂപം പ്രതിബിംബിക്കുന്നു്. ഇതിന് രാധികയുടെ മറുപടി ''നമ്മൾ ഈ കടവിൽ ജലമെടുക്കാൻ വന്നവരാണ്. നീ നിന്റെ കുടം നിറച്ച് കുടിലിലേയ്ക്ക് മട ങ്ങിക്കൊൾക, ഞാനീ കൽപ്പടവിൽ അല്പനേരം തനിയേയിരിയ്ക്കട്ടെ'' എന്നാണ്. ഗിരിധാരിയെക്കുറിച്ചുമാത്രം പാടിനടന്ന മീരയ്ക്ക് സമൂഹത്തിന്റെ പ്രതീകമായ ഭർത്താവ് നല്കുന്നത് വിഷപ്പാത്രമാണ് (വഴിയമ്പലത്തിലെ പാട്ട്). ഓടക്കുഴൽ നാദത്തിലാകൃഷ്ടരായി കൃഷ്ണസാമീപ്യത്തിലേയ്ക്കണയുന്ന ഗോപികമാരെ കണ വന്മാർ പുരികം ചുളിച്ച് ക്രൂദ്ധരായി നോക്കി (കൃഷ്ണാ നീയെന്നെ അറിയില്ല) ദേവന്റെ ദാസിയെ സമൂഹം ഭ്രാന്തിയെന്നു വിളിച്ചു (ദേവദാസി). സമൂഹം കാല്പനികനു കൊടുക്കുന്ന സ്ഥാനം ഈ കവിതകളിൽ തെളിയുന്നു.

അനുഭാവം, ആത്യന്തികമൂല്യത്തോടുള്ള ആരാധന, ധർമ്മാധർമ്മചിന്ത, അനന്യത്വം, വികാരപരത്വം, ചിന്താശീലം എന്നിവ കാല്പനിക കവിയുടെ സ്വത്വ ത്തിന്റെ പ്രത്യേകതകളാണ്. പ്രപഞ്ചസത്തയുമായി ഇഴുകിച്ചേരാനുള്ള ആലക്തിക ശക്തിയായി അവർ ഭാവനയെ ഉപയോഗിക്കുന്നു.

''കവിത നൈസർഗ്ഗികമായി വാർന്നുവീഴുന്നതാണ് എന്നാണ് കാല്പനികരുടെ പക്ഷം. ബോധപൂർവ്വമായ ശ്രമം ഇതിനു പിന്നിലില്ലെന്നും ഏതോ ശക്തി തങ്ങളെക്കൊ് എഴുതിക്കുകയാണെന്നും കാല്പനികർ വിശ്വസിക്കുന്നു''.[21] ഇരുൾച്ചിറകുകൾ എന്ന കവിതാസമാഹാരത്തിന്റെ ആമുഖത്തിൽ സുഗതകുമാരി ഈ പ്രസ്താവന അംഗീകരിക്കുന്നു്. ഗജേന്ദ്രമോക്ഷം എന്ന കവിതയുടെ രചനാ ഘട്ടത്തെക്കുറിച്ച് ഇങ്ങനെ പറയുന്നു. '' അശ്രദ്ധമായി കുറിച്ചിട്ട ആദ്യവരിയിൽ നിന്ന് പെട്ടെന്നു കവിതയുടെ രൂപമുായി, മാസ്മര വിദ്യയിലെന്നപോലെ ഒരു രൂപം പെട്ടെന്നു മുന്നിൽ തെളിഞ്ഞുയർന്നു ........................... പകുതി ആനന്ദത്തിൽ, പ കുതി ലഹരിയിൽ, മുഴുവൻ വേദനയിൽ ഒന്നുമൊന്നുമറിയാതെ ഞാനെഴുതി, എഴു തിക്കഴിഞ്ഞപ്പോൾ ചില വരികളുടെ സ്ഥാനങ്ങൾ പരസ്പരം മാറ്റേ ജോലി മാത്രമേ ശേഷിച്ചിരുന്നുള്ളൂ. ഇങ്ങനെ നിർമ്മിക്കപ്പെടുന്ന കവിത ഒരു ആശയബീജം മന സ്സിൽക്കിടന്ന് ഉരുത്തിരിഞ്ഞ് പക്വമായി പുറത്തുവരുന്നതാണെന്ന് എനിക്കു തോന്നുന്നില്ല''. ''സന്ധ്യ'' എന്ന കവിതയുടെ രചനാഘട്ടത്തെക്കുറിച്ചും ഇത്തരമൊ രനുഭവം അതേ അവതാരികയിൽത്തന്നെ ചേർത്തിട്ടു്. ''ഏകാന്തതയിൽ പുനസ്മ രിക്കപ്പെടുന്ന വികാരങ്ങളുടെ നൈസർഗ്ഗികമായ കവിഞ്ഞൊഴുകലാണ് കാവ്യം'' എന്ന് വേർഡ്സ്വർത്ത് അഭിപ്രായപ്പെട്ടത് ഇവിടെ സ്മരണീയമാണ്. നിഷ്കൃഷ്ട മായ നിർവ്വചനത്തിനോ വിവരണത്തിനോ പിടിതരാത്ത, യുക്തിയുടെ ഭാഷയ്ക്ക് അപ്രാപ്യമായ അനുഭവസങ്കല്പനം കാല്പനികതയുടെ പ്രത്യേകതയാണ്.

---

[21] അതേ പുസ്തകം.

പാശ്ചാത്യ കാല്പനിക കവിതയിൽ ദുഃഖം നഷ്ടബോധവുമായി ബന്ധപ്പെട്ടിരിക്കുന്നു. കാല്പനിക പ്രസ്ഥാനത്തിന്റെ പ്രചാരത്തോടെ മലയാളകവിതയിലും നഷ്ടബോധവും ദുഃഖവും കടന്നുവന്നു. വിലാപകാവ്യങ്ങളെല്ലാം രൂപം കൊത് നഷ്ടബോധത്തിൽനിന്നാണ്. വേദാന്തങ്ങളുടെ സ്വാധീനത്താൽ ദുഃഖത്തിന് ഒരു പരിധിയിൽ കവിഞ്ഞ സ്ഥാനം കവിതയിൽ അതുവരെ കിട്ടിയിരുന്നില്ല. കാല്പനികതയുടെ കടന്നുവരവോടെ ദുഃഖിതൻ എന്നൊരു കഥാപാത്രം മലയാളകവിതയിൽ രൂപപ്പെട്ടു. സുഗതകുമാരിയുടെ ഏതാല്ലൊ കൃഷ്ണകവിതകളിലും ഇപ്രകാരമൊരു ''ദുഃഖിത'' യെ കത്തൊം.

## (റ) താദാത്മ്യമനോഭാവം

പ്രകൃതി, സമൂഹം, പ്രേമഭാജനം ഇവയിൽ ഒന്നിനോടെങ്കിലും താദാത്മ്യം പ്രാപിക്കാൻ സാധിക്കുക എന്നത് കാല്പനിക സ്വത്വത്തിനു കിട്ടുന്ന സ്വർഗ്ഗീയാനുഭവമാണ്. കാല്പനികർ പ്രേമത്തെ പരമമൂല്യമായി അംഗീകരിക്കുന്നു. കാല്പനിക കവിതയെന്നു കേട്ടാൽ പ്രേമകവിതയെന്നു തെറ്റിദ്ധരിക്കുന്ന വിധത്തിൽ അവർ പ്രേമത്തിനു പ്രാധാന്യം കൊടുത്തു. ''കാല്പനികചേതന തേടുന്ന തീവ്രാനുഭൂതികൾ പലപ്പോഴും കവിയ്ക്ക് അനുഭവവേദ്യമാകുന്നത് സ്ത്രീ– പുരുഷപ്രേമത്തിന്റെ പ്രചോദനത്തിൽകൂടിയാണ്''.[22] ഇതാവാം മേൽപറഞ്ഞ വിധത്തിലൊരു ധാരണയുാവാനുള്ള കാരണം. ''ആത്മാവ് പ്രേമത്തിന്റെ പ്രചോദനത്തിനും ശിക്ഷണത്തിനും വിധേയമായി അതിന്റെ തനിമയിൽ എത്തിച്ചേരുക, പ്രേമഭാജനവുമായുള്ള ഐക്യം സ്വർഗീയാനുഗ്രഹമായി തിരിച്ചറിയുക എന്നതാണ് കാല്പനിക പ്രേമത്തിന്റെ അന്തർധാര''.[23] കാല്പനിക പ്രണയത്തിൽ സൗന്ദര്യത്തിന്റെ പൂർണ്ണതയിലേയ്ക്കെത്തുവാനാണ് പ്രേമിയുടെ മനസ്സു വെമ്പുന്നത്. ആദിയും അന്തവുമില്ലാത്ത സൗന്ദര്യപൂരമാണതിന്റെ ലക്ഷ്യം. ഒരർത്ഥത്തിൽ കാല്പനിക പ്രേമം അമാനുഷമാണ്. അതിന് മനുഷ്യന്റെ നന്മതിന്മകളെ അംഗീകരിയ്ക്കാനോ സാമൂഹിക ലൗകിക ജീവിതത്തിൽ തൃപ്തിപ്പെടാനോ സാധ്യമല്ല. പ്രേമത്തിന്റെ ആനന്ദത്തിൽ ലയിക്കാനാണ് കാല്പനിക ഭാവന ആഗ്രഹിക്കുന്നത്. ആത്മാവിന്റെ ദാഹത്തേയും ശുദ്ധസൗന്ദര്യത്തോടുള്ള തൃഷ്ണയേയും വേർപാടിന്റെ വേദനയേയും ലയനത്തിന്റെ നിർവൃതിയേയും കാല്പനിക ഭാവന ആവിഷ്ക്കരിക്കുന്നു.

## (ല) കൃഷ്ണനെന്ന കാല്പനിക പ്രതീകം

---

22 പുറം. 61.

23 കാല്പനിക, പുറം. 58.

മലയാളകവിതയിൽ കാല്പനിക പ്രണയസങ്കല്പത്തെ ആവിഷ്ക്കരിക്കാൻ പ്രതീകമാകുന്നത് കൃഷ്ണനാണ്. റൊമാന്റിക് പ്രസ്ഥാനം മലയാളത്തിലേക്കു കട ന്നുവന്നപ്പോൾ ഈ പ്രതീകത്തെ പല ഭാവത്തിലും ഉപയോഗിച്ചു. ഭഗവദ്രതി പ ൂർണ്ണതയോടുള്ള രതിയായതിനാൽ 'പൂർണ്ണതയിൽ ലയിക്കുക' എന്ന കാല്പനിക പ്രണയസങ്കല്പം കൃഷ്ണനിൽ പൂർണ്ണമാവുന്നു. കൃഷ്ണരതി രതിയുടെ പൂർണ്ണ തയും പൂർണ്ണതയുടെ രതിയുമാണ്. സൗന്ദര്യത്തിന്റെ മൂർത്തിയുമാണ് കൃഷ്ണൻ. അജ്ഞാതമായതിനെ ജ്ഞാനമായതിനോട് സാദൃശ്യപ്പെടുത്തുകയാണ് കാല്പനിക കവി ചെയ്യുന്നത്. ഭൗതികകാമനകളെ സംസ്കരിച്ച് ഈശ്വരോന്മുഖമായ പ്രേമമു ണർത്തുന്നതിന് അനുയോജ്യമായ ആദിപ്രരൂപമാണ് കൃഷ്ണൻ. ''അധാർമ്മികമ ല്ലാത്ത കാമവും ഞാൻ തന്നെയാണെന്ന് കൃഷ്ണൻ പറയുന്നു''.[24] സമൂഹത്തിന്റെ ധാർമ്മിക കല്പനകൾ കൃഷ്ണനെ ബാധിക്കുന്നതല്ല. പൂർണതയെ തേടുന്ന കാല്പനികൻ അപൂർണ്ണതകളുടേതായ വർത്തമാനകാലത്തെ അംഗീകരിക്കുന്നില്ല. ഈ കാരണങ്ങൾ കൊും കൃഷ്ണൻ കാല്പനികന് അഭികാമ്യനാകുന്നു. വിഷ്ണു വിന്റെ പൂർണ്ണാവതാരമാണ് കൃഷ്ണൻ. പുരുഷോത്തമനായി ഗണിയ്ക്കുന്നത് വിഷ്ണുവിനെയാണ്. ഈ പുരുഷോത്തമൻ സ്വയം പൂർണ്ണനും പൂർണ്ണതയുടെ വക്താവും പ്രയോക്താവുമാണ്. അതുകൊുതന്നെ പുരുഷോത്തമസങ്കല്പം സുഖ ദുഃഖങ്ങൾക്കും പുണ്യപാപങ്ങൾക്കും അതീതമാണ്. അങ്ങനെ കൃഷ്ണൻ കാല്പനികന്റെ പൂർണ്ണതാസങ്കല്പത്തിന് അനുയോജ്യനാവുന്നു. ഒരു പക്ഷേ ഈയൊരു ആശയതലമാകാം സുഗതകുമാരി എന്ന കാല്പനിക കവിയെ കൃഷ്ണ സങ്കല്പത്തിലേക്ക് ആകർഷിച്ചുനിർത്തുന്നതും.

## 5.6. പൂർണ്ണതയ്ക്കു വേിയുള്ള പൂർണ്ണസമർപ്പണം

(മ) ബിംബസംയോജനം

സുഗതകുമാരി പറയുന്നു ''ആവർത്തനവിരസമാകുമോ എന്ന ഭയം കൂടാതെ എത്രയോ നൂറ്റാുകളായി ഇന്ത്യ ഈ ഒരേ വിഷയത്തെപ്പറ്റി പാടിത്തുടങ്ങി യിട്ട്, വിവിധ ഭാഷകളിൽ വിവിധ രാഗതാളങ്ങളിൽ പാടിപ്പാടി മതിവരാത്തത്. എത്ര ആടിയിട്ടും തളരാത്തത്. എത്ര വരച്ചിട്ടും കൊത്തിവെച്ചിട്ടും പൂർണമാവാത്തത്''. ഇത് ആരെക്കുറിച്ചാണെന്ന് അവർ ഇങ്ങനെ സൂചിപ്പിക്കുന്നു. ''ഈ ഇരുട്ടിലും ആ മയിൽപ്പീലിത്തു തിളങ്ങുന്നു, വന്ധ്യയായ അമ്മയുടെ മടിത്തട്ടിലും ആ കറുത്ത

[24] ബലം ബലവതാം ചാഹം
കാമരാഗവിവർജിതം
ധർമാവിരുദ്ധോഭൂതേഷു
കാമോ സ്മി ഭരതർഷഭ''
ശ്രീമദ് ഭഗവദ്ഗീത 7.11. ശിവാരവിന്ദം മഹാഭാഷ്യം (തിരു: കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്.

ഉണ്ണിയിരുന്നു ചിരിയ്ക്കുന്നു. പരിത്യക്തയായ കാമുകിയുടെ ഉൾച്ചൂടിലും ആ ചന്ദനച്ചാറു പുരളുന്നു. ഈ അട്ടഹാസങ്ങൾക്കും മുറവിളികൾക്കുമിടയിലും ഒരോടക്കുഴൽ വിളി ഇടറാതെ കേൾക്കുന്നു. തോറ്റു തലകുനിച്ചു പാഴ്മണ്ണിലമരുമ്പോൾ ഒരു ശംഖധ്വനി മുഴങ്ങുന്നു. നരകവേദനയിൽ താണുതാണുപോകുമ്പോൾ ഏതു കൈയോ താങ്ങുന്നു. മാനക്കേടിന്റെ നഗ്നതയ്ക്ക് ആരോ മഞ്ഞപ്പട്ടെറിഞ്ഞു തരുന്നു. ആ മഹാകാരുണ്യത്തിന്റെ പേര് കാലം എന്നാണെന്നു നാം കേട്ടറിഞ്ഞു. സ്നേഹം എന്നു നാം ജപിക്കുന്നു. അവ രും ഒന്നായിരിക്കാം. അതറിയും വരെയാവാം ഈ പാടൽ''.[25]

ഈ പാടൽ അവസാനിക്കുന്നില്ല. കാരണം കാലവും സ്നേഹവും ഒത്തുചേരുന്ന ബിന്ദു എവിടെയെന്നു കത്തൊൻ ഒരു സാധാരണ മനുഷ്യാത്മാവിനു കഴിയുന്നില്ല. അതെവിടെയാണെന്ന അന്വേഷണത്തിലാണ് ഓരോ മനുഷ്യാത്മാവും. ഓരോരുത്തർ ഓരോ വിധത്തിൽ അതിനെ തേടിക്കൊയേിരിക്കുന്നു. മാതൃഭാവത്തിലും കാമുകീഭാവത്തിലും സഹഭാവത്തിലും അതിനെ സാക്ഷാത്കരിക്കാൻ ശ്രമിക്കുന്നു. ജീവാത്മാവിന്റെ അപൂർണ്ണതകളെ പരമാത്മാവിന്റെ പൂർണ്ണതയിൽ വിലയിപ്പിക്കുന്നു.

സുഗതകുമാരിയുടെ കവിതകളിൽ ഈ പരമാത്മാവ് കൃഷ്ണനാണ്. കൃഷ്ണനെത്തേടുന്ന രാധയിലൂടെ, അജ്ഞാതരായ ഗോപികമാരിലൂടെ ജീവാത്മാ പരമാത്മാബന്ധം പ്രതീകാത്മകമായി അവതരിപ്പിക്കാൻ അവർക്കു കഴിയുന്നു. പൂർണ്ണതയെ സാക്ഷാത്കരിക്കാൻ വെമ്പുന്ന അപൂർണ്ണതയുടെ ചിത്രം ഇതിൽ തെളിയുന്നു. രാധയും യശോദയും ഗോപികമാരും അസംതൃപ്തമായ വർത്തമാനകാലത്തിന്റെ ഊഷരതയിൽ ''അമൃതമായ പ്രേമം തേടിയുഴലുന്ന വർത്തമാനകാല സ്ത്രീയുടെ'' മുഖം പ്രതിഫലിപ്പിക്കുന്നു. പരമപ്രേമരൂപമായ ഭക്തിയുടെ പലയവസ്ഥകളിൽ അത്യുത്തമമായ മാധുര്യഭക്തിയിലൂടെയാണ് ഇവർ കൃഷ്ണനെ സാക്ഷാത്കരിക്കാൻ ശ്രമിക്കുന്നത്. ഭാഗവതത്തിലും ഗീതഗോവിന്ദത്തിലും പ്രതിപാദിക്കുന്ന മധുരഭക്തിയുടെ മനോജ്ഞദർശനമാണ് സുഗതകുമാരിയുടെ കൃഷ്ണകവിതകളിൽ പ്രകടമാവുന്നത്.

## (മ) ബിംബസംയോജനം

ഒരു സ്വപ്നം എന്ന കവിതയിൽ കവയിത്രി കാറ്റിലാടുന്ന പൂന്തൊട്ടിൽ മാത്രം കാണുന്നു. ചില സൂചനകളിലൂടെ തൊട്ടിലിലെ പൈതലിനെ തിരിച്ചറിയാം. നീലമേഘം പോലെ ഇരു കുഞ്ഞിക്കാലുകൾ മാത്രം പുറത്തുകാണാം. കുഞ്ഞിന്റെ

25 കൃഷ്ണകവിതകൾക്ക് സുഗതകുമാരി എഴുതിയ ആമുഖക്കുറിപ്പ്.

ദർശനം കിട്ടാനായി ജന്മങ്ങൾക്കു പുറത്ത് അവർക്ക് കാത്തുനില്ക്കേിവരുന്നു എന്നു പറയുമ്പോൾ പൂർണ്ണതയെ സാക്ഷാത്കരിക്കാൻ സാധിച്ചിട്ടില്ലെന്നും കാത്തിരിപ്പ് അവസാനിച്ചിട്ടില്ലെന്നും വ്യക്തമാവുന്നു. കുഞ്ഞിക്കാൽ അപൂർണ്ണതയുടേയും പൈതൽ പൂർണ്ണതയുടേയും പ്രതീകമാവുന്നു.

പൂർണ്ണതയിൽ വിലയം പ്രാപിക്കാനാഗ്രഹിക്കുന്ന കേവലാത്മാവാണ് 'കാളിയമർദ്ദന'ത്തിലെ കാളിയൻ. ഭൗതീകജീവിതത്തിന്റെ എല്ലാ കുടിലതകളും സ്വാർത്ഥചിന്തകളുമുള്ളവനാണവൻ. കൃഷ്ണസാമീപ്യത്തിൽ തന്റെ ദുരഭിമാനവും ദുഷ്കൃതവുമകന്ന് മോക്ഷം നേടാൻ കഴിയുമെന്ന വിശ്വാസം കാളിയനിലു്. കാളിയനെന്ന ജീവാത്മാവ് തേടുന്നത് പാപവിമോചകനെയാണ്. 'ശ്യാമരാധ'യിൽ പൂർണ്ണതാസങ്കല്പത്തിന് നല്കിയിരിക്കുന്ന പേര് പ്രേമമെന്നാണ്. ഒരു പീലി അതിനെ പ്രതീകവത്കരിക്കുന്നു. ആ പീലിത്തുമ്പാണ് അവളുടെ ജീവനും ജീവന്റെ ഏകലക്ഷ്യവും. നീലപ്പട്ടുചാർത്തി, മാറിൽ ചെമ്പകമാലയും കാതിൽ കുണ്ഡലങ്ങളുമണിഞ്ഞ് കൈയിൽ പാൽക്കുടമേന്തിവരുന്ന ഗോപികയുടെ രൂപമാണ് വൈശാഖയാമിനിയ്ക്ക്. ഗോപീ–കൃഷ്ണ പ്രണയദർശനത്തിന്റെ കാതൽ പൂർണ്ണതാസങ്കല്പമാണ്.

വർത്തമാനകാലത്തിന്റെ കൊടുംചൂടിൽ ഒറ്റപ്പെട്ടുപോയ വ്യക്തി എപ്പോഴും സാന്ത്വനമന്വേഷിച്ചുകൊയേിരിക്കും. അത്തരമൊരു സന്ദർഭത്തിൽ ഈശ്വരനല്ലാതെ മറ്റാരും സാന്ത്വനമേകാനില്ല. കവിതയിൽ പ്രത്യക്ഷപ്പെടുന്ന കിളിത്തൂവൽ കുത്തിയ ഇടയബാലനിൽ കവയിത്രി കൃഷ്ണരൂപം പ്രത്യക്ഷമാക്കുന്നു. അതിൽ ആശ്വസിക്കുന്നു. മറ്റനേകം ദൃശ്യങ്ങളിൽനിന്നും വ്യക്തിമനസ്സ് വേർതിരിച്ചെടുക്കുന്നത് കൃഷ്ണരൂപമാണെന്നതിൽനിന്ന് ഈ കവിതയുടെയും അന്തർധാര പരമാത്മാവിനെ തേടലാണെന്നു തെളിയുന്നു.

അഭിസാരികയിലെ ഗോപികയെ സംബന്ധിച്ച് ശ്യാമസുന്ദരനായ കൃഷ്ണൻ തന്നെയാണ് മരണവും. ഭൗതികജീവിതത്തിന്റെ പ്രതീകങ്ങളായ കാൽച്ചിലമ്പുകളും കൈവളകളും അവൾ ഊരിവെച്ചിരിക്കുന്നു. അവൾ ചെന്നണയുന്നത് മരണത്തിലേയ്ക്കല്ല, ഹരിചന്ദനം മണക്കുന്ന അഭയസ്ഥാനത്താണ്. അഹംബോധമുള്ള മനുഷ്യാത്മാവിന്റെ പ്രതീകമാണ് ഗോപിക. അതുപേക്ഷിക്കുമ്പോൾ അവൾക്കു ചെന്നെത്താൻ കഴിഞ്ഞ നിത്യത പൂർണ്ണതാസങ്കല്പമായ പരമാത്മാവിന്റേതാണ്.

പീതാംബരവും പീലിത്തിരുമുടിയും വനമാലയും കോലക്കുഴലും അലങ്കരിക്കുന്ന ഒരു മനോജ്ഞരൂപത്തിന്റെ ദർശനമു് ''യമുനാതീരേ'' എന്ന കവിതയിൽ. കേവലമനുഷ്യാത്മാവ് സാക്ഷാത്കരിക്കാൻ ആഗ്രഹിക്കുന്ന രൂപമാണിത്. കാൽക്കൽ സർവ്വവും കാഴ്ചവെക്കുമ്പോൾ ആ രൂപം ദർശനം തരുമെന്നാണ്

വിശ്വാസം. അഹംബോധമല്ലാതെ കേവലാത്മാവിന് പരമാത്മാരൂപത്തിനു മുന്നിൽ പരിത്യജിക്കാൻ ഒന്നുമില്ല. പൂർണ്ണതയ്ക്കു വേിയുള്ള അന്വേഷണം തന്നെ യാണ് ഈ കവിതയിലും തെളിയുന്നത്. പാതിരാപ്പൂക്കൾ എന്ന കവിതയിൽ പ ൂർണ്ണതാത്വര വാച്യമായിത്തന്നെ അവതരിപ്പിക്കുന്നു. നൂറ്റാുകളായി ആ തേടൽ തുടരുന്നു. ഭഗവദ്പാദത്തിൽ ലയിയ്ക്കുംവരേയ്ക്കും അത് തുടർന്നു കൊയേിരി ക്കും. ഒരു വൃന്ദാവനരംഗത്തിൽ

> ''ഈ രാധയുള്ളിൽ പ്രതിഷ്ഠിതമാകയാൽ
> തീരാത്ത തേടലാകുന്നു ജന്മം''

എന്നിങ്ങനെ തുറന്നു പറയാൻ കവയിത്രിയ്ക്കു കഴിയുന്നു. പലതരത്തിലുള്ള പ ഠനങ്ങൾക്ക് വിധേയമായിട്ടു് ഈ കവിത. ഏതു തരത്തിൽ വ്യാഖ്യാനിക്കുമ്പോഴും മേൽപറഞ്ഞ രുവരി തന്നെയാണതിന്റെ അധിഷ്ഠാനം. ഏതു കവിതയിലും രാധ കേവലാത്മാവിന്റെ പ്രതീകമാണ്. അവൾ തേടുന്ന കൃഷ്ണൻ പൂർണ്ണതയുടേ യും.

കൃഷ്ണനായി വേഷം കെട്ടിയ ഒരു ദിവസത്തിന്റെ ഓർമ്മ മറവി യിൽനിന്നും ഉയർന്നുവരുമ്പോൾ നാം കാണുന്നത് ഭാരതീയ ചേതനയ്ക്ക് ഒരി യ്ക്കലും മറക്കാനാവാത്ത ദിവ്യകൈശോര രൂപത്തെയാണ്. മാനവ ചേതന എന്നെന്നും തേടിക്കൊിരിക്കുന്ന ആ പീലിത്തുമ്പിനെ എങ്ങിനെയാണ് മറക്കാനാ വുക?

''ഒരു വൃന്ദാവനരംഗ''ത്തിലെന്നപോലെ ''മറ്റൊരു രാധിക'' യിലും ആശയ തലം വളരെ സ്പഷ്ടമാണ്. കുടത്തിൽ നിറയ്ക്കുന്ന ജലം മൺകുടിൽ, ചിലങ്ക, വള എന്നിങ്ങനെ ഭൗതിക ജീവിതത്തിന്റെ സൂചനകൾ വേത്രയു് ഈ കവിതയിലും.

> ''എന്റെ നിറയ്ക്കാനോർമ്മ വരാഞ്ഞൊരു
> മൺകുടമൊഴുകിപ്പോവതു നോക്കി''

എന്ന വരികളിൽ ഈ കവിതയുടെ സംഗ്രഹമു്. നിറയാത്ത കുടം അപൂർണ്ണമായ കേവലാത്മാവിനെയും കുടം ഒഴുകിപ്പോകുന്ന അനന്തത, നിത്യവും പൂർണ്ണവു മായ പരമാത്മാവിനേയും പ്രതീകവൽക്കരിക്കുന്നു്. വിണ്ണിൻ നടക്കൽ കൊടി ക്കൂറ പാറിക്കുന്ന അപാരമായ പ്രപഞ്ചത്തിന്റെ ദൃശ്യം ഒരു മാത്ര ഗോചരമാവുന്നു. ''അഹോ ഭാഗ്യമീ ദർശനം'' എന്നു സ്വയം വാഴ്ത്തുമ്പോഴും മനസ്സു പറയുന്നു. ഈ ദർശനം അപൂർണ്ണമാണ്.

''വിളിക്കുമ്പോഴൊക്കെ
പ്പലേ മട്ടിലെത്തി
ത്തുണയ്ക്കുന്ന തൃക്കൈ''കളാണ് പൂർണ്ണമായത്.
''ക്ലമങ്ങൾ, മഹാദുഃഖഭാരം
കുടഞ്ഞിട്ടുകൊൾകാക്കഴൽ
പ്പാടിൽ വാടിക്കഴിഞ്ഞോരു
പൂക്കൾക്കു തുല്യം, മറുത്തില്ല മാർഗ്ഗം''

എന്നു തിരിച്ചറിയുമ്പോഴേ അന്വേഷണം പൂർണ്ണമാവുന്നുള്ളൂ. ''നീയേ തുണയിനി'' യെന്നു വിളിച്ച് കരഞ്ഞർച്ചിക്കുമ്പോൾ ഓടിയെത്തിത്തുണയ്ക്കുന്ന പൂർണ്ണനായ പരമാത്മാവിനു മുന്നിലല്ലാതെ മറ്റെവിടെയാണ് അപൂർണ്ണനായ ജീവാത്മാവ് തന്റെ മഹാദുഃഖഭാരം സമർപ്പിക്കുക. ''മുറിഞ്ഞ നെഞ്ഞാൽ മുളംചില്ല'' പോലും പാടിയലയുന്നു.

കണ്ണനെത്തേടി എന്ന പേരുതന്നെ ഒരു തേടലിനെക്കുറിച്ചോർമ്മിപ്പിക്കുന്നു. പൂർണ്ണതാസങ്കല്പമായ കൃഷ്ണൻ എവിടെയും പൂർണ്ണമായും പ്രത്യക്ഷനാവുന്നില്ല. ഇലച്ചാർത്തുകൾക്കിടയിലൊരു പൊന്നൊളിയായും ഓടക്കുഴൽനാദമായും ചുറ്റിലും ആ സാന്നിദ്ധ്യമു്.

''കണ്ണാ മാമകചിത്തത്തിൽ ചുടു
കണ്ണീർ മിന്നി നിറഞ്ഞല്ലോ
വന്നാലും നീയിപ്പാത്രം പാഴ്
മണ്ണിലെറിഞ്ഞു തകർത്തോളൂ''

എന്നിങ്ങനെ കൃഷ്ണനു മുന്നിൽ സമ്പൂർണ്ണസമർപ്പണം നടത്തുന്ന ഗോപികയ്ക്കു പോലും കിനാവിൽ മാത്രമാണ് ദർശനം നല്കിയത്. ഗോപിക ജീവാത്മാവിന്റേയും അവൾ തേടിയലയുന്ന കൃഷ്ണൻ പരമാത്മാവിന്റെയും ചിത്രമാവുന്നു.

ഉച്ചവെയിലിൽ പൊരിയുമ്പോൾ നെറ്റിയിൽ വീഴുന്ന മഴത്തുള്ളി മേഘവർണ്ണന്റെ കരുണാകടാക്ഷമാണ്. ജലം കൊു പോകുന്ന കറുമ്പിപ്പെണ്ണ് ജീവാത്മാവും അവൾ തേടുന്ന ഓടക്കുഴൽനാദം പരമാത്മാവുമാണ്.

''എവിടെ നീ'', ''ഇനിയെന്തിനെപ്പറ്റിപ്പാടുവാൻ'', ''കണ്ണന്റെ അമ്മ'' എന്നീ കവിതകളിലും ഈ തേടൽ പ്രകടമാവുന്നു. ''എവിടെ നീ'' എന്ന കവിത പേരു പോലെത്തന്നെ എവിടെയാണു കണ്ണനെന്ന ചോദ്യം ബാക്കിയാക്കുന്നു. വർത്തമാനകാലത്തിന്റെ ഇരുട്ടിൽ മുള്ളിൽ തടഞ്ഞുനടക്കുന്ന രാധ ജീവാത്മാവിന്റേയും

കാർവർണ്ണൻ പൂർണ്ണതയുടേയും സൂചകങ്ങളാണ്. ''ഇനിയെന്തിനെപ്പറ്റിപ്പാടുവാൻ'' എന്നു ചോദിച്ച് വിശ്വഗായകനെ മണിഗോപുരത്തിൽ കാത്തുനിൽക്കുന്നവന് ഒരേ യൊരാഗ്രഹമേയുള്ളൂ.

''തരൂ, നിൻ മഹാഗാനമേറ്റേറ്റു പാടാനാവും
കരൾ നിൻ പ്രപഞ്ചത്തെപ്പുണരാൻ നീളും കരം
മതിയിത്രയും വീും പാടുവാൻ''.

പ്രപഞ്ചത്തെപുണരാൻ ആവതില്ലാത്ത കൈകളും മഹാഗാനമേറ്റുപാടാൻ കഴിയാത്ത കരളുമുള്ള, ഒറ്റത്തന്തി വീണയേന്തിയ ഗായകൻ കേവല മനുഷ്യനെ സൂചിപ്പിക്കുന്നു.

''. . . കുഞ്ഞിക്കിളിതന്നിളം ചുിൽ
മോഹനരാഗം നിറച്ചും പുഴകളെ
മഴയെക്കാറ്റെത്തീയെപ്പാടുവാൻ പഠിപ്പിച്ചും
അലമാലതൻ വാദ്യവൃന്ദങ്ങൾ മുഴക്കിയും
ഒരു ശൈലിയിലൊരേ രാഗത്തിൽ നാനാഭാവ
വിവിധ രാഗങ്ങളെയിണക്കിത്താലോലിച്ചും''
കേളിയിൽ മഹാവേണുരന്ധ്രങ്ങൾ തോറും ദിവ്യ
പേലവാംഗുലികൾ തൻ സംഗീതമുണർത്തിയും''

മരുവുന്ന മഹാഗായകൻ പ്രപഞ്ചനാടകസൂത്രധാരനല്ലാതെ മറ്റൊന്നുമല്ല.

'കണ്ണന്റെ അമ്മ' യിൽ അമ്മ പുത്രഭാവത്തിൽ ഈശ്വരസാക്ഷാത്കാരം തേടുന്നു. ജീവാത്മാ-പരമാത്മാബന്ധത്തെ സൂചിപ്പിക്കുന്ന ഒട്ടേറെ ബിംബങ്ങൾ ഈ കവിതയിൽ കത്തെിയിട്ടു്. അമ്മ അപൂർണ്ണതയുടേയും കുഞ്ഞ് പൂർണ്ണതയു ടേയും പ്രതീകമാണ്. ഈ മൂന്നു കവിതകളുടേയും അന്തർധാര ഒന്നുതന്നെ- പ ൂർണതാത്വര. തുടർന്നുവരുന്ന ''എന്റെ മനസ്സിന്റെ പൊന്നമ്പലത്തിലും'', ''വൃന്ദാവന ത്തിൽ'', ''ഉണ്ണി പിറന്നൂ'', ''തിളച്ച പാലല്ലോ കുടത്തിൽ'', ''തിരി തിരി തിരി'', ''വഴി യമ്പലത്തിലെ പാട്ട്'' എന്നീ കവിതകളിലും ഇതേ ആശയം അവതരിപ്പിക്കുന്നു. പ ൂർണതാത്വരയോടെ മനുഷ്യാത്മാവ് അലയുന്നു. രാധയായ്, മീരയായ്, യശോദയാ യ്, ദേവദാസിയായ്, പിടയുന്ന മനുഷ്യനായി, അപമാനിക്കപ്പെട്ട സ്ത്രീത്വമായി പര മാത്മാവിനെ തേടിക്കൊയേിരിക്കുന്നു. അതിന്റെ രൂപം വിശ്വഗായകന്റേതാവാം, മഞ്ഞപ്പട്ടുടുത്ത് പീലി ചൂടിയതാവാം, ശ്യാമനവനീതമാവാം, ചേലക്കള്ളന്റേതാവാം, കോവിലിലെ ശിലാബിംബത്തിന്റേതാവാം, ഗിരിധാരിയുടേതാവാം- ഏതായാലും അതിന്റെ സത്ത ഒന്നു തന്നെ, പൂർണ്ണത.

## 5.7. കൃഷ്ണകവിതകളിലെ ഗീതഗോവിന്ദ സ്വാധീനം

(മ) മധുരഭക്തിസ്വീകാരം

(യ) കൃഷ്ണരൂപവും മറ്റു ചില ഘടകങ്ങളും.

എ.ഡി. പന്ത്രാം ശതകത്തിൽ ജയദേവകവി രചിച്ച ഗീതഗോവിന്ദം, ഭാരതീയ പ്രാദേശിക സംസ്കൃതികളിലെല്ലാം സ്വാധീനം ചെലുത്തി.[26] പ്രകൃതിയും പരമാത്മാവും തമ്മിലുള്ള ബന്ധം എന്നും മനുഷ്യാവബോധത്തിന് ഒരു പ്രഹേളികയാണ്. ഇഴ ചേർന്നിരിക്കുന്ന വ്യഷ്ടിസമഷ്ടി ഭാവങ്ങളെ ഉൾക്കൊള്ളുന്ന പ്രേമവും ഭക്തിയുമാണ് ഇതിന്റെ അടിസ്ഥാന പ്രമേയം. രാധാകൃഷ്ണന്മാരുടെ ഉൽക്കട പ്രേമത്തെ എല്ലാ ആനന്ദത്തോടും വേദനകളോടും വൈകാരിക തീവ്രതയോടും കൂടി നാടകീയമായി അവതരിപ്പിക്കുന്ന കാവ്യമാണിത്. പ്രേമം, ഭക്തി, സംഗീതം സൗന്ദര്യം തുടങ്ങി മനുഷ്യൻ ഉൽകൃഷ്ടമായി കരുതുന്ന മൂല്യങ്ങളുടെയെല്ലാം സമഗ്രദർശനം ഗീതഗോവിന്ദത്തിലു്. ഭാരതത്തിലെ പതിനെട്ടോളം ഭാഷകളിൽ ഈ കൃതി സംഗീതമായി പ്രചരിക്കുന്നു് എന്നതുതന്നെ ഇതിന്റെ ഖ്യാതിയ്ക്ക് തെളിവാണ്.

26 അച്യുതനുണ്ണി ചാത്തനാത്ത്, അവതാരിക, പ്രേമവും ഭക്തിയും.

## (മ) മധുരഭക്തിസ്വീകാരം

രാധാകൃഷ്ണപ്രണയകഥ പലതരത്തിലും അസാധാരണത്വം ഉൾക്കൊള്ളുന്നു. ഏഴാം നൂറ്റാിൽ രചിക്കപ്പെട്ട ഹാലന്റെ ''സത്തസായി'', വാക്പതിയുടെ ''ഗൗഡവഹം'', ഭട്ടനാരായണന്റെ ''വേണിസംഹാരം'', ആനന്ദവർദ്ധനന്റെ ''ധ്വന്യാലോകം'', ''ലോചനം'', എ.ഡി. തൊള്ളായിരത്തി അൻപത്തൊമ്പതിലെ യശസ്തിലകന്റെ ''ചമ്പൂകാവ്യം'', ഭോജരാജന്റെ സരസ്വതീകണ്ഠാഭരണം, ക്ഷേമേന്ദ്രന്റെ ദശാവതാര ചരിത്രം, വിദ്യാകരന്റെ സുഭാഷിത രത്നകോശം, ബിൽഹണന്റെ വിക്രമാംഗദേവചരിതം, ശ്രീഹർഷന്റെ നൈഷധീയചരിതം, ഗോവർദ്ധനന്റെ ആര്യശബ്ദഗതി എന്നിവകളിലെല്ലാം രാധാകൃഷ്ണന്മാരുടെ പ്രണയകഥയെപ്പറ്റി പരാമർശമുന്നെ് ഗുരു നിത്യചൈതന്യയതി അഭിപ്രായപ്പെടുന്നു''.[27]

പതിയെ പരിപൂർണ്ണമായി സ്നേഹിക്കുന്ന സീത, സാവിത്രി, അഹല്യ തുടങ്ങിയ ഭാരതീയസതീരത്നമാതൃകകൾക്ക് ഒരപവാദമാണ് രാധ. അവൾ കൃഷ്ണന്റെ ഭാര്യയല്ല. കൃഷ്ണനെക്കാൾ മുതിർന്ന യുവതിയായിരുന്നു. ഇവിടെ രാധാകൃഷ്ണന്മാരുടെ പ്രതീകകല്പന പ്രസക്തമാവുന്നു. അചിന്ത്യനും അവ്യയനുമായ ഈശ്വരനാണ് കൃഷ്ണൻ.

ഗീതഗോവിന്ദത്തിൽ കൃഷ്ണനോളം പ്രാധാന്യം രാധയ്ക്കുമു്. സ്വന്തം വ്യക്തിത്വം നിലനിർത്തുന്നതിൽ അവൾ കാർക്കശ്യം പുലർത്തുന്നു. രാധ വെറുമൊരു പാൽക്കാരിയല്ല മറിച്ച് സ്വന്തം വ്യക്തിത്വത്തിലും ശക്തിയിലും സൗന്ദര്യത്തിലും വിശ്വസിക്കുന്ന, അഭിമാനം കൊള്ളുന്ന ശക്തിസ്വരൂപിണിയാണ്. രാധാകൃഷ്ണപ്രണയത്തിലെ ഈ തുല്യതാസങ്കല്പം സുഗതകുമാരിയെ ആകർഷിച്ചിട്ടു്. കൃഷ്ണകവിതകളിലെ ചില കവിതകൾക്കും രാധയെവിടെ? എന്ന ഖണ്ഡകാവ്യത്തിനും ഗീതഗോവിന്ദത്തിലെ ചില കല്പനകളുടെ സ്വാധീനമു്. അവതരണഘട്ടത്തിലെ

''യദിഹരിസ്മരണേ സരസംമനോ
യദിവിലാസ കലാസു കുതൂഹലം
മധുരകോമള കാന്തപദാവലീം
ശൃണുതദാ ജയദേവ സരസ്വതീം''[28]

എന്ന പദ്യത്തിലൂടെ ഭക്തിയും പ്രേമവും ഒരു നാണയത്തിന്റെ ഇരുവശങ്ങൾ പോലെ അഭേദ്യമാണെന്ന് കവി പ്രസ്താവിക്കുന്നു. ഭക്തിയെ വൈകാരികമായ

---

27 പ്രേമവും ഭക്തിയും, പു.69.

28 ഗീതഗോവിന്ദം (കൊടുങ്ങല്ലൂർ ദേവി ബുക്സ്റ്റാൾ) പുറം. 3.

ഒരു ആനന്ദശാസ്ത്രമായിക്കരുതുന്ന ഗീതഗോവിന്ദത്തിലെ ദർശനത്തിന് ഒരു സാർവ്വലൗകികമാനമു്. പ്രാപഞ്ചിക വ്യാപാരങ്ങളാൽ ബദ്ധമായ ജീവാത്മാവിന്റെ പരമപ്രേമദാഹമാണ് രാധയുടെ അദമ്യമായ കൃഷ്ണരതി. മധുരഭക്തിയുടെ ഈ തലം തന്നെയാണ് സുഗതകുമാരിയും സ്വീകരിക്കുന്നത്.

## (യ) കൃഷ്ണരൂപവും മറ്റു ചില ഘടകങ്ങളും

കൃഷ്ണരൂപം അതിന്റെ തികഞ്ഞ മനോഹാരിതയോടെ ഭാഗവതത്തിൽ അവതരിപ്പിക്കുന്നു്. എന്നാൽ ലീലാലോലനായ കൃഷ്ണന്റെ സൗന്ദര്യത്തെ പഞ്ചേന്ദ്രിയ ഗോചരമായ രീതിയിൽ സ്പഷ്ടമായി ആവിഷ്കരിക്കാൻ ജയദേവകവിക്കു കഴിയുന്നു. ''രാധയെവിടെ'' എന്ന കവിതയിൽ സുഗതകുമാരി അവതരിപ്പിക്കുന്ന രാധാരമണനായ കൃഷ്ണന് ഈ ഛായ കത്തൊൻ കഴിയും. ''കൃഷ്ണകവിത''കളിലും ''രാധയെവിടെ''യിലും വള്ളിക്കുടിലുകളുടെ വർണ്ണനകളു്. ഗീതഗോവിന്ദത്തിലെ വന്ദനശ്ലോകത്തിൽത്തന്നെ രാധാമാധവന്മാരുടെ കേളീനിലയമായ നികുഞ്ജം കടന്നുവരുന്നു.

> ''പ്രത്യദ്ധ കുഞ്ജദ്രുമം, രാധാമാധവയോർ ജയതി
> യമുനാകൂലേ രഹ:''

കൃഷ്ണാ നീയെന്നെയറിയില്ല എന്ന കവിതയിൽ

> ''നീ നീലചന്ദ്രനായ്
> നടുവിൽ നിൽക്കെച്ചുറ്റു
> മാലോലമാലോലമിളകി
> ആടിയുലയും ഗോപ-
> സുന്ദരികൾ തൻലാസ്യ
> മോടികളുലാവിയൊഴുകുമ്പോൾ''

എന്ന വരികൾക്ക് ഏതാണ് സമാനമായ രംഗമാണ് ഗീതഗോവിന്ദത്തിലെ

> ''ലളിതലവംഗലതാപരിശീലന കോമള മലയസമീരേ
> മധുകരനികര കരംബിത കോകില കൂജിത കുഞ്ജകുടീരേ
> വിഹരതി ഹരിരിവ സരസവസന്തേ നൃത്യതി-
> യുവതി ജനേന സമം സഖി! വിരഹിജനസ്യ ദുരന്തേ''

എന്ന ഭാഗം. ഇതിലെ, വിരഹികളുടെ മനസ്സിലേക്ക് ആഴ്ന്നിറങ്ങുന്ന കോകില കൂജിതം 'രാധയെവിടെ'യിലും നമുക്ക് കേൾക്കാം.

''പതിവുള്ളൊരാനന്ദസങ്കേതം; ഏകാന്ത
പഥികനാം രാക്കുയിലൊന്നുമാത്രം
ഇടവിട്ടിടവിട്ടു കേണിരുന്നു മറു–
പടിയൊന്നു കേൾക്കാതെയേറെ നേരം''

എന്നിങ്ങനെ കൃഷ്ണനെ കാത്ത് ഏകാന്ത നികുഞ്ജത്തിലിരിക്കുന്ന രാധയെക്കുറിച്ച് വർണ്ണിക്കുന്നിടത്തും കവയിത്രി എഴുതുന്നു. മേൽപ്പറഞ്ഞ പദ്യത്തോടും

''ക്രീഡൽ കോകിലകാകളികളരവൈ–
രുൽഗീർണ്ണകർണ്ണാജ്വരാ''

എന്ന ഭാഗത്തോടും രാധയെവിടെയിലെ വരികൾക്ക് സാദൃശ്യമു്.

ഉപേക്ഷിച്ചുപോയ കണ്ണനെ ഒരു നിമിഷത്തേക്കുപോലും മറക്കാൻ രാധയ്ക്കു കഴിയുന്നില്ല. കണ്ണൻ പോയശേഷം വർത്തമാനകാലത്തല്ല പൂർവ്വകാലത്താണ് രാധ ജീവിക്കുന്നത്. കഴിഞ്ഞുപോയതെല്ലാം ഒരു ചിത്രത്തിലെന്നോണം അവളുടെ മുൻപിലെത്തുന്നു. അത്യന്തം മധുരമായ പൂർവ്വരാഗത്തിന്റെ സ്മരണം അവളെ വിവശയാക്കുന്നു. ''രാധയെവിടെ'' എന്ന കാവ്യത്തിൽ ര്, മൂന്ന്, നാല് എന്നീ അദ്ധ്യായങ്ങൾ ഈ ആശയമാണ് വർണ്ണിക്കുന്നത്. ഇതേ ആശയം തന്നെയാണ്.

''സഞ്ചരദധരസുധാമധുരദ്ധ്വനി മുഖരിത മോഹനവംശം
വലിതദൃഗഞ്ചല ചഞ്ചല മൗലികപോലവിലോല വതംസം
രാസേ ഹരിമിഹ വിഹിതവിലാസം
സ്മരതി മനോ മമ കൃതപരിഹാസം''

എന്ന വരികളിലുള്ളത്.

രാധ മറഞ്ഞിരിക്കുമ്പോഴും കൃഷ്ണനെ ശ്രദ്ധിക്കുന്നു്. തനിക്ക് കൃഷ്ണൻ അഭിഗമ്യനല്ലാതിരിക്കുമ്പോഴും അവന്റെ ഒരു ചേഷ്ടയെപ്പോലും തന്നിൽനിന്നു മറക്കാൻ രാധയ്ക്കാവുന്നില്ല. മറ്റു ഗോപസ്ത്രീകളോടൊത്തു വിലസുന്ന കൃഷ്ണനെക്കാണുമ്പോൾ താദാത്മ്യത്തിലൂടെ ആ ചിത്രത്തിൽ തന്നെ പൂർണ്ണമായി നിവേശിപ്പിക്കാൻ രാധയ്ക്ക് കഴിയുന്നു്.

''വിപുലപുളകഭുജപല്ലവ വലയിത വല്ലവയുവതി സഹസ്രം
കരചരണോരസി മണിഗണഭൂഷണ കിരണവിഭിന്നതമിസ്രം''

എന്നിങ്ങനെ ജയദേവകവി പറയുന്ന വാക്കുകളുടെ സ്വാധീനം ''കൃഷ്ണാ നീയെ ന്നെയറിയില്ല'' എന്ന കവിതയിൽ കാണാം.

അതേ കവിതയിൽത്തന്നെ വാതിലടച്ചു തഴുതിട്ടിരിക്കുന്ന ഗോപികയിലൂടെ കൃഷ്ണനുചുറ്റും കാമപാരവശ്യത്തോടെ നൃത്തം ചെയ്യുന്ന ഗോപികമാരെ കാണിച്ചുതരുന്നു്.

''സാകൂതസ്മിതമാകുലാകുലഗള–
ദ്ധമ്മില്ലമുല്ലാസിത–
ഭ്രൂവല്ലീകമളീക ദർശിതഭുജാ
മൂലാർദ്ധ പൃഷ്ഠസ്തനം
ഗോപീനാം നിഭൃതം നിരീക്ഷ്യഗമിതാ
കാംക്ഷശ്ചിരം ചിന്തയ–
ന്നന്തർ മ്മുഗ്ദ്ധ മനോഹരോഹരതുവ:
ക്ലേശം നവ കേശവ''

എന്ന വരികളിലൂടെ ജയദേവകവിയും ഗോപികമാരുടെ സ്വയം മറന്ന നൃത്തം കാട്ടിത്തരുന്നു. തന്റെ അസാന്നിദ്ധ്യം കൊ് കൃഷ്ണന്റെ മനസ്സിൽ തന്റെ സാന്നിദ്ധ്യം ഉറപ്പാക്കുന്ന ഗോപികയുടെ മുന്നിൽ കൃഷ്ണന്റെ രഥം ഒരു മാത്ര നിർത്തുന്നു. കണ്ണീർ നിറഞ്ഞ മിഴികൾ അവളുടെ നേർക്ക് ചായുന്നു.

''കംസാരിരപി സംസാര വാസനാ ബദ്ധശൃംഖലാം
രാധാമാധായ ഹൃദയേ തത്യാജ വ്രജസുന്ദരീ!''

എന്ന വരികളിൽ മേൽപ്പറഞ്ഞ ആശയം നിഴലിക്കുന്നു്.

''നിപുണയാം തോഴിവ–
ന്നെൻ പ്രേമദുഃഖങ്ങ–
ളിവിടൊത്തോടോതിയിട്ടില്ല'' (കൃഷ്ണ നീയെന്നയറിയില്ല)

എന്ന വരികളിലും

''എന്തിനെന്നോരാതെ നിന്നു പോകെ, മിഴി–
ത്തുമ്പിനാൻ കാട്ടിത്തരുന്നു തോഴി'' (രാധയെവിടെ)

എന്ന വരികളിലും പ്രത്യക്ഷപ്പെടുന്ന തോഴി ഗീതഗോവിന്ദത്തിലെ രാധയുടെ സഖി തന്നെയാണ്.

ഗീതഗോവിന്ദം നാലാം അദ്ധ്യായത്തിന്റെ അവസാനഭാഗത്ത് രാധ മരണമടുത്തവളെപ്പോലെ ഹരിനാമം ജപിക്കുന്നു.

''ഹരിരിതി ഹരിരിതി ജപതി സകാമം
വിരഹവിഹിത മരണേവ നികാമം''

ഇപ്രകാരം ഉന്മാദിനിയായി ഹരിഹരി ജപിക്കുന്ന രാധ 'രാധയെവിടെയിലും' പ്രത്യക്ഷപ്പെടുന്നു്.

ഹരി ഹരിയെന്നു ജപിച്ചിരുന്നു നീറു–
മിരുകണ്ണുനീർച്ചാലൊലിച്ചിരുന്നു

രാധയെവിടെ മൂന്നാം ഖണ്ഡത്തിൽ രാധ രാസകേളീവനത്തിലെ പൂർവ്വവൃത്താന്തങ്ങൾ ഓർക്കുന്നു. ഇവിടെ എന്നും ചൈത്രം പൂവിടർത്തും, നിലാവ് തെളിഞ്ഞുനിൽക്കും. ഇവിടെ കണ്ണനും ഗോപികമാരും രാസനൃത്തങ്ങളാടിയിരുന്നു. എന്നാൽ ഇവിടമിന്ന് ശൂന്യമാണ്. ചൈത്രം വിളങ്ങിനിന്നാലും കണ്ണൻ ഇവിടെയിനി വരില്ല.

''എന്തിനെക്കാത്തു നീ നിൽക്കുന്നു പാവമാം
തിങ്കളേ നിന്റെ വിളക്കുയർത്തി''

എന്ന് സുഗതകുമാരിയുടെ രാധ പറയുമ്പോൾ അതേ ആശയം ജയദേവകവിയുടെ രാധ ഇങ്ങനെ പറയുന്നു.

''പ്രസരതി ശശധരബിംബേ
വിഹിതവിളംബേ ചമാധവേ വിധുരാ
വിരചിത വിവിധ വിലാപം
സാ പരിതാപം ചകാരോച്ചൈ:''

തന്റെ നാഥൻ തന്നെ മനസ്സിന്റെ ഔന്നത്യത്തിൽ പ്രതിഷ്ഠിച്ച് തന്നെ പൂജിക്കുന്നത് ഒരു കാമുകി സ്വപ്നം കാണുന്നു. രാധയ്ക്ക് ഇത് സ്വപ്നത്തിലല്ലാതെ ജാഗ്രത്തിൽത്തന്നെ അനുഭവിയ്ക്കാനുള്ള ഭാഗ്യം ലഭിച്ചു. ജയദേവകവി ഇങ്ങനെ പറയുന്നു.

''ചരണകിസലയേ കമലാനിലയേ നഖമണിഗണപൂജിതേ
ബഹിരപവരണം യാവകഭരണം ജനയതി ഹൃദിയോജിതേ''

ഉത്കൃഷ്ട പ്രേമത്തിന്റെ മഹത്ത്വപൂർണിമയിൽ തന്റെ പ്രിയയുടെ പാദപൂജചെയ്യുന്ന പരമാത്മാവിന്റെ ഈ ചിത്രം സുഗതകുമാരി ഒന്നിലധികം കവിതയിൽ ഉപയോഗിക്കുന്നു.

''ഇവിടെവെച്ചല്ലോ വിറയ്ക്കുമെൻ പാദത്തി–
ലവിടുന്നു മൈലാഞ്ചി ചേർത്തൊരുക്കി''

രാധയെവിടെ– മൂന്നാം ഖണ്ഡം

''കാടാണു കാട്ടിൽ കടമ്പിന്റെ കൊമ്പത്തു
കാൽത്തൂക്കിയിട്ടിരിപ്പാണു രാധ
താഴെപ്പടിഞ്ഞിരുന്നേകാഗ്രമായതിൽ
കോലരക്കിൻ ചാറുചേർപ്പുകണ്ണൻ
ചാരിയിരിക്കുമാ രാധതൻ താമര–
ത്താരൊത്ത പാദം കരത്തിലേന്തി–
ഉജ്ജ്വലിക്കുന്ന ചുവപ്പുവർണം കൊു
ചിത്രം വരക്കുകയാണു കണ്ണൻ''

(ഒരു വൃന്ദാവനരംഗം)

''എന്റെ കാൽ രും പിടിച്ചു മടിയിൽവെ–
ച്ചൻപാർന്നു വെള്ളിക്കൊലുസു ചാർത്തി
കൊഞ്ചിക്കിലൂക്കിക്കിലുക്കി നോക്കിക്കൊു
പുഞ്ചിരിക്കൊു തലോടീടുമ്പോൾ''

(രാധയെവിടെ– നാലാം ഖണ്ഡം)

ഏഴാം സർഗ്ഗത്തിന്റെ അവസാനത്തിൽ സർഗാന്തമംഗളമായി ജയദേവൻ പറയുന്നു ''വെളുപ്പാൻ കാലത്ത് ശ്രീകൃഷ്ണനെ നീലപ്പട്ടുകൊു മുഖം മൂടിയും രാധ മഞ്ഞപ്പട്ടുകൊ് മാറുമറച്ചും കിട്ട് സഖിമാർ സ്വൈരമായി ചിരിക്കുമ്പോൾ കൃഷ്ണൻ ലജ്ജയാലിളകുന്ന കടക്കണ്ണ് രാധയുടെ മുഖത്തിങ്കലർപ്പിക്കുന്നു. എന്നിട്ട് ഗൂഢമായി നിന്ന് പുഞ്ചിരിതൂകുന്ന നന്ദനന്ദനായ ശ്രീകൃഷ്ണൻ ലോകത്തിനാനന്ദം നൽകട്ടെ.''

''പ്രാതർന്നീല നിചോളമാനനമുര–
സ്സംവീത പീതാംബരം
ഗോവിന്ദം ദധതം വിലോക്യ ഹസതി
സ്വൈരം സഖീമണ്ഡലേ
വ്രീളാ ചഞ്ചല മഞ്ചലം നയനയോ
രാധായ രാധാനനേ
ദുരം സ്മേരമുഖോ യമസ്തു ജഗദാ–

നന്ദായ നന്ദാത്മജാഃ''

''രാധയെവിടെ''യിലെ

''പുലരിയിൽ നാണം തുടുപ്പിച്ച പൊന്മുഖം
ഒരു പൂങ്കുല പോൽ കുനിച്ചൊതുങ്ങി,
...................................................
..................................................
എന്തിനെന്നോരാതെ നിന്നുപോകെ, മിഴി
ത്തുമ്പിനാൽ കാട്ടിത്തരുന്നു തോഴി
എത്താതെ ചുറ്റിയുടുത്തിരിപ്പൂ മഞ്ഞ-
പ്പട്ടാട രാധ അറിഞ്ഞിടാതെ
നീലിച്ച ചേലയുടുത്തിന്നു പോയിപോൽ
കാലിമേയ്ച്ചീടുവാൻ കൊൽ വർണ്ണൻ''

എന്ന വരികൾക്ക് പ്രചോദനമായത് ഗീതഗോവിന്ദത്തിലെ മേൽക്കാണിച്ച ശ്ലോകമാണെന്ന് നിസ്സംശയം പറയാം. ഇതുപോലെ ഗീതഗോവിന്ദത്തിന്റെ പൂർണ്ണസ്വാധീനമുള്ള മറ്റൊരു രംഗമാണ് മൂന്നാം ഖണ്ഡത്തിലെ ''ഇവിടെയാണല്ലോ പിണങ്ങിയിരുന്നു ഞാൻ'' എന്നു തുടങ്ങി ''വിരിമാറിൽ വനമാലയായൊതുങ്ങി'' എന്നുവരെയുള്ള രംഗം സാദൃശ്യമുള്ള വരികൾ ചുവടെ ചേർക്കുന്നു.

''ഫലമില്ല വന്നെന്റെ മുന്നിൽ നോക്കിക്കൊ
പ്രിയനൊന്നു പുഞ്ചിരിക്കൊ നേരം
പോക പോകെൻ മുന്നിൽ നിൽക്കേ മാധവ
പോകപോകെന്നു ഞാൻ കോപമാർന്നു''

''അഥകഥമപി യാമിനീം വിനീയ
സ്മരശരജർജ്ജരിതാപി സാപ്രഭാതേ
അനുനയവചനം വദന്തമഗ്രേ
പ്രണതമപി പ്രിയമാഹ സാഭ്യസൂയം''

''അന്യതൻ കുങ്കുമം പറ്റിയ മാറുമായ്
എന്മുന്നിലെത്തുവാനെന്തുധൈര്യം
ദേഹമിന്നോളം അഭേദമെന്നെണ്ണിനേൻ
വേദനയല്ലിതു ലജ്ജമാത്രം''

''ദശനപദം ഭവദധരഗതം മമ ജനയതി ചേതസി ഖേദം

കഥയതി കഥമധുനാപി മയാ സഹ തവ വപുരേതദഭേദം''

''ഏതുകമനി നിൻ കാമിനി വേ നിൻ
ചാതുര്യം എന്നെത്തൊടേ മേലിൽ
രാവിലുറങ്ങാതെ കണ്ണുചാമ്പി, ക്ഷീണ
ഭാവനായ് കള്ളച്ചിരിയുമായി!
പോകപോകെൻ മുന്നിൽ നിൽക്കേ കേശവ
പോക നിൻ കൈതവം കേൾക്ക വേ''

''രജനിജനിതഗുരു ജാഗരരാഗകഷായിതമലസനിമേഷം
വഹസി നയനമനുരാഗമിവ സ്ഫുടമുദിതരസാഭിനിവേശം
യാഹിമാധവ യാഹികേശവ മാ വദ കൈതവ വാദം
താമനുസര സരസീരുഹലോചന യാ തവ ഹരതി വിഷാദം''

പത്താം സർഗത്തിലെ മൂന്നാം പദത്തിൽ വികാരവിവശനായ കൃഷ്ണൻ രാധയോടു പറയുന്നു.

''ത്വമസി മമഭൂഷണം ത്വമസി മമ ജീവനം
ത്വമസി മമ ഭവജലധിരത്നം

ഭവതു ഭവതീഹ മയി സതതമനുരോധിനീ
തത്ര മമ ഹൃദയമതിയത്നം''

ഈ വാക്കുകൾ 'രാധയെവിടെ' എന്ന കാവ്യത്തിൽ കൃഷ്ണൻ പറയുന്നതിങ്ങനെയാണ്.

''നീയെന്റെ വധുവെന്നു മന്ത്രിച്ചു ചേർത്തണച്ചൂ''
''നമ്മെയകറ്റുവാനില്ലൊന്നു മന്നിലും
വിണ്ണിലും രാധികേ'' എന്നുചൊല്ലി''

സുപ്രീത പീതാംബരമെന്ന അവസാനസർഗത്തിൽ രാധ തന്റെ ഇംഗിതങ്ങൾ കണ്ണനോട് തുറന്നു പറയുന്ന സന്ദർഭത്തിൽ ''നീ വസ്ത്രാഭരണങ്ങളെല്ലാം എന്നെ അണിയിച്ചാലും'' എന്നു പറയുന്നു.

''സരസഘനേ ജഘനേ മമ ശംബരദാരണ വാരണ കന്ദരേ
മണിരശനാവസനാഭരണാനി ശുഭാശയ! വാസയ സുന്ദരേ''

മാറിടത്തിൽ പത്തിക്കീറ്റണിയിക്കാനും കണ്ണിൽ മഷിയെഴുതിക്കാനും കാതിൽ കുണ്ഡലങ്ങളണിയിക്കാനും മുടിയലങ്കരിക്കാനും പൊട്ടുതൊടാനും രാധ അഭ്യർത്ഥിക്കുന്നു. ഈ സന്ദർഭം കാര്യമായ ഏറ്റക്കുറച്ചിലുകളൊന്നുമില്ലാതെ സുഗതകുമാരിയും എടുത്തുപയോഗിക്കുന്നു്.

''ഇവിടെവെച്ചല്ലോ ചുടുന്നൊരെൻ മാറിലായ്
അവിടുന്നു ചന്ദനച്ചാറു പൂശി
അവിടെനിൽക്കുന്നതാ നീലക്കുറിഞ്ഞിയാ
ച്ചെറുപൂക്കൾ നാലഞ്ചിറുത്തൊരുക്കി
നീലിച്ച പൂങ്കമ്മലണിയിച്ചു, താമര
നൂലിലീപ്പൂക്കൾ പൂത്താലിയാക്കി''
(മൂന്നാം ഖണ്ഡം)

''എന്നെയൊരുക്കുകെന്നോതിയിരുന്നു ഞാൻ
നന്നെ മിനുത്ത ശിലാതലത്തിൽ
കണ്ണനറിയാത്തതൊന്നുമില്ലെന്നുടെ
കണ്ണെഴുതിച്ചൂ കുറിവരച്ചൂ
വൃത്തമൊക്കില്ല നീ തൊട്ടിട്ടുമ്പോഴെന്നു
പൊട്ടുകുത്തുമ്പോൾ പരിഹസിച്ചൂ.
ചന്തം തികഞ്ഞെന്നു ചൊല്ലി വിചിത്രമാ–

യെൻ കൂന്തൽ പിന്നിയലങ്കരിച്ചു
ഏറെക്കുസൃതി വിരലിനാൽ, ചൂളുമെൻ
മാറത്തു പത്തിക്കീറ്റൊന്നു ചേർത്തു''.

ഗീതഗോവിന്ദത്തിൽ, രാധ അപേക്ഷിച്ചതുപോലെയെല്ലാം കൃഷ്ണൻ ചെയ്തു. അവളെ പ്രീതയാക്കി അതിൽ പീതാംബരനും പ്രീതനായി. അടുത്ത ചില ശ്ലോകങ്ങളിൽ രാധയുടെ പുരാവൃത്തം കഥിച്ച് രാധ ലക്ഷ്മിതന്നെയായിരുന്നു എന്ന് സൂചിപ്പിക്കുന്നു. എന്നാൽ സുഗതകുമാരി ഗീതഗോവിന്ദത്തിലെ കല്പനകൾ പ്രയോഗിക്കുന്നത് തന്റെ കാവ്യസങ്കല്പത്തിനനുയോജ്യമായ പശ്ചാത്തലം സൃഷ്ടിക്കുന്നതിനാണ്. അതിനുശേഷം രാധയെന്ന പുരാണനായികയെ അവർ വർത്തമാനകാലത്തിലേക്കു കൊുവരുന്നു. നിത്യപ്രണയത്തിന്റെ പ്രതീകമായും ''അഹത്തെ ഹോമിക്കുന്ന സ്നേഹത്തിന്റെ ആർദ്രതയും അഹത്തെ ഉയർത്തിപ്പിടിക്കുന്ന അഭിമാനത്തിന്റെ ദീപ്തിയും മേളിക്കുന്ന ഭാരതനാരിയായും''[29] കല്പിച്ച് ജനസാമാന്യത്തിന്റെ അന്തരംഗത്തിലെ പൂജ്യപീഠത്തിൽ ശാശ്വത പ്രതിഷ്ഠ നേടിക്കൊടുത്തിരിക്കുന്നു.

## 5.8. പ്രേമവും ഭക്തിയും

പരമമായ പ്രേമം തന്നെയാണ് ഭക്തി. ''സാ ത്വസ്മിൻ പരമപ്രേമരൂപാ'' എന്ന് നാരദഭക്തിസൂത്രത്തിൽ ഭക്തിയെ നിർവചിച്ചിരിക്കുന്നു. രാധയ്ക്ക് കൃഷ്ണനോടു തോന്നുന്ന പ്രേമം, മീരാബായിയുടെ കൃഷ്ണഭക്തി, മറിയയ്ക്ക് യേശുവിനോടു തോന്നുന്ന ഭാവം എന്നിവയിലെല്ലാം പരസ്പരം തോന്നുന്ന പരമമായ പ്രേമം ഭക്തിയായി ഗണിയ്ക്കാം.

പ്രകൃതിയും പരമാത്മാവും തമ്മിലുള്ള ബന്ധം എന്നും മനുഷ്യാവബോധത്തിന് പ്രഹേളികയായിരുന്നു. അതിനെ വ്യാഖ്യാനിക്കാനുള്ള ശ്രമം വേദകാലം മുതൽക്കു തന്നെ ആരംഭിച്ചിരുന്നു. ഇന്നും അതു തുടരുന്നു. പലരും പല രീതിയിലും വ്യാഖ്യാനിക്കാൻ ശ്രമിച്ചിട്ടുങ്കിലും തൃപ്തികരമായ ഒരു വ്യാഖ്യാനം രൂപപ്പെട്ടില്ല. പ്രപഞ്ചത്തിലെ ഏറ്റവും വലിയ ദ്വന്ദ്വം പ്രകൃതിയും പരമാത്മാവുമാണ്. ഈ ദ്വന്ദ്വത്തെ പ്രതീകവൽക്കരിച്ചുകൊ് ധാരാളം കല്പനകൾ പിന്നീടുായി. അതിലൊന്നാണ് രാധാകൃഷ്ണപ്രണയം.

രാമാനുജാദി വൈഷ്ണവരുടെ വിശ്വാസമനുസരിച്ച് പ്രപഞ്ചം മിഥ്യയല്ല സത്യമാണ്. സാക്ഷാൽ നാരായണനാണ് പ്രപഞ്ചത്തിന്റെ അമൃതനായ അന്തര്യാമി. നാരായണാവതാരമായ കൃഷ്ണൻ കാമരൂപത്തിൽ ജീവഭാവമായി അവതരിപ്പി

29 എം. ലീലാവതി, രാധയെവിടെ, അവതാരിക.

ക്കുന്ന പരമാത്മാവും രാധ ഈ ജീവഭാവങ്ങൾക്ക് പ്രാകൃതികമായ വിഭൂതികൾ നല്കുന്ന പ്രകൃതിശ്വരിയുമാണ്. രാധയും കൃഷ്ണനും തമ്മിലുള്ള പ്രേമത്തെ ഭക്തിയുടെ ഉത്തമോദാഹരണമായി എടുത്തുകാട്ടാറു്. ജയദേവകവി തന്റെ വിഖ്യാത കൃതിക്ക് (ഗീതഗോവിന്ദം) വിഷയമാക്കുന്നത് പ്രേമഭക്തിയാണ്. ''പ്രപഞ്ചാത്മാവിൽത്തന്നെ കുടികൊള്ളുന്ന വൈരുദ്ധ്യാത്മക/ദ്വന്ദ്വാത്മക വ്യാഖ്യാനമാണ് രാധാകൃഷ്ണപ്രണയമെന്നും പ്രാപഞ്ചിക വ്യവഹാരങ്ങളാൽ ബദ്ധമായ ജീവാത്മാവിന്റെ പരമപ്രേമദാഹമാണ് രാധയുടെ കൃഷ്ണരതി'' യെന്നും ഡോ. ചാത്തനാത്ത് അച്യുതനുണ്ണി അഭിപ്രായപ്പെടുന്നു.[30] ഒരേസമയം ദൈവികമെന്നും മാനുഷികമെന്നും പറയാവുന്ന പ്രേമത്തിന്റെ ഉജ്ജ്വലത രാധാകൃഷ്ണപ്രണയത്തിലു്. കൃഷ്ണൻ, സാക്ഷാൽ നാരായണന്റെ പൂർണ്ണാവതാരമാണെന്ന് പറയുന്നതിനാൽ ഈശ്വരനോടുള്ള ഭക്തി എന്ന നിലയിൽത്തന്നെയാണ് രാധാകൃഷ്ണപ്രണയം അവതരിപ്പിക്കപ്പെടുന്നത്. നാട്യശാസ്ത്രത്തിൽ നിർവ്വചിക്കപ്പെട്ട ശൃംഗാരരസത്തിൽനിന്ന് വിഭിന്നമാണ് രാധാകൃഷ്ണവിഷയകമായ ശൃംഗാരം എന്ന് വൈഷ്ണവരായ ആലങ്കാരികന്മാർ പറയുന്നു. രൂപഗോസ്വാമിയുടെ ''ഉജ്ജ്വലനീലമണി'' എന്ന അലങ്കാരഗ്രന്ഥത്തിൽ ഉജ്ജ്വലരസം എന്നതിനെ വിളിക്കുന്നതായി ചാത്തനാത്ത് അച്യുതനുണ്ണി രേഖപ്പെടുത്തുന്നു.[31] ഭക്തിയെ വൈകാരികമായ ആനന്ദശാസ്ത്രമായിക്കാണുന്ന ദർശനത്തിന് സാർവ്വലൗകിക മാനമു്.

അസ്പഷ്ടമായ സങ്കേതമാണ് ഭക്തി. താഴ്ന്ന പടിയിൽ നില്ക്കുന്ന പൂജയിൽനിന്ന് ഏറ്റവും ഉയർന്ന തലമായ ആത്മദർശനം വരെ അതു വ്യാപിച്ചുകിടക്കുന്നു. സമ്പൂർണ്ണമനസ്സോടും പരിപൂർണ്ണഹൃദയത്തോടും കൂടി ഈശ്വരനെ സ്നേഹിയ്ക്കലാണത്. ഭൗതികകാമനകളെ ഗതിമാറ്റി സംസ്ക്കരിക്കുമ്പോൾ പ്രേമാത്മികയായ ഭക്തിയുാവുന്നു.

മനുഷ്യനും ഈശ്വരനും തമ്മിലുള്ള സംബന്ധത്തിന്റെ പ്രതീകമായി വൈഷ്ണവസമ്പ്രദായം ഉപയോഗപ്പെടുത്തുന്നത് മനുഷ്യബന്ധങ്ങളെയാണ്. ഗുരുവായും സ്നേഹിതനായും അച്ഛനായും അമ്മയായും കുട്ടിയായും കാമുകനായും ഈശ്വരൻ വ്യവഹരിക്കപ്പെടുന്നു. മരണത്തിനും ഭഞ്ജിക്കാനാവാത്ത ശാശ്വതബന്ധമാണിത്. വൈഷ്ണവസമ്പ്രദായത്തിൽ നിലനില്ക്കുന്ന സങ്കല്പങ്ങളുടെ ആവർത്തനം കൃഷ്ണകവിതകളിലു്.

---

30 പ്രേമവും ഭക്തിയും, അവതാരിക.

31 അതേ അവതാരിക.

മനുഷ്യജീവിതത്തിന്റെ ഏത് അവസ്ഥകളിലും അവനുമായി താദാത്മ്യം പ്രാപിക്കാൻ കൃഷ്ണസങ്കല്പത്തിനു കഴിയുന്നു. ഏതു ഭക്തിഭാവവും കൃഷ്ണന് സ്വീകാര്യമാണ്.

ഭാഗവതം നിർദ്ദേശിക്കുന്ന ഭക്തിയുടെ നവഭാവവും കൃഷ്ണകവിതകളിൽ പ്രകടമാവുന്നുണ്ടെങ്കിലും ആത്മനിവേദനം എന്ന തലത്തിനാണതിൽ മുൻതൂക്കം. ഭക്തിമാർഗ്ഗങ്ങളിൽ പ്രേമഭക്തിയാണ് സുഗതകുമാരിയുടെ കവിതകളിൽ പ്രത്യക്ഷപ്പെടുന്നത്.

''തീർത്ഥാടന തപസ്സാംഖ്യയോഗാദികളിൽ ദുർലഭം
ശാശ്വതം നിങ്ങൾതൻ ഭക്തി പ്രേമഭാവത്തിൽ വന്നതാം''

എന്ന ഗർഗ്ഗഭാഗവതത്തിലെ കല്പന സുഗതകുമാരി സ്വാംശീകരിച്ചിട്ടു്. പൂർണ്ണതയുടെ രതിയാണ് ഭഗവദ്രതി. അതുകൊാവാം

''ഇതു ദാസ്യരതി, സഖ്യരതി, നറും വാത്സല്യ-
രതി ഹരേ നീ മാത്രമുള്ളിൽ
ഇതു ഭക്തിരതി, രാഗവിരഹാന്ധമാം മധുര-
രതി ഞാൻ മരിക്കയാണല്ലോ''
(രാധയെവിടെ)

എന്നവർ എഴുതുന്നത്. ഇവിടെ മരണം പൂർണ്ണതയിലുള്ള ലയനമാണ്.

'നൈവേദ്യം' എന്ന കവിതയിൽ കവിതതന്നെയാണ് ഇഷ്ടദേവനു മുന്നിലർപ്പിക്കുന്ന നൈവേദ്യം. കവിമനസ്സാണ് കവിതയായി നിവേദിക്കപ്പെടുന്നത്. ''കാളിയമർദ്ദന''ത്തിൽ കാളിയനും ഗജേന്ദ്രമോക്ഷത്തിലെ ഗജേന്ദ്രനും കണ്ണനുമുന്നിൽ അർപ്പിക്കുന്നത് ദുരഭിമാനവും അഹംബോധവും ദുഃഖവും മദാന്ധകാരവും ജീവിതബന്ധനവും വെടിഞ്ഞ് വിമലമായ മനസ്സാണ്. 'അഭിസാരിക'യിലെ ആത്മസമർപ്പണം ഒന്നുകൂടി അർത്ഥവത്താണ്. ആത്മാവിന്റെ പ്രതീകമായ മനസ്സുമാത്രമല്ല ആത്മാവുതന്നെയും അവളർപ്പിക്കുന്നു. ''കൈവളകളും കാൽച്ചിലമ്പുകളു''മെന്നപോലെ ഭൗതികമായതെല്ലാം അവൾ ത്യജിച്ചു. കാൽക്കൽ സർവ്വവും കാഴ്ചവെക്കുന്നതോടെ കളവും കളിയും കുസൃതിയും ചേർന്ന കണ്ണന്റെ മിഴികളിൽ കരുണനിറയുമെന്ന് മനസ്സിലാക്കിയ ''യമുനാതീരേ''യിലെ ഗോപിക കണ്ണന്റെ കരുണയ്ക്കു പാത്രമായി മോക്ഷപ്രാപ്തിനേടുന്നു. ''പാതിരാപ്പൂക്കളി''ലെ ഏകാന്തപാന്ഥൻ ജീവിതമെന്ന ഒറ്റത്തന്തിയുള്ള തംബുരുവും ആത്മാവാകുന്ന അതിലെ രാഗവും പേറി നടക്കുന്നത് ഭഗവദ്പാദങ്ങളിൽ തന്റെ ഗാനം സമർപ്പിക്കുന്നതിനാ

ണ്. ജീവാത്മാക്കൾ പൈമ്പാൽ വെണ്ണകളായി സ്വയം സമർപ്പണം നടത്തുന്നത് ''കണ്ണനെത്തേടി'' എന്ന കവിതയിൽ കാണാം.

> ''വന്നാലും നീയിപ്പാത്രം പാഴ്
> മണ്ണിലെറിഞ്ഞു തകർത്തോളൂ''

എന്നിങ്ങനെ സർവ്വസ്വവും സമർപ്പിക്കാനും അവർ തയ്യാറാകുന്നു. 'അമ്മ'യെന്ന കവിതയിലെ മാതൃബിംബം മകനായ കണ്ണനെ കാത്തുകാത്തിരിക്കുന്നു.

''ഈയഴിക്കുള്ളിലൂടൊന്നു
നിന്നെച്ചേർത്തുപിടിച്ചു ഞാൻ''

എന്നു പറയുമ്പോൾ ജന്മസാഫല്യം അനുഭവിക്കുകയാണവർ. ജീവിതദുഃഖങ്ങളെ മകന്റെ കാൽച്ചോട്ടിലർപ്പിക്കുമ്പോൾ ആത്മസമർപ്പണം പൂർണ്ണമാകുന്നു. ഈ അമ്മ തന്നെയാണ് ''കണ്ണന്റെ അമ്മ''യിൽ ഓടക്കുഴൽവിളിയിൽ ലയിച്ച മനസ്സു മായ് നില്ക്കുന്നത്.

''കണ്ണും പൂട്ടിനിന്നമ്മ തൻ കുഞ്ഞിന്റെ
പൊന്നോടക്കുഴൽ കേൾക്കുന്നു''

ഓടക്കുഴൽ പരമാത്മാവും അതിൽ ലയിക്കുന്ന അമ്മമനസ്സ് ആത്മാർപ്പണം ചെയ്യുന്ന ജീവാത്മാവുമാകുന്നു. പുളിപ്പും മധുരവും നിറയുന്ന ജീവിതം കടയു മ്പോൾ കിട്ടുന്നത് നീലനവനീതമാണ്. ഈ നീലനവനീതം ഭഗവദ്സ്മരണക ളാൽ നിറഞ്ഞ മനസ്സുതന്നെയാണ് വെണ്ണ പ്രിയനായ കണ്ണന്റെ മുന്നിൽവെയ്ക്കുന്ന നീലനവനീതം സ്വന്തം മനസ്സിന്റെ സമർപ്പണം തന്നെയാകുന്നു. ഇവിടെ സൂചിപ്പിച്ച കവിതകളിലെ ''കവിത, കാളിയൻ, ഗജേന്ദ്രൻ, അഭിസാരിക, യമുനാതീരത്തെ ഗോപിക, മാതൃബിംബം, നീലനവനീതം'' ഇവയെല്ലാം പരമാത്മാവിനു മുന്നിൽ ജീവാത്മാവു ചെയ്യുന്ന ആത്മസമർപ്പണത്തിന്റെ പ്രതീകകല്പന ഉൾക്കൊള്ളുന്നു.

കൃഷ്ണ നീയെന്നെയറിയില്ല, ദേവദാസി എന്നീ കവിതകളിൽ ആത്മസ മർപ്പണം താരതമ്യേന കൂടുതൽ പ്രകടമാവുന്നു. പരമധർമ്മത്തിനു മുന്നിൽ സമൂ ഹധർമ്മം നിഷ്ഫലമാകുന്നു എന്ന സന്ദേശമാണ് ഇതിലെ ഗോപികമാർ നല്കുന്ന ത്. അതോടൊപ്പം അജ്ഞാതയായ ഗോപിക

''ആരോരുമറിയാതെ
നിന്നെയെന്നുള്ളിൽവ-
ച്ചാത്മാവു കൂടിയർപ്പിച്ചു''

എന്ന് ആനന്ദബാഷ്പത്തോടെ പ്രസ്താവിക്കുന്നു. തന്റെ ആത്മസമർപ്പണം കൃഷ്ണൻ സ്വീകരിച്ചു എന്നു തിരിച്ചറിയാനുള്ള ഭാഗ്യവും ഗോപികയ്ക്കു ലഭിച്ചു. തീവ്രാനുരാഗത്തിന്റെ മധുരവുമായി ഇരുട്ടാവുന്നതുവരെയും കാത്തിരുന്നിട്ടും ദേവ ദാസിയുടെ പ്രേമം ദേവനറിഞ്ഞില്ല. പോകുന്നതിനുമുൻപ്

''ഞാൻ കാത്തൊരീ മധുരവും
ഊക്കോടെറിഞ്ഞുടയ്ക്കും''

എന്ന വിലാപത്തിൽ അവളുടെ പ്രണയതീവ്രത വ്യക്തമാകുന്നു. മധുരം എറിഞ്ഞുടയ്ക്കുമെന്ന കല്പനയിൽ തെളിയുന്നത് ആത്മസമർപ്പണം തന്നെയാണ്.

ഭക്തിയും പ്രേമവും ഇഴചേർന്നുനില്ക്കുന്നവയാണീ കവിതകൾ. പ്രേമവും ഭക്തിയും ഒരു നാണയത്തിന്റെ രു വശങ്ങളാകയാൽ ഇഴ പിരിച്ച് പരിശോധിക്കുക എളുപ്പമല്ല.

## 5.9. കവിതയും കവിസ്വത്വവും

(മ) കൃഷ്ണകവിതകൾ

(യ) പരിസ്ഥിതിക്കവിതകൾ

യ.1 പരിസ്ഥിതി വിഷയമാക്കുന്നവ

യ.2. മൃഗങ്ങളോടുള്ള ക്രൂരത വിഷയമാക്കുന്നവ

(ര) സ്ത്രീപക്ഷകവിതകൾ

കവിത ഒരു സ്വപ്നമാണ്. സ്വപ്നത്തിൽ മൂല്യങ്ങളും മൂല്യങ്ങളെ പ്രതിനിധീകരിക്കുന്ന പ്രതീകങ്ങളും പ്രത്യക്ഷപ്പെടുന്നു. പ്രതീകങ്ങൾക്കു പിന്നിൽ പൂർവ്വകാലസ്മരണകളും വർത്തമാനകാല യാഥാർത്ഥ്യങ്ങളുമു്. കവിതയിൽ ഒരു സമൂഹത്തിന്റെ സ്വഭാവവും സംസ്കാരവും പ്രതിഫലിക്കുന്നു. കവി മാനവസമുദായത്തിന് പൊതുവായ പ്രതീകത്തിന്റെ സഹായത്താൽ ജനതയുടെ മുന്നിൽ ഒരു സ്വപ്നം കാഴ്ചവെയ്ക്കുന്നു. സമൂഹത്തിന്റെ പ്രശ്നങ്ങൾ കൈകാര്യം ചെയ്യുന്ന ഏതൊരു കവിയും ഇത്തരത്തിൽ കവിതയെ സാമൂഹ്യവിമർശനത്തിനും പരിഷ്കരണത്തിനുമുള്ള ആയുധമാക്കുന്നു. ''കവിത കാലഘട്ടത്തിന്റെ രുഗ്ണചേതസ്സിനുള്ള ചികിത്സ പരോക്ഷമായി നിർവ്വഹിക്കുന്നു്''.[32]

സുഗതകുമാരിയുടെ കാവ്യലോകത്തെപ്പറ്റി കെ. രാമചന്ദ്രൻനായർ ഇങ്ങനെ പറയുന്നു ''എന്തൊക്കെയാണവർ എഴുതിയത്? തന്റെ പ്രേമത്തെപ്പറ്റി, ദുഃഖത്തെപ്പറ്റി, സ്വപ്നങ്ങളെയും പ്രതീക്ഷകളെയും പറ്റി, താൻ കാണുന്ന വെളിച്ചത്തെപ്പറ്റി, ഇരുട്ടിനെപ്പറ്റി, തന്നെച്ചൂഴുന്ന ബാഹ്യപ്രകൃതിയെയും മനുഷ്യനെയും പറ്റി, അതിനെല്ലാമുപരി എപ്പോഴും തന്നോടൊപ്പമുള്ള കണ്ണനെപ്പറ്റി- അതായിരുന്നു സുഗതകുമാരിയുടെ കാവ്യപ്രപഞ്ചം''.[33] അനുഭൂതിതലത്തിലും ദർശനതലത്തിലും ഉദ്ഗ്രഥിതമായ ഒന്നാണ് ഈ കാവ്യപ്രപഞ്ചം. അതിൽ ഒന്നും ഒറ്റയ്ക്കൊറ്റയ്ക്ക് നിൽക്കുന്നില്ല.

---

32 ലീലാവതി.എം. രാധയെവിടെ, പുറം.10.

33 രാമചന്ദ്രൻനായർ. കെ. അവതാരിക. തുലാവർഷപ്പച്ച (കോട്ടയം. ഡി.സി. ബുക്സ്, 1991).

മേൽപ്പറഞ്ഞ വിഭിന്നഭാവങ്ങൾ ഉൾക്കൊള്ളുന്നവയാണ് സുഗതകുമാരി യുടെ കവിതകൾ. ഉൾക്കൊള്ളുന്ന ഭാവങ്ങൾ വിഭിന്നമെങ്കിലും അവ തമ്മിലൊരു ഏകത നിലനിൽക്കുന്നുണ്ടെന്നു കണ്ടെത്താൻ പ്രയാസമില്ല. ആ ഏകത്വത്തിന്റെ അടി സ്ഥാനത്തിൽ കവിതയെ പ്രധാനമായും മൂന്നുവിഭാഗങ്ങളിലൊതുക്കാം. സവിശേ ഷതകളുടെ സൂക്ഷ്മമായ വിശകലനത്തിലൂടെയല്ല കവിതകളുടെ പൊതുവായ സ്വഭാവത്തിന്റെ അടിസ്ഥാനത്തിലാണ് ഈ വിഭജനം. അജ്ഞേയശക്തിയോടുള്ള വിധേയതയും അതിനെക്കുറിച്ചുള്ള അന്വേഷണവും നിഴലിക്കുന്ന, കൃഷ്ണപ്രേമവി ഷയകമായ 'കൃഷ്ണകവിതകൾ', പ്രകൃതി മനുഷ്യന്റെ അമ്മയും ജീവപ്രപഞ്ച ത്തിന്റെ നിലനില്പുമാണെന്നുദ്ഘോഷിക്കുന്ന 'പരിസ്ഥിതിക്കവിതകൾ', അനാദി യായ മനുഷ്യദുഃഖത്തിന്റെ, പ്രത്യേകിച്ച് ചവിട്ടിത്താഴ്ത്തുന്ന സ്ത്രീത്വത്തിന്റെയും ശക്തിനേടുന്ന സ്ത്രീസ്വത്വത്തിന്റെയും വേദന ഉയർന്നുനില്ക്കുന്ന സ്ത്രീപക്ഷ കവിതകൾ എന്നിവയാണവ. പ്രേമം, ദുഃഖം, പൂവ്, രാത്രി, സന്ധ്യ, മൃത്യു, അമ്മ, സ്വപ്നം, കറുപ്പ് തുടങ്ങിയ ഈ മൂന്നുവിഭാഗത്തിലേയും കവിതകളിൽ പൊതുവാ യുപയോഗിക്കുന്ന ബിംബങ്ങളാണ്.

## (മ) കൃഷ്ണകവിതകൾ

കൃഷ്ണകവിതകളെക്കുറിച്ച് സാമാന്യമായ പഠനം നടത്തിയിട്ടു്. അധ്യാത്മി കതയുടെ അന്തർധാര സുഗതകുമാരിയുടെ കവിതകളിലു്. കൃഷ്ണകവിതകളിൽ അത് സാമാന്യേന തീവ്രമാണ്. ഇതിനേക്കുറിച്ച് മുൻ ഖണ്ഡങ്ങളിൽ വിശദീകരിച്ചി രിക്കുന്നു.

## (യ) പരിസ്ഥിതിക്കവിതകൾ

പരിസ്ഥിതിസംരക്ഷണത്തെക്കുറിച്ച് കേരളത്തിൽ ഒരു പുതിയ അവബോധം രൂപംകൊള്ളുന്നത് 1970 കളുടെ അവസാനത്തിലാണ്. അക്കാലത്തുായ സൈലന്റ്വാലി വിവാദം പ്രകൃതിസംരക്ഷണ പ്രവർത്തനങ്ങൾക്ക് പ്രാധാന്യം വർദ്ധിപ്പിച്ചു. ഇക്കാലത്ത് ഏറ്റവും ഉച്ചത്തിൽ കവിതയിലൂടെ സംവദിച്ചത് സുഗത കുമാരിയാണ്. സർഗപ്രക്രിയയോടൊപ്പം പൊതുജീവിതത്തിലും പരിസ്ഥിതി പ്രവർത്തനത്തിലും സുഗതകുമാരി താല്പര്യം കാണിക്കുന്നു. പ്രകൃതിസംരക്ഷണ മെന്ന ഏകലക്ഷ്യത്തിനപ്പുറം മനുഷ്യന്റെ സാമൂഹികവും സാംസ്കാരികവുമായ പ രിസ്ഥിതികളുടെ സംരക്ഷണവും സുപ്രധാനമാണെന്ന് കവയിത്രി തിരിച്ചറിയുന്നു. വനസംരക്ഷണം തൊട്ട് സ്ത്രീശാക്തീകരണം വരെയുള്ള പ്രവർത്തനങ്ങൾ ഇതു വ്യക്തമാക്കുന്നു. കവിസ്വത്വത്തിന്റെ ഈ പ്രത്യേകതകളെല്ലാം തന്നെ അവരുടെ കവിതകളിലും കടന്നുവരുന്നു്. മരവർണ്ണന തൊട്ട് പ്രകൃതിയും പരിസ്ഥിതിയും

മനുഷ്യരാശിയുടെ നിലനിൽപ്പിന്റെതന്നെ പ്രശ്നങ്ങളായി ജ്വലിച്ചുനിൽക്കുന്നതുവരെയുള്ള എത്രയോ സന്ദർഭങ്ങൾ കവിതകളിൽ കത്തൊം.

സുഗതകുമാരിയുടെ പരിസ്ഥിതിസംബന്ധമായ കവിതകളിലേറെയും പുറത്തുവരുന്നത് എൺപതു മുതൽ തൊണ്ണൂറു വരെയുള്ള കാലഘട്ടത്തിലാണ്. വൃക്ഷാരാധന തൊട്ട് മിാപ്രാണികളോടുള്ള സ്നേഹംവരെ കവിതയ്ക്കു വിഷയമാവുന്നു. പരിസ്ഥിതിക്കവിതകളെ മിാപ്രാണികളുടെ വേദന വിഷയമാക്കുന്നത്, പരിസ്ഥിതി വിഷയമാക്കുന്നത് എന്നിങ്ങനെ വിഭജിക്കാം.

### (ഒ) പരിസ്ഥിതി വിഷയമാക്കുന്നവ

മരത്തിനു സ്തുതി, തെംസ് നദിയോട് (അമ്പലമണി), കുറിഞ്ഞിപ്പൂക്കൾ, സൈലന്റ് വാലി, വനരോദനം, തൈവയ്ക്കൽ, നിങ്ങളെൻ ലോകത്തെയെന്തു ചെയ്തു, ദർശനം, പച്ച, വിദ്യ, മതം (കുറിഞ്ഞിപ്പൂക്കൾ) തുലാവർഷപ്പച്ച, മരങ്ങൾ, കാലിഫോർണിയൻ കാടുകൾ, മലമുകളിലിരിക്കെ, കാക്കപ്പൂവ്, മരങ്ങൾ (തുലാവർഷപ്പച്ച) ആദിവാസി സാക്ഷരത എന്നിവയാണവയിൽ പ്രധാനപ്പെട്ടവ. പ്രകൃതിയും പ്രകൃതിയുടെ അക്ഷയസമ്പത്തും മനുഷ്യനാൽ ക്ഷതമേല്പിക്കപ്പെട്ട പരിസ്ഥിതിയുടെ വിലാപവും ഈ കവിതകളിൽ മുഴങ്ങുന്നു. വനനശീകരണത്തിന്റെ ഫലങ്ങൾ അനുഭവപ്പെടാൻ തുടങ്ങിയ കാലത്താണ് ‘‘മരത്തിനു സ്തുതി’’ രചിക്കുന്നത്.

‘‘നീലകണ്ഠസ്വാമിയെപ്പോൽ
വിഷം താനേഭുജിച്ചിട്ടു
പ്രാണവായു തരുന്നോനാ
യിതതൊഴുന്നേൻ’’

എന്നിങ്ങനെ ശാസ്ത്രസത്യം കാവ്യാനുഭൂതിയായി കവിതയിൽ നിറയുന്നു.

‘‘മുടിയുന്ന സഹ്യമുടികളെനോക്കി
ക്കെടുതിയേറുമീ നിറമണ്ണും നോക്കി
വിഷമൊലിക്കുന്ന പുഴകളെനോക്കി
മുറിച്ചുവീഴ്ത്തുന്ന വനങ്ങളെനോക്കി
നെടും കൈകൾ വിണ്ണിലുയർത്തിക്കേണുനി–
ന്നെരിഞ്ഞിടുന്ന വൻമരങ്ങളെ നോക്കി’’

ഹൃദയം പൊട്ടി പാടാനും

‘‘ഒരു മരത്തിന്റെ മരണത്തിനെന്തുവില

ഒരു കിളിയുടെ നിലവിളിക്കെന്തുവില''

എന്ന് സമൂഹമനഃസാക്ഷിയോട് ഉറക്കെ ചോദിക്കാനും കവയിത്രി മടിക്കുന്നില്ല.

തെംസ് നദിയോട്[34], സൈലന്റ്‌വാലി, തുലാവർഷപ്പച്ച എന്നീ കവിതകൾ മാനവികത പൂർണ്ണമായി വറ്റിയിട്ടില്ലാത്ത ജനതയ്ക്കു നല്കുന്ന അഭിനന്ദനമാണ്. അപ്പോഴും

''കണ്ണന്റെയോമൽ യമുന വീും വിഷ-
ഖിന്നയാം കാളിന്ദിയായുഴലുന്നിതേ
പുണ്യനിളാനദികേഴുന്നിതേ സഹ്യ-
കന്യകൾ വൻവിഷം തീമരിച്ചിതേ''

എന്ന് സ്വന്തം നാട്ടിലെ ജലസ്രോതസ്സുകളെയോർത്ത് അവർ വിഷാദിക്കുന്നു. കിഴക്കൻ മാമലകളിൽ കടലുപോലെ പൂത്തുനില്ക്കുന്ന നീലക്കുറിഞ്ഞികൾ പതിറ്റാിനപ്പുറം വീും പൂക്കുമോ, അതോ

''മഴുവും തീയുമായ് കഴുകൻ കണ്ണുമായ്
വരില്ലയോ മർത്ത്യൻ അവിടെയും നാളെ
അവിടെ റബ്ബറിൻ നിരകൾ നീളുമോ
അവിടെ പദ്ധതിയിരമ്പിയെത്തുമോ''

ഈ ആശങ്കയും,

''എത്ര സ്വപ്നങ്ങൾ കു ഞെട്ടി! ചുട്ടു
കത്തുന്ന നിൻ തിരുമാർത്തടം! ആർത്തല-
ച്ചറ്റുവീഴും മഹാ വൃക്ഷങ്ങൾ! മിാതെ
വറ്റുന്ന കുന്തിപ്പുഴതൻ നിലവിളി''

എന്ന കാല്പനികവ്യഥയോടെയുള്ള വിലാപവും,

''ഘനശ്യാമമായ് നീലമായ് സ്വർണ്ണമായി
ത്തുഷാരാർദ്രമായ് മൂകഗംഭീരമായി
ഘനീഭൂതമാകും മഹാസാഗരം പോൽ''

മരുവിയ സഹ്യന്റെ കാല്ക്കലിരുന്നു കേഴുന്ന കൈരളിമാതാവിന്റെ വേദനയും അസ്ഥാനത്തായിരുന്നില്ലെന്ന് വർത്തമാനകാല പരിതസ്ഥിതികൾ സൂചിപ്പിക്കുന്നു.

34 1980 കളിൽ വന്ന പത്രറിപ്പോർട്ടാണ് ഈ കവിതകളുടെ പ്രചോദനം.

കവിതയിലൂടെ വിലപിക്കുകയും രോഷം കൊള്ളുകയും മാത്രമല്ല അവർ ചെയ്തത്. പരിസ്ഥിതി സംരക്ഷണ പ്രവർത്തനങ്ങളിൽ അവർ മുന്നിലുായിരുന്നു. കേരളത്തിൽ നടന്നുകൊിരിക്കുന്ന പരിസ്ഥിതി സംരക്ഷണ പ്രവർത്തനങ്ങളുടെ എടുത്തുകാട്ടാവുന്ന ഉദാഹരണമാണ് സൈലന്റ് വാലിയും അട്ടപ്പാടിയിലെ കൃഷ്ണവനവും[35]. ഈ രുദാഹരണങ്ങളിലും സുഗതകുമാരിയുടെ പങ്കാളിത്തം വലുതാണ്. അനന്യമായ ഒരു പരിസ്ഥിതി വ്യവസ്ഥക്കുവേി ഉയർന്ന ശബ്ദം നിശബ്ദതാഴ്വരയിൽ മുഴങ്ങി. സ്വാഭാവികമായ ആവാസവ്യവസ്ഥ കൃഷ്ണവനത്തിൽ സൃഷ്ടിച്ചു.

## (റ) മൃഗങ്ങളോടുള്ള ക്രൂരത വിഷയമാകുന്ന കവിതകൾ

പരിസ്ഥിതി നശിക്കുമ്പോൾ അതിനെ ആശ്രയിച്ചുനില്ക്കുന്ന ജീവവ്യവസ്ഥയും താളം തെറ്റുന്നു. മനുഷ്യന്റെ ക്രൂരത ജീവിവർഗ്ഗത്തിലേയ്ക്ക് തിരിയുമ്പോൾ കവയിത്രിയുടെ അശാന്തമായ മനസ്സ് അവയ്ക്കു വേി പാടുന്നു. ആന, മുറിവേറ്റ സിംഹം, കാവൽ (അമ്പലമണി) ഏറേറ്റ നായ തുടങ്ങിയ കവിതകൾ ഉദാഹരണം.

അക്രമാസക്തനായി, ചങ്ങല പൊട്ടിച്ച് പാപ്പാനെക്കൊല്ലുന്ന ആന ഇന്നത്തെ പത്രങ്ങളിലെ പുതുമ നശിച്ച വാർത്തയാണ്. ''ഇരുൾക്കാട്ടിലും പുല്ലുമേട്ടിലും നടക്കുവാനൊരുക്കപ്പെട്ടിട്ടുള്ള പാദങ്ങൾ'' കലിയോടെ മനുഷ്യന്റെ നെഞ്ചിൽ ആഞ്ഞുചവിട്ടുന്നതിന്റെ പിന്നിലെ സത്യം ആന എന്ന കവിതയിലു്. 'നഗ്നമായ കുന്നിൻ പള്ള'യിൽ നിൽക്കുന്ന ആന ''കൊലചെയ്തോരു മഹാവൃക്ഷത്തിൻ ജഡം'' ലോറിയിൽ കയറ്റാൻ ശ്രമിക്കുന്നു. ആന അനുഭവിക്കുന്ന വേദന കാണുമ്പോൾ

''കുഞ്ഞേ നീയും ചത്തിരുന്നെങ്കിൽ
കാണാൻ വയ്യ നിൻ മഹാദുഃഖം''

എന്ന് ചത്ത മരം പോലും മൂകമായി പറയുന്നു. പിന്നെ ചുട്ടുപഴുത്ത ഉച്ചയിൽ ഉരുകിയ ടാറിൽ പുതഞ്ഞ് വെന്തുപോവുന്ന കാലുകളും പേറി അടിയേറ്റ് പൊക്കിളിൽ തോട്ടിക്കൊളുത്തുടക്കി നടക്കുമ്പോൾ ആ വേദന മുഴുവൻ കവിഹൃദയത്തിൽ നിറയുന്നു. ''ഏറേറ്റ നായ''യ്ക്കും, ''തല തല്ലിച്ചത്ത മാൻകൂട്ടത്തിനും'', ''അഴിക്കൂട്ടിൽ കിടക്കുന്ന മയിലിനും'', ''കൂട്ടിക്കെട്ടിയ കഴുത്തുമായി തീൻമേശയിലേക്കു നട

[35] വനവൽക്കരണത്തിലൂടെ പച്ചപ്പ് വീടെടുത്ത മൊട്ടക്കുന്നാണ് കൃഷ്ണവനം. കാട് ഇവിടെ അതിന്റെ സ്വാഭാവിക ആവാസവ്യവസ്ഥ പുനഃസൃഷ്ടിച്ചു. നീരൊഴുക്ക് പുനർജനിച്ചു. 2005 ജൂൺ 5 ന് പ്രസിദ്ധീകരിച്ച മാതൃഭൂമി വാരാന്തപ്പതിപ്പ് ഇത് ചിത്രസഹിതം വ്യക്തമാക്കുന്നു.

ക്കുന്ന കാലികൾക്കും'' വേി കവിഹൃദയം വിലപിക്കുന്നു.

**(ല) സ്ത്രീപക്ഷകവിതകൾ**

സുഗതകുമാരിയുടെ കവിതകളിൽ ഏറെയും ഈ വിഭാഗത്തിൽ പെടുന്നവയാണ്. കൃഷ്ണകവിതകളിൽ രാധ/ഗോപിക സ്ത്രീശക്തിയുടെയും അഭിമാനത്തിന്റെയും പ്രതീകമായി കടന്നുവരുന്നു്. രാധ–വ്യക്തിത്വ വിശകലനം എന്ന ഭാഗത്ത് ഇത് വ്യക്തമാക്കുന്നു.

സുഗതകുമാരിയുടെ കവിതകളിൽ എവിടേയും സ്ത്രീക്ക് നിസ്സഹായ ഭാവമില്ല. വേട്ടയാടലിനു വിധേയമാകുന്ന സ്ത്രീത്വം അവതരിപ്പിക്കുമ്പോഴും അവളിൽ പ്രത്യാശയുടെ വെളിച്ചം അവശേഷിക്കുന്നു്. പതിവ്രതാരത്നമായ സീതപോലും പുനർവായനയ്ക്ക് വിധേയമാകുന്നു. പെൺകുഞ്ഞ്–90, കാതൃ, അമ്മ, സാരെ ജരാം സെ അച്ഛാ, പാദപ്രതിഷ്ഠ (തുലാവർഷപ്പച്ച) സ്ത്രീപർവ്വം, ജെസ്സി, ഇവൾക്കുമാത്രമായ് (അമ്പലമണി) ഒരു രാമായണരംഗം, കൊല്ലേതെങ്ങനെ, കാണാതായവർ, അമാവാസി, വിധി, ബാധയൊഴിക്കൽ ഒരു പാചകക്കുറിപ്പ്, എന്തുപറ്റീ നമുക്ക് (ദേവദാസി) തുടങ്ങി സ്ത്രീയുടെ വേദനകളും അവളനുഭവിക്കുന്ന പീഡനവും അപമാനവും ആവിഷ്കരിക്കുന്ന എത്രയോ കൃതികൾ സുഗതകുമാരിയുടേതായിട്ടു്.

ബാല്യത്തിൽ പിതാവിനാലും യൗവ്വനത്തിൽ ഭർത്താവിനാലും വാർദ്ധക്യത്തിൽ പുത്രനാലും സംരക്ഷിക്കപ്പെടേവളാണ് സ്ത്രീയെന്ന സ്മൃതിവാക്യം വർത്തമാനകാലത്ത് അപ്രസക്തമാവുന്നു. പിതാവും ഭർത്താവും പുത്രനും സംരക്ഷിക്കുന്നില്ലെന്നുമാത്രമല്ല അവളനുഭവിക്കുന്ന ദുരിതജീവിതത്തിന് കാരണക്കാരുമാകുന്നു. സീത, ദ്രൗപദി, ശകുന്തള, ദേവകി, തുടങ്ങിയ പുരാണനായികമാർ പോലും ഇക്കാര്യത്തിൽ സാധാരണ സ്ത്രീക്ക് സമാനയാകുന്നു.

കംസന്റെ തടവറയിൽ കിടക്കുന്ന ദേവകിയുടെ വാക്കുകളിലൂടെ സമൂഹത്തോടുള്ള സ്ത്രീയുടെ പ്രതിഷേധം തെളിയുന്നു. സമൂഹത്തിലെ വിഴുപ്പലക്കുന്നവരാണ് അവളെ ചോദ്യം ചെയ്തത്. അതിനെ എതിർക്കാൻ രാജാക്കന്മാരോ മഹർഷിമാരോ മുന്നോട്ടുവന്നില്ല. വിവാഹദിനത്തിൽത്തന്നെ തുറുങ്കിലടക്കപ്പെട്ടപ്പോഴും ആരും അവൾക്കുവേി ശബ്ദിച്ചില്ല. പെണ്ണിനു തുണ നില്ക്കേ ആങ്ങളതന്നെയാളവളെ തടവിലാക്കിയത് എന്നതൊരു ക്രൂരഫലിതം. കവിതയെ വർത്തമാനകാലവുമായി ബന്ധിപ്പിക്കുന്നു. സമൂഹത്തിൽ 'പിഴച്ചവളേ'യുള്ളൂ പിഴപ്പിച്ചവനില്ല. ചവിട്ടിക്കൊന്നതും കെട്ടിത്താഴ്ത്തിയതും തീയിലെരിച്ചതും മൂടുപടത്തിലൊളിപ്പിച്ചതും അമ്മയും കാമുകിയും ഭാര്യയും മകളുമായ പെണ്ണിനെത്തന്നെയാണ്. ഇതേ ആശയം പെൺകുഞ്ഞ് 90– ലും ഉയരുന്നു. പിഴച്ചുപെറ്റവൾ തന്റെ കുഞ്ഞിനെ

ഇരുട്ടിൻ തിരുമുറ്റത്തു കൊവയ്ക്കുന്നു. പിഴപ്പിച്ചവൻ സമൂഹത്തിന്റെ ദന്തഗോപുരത്തിൽ ജീവിയ്ക്കുന്നു. ഇവളെന്നെങ്കിലും സ്നേഹത്തിന്റെയർത്ഥമറിയുമോ, അനാഥാലയത്തിലെത്തിപ്പെടുമോ, പരീക്ഷണവസ്തുവായി കയറ്റിയയയ്ക്കപ്പെടുമോ, തീത്തൈലത്തിലെരിക്കുമോ, പട്ടിണിക്കിട്ടുകൊല്ലുമോ, ചോന്ന തെരുവിലേയ്ക്ക് വലിച്ചെറിയുമോ, നഗരത്തിലെവിടെയെങ്കിലും ഇവളുടെ ശവം പൊന്തുമോ എന്നെല്ലാം അമ്മ ആശങ്കപ്പെടുന്നു. ഇന്നത്തെ സമൂഹത്തിൽ ഈ ചിന്തകളൊന്നും വെറുതെയല്ല എന്ന് ഓർമ്മിപ്പിക്കുന്നു്. ''എന്തുപറ്റി നമുക്ക്'' എന്ന കവിത.

''ഇതു താൻ കാലഘട്ടത്തിൽ
കാഴ്ച! സാക്ഷരരേഖതൻ
ശതമാനം നൂറിൽ മുട്ടി–
ക്കഴിഞ്ഞു നമ്മൾ മാനികൾ''

എന്നിങ്ങനെ സമൂഹത്തിന്റെ മുഖത്തേക്കു കാർക്കിച്ചുതുപ്പിക്കൊാണ് പീഡനത്തിനു വിധേയയായ കൊച്ചുപൈതലിനെ നമുക്കു കാണിച്ചുതരുന്നത്. ആ പൈതലിന്റെ ശാപത്തിൽനിന്നും മാനവരാശിയ്ക്ക് മോചനമില്ല. ''പീഡിപ്പിക്കപ്പെട്ട കൊച്ചു പൈതങ്ങളുടെ നിലവിളി കേട്ടു കേട്ട് എന്റെ കവിത വറ്റിപ്പോയിരിക്കുന്നു'' എന്ന് ഇടയ്ക്കിടെ അവർ വിലപിക്കുന്നു. ഇതേ അവസ്ഥയാണ് 'ജെസ്സി'യുടേതും. ഇതൊരൊറ്റപ്പെട്ട ഒന്നോ രോ വ്യക്തികളുടെ കഥയല്ല ഒരു സമൂഹത്തിന്റെ അധഃപതനത്തിന്റെ കഥയാണ്. ഒരു തകർന്ന കുടുംബത്തിലെ നിരാലംബരായ പിഞ്ചുകുഞ്ഞുങ്ങളെ കാക്കാൻ ഒരു ജാതിയും മതവും രാഷ്ട്രവും രാഷ്ട്രീയക്കാരനും മുന്നോട്ടുവരുന്നില്ല. ഇത്തരമൊരവസ്ഥയിലും കവയിത്രിയുടെ മനസ്സിൽ ഒരു സ്വപ്നമു്. സ്ത്രീ ആരുടേയും കാൽക്കീഴിലമരാതെ സമൂഹത്തിൽ സ്വന്തം ഇടം നേടിയെടുക്കുന്നതിന്റെ ചിത്രം, കൊല്ലാനോങ്ങിയ കൈ തട്ടിമാറ്റുന്ന സ്ത്രീയുടെ, അഗ്നി പൊള്ളിക്കാത്ത, കാടേറാത്ത ഭൂമിപുത്രിയുടെ, വേല ചെയ്തു പുലരുന്നവളുടെ, സ്വന്തം കാലിൽ നില്ക്കാൻ കെൽപ്പുനേടിയവളുടെ ചിത്രം.

ഈ സ്വപ്നം യാഥാർത്ഥ്യമാക്കാനുള്ള പ്രവർത്തനങ്ങളാണ് വ്യക്തി ജീവിതത്തിൽ അവർ നടത്തിക്കൊിരിക്കുന്നത്. ജീവകാരുണ്യപ്രവർത്തനങ്ങളുടെ മുൻനിരയിൽ അവരു്. ഉപേക്ഷിക്കപ്പെട്ട പെൺകുഞ്ഞുങ്ങൾക്കും സ്ത്രീകൾക്കും വേി 'അഭയകേന്ദ്രം' പ്രവർത്തിക്കുന്നു. വനിതാ കമ്മീഷൻ അദ്ധ്യക്ഷയായിരുന്നു കവയിത്രി. അക്കാലത്ത് സ്ത്രീകൾക്കുവേി പ്രവർത്തിക്കാനും അവരെ സഹായിക്കാനും ആവുന്നത്ര ശ്രമിച്ചു. ഇന്നും പരിസ്ഥിതി പ്രവർത്തനങ്ങളുടെയും സ്ത്രീകൾക്കു വേിയുള്ള പ്രവർത്തനങ്ങളുടേയും കൂടെ അവരെ കാണാം. കവിസ്വത്വത്തിന്റെ സവി

ശേഷതകൾ തന്നെയാണ് കവിതയിൽ കാണുന്നത്. സ്വന്തം പ്രവർത്തനമേഖലയും കവിതയും രല്ല ഒന്നുതന്നെയാണ്.

## 5.10. ബിംബഭാഷയിലെ പ്രതീയമാനസമഗ്രത

(മ) ബിംബങ്ങളുടെ ഉദ്ഗ്രഥനം

സുഗതകുമാരിയുടെ കവിതകളിൽ പ്രകൃതിയും കൃഷ്ണനും ഒന്നുതന്നെയാകുന്നു. പ്രതീകങ്ങളുടെ ഉദ്ഗ്രഥനത്തിലൂടെയാണ് ഇതു സാധിക്കുന്നത്. കൃഷ്ണസങ്കല്പത്തിന്റെ ആഹാര്യസവിശേഷതയും കൃഷ്ണസങ്കല്പമാവിഷ്ക്കരിക്കാൻ സ്വീകരിച്ചിരിക്കുന്ന പ്രതീകങ്ങളും പ്രകൃതിദർശനത്തിലധിഷ്ഠിതമാണ്. പ്രതീകങ്ങളും ബിംബകല്പനകളും ഉദ്ദീപനാദിഘടകങ്ങളിലൂടെ രാധാമാധവസങ്കല്പത്തെ പകൃതിയോടു ചേർത്തു നിർത്തുന്നു.

## (മ) ബിംബങ്ങളുടെ ഉദ്ഗ്രഥനം

സുഗതകുമാരിയുടെ കവിതകളിൽ പ്രകൃതി സജീവഘടകമായി മാറുന്നു വെന്ന് സൂചിപ്പിച്ചിട്ടു്. കവിസ്വത്വത്തിന്റെ ഈ സവിശേഷതയാണ് കൃഷ്ണസങ്ക ല്പത്തെ സൂചിപ്പിക്കുന്ന ബിംബാവിഷ്ക്കാരത്തിലും കാണുന്നത്. നീലച്ച വ്, ഹരി ചന്ദനഗന്ധം, നീലമേഘം, നീലസമുദ്രം, നീലചന്ദ്രൻ, നീലനവനീതം, കണ്ണനെ നോക്കിനിൽക്കുന്ന പൂക്കൾ, അടിമുടി പൂക്കുന്ന കടമ്പ്, വനമാല, വല്ലീനികുഞ്ജ ത്തിൽ തുളുമ്പുന്ന മധുരഗീതം, മിന്നലണിക്കരിമുകിൽ, പത്രശതത്തിലൊളിഞ്ഞ മഞ്ഞപ്പട്ട്, നാളീകാക്ഷൻ, കൈത്തളിരിൽ ചായ്ചുവെച്ച പൂമുഖം, പാലപ്പൂവിനി ടയ്ക്കു മിന്നും പീലിക്കണ്ണ്, കുട നീർത്തിയ പൊൻകടമ്പ്, പൂവമ്പിളിക്കീറിൽ ചാലിച്ച കായാമ്പൂ, തൊഴുതു നില്ക്കുന്ന പുഴയോളം, മുല്ലപ്പടർപ്പിലെ പീലിതൻ നിഴലൊളി തുടങ്ങി കൃഷ്ണനും പ്രകൃതിയും രല്ല എന്നു ബോധ്യപ്പെടുത്തുന്ന ധാരാളം പ്രതീകങ്ങൾ കൃഷ്ണകവിതകളിലു്.

പ്രകൃതിയും ഈശ്വരനും ഒന്നുതന്നെയാണ് എന്ന ആശയമാണ് കൃഷ്ണക വിതകളുടെ സമഗ്രത. ഇപ്രകാരത്തിലുള്ള പ്രതീകങ്ങളുടെ ഉദ്ഗ്രഥനം തന്നെയാണ് കവിതകളിലെ അഭിവ്യാപകമായ പ്രതീയമാനതലം.

# 5.11. ഗർഗ്ഗസംഹിതയും സുഗതകുമാരിക്കവിതയുടെ പശ്ചാത്തലവും

(മ) പ്രേമഭക്തി
(യ) പരിപൂർണ്ണതാസങ്കല്പം
(ര) സ്ത്രീസങ്കല്പം
(റ) തുല്യതാസങ്കല്പം
(ല) പ്രകൃതിസങ്കല്പം

ഗർഗ്ഗസംഹിതയുടെ പ്രത്യക്ഷവും പരോക്ഷവുമായ സ്വാധീനം സുഗതകുമാ രിയുടെ കവിതയിലു്. കൃഷ്ണന്റെ അമാനുഷിക പരിവേഷം നഷ്ടപ്പെടുത്താതെ തന്നെ മനുഷ്യജീവിതത്തിന്റെ സമസ്തഭാവങ്ങളും ഗർഗ്ഗസംഹിത കൃഷ്ണനിൽ സമന്വയിപ്പിച്ചിട്ടു്. അനന്തജീവിത വൈചിത്ര്യങ്ങളുടെ സാകല്യമാണ് ഇതിലെ കൃഷ്ണസങ്കല്പം.

> ''പരിപൂർണ്ണതമൻ സാക്ഷാൽ കൃഷ്ണനാമന്യനില്ലപോൽ
> ഒരു കാര്യത്തിനായ് വന്നു കോടികാര്യങ്ങൾ ചെയ്തവൻ''
>
> (4.13.12)

എന്നിങ്ങനെ ഗർഗ്ഗസംഹിത കാണിച്ചുതരുന്ന, കോടികാര്യങ്ങൾ ചെയ്യാൻ ഉദ്യുക്തനായ, കോടിഭാവങ്ങൾ ഉൾക്കൊള്ളുന്ന കൃഷ്ണനെയാണ് മനുഷ്യമാതൃകയായി ഭാരതീയ ജനത സ്വീകരിച്ചത്. സുഗതകുമാരിക്കവിതകളുടെ അധിഷ്ഠാനം ഈ സങ്കല്പമാണ്.

### (മ) പ്രേമഭക്തി

കൃഷ്ണകവിതകളിലെ ഏതാ് എല്ലാ കവിതകളിലും കൃഷ്ണനോടുള്ള പ്രേമഭാവന കാണാം. നിഷ്കാമഭക്തികൊണ്ട് രാധയും (മറ്റൊരു രാധിക), ഗോപികയും (കൃഷ്ണ നീയെന്നെ അറിയില്ല), ദേവകിയും (അമ്മ), ദാസിയും (എവിടെ നീ), ദേവദാസിയും (ദേവദാസി), മീരയും (വഴിയമ്പലത്തിലെ പാട്ട്) കൃഷ്ണസായൂജ്യം നേടിയത്. വൈഷ്ണവസാഹിത്യം പ്രേമഭക്തി പ്രചരിപ്പിക്കും മുൻപ് ഗർഗ്ഗസംഹിതയിലൂടെ പ്രേമഭക്തി പ്രചാരം നേടിയിരുന്നു.

''പരിപൂർണ്ണതമൻ കൃഷ്ണൻ പുത്രനായ് വന്നുവെങ്കിലോ
ഞങ്ങൾക്കവനിലത്യന്തം <u>പ്രേമഭക്തി</u> ഭവിച്ചിടും''

(1.15.11)

''ഭക്തിക്കു വശ്യൻ ഹരിയാം വ്രജേശൻ
പ്രമാണമായ് ഗ്ഗോപികൾ തന്നെയല്ലോ
ചെയ്തില്ലവർ സാംഖ്യവുമില്ലയോഗം
<u>പ്രേമത്തിനാലപ്പദ</u>മെത്തി നിൽപ്പൂ''

(4.4.15)

''കർത്തവ്യമപ്രേമമതൊന്നു മാത്രം
<u>പ്രേമത്തിനൊത്തൊന്നു</u>മിഹത്തിലില്ല''

(5.4.22)

''തീർത്ഥാടനതപസ്സാംഖ്യയോഗാദികളിൽ ദുർല്ലഭം
ശാശ്വതം നിങ്ങൾതൻഭക്തി പ്രേമഭാവത്തിൽ വന്നതാം''

(5.14.34)

''നിർഗുണം ഭക്തിയുാകും പ്രേമലക്ഷണമൊത്തതായ്
ജ്ഞാനം വിജ്ഞാനമോടൊത്തു വൈരാഗ്യം വന്നുചേർന്നിടും''

(5.16.18)

ഇപ്രകാരം ഗർഗ്ഗഭാഗവതത്തിലെ ഓരോ അദ്ധ്യായത്തിലും പ്രേമഭക്തിയെക്കുറിച്ച് പരാമർശമു്.

### (യ) പരിപൂർണ്ണതാസങ്കല്പം

പൂർണ്ണതയെ പ്രാപിക്കാനുള്ള അപൂർണ്ണജീവിതത്തിന്റെ ത്വര സുഗതകുമാരിയുടെ കവിതകളിലു്. അപൂർണ്ണമായ വ്യക്തിസത്ത പൂർണ്ണതയിൽ ലയിച്ച് നിർവൃതി നേടുന്നു. ഗർഗ്ഗസംഹിത അവതരിപ്പിക്കുന്ന ''പരിപൂർണ്ണതമ''നായ[36] കൃഷ്ണനാണ് കവയിത്രിയുടെ പൂർണ്ണതാസങ്കല്പത്തിന്റെ നിറവ്. പീലി, ശ്യാമമേഘം, നീലനവനീതം, നീലമേഘം പോലിരു കുഞ്ഞിക്കാൽ, മൃത്യു, ഓടക്കുഴൽ, നാദം, ചന്ദനഗന്ധം തുടങ്ങി ഒട്ടേറെ ബിംബകല്പനകളാൽ അവർ കൃഷ്ണസങ്കല്പത്തിന്റെ പൂർണ്ണത ആവിഷ്ക്കരിക്കുന്നു.

### (ര) സ്ത്രീസങ്കല്പം

അഭിമാനധീരയും സ്വയംപൂർണ്ണയും സ്നേഹത്തിനു മുന്നിൽ സ്വയം സമർപ്പിക്കുന്നവളുമായ സ്ത്രീയുടെ ചിത്രം കവയിത്രിയുടെ മനസ്സിലു്. തന്റെ കവിതകളിലെ രാധ/ഗോപികയിൽ ഈ സങ്കല്പം ആരോപിച്ചിരിക്കുന്നു. ഗർഗ്ഗസംഹിത അവതരിപ്പിക്കുന്ന രാധയിൽ കവയിത്രിയുടെ സ്ത്രീസങ്കല്പം പൂർണ്ണമായും ചേർന്നു നില്ക്കുന്നു.

''കൃഷ്ണയ്ക്കും കൃഷ്ണനും കൂപ്പാം രാധയ്ക്കും മാധവന്നുമേ
പരിപൂർണ്ണതമയ്ക്കായും പരിപൂർണ്ണതമന്നുമേ''

(4.20.49)

[36] പരിപൂർണ്ണതമൻ എന്ന സങ്കല്പം ഒന്നാമദ്ധ്യായത്തിൽ വിവരിച്ചിട്ടു്.

''പരസ്പരം ചേർന്നൊരു വിഗ്രഹത്തി-
ലിരിപ്പുകൂപ്പാം ഹരിരാധമാർക്കായ്''

(4.20.52)

''ശ്രീരാധതൻ പരാപ്രേമം മാധവൻ ഹരിതന്നിലേ
തൽസമം വേറെയൊന്നില്ല അദ്വിതീയമതെന്നുമേ''

(6.17.38)

തുടങ്ങിയ ഭാഗങ്ങൾ ഉദാഹരണം.

കൃഷ്ണപ്രണയം ആവോളമനുഭവിച്ചവളാണ് ഗർഗ്ഗസംഹിതയിലെ കൃഷ്ണപത്നിയായ രാധ. മറ്റു പതിനാറായിരത്തെട്ടു ഭാര്യമാർക്കും കിട്ടാത്ത പ്രണയൗന്നത്യം രാധയ്ക്കു ലഭിക്കുന്നു.

''രാധാകുമാരീ ഹൃദയത്തിലാണെൻ
പാദാരവിന്ദങ്ങൾ വസിപ്പുനിത്യം
ഭക്തിപ്രഭാവത്തിലഹർന്നിശംതാൻ
ചലിക്കുകില്ലായതൊരല്പമൊന്നും''

(6.17.35)

എന്നാണ് കൃഷ്ണൻ പറയുന്നത്. ഈ പ്രണയ പൂർണ്ണതയാണ് കവയിത്രി കൂടി ഉൾപ്പെടുന്ന ഭാരതീയ സ്ത്രീസമൂഹം പ്രാപിക്കാനാഗ്രഹിക്കുന്നത്. ഇത്തരമൊരു പ്രണയസങ്കല്പം ഭാരതസ്ത്രീയിൽ ഉൾച്ചേർന്നതുകൊാവാം ഉപാധികളോടുകൂടിയ വർത്തമാനകാലപ്രണയസങ്കല്പം അവളെ തൃപ്തിപ്പെടുത്താത്തത്.

### (൦) തുല്യതാസങ്കല്പം

പ്രകൃതിപുരുഷസങ്കല്പം ഭാരതീയ ചേതനയിൽ ഉൾച്ചേർന്നതാണ്. രാധാ കൃഷ്ണകഥ അതിനെ പ്രതീകവൽക്കരിക്കുകയും പ്രചരിപ്പിക്കുകയും ചെയ്തു. പ്രണയസങ്കല്പത്തിന്റെ ഉദാത്തതയോടൊപ്പം സ്ത്രീപുരുഷന്മാർ പരസ്പരപൂരകങ്ങളാണെന്നും, ഗാർഹസ്ഥ്യത്തിൽ ഇരുവർക്കും തുല്യസ്ഥാനമാണെന്നും ഗർഗ്ഗസംഹിത സ്ഥാപിക്കുന്നു.

''ദുഃഖിക്കരുതു രാധേ നീ നിൻ പ്രീതിക്കെത്തിയിങ്ങുഞാൻ
നാമൊരേയൊരു തേജസ്സാം ജനം രണ്ടു കാൺകിലും''

''പാലിൻ വെളുപ്പിനെപ്പോലെയാണുനാമേതുനേരവും
ഞാനെങ്ങോ നീയുമങ്ങാം വേർപാടില്ല നമുക്കഹോ''

''വേറിട്ടു നമ്മളേക്കാൺമനജ്ഞാനം കൊു കാണ്മതാം''
(മഥുരാഖണ്ഡം)

ഇതു തന്നെയാണ് ഭാരതത്തിലെ വിവാഹമന്ത്രവും ഉൾക്കൊള്ളുന്നത്. കവയിത്രി വിഭാവനം ചെയ്യുന്ന ഗാർഹസ്ഥ്യസങ്കല്പം ഇപ്രകാരത്തിലുള്ളതാണ്. എന്നാൽ വർത്തമാനകാല സ്ത്രീസമൂഹത്തിന് ഇപ്രകാരമൊരു തുല്യത അനുവദിക്കപ്പെടുന്നില്ല. എവിടെയും അവൾ പിൻനിരയിലേക്ക് തള്ളപ്പെടുന്നു. പെൺകുഞ്ഞ് 90, പാദപ്രതിഷ്ഠ, അമ്മ തുടങ്ങി പല കവിതകളിലും സ്ത്രീ ഏറ്റുവാങ്ങുന്ന പീഡനങ്ങളുടെ ചിത്രമു്. വനിതാ കമ്മീഷനുമുന്നിൽ പരാതിയുമായെത്തിയ സ്ത്രീകൾ കവിതയ്ക്കു വിഷയമാവുന്നതും ഈയൊരു പശ്ചാത്തലത്തിലാവാം.[37]

## (ല) പ്രകൃതിസങ്കല്പം

ഗർഗ്ഗഭാഗവതത്തിലെ ''ഗോലോകഖണ്ഡവർണ്ണനം'' എന്ന ഖണ്ഡത്തിന്റെ സ്വാധീനം സുഗതകുമാരിയുടെ കവിതകളിൽ കത്തൊം. ഈ സങ്കല്പം കൃഷ്ണകവിതകളിൽ മാത്രമല്ല പരിസ്ഥിതികവിതകളുൾപ്പെടെ മറ്റെല്ലാ കവിതകളിലും കടന്നുവന്നിട്ടു്. ഗോവർദ്ധനപർവ്വതവും വിരജാനദിയും വൃന്ദാവനവും ഉള്ള ലോകമാണത്. നാനാലങ്കാരഭൂഷിതകളായ ഗോപസുന്ദരിമാരും ഗോക്കളും കാളകളും കിടാങ്ങളും നാനാതരം പക്ഷിമൃഗാദികളും ഉപവനങ്ങളും നികുഞ്ജങ്ങളും അവിടെയു്. രാധാസമേതനായ കൃഷ്ണൻ അവിടെ വാഴുന്നു. ഈ ഗോലോകമാണ് ഭൂമിയിൽ പുനർജ്ജനിച്ചത്.[38] വൃന്ദാവനത്തെക്കുറിച്ച് ഗർഗ്ഗഭാഗവതത്തിൽ ധാരാളം വിവരണങ്ങളു്.

''എല്ലാ വനങ്ങളിൽ വെച്ചു വൃന്ദാവനമതുത്തമം''
(2.1.15)
''വൃന്ദാവനം മാത്രം വൈകുണ്ഠത്തിനു മേലെയാം''
''. . . . . ബൃഹൽസാനു ഗിരികൾക്കു നടുക്കിലായ്
ഇരുപത്തും നാലുമായി ക്രോശം കാടുകളുുപോൽ''
(2.1.18)
''ഗോപർക്കു വിഹരിക്കാനും ഗോവിൻ മേച്ചിലിനായുമേ
ലതാകുഞ്ജം നിറഞ്ഞുള്ള വനം വൃന്ദാവനോത്തമം''
(2.1.19)

37 വനിതാകമ്മീഷൻ എന്ന കവിത.

38 ഈ പ്രബന്ധത്തിന്റെ ഒന്നാമദ്ധ്യായത്തിൽ ഗോലോകം വിവരിച്ചിരിക്കുന്നു.

ഇത്തരമൊരു സങ്കല്പത്തിൽ നിന്നാകാം സുഗതകുമാരിയുടെ പരിസ്ഥിത്യവബോധം രൂപപ്പെട്ടത്. സ്വന്തം മനസ്സിലുള്ള ശ്യാമവനമാണവർ ആഗ്രഹിക്കുന്നത്. അവിടെ നദികൾ വറ്റിവരളുന്നില്ല. പക്ഷികളുടെ പാട്ട് നിലയ്ക്കുന്നില്ല. പശുക്കളും കാളകളും മറ്റ് മിാപ്രാണികളും പീഡനമേൽക്കുന്നില്ല. വന്മരങ്ങൾ തലയറ്റു വീഴുന്നില്ല. ഈ സങ്കൽപ്പത്തിനു മുറിവേൽക്കുമ്പോഴാണ് അവരുടെ പരിസ്ഥിതിക്കവിതകൾ രൂപം കൊള്ളുന്നത്.

സമകാലികസമൂഹത്തിൽ കേരളത്തിന്റെ വനസമ്പത്തും ജലസമ്പത്തും ചൂഷണം ചെയ്യുന്നതു കാണുമ്പോൾ കവിമനസ്സിലുയരുന്ന ചോദ്യങ്ങൾ കവിതയിലൂടെ പുറത്തുവരുന്നു. ഇതേ ചോദ്യങ്ങൾ മറ്റൊരു സന്ദർഭത്തിൽ ഗർഗ്ഗസംഹിതയിലും ഉയരുന്നു്.

> ''എങ്ങാ വൃന്ദാവനം പുണ്യം ദിവ്യദ്രുമലതാകുലം
> പ്രേമത്താൽ തലതാഴ്ത്തിത്താൻ മധുവുാെരു വുമായ്
> പൂവുകൊത്തിപ്പറക്കുമ്പോൾ തലയിൽ കെട്ടുപോലെയായ്
> അന്നം താമരയാർന്നുള്ള യമുനാനദിയെങ്ങുതാൻ?
> പുഷ്പഭാരത്തിനാൽത്താഴ്ന്ന മാധവീലതയെങ്ങുതാൻ
> പ്രേമസ്വരമുതിർത്തീടും പക്ഷിവൃന്ദങ്ങളെങ്ങുതാൻ?
> ലോലാളി കുഞ്ജപുഷ്പങ്ങൾ നികുഞ്ജങ്ങളുമെങ്ങുതാൻ
> പുഷ്പഗന്ധം വഹിച്ചെത്തും മന്ദമാരുതനെങ്ങുതാൻ?
> ഉത്തുംഗ ശൃംഗമാർന്നുള്ള ഗോവർദ്ധനമെങ്ങുതാൻ?
> എങ്ങും പുഷ്പഫലത്തോടെ മൂടും ഗുഹകളെങ്ങുതാൻ?''
>
> (6.18.28–32)

ഇപ്രകാരം പൂർവ്വാർജ്ജിതമായ സംസ്ക്കാരത്തിൽ നിന്നാണ് കവയിത്രിയുടെ പരിസ്ഥിതിക്കവിതകൾ പിറവികൊള്ളുന്നത്. പരിസ്ഥിതിയുടെ നഷ്ടം ഒരു സംസ്ക്കാരത്തിന്റെ നഷ്ടം കൂടിയാവുന്നു.

ഇതിഹാസപുരാണാദികളിൽ നിന്നു രൂപംകൊ സംസ്ക്കാരവും വർത്തമാനകാലാവസ്ഥകളും തമ്മിലുള്ള സംഘർഷമാണ് സുഗതകുമാരിക്കവിതകളുടെ പ്രമേയം.

# ഉപസംഹാരം

കാലാകാലങ്ങളായി ഭാരതീയ ചേതനയിൽ നിലനില്ക്കുന്ന കൃഷ്ണസങ്കല്പത്തിന്റെ വിഭിന്നഭാവങ്ങൾ നിരീക്ഷിക്കുക എന്ന ഗവേഷണലക്ഷ്യം ഏറെക്കുറെ തൃപ്തികരമായി പൂർത്തിയാക്കിയിട്ടു്. കൃഷ്ണസങ്കല്പത്തെ ഗാർഹസ്ഥ്യതലം ഉൾപ്പെടെ പല തലങ്ങളിലുംവെച്ച് അപഗ്രഥിച്ചിട്ടു്. അഞ്ചു ഭാഗങ്ങളായി വിഭജിക്കപ്പെട്ടിട്ടുള്ള പഠനത്തിന്റെ പ്രധാന കണ്ടെത്തലുകൾ ഇപ്രകാരമാണ്.

രാമനും കൃഷ്ണനും ഒരേ സത്തയുടെ ഭിന്നരൂപങ്ങളാണെങ്കിലും വ്യക്തിത്വത്തിന്റെ പ്രത്യേകതയാൽ കൃഷ്ണൻ നിരവധി കലാ-സാഹിത്യരൂപങ്ങളിലും അതുവഴി ജനമനസ്സുകളിലും സ്ഥിരപ്രതിഷ്ഠനേടി. ചുമർച്ചിത്രങ്ങൾ, ശില്പകല, നൃത്തം, സംഗീതം എന്നിവയിലെല്ലാം കൃഷ്ണസങ്കല്പം സ്ഥാനം നേടി. ഒരു പ്രത്യേക കാലഘട്ടത്തിൽ ഭക്തിയെ ചൂഷണം ചെയ്ത്, ഭരണപരമായ കാര്യങ്ങൾക്ക് കൃഷ്ണസങ്കല്പം ഉപയോഗിക്കപ്പെട്ടു.

വേദകാലം മുതൽക്കുതന്നെ കൃഷ്ണനാമം പ്രചാരത്തിലു്. ഭക്തിപ്രസ്ഥാനത്തിന്റെ കാലഘട്ടത്തിൽ കൃഷ്ണസങ്കല്പമാണ് ഏറ്റവും കൂടുതൽ അവതരിപ്പിക്കപ്പെട്ടത്. ഭാരതത്തിലാകമാനം വൈഷ്ണവപ്രസ്ഥാനം ശക്തി പ്രാപിച്ചു. വൈഷ്ണവർ കൃഷ്ണനെ മധുരഭക്തിയുടെ തലത്തിൽ ആവിഷ്ക്കരിച്ചു. രാധാകൃഷ്ണസങ്കല്പം പ്രചാരം നേടി. വൈഷ്ണവർ രാധയുമായി താദാത്മ്യം പ്രാപിച്ചുകൊ് കൃഷ്ണാരാധന ചെയ്തു.

ഭക്തിപ്രസ്ഥാനത്തിന്റെ പ്രചാരം എന്ന രീതിയിലല്ല ഇതിഹാസപുരാണാദികളുടെ വ്യാപനം എന്ന നിലയ്ക്കാണ് മലയാളത്തിൽ രാമ-കൃഷ്ണ ആഖ്യാനങ്ങൾ രൂപപ്പെട്ടത്. പരമാത്മാവിനോടുള്ള അപരിമേയമായ ഭക്തി എന്നതിനേക്കാൾ മാനുഷികഭാവങ്ങൾക്കാണ് പ്രാമുഖ്യം. ഉൽകൃഷ്ടമായ മനുഷ്യമാതൃകകൾ എന്ന വിശേഷണം കൂടി ചേരുന്നവയാണ് ഇവയിലെ നായകസങ്കല്പം. ഭാഷയിൽ രാമനാണ് ആദ്യം സാഹിത്യത്തിനു വിഷയമാകുന്നതെങ്കിലും പിൽക്കാലത്ത് പ്രചാരം നേടിയത് കൃഷ്ണനാണ്. മനുഷ്യജീവിതത്തിന്റെ ക്രമാനുഗതമായ വളർച്ചയും ഗാർഹസ്ഥ്യതലവും കൃഷ്ണസങ്കല്പത്തിൽ ആരോപിച്ചിട്ടു്.

ആധുനികകവികൾ കൃഷ്ണസങ്കല്പം ഉപയോഗിച്ചത് ഭക്തിയുടെ തലത്തിൽ നിന്നുകൊല്ല. ഇതിഹാസപുരാണ കഥാപാത്രങ്ങളെയും ചിലപ്പോൾ കഥാസന്ദർഭങ്ങൾ തന്നെയും അവർ ബിംബകല്പനയ്ക്കായുപയോഗിച്ചു. ഇപ്രകാരം വർത്തമാനകാലത്തോട് ഇണക്കിച്ചേർക്കാവുന്ന കഥാപാത്രമാണ് കൃഷ്ണൻ.

കൃഷ്ണനിലൂടെ ഗ്രാമീണസൗന്ദര്യത്തിലേക്ക് സൗഹൃദയത്വത്തെ നയിക്കുന്ന കവിതകളാണിവ. അതിനാൽത്തന്നെ ഗ്രാമീണതയുടെ തിരോധാനം നമ്മെ പിടിച്ചുലക്കുന്നു. പ്രകൃതിബോധവത്ക്കരണം ഈ കവിതകളിൽ സാധിക്കുന്ന രീതിയിതാണ്. കൃഷ്ണസങ്കല്പം ഉൾക്കൊള്ളുന്ന ഓരോ വ്യക്തിയുടേയും കാഴ്ചപ്പാടിൽ കൃഷ്ണചൈതന്യം ഭിന്നരൂപങ്ങൾ കൈക്കൊള്ളുന്നു. ആദിപ്രരൂപം എന്ന തലത്തിലും കൃഷ്ണസങ്കല്പം കവിതകളിലുപയോഗിച്ചു. വീരനായകനായും, ശിശുപ്രരൂപമായും രക്ഷകപ്രരൂപമായും വ്യത്യസ്ത സന്ദർഭങ്ങൾക്കിണങ്ങുന്ന കാവ്യബിംബമായി കൃഷ്ണൻ സ്വീകരിക്കപ്പെട്ടു.

സാമാന്യനിരീക്ഷണത്തിൽ സുഗതകുമാരിയുടെ കവിതകളെ മൂന്നു വിഭാഗത്തിലുൾപ്പെടുത്താം. സ്ത്രീപക്ഷകവിതകൾ, പരിസ്ഥിതിക്കവിതകൾ, കൃഷ്ണകവിതകൾ എന്നിവയാണവ. മൂന്നു വിഭാഗങ്ങൾ കത്തൊമെങ്കിലും ഇതിഹാസപുരാണാദികളുടെ അടിസ്ഥാനത്തിലാണ് ഇവ മൂന്നും നിലനില്ക്കുന്നത്.

ഗർഗ്ഗസംഹിതയിൽ മാത്രമാണ് കൃഷ്ണന് ''പരിപൂർണ്ണതമൻ'' എന്ന വിശേഷണം കാണുന്നത്. പൂർണ്ണതാ സങ്കല്പം കവയിത്രിയെ ആകർഷിച്ചിട്ട്. പൂർണ്ണതയ്ക്കു മുന്നിൽ സർവ്വവും സമർപ്പിക്കാനുള്ള അപൂർണ്ണാത്മാവിന്റെ ത്വര പല കവിതകളിലും ചിത്രികരിച്ചിരിക്കുന്നു. മരണത്തെപ്പോലും പൂർണ്ണതയിലുള്ള ലയനമായി കാണാൻ കവയിത്രിക്കു കഴിയുന്നു. കാല്പനികകവിതയുടെ സവിശേഷതകൾ പൂർണമായും ഇണങ്ങുന്നവയാണ് കൃഷ്ണകവിതകൾ. കുട്ടിക്കാലത്തിന്റെയും ഏകതയുടെയും പൂർണ്ണതയുടേയും, മരണത്തിന്റെയും പ്രതീകമായി കൃഷ്ണനെ കല്പിച്ചിരിക്കുന്നു. പ്രതീകാത്മകതയുടെ ഉദ്ഗ്രഥനമാണ് കാല്പനിക കവിതകൾ എന്ന നിരീക്ഷണത്തെ ബിംബസമുച്ചയം സാധൂകരിക്കുന്നത് വിശദമാക്കാം കഴിഞ്ഞിട്ട്.

പരമമായ പ്രേമമാണു ഭക്തി. ഭൗതികകാമനകളെ സംസ്ക്കരിച്ച് ഈശ്വരോന്മുഖമാക്കുമ്പോൾ പ്രേമഭക്തി ജനിക്കുന്നു. ഒരു നാണയത്തിന്റെ രുവശങ്ങളാണ് പ്രേമവും ഭക്തിയും. കൃഷ്ണസങ്കല്പത്തിലധിഷ്ഠിതമായ പ്രേമഭക്ത്യാവിഷ്ക്കാരം സുഗതകുമാരിയുടെ കവിതകളിലു്.

സുഗതകുമാരിയുടെ കവിതകളിൽ കൃഷ്ണനോളം പ്രാധാന്യം രാധയ്ക്കുമു്. വിഭിന്ന ഭാവങ്ങളാണ് രാധയ്ക്ക് കല്പിക്കപ്പെട്ടിരിക്കുന്നത്. കവിസ്വത്വം പലപ്പോഴും രാധയുമായി താദാത്മ്യം പ്രാപിക്കുന്നു. ചില കവിതകളിൽ (ദേവദാസി, കൃഷ്ണ, നിയെന്നെയറിയില്ല). അവൾ പ്രണയത്തിനു മുന്നിൽ സമ്പൂർണ്ണസമർപ്പണം നടത്തുന്നവളാണ്. ഉൽക്കർഷാപകർഷഭാവങ്ങൾ രാധയിൽ ഒരേ സമയം

പ്രകടമാവുന്നു. വർത്തമാനകാല സ്ത്രീസങ്കല്പത്തിന്റെ ചിത്രീകരണമാണ് രാധയെന്ന പുരാണകഥാനായികയുടെ പുനരാവിഷ്കാരത്തിലൂടെ സുഗതകുമാരി സാധിക്കുന്നത്. ഏറ്റവും പുതിയ മനഃശാസ്ത്രസങ്കല്പനങ്ങളുടെ അടിസ്ഥാനത്തിൽ വിശകലനം ചെയ്യേതാണ് രാധയെന്ന കഥാപാത്രം.

ഭാരതീയ സാഹിത്യത്തെയും സംസ്ക്കാരത്തേയും വലിയൊരളവിൽ സ്വാധീനിച്ച കാവ്യമാണ് ഗീതഗോവിന്ദം. ഇതിന്റെ പ്രകടമായ സ്വാധീനം കൃഷ്ണകവിതകളിലു്. ആശയതലത്തിൽ മാത്രമല്ല പദതലത്തിലും ഈ സ്വാധീനം കാണുന്നു.

ആദിപ്രരൂപങ്ങളുടേയും മിത്തുകളുടേയും പുരാണേതിഹാസങ്ങളുടേയും പ്രാഗ്സ്മരണകളുടേയും ആധൂനിക പുനരാവിഷ്ക്കാരം കവിതകളിൽ കത്തൊൻ കഴിഞ്ഞിട്ടു്.

# ഗ്രന്ഥസൂചി


അക്ബർ കക്കട്ടിൽ, **സർഗ്ഗസമീക്ഷ** (കോട്ടയം: ഡി. സി. ബുക്സ്, 1993).

അച്യുതനുണ്ണി ചാത്തനാത്ത്, **ഭക്തിപ്രസ്ഥാനം ഭാരതീയ പശ്ചാത്തലത്തിൽ** (തൃശൂർ: കറന്റ് ബുക്സ്).

അപ്പൻ തമ്പുരാൻ, **തെരഞ്ഞെടുത്ത പ്രബന്ധങ്ങൾ** (തൃശൂർ: കേരള സാഹിത്യ അക്കാദമി, 1989).

അയ്യപ്പപ്പണിക്കർ, **അയ്യപ്പപ്പണിക്കരുടെ കൃതികൾ ഭാഗം ർ** (കോട്ടയം: ഡി. സി. ബുക്സ്, 1994).

ആന്റണി മുനിയറ, **പ്രണയവും മൃത്യുബോധവും മലയാളകവിതയിൽ** (തൃശൂർ: കേരളസാഹിത്യ അക്കാദമി, 1997).

ആൾ പാടിയ തിരുപ്പാവൈ, വിവ: ഉള്ളൂർ എം. പരമേശ്വരൻ (തൃശൂർ: കേരളസാഹിത്യ അക്കാദമി, 1986).

ഇന്ദിര, കെ. കെ, **കവിതയും സാമൂഹിക പരിവർത്തനവും** (തിരുവനന്തപുരം: കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, 1992).

ഉണ്ണിക്കിടാവ്. കെ, **സംഘകാലകൃതികളിലെ തമിഴ്സംസ്ക്കാരം** (തൃശൂർ: കേരളസാഹിത്യ അക്കാദമി, 2007).

എഴുത്തച്ഛൻ, **അദ്ധ്യാത്മരാമായണം കിളിപ്പാട്ട്** (തൃശൂർ: കേരളസാഹിത്യ അക്കാദമി, 1977).

——————— **ശ്രീ മഹാഭാരതം കിളിപ്പാട്ട്** (കോട്ടയം: എസ്.പി.സി.എസ്, 1978).

——————— **ശ്രീ മഹാഭാഗവതം കിളിപ്പാട്ട്** (കോട്ടയം: എസ്.പി.സി.എസ്, 1978).

എഴുത്തച്ഛൻ. കെ. എൻ, **തെരഞ്ഞെടുത്ത പ്രബന്ധങ്ങൾ** (തൃശൂർ: കേരളസാഹിത്യ അക്കാദമി, 1990).

കരുണാകരൻ നായർ വെള്ളാട്ട്, **നാരദഭക്തിസൂത്രം, വ്യാഖ്യാനം**-് (പുറനാട്ടുകര: ശ്രീരാമകൃഷ്ണമഠം, 1988).

കുര്യാസ്, **മൃത്യുബോധം മലയാളകവിതയിൽ** (ഭരണങ്ങാനം: ജീവൻ ബുക്സ്, 1988).

കുലശേഖര ആൾവാർ, **പെരുമാൾ തിരുമൊഴി** (കോട്ടയം: ഡി. സി. ബുക്സ്, 2001).

കുറുപ്പ്, ഒ. എൻ. വി, **ഒ. എൻ. വി. യുടെ കവിതകൾ** (കോട്ടയം: ഡി. സി. ബുക്സ്, 2001).

കുഞ്ചൻ നമ്പ്യാർ, **ശ്രീകൃഷ്ണചരിതം മണിപ്രവാളം** (കോട്ടയം: ഡി. സി. ബുക്സ്, 1996).

കൃഷ്ണക്കൈമൾ അയ്മനം, **കൃഷ്ണദർശനം** (തൃശൂർ: കറന്റ് ബുക്സ്, 1984).

കൃഷ്ണപിള്ള ചങ്ങമ്പുഴ, **ദേവഗീത** (തൃശൂർ: മംഗളോദയം, 1961).

—————, **ചങ്ങമ്പുഴയുടെ പദ്യകൃതികൾ ഭാഗം ഒന്ന്** (കോട്ടയം: എൻ. ബി. എസ്, 1990).

കൃഷ്ണപിള്ള. എൻ, **കൈരളിയുടെ കഥ** (കോട്ടയം: എസ്.പി.സി.എസ്, 1975).

**ഗർഗ്ഗസംഹിത,** വിവർത്തനം – വൈദ്യമഠം നാരായണൻ നമ്പൂതിരി (ചെങ്ങന്നൂർ: നിത്യഭാരതി ബുക്സ്, 2002).

ഗോപാലകൃഷ്ണൻ പി. കെ, **കേരളത്തിന്റെ സാംസ്ക്കാരിക ചരിത്രം** (തിരുവനന്തപുരം: കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, 1974).

ഗോവിന്ദൻനായർ ഇടശ്ശേരി, **ഇടശ്ശേരിയുടെ കവിതകൾ** (കൊച്ചി: ഇടശ്ശേരി പബ്ലിക്കേഷൻസ്, 1996).

ഗോവിന്ദൻനായർ വി. കെ, **വി. കെ. ഗോവിന്ദൻനായരുടെ സമ്പൂർണ്ണകൃതികൾ** (തൃശൂർ: കേരളസാഹിത്യ അക്കാദമി, 1998).

ചന്ദ്രശേഖരൻ മേലത്ത്, **ഒറ്റയൊറ്റ ഇതളുകൾ** (കോഴിക്കോട്: ലിപി പബ്ലിക്കേഷൻസ്).

ചെറുശ്ശേരി, **കൃഷ്ണഗാഥ, പി. കെ. നാരായണപിള്ളയുടെ അവതാരിക** (കോട്ടയം: എസ്.പി.സി.എസ്, 1974).

**ഛാന്ദോഗ്യോപനിഷത്ത്, വ്യാഖ്യാനം മൃഡാനന്ദ** (പുറനാട്ടുകര: ശ്രീരാമകൃഷ്ണമഠം, 1982).

ജയദേവൻ, **ഗീതഗോവിന്ദം** (കൊടുങ്ങല്ലൂർ: ദേവി ബുക്സ്റ്റാൾ).

ജോർജ്. കെ. എം. എഡി: **സാഹിത്യചരിത്രം പ്രസ്ഥാനങ്ങളിലൂടെ** (കോട്ടയം: എസ്.പി.സി.എസ്, 1984).

————— **തമിഴ് സാഹിത്യചരിത്രം** (തൃശൂർ: കേരളസാഹിത്യ അക്കാദമി, 1977).

ജ്ഞാനേശ്വരി – **ഭഗവദ്ഗീതയുടെ ജ്ഞാനേശ്വരഭാഷ്യം ഭാവാർത്ഥദീപിക**, വിവ: ചന്ദ്രശേഖരൻപിള്ള. എം. പി. (ഗീതാ പ്രചാരണ പ്രതിഷ്ഠാൻ, 1997).

തരകൻ. കെ. എം, **അന്വേഷണപഥങ്ങൾ** (കോട്ടയം: എൻ. ബി. എസ്, 1993).

**തുഞ്ചൻ പ്രബന്ധങ്ങൾ** (തൃശൂർ: കേരളസാഹിത്യ അക്കാദമി).

ദാമോദർ ധർമാനന്ദ് കൊസാംബി, **ഒൃവേ മിറ ഞലമഹശ്യേ ഇന്ത്യൻ സംസ്ക്കാരത്തിന്റെ രൂപീകരണത്തെക്കുറിച്ചുള്ള പഠനങ്ങൾ.**

വിവ: രാജൻ ഗുരുക്കൾ, ഭാസുരേന്ദ്രബാബു, ഗോവിന്ദപ്പിള്ള. പി. (കോഴിക്കോട്: സൈലൻസ് ദി പ്രിന്റിംഗ് പീപ്പിൾ, 1999).

ദാമോദരൻ കെ, **ഭാരതീയ ചിന്ത** (തിരുവനന്തപുരം: കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, 1998).

ദേവിക.ജെ, നവസിദ്ധാന്തങ്ങൾ– സ്ത്രീവാദം (കോട്ടയം: ഡി.സി.ബുക്സ്, 2000).

ധനുമാസചന്ദ്രിക, **തിരുവാതിരപ്പാട്ടുകൾ,** സമാഹരണം-സന്ധ്യാദേവി. എസ്. (ചെങ്ങന്നൂർ: റെയിൻബോ പബ്ലിക്കേഷൻസ്, 2002).

നമ്പൂതിരി. എൻ. എം, **കേരളസംസ്ക്കാരം– അകവും പുറവും** (കാലിക്കറ്റ്: യൂണിവേഴ്സിറ്റി കോ-ഓപ്പറേറ്റീവ് സ്റ്റോർ).

———————— **അർത്ഥാന്തരങ്ങൾ** (കാലിക്കറ്റ്: യൂണിവേഴ്സിറ്റി കോ-ഓപ്പറേറ്റീവ് സ്റ്റോർ, 1999).

നാരായണൻ. കെ. സി, **മലയാളിയുടെ രാത്രികൾ** (കോട്ടയം: ഡി.സി.ബുക്സ്, 2004).

നാരായണക്കുറുപ്പ്. പി, **കാവ്യബിംബം ഹിന്ദിയിലും മലയാളത്തിലും** (തിരുവനന്തപുരം: കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, 1988).

**ഋഗ്വേദം, ഭാഷാഭാഷ്യം**, നാരായണൻ നമ്പൂതിരിപ്പാട് ഒ. എം. സി. (തൃശൂർ: വടക്കെമഠം ബ്രഹ്മസ്വം, കൈരളി പ്രസ്).

നാരായണഭട്ടതിരി മേല്പത്തൂർ, **നാരായണീയം** (തൃപ്പൂണിത്തുറ: ഗവ: സംസ്കൃത കമ്മിറ്റി, 1989).

നാരായണഭട്ടതിരി. വി.കെ, **വേദസന്ദേശം** (തൃശൂർ: കേരളസാഹിത്യ അക്കാദമി, 1993).

നാരായണമേനോൻ വള്ളത്തോൾ, **സാഹിത്യമഞ്ജരി ഒന്നാംഭാഗം** (വള്ളത്തോൾ ഗ്രന്ഥാലയം, 1970).

നിത്യചൈതന്യയതി, **പ്രേമവും ഭക്തിയും** (തൃശൂർ: കറന്റ് ബുക്സ്, 2003).

നീലകണ്ഠശാസ്ത്രി. കെ. എം, **ദക്ഷിണഭാരതചരിത്രം,** വിവ: എം. ദിവാകരൻ (തിരുവനന്തപുരം: കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, 1975).

പരമേശ്വരൻപിള്ള എരുമേലി, **മലയാള സാഹിത്യം കാലഘട്ടങ്ങളിലൂടെ** (തൃശൂർ: കറന്റ് ബുക്സ്, 2003).

പരമേശ്വരൻ നായർ. പി. കെ, **മലയാള സാഹിത്യ ചരിത്രം** (ഡൽഹി: കേന്ദ്രസാഹിത്യ അക്കാദമി, 1989).

**പൂന്താന സർവ്വസ്വം**, സമ്പാ: ഡോ. വി. എസ്. ശർമ്മ (ഗുരുവായൂർ: ദേവസ്വം പ്രസിദ്ധീകരണം. 1999).

പുരുഷോത്തമൻ ചെറുകുന്നം, **പൂന്താനവും ഭക്തിപ്രസ്ഥാനവും** (തിരുവനന്തപുരം: കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, 1992).

പ്രഭാവർമ്മ, **സൗപർണ്ണിക** (കോട്ടയം: ഡി. സി. ബുക്സ്, 1990).

**ഭാഷാഭഗവദ്ഗീത** വ്യാഖാനം പ്രൊഫസർ ആനന്ദക്കുട്ടൻ എം. എ. (കോട്ടയം: എസ്.പി.സി.എസ്, 1993).

**ഭഗവദ്ഗീത-ശിവാരവിന്ദം മഹാഭാഷ്യം,** പ്രൊ: ജി. ബാലകൃഷ്ണൻനായർ (തിരുവനന്തപുരം: കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, 1995).

ഭാർഗ്ഗവൻപിള്ള. ജി, **പാണപ്പാട്ടുകൾ** (തിരുവല്ല: സാഹിത്യവേദി, 1961).

ബിറിഞ്ചികുമാർ ബറുവ, **ആസ്സാമിയ സാഹിതൃചരിത്രം**, വിവ: ഇ. കെ. പുരുഷോത്തമൻ (ന്യൂഡൽഹി: സാഹിത്യ അക്കാദമി, 1972).

മുകുന്ദൻ എൻ. **കിളിപ്പാട്ട്** (തിരുവനന്തപുരം: കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, 1991).

———————— **ഗാഥ** (തിരുവനന്തപുരം: കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, 1991).

മീനാക്ഷി സുന്ദരൻ. ടി.പി, **തമിഴ് സാഹിത്യ ചരിത്രം** (തിരുവനന്തപുരം: കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, 1974).

യൂസഫലി കേച്ചേരി, **കവിതാസർവ്വസ്വം** (കോഴിക്കോട്: പൂർണ്ണ പബ്ലിക്കേഷൻസ്, 2004).

രാജൻഗുരുക്കൾ, രാഘവവാരിയർ, **മിത്തും സമൂഹവും** (കോഴിക്കോട്: ജാലകം പബ്ലിക്കേഷൻസ്. പേരാമ്പ്ര, 1994).

രാധാകൃഷ്ണൻ. എസ്, **ഭാരതീയ ദർശനം വാള്യം 1, വാള്യം 2.** വിവ: ടി. നാരായണൻ നമ്പീശൻ (കോഴിക്കോട്: മാതൃഭൂമി പബ്ലിക്കേഷൻസ്, 1996).

ലീലാവതി. എം, **ആദിപ്രരൂപങ്ങൾ സാഹിതൃത്തിൽ ഒരു പഠനം**, (തിരുവനന്തപുരം: കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, 1993).

———————— **മലയാളകവിതാ സാഹിത്യ ചരിത്രം** (തൃശൂർ: കേരളസാഹിത്യ അക്കാദമി, 1996).

വാരിയർ രാമപുരത്ത്, **കുചേലവൃത്തം വഞ്ചിപ്പാട്ട്** (കോട്ടയം: എസ്.പി.സി.എസ്, 1985).

———————— **ഭാഷാഷ്ടപദി** (തൃശൂർ: കേരളസാഹിത്യ അക്കാദമി, 1990).

വീരേന്ദ്രകുമാർ. എം. പി. **ഹൈമവതഭൂവിൽ** (മാതൃഭൂമി ഗ്രന്ഥവേദി, 2008).

വേണുഗോപാൽ. കെ. എം. സിംബലിസം മലയാളകവിതയിൽ (കോട്ടയം: ഡി. സി. ബുക്സ്, 2001).

വേലായുധൻപിള്ള.വി, **മധ്യകാല മലയാളം** (കോട്ടയം: എൻ. ബി. എസ്, 1982).

ശശിഭൂഷൺ. എം. ജി, **കേരളത്തിലെ ചുവർച്ചിത്രങ്ങൾ** (തിരുവനന്തപുരം: കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, 2000).

ശ്രീകുമാരി രാമചന്ദ്രൻ, **മീര- ഭക്തമീരയുടെ ജീവിതം (**മാതൃഭൂമി ഗ്രന്ഥവേദി, 2006).

ശ്രീധരമേനോൻ വൈലോപ്പിള്ളി, **വൈലോപ്പിള്ളി സമ്പൂർണ്ണകൃതികൾ** (തൃശൂർ: കറന്റ് ബുക്സ്, 2001).

ശ്രീവത്സൻ. ടി, **നവസിദ്ധാന്തങ്ങൾ, മനോവിശ്ലേഷണം** (കോട്ടയം: ഡി. സി. ബുക്സ്, 2000).

**ശ്രീമദ് ഭാഗവതം, വ്യാഖ്യാനം**. വൈശ്രവണത്തുരാമൻ നമ്പൂതിരി ഭാഗം 2,3,4 (ശ്രീഗുരുവായൂരപ്പൻ സങ്കീർത്തന ട്രസ്റ്റ്).

സുകുമാർ സെൻ, **ബംഗാളി സാഹിത്യചരിത്രം.** വിവ: എ. ജി. കൃഷ്ണവാര്യർ (കോട്ടയം: എസ്. പി. സി. എസ്. 1966).

സുധാംശു ചതുർവേദി, **ഹിന്ദി സാഹിത്യചരിത്രം** (തൃശൂർ: ഗീത പബ്ലിക്കേഷൻസ്, 1995).

സുധീഷ്. വി. ആർ, **മലയാളത്തിന്റെ പ്രണയകവിതകൾ** (കോഴിക്കോട്: മൾബെറി പബ്ലിക്കേഷൻസ്, 1993).

സുരേന്ദ്രൻ. പി, രാസലീല, **ഗീതഗോവിന്ദത്തിന്റെ ഗദ്യപരിഭാഷ** (കോഴിക്കോട്: മൾബെറി പബ്ലിക്കേഷൻസ്, 1992).

സുവർണ്ണ നാലപ്പാട്ട്, **സുധാസിന്ധു- ഉപനിഷദ് സ്വാദ്ധ്യായം** (തൃശൂർ: ഡി. സി. ബുക്സ്, 2003).

ഹൃദയകുമാരി. ബി. **കാല്പനികത** (കോട്ടയം: ഡി. സി. ബുക്സ്, 1990).

Anand, K. Coomaraswamy and Sister Nivedita, **Myths of the Hindus and Budhists** (New York: Dover Publications).

ASP Ayyer, **Srikrishna The darling of Humanity.** (Bombay: Bharatiya Vidya Bhavan, 1984).

Basham, A.L., **The origins and Development of Classical Hinduism** (Oxford University Press, 1989).

Bhattacharya, S.C., **Vaishnavism in Eastern India** (Calcutta: Firma KLM, 1995).

Damodar Dharmanand Kosambi, **Myth and reality** (Bombay: Popular Prakashan, 1994).

Edouard Schure; **Krishna and Orpheus** (Varanasi: Rishi Publications).

Moura Corcoran, **Vrindavana in Vaishnava Literature** (Vrindavana Research Institute, Vrindavan, 1995).

Majumdar, R.C. (General Editor). **The History and Culture of the Indian People. The Classical Age**. (Bombay: Bharatiya Vidya Bhavan, 1962).

Paticia Beardsworth, **Larousse World Mythology** (Hamlyn Publishing Group, 1965).

Venkata Ramanappa, M.N. **Out lines of South Indian History**. (Vikas Publishing House).

**Mythologies of Ancient India**. Edited with an introduction by Kramer Noah Samuel (Anchor Books, 1961).

**ആനുകാലികങ്ങൾ**

ബാനർജി, ഇ., 'ഇനി ഞാൻ ഉറങ്ങട്ടെ-മിത്തിന്റെ ദർശനസാഫല്യം' വിജ്ഞാനകൈരളി ലക്കം 6 (ജൂൺ, 1998).

ബാബൂചെറിയാൻ, 'Northrop frye' എഴുതിയ 'Myth, fiction and Displacement എന്ന പ്രബന്ധത്തിന്റെ ഭാഗികവിവർത്തനം'

ഭാഷാപോഷിണി 9.45 (ഡിസംബർ 85, മാർച്ച് 86).

മാധവമേനോൻ ബി, 'ശ്രീകൃഷ്ണനും ചരിത്രപശ്ചാത്തലവും'

മാതൃഭൂമി ആഴ്ചപ്പതിപ്പ് 62.22 (ആഗസ്റ്റ് 12–18, 1984).

വേണുഗോപാൽ കെ.എം., 'മിത്ത്-ദർശനവും മന:ശാസ്ത്രവും'

മലയാളസാഹിതി 2.12 (ഏപ്രിൽ – ജൂൺ, 1988).

ശങ്കുണ്ണിനായർ, എം.പി. 'കൃഷ്ണഗാഥയും ഉന്തിപ്പാട്ടും'

മാതൃഭൂമി ആഴ്ച്ചപ്പതിപ്പ് 51.18 (ജൂലൈ 15, 1973).

ഷാജി, എസ്, 'മലയാള കാല്പനിക പ്രസ്ഥാനം'

ഭാഷാപോഷിണി, (സെപ്റ്റംബർ, 1996.)

## സുഗതകുമാരിയുടെ കൃതികൾ

മുത്തുച്ചിപ്പി (കോഴിക്കോട് : മാതൃഭൂമി പബ്ലിക്കേഷൻസ്, 1961).

സ്വപ്നഭൂമി (കോട്ടയം എസ്.പി.സി.എസ്, 1965).

പാതിരാപ്പൂക്കൾ (കോട്ടയം എൻ. ബി. എസ്, 1967)

പാവം മാനവഹൃദയം (കോട്ടയം എസ്. പി. സി. എസ്, 1968)

ഇരുൾച്ചിറകുകൾ (കോട്ടയം എൻ, ബി.എസ്, 1969).

അമ്പലമണി (കോട്ടയം, എസ്.പി.സി.എസ്, 1981)

രാത്രിമഴ (കോട്ടയം എൻ. ബി. എസ്, 1982)

കുറിഞ്ഞിപ്പൂക്കൾ (കോട്ടയം, എൻ. ബി. എസ്, 1987)

തുലാവർഷപ്പച്ച (കോട്ടയം, ഡി.സി. ബുക്സ്, 1991)

രാധയെവിടെ? (കോട്ടയം ഡി.സി. ബുക്സ്, 1995)

കൃഷ്ണകവിതകൾ (കോട്ടയം, ഡി.സി. ബുക്സ്, 1996)

ദേവദാസി (കോട്ടയം ഡി.സി. ബുക്സ്, 2000)

# സുഗതകുമാരിയുടെ കവിതകളിലെ കൃഷ്ണസങ്കല്പം

സ്മിതാദാസ് ടി.വി.

# സുഗതകുമാരിയുടെ കവിതകളിലെ കൃഷ്ണസങ്കല്പം

ഭാരതീയസംസ്ക്കാരത്തിലും സാഹിത്യത്തിലും കൃഷ്ണസങ്കല്പം സ്വാധീനം ചെലുത്തിയിട്ട്. ഭാഗവതം, ഭഗവദ്ഗീത, മഹാഭാരതം തുടങ്ങിയവ വ്യത്യസ്തമായ കൃഷ്ണസങ്കല്പാവിഷ്ക്കാരങ്ങൾ ഉൾക്കൊള്ളുന്നു. ഭാഗവതത്തിൽ വിഷ്ണുവിന്റെ പൂർണ്ണാവതാരമായ കൃഷ്ണനെ വാഴ്ത്തുന്നു. ഗീതയിലെ സർവ്വപ്രധാനമായ തത്ത്വം പരബ്രഹ്മമാണ്. സമസ്തജഗത്തിന്റെയും ചൈതന്യമാണ് പരമാത്മാവായ കൃഷ്ണൻ. മഹാഭാരതത്തിലെ കൃഷ്ണന് വ്യത്യസ്തമായ മറ്റൊരു മുഖമാണ്. കുരുക്ഷേത്രയുദ്ധം നിയന്ത്രിക്കുന്നത്, ആയുധമെടുക്കില്ലെന്നു പ്രഖ്യാപിച്ച കൃഷ്ണനാണ്.

കൃഷ്ണസങ്കല്പം പിൽക്കാല സാഹിത്യത്തെ സ്വാധീനിച്ചിട്ട്. ഭാരതമൊട്ടാകെ നിലനിന്ന ബൃഹദ്പാരമ്പര്യം പ്രാദേശികസംസ്കൃതികളെ സ്വാധീനിച്ചു. കൃഷ്ണകഥകളുടെ നിരവധി ദേശ്യഭേദങ്ങൾ പ്രചരിച്ചു. മലയാള കവിതയിൽ വിവിധകവികൾ വ്യത്യസ്തരൂപഭാവങ്ങളിൽ കൃഷ്ണനെ പുനരാവിഷ്ക്കരിക്കുന്നു. കൃഷ്ണസങ്കല്പം കവികളിലും അതുവഴി സമൂഹചേതനയിലും ചെലുത്തിയ സ്വാധീനം പഠനാർഹമാണ്.

മലയാളകവിതയിലെ കൃഷ്ണസങ്കല്പത്തെക്കുറിച്ച് വിപുലമായ പഠനങ്ങൾ നടന്നിട്ടില്ല. ഒട്ടേറെ മലയാളകവികൾ കൃഷ്ണസങ്കല്പം കവിതയ്ക്കുവിഷയമാക്കിയിട്ട്. ആധുനികകവികളിൽ പലരും കൃഷ്ണനെ പ്രതീകമായി ഉപയോഗിച്ചിട്ട്. ഇവരിൽ ശ്രദ്ധേയയാണ് സുഗതകുമാരി. പൊതുവായ പ്രത്യേകതകൾ കാണാമെങ്കിലും കൃഷ്ണസങ്കല്പത്തിന്റെ ഭിന്നഭാവങ്ങൾ അവരുടെ കവിതയിൽ കാണുന്നു. ഭക്തിപാരമ്പര്യവും ആദിരൂപങ്ങളുടെ സ്വാധീനവും പ്രേമഭക്തിയും കവിതകളിലു്.

സുഗതകുമാരിയുടെ കവിതകളിലെ കൃഷ്ണസങ്കല്പത്തെക്കുറിച്ചുനടത്തിയ പഠനം അഞ്ച് ഭാഗങ്ങളായി വിഭജിച്ചിരിക്കുന്നു.

''ഭാരതീയസംസ്ക്കാരവും കൃഷ്ണസങ്കല്പവുമാണ് ഒന്നാം അദ്ധ്യായം. കൃഷ്ണസങ്കല്പത്തിന്റെ വർത്തമാനകാല പ്രസക്തി, രാമ, കൃഷ്ണസങ്കല്പവും അവയുടെ പ്രത്യേകതകളും, കൃഷ്ണസങ്കല്പത്തിന്റെ ഗാർഹസ്ഥ്യതലം, ഗർഗ്ഗസംഹിതയും കൃഷ്ണസങ്കല്പത്തിന്റെ നൂതനാവിഷ്ക്കാരവും, പ്രാദേശികസംസ്ക്കാരം

എന്നിവ ഒന്നാമദ്ധ്യായത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നു. കൃഷ്ണസങ്കല്പത്തിനുായ പ്രധാന്യവും അതിന്റെ വ്യാഖ്യാനഭേദങ്ങളും കത്തൊൻ ശ്രമിച്ചിട്ടു്. ഭരണകർത്താക്കൾ ഭക്തിയെ ചൂഷണം ചെയ്യുന്നതും കൃഷ്ണൻ അതിനുള്ള ഉപകരണമാവുന്നതും പരാമർശിച്ചിട്ടു്.

ഭക്തിസങ്കല്പവും ഭക്തിസാഹിത്യവുമാണ് രാം അദ്ധ്യയം. ഭക്തിസങ്കല്പം, ഭക്തിപ്രസ്ഥാനം, വൈഷ്ണവസാഹിത്യം, മധുരഭക്തി എന്നീ ഖണ്ഡങ്ങൾ ഇതിലുൾപ്പെടുന്നു. ഭക്തിയുടെ തലത്തിൽ നിന്നാണ് കൃഷ്ണസങ്കല്പം രൂപം പ്രാപിച്ചുവരുന്നത്. ഇത് ആദ്യഖണ്ഡത്തിൽ വ്യക്തമാക്കുന്നു. ഭാരതത്തിലുടനീളം ശക്തിയാർജ്ജിച്ച ഭക്തിപ്രസ്ഥാനത്തെക്കുറിച്ച് രും മൂന്നും ഖണ്ഡങ്ങളിൽ പരാമർശിക്കുന്നു. വൈഷ്ണവസമുദായത്തിലെ ആരാധനമൂർത്തിയാണ് കൃഷ്ണൻ. കൃഷ്ണനെക്കുറിച്ചുള്ള കാവ്യങ്ങളാണ് വൈഷ്ണവസാഹിത്യത്തിലേറെയും. ഇത് നാലാം ഖണ്ഡത്തിൽ ഉൾപ്പെടുന്നു. മധുരഭക്തിക്കു വിഷയമാവുന്നത് കൃഷ്ണസങ്കല്പമാണ്. വൈഷ്ണവസാഹിത്യത്തിലാണ് ഈ വിഭാഗത്തിൽപ്പെട്ട കൃതികൾ കാണുന്നത്. ഇതിനെക്കുറിച്ചുള്ള സാമാന്യനീരിക്ഷണമാണ് അഞ്ചാംഖണ്ഡം.

'ഭക്തിസാഹിത്യം മലയാളത്തിൽ' എന്ന മൂന്നാമദ്ധ്യായത്തിൽ ''ശൈവ–വൈഷ്ണവസ്വാധീനം,'' ''ഭാഷയിലെ ഭക്തിസാഹിത്യരചനകളും രാമ/കൃഷ്ണ ആഖ്യാനങ്ങളും'' എന്നിങ്ങനെ രു ഖണ്ഡങ്ങൾ ു്. മലയാളത്തിലെ ഭക്തിസാഹിത്യവും ശൈവ–വൈഷ്ണവ സ്വാധീനത്തിന്റെ ഫലമാണ്. ഭക്തിപ്രസ്ഥാനത്തിന്റെ തുടർച്ച എന്നതിനേക്കാൾ പുരാണേതിഹാസങ്ങളുടെ സ്വതന്ത്രമായ വ്യാപനം എന്ന നിലയ്ക്കാണ് മലയാളസാഹിത്യം വളർച്ച നേടുന്നത്. രാമകഥയേക്കാൾ കൃഷ്ണകഥ പ്രചാരം നേടി. കൃഷ്ണൻ മാനുഷികഭാവങ്ങളോടെ ചിത്രീകരിക്കപ്പെട്ടതും ഗാർഹസ്ഥ്യമുൾപ്പെടെ മനുഷ്യജീവിതത്തിന്റെ എല്ലാ ഭാവങ്ങളും കൃഷ്ണനിൽ ആരോപിച്ചിട്ടുള്ളതും ഇതിനു കാരണമാകാം.

നാലാമദ്ധ്യായം ''കൃഷ്ണസങ്കല്പത്തിന്റെ വിഭിന്നാവിഷ്ക്കാര''ത്തെ വിഷയമാക്കുന്നു. ''മിത്ത്', ''കൃഷ്ണൻ–ആദിപ്രരൂപം,'' ''കൃഷ്ണൻ മലയാളകവിതയിൽ'' എന്നിവയാണ് ഇതിലുൾപ്പെടുത്തിയിരിക്കുന്ന ഖണ്ഡങ്ങൾ. വിപുലമായ പഠനം അർഹിക്കുന്ന ഈ മൂന്നുമേഖലകളുടെ സംക്ഷിപ്തമായ വിവരണമാണ് ഇതിലുള്ളത്. ഏതൊരു സമൂഹത്തിലും മിത്തുകൾ നിലനിൽക്കുന്നു്. പലപ്പോഴും അവ സാഹിത്യകൃതികളിൽ ഉൾപ്പെടുത്തുന്നു. ശിശുപ്രരൂപം രക്ഷകപ്രരൂപം, വീരനായക പ്രരൂപം തുടങ്ങി സമൂഹമനസ്സിൽ സ്ഥിരപ്രതിഷ്ഠനേടിയ ആദിപ്രരൂപങ്ങൾ പലതു്. കൃഷ്ണനെന്ന ആദിപ്രരൂപം പ്രത്യേക പഠനമർഹിക്കുന്നു. മേൽപ്പറഞ്ഞ മൂന്നു തലങ്ങളിലും കൃഷ്ണസങ്കല്പത്തിന് പ്രാധാന്യമു്. ആദിപ്രരൂപങ്ങ

ളുടെ സാമാന്യസ്വഭാവവും കൃഷ്ണന്റെ പ്രത്യേകതകളും താരതമ്യം ചെയ്യാൻ ശ്രമിച്ചിട്ടു്. മലയാളത്തിലെ പല കവികളും കൃഷ്ണനെന്ന ആദിപ്രരൂപത്തെ കാവ്യബിംബമായി ഉപയോഗിച്ചിട്ടു്. ചെറുശ്ശേരി, എഴുത്തച്ഛൻ, പൂന്താനം, കുഞ്ചൻ നമ്പ്യാർ, രാമപുരത്തുവാര്യർ, വള്ളത്തോൾ, ബാലാമണിയമ്മ, ചങ്ങമ്പുഴ കൃഷ്ണപിള്ള, വി. കെ. ഗോവിന്ദൻ നായർ, ഓട്ടൂർ ഉണ്ണിനമ്പൂതിരിപ്പാട്, ഇടശ്ശേരി, ജി. ശങ്കരക്കുറുപ്പ്, വൈലോപ്പിള്ളി ശ്രീധരമേനോൻ, ഒ. എൻ. വി. കുറുപ്പ്, അയ്യപ്പപ്പണിക്കർ, എൻ.എൻ.കക്കാട്, യൂസഫലി കേച്ചേരി, ചാത്തനാത്ത് അച്യുതനുണ്ണി, പ്രഭാവർമ്മ തുടങ്ങിയവരുടെ കവിതകൾ ഉദാഹരണമായിചേർത്തിരിക്കുന്നു.

പതിനൊന്നു ഭാഗങ്ങളുൾക്കൊള്ളുന്ന അഞ്ചാം അദ്ധ്യായത്തിൽ ''സുഗതകുമാരിയുടെ കവിതകളിലെ കൃഷ്ണസങ്കല്പം' കണ്ടെത്താനും വിശദമാക്കാനും ശ്രമിച്ചിട്ടു്.

ഒന്നാം ഖണ്ഡമായ കവിതാപഠനത്തിൽ സുഗതകുമാരിയുടെ പ്രധാനപ്പെട്ട മുപ്പതു കൃഷ്ണകവിതകളുടെ പഠനം നടത്തിയിരിക്കുന്നു. ആശയം, അവതരണം, ബിംബകല്പന, ഭാവതലം തുടങ്ങിയവ കണ്ടെത്താൻ ശ്രമിച്ചിട്ടു്.

രാം ഖണ്ഡം 'രാധയെവിടെ'? എന്ന ദീർഘകാവ്യത്തിന്റെ പഠനമാണ്. ഈ കാവ്യത്തിലെ പ്രണയദർശനം മാത്രമല്ല സ്ത്രീത്വത്തിന്റെ ഭിന്നമുഖങ്ങളും ചർച്ചാവിഷയമാക്കിയിട്ടു്. രാധ കാലാതീതയാണെന്ന സങ്കല്പത്തെ വിശദമാക്കാനും ശ്രമിച്ചിട്ടു്. ഓരോ ഭാരതനാരിയിലും ഓരോ രാധയുന്നെ് കവയിത്രി തിരിച്ചറിഞ്ഞിട്ടു്.

രാധയെന്ന കഥാപാത്രത്തിന്റെ വ്യക്തിത്വവിശകലനമാണ് മൂന്നാം ഖണ്ഡം പ്രണയപരവശയെങ്കിലും തന്റെ വ്യക്തിത്വത്തിൽ അഭിമാനവും വിശ്വാസവും പുലർത്തുന്നവളാണ് രാധ. അവൾ തന്റെ പ്രേമപാത്രത്തിനുമുന്നിൽ ആത്മസമർപ്പണം നടത്തുന്നു. രാധയും ഗോപികയും ഒരേ ഭാവം ഉൾക്കൊള്ളുന്നു. അഭിമാനിയായ സ്ത്രീയായി, ശക്തിസ്വരൂപിണിയായി അവൾ തന്റേതായ ഇടം ഉറപ്പിക്കുന്നു. അവളുടെ മാനസികഭാവത്തിന്റെ തലങ്ങൾ സാമാന്യമായി കണ്ടെത്തി അവതരിപ്പിക്കാൻ കഴിഞ്ഞിട്ടു്.

വർത്തമാനകാലസ്ത്രീയുടെ ചിത്രീകരണമാണ് രാധ/ഗോപികയിലൂടെ കവയിത്രി നടത്തുന്നത്. ഇതിനെക്കുറിച്ചുള്ള അന്വേഷണമാണ് ''രാധ–വർത്തമാനകാലസ്ത്രീയുടെ പ്രതീകം.' എന്ന നാലാംഖണ്ഡം. സുഗതകുമാരിക്കവിതകളിൽ രാധാസങ്കല്പം കൃഷ്ണസങ്കല്പത്തോളം പ്രാധാന്യമഹർഹിക്കുന്നു. രാധാസങ്കല്പം മലയാളകവിതയിൽ ഏറെയൊന്നും അവതരിപ്പിക്കപ്പെട്ടിട്ടില്ല. ശ്രീകൃഷ്ണനുമായി

ഏറ്റവും ആത്മബന്ധമുള്ള കഥാപാത്രമെന്ന നിലയിൽ രാധ പ്രാധാന്യമർഹിക്കുന്നു. ഗീതഗോവിന്ദത്തിന്റെ പ്രചാരത്തോടെ രാധയ്ക്കു ഭാരതത്തിലാകമാനം പ്രചാരം ലഭിച്ചു. രാധയെവിടെ എന്ന കാവ്യത്തിൽ രാധാചേതസ്സിന്റെ പുനരവതാരങ്ങളെക്കുറിച്ചു പറയുന്നു. ഭാരതീയ സ്ത്രീചേതനയും രാധയും താദാത്മ്യം പ്രാപിക്കുന്നു.

കാല്പനികകവിതയിലെ പ്രധാനപ്പെട്ട കാവ്യബിംബമാണ് കൃഷ്ണൻ. സുഗതകുമാരി ഈ പ്രതീകത്തെ ഫലപ്രദമായി ഉപയോഗപ്പെടുത്തുന്നു. നഷ്ടസ്വർഗ്ഗവിഷാദം, പ്രകൃതിയുമായുള്ള ബന്ധം, ശൈശവാവിഷ്ക്കാരം തുടങ്ങിയ കാല്പനിക കവിതാ സവിശേഷതകൾ കൃഷ്ണസങ്കല്പത്തോടിണങ്ങി നിൽക്കുന്നു്. ഈ സങ്കല്പത്തെ രാധ എന്ന ബിംബത്തോട് ഇണക്കി ചർച്ചചെയ്തിട്ടു്.

ജീവാത്മാ-പരമാത്മാബന്ധം പ്രതീകാത്മകമായി കൃഷ്ണകവിതകളിൽ അവതരിപ്പിക്കുന്നു്. പൂർണ്ണതയ്ക്കു വേിയുള്ള അപൂർണ്ണാത്മാവിന്റെ അന്വേഷണമാണിത്. ബിംബസംയോജനത്തിലൂടെയാണ് ഈ ആശയം കവിതയിൽ അവതരിപ്പിക്കുന്നതെന്ന കത്തെലാണ് ആറാംഖണ്ഡം. ഗോപീകൃഷ്ണ പ്രണയബന്ധത്തിന്റെ കാതൽ പൂർണ്ണതാസങ്കല്പമാണ്.

ഭാരതീയസംസ്ക്കാരത്തെ മുഴുവൻ സ്വാധീനിച്ച കൃതിയാണ് ജയദേവകവിയുടെ ഗീതഗോവിന്ദം. ഇതിന്റെ പ്രകടമായ സ്വാധീനം കൃഷ്ണകവിതകൾക്കും 'രാധയെവിടെ? എന്ന ഖണ്ഡകാവ്യത്തിനുമു്. ഇവ തമ്മിലുള്ള താരതമ്യമാണ് ഏഴാംഖണ്ഡം. സാദൃശ്യം ആശയതലത്തിൽമാത്രമല്ല പദതലത്തിലുമുന്നെ് കത്താൻ കഴിഞ്ഞിട്ടു്.

ഭക്തിയുടെ ഒൻപതുഭാവങ്ങൾക്കുമപ്പുറം മധുരഭക്തിയുടെ മാർഗ്ഗം സുഗതകുമാരിക്കവിതയിലെ ഒരു പ്രധാനഭാവമായി മാറുന്നു് എന്ന നിരീക്ഷണമാണ് പ്രേമവും ഭക്തിയും എന്ന എട്ടാം ഖണ്ഡത്തിലുള്ളത്. ഏതാല്ലൊ കവിതകളിലും പ്രേമഭക്ത്യാവിഷ്ക്കാരം കാണുന്നു.

കവിസ്വത്വത്തിന്റെ ചിത്രീകരണം തന്നെയാണ് കവിതയിലുള്ളത് എന്നാണ് തുടർന്നുള്ള നിരീക്ഷണം. കവിതകൾ പ്രധാനമായും മൂന്നുവിഭാഗത്തിൽപ്പെടുന്നു. കൃഷ്ണകവിതകൾ, പരിസ്ഥിതിക്കവിതകൾ, സ്ത്രീപക്ഷകവിതകൾ എന്നിവയാണവ. വർത്തമാനകാല സമൂഹത്തോടുള്ള കവിയുടെ പ്രതികരണം കവിതയിലു്. തന്റെ മനസ്സിലുള്ള സ്ത്രീയുടെയും പ്രകൃതിയുടെയും സ്ഥാനവും വർത്തമാനകാലത്തെ യഥാർത്ഥ സ്ഥിതിയും തമ്മിൽ പൊരുത്തപ്പെടാത്തതിന്റെ പ്രതിഫലനമാണ് സുഗതകുമാരിയുടെ കവിതകൾ അടയാളപ്പെടുത്തുന്നത്.

പുരാണേതിഹാസങ്ങളിൽ നിന്നാർജ്ജിച്ച സംസ്ക്കാരം സുഗതകുമാരിക്കവിതയുടെ അന്തർധാരയായി വർത്തിക്കുന്നു. കൃഷ്ണകഥ മാത്രം വിഷയമാക്കുന്ന ഗർഗ്ഗഭാഗവതത്തിലെ ആശയങ്ങളും സുഗതകുമാരിയുടെ കവിതകളിലെ ആശയങ്ങളും തമ്മിൽ സാദൃശ്യം കാണുന്നത് സ്വാഭാവികമാണ്. സ്വയം പൂർണ്ണയായ സ്ത്രീസങ്കല്പവും തുല്യതാസങ്കല്പവും ഗർഗ്ഗഭാഗവതവുമായി ബന്ധപ്പെട്ടിരിക്കുന്നു. എന്നാൽ സ്വതന്ത്രമായ നിലയ്ക്ക് ബിംബങ്ങളെ വിന്യസിച്ച്, പ്രതീയമാനമായ വിശേഷതലങ്ങൾ ആർജ്ജിതസംസ്കൃതിയുടെതന്നെ പുനർനിരീക്ഷണങ്ങളാണെന്നു വ്യക്തവുമാണ്. പുരാണേതിഹാസാർജ്ജിതമായ സംസ്ക്കാരവും വർത്തമാനകാല യാഥാർത്ഥ്യവും തമ്മിലുള്ള പൊരുത്തക്കേടിൽ നിന്നാണ് സുഗതകുമാരിക്കവിത പിറവി കൊള്ളുന്നത്.